# നമ്മുടെ
# ദൈവം

ദൈവാസ്തിക്യത്തിനുള്ള
യുക്തിസഹമായ തെളിവുകൾ

മിർസാ ബശീർ അഹ്മദ് എം.എ

**DOES GOD EXIST?** Indeed, why should we even investigate His existence? And if God exists, why can we not see Him?

Ḥaḍrat Mirza Bashir Ahmad[ra], a recipient of Divine revelation and noted scholar, answers these and other difficult questions in *Our God*. He explains in detail how reason, science, and human nature itself, all point to the existence of God, and refutes several arguments put forth by atheists. The author asks those who already believe in God to reflect:

> Can you honestly declare that your belief impacts your everyday life as a living reality? Do you actually feel the love of God in your heart and fear His displeasure; does your belief actually motivate you to do good and shun evil? In all matters, do you actually put your trust in God and not in material means?

For seekers, believers, and atheists alike, *Our God* will test your beliefs and make a compelling argument for the existence of a Supreme Divine Being that may change your life.



ISBN 978-1-84880-861-4

9 781848 808614

*ആകാശങ്ങളുടേയും ഭൂമിയുടേയും സ്രഷ്ടാവായ*
*അല്ലാഹുവിന്റെ കാര്യത്തിലാണോ (നിങ്ങളുടെ) സംശയം?*

(വിശുദ്ധഖുർആൻ)

# നമ്മുടെ ദൈവം

## (ഹമാരാ ഖുദാ)


## മിർസാ ബശീർ അഹ്മദ് എം.എ

വിവർത്തനം:

**മുഹമ്മദ് ഇസ്മായിൽ, ആലപ്പുഴ**


---


**പ്രസാധകർ:**

**ഇസ്‌ലാം ഇന്റർനാഷണൽ പബ്ലിക്കേഷൻസ്**
**ഫോർട്ട് റോഡ്, കണ്ണൂർ**

**NAMMUDE DAIWAM**
(Malayalam - Translation of 'Hamara Khuda' (Urdu))

Author: **Hadhrat Mirza Basheer Ahmad. M.A**

Translated by: **Mohammed Ismail, Alleppey**

Published by: Islam International Publications
Fort Road,Kannur

Printing at : Aone Offset Printers,Calicut

First Edition:August 2002
Second Edition: March 2018

Copies: 1000

Price: Rs.125/-

# ആമുഖം

അല്ലാഹു മനുഷ്യനെ സൃഷ്ടിച്ചതിന്റെ ഉദ്ദേശ്യം വിശുദ്ധഖുർആനിൽ പറഞ്ഞിട്ടുള്ളത് **വമാ ഖലഖ്ത്തുൽജിന്ന വൽഇൻസ ഇല്ലാ ലിയഅ്ബുദൂൻ**. (51:57) ജിന്നിനേയും മനുഷ്യരേയും എന്നെ ആരാധിക്കുന്നതിനുവേണ്ടിയാണ് ഞാൻ സൃഷ്ടിച്ചിട്ടുള്ളത് എന്നാണ്. മനുഷ്യൻ അല്ലാഹുവിനെക്കുറിച്ചുള്ള ജ്ഞാനവും അവന്റെ ഗുണങ്ങളും കരസ്ഥമാക്കുമ്പോഴാണ് ആ ഉദ്ദേശ്യം പൂർത്തിയാകുന്നത്. മനുഷ്യരിൽ അധികംപേരും ദൈവാസ്തിക്യത്തെ മറന്നിരിക്കുന്ന കാലമാണിത്. അല്ലെങ്കിൽ അവർക്ക് ബാഹ്യമായി കാണാൻ കഴിയുന്ന അസ്തിത്വങ്ങളെ ദൈവമാക്കുകയും ബഹുദൈവാരാധനയിലൂടെ നടക്കുകയും ചെയ്യുന്നു. അത് വൻപാപങ്ങളിൽ ഒന്നാണ്. അല്ലെങ്കിൽ മനുഷ്യൻ ദൈവാസ് തിക്യത്തെതന്നെ നിഷേധിച്ചുകൊണ്ട് നിരീശ്വരവാദിയായിപ്പോയിരിക്കുന്നു. ദൈവാസ്തിക്യം സ്ഥാപിക്കപ്പെടേണ്ട വളരെ വലിയ ആവശ്യമാണ് ഇക്കാലഘട്ടത്തിലുള്ളത്; ജനങ്ങൾക്ക് അവരെ സൃഷ്ടിച്ചിട്ടുള്ള അസ്തിത്വത്തെക്കുറിച്ച് പറഞ്ഞുകൊടുക്കുക. ഇതുസംബന്ധമായി വാഗ്ദത്ത മഹ്ദി മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)ന്റെ പൗത്രനും ഖമറുൽ അമ്പിയായുമായ ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ (റ) 'ഹമാരാ ഖുദാ' എന്ന പേരിൽ ഒരു ഗ്രന്ഥം രചിച്ചിട്ടുണ്ട്. അതിൽ അദ്ദേഹം ദൈവാസ്തിക്യത്തിനുള്ള വിശുദ്ധഖുർആനിലെ ബുദ്ധിപരവും പ്രമാണപരവുമായ തെളിവുകൾ സമർപ്പിച്ചിരിക്കുന്നു. ദൈവാസ്തിക്യത്തെ അനുഭവജ്ഞാനത്തിന്റെ പരിധിവരെ എത്തിച്ചിരിക്കുന്നു. ഈ ഗ്രന്ഥത്തിന്റെ പ്രാധാന്യവും ആവശ്യകതയും മുന്നിൽകണ്ട് ഇതിനു മുമ്പേ പലപ്രാവശ്യവും ഇതിന്റെ പ്രസിദ്ധീകരണം നടന്നുകഴിഞ്ഞിട്ടുണ്ട്. 2016ൽ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് ഖാമിസിന്റെ സമ്മതത്തോടെ നള്വാറത്ത് നശ്ർ വ ഇശാഅത്ത് ഖാദിയാൻ വീണ്ടും ഒരിക്കൽകൂടി ഇത് പ്രസിദ്ധീകരിക്കാനുള്ള ഭാഗ്യം കരസ്ഥമാക്കി. 2002 ആഗസ്റ്റിലാണ് ഇതിന്റെ മലയാള തർജമ പ്രസിദ്ധീകരിച്ചത്. ഈ ഗ്രന്ഥം മൗലവി മുഹമ്മദ് ഇസ്മായീൽ സാഹിബ് ആലപ്പുഴയാണ് മലയാളത്തിലേക്ക് മൊഴിമാറ്റം ചെയ്തിട്ടുള്ളത്. ഇത് തയ്യാറാക്കുന്നതിൽ സഹായിച്ചിട്ടുള്ളവർക്ക് അല്ലാഹു സൽഫലം പ്രദാനം ചെയ്യുമാറാകട്ടെ. ഈ ഗ്രന്ഥത്തിന്റെ പ്രസാധനം എല്ലാവിധത്തിലും അനുഗൃഹീതമാക്കട്ടെ. ആമീൻ.

**നാള്വിർ നശ്റോ ഇശാഅത്ത് ഖാദിയാൻ.**

# കൃതജ്ഞത

അൽഹംദുലില്ലാഹ്, ഹമാരാ ഖുദാ(നമ്മുടെ ദൈവം) എന്ന ഗ്രന്ഥ ത്തിന്റെ മലയാള പരിഭാഷ പുനഃപ്രസിദ്ധീകരിക്കുകയാണ്. കരുനാഗ പ്പള്ളി ചുങ്കശ്ശേരി മൈതീൻകുഞ്ഞ് സാഹിബിന്റെ കുടുംബം ഇതിന്റെ പ്രസിദ്ധീകരണത്തിൽ സാമ്പത്തികമായി സഹായം ചെയ്തിട്ടുണ്ട്. അവരുടെ ഈ സൽക്കർമ്മത്തിനു അല്ലാഹു ഉചിതമായ പ്രതിഫലം നൽകുമാറാകട്ടെ. ജസാഹുമുല്ലാഹു അഹ്സനൽ ജസാഅ്. അല്ലാഹു ഈ പ്രസിദ്ധീകരണം എല്ലാ നിലക്കും അനുഗൃഹീതമാക്കട്ടെ. ആമീൻ

**പ്രസാധകർ**

# ഉർദു മൂന്നാംപതിപ്പിന്റെ മുഖവുര

'ഹമാരാ ഖുദാ' എന്ന ഈ ഗ്രന്ഥം 1925 മധ്യത്തോടെയാണ് എഴുതിത്തുടങ്ങിയത്. ചില തടസങ്ങൾ നേരിട്ടതിനാൽ പെട്ടെന്ന് രചന പൂർത്തിയാക്കാൻ കഴിഞ്ഞില്ല. 1927 നവംബർ മാസത്തിലാണ് ഇത് പൂർത്തിയായത്. ആ വർഷംതന്നെ ഒന്നാംപതിപ്പ് പ്രകാശനം ചെയ്തു. വിദ്യാസമ്പന്നരായ ജനവിഭാഗം ഇതിനു നല്കിയ സ്വീകരണത്തിന് നന്ദിയുണ്ട്. വിശ്വാസപരമായ ആന്ദോളനങ്ങൾക്കടിപ്പെട്ട ചില മനസ്സുകൾക്ക് ആത്മീയ കരുത്ത് പകരാൻ എന്റെ ഈ ഗ്രന്ഥം ഉപകരിച്ചു. ദൈവത്തിനു സ്തുതി. അവന്റെ കൃപയാണ് ഇതിനുപിന്നിൽ.

ഈ ഗ്രന്ഥത്തിന്റെ രണ്ടാംപതിപ്പ് 1946ൽ ഖാദിയാനിൽ പ്രസിദ്ധീകരിക്കപ്പെട്ടു. നിസാരമായ പുനഃപരിശോധനയ്ക്കു പുറമെ ചെറിയ മൂന്ന് അധ്യായം ഞാനിതിൽ വർധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. സുപ്രസിദ്ധ യൂറോപ്യൻ തത്ത്വചിന്തകനും ശാസ്ത്രജ്ഞനുമായിരുന്ന സഗ്മണ്ട് ഫ്രോയ്ഡിന്റെ സിദ്ധാന്തത്തിലധിഷ്ഠിതമായതും നിരീശ്വരവാദികൾ തങ്ങളുടെ വിശ്വാസത്തിന്നാധാരമായി പൊക്കിപ്പിടിക്കുന്നതുമായ തെളിവും അതിനുള്ള ഖണ്ഡനവുമാണ് അതിലൊന്ന്. ഈയിടെയായി നിരീശ്വരവാദികൾ അമരസ്ഥാനം കല്പിച്ചിരിക്കുന്ന കമ്മ്യൂണിസം അഥവാ സോഷ്യലിസത്തെ സംബന്ധിച്ചുള്ള സംക്ഷിപ്ത വിവരണമാണ് വർധിപ്പിച്ച മറ്റൊരു വിഷയം. പിന്നൊന്ന് ദൈവാസ്തിക്യത്തെ സംബന്ധിച്ച അനുഭവവേദ്യമായ തെളിവുകളാണ്. അതിന്റെ ഒരു മിന്നലാട്ടം മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളു. സ്വദ്ർ അഞ്ചുമൻ അഹ്മദിയ്യാ, റബ്വ-അതിന്റെ പ്രസിദ്ധീകരണവിഭാഗം ഈ ഗ്രന്ഥം വീണ്ടും പ്രസിദ്ധീകരിക്കുകയാണ്. ചില വാക്കുകൾ മാത്രം പരിശോധിച്ച് ഞാനിത് അവർക്ക് നല്കുന്നു.

ഇസ്‌ലാമിൽ വിശ്വാസകാര്യങ്ങൾ ആറാണെന്ന് പൊതുവെ മുസ്ലിംകൾ മനസ്സിലാക്കിയിട്ടുള്ളതാണ്. 1. ദൈവത്തിൽ വിശ്വസിക്കുക. 2. പ്രവാചകന്മാരിൽ വിശ്വസിക്കുക. 3. ന്യായപ്രമാണങ്ങളിൽ വിശ്വസിക്കുക. 4. മാലാഖമാരിൽ വിശ്വസിക്കുക. 5. മരണാനന്തര ജീവിതത്തിൽ വിശ്വസിക്കുക. 6. നന്മതിന്മകളെ സംബന്ധിച്ച എല്ലാ നിർണയങ്ങളും വിധികളും ദൈവത്തിൽ നിന്നുള്ളതാണെന്ന് വിശ്വസിക്കുക.

കൂലങ്കഷമായി ചിന്തിക്കുമ്പോൾ രണ്ടേരണ്ടു കാര്യങ്ങളിൽ മതം പൂർത്തിയാകുന്നതായി കാണാം. മറ്റുള്ളതെല്ലാം ആ രണ്ടിൽ ഉൾപ്പെട്ടതോ അവയ്ക്ക് വിധേയമായി വരുന്നതോ ആണ്. ദൈവത്തെ സംബന്ധിച്ചും പ്രവാചകന്മാരുടെ നേതാവ് മുഹമ്മദുനബി(സ) തിരുമേനിയെ സംബന്ധിച്ചും ഞാൻ മനസ്സിലാക്കിയിട്ടുള്ള കാര്യങ്ങൾ വിവരിച്ചുകൊണ്ട് എന്റെ കഴിവിനനുസരിച്ച് ചെറിയ സേവനം ചെയ്യാൻ എനിക്കവസരം കിട്ടി. അതൊരു ഭാഗ്യമായി ഞാൻ കരുതുന്നു. ദൈവത്തെ സംബന്ധിച്ച് 'ഹമാരാ ഖുദാ' എന്ന പുസ്തകവും നബിതിരുമേനിയെ സംബന്ധിച്ച് 'സീറത്ത് ഖാതമുന്നബയ്യീൻ' എന്ന പുസ്തകവുമാണ് ആ മഹാഭാഗ്യം. ദൈവവിളി വരുന്നതിനു മുമ്പേയുള്ള ആയുസുകാലത്ത് അവന്റെ തൃപ്തി കരസ്ഥമാക്കാൻ വേണ്ടുംവിധമുള്ള സേവനത്തിന് ആ പരിശുദ്ധനായ ദൈവത്തിൽനിന്നുതന്നെ കൃപയുണ്ടാവാൻ പ്രാർഥിക്കുക. ദൈവം അനുഗ്രഹിക്കുമാറാകട്ടെ. ***ആമീൻ യാ അർഹമർറാഹിമീൻ***.

1-9-1955 വിനീതൻ

റബ്‌വ മിർസാ ബശീർ അഹ്മദ്

# ഉള്ളടക്കം


സാമ്പ്രദായിക ദൈവവിശ്വാസം.......................................................9
ദൈവമുണ്ടെങ്കിൽ എന്തുകൊണ്ട് കാണുന്നില്ല?.................................... 16
ദൈവത്തെ അന്വേഷിക്കേണ്ടതിന്റെ ആവശ്യകത ............................24
ദൈവത്തെ അന്വേഷിക്കേണ്ട വഴി..................................................36
അന്വേഷണരംഗത്ത് ഉദ്ദേശ്യശുദ്ധിയുടെ സ്വാധീനം...........................38
ദൈവവിശ്വാസത്തിന്റെ രണ്ട് നിലകൾ ...........................................43
ദൈവാസ്തിക്യത്തെ സംബന്ധിച്ച ബുദ്ധിപരമായ തെളിവുകൾ ..50
പ്രകൃതിദത്തമായ ദൃഷ്ടാന്തം ..............................................................53
പ്രപഞ്ചസൃഷ്ടിയും ലോകവ്യവസ്ഥിതിയും ..........................................61
പാശ്ചാത്യ ഗവേഷകരും ദൈവവിശ്വാസവും.......................................74
ആധുനികശാസ്ത്രം എന്തുകൊണ്ട് ദുർവിധിക്ക്
കാരണമായിക്കൊണ്ടിരിക്കുന്നു? ............................................................90
ദൈവത്തിന് സ്രഷ്ടാവോ?.......................................................................99
പ്രപഞ്ചം സ്വയംഭൂതമാണോ? ............................................................... 105
നന്മതിന്മകളുടെ തിരിച്ചറിവ്.................................................................. 115
സർവ്വാംഗീകൃത തെളിവ് ....................................................................... 124
ദൈവവിശ്വാസം മിഥ്യാധാരണയുടെ ഫലമോ? ..................................128
ജ്ഞാനത്തിന്റെ മൂന്ന് ഘട്ടങ്ങൾ ........................................................... 131
പ്രവാചകന്മാരുടെ വിജയം.....................................................................133
സാത്വികജനങ്ങളുടെ സാക്ഷ്യം .........................................................152
ദൈവവിശ്വാസം കൊണ്ടുള്ള മഹത്തായ നേട്ടങ്ങൾ...................... 168
ഏകാത്മബന്ധവും സഹോദരത്വവും.....................................................169
മതം കലാപത്തിന് കാരണമോ?............................................................179
ദൈവവിശ്വാസം തിന്മയെ തടയുന്നു ....................................................193
ദൈവവിശ്വാസം നന്മയ്ക്ക് പ്രചോദനം ...................................................195
വസ്തുക്കളുടെ യാഥാർത്ഥ്യം കണ്ടുപിടിക്കുന്നതിൽ സഹായി.........................195
ദൈവവിശ്വാസവും മന:ശാന്തിയും .......................................................200
ദൈവ വിശ്വാസവും ധാർമ്മികാവസ്ഥയും ...........................................202
നിരീശ്വരവാദത്തിന്റെ തെളിവും ഖണ്ഡനവും ..................................205
നിരീശ്വരത്വം മൂന്നുവിധം .......................................................................205
ഒന്നാമത്തെ തെളിവും അതിനുള്ള മറുപടിയും .......................................207
രണ്ടാമത്തെ തെളിവ് ...............................................................................208
മൂന്നാമത്തെ തെളിവ്...............................................................................209
നാലാമത്തെ തെളിവ്................................................................................212

അഞ്ചാമത്തെ തെളിവ്....................212
പ്രകൃതിനിയമം വേറെ, ശരീഅത്ത് നിയമം വേറെ....................213
പുനർജ്ജന്മസിദ്ധാന്തത്തിന്റെ ഉത്ഭവം....................219
നിയമങ്ങൾ രണ്ടും സ്വതന്ത്രമായിരിക്കണം....................222
പാപം നിലനിൽക്കുന്നതെന്തിന്?....................226
ആറാമത്തെ തെളിവ്....................229
ദോഷകരമായ വസ്തുക്കളുടെ സൃഷ്ടിപ്പ്....................231
ഏഴാമത്തെ തെളിവ്....................233
ഫ്രോയിഡിന്റെ സിദ്ധാന്തം....................233
കമ്യൂണിസവും ദൈവവിശ്വാസവും....................243
സമ്പദ് വിതരണവ്യവസ്ഥിതി ഇസ്‌ലാമിൽ....................248
അവസാനവാക്കുകൾ....................252
അനുബന്ധം....................254
ഒരു വിശദീകരണം....................259

بسم الله الرحمن الرحيم نحمده ونصلي على رسوله الكريم
وعلى عبده المسيح الموعود
خدا کے فضل اور رحم کے ساتھ
هو الناصر

# നമ്മുടെ ദൈവം

നമ്മുടെ യുവസ്നേഹിതന്മാർക്കും സുഹൃത്തുക്കൾക്കും കാര്യങ്ങൾ എളുപ്പം മനസ്സിലാകുംവിധം ദൈവാസ്തിക്യത്തെ സംബന്ധിച്ച് ഒരു ഗ്രന്ഥം രചിക്കണമെന്നത് കുറച്ചുകാലമായിട്ടുള്ള എന്റെ ആഗ്രഹമായിരുന്നു. അതിലൂടെ, സ്രഷ്ടാവും ഉടമസ്ഥനുമായ ഒരു ദൈവം തങ്ങൾക്കുണ്ടെന്നും അവനുമായി ബന്ധം സ്ഥാപിക്കേണ്ടത് അനിവാര്യമാണെന്നും അവർക്ക് വ്യക്തമാകണം. പിന്നീട് ഈ ലേഖനത്തിൽ പ്രതിപാദിക്കേണ്ടത് ദൈവത്തിന്റെ സവിശേഷ ഗുണങ്ങളും അതുമായി ബന്ധം വയ്ക്കുന്നതുകൊണ്ടുള്ള നിരവധി നേട്ടങ്ങളുമാണ്-അവനുമായി എങ്ങനെ ബന്ധം സ്ഥാപിക്കാൻ കഴിയും എന്നുതുടങ്ങി പലതും വിശദീകരിക്കേണ്ടതുമുണ്ട്. എന്നാൽ, പല കാരണങ്ങളാൽ ഈ ഉദ്ദേശ്യം ഇതുവരെ പൂർത്തിയാക്കാൻ എനിക്ക് കഴിഞ്ഞില്ല. കുറച്ചുദിവസം മുമ്പേ എന്റെ ഒരു സ്നേഹിതൻ *(അല്ലാഹു ഇരുലോകങ്ങളിലും അദ്ദേഹത്തെ അനുഗ്രഹിക്കുമാറാകട്ടെ)* തന്റെ സ്വതസ്സിദ്ധമായ ശൈലിയിൽ ദൈവത്തെ സംബന്ധിച്ചുള്ള ചില ചോദ്യങ്ങൾ എന്നോടു ചോദിക്കുകയുണ്ടായി. ഈ സംഭവമാണ് എന്റെ മനസ്സിലെ പഴയ ആഗ്രഹത്തെ വീണ്ടും തട്ടിയുണർത്തിയത്. ആ സ്നേഹിതന്റെ ചോദ്യങ്ങളെ ദൈവത്തിൽനിന്നുള്ള ഒരു അദൃശ്യപദ്ധതിയായി ഞാൻ മനസ്സിലാക്കുകയും ഈ ഗ്രന്ഥരചനയ്ക്ക് തുടക്കം കുറിക്കാൻ തീരുമാനിക്കുകയും ചെയ്തു.

ഇപ്പറഞ്ഞതിൽനിന്ന് ഇതെഴുതുന്നതിനുവേണ്ടി എന്തെങ്കിലും സവിശേഷമായ തയ്യാറെടുപ്പ് ഞാൻ നടത്തിയിട്ടുണ്ടെന്നോ ഈ വിഷയത്തിൽ സ്വന്തമായ നിലയിൽ വൈജ്ഞാനികമായ എന്തെങ്കിലും പുതിയ അറിവു നല്കാൻ ഞാനാഗ്രഹിക്കുന്നുവെന്നോ നിങ്ങൾ ധരി

ക്കരുത്. ഇക്കാര്യത്തെ സംബന്ധിച്ച് എനിക്കുള്ള അറിവിൽനിന്ന് സാധാരണനിലയിൽ മനസ്സിലാക്കാനുതകുന്ന ചില കാര്യങ്ങൾ ചെറുപ്പക്കാരായ എന്റെ സ്നേഹിതന്മാർക്കും സുഹൃത്തുക്കൾക്കുമായി ലളിതമായ രീതിയിൽ ചുരുക്കി അവതരിപ്പിക്കുകയെന്നത് മാത്രമാണ് എന്റെ ഉദ്ദേശ്യം-അല്ലാഹു ഉദ്ദേശിച്ചാൽ, വഴിതെറ്റിയ ആത്മാക്കൾക്ക് സന്മാർഗ സ്വീകരണത്തിനുള്ള മാർഗവും ചഞ്ചല പാദങ്ങളെ ഉറപ്പിച്ചു നിറുത്താനുള്ള പ്രചോദനവും, അസ്വസ്ഥതയും ആതുരതയും അനുഭവപ്പെടുന്ന മാനസങ്ങൾക്ക് സമാധാനത്തിനും ശാന്തിയ്ക്കും കാരണവുമായിത്തീരണം ഈ ഗ്രന്ഥം. അങ്ങനെ നമ്മുടെ സഹോദരങ്ങൾക്ക് അവരുടെ കരുണാവാരിധിയും സ്നേഹിതന്മാരിൽ ഏറ്റവുമധികം സ്നേഹിക്കുന്നവനും യജമാനനും ഉടമസ്ഥനുമായ ആ അല്ലാഹുവിനെ തിരിച്ചറിയാൻ കഴിയണം. അവനെ വേർതിരിച്ചറിയുകയും അവന്റെ സാമീപ്യം പ്രാപിക്കുകയും ചെയ്യുക എന്നതാണല്ലോ നമ്മുടെ ജീവിതത്തിന്റെ പ്രബലവും പ്രമുഖവുമായ ലക്ഷ്യം.

വിഷയത്തിലേക്ക് കടക്കുന്നതിനുമുമ്പേ അല്ലാഹുവിനോട് ഞാൻ പ്രാർഥിക്കുന്നു: എന്റെ യജമാനനായിട്ടുള്ളവനേ! എന്നിലുള്ള കുറ്റങ്ങളും കുറവുകളുംനിനക്കറിയാം. എന്റെ അറിവിന്റെ സ്ഥിതിയും പ്രവർത്തനത്തിന്റെ നിലയും നിന്നിൽനിന്ന് ഗോപ്യമല്ല. നിന്റെ ഇഷ്ടമനുസരിച്ച് ഈ വിഷയം പൂർത്തിയാക്കാനുള്ള കഴിവും കൃപയും കൊണ്ടു നീ എന്നെ അനുഗ്രഹിക്കേണമേ, എന്റെ വാക്കുകൾക്ക് ശക്തിപകരേണമേ. എന്റെ വിവരണം നിന്റെ ദാസന്മാർക്ക് പ്രയോജനപ്പെടാനും നിന്നെ തിരിച്ചറിഞ്ഞ് ജീവിതത്തിന്റെ യഥാർഥ ലക്ഷ്യം അവർക്ക് പ്രാപിക്കാനും നീ എന്റെ തൂലികയെ സത്യമായ നിലയിൽ ചലിപ്പിക്കേണമേ. എന്റെ സന്മാർഗദർശകനും വഴികാട്ടിയുമായിട്ടുള്ളവനേ! എന്റെ ഉദ്ദേശ്യം ശുഭമായി ഞാൻ കാണുന്നു. എന്നാൽ, ഞാനറിയാത്ത കാര്യങ്ങൾ എന്നെ സംബന്ധിച്ച് നീ അറിയുന്നവനാണ്. അതുകൊണ്ട് നിന്റെ അറിവിൽപ്പെട്ട എന്തെങ്കിലും ന്യൂനത എന്റെ ഉദ്ദേശ്യത്തിൽ മറഞ്ഞിരിപ്പുണ്ടെങ്കിൽ നിസ്സാരനായ എന്നിൽ കരുണ ചൊരിയേണമേ. സത്യത്തിന് ശക്തിപകർന്നുകൊണ്ട് നിന്നിൽനിന്ന് വർഷിക്കാറുള്ള അനുഗ്രഹങ്ങൾ എന്റെ പ്രവർത്തിയുടേയും വിശദീകരണത്തിന്റേയും ബലഹീനത കൊണ്ട് നീങ്ങിപ്പോകാതിരിക്കാൻ എന്നെ നീ സഹായിക്കേണമേ. എന്റെ യജമാനനും ഉടമസ്ഥനുമായിട്ടുള്ളവനേ, നീ അങ്ങനെതന്നെ ആക്കിത്തരേണമേ. ആമീൻ യാ അർഹമർറാഹിമീൻ. കാരുണ്യവാന്മാരിൽ കാരുണ്യവാനായിട്ടുള്ളവനേ! നീ അങ്ങനെതന്നെ ആക്കേണമേ.

# സാമ്പ്രദായിക ദൈവവിശ്വാസം

വർത്തമാനകാലത്തെ ജനങ്ങളിൽ സാധാരണ കണ്ടുവരുന്ന അത്യന്തം ശോചനീയവും അങ്ങേയറ്റം ശോകജനകവുമായ ദൈവവിശ്വാസത്തെ സംബന്ധിച്ചാണ് ഞാൻ ഒന്നാമതായി പറയാനുദ്ദേശിക്കുന്നത്. പറയുമ്പോൾ-ലോകത്തുള്ള സകലമതങ്ങളും ദൈവത്തിൽ വിശ്വസിക്കുന്നുണ്ട്. മതാനുയായികളിൽ അല്പം ചിലരൊഴിച്ച് മറ്റുള്ളവരെല്ലാം ദൈവത്തിൽ വിശ്വസിക്കുന്നവരെന്ന വാദമുള്ളവരാണ്. പക്ഷേ, ജനങ്ങളുടെ വിശ്വാസപരമായ അവസ്ഥയെ പരിശോധനയ്ക്ക് വിധേയമാക്കുകയും സൂക്ഷ്മദൃഷ്ടിയോടെ വീക്ഷിക്കുകയും ചെയ്യുമ്പോൾ അത് പരമാർഥവുമായി ഒരു ബന്ധവുമില്ലാത്തതും ആചാരങ്ങളിൽ മാത്രം ഒതുങ്ങുന്നതുമാണെന്ന് കാണാം. കാരണം ഓരോ മതവും തങ്ങളുടേതായ ഒരു ദൈവമുണ്ടെന്ന് പഠിപ്പിക്കുന്നു. പാരമ്പര്യമായി അച്ഛനപ്പൂപ്പന്മാരിൽ നിന്ന് കേട്ട് കേട്ട് വന്നിട്ടുള്ളതാണത്. സാമൂഹിക ഭദ്രത തകരാതെ സൂക്ഷിക്കാൻ പ്രത്യക്ഷനിലയിൽ സ്വന്തം മതത്തിന്റെ അടിസ്ഥാനപരമായ വിശ്വാസത്തിൽ ഊന്നി നില്ക്കേണ്ടത് അനിവാര്യമാണെന്ന ബോധം അവർക്കുണ്ട്. പിന്നീടാണെങ്കിൽ-യഥാർഥത്തിൽ നമുക്കൊരു ദൈവം വേണമല്ലോ എന്ന സഹജാവബോധം മനസ്സിൽ മെല്ലെമെല്ലെ ഉയർന്നുവരികയും ചെയ്യുന്നു. ഇത്തരം കാരണങ്ങളാൽ ദൈവത്തെ നിഷേധിക്കാൻ ധാർഷ്ട്യം കാണിക്കാതെ തങ്ങൾക്കൊരു ദൈവമുണ്ടെന്ന വിശ്വാസത്തിൽ അവർ നിലനില്ക്കുന്നുവെന്നേയുള്ളു. വാസ്തവത്തിൽ അവർ ദൈവത്തിൽ വിശ്വസിക്കുന്നവരല്ല. അവരുടെ ഹൃദയം തകർന്നടിഞ്ഞ വീടുപോലെയാണ്.

ഏതെങ്കിലുമൊരു പ്രത്യേക സമൂഹത്തിലെ വ്യക്തികളേയോ മതാനുയായികളേയോ സംബന്ധിച്ചല്ല ഞാനിപ്പറയുന്നത്. മറിച്ച് സകലമതങ്ങളേയും ലോകത്തെതന്നെയും ഉദ്ദേശിച്ചാണ്. കാരണം, എല്ലാ മതാനുയായികളിലും അതായത് സൗരാഷ്ട്രർ, ബുദ്ധമതക്കാർ, സിക്കുമതക്കാർ, ഹിന്ദുക്കൾ, യഹൂദികൾ, ക്രിസ്ത്യാനികൾ, മുസ്‌ലിംകൾ തുടങ്ങി എല്ലാവരിലും ഈ വിഷം-ഇതിനെ പറയേണ്ടത് അവിശ്വാസത്തിന്റെ വിഷമെന്നാണ്- കൂടിയും കുറഞ്ഞും സംക്രമിച്ചു കഴിഞ്ഞിരിക്കുന്നു. ഭൗതികതയുടെ ഭയാനകമായ തീക്ഷ്ണതയും കഠോരമായ സ്വാധീനവും സത്യവിശ്വാസത്തിന്റെ പൂന്തോട്ടത്തെ ഒന്നിനെയും ദഹിപ്പിക്കാതെ

വിട്ടുകളഞ്ഞിട്ടില്ല. എന്റെ ശക്തമായ ഈ വാദത്തിന് ആരെങ്കിലും തെളിവ് ചോദിച്ചാൽ, നിഷ്പക്ഷമായി ചിന്തിക്കുന്ന ബുദ്ധിമതിക്ക് അനിഷേധ്യ തെളിവുകൾ നല്കാൻ ഞാനൊരുക്കമാണ്. എന്നാൽ, ഇക്കാര്യത്തിൽ സംശയാലുക്കളായവരോട് ഒരേയൊരു ചോദ്യം ചോദിക്കട്ടെ! സ്വയം ആത്മപരിശോധന നടത്തിയും ചുറ്റുമുള്ളവരുടെ നിത്യവൃത്തികൾ കണ്ടും നിങ്ങളുമായി ഇടപഴകുന്ന ആളുകൾ സാക്ഷാൽ ദൈവവിശ്വാസികളാണെന്ന് സത്യസന്ധതയോടുകൂടി നിങ്ങൾക്ക് പറയാൻ പറ്റുമോ? വിശ്വാസം എന്നതുകൊണ്ട് ഞാനുദ്ദേശിക്കുന്നത് കേട്ടും കേൾപ്പിച്ചും പരമ്പരാഗതമായി വന്ന വിശ്വാസമല്ല; ജീവസ്സുറ്റതും തനിമയാർന്നതുമായ വിശ്വാസമാണ്. ഭൗതിക വസ്തുക്കളെ അനുഭവിക്കുകയും കണ്ടറിയുകയും ചെയ്യുന്നതുപോലെ ദൈവാസ്തിക്യം അവർക്ക് അനുഭവവേദ്യമായിട്ടുണ്ടോ? അവർ കണ്ടറിഞ്ഞിട്ടുണ്ടോ? സൂര്യനെ സൂര്യനാണെന്ന് അവർ വിശ്വസിക്കുന്നു. ചന്ദ്രനെ ചന്ദ്രനാണെന്ന് അവർ വിശ്വസിക്കുന്നു. പർവ്വതത്തെ പർവ്വതമാണെന്ന് അവർ വിശ്വസിക്കുന്നു. നദിയെ നദിയാണെന്ന് അവർ വിശ്വസിക്കുന്നു. വീടിനെ വീടാണെന്ന് അവർ വിശ്വസിക്കുന്നു. പിതാവിനെ പിതാവാണെന്ന് അവർ വിശ്വസിക്കുന്നു. സുഹൃത്തിനെ സുഹൃത്താണെന്ന് അവർ വിശ്വസിക്കുന്നു. ഇതേ രീതിയിലുള്ള ദൃഢവിശ്വാസം അവർക്ക് ദൈവത്തെ സംബന്ധിച്ച് രൂഢമൂലമായിട്ടുണ്ടോ? ഇതാണെന്റെ ചോദ്യം. ഞാൻ വിശദീകരിച്ചുവന്ന വിശ്വാസം നിങ്ങൾക്ക് ലഭ്യമായിട്ടില്ലെങ്കിൽ അത് തനിമയാർന്ന വിശ്വാസമല്ലെന്ന് മനസ്സിലാക്കണം. സന്ദേഹത്തിന്റെ ആവാസസ്ഥാനം മാത്രമാണത്. ജീവനുള്ളതാണെന്ന് ധരിച്ച് നിങ്ങൾ മാറോടണച്ചു പിടിച്ചിരിക്കുന്നത് ജീർണ്ണിച്ച ശവത്തെയാണ്.

ഞാനിവിടെ വിശദീകരിച്ചത് സത്യവിശ്വാസത്തിന്റെ പരമമായ അവസ്ഥയാണെന്നും അത് കരസ്ഥമാക്കാൻ ചുരുക്കം ചിലർക്കേ സാധിക്കുകയുള്ളൂവെന്നും തിരഞ്ഞെടുക്കപ്പെട്ട വ്യക്തികൾക്കേ അത് പ്രാപ്യമാവുകയുള്ളൂവെന്നും ആരെങ്കിലും പറഞ്ഞാൽ, അത് നിങ്ങളുടെ അജ്ഞതയ്ക്കുള്ള മറ്റൊരു തെളിവാണെന്ന് ഞാൻ പറയും. കാരണം സത്യവിശ്വാസത്തിന്റെ പരമമായ അവസ്ഥ മറ്റൊന്നാണ്. അതിന്റെ ലാഞ്ചനപോലും നിങ്ങൾക്കേശിയിട്ടില്ല. എന്നുമാത്രമല്ല, നിങ്ങളിലധികപേർക്കും ഭാവനയിൽപോലും അത് കാണാൻ കഴിയാതെ പോയെന്നുംവരാം. സത്യവിശ്വാസത്തെ സംബന്ധിച്ച് മുകളിൽ വിശദീകരിച്ചപ്പോൾ ഭൗതികവസ്തുക്കളിൽ സുദൃഢവിശ്വാസമുള്ളതുപോലെ ദൈവത്തിൽ വിശ്വാസം വരണമെന്ന് പറയുകയുണ്ടായത് ഒരു

ഉദാഹരണമെന്ന നിലയ്ക്കാണ്. ആ വിശ്വാസംതന്നെ ശരാശരി വിശ്വാസമാണ്. സത്യവിശ്വാസത്തിന്റെ സാധാരണ അവസ്ഥയെക്കുറിച്ച് നബി(സ) തിരുമേനി പറഞ്ഞത് നിങ്ങൾ ഹദീഥിൽ വായിച്ചിട്ടില്ലേ? "മനുഷ്യൻ കൊടുംതീയിൽ തള്ളപ്പെട്ട് വെന്ത് വെണ്ണീറാവാനിഷ്ടപ്പെട്ടാലും സത്യവിശ്വാസത്തെ ഒരിക്കലും തള്ളിപ്പറയുകയില്ല." ഈ വിവരിക്കപ്പെട്ട നിലയിലുള്ള സത്യവിശ്വാസമെങ്കിലും നിങ്ങളിലുണ്ടെന്ന് നിങ്ങൾ ധരിക്കുന്നെങ്കിൽ, വളരെ നിസ്സാരമായൊരു ചോദ്യം എനിക്ക് നിങ്ങളോട് ചോദിക്കാനുണ്ട്: നിത്യജീവിതത്തിൽ യഥാർഥമായ നിലയിൽ നിങ്ങളുടെ സത്യവിശ്വാസം ക്രിയാത്മകമായ സ്വാധീനം ചെലുത്തിക്കൊണ്ടിരിക്കുന്നുവെന്ന് നിങ്ങൾക്ക് ആത്മാർഥതയോടെ പറയാൻ കഴിയുമോ? അതായത് അല്ലാഹുവിനോടുള്ള അതിരറ്റ സ്നേഹവും അവൻ വെറുക്കുമെന്നുള്ള ഭയവും വാസ്തവത്തിൽ നിങ്ങൾ അനുഭവിക്കുന്നുണ്ടോ? നിങ്ങളുടെ സത്യവിശ്വാസം നന്മ പ്രവർത്തിക്കാൻ നിങ്ങൾക്ക് പ്രചോദനം നല്കാറുണ്ടോ? അത് തിന്മയിൽനിന്ന് നിങ്ങളെ തടയാറുണ്ടോ? നിങ്ങൾ ചെയ്യുന്ന എല്ലാ പ്രവൃത്തികളും പരിപൂർണമായും അല്ലാഹുവിൽ സമർപ്പണം ചെയ്തുകൊണ്ടുള്ളതാണോ? ഏതെങ്കിലും കാര്യം സാധിക്കേണ്ടി വരുമ്പോൾ ഭൗതിക മാർഗങ്ങൾക്ക് ദൈവികകാര്യങ്ങളെക്കാൾ നിങ്ങൾ മുൻഗണന നല്കാറില്ലേ? ജീവിതത്തിലൊരിക്കലെങ്കിലും ദൈവത്തെ നിങ്ങൾക്ക് അനുഭവവേദ്യമായിട്ടുണ്ടോ? അല്ലെങ്കിൽ ദൈവത്തെ കുറിച്ചുള്ള ഓർമ പാപത്തിൽനിന്ന് നിങ്ങളെ തടഞ്ഞിട്ടുണ്ടോ? നന്മപ്രവർത്തിക്കാൻ പ്രേരിപ്പിച്ചിട്ടുണ്ടോ? ഭൗതിക മാർഗങ്ങളെ കവച്ചുവെച്ച് നിങ്ങളുടെ ദൃഷ്ടി ദൈവത്തിൽ മാത്രം പതിഞ്ഞിട്ടുണ്ടോ? ഇത്തരം കാര്യങ്ങൾ ചോദിക്കുകയെന്നതല്ല എന്റെ ഉദ്ദേശ്യം. കാരണം വല്ലപ്പോഴും ഈ നില അനുഭവപ്പെടുകയെന്നത് സത്യവിശ്വാസത്തിന്റെ ഫലമാണെന്ന് പറയാവതല്ല. എന്തുകൊണ്ടെന്നാൽ, ഈ പ്രപഞ്ചത്തേയും തന്നെയും സൃഷ്ടിച്ചിട്ടുള്ള ഒരു ദൈവമുണ്ടായിരിക്കാമെന്ന് ഇടയ്ക്കെങ്കിലും കരുതുകയും അവന്റെ മുമ്പിൽ നില്ക്കേണ്ട ഒരു നാൾ വന്നെത്തുമെന്ന് വിശ്വസിക്കുകയും ചെയ്യുന്ന ദൈവനിഷേധിയല്ലാത്ത ഒരാൾക്ക് പ്രസ്തുത നിലയുണ്ടാകാം. അത്തരം ആൾക്ക് വല്ലപ്പോഴും തന്റെ ആ കാല്പനിക ബിംബവുമായി ഒരു പരിധിവരെ അടുപ്പവുമുണ്ടാകാം. അയാളുടെ ഈ ചിന്ത എപ്പോഴെങ്കിലും അയാളെ പാപത്തിൽനിന്ന് പിന്തിരിപ്പിക്കുകയും ചെയ്തേക്കാം. ചിലപ്പോൾ അയാളുടെ ദൃഷ്ടി ഭൗതികമാർഗങ്ങളെ മറികടന്ന് ദൈവത്തോളം എത്തിയെന്നുംവരാം.

യഥാർഥ സമർപ്പണത്തിന്നർഹൻ ദൈവം മാത്രമാണെന്ന് അയാൾക്ക് അനുഭവപ്പെടുകയും ചെയ്യാം. ഇങ്ങനെയൊക്കെയാണെങ്കിലും ഈ അവസ്ഥ സത്യവിശ്വാസത്തിന്റെ പക്വമായ അവസ്ഥയല്ലെന്നുള്ളത് പ്രകടമാണ്. മറിച്ച് ഇതൊരു സന്ദേഹാവസ്ഥയാണ്. ഇതയാളുടെ പ്രകൃതിയിൽ അങ്ങോട്ടും ഇങ്ങോട്ടും സ്വാധീനം ചെലുത്തിക്കൊണ്ടിരിക്കുന്നു. ദൈവത്തെ സംബന്ധിച്ച് ജീവസ്സുറ്റ വിശ്വാസത്തിന്റെ ഒരു രൂപം ജന്മമെടുക്കുമ്പോഴാണ് സത്യവിശ്വാസത്തിന്റെ യഥാർഥമായ അവസ്ഥ മനസ്സിലാക്കാൻ സാധിക്കുന്നത്. ദൃഢമായ ഈ വിശ്വാസം ഒരു ആവേശത്തള്ളൽ എന്ന നിലയിൽ അവന്റെ ഹൃദയത്തിൽ നിലനില്ക്കുന്നു. അത് അവന് പാപത്തിന്റെ ഇരുൾമുറ്റിയ ഇടവഴിയിൽ സന്മാർഗത്തിന്റെ കൈത്തിരിയായി പ്രയോജനപ്പെടുന്നു. അങ്ങനെ നന്മയുടെ വഴി അവന്റെ മുന്നിൽ വ്യക്തമായി തെളിഞ്ഞുവരികയും കാര്യസിദ്ധിയ്ക്കുള്ള ഭൗതികമായ എല്ലാ മാർഗങ്ങളും അവന് നിസ്സാരമായി ഭവിക്കുകയും ചെയ്യുന്നു. ആ ഭൗതികമാർഗങ്ങളിൽ പിന്നീട് അവന് വിശ്വാസം ഉണ്ടാകുന്നില്ല. മറിച്ച് അവന്റെ യഥാർഥ വിശ്വാസം എല്ലാ മാർഗങ്ങളുടെയും സ്രഷ്ടാവായ ദൈവത്തിൽ മാത്രമായി നിലകൊള്ളുന്നതാണ്. ദൈവസ്നേഹത്തിന്റെ അഗ്നി അവന്റെ ആത്മാവിൽ ജ്വലിച്ചുകൊണ്ടിരിക്കുകയും ദൈവം വെറുക്കുമോ എന്നുള്ള ഭയം അവന്റെ ആത്മാവിൽ വിജയം വരിക്കുകയും ചെയ്യും.

ഇങ്ങനെയുള്ള സത്യവിശ്വാസം നിങ്ങളിൽ കുടികൊള്ളുന്നുണ്ടെന്ന് നിങ്ങൾക്ക് ആർജ്ജവത്തോടെ പറയാൻ കഴിയുമോ? ഇല്ലെങ്കിൽ- ഒരിക്കലും അത് ഉണ്ടായിരിക്കുകയില്ല- നിങ്ങൾ സത്യവിശ്വാസിയാണെന്ന് അഭിമാനം കൊള്ളുന്നതിൽ ലജ്ജിക്കുക. എന്നിട്ട്, ദൈവത്തിന്റെ തിരുസന്നിധിയിൽ നിന്നിറങ്ങുകയും ആത്മാവിലെ അതിസൂക്ഷ്മമായ തമസ്സിനെപ്പോലും ജ്യോതിസ്സാക്കി മാറ്റുകയും ചെയ്യുന്ന പ്രകാശോജ്ജ്വലമായ സത്യവിശ്വാസത്തിനുവേണ്ടി അന്വേഷണം തുടങ്ങുക. ഇതിനുശേഷം അനുഭവപ്പെടുന്ന ദൈവത്തിന്റെ അസ്തിത്വം, നിങ്ങൾ ധരിച്ചുവെച്ചിരിക്കുന്ന കാല്പനിക ബിംബമായിരിക്കുകയില്ല. മറിച്ച് ആ ദൈവത്തെ എന്നെന്നും ജീവിച്ചിരിക്കുന്നവനും സ്വയം നിലനില്ക്കുന്നവനും മറ്റുള്ളവയെ നിലനിറുത്തുന്നവനും സർവശക്തനും പ്രതാപവാനുമായി കാണുന്നതാണ്. അവൻ ദാക്ഷിണ്യശാലിയും പരമദയാലുവുമായ രാജാവാണ്. ഈ ലോകത്തിലെ രാജാക്കന്മാരുടെ ഭരണത്തേക്കാൾ അത്യുന്നതമാണ് അവന്റെ ഭരണമെന്ന് സൂക്ഷ്മദൃഷ്ടിയോടെ വീക്ഷിക്കുന്നവർക്ക് അനുഭവപ്പെടുകയും ചെയ്യും.

ചുരുക്കിപ്പറഞ്ഞാൽ, ഇക്കാലത്ത് സത്യവിശ്വാസം ലോകത്തുനിന്ന് തിരോഭവിച്ചുവെന്നത് നിഷേധിക്കാനാവാത്ത പരമാർഥമാണ്. പൊതുജനങ്ങളുടെ ഹൃദയത്തിൽനിന്നു മാത്രമല്ല അവരിൽ സത്യവിശ്വാസം ഊട്ടി ഉറപ്പിക്കുന്നതിനായി അഹോരാത്രം സേവനമനുഷ്ഠിക്കുന്ന പുരോഹിതന്മാരുടെ ഹൃദയംപോലും നിരീശ്വരത്വത്തിന്നിരയായിത്തീർന്നിരിക്കുന്നു. അവർ ഒന്നുകിൽ ജനങ്ങളെ വഞ്ചിക്കുന്നു, അതല്ലെങ്കിൽ സ്വയം വഞ്ചിതരായിരിക്കുന്നു. കാരണം അവരുടെ നാവിൻതുമ്പത്ത് ഇല്ലാത്തതൊന്നുമില്ല. ഹൃദയമാണെങ്കിലോ ശൂന്യം. ആത്മീയമായി നോക്കിയാലും സത്യവിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ചാലും ഇന്ന് ലോകം തീർച്ചയായും അന്ധകാരത്തിൽ അകപ്പെട്ടിരിക്കുന്നതായി കാണാം. ഈ ഇരുളടഞ്ഞ ഇടവഴിയിലൂടെ മുട്ടിയും തട്ടിയും മറിഞ്ഞുവീണും മുന്നോട്ടു നീങ്ങുന്ന പഥികന് അല്പം വെളിച്ചം പകരാൻ മങ്ങിക്കത്തുന്ന വിളക്കുപോലും എങ്ങും ഇല്ലാതായിരിക്കുന്നു. അന്ധകാരനിബിഢമായ ഇത്തരം കാലത്ത് ദയാലുവായ നമ്മുടെ ദൈവത്തിന്റെ സനാതന നിയമമനുസരിച്ച് അവന്റെ ദിവ്യജ്യോതിസ്സിന്റെ സൂര്യൻ, ഏതെങ്കിലും വിശുദ്ധദാസന്റെ ഹൃദയചക്രവാളത്തിൽ ഉദിച്ചുയർന്ന് സർവലോകത്തിനും ഒളി വിതറേണ്ടത് അനിവാര്യമല്ലേ? എന്റെ സ്നേഹിതൻമാരേ, നിങ്ങൾ ഉണരുക. ദൈവസന്നിധിയിൽ കുമ്പിടുക. കാരണം നിങ്ങളുടെ സ്ഥിതിഗതികൾ അവൻ കണ്ടിരിക്കുന്നു. തന്റെ ഒരു ആത്മീയ സൂര്യനെ കിഴക്കൻ ചക്രവാളത്തിൽ നിങ്ങൾക്കായി അവൻ ഉദിപ്പിച്ചിരിക്കുന്നു. സംശയങ്ങളുടേയും തെറ്റുധാരണകളുടേയും അന്ധകാരം അകലാനും, രാത്രിയുടെ ഇരുട്ട് പകൽവെളിച്ചമായി മാറാനും നിങ്ങളുടെ ഹൃദയകവാടങ്ങൾ തുറന്ന് ഈ സൂര്യന്റെ ആത്മീയ കിരണങ്ങൾ അവിടെ പതിയാനും അനുവദിക്കുക.

# ദൈവമുണ്ടെങ്കിൽ
# എന്തുകൊണ്ടു കാണുന്നില്ല

ഞാനെന്റെ വിഷയത്തിലേക്ക് കടക്കുന്നതിനുമുമ്പേ ഒരു സംശയം ദൂരീകരിക്കാൻ ആഗ്രഹിക്കുന്നു. ദൈവത്തെ സംബന്ധിച്ച് പൊതുജനങ്ങളിൽ സാധാരണ ഉദിക്കാറുള്ള ഒരു സംശയമുണ്ട്- ദൈവമുണ്ടെങ്കിൽ എന്തുകൊണ്ട് ദൈവത്തെ കാണാൻ കഴിയുന്നില്ല? ഈ സംശയം ഇന്നോ ഇന്നലെയോ ഉണ്ടായതല്ല. അനാദികാലം മുതലേ ഉള്ളതാണ്. അറേബ്യയിലെ നിരീശ്വരവാദികൾ നബി(സ)തിരുമേനിയോടും *"ദൈവത്തെ കാണിച്ചുതന്നാൽ ഞങ്ങൾ വിശ്വസിച്ചുകൊള്ളാം"*(17:93) എന്നു പറഞ്ഞതായി വിശുദ്ധ ഖുർആൻ അരുൾ ചെയ്യുന്നു. എന്നാൽ, ഈ സംശയം കേൾക്കുമ്പോൾ ഇത് ഉന്നയിക്കുന്നവരുടെ അവസ്ഥയിൽ സഹതാപമാണ് തോന്നുന്നത്. അഹോ കഷ്ടം! മനുഷ്യൻ നേർമാർഗത്തിൽനിന്ന് വ്യതിചലിച്ചു തുടങ്ങുമ്പോൾ അവന്റെ ബുദ്ധിയുടെമേൽ അശ്രദ്ധയുടെ തിരശ്ശീല വീഴുകയും അതോടെ വ്യക്തമായ ദൃഷ്ടാന്തങ്ങൾപോലും നിഷേധിക്കാൻ അവൻ മുതിരുകയും ചെയ്യുന്നു. കഴിഞ്ഞ കാലങ്ങളിൽ ഈ ആക്ഷേപം ഉണ്ടായിട്ടുണ്ടെങ്കിൽ അന്നൊക്കെ അത് അനാവശ്യവും നിരർഥവുമായിട്ടാണ് കണ്ടിരുന്നത്. എന്നിട്ടും അജ്ഞരായ ചിലയാളുകളെ താൽക്കാലികമായിട്ടെങ്കിലും വഞ്ചനയിലകപ്പെടുത്താൻ അതിനു സാധിച്ചു. എന്നാൽ, ഇക്കാലത്ത് ഈ ആക്ഷേപം ഉന്നയിക്കുന്നത് തികച്ചും അത്ഭുതാവഹമാണ്. ഇത്തരം സംശയങ്ങൾകൊണ്ട് തന്റെ നിഷേധഭാവത്തെ ന്യായീകരിക്കാൻ ശ്രമിക്കുന്ന ആളുടെ ബുദ്ധിയിൽ എനിക്ക് ആശ്ചര്യം തോന്നുന്നു. എന്റെ പക്കൽ, ഇത്തരത്തിലുള്ള ആക്ഷേപങ്ങൾ ഉന്നയിക്കാൻ കുട്ടികൾക്കേ അവകാശമുള്ളു. അല്ലെങ്കിൽ ഇത് ഭ്രാന്തന്മാരുടെ പണിയാണ്. എന്തുതന്നെയായാലും സാധാരണ കേട്ടുവരുന്ന സംശയമാണിത്. അതുകൊണ്ട് ഇത് ദൂരീകരിക്കപ്പെടേണ്ടത് നിർബന്ധമാണ്. വളരെ സംക്ഷിപ്തമായനിലയിൽ അതിനുള്ള സംശയനിവാരണം വരുത്തി യഥാർഥ വിഷയത്തിലേക്ക് ഞാൻ പ്രവേശിച്ചുകൊള്ളാം.

ലോകത്ത് വൈവിധ്യമാർന്ന പല വസ്തുക്കളുമുണ്ട്. അവ ഓരോന്നിനെ സംബന്ധിച്ചും അറിയാൻ ഓരോ മാർഗമാണ് നാം സ്വീക

രിക്കാറുള്ളത്. ചിലത് കാണുന്നതിലൂടെ തിരിച്ചറിയുന്നു. ചിലത് കേൾക്കുന്നതിലൂടെ തിരിച്ചറിയുന്നു. ചിലത് തിരിച്ചറിയുന്നത് രുചിച്ചു നോക്കിയാണ്. ചിലത് തിരിച്ചറിയണമെങ്കിൽ മണത്തു നോക്കണം. ചിലത് സ്പർശനംകൊണ്ട് തിരിച്ചറിയാം. ചിലത് ശ്രദ്ധാപൂർവ്വം പിടിച്ചുനോക്കിയെങ്കിലേ തിരിച്ചറിയാൻ കഴിയൂ. ഇങ്ങനെയുള്ള തിരിച്ചറിവുകളെല്ലാം അബദ്ധമുക്തവും സന്ദേഹരഹിതവുമായിരിക്കും. ഇന്ന വസ്തുവിനെ സംബന്ധിച്ച് ഇന്ന രീതിയിൽ തിരിച്ചറിഞ്ഞെങ്കിൽ മാത്രമേ വിശ്വസിക്കുകയുള്ളൂവെന്ന് പറയാൻ നമുക്ക് അവകാശമേയില്ല. ഉദാഹരണത്തിന് നിറങ്ങൾ തിരിച്ചറിയാനുള്ള മാർഗം കണ്ണുകളാണ് നിർവ്വഹിക്കുന്നത്. അതായത് നോക്കുമ്പോഴാണ് ഇന്ന നിറം ഇന്ന തരത്തിലുള്ളതാണെന്ന അറിവുണ്ടാകുന്നത്. അതുപോലെ മണത്തറിയുന്നത് മൂക്ക് മുഖേനയാണ്. ശബ്ദം തിരിച്ചറിയുന്നത് ചെവികൊണ്ടും. അപ്പോൾ ശബ്ദം കണ്ണുകൊണ്ട് കണ്ടെങ്കിലെ വിശ്വസിക്കൂവെന്ന് പറയുന്നതും, മൂക്കുകൊണ്ട് ഇന്ന നിറം മണത്തറിയാത്തിടത്തോളം സമ്മതിക്കുകയില്ലെന്ന് ശഠിക്കുന്നതും ഇന്ന ശബ്ദം കൈയിലെടുത്ത് നോക്കാത്തിടത്തോളം തൃപ്തിയാകുകയില്ലെന്ന് വാശിപിടിക്കുന്നതും കാടത്തമാണ്. ഇങ്ങനെയൊക്കെ പറയുന്നവനെ ഭ്രാന്തനെന്നാണ് ജനങ്ങൾ വിളിക്കുക. ഭ്രാന്താലയത്തിൽ അയയ്ക്കപ്പെടുന്നില്ലെങ്കിൽത്തന്നെയും തെരുവു കുട്ടികൾക്ക് അയാൾ തമാശയ്ക്ക് പാത്രമായിത്തീരുമെന്ന കാര്യത്തിൽ സംശയമൊന്നുമില്ല. എന്നാൽ, അത്ഭുതമെന്നേ പറയേണ്ടൂ- ഇക്കാലത്തും ഇവർ ദൈവത്തെ സംബന്ധിച്ച് ഇത്തരം ആക്ഷേപങ്ങൾ ഉന്നയിച്ചുകൊണ്ടിരിക്കുന്നു. എന്നിട്ടും ഇവർ ജനങ്ങളുടെയിടയിൽ ബുദ്ധിമാൻമാരാണെന്നുള്ളതാണ് ഏറെ രസകരം. ഇരുൾമൂടിയ ബുദ്ധിയുടെ ഉടമസ്ഥരായ ഇക്കൂട്ടരോട് ഈ ഭ്രാന്തത്വം പറഞ്ഞുനടക്കാൻ കാരണമെന്താണെന്ന് ഒരു ഭക്തദാസനും ചോദിക്കാറില്ല. ഇങ്ങനെയുള്ള അപഹാസ്യമായ ഭ്രാന്തിന് കുറിയാക്കാൻ ദൈവത്തിന്റെ അസ്തിത്വം മാത്രമേ ഇക്കൂട്ടർക്ക് കിട്ടിയുള്ളൂ. അഹോ കഷ്ടം!

ഐഹികവസ്തുക്കളെ തിരിച്ചറിയുന്ന ബാഹ്യേന്ദ്രിയങ്ങളെ കുറിച്ചു മാത്രമാണ് ഞാൻ പ്രതിപാദിച്ചത്. എന്നാൽ, ബാഹ്യേന്ദ്രിയങ്ങളൊന്നുകൊണ്ടും നേരിട്ട് തിരിച്ചറിയാൻ പറ്റാത്ത നിരവധി കാര്യങ്ങൾ ലോകത്തുണ്ട്. അവയെ ബാഹ്യേന്ദ്രിയങ്ങൾ കൊണ്ടല്ല നാം തിരിച്ചറിയുന്നത്. എങ്കിലും, ബാഹ്യേന്ദ്രിയങ്ങൾകൊണ്ട് തിരിച്ചറിഞ്ഞ് വിശ്വസിക്കുന്നതുപോലതന്നെ അവയേയും നാം വിശ്വസിക്കുന്നു എന്നതാണ് വാസ്തവം. ഉദാഹരണത്തിന് കാന്തശക്തി. നിങ്ങൾക്ക

തിനെ കണ്ണുകൊണ്ട് കാണാൻ കഴിയുമോ? ചെവികൊണ്ട് തിരിച്ചറിയാനോ, മൂക്കുകൊണ്ട് മണത്തറിയാനോ, നാവുകൊണ്ട് രുചിച്ചറിയാനോ കൈകൊണ്ട് തൊട്ടറിയാനോ കഴിയുമോ? ഒരിക്കലുമില്ല. എന്നാൽ, നിങ്ങളിലാർക്കെങ്കിലും ഈ ശക്തിയെ നിഷേധിക്കാൻ തന്റേടമുണ്ടോ? സാധ്യമല്ലെന്ന് ഞാൻ ഉറപ്പിച്ചു പറയുന്നു. ബാഹ്യേന്ദ്രിയങ്ങളൊന്നുകൊണ്ടും നേരിട്ട് തിരിച്ചറിയാൻ കഴിയുന്നില്ലെങ്കിലും, അതിന്റെ അടയാളങ്ങളും പ്രവർത്തനങ്ങളും പ്രതികരണങ്ങളും മനസ്സിലാക്കി ദൃഢമായ നിലയിൽത്തന്നെ നിങ്ങളതിൽ വിശ്വസിക്കുന്നുണ്ട്. അടയാളങ്ങളുടെ അറിവ്, ഏതെങ്കിലും വസ്തുവിനെ നേരിട്ട് അനുഭവിച്ചറിയുന്നതുപോലുള്ള ദൃഢവിശ്വാസം നിങ്ങളുടെ ഉള്ളിൽ ഉണ്ടാക്കിത്തീർക്കുകയാണ് ചെയ്യുന്നത്. കാന്തത്തിന്റെയടുക്കൽ ഇരുമ്പുകഷണം കൊണ്ടുചെന്നാൽ അത് അതിനെ തന്നിലേക്ക് വലിച്ചടുപ്പിക്കുന്നത് നിങ്ങൾ കാണുന്നുണ്ട്. ഇതെപ്പോൾ ചെയ്താലും ഇങ്ങനെത്തന്നെയായിരിക്കും സംഭവിക്കുക. ഇതിൽനിന്ന്, ആ കാന്തത്തിൽ സാധാരണ ഇരുമ്പിന് പുറമെ മറ്റെന്തോ ഒരു ശക്തിയുണ്ടെന്നുള്ള അറിവ് നിങ്ങൾക്ക് ലഭിക്കുന്നു. അതിനെ ബാഹ്യേന്ദ്രിയംകൊണ്ട് നേരിട്ട് തിരിച്ചറിയാൻ നിങ്ങൾക്ക് കഴിയുന്നില്ല. എന്നാൽ, അതിന്റെ അടയാളവും പ്രവർത്തനവും കണ്ടപ്പോൾ നിങ്ങളതിനെ തിരിച്ചറിഞ്ഞു. കാന്തശക്തിയെ, കാണുകയോ, കേൾക്കുകയോ, വാസനിക്കുകയോ, രുചിക്കുകയോ, തൊടുകയോ ചെയ്തറിയാത്തതുകൊണ്ട് ഞങ്ങൾ വിശ്വസിക്കുകയില്ലെന്ന് നിങ്ങൾ പറയുകയില്ലല്ലോ. ഇതുപോലുള്ള മറ്റൊന്നാണ് വിദ്യുച്ഛക്തി. അതും ബാഹ്യേന്ദ്രിയങ്ങൾവഴി തിരിച്ചറിയാൻ സാധ്യമല്ല. എന്നാൽ, അതിന്റെ പ്രവർത്തനത്താൽ അത് നിങ്ങളുടെ മനസ്സിനകത്ത് വിശ്വാസം നേടുന്നു. നിങ്ങളുടെ കിടപ്പറയിലെ സ്വിച്ചിൽ വിരലമർത്തുമ്പോൾ പങ്ക അതിശീഘ്രം കറങ്ങുന്നു. അപ്പോൾ ഒരു നിമിഷം മുമ്പേ അതിലില്ലാതിരുന്നതും ഇപ്പോൾ പുറമെനിന്ന് വന്നതുമായ ഒരു ശക്തിയാണ് ആ പങ്ക ചലിപ്പിക്കുന്നതെന്ന് നിങ്ങൾ മനസ്സിലാക്കുന്നു. സത്യത്തിൽ നിങ്ങൾ ആ ശക്തിയെ നേരിട്ട് കണ്ടിട്ടില്ല, കേട്ടിട്ടില്ല, വാസനിച്ചിട്ടില്ല, രുചിച്ചിട്ടില്ല മറ്റേതെങ്കിലും ബാഹ്യേന്ദ്രിയംകൊണ്ട് നേരിട്ട് അറിഞ്ഞിട്ടുമില്ല. എന്നാൽ, വൈദ്യുതി ഉഗ്രമായ ശക്തിയാണെന്നുള്ള ദൃഢവിശ്വാസംകൊണ്ട് നിങ്ങളുടെ ഹൃദയം നിർഭരമായിത്തീരുന്നു. കാരണം, ബാഹ്യേന്ദ്രിയങ്ങൾ കൊണ്ടു വൈദ്യുതിയെ നേരിട്ട് തിരിച്ചറിഞ്ഞില്ലെങ്കിൽ തന്നെയും, അതിന്റെ പ്രവർത്തനവും അടയാളവും ഫലവും നി

ങ്ങൾക്ക് ദൃഢവിശ്വാസത്തിന്റെ അവസ്ഥയെ പ്രദാനം ചെയ്യുന്നു. അതുകൊണ്ട് അതിനെ നിഷേധിക്കാനുള്ള ശക്തിയോ യുക്തിയോ നിങ്ങൾക്കുണ്ടാകുന്നില്ല. സൂര്യനേയും ചന്ദ്രനേയും പർവ്വതത്തേയും നദിയേയും ദൃഢമായി വിശ്വസിക്കുന്നതുപോലെ തന്നെയാണ് നിങ്ങൾ ഇതിനേയും ദൃഢമായി വിശ്വസിക്കുന്നത്.

മറ്റൊരു ഉദാഹരണത്തിനായി ഇനി നമുക്ക് സ്നേഹമെന്ന വികാരത്തെ പരിശോധിക്കാം. ആരെങ്കിലും അതിനെ കണ്ടോ, കേട്ടോ, രുചിച്ചോ, മണത്തോ, സ്പർശിച്ചോ അറിഞ്ഞിട്ടുണ്ടോ? ഇല്ലെങ്കിൽ, അങ്ങനെ അറിയുക എന്നത് അസാധ്യമാണെന്നതിനാൽ ഞാൻ ചോദിക്കട്ടെ. സ്നേഹമെന്ന വികാരത്തെ നിഷേധിക്കാൻ നിങ്ങളിലാർക്കെങ്കിലും സാധിക്കുമോ? ഇത് വായിക്കുന്നവരിൽതന്നെ, സ്നേഹിക്കാത്തവരായോ വിരഹദുഃഖം അനുഭവിക്കാത്തവരായോ ആരെങ്കിലുമുണ്ടാകുമെന്ന് ഞാൻ കരുതുന്നില്ല. അഥവാ ആരെങ്കിലുമുണ്ടെങ്കിൽ അവരോടു ഞാൻ ചോദിക്കുന്നു. തൂക്കി നോക്കിയാൽ 125 ഗ്രാമിൽ അധികം വരാത്ത അവരുടെ ചെറിയ ഹൃദയത്തിൽ, അറ്റമില്ലാത്തതും അത്യഗാധവുമായ സ്നേഹത്തിന്റെ സമുദ്രം അലയടിച്ചുയരുന്നത് അവർ കാണുന്നില്ലേ? ആ സ്നേഹം, പ്രതിബന്ധങ്ങളുമായി ഏറ്റുമുട്ടേണ്ടുന്ന സന്ദർഭം വന്നാൽ ദൈവത്തിന്റെ സൃഷ്ടികളിൽ ഏറ്റവും ഭയങ്കരനും അങ്ങേയറ്റം ശക്തവാനുമാണെന്ന ബഹുമതിക്കുപോലും അർഹമായിത്തീരുന്നു. അബലനും അശുവുമായ മനുഷ്യന്റെ ഉള്ളിൽ ശേഷിയും ശേമുഷിയും നിറച്ചുവെച്ചിട്ടുള്ളതിന്റെ ഫലമായി അവൻ തന്റെ ഇഷ്ടഭാജനത്തിന് വേണ്ടി കൂറ്റൻ പർവ്വതങ്ങളുമായി ഏറ്റുമുട്ടാൻതയ്യാറാവുന്നു. മരുഭൂമിയിലെ ദുസ്സഹമായ ദുർഘടസ്ഥിതിയെ സന്തോഷത്തോടെ സ്വാഗതം ചെയ്യുന്നു. വന്യമൃഗങ്ങളുടെ വായിലേക്ക് എടുത്തുചാടുന്നു. അഗ്നികുണ്ഡത്തിലേക്ക് വീഴുന്നു. ആർത്തലച്ചു തിമിർത്തുവരുന്ന തിരമാലകൾക്കെതിരെ സധൈര്യം മുന്നോട്ടു കുതിയ്ക്കുന്നു. രാത്രികാലങ്ങളിൽ സുഖനിദ്ര ഉപേക്ഷിച്ച് ഉണർന്നിരുന്നു പ്രാർഥിക്കുന്നു. പകൽ സമയങ്ങളിൽ ദൈവമാർഗത്തിൽ ചുറ്റിക്കറങ്ങുന്നു. മരിക്കാതെതന്നെ ജീവരക്തം കണ്ണുകളിലൂടെ ഒഴുക്കുന്നു. ഞാനിപ്പറഞ്ഞ ശക്തികളൊന്നും നിലവിലില്ലെന്ന് ആർക്കെങ്കിലും പറയാൻ കഴിയുമോ? കരുത്തുറ്റതും മഹത്തരവുമായ ഇത്തരം ശക്തിയെ ആരെങ്കിലും കണ്ടോ, കേട്ടോ, മണത്തോ, രുചിച്ചോ, സ്പർശിച്ചോ തിരിച്ചറിഞ്ഞിട്ടുണ്ടോ? ഇതുപോലെ തന്നെ സമയം, കാലം, ശക്തി, ബുദ്ധി,

കോപം, കാമം, കരുണ തുടങ്ങിയ വികാരങ്ങളേയും നിങ്ങൾ അംഗീകരിക്കുന്നു. എന്നാൽ, ഇവയൊന്നും നിങ്ങളുടെ ബാഹ്യേന്ദ്രിയങ്ങൾ നേരിട്ട് മനസ്സിലാക്കിയിട്ടല്ല നിങ്ങൾ സമ്മതിക്കുന്നത്.

ഞാൻ നേരത്തെ വിവരിച്ചതുപോലെ, വിവിധ വസ്തുക്കളെ തിരിച്ചറിയാൻ വിവിധ മാർഗങ്ങളാണ് നിശ്ചയിച്ചിട്ടുള്ളത്. ചിലത് കണ്ടറിയുമ്പോൾ ചിലത് കേട്ടറിയുന്നു. ചിലത് മണത്തറിയുമ്പോൾ ചിലത് രുചിച്ചറിയുന്നു. ചിലത് സ്പർശിച്ചറിയുമ്പോൾ ചിലത് മറ്റേതെങ്കിലും ഇന്ദ്രിയംകൊണ്ടാണ് അറിയുന്നത്. ഇവയൊന്നുകൊണ്ടും തിരിച്ചറിയാൻ കഴിയാത്ത നിരവധി കാര്യങ്ങൾ വേറെയുമുണ്ട്. അവയൊക്കെ തിരിച്ചറിയുന്നത് അവയുടെ പ്രവർത്തനവും അടയാളവും നോക്കിയാണ്. ഇപ്പറഞ്ഞ എല്ലാ അറിവും-അത് ഏതു മാർഗത്തിലൂടെ ലഭ്യമായാലും-സന്ദേഹരഹിതവും വിശ്വാസയോഗ്യവും തന്നെയായിരിക്കും. ഇന്ന രീതിയിൽ അറിഞ്ഞെങ്കിൽ മാത്രമേ ഇന്ന വസ്തുവിനെ വിശ്വസിക്കുകയുള്ളു, ഇല്ലെങ്കിൽ വിശ്വസിക്കുകയില്ലെന്ന് ശഠിക്കുന്നത് അങ്ങേയറ്റം ബാലിശമാണ്. ഏതു മാർഗത്തിലൂടെയും അറിവു കരസ്ഥമാക്കുക എന്നതായിരിക്കണം യഥാർഥ ലക്ഷ്യം. അതു ലഭ്യമായാൽ നമ്മുടെ പ്രശ്നവും പരിഹരിച്ചു കഴിഞ്ഞു. ഇന്ന മുറി ഞാൻ കണ്ടിട്ടുണ്ട്. എങ്കിലും, അതിന്റെ മച്ച് പൊളിച്ച് അതിലൂടെ അകത്ത് കടത്തിയാലെ ഞാൻ വിശ്വസിക്കുകയുള്ളു, വാതിലിലൂടെ പ്രവേശിപ്പിച്ചാൽ വിശ്വസിക്കുകയില്ലെന്നാരെങ്കിലും പറയുമോ? ഇത്തരക്കാരനോട് എനിക്ക് ചോദിക്കാനുള്ളത്, ഹേ മനുഷ്യാ, നിങ്ങളുടെ ഉദ്ദേശ്യം മച്ച് പൊളിക്കുകയാണോ അതോ അകത്ത് കടക്കുകയാണോ? അകത്ത് കടക്കുകയെന്നതാണ് നിങ്ങളുടെ ഉദ്ദേശ്യമെങ്കിൽ മച്ച് പൊളിക്കണമെന്ന വാശിയും വാതിലിലൂടെ കടക്കുകയില്ലെന്ന നിർബന്ധവും അർഥശൂന്യമല്ലേ? കാരണം നിശ്ചിത വാതിലിലൂടെ നിങ്ങൾക്ക് അതിനുള്ളിൽ കടക്കാവുന്നതേയുള്ളു. അപ്പോൾ, നിങ്ങളുടെ ചാപല്യമനുസരിച്ച് അതിനുള്ളിൽ കടക്കാൻ വഴിയുണ്ടാക്കണമെന്ന നിങ്ങളുടെ ആവശ്യം അങ്ങേയറ്റം അപഹാസ്യം തന്നെയാണ്.

നിങ്ങളുടെ ഇഷ്ടം അംഗീകരിക്കുകയാണെങ്കിൽ സയ്ദിന്റെ ഇഷ്ടം എന്തുകൊണ്ട് സമ്മതിച്ചുകൂടാ. സയ്ദിന്റെ ഇഷ്ടം അംഗീകരിക്കുകയാണെങ്കിൽ ബക്കറിന്റെ ഇഷ്ടം എന്തുകൊണ്ട് സ്വീകരിച്ചുകൂടാ. അപ്പോൾ ദൈവം നിങ്ങളുടെ ഇഷ്ടത്തിനൊത്ത് തുള്ളുകയും, നിങ്ങളുടെ ഭാവനകൾക്കനുസൃതം കളിപ്പാവയെന്നോണം ആടുകയും ചെയ്യുന്നവനാ

യി മാറണമെന്ന് ചുരുക്കം! നഊദുബില്ലാഹ്. ഒരു സിനിമാനായകനെപ്പോലെ ആര് എന്ത് എങ്ങനെ ആഗ്രഹിച്ചാലും അതിനൊത്ത് തന്റെ ഗുണങ്ങളെ അവൻ മാറ്റിക്കൊണ്ടിരിക്കണമത്രെ! എന്തിനുവേണ്ടി, നിങ്ങളുടെ ശുഷ്ക്കിച്ച ഭാവനകൾക്ക് ക്ഷതമേല്ക്കാതിരിക്കാൻ! അഹോ കഷ്ടം!

مَاقَدَرُوااللهَ حَقَّ قَدْرِهِ

*അവർ അല്ലാഹുവിന്റെ മഹത്ത്വം അതർഹിക്കുംവിധം വിലയിരുത്തുന്നില്ല. (22:75)*

സ്നേഹിതന്മാരേ, ഒരു കാര്യം നിങ്ങൾ നല്ലവണ്ണം ഓർമിച്ചുകൊള്ളുക. ജഡിക വസ്തുക്കളെ അതിന്റെ വലിപ്പത്തിനനുസരിച്ച് ബാഹ്യേന്ദ്രിയങ്ങൾകൊണ്ട് നമുക്ക് ക്ഷണത്തിൽ തിരിച്ചറിയാൻ കഴിയും. എന്നാൽ, സൂക്ഷ്മമായ വസ്തുക്കളെ അതേ രീതിയിൽ തിരിച്ചറിയാൻ ഒരിക്കലും സാധ്യമല്ല. അതിന്റെ വ്യാപ്തി കൂടുന്തോറും ബാഹ്യേന്ദ്രിയങ്ങൾ അതിൽനിന്ന് അകന്നകന്ന് പോകും. ഇതുകൊണ്ടാണ് അതിസൂക്ഷ്മമായ വസ്തുക്കളെ തിരിച്ചറിയുന്നതിനായി അതിന്റെ അടയാളങ്ങളിലേക്കും പ്രവർത്തനങ്ങളിലേക്കും ഫലങ്ങളിലേക്കും നോക്കേണ്ടിവരുന്നത്. കാരണം നമ്മുടെ ബാഹ്യേന്ദ്രിയങ്ങൾകൊണ്ടൊന്നും അതിനെ നേരിട്ട് തിരിച്ചറിയാൻ സാധ്യമല്ല. ഇതാണ് സാധാരണഗതിയിലുള്ള അവസ്ഥയെങ്കിൽ, സൂക്ഷ്മമായതിനെ സൃഷ്ടിക്കുന്ന സൂക്ഷ്മജ്ഞനായ ദൈവത്തെ ഈ മാംസദൃഷ്ടികൊണ്ട് എങ്ങനെ ദർശിച്ച് തിരിച്ചറിയാനാണ്. അപ്പോൾ, കണ്ടെങ്കിലേ ദൈവത്തിൽ വിശ്വസിക്കുകയുള്ളു എന്ന് പറയുന്നവരുടെ വാദം എത്രമാത്രം നിരർഥവും വ്യർഥവുമാണ്. ഇത്തരത്തിലുള്ള ജല്പനത്തിന്റെ അർഥം ഒന്നുകിൽ അവരുടെ പക്കൽ ദൈവം സ്ഥൂലശരീരമുള്ളവനാണ്. അല്ലെങ്കിൽ അവർക്ക് കണ്ണുകൊണ്ട് കണ്ട് തൃപ്തിയടയുന്നതിനായി കുറഞ്ഞപക്ഷം ദൈവം സ്ഥൂലശരീരത്തോടെ വരണം! എന്നാൽ, ദുഷ്കരമായ ഒരു പ്രശ്നമുണ്ട്. ദൈവം, തങ്ങൾക്ക് മണത്തും രുചിച്ചും അതുമല്ലെങ്കിൽ സ്പർശിച്ചും അറിയാൻ കഴിയും വിധം രൂപംപ്രാപിച്ചു വരണം എന്നു പറയാൻ ലോകത്തുള്ള ലക്ഷക്കണക്കിന് അന്ധർക്ക് അവകാശമില്ലേ? ദൈവത്തെ സംബന്ധിച്ച് ഇത്തരം പരിഹാസ്യമായ രീതി സ്വീകരിക്കുന്നത് ബുദ്ധിജീവിയെന്ന് അവകാശപ്പെടുന്ന മനുഷ്യർക്ക് ഭൂഷണമാണോ? നഗ്നനേത്രങ്ങൾകൊണ്ട് കാണാത്തിടത്തോളം ദൈവത്തിൽ വിശ്വസിക്കുകയില്ലെന്ന് നി

ങ്ങൾ ശഠിക്കുന്നു. എന്നാൽ, ഞാൻ പറയുന്നു; ദൈവം ദൃഷ്ടിഗോചരനായാൽ അവനിൽ വിശ്വസിക്കുക നമുക്ക് സുഗമമാണെങ്കിൽപ്പോലും ആ ദൈവം വിശ്വാസത്തിന്നർഹനാവുകയില്ല. കാരണം അപ്പോൾ അവന്റെ നിരവധി ഗുണങ്ങൾ അസാധുവാണെന്ന് സമ്മതിക്കേണ്ടതായി വരും. ഉദാഹരണത്തിന്, ദൈവം സൂക്ഷ്മനാണ്, എന്നാൽ, ദൃഷ്ടിഗോചരനായാൽ അവൻ പരിമിതനായിത്തീരുന്നു. ഇങ്ങനെ പലതും. ഇനി നിങ്ങൾക്കായി ദൈവം സ്ഥൂലശരീരിയും പരിമിതനുമൊക്കെയായി രംഗത്തുവന്നാൽ നിങ്ങൾ വിശ്വസിച്ചുകൊള്ളുമെന്ന് എന്താണ് ഉറപ്പ്? സ്ഥൂലശരീരിയും പരിമിതനുമായവനെ അംഗീകരിക്കാൻ തയ്യാറല്ലെന്ന് നിങ്ങൾ പറഞ്ഞുകൂടായ്കയുണ്ടോ? ദൈവത്തിന് സ്തോത്രം. എത്രമാത്രം പരിശുദ്ധവും മനോഹരവും പരിപൂർണവുമായ അസ്തിത്വമാണവൻ. അവന്റെ ഓരോ ഗുണവും ഒന്നിനൊന്ന് കാവൽക്കാരനായി നില്ക്കുന്നു. അവന്റെ ഏതെങ്കിലുമൊരു ഗുണത്തിനുമേൽ ആക്രമണം ഉണ്ടാകുമ്പോൾ മറ്റു ഗുണങ്ങൾ ഉത്സുകരും ഉത്തരവാദിത്തബോധമുള്ളവരുമായ കാവൽക്കാരെപ്പോലെ ആ ആക്രമിയെ നിരാശനും നിരാലംബനുമാക്കി നിന്ദ്യതയുടെ പടുകുഴിയിലേക്ക് വലിച്ചെറിയാതിരിക്കുന്നതെങ്ങനെ? ആക്ഷേപകൻ ദൈവത്തിന്റെ മറഞ്ഞിരിക്കുക എന്ന ഗുണത്തിനുമേൽ സന്ദേഹം പ്രകടിപ്പിച്ചപ്പോൾ, അവന്റെ സൂക്ഷ്മൻ, അപരിമിതൻ എന്നീ ഗുണങ്ങൾ എത്ര പെട്ടെന്നാണ് ചാടിവീണ് ആ ആക്ഷേപത്തെ വിപാടനം ചെയ്തത്. സത്യത്തിൽ ദൈവത്തിന്റെ സൗന്ദര്യം ആസ്വദിക്കാൻ കഴിയുന്നത്, അവൻ മറഞ്ഞിരുന്നുകൊണ്ട് ഗോചരീഭവിക്കുമ്പോഴാണ്. അവൻ അകന്നിരിക്കുന്നതോടൊപ്പം പ്രത്യക്ഷത്തിൽ കാണാൻ കഴിയണം. അവൻ സൂക്ഷ്മനാകണം. എന്നിട്ട് ജഡികവസ്തുക്കൾ തിരിച്ചറിയുന്നതിനെക്കാൾ നല്ലവണ്ണം തിരിച്ചറിയുകയും അനുഭവപ്പെടുകയും വേണം. ഈ ആശയം മനസ്സിലാക്കാത്തവൻ നിർഭാഗ്യവാനാണ്; അവൻ നാശത്തിന്റെ വായിലാണുള്ളത്.

ഇത്രയും പറഞ്ഞുവന്നതിന്റെ ചുരുക്കം, അല്ലാഹുവിന്റെ പരിപൂർണത ആഗ്രഹിക്കുന്നത് അവൻ സൂക്ഷ്മനായിരിക്കുകയും മാംസദൃഷ്ടികളിൽനിന്ന് മറഞ്ഞിരിക്കുകയും ചെയ്യണം എന്നതാണ്. ഇതുകൊണ്ട് അവന്റെ അസ്തിത്വത്തെ സംബന്ധിച്ച് ഒരിക്കലുംതന്നെ സംശയമുണ്ടാകുക സാധ്യമല്ല. കാരണം അവനെ തിരിച്ചറിയുന്നതിന് വിശ്വാസപരവും ഖണ്ഡിതവുമായിട്ടുള്ള ധാരാളം വഴികൾ തുറന്നു കിടപ്പുണ്ട്. അത് നമ്മുടെ മാംസദൃഷ്ടിക്ക് കാണാൻ പറ്റുന്നതല്ല. സ്നേഹിതന്മാരേ! നിങ്ങൾ നിരർഥമായ സംശയങ്ങളിൽ കുടുങ്ങി സത്യവിശ്വാസംപോലുള്ള

വിലമതിക്കാനാവാത്ത കാര്യത്തെ സ്വന്തം കൈകൊണ്ട് തള്ളിക്കളയരുത്. കാന്തികശക്തിയും വൈദ്യുതശക്തിയും അഗോചരമായിരുന്നിട്ടും അതിനെ വിശ്വസിക്കുകയും അംഗീകരിക്കുകയും ചെ യ്യുന്ന ആളുകളെ നിങ്ങൾ പിൻപറ്റുന്നില്ലേ? സമയത്തിന്റേയും കാലത്തിന്റേയും സ്വാധീനത്തെ നിങ്ങൾ സമ്മതിച്ചിട്ടില്ലേ? കാമാസക്തിയുടേയും കോപാവേശത്തിന്റേയും മുന്നിൽ നിങ്ങൾ മുട്ടുമടക്കിയിട്ടില്ലേ? എന്നാൽ, സ്വന്തം സ്രഷ്ടാവും ഉടമസ്ഥനുമായ ദൈവത്തിന് സ്നേഹവായ്പിന്റേയും ഭക്തിപ്രകർഷത്തിന്റേയും കപ്പം കൊടുക്കാൻ നിങ്ങൾ സന്നദ്ധരായില്ല. ഇല്ല. ഒരിക്കലുമില്ല. നിങ്ങൾ അങ്ങനെ ചെയ്യുന്നവരല്ല.

# ദൈവത്തെ
# അന്വേഷിക്കേണ്ടതിന്റെ ആവശ്യകത

ഇനി ഞാൻ അടിസ്ഥാനപരമായ വിഷയത്തിലേക്ക് പ്രവേശിക്കട്ടെ. ദൈവത്തെ സംബന്ധിച്ച് എന്തിന് അന്വേഷിക്കണം എന്നതാണ് ഒന്നാമതായി നമ്മുടെ മുമ്പിൽ വരുന്ന ചോദ്യം. അതായത്, ദൈവം ഉണ്ടാവട്ടെ, ഉണ്ടാവാതിരിക്കട്ടെ. നാം എന്തിന് വെറുതെ സമയം പാഴാക്കണം. നമ്മുടെ വിലപിടിച്ച സമയവും ബുദ്ധിയും ദൈവം ഉണ്ടോ എന്നന്വേഷിക്കുന്നതിൽ അനാവശ്യമായി ചെലവഴിക്കേണ്ടതിന്റെ ആവശ്യമെന്ത്? ഈ ചിന്താഗതി ദൈവവിശ്വാസിയല്ലാത്ത ഒരാളുടെ മനസ്സിൽ ഉദിച്ചുയരുക എന്നത് സ്വാഭാവികമാണ്. അതുകൊണ്ടുതന്നെ ഈ പ്രശ്നമാണ് ആദ്യം പരിഹരിക്കപ്പെടേണ്ടത്.

ഏതെങ്കിലും വസ്തു ആവശ്യമുണ്ടോ എന്ന് തീരുമാനിക്കുന്നത് സാധാരണ രണ്ടേ രണ്ടു രീതിയിലാണ്. ഒരു വസ്തു സ്വീകരിക്കുമ്പോഴും ഒരു പ്രവൃത്തി ചെയ്യുമ്പോഴും എന്തെങ്കിലും പ്രയോജനം അതുകൊണ്ട് നമുക്കുണ്ടോ എന്നാണ് ആദ്യം നാം നോക്കുക. പ്രയോജനമുണ്ടാകുമെന്ന് കണ്ടാൽ അതു കൈക്കൊള്ളും ഇല്ലെങ്കിൽ തള്ളിക്കളയും. പിന്നീട് നോക്കാറുള്ളത് ഏതെങ്കിലും വസ്തു അല്ലെങ്കിൽ പ്രവൃത്തി ഉപേക്ഷിക്കുന്നതുകൊണ്ട് നഷ്ടമുണ്ടാകുമോ എന്നാണ്. നഷ്ടമുണ്ടാകുമെന്ന് കണ്ടാൽ അത് ഉപേക്ഷിക്കുകയില്ല. നഷ്ടം വരില്ലെന്ന് ഉറപ്പുണ്ടെങ്കിൽ അത് സ്വീകരിക്കേണ്ട ആവശ്യമില്ലെന്ന് മനസ്സിലാക്കുകയും ചെയ്യും. ഒരു കാര്യം സ്വീകരിക്കുമ്പോൾ വൻലാഭവും സ്വീകരിക്കാതിരിക്കുമ്പോൾ വൻനഷ്ടവും ഉണ്ടാകുമെന്ന് കണ്ടാൽ അതിനെ സ്വീകരിക്കുകയാണ് അത്യുത്തമമെന്ന വിധിയായിരിക്കും ബുദ്ധിമാന്മാർ കൈക്കൊള്ളുക. ഈ തത്ത്വത്തിന്റെ അടിസ്ഥാനത്തിൽ നമ്മുടെ സുപ്രധാന വിഷയത്തിന്റെ പ്രസക്തിയെ സംബന്ധിച്ചും തീരുമാനമെടുക്കാവുന്നതാണ്. അതായത്, ഏതെങ്കിലും കാര്യം സ്വീകരിക്കുകയെന്നത് ഫലപ്രതീക്ഷ ഉളവാക്കുമെങ്കിൽ അത് സ്വീകരിക്കൽ നമുക്ക് നിർബന്ധമായിരിക്കും. അപ്രകാരം തന്നെ അതു ഉപേക്ഷിക്കുന്നതിൽ വലിയ നഷ്ടമുണ്ടാകുമെന്ന സന്ദേഹംമുണ്ടായാൽ അതു ഉപേക്ഷിക്കാതിരിക്കാൻ നാം നിർബന്ധിതരാവും.

ഈ തത്ത്വത്തിന്റെ അടിസ്ഥാനത്തിൽ ചർച്ചാവിഷയമായ പ്രശ്നം പരിശോധിക്കാം. ദൈവത്തെ അന്വേഷിച്ച് കണ്ടെത്തേണ്ട ആവശ്യം ന മുക്കുണ്ടോ എന്നതാണ് മുഖ്യചോദ്യം. മറ്റൊരുവിധത്തിൽ പറഞ്ഞാൽ, നമുക്കൊരു ദൈവമുണ്ടെന്നു സ്ഥാപിതമായാൽ അവനെ വിശ്വസി ക്കുന്നതുകൊണ്ട് നമുക്കെന്തെങ്കിലും പ്രയോജനമുണ്ടോ? അല്ലെങ്കിൽ അവനെ നിഷേധിക്കുന്നതുകൊണ്ട് നമുക്കേതെങ്കിലും തരത്തിലുള്ള നഷ്ടം സഹിക്കേണ്ടിവരുമോ? ഇതു തീരുമാനിക്കാൻ ദൈവത്തെ സംബന്ധിച്ച് നമ്മുടെ മുമ്പാകെ വരുന്ന ചോദ്യത്തിന്റെ പ്രത്യേകമായ സ്വഭാവത്തിൽ ചിന്തിക്കേണ്ടതായി വരും. വിശ്വസിക്കുന്നവനും വിശ്വ സിക്കാത്തവനും ഒരുപോലെയാണെന്ന നിലയിൽ ദൈവാസ്തിക്യം അവതരിപ്പിക്കപ്പെട്ടാൽ, നമ്മുടെ ജീവിതത്തിൽ അതൊരു സ്വാധീന വും ചെലുത്തുകയില്ല. ഇതൊരു വിജ്ഞാനപരമായ ചോദ്യം മാത്ര മായി അവശേഷിക്കും. അങ്ങനെ വരുമ്പോൾ വിജ്ഞാനകുതുകികളും അറിയാൻവേണ്ടി മാത്രം ഏതെങ്കിലും വിഷയത്തിൽ ചിന്തിക്കുന്നവരു മല്ലാത്ത സകലർക്കും ഈ അന്വേഷണത്തെ നിഷേധിക്കാനും ജീവിത ത്തിന്റെ ലാഭനഷ്ടങ്ങളിൽ നേരിട്ട് ശക്തിചെലുത്തുന്ന കാര്യങ്ങളിൽ മാത്രം തങ്ങളുടെ ശ്രദ്ധയെ ഒതുക്കി നിറുത്താനും അവകാശമുണ്ടായിരി ക്കുന്നതാണ്. ഉദാഹരണത്തിന്, താനൊരു പുതിയ നക്ഷത്രം കണ്ടുപി ടിച്ചിട്ടുണ്ടെന്നും, ഭൂമിയിൽനിന്ന് ഇത്രകോടി നാഴിക അപ്പുറമാണത് സ്ഥിതിചെയ്യുന്നതെന്നും അതിന് നമ്മുടെ സൂര്യൻ ഉൾക്കൊള്ളുന്ന സൗരയൂഥവുമായി പ്രത്യേകമായ ബന്ധമൊന്നുമില്ലെന്നും അത് ഭൂമി യിൽ വിശേഷിച്ച് സ്വാധീനമൊന്നും ചെലുത്തുന്നില്ലെന്നും ഒരാൾ പ റഞ്ഞാൽ, ഗോളശാസ്ത്രത്തിൽ താൽപര്യമുള്ളവരൊഴികെ മറ്റാരും ആ നക്ഷത്രത്തിന്റെ സ്ഥിതിഗതികളെ സംബന്ധിച്ച് ശ്രദ്ധിക്കാൻ മെന ക്കെടുകയില്ല. എന്നാൽ, ശരീരത്തിന് ശക്തിയും കരുത്തും പകരുന്ന ഒരു ലേഹ്യം താൻ കണ്ടുപിടിച്ചിട്ടുണ്ടെന്നും അതു സേവിച്ചാൽ വാർ ധക്യ ലക്ഷണങ്ങൾ പെട്ടെന്നുണ്ടാകുകയില്ലെന്നും യുവത്വം പ്രദാനം ചെയ്ത് ആയുസ്സ് വർധിപ്പിക്കുമെന്നും ഒരാൾ വാദിച്ചാൽ അയാൾ പി ടിച്ചുപറിക്കാരനും തട്ടിപ്പുകാരനുമല്ലെങ്കിൽ ജനങ്ങളെല്ലാം ഉത്സാഹപൂ ർവം അയാളുടെ അടുത്തേക്ക് ഒഴുകിയെത്തും. കാരണം, അത് ശരിയാ ണെന്ന് തെളിഞ്ഞു കഴിഞ്ഞാൽ ഓരോ മനുഷ്യന്റേയും ജീവിതത്തിൽ ഗംഭീരമായ സ്വാധീനം ചെലുത്തുന്ന ഗവേഷണമാണത്. ഈ വക കാര്യങ്ങൾ മുന്നിൽവെച്ചുകൊണ്ട് ദൈവത്തെ സംബന്ധിച്ച് പരിശോ ധിക്കുമ്പോൾ, മൂന്ന് വിവിധ ദിശയിലൂടെ ഇക്കാര്യം തെളിഞ്ഞുവരുന്ന

തായിക്കാണാം. ഒന്നാമതായി സ്വപ്രകൃതിയും, രണ്ടാമതായി സ്വബുദ്ധിയും മൂന്നാമതായി സ്വമതവും പ്രസ്തുത ചോദ്യം ചോദിക്കുന്നു. ഈ മൂന്ന് രീതിയിലും ഗവേഷണം നടത്താതെ നമുക്ക് നിർവ്വാഹമില്ല എന്ന നിലയ്ക്കാണ് ആ പ്രശ്നം നമ്മുടെ മുമ്പിൽ വരുന്നത്.

ആദ്യമായി ഞാൻ പ്രകൃതിയെ സംബന്ധിച്ച് പ്രതിപാദിക്കാം. ധിഷണാശക്തിയുള്ളവരുടേയും, മോശമായ ശിക്ഷണത്തിലൂടെ അന്ധകാരത്തിലും അജ്ഞതയിലും അകപ്പെട്ടിട്ടില്ലാത്തവരുടേയും മനസ്സിനുള്ളിൽ തങ്ങളെ സൃഷ്ടിക്കുകയും ഈ പ്രപഞ്ചത്തെ ചലിപ്പിക്കുകയും ചെയ്യുന്ന ഏതെങ്കിലും ഒരു ദൈവം ഉണ്ടാവേണ്ടതല്ലേ എന്ന ചോദ്യം പതുക്കെപ്പതുക്കെ ഉയർന്നുകൊണ്ടേയിരിക്കും. അതിനോടൊപ്പംതന്നെ, ആരെങ്കിലും നമ്മെ സൃഷ്ടിക്കുകയും നാം തനിയെ ഈ ലോകത്ത് വരാതിരിക്കുകയുമാണ് ചെയ്തിട്ടുള്ളതെങ്കിൽ നിശ്ചയമായും സ്രഷ്ടാവിന്റെ ഈ പ്രവൃത്തിയിൽ എന്തെങ്കിലും ലക്ഷ്യം ഉണ്ടായിരിക്കണമല്ലോ എന്നും അവൻ നമ്മുടെ ജീവിതത്തിന് എന്തെങ്കിലും ഉദ്ദേശ്യം നിശ്ചയിച്ചിരിക്കണമല്ലോ എന്നും അവരുടെ മനസ്സ് സ്വാഭാവികമായും അവരോട് പറഞ്ഞുകൊണ്ടിരിക്കും. ഓരോ മനുഷ്യന്റേയും പ്രകൃതി ഇത്തരം ചോദ്യങ്ങൾ ചോദിച്ചുകൊണ്ടേയിരിക്കുന്നു. ഇവിടെ പ്രകൃതിതന്നെ ഇവയ്ക്കുത്തരം നല്കുന്നുണ്ടോ എന്നതിനെ സംബന്ധിച്ച് ഞാൻ തല്ക്കാലം ചർച്ചചെയ്യുന്നില്ല. അതുവഴിയെ വന്നുകൊള്ളും. പക്ഷേ, എന്തായാലും പ്രസ്തുത ചോദ്യങ്ങൾ പ്രകൃതി നമ്മളോട് ചോദിച്ചുകൊണ്ടിരിക്കുന്നുവെന്നത് അവിതർക്കിതമാണ്. നമുക്കതുമായി ബന്ധമില്ല എന്നു പറഞ്ഞ് ദൈവത്തെ അവഗണിക്കാൻ പറ്റാത്ത തരത്തിലാണ് ആ ചോദ്യം ഉന്നയിക്കപ്പെടുന്നത്. സാധ്യമായ അന്വേഷണത്തിനുശേഷം ഫലമൊന്നും കിട്ടിയില്ലെങ്കിൽ, പ്രകൃതി ഉന്നയിക്കുന്ന ഈ ചോദ്യം അടിസ്ഥാനരഹിതമാണെന്നും ഒരു ദൈവവുമില്ലെന്നും പ്രപഞ്ചം സ്വയംഭൂവാണെന്നും അതു തനിയെ ചലിച്ചുകൊണ്ടിരിക്കുകയാണെന്നുമൊക്കെ പറഞ്ഞ് അതിനെ തള്ളിക്കളയാൻ നമുക്കെല്ലാം അവകാശമുണ്ട്. എന്നാൽ, പ്രകൃതി ഈ ചോദ്യം ചോദിച്ചതിനുശേഷം, ദൈവത്തെ സംബന്ധിച്ച് അന്വേഷണം നടത്താതെ അതിനെ പാടേ നിഷേധിക്കുന്നത് ന്യായമാണോ എന്ന് ചിന്തിച്ചു നോക്കുക.

മനുഷ്യബുദ്ധിയുടേയും അവസ്ഥ ഇതുതന്നെയാണ്. അന്വേഷണമൊക്കെ നടത്തി ഫലമൊന്നും കാണുന്നില്ലെങ്കിൽ ഒരു ദൈവവും ഇല്ലെന്ന് വിധിക്കാൻ ബുദ്ധിക്കവകാശമുണ്ട്. എന്നാൽ, ദൈവത്തെ സംബന്ധിച്ചുള്ള ചോദ്യങ്ങൾ പ്രകൃതി ചോദിക്കുന്നതിനേക്കാൾ ശക്ത

മായ നിലയിലാണ് ബുദ്ധി നമ്മളോട് ചോദിക്കുന്നത്. അത് വീണ്ടും വീണ്ടും നമ്മെ ഉണർത്തുകയും ചിന്തിക്കാൻ നമ്മെ പ്രചോദിപ്പിക്കുകയും ചെയ്യുന്നു. നിങ്ങൾക്ക് ഒരു ദൈവം ഉണ്ടായിരിക്കുകയും അവൻ പ്രത്യേകമായ ഉദ്ദേശ്യത്തോടെ നിങ്ങളെ ഈ ലോകത്തയക്കുകയും നിങ്ങൾ ആ ദൈവത്തിൽ നിന്നും ജീവിതലക്ഷ്യത്തിൽനിന്നും അശ്രദ്ധരായിരിക്കുകയും ചെയ്യുന്ന ആ ദുഃസ്ഥിതിയിൽ നിങ്ങൾക്ക് മരണം വന്നെത്താനിടയാകരുത്. അതുകൊണ്ട് നിങ്ങൾ എഴുന്നേല്ക്കുക. ദൈവമുണ്ടോ എന്ന് അന്വേഷിക്കുക. ഈ ലോകത്തേയ്ക്കുള്ള നിങ്ങളുടെ വരവ് തിന്നാനും കുടിക്കാനും ശരീരേച്ഛകൾ പൂർത്തീകരിക്കാനുള്ള ചിന്തയിൽ നിമഗ്നരായിക്കഴിയാനും മരണം വരുമ്പോൾ മരിക്കാനും സന്താനങ്ങളെ ദുൻയാവിന്റെ അരങ്ങിൽ അശിക്ഷിതരായിവിട്ട് നിങ്ങളാടിയ അതേ നാടകം ആവർത്തിക്കാനുമുള്ളതാണോ എന്ന് ചിന്തിക്കുക. നിങ്ങൾ ഒന്നുമല്ലാത്ത അവസ്ഥയിൽനിന്ന് സ്വയം മുളച്ചുപൊന്തിവന്നതാണോ എന്ന് പരിശോധിക്കുക. നിങ്ങളുടെ സുസ്ഥാപിതവും യുക്തിഭദ്രവുമായ ശാരീരികഘടനയുടെ സ്രഷ്ടാവ് നിങ്ങൾ തന്നെയാണോ? ഈ പ്രപഞ്ചത്തിന്റെ മുക്കുമൂലകളെല്ലാം അടുക്കും ഒതുക്കവുമുള്ള നിയമവ്യവസ്ഥിതിയോടുകൂടി പ്രവർത്തിക്കുന്നത് നിങ്ങൾ കാണുന്നു. ഇത് യാദൃച്ഛികമാണോ? യദൃച്ഛയായല്ലാതെ ഏതെങ്കിലും പരാശക്തിയുടെ അത്ഭുതപ്രതിഭാസമാണെങ്കിൽ, ആ പരാശക്തി ഇതെല്ലാം ഒരു കളിപ്പാട്ടമായിട്ടാണോ സൃഷ്ടിച്ചിട്ടുള്ളത്? ഈ ലോകത്ത് താൻ സൃഷ്ടിച്ച വസ്തുക്കളുടെ ശക്തിയും സൗന്ദര്യവും കണ്ടാസ്വദിച്ച് തൃപ്തനായി ഒരൊറ്റതട്ടിന് നിശ്ശേഷം അതിനെയെല്ലാം തകർത്ത് വീണ്ടും പുതിയ കളിപ്പാട്ടമുണ്ടാക്കുന്നതിൽ വ്യാപൃതനാകുകയും ചെയ്യുക എന്നതല്ലാതെ മറ്റൊരു ഉദ്ദേശ്യവും ഇതിനില്ലേ? മനുഷ്യന്റെ ജീവിതത്തിന് ഒരു ഉദ്ദേശ്യവുമില്ലേ? അവന്റെ ഇഹലോക കർമങ്ങളെ സംബന്ധിച്ച് എന്നെങ്കിലും ആരുടെയെങ്കിലും മുമ്പിൽ സമാധാനം പറയേണ്ടിവരില്ലേ? തുടങ്ങിയ ചോദ്യങ്ങൾ യുക്തിയ്ക്ക് നിരക്കാത്തതാണോ? കാര്യക്ഷമതയുള്ള ഒരുവന്റെ ബുദ്ധി എപ്പോഴും അവന്റെ മുമ്പിൽ വയ്ക്കുന്ന ചോദ്യങ്ങളാണിവ. അബദ്ധവും അനാവശ്യവുമെന്ന് പറഞ്ഞ് നിശ്ശബ്ദത പാലിക്കേണ്ട ചോദ്യങ്ങളാണോ ഇവയെന്ന് ഇനി നീതിപൂർവ്വം നിങ്ങൾ തീരുമാനിക്കുക. ഈ ചോദ്യങ്ങൾക്ക് ഇന്ന നിലയിൽ മറുപടി പറയണം എന്നു ഞാൻ പറയുകയില്ല. കാരണം മറുപടി പറയേണ്ടത് ഓരോരുത്തരും താന്താങ്ങളുടെ അന്വേഷണഫലത്തിന്റെ അടിസ്ഥാനത്തിലാണ്. ആ ഫലമെന്തായിരിക്കുമെന്ന് അന്വേഷകനുതന്നെയും പ്രവചിക്കാൻ

സാധിക്കുകയില്ല. എന്നാൽ, എനിക്കു തറപ്പിച്ചു പറയാനുള്ളത് ഏതു രീതിയിലാണോ ഈ ചോദ്യം മുമ്പിൽ വരുന്നത് ആ ചോദ്യത്തിന്റെ ഉദ്ദേശ്യം പൂർണശ്രദ്ധയോടെ ഈ പ്രശ് നപരിഹാരത്തിനുള്ള അന്വേഷണത്തിൽ നിങ്ങൾ മുഴുകുകയും സ്വതന്ത്രവും നീതിയുക്തവുമായ നിങ്ങളുടെ അന്വേഷണം ഒരു തീരുമാനത്തിലെത്തുന്നതുവരെ തുടരുകയും ചെയ്യണമെന്നാണ്.

പറഞ്ഞതിന്റെ ചുരുക്കം, പ്രകൃതിയും ബുദ്ധിയും ദൈവാസ്തിക്യം എന്ന വിഷയം നമ്മുടെ മുമ്പിൽ വയ്ക്കുന്നത് നിഷേധിക്കാൻ പറ്റാത്ത രീതിയിലാണ്. അപ്പോൾ, നമുക്കൊരു സ്രഷ്ടാവുണ്ടോ? സ്രഷ്ടാവുണ്ടെങ്കിൽ അതാരാണ്? അവൻ എവിടെയാണ്? എന്താണവന്റെ വിശേഷഗുണങ്ങൾ? അവന്റെ സൃഷ്ടിപ്പിന്റെ ലക്ഷ്യമെന്താണ്? നമ്മുടെ സൃഷ്ടിപ്പിന് എന്തെങ്കിലും ലക്ഷ്യമുണ്ടെങ്കിൽ അതു നമുക്ക് നേടാൻ കഴിയുമോ? തുടങ്ങിയ ചോദ്യങ്ങൾ നിരർഥമാകുന്നതെങ്ങനെ? ഇതൊന്നും നിരർഥമല്ലാതാകുമ്പോൾ ബുദ്ധിമാനായ ആർക്കാണ് ഈ അന്വേഷണത്തെ നിഷേധിക്കാൻ കഴിയുക.

മൂന്നാമത്തേത് മതം എന്തുപറയുന്നു എന്നതാണ്. ലോകത്തുള്ള സകലമതങ്ങളും ദൈവാസ്തിക്യം എന്ന വിഷയം നമ്മുടെ മുമ്പിൽ വയ്ക്കുന്നുണ്ട്. എന്നു മാത്രമല്ല, ആ എല്ലാമതങ്ങളുടേയും അധ്യാപനങ്ങളുടെ കേന്ദ്രബിന്ദുതന്നെ ദൈവത്തിന്റെ സവിശേഷ ഗുണങ്ങളാണ്. കാരണം, ലോകത്ത് വരികയും ലക്ഷക്കണക്കിന് മനുഷ്യരുടെ സ്വീകാര്യത പിടിച്ചുപറ്റുകയും ചെയ്തിട്ടുള്ള എല്ലാ മതങ്ങളും ആത്യന്തികമായി ദൈവത്തിൽ നിന്നുള്ളതാണ്. വിവിധ ഭാഷകളിലിറങ്ങുകയും ലോകത്തെ പ്രകാശമാനമാക്കിക്കൊണ്ടിരിക്കുകയും ചെയ്ത ദൈവത്തിന്റെ വെളിപാടുകളിലാണ് അതിന്റെ അടിത്തറ. അതുകൊണ്ടു ആ മതങ്ങളുടെ അധ്യാപനങ്ങളിൽ കാലത്തിന്റെ കൈകടത്തലുകളാൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടായിട്ടുകൂടി അതിന്റെ യഥാർഥ അടിത്തറ ദൈവിക വെളിപാടുകളിലായതുകൊണ്ട് ദൈവാസ്തിക്യത്തെപ്പറ്റി പ്രകൃതിയുടേയും ബുദ്ധിയുടേയും സൂചനകളെ അപേക്ഷിച്ച് കൂടുതൽ വിവരണവും വിശദമായ വ്യാഖ്യാനവും ഏറെ ക്ലിപ്തതയും അതിൽ കാണാം. ബുദ്ധിയും പ്രകൃതിയും സംക്ഷിപ്തമായി പറയുന്ന കാര്യങ്ങൾ വെളിപാട് അതിന്റെ വ്യാഖ്യാനം കൊണ്ടു വിശദീകരിച്ചു തരുന്നപോലെ തോന്നും. പ്രകൃതിയും ബുദ്ധിയും പറയുന്നതുപോലെ ദൈവം ഉണ്ടാ കാം അല്ലെങ്കിൽ ഉണ്ടായിരിക്കാം എന്നല്ല മതം പറയുന്നത്. മറിച്ച് മതം സുദൃഢ

മായും പറയുന്നു: നമുക്കൊരു ദൈവമുണ്ട്. അവൻ നമ്മുടെ സ്രഷ്ടാവും ഉടമസ്ഥനുമാണ്. അവൻ നമ്മെ ലക്ഷ്യബോധത്തോടും ആഗ്രഹപൂർണതയോടുംകൂടി ലോകത്തയച്ചിരിക്കുന്നു. വിവിധ മതഗ്രന്ഥങ്ങളുടെ അധ്യാപനങ്ങളിൽ വ്യത്യസ്തതകൾ എത്ര കണ്ടേക്കാമെങ്കിലും ഇക്കാര്യത്തിൽ അവ യോജിക്കുന്നു; ഈ ബ്രഹ്മാണ്ഡകടാഹത്തിന് ഒരു സ്രഷ്ടാവും ഉടമസ്ഥനുമുണ്ട്. അവന്റെ നിയന്ത്രണത്തിലാണ് നമ്മുടെ ജീവനിരിക്കുന്നത്. നമ്മുടെ ജീവിതത്തിന് അവൻ നിശ്ചയിച്ചിരിക്കുന്ന ലക്ഷ്യം കരസ്ഥമാക്കാനുള്ള മാർഗങ്ങളും അവൻതന്നെ നമുക്ക് പറഞ്ഞു തന്നിരിക്കുന്നു. കൂടാതെ മരണത്തോടെ മനുഷ്യജീവിതം അവസാനിക്കുന്നില്ലെന്നും അതിനുശേഷം മറ്റൊരു ജീവിതമുണ്ടെന്നും അവിടെ ഇഹലോക ജീവിതത്തിലെ കർമങ്ങൾക്കുള്ള ഫലം അവൻ പ്രാപിക്കുമെന്നും മറ്റും ആ മതഗ്രന്ഥങ്ങൾ പറയുന്നുണ്ട്. മതങ്ങളുടെ ഈ ഐകകണ്ഠ്യേനയുള്ള സാക്ഷ്യം നമ്മുടെ മുമ്പിൽ ദൈവാസ്തിക്യത്തെ സംബന്ധിച്ചുള്ള ചോദ്യം സമർപ്പിക്കുന്നത്, അതിന്റെ അന്വേഷണത്തിൽനിന്ന് ഒരു വിധത്തിലും പിന്തിരിയാനൊക്കാത്ത നിലയിലാണ്. ഒരു തീരുമാനത്തിലെത്തിച്ചേരുന്നതുവരെ ആ അന്വേഷണം തുടർന്നേ പറ്റൂ. കാരണം, ദൈവത്തെ സംബന്ധിച്ച് മതങ്ങൾ നമ്മുടെ മുമ്പിൽ സമർപ്പിക്കുന്ന കാര്യങ്ങൾ സത്യമാണെങ്കിൽ ആ ദൈവത്തിൽനിന്നു അശ്രദ്ധരായിരിക്കുകയെന്നത് നമുക്ക് ഈ ലോകത്തുണ്ടാകാൻ സാധ്യതയുള്ള എല്ലാ നഷ്ടത്തെക്കാളും വലുതായിരിക്കും. അതായത് ആ അശ്രദ്ധയുടെ അർഥം, നമ്മുടെ മുഴുവൻ ജീവിതവും നിഷ്ഫലമായിപ്പോയെന്നാണ്. ആ ദൈവത്തെ തിരിച്ചറിയുകയും അവനുമായി ബന്ധം സ്ഥാപിക്കുകയും ചെയ്യുക എന്നത് ഈ ലോകത്ത് കിട്ടാൻ സാധ്യതയുള്ള എല്ലാത്തിനെക്കാളും വലുതായിരിക്കും. കാരണം, ദൈവവുമായിട്ടുള്ള ആ ബന്ധത്തിന്റെ അർഥം, ഏതൊരു ലക്ഷ്യപ്രാപ്തിക്കായി നാം ഇവിടെ അയക്കപ്പെട്ടുവോ ആ ലക്ഷ്യത്തെ പ്രാപിക്കുക എന്നതാണ്. ചുരുക്കത്തിൽ, ദൈവത്തെപ്പറ്റിയുള്ള അന്വേഷണം വളരെ പ്രധാനപ്പെട്ട വിഷയമാണ്. നിമിഷാർധനേരത്തേക്കെങ്കിലും ഇതിനെ അവഗണിക്കാൻ ഒരു ബുദ്ധിമാനും സാധ്യമല്ല.

മതങ്ങളുടെ ഐകകണ്ഠ്യേനയുള്ള ഈ സാക്ഷ്യത്തിനുശേഷം ഇസ്ലാംമതാധ്യാപനങ്ങളെ സംബന്ധിച്ച് അല്പം ചില കാര്യങ്ങൾ പറയാൻ ഞാൻ ആഗ്രഹിക്കുന്നു. എന്റെ പ്രിയപ്പെട്ട സഹോദരൻമാരേ! നല്ലവണ്ണം ചെവിതുറന്നു കേട്ടുകൊള്ളുക. ഇസ്ലാം നിങ്ങളോടു പ

റയുന്നു: നിങ്ങൾക്കൊരു ദൈവമുണ്ട്. അവൻ നിങ്ങളുടെ സ്രഷ്ടാവും രാജാവുമാണ്. അതായത്, ഇല്ലാത്ത അവസ്ഥയിൽനിന്ന് അവൻ നിങ്ങളെ സൃഷ്ടിച്ചു. നിങ്ങളുടെ ജീവൻ എപ്പോഴും സ്ഥിതിചെയ്യുന്നത് അവന്റെ നിയന്ത്രണകരങ്ങളിലാണ്. ഇസ്‌ലാം നിങ്ങളോട് പറയുന്നു- നിങ്ങൾക്കൊരു ദൈവമുണ്ട്. അവൻ പരിപാലകനാണ്. അതായത് നിങ്ങളുടെ സകല പുരോഗതിക്കും നന്മയ്ക്കുമുള്ള സാധനസാമഗ്രികൾ സംഘടിപ്പിച്ച് നല്കി ഉന്നതമായ സ്ഥാനത്ത് പടിപടിയായി നിങ്ങളെയെത്തിക്കാൻ അവൻ ആഗ്രഹിക്കുന്നു. ഇസ്‌ലാം നിങ്ങളോട് പറയുന്നു-നിങ്ങൾക്കൊരു ദൈവമുണ്ട്. അവൻ പരമകാരുണികനാണ്. അതായത് നിങ്ങളുടെ യഥാർഥമായ ആവശ്യങ്ങളെ ഗൗനിച്ചുകൊണ്ട് അവൻ തന്നെ അതെല്ലാം സ്വരൂപിച്ച് നിങ്ങൾക്ക് നല്കുന്നു. നിങ്ങൾ അവനോട് ചോദിക്കാതെ നിങ്ങളുടെ ശ്രമമൊന്നും കൂടാതെ നിരുപാധികം വേണ്ടതെല്ലാം പൂർത്തീകരിച്ചു തരുന്നു. ഇസ്‌ലാം നിങ്ങളോട് പറയുന്നു-നിങ്ങൾക്കൊരു ദൈവമുണ്ട്. അവൻ കരുണാമയനാണ്. അതായത് അവൻ നിങ്ങളുടെ പരിശ്രമത്തിന് ഉൽക്കൃഷ്ടമായ ഫലം പ്രദാനം ചെയ്യുകയും ഒരു ശ്രമവും പാഴാക്കിക്കളയാതിരിക്കുകയും ചെയ്യുന്നു. ഇസ്‌ലാം നിങ്ങളോട് പറയുന്നു- നിങ്ങൾക്കൊരു ദൈവമുണ്ട്. അവൻ രക്ഷാശിക്ഷയുടെ നാളിന്റെ ഉടമസ്ഥനാണ്. അതായത് നിങ്ങളുടെ കർമങ്ങളിൽ രക്ഷയും ശിക്ഷയും ക്രമീകരിക്കുന്നു. മനുഷ്യൻ എപ്പോഴും ജാഗ്രതയിലായിരിക്കുന്നതിനും ദൈവം തനിക്കുവേണ്ടി നിശ്ചയിച്ചിട്ടുള്ള ലക്ഷ്യത്തെ അശ്രദ്ധകൊണ്ട് മറന്നുപോകാതിരിക്കുന്നതിനും വേണ്ടി നേരായ പാതയിൽ സഞ്ചരിക്കുന്നവന് നല്ലതിൽ നല്ലതായ ഫലം നൽകുന്നു, തെറ്റായ പാതയിൽ സഞ്ചരിക്കുമ്പോൾ അതിന്റെ തിക്തഫലം അനുഭവിപ്പിക്കുകയും ചെയ്യുന്നു. കാരണം, മരിച്ചുകഴിഞ്ഞാൽ ദൈവത്തിന്റെ മുമ്പിൽ ഒരുനാൾ അവന്ന് നില്ക്കേണ്ടിവരും. ഇസ്‌ലാം നിങ്ങളോട് പറയുന്നു-നിങ്ങൾക്കൊരു ദൈവമുണ്ട്. അവൻ വളരെയധികം പൊറുക്കുന്നവനാണ്. അതായത് നിങ്ങൾ ദൈവമാർഗത്തിൽ അത്യധ്വാനം ചെയ്യുമ്പോൾ ഉദ്ദേശ്യപൂർവമല്ലാത്ത വീഴ്ചകളും ബലഹീനതകളും നിങ്ങളിൽ നിന്നുണ്ടാകുന്നു. അങ്ങനെയുള്ള കാര്യങ്ങളിൽ അവൻ മറയിടുന്നു. നിങ്ങളുടെ പരിശ്രമങ്ങളെ പരിഗണിക്കുകയും ദൗർബല്യങ്ങളുടെ ദോഷഫലങ്ങളിൽനിന്ന് നിങ്ങളെ സംരക്ഷിക്കുകയും ചെയ്യുന്നു. ഇസ്‌ലാം നിങ്ങളോട് പറയുന്നു-നിങ്ങൾക്കൊരു ദൈവമുണ്ട്. അവൻ കൂടുതൽ പശ്ചാത്താപം സ്വീകരിക്കുന്നവനാണ്. അതായത് നിങ്ങളിൽ നിന്ന് എന്തെങ്കിലും പാ

പകർമം ഉണ്ടാകുകയും, അതിൽ നിങ്ങൾ ഹൃദയാത്മനാ ലജ്ജിക്കുകയും നിങ്ങളുടെ മനസ്സ് വ്യാകുലതയോടെ തെറ്റായ ആ വഴി ഉപേക്ഷിക്കുകയും നേരായ മാർഗം സ്വീകരിക്കുന്നതിന് തയ്യാറാവുകയും പാപത്തിന്റെ ആ സ്വാധീനത്തെ അകറ്റി സൽകർമങ്ങൾ ചെയ്യുമെന്ന് ശുഭാപ്തിവിശ്വാസത്തോടെ പ്രതിജ്ഞ ചെയ്യുകയും ചെയ്യുമ്പോൾ അല്ലാഹു നിങ്ങളുടെ സഹായത്തിനായി ഇറങ്ങിവരികയും നിങ്ങളുടെ പശ്ചാത്താപം സ്വീകരിച്ചുകൊണ്ട് നിങ്ങളിൽനിന്നുണ്ടായ പാപത്തിന്റെമേൽ തന്റെ പൊറുക്കലിന്റെ മറയിടുകയും ചെയ്യുന്നു. ഇസ്‌ലാം നിങ്ങളോട് പറയുന്നു- നിങ്ങൾക്കൊരു ദൈവമുണ്ട്. അവൻ സർവ്വശക്തനാണ്. അതായത് ശക്തിയെന്ന് വിളിക്കപ്പെടാവുന്ന ഒന്നുംതന്നെ അവന്റെ ശക്തിയ്ക്ക് വെളിയിലല്ല; നിങ്ങളുടെ ദൃഷ്ടിക്ക് അതെത്രമാത്രം ദുഷ്കരമായാലും. ഇസ്‌ലാം നിങ്ങളോട് പറയുന്നു- നിങ്ങൾക്കൊരു ദൈവമുണ്ട്. അവനെല്ലാം കേൾക്കുന്നവനാണ്. അതായത് അവനെ വിളിച്ച് പ്രാർഥിക്കുന്നവന്റെ പ്രാർഥന അവൻ കേൾക്കുന്നു. അവനോളമെത്താത്ത ഒരു ശബ്ദവും ഇല്ല. ഇസ്‌ലാം നിങ്ങളോട് പറയുന്നു- നിങ്ങൾക്കൊരു ദൈവമുണ്ട്. അവൻ സർവ്വം അറിയുന്നവനാണ്. അതായത് ഒരു കാര്യവും ഒരു വിചാരവും ഒരു വസ്തുവും അത് പ്രത്യക്ഷമോ അപ്രത്യക്ഷമോ ആവട്ടെ അവന്റെ അറിവിന് വെളിയിലല്ല. ഇസ്‌ലാം നിങ്ങളോട് പറയുന്നു- നിങ്ങൾക്കൊരു ദൈവമുണ്ട്. അവൻ സഹായിയാണ്. അതായത് നിങ്ങൾക്ക് അത്യന്തം അനിവാര്യമായ ഘട്ടങ്ങളിലും വിഷമവൃത്തങ്ങളിലും അവൻ നിങ്ങളെ സഹായിക്കുന്നു; നിങ്ങൾ അവനുമായി സത്യമായ ബന്ധം സ്ഥാപിക്കണമെന്നുമാത്രം. ഇസ്‌ലാം നിങ്ങളോട് പറയുന്നു- നിങ്ങൾക്കൊരു ദൈവമുണ്ട്. അവൻ ആദ്യന്തരഹിതനാണ്. അതായത് അവന് ആദ്യമില്ല. അന്ത്യവുമില്ല. കാലത്തിന്റെ സ്വാധീനം അവനെ സ്പർശിക്കുകയില്ല. ഇസ്‌ലാം നിങ്ങളോട് പറയുന്നു-നിങ്ങൾക്കൊരു ദൈവമുണ്ട്. അവൻ സൗന്ദര്യവാനാണ്. അതായത് എല്ലാവിധ സൗന്ദര്യത്തിന്റേയും ലാളിത്യത്തിന്റേയും സമ്മേളനകേന്ദ്രമാണ് അവൻ. മനുഷ്യന് തന്റെ സ്നേഹസൂനങ്ങൾ സമർപണം ചെയ്യാൻ സമർഹമായ തൃപ്പാദം അവന്റേതുമാത്രമാണ്. ഇസ്‌ലാം നിങ്ങളോട് പറയുന്നു-നിങ്ങൾക്കൊരു ദൈവമുണ്ട്. അവൻ അധികം സ്നേഹമുള്ളവനാണ്. അതായത് അവൻ തന്റെ ദാസന്മാരെ അങ്ങേയറ്റം സ്നേഹിക്കുന്നു. അവനുമായി സ്നേഹബന്ധം സ്ഥാപിക്കുന്നവരോട് മറ്റുള്ളവർ പരസ്പരം സ്നേഹിക്കുന്നതിനേക്കാളുമുപരി സ്നേഹവും കൂറും കാണിക്കുന്നു.

ഇസ്‌ലാം നിങ്ങളോട് പറയുന്നു-നിങ്ങൾക്കൊരു ദൈവമുണ്ട്. അവൻ സംസാരിക്കുന്നവനാണ്. അതായത് താനുമായി സൗഹൃദം ഊട്ടിഉറപ്പിക്കുന്നവരെ തന്റെ മധുരഭാഷണത്താൽ അവൻ അനുഗ്രഹിക്കുന്നു. അവൻ സൂക്ഷ്മനായതു നിമിത്തം മാംസദൃഷ്ടിക്ക് ഗോചരീഭവിക്കുകയില്ല. പക്ഷേ, അവനോടുള്ള സ്നേഹത്തിന്റെ അഗ്നി സ്വന്തം ഹൃദയത്തിൽ ജ്വലിപ്പിച്ചുവച്ചതാരാണോ, അവർക്കു സ്നേഹാഗ്നിയിൽ തപിച്ചു പോകാതിരിക്കാനായി അവർക്കുമേൽ അവൻ തന്റെ സ്നേഹോഷ്മളമായ സംഭാഷണങ്ങളുടെ ജലകണങ്ങൾ പൊഴിച്ചുകൊണ്ടിരിക്കുന്നു. വാഗ്ദത്ത മഹ്ദീമസീഹായ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ) തന്റെ ഒരു ഉർദു കവിതയിൽ എത്ര മനോഹരമായിട്ടാണ് ദൈവത്തെ നമ്മുടെ മുമ്പിൽ അവതരിപ്പിച്ചിട്ടുള്ളതെന്ന് നോക്കുക. അദ്ദേഹം പറയുന്നു:

میں تو مر کر خاک ہوتا گر نہ ہوتا تیرا لطف
پھر خدا جانے کہاں یہ پھینک دی جاتی غبار

*നിന്റെ ആനന്ദാനുഭൂതി ആസ്വദിക്കാതെ*
*ഞാൻ മരിച്ചു മണ്ണായാൽ*
*പിന്നെ ദൈവത്തിനേ അറിയൂ!*
*ഈ പൊടിമണ്ണ് എവിടേക്കാണ്*
*എടുത്തെറിയപ്പെടുന്നതെന്ന്.*

സ്നേഹിതന്മാരേ, ഇതാണ് നിങ്ങളുടെ മുമ്പിൽ ഇസ്‌ലാം സമർപിക്കുന്ന ദൈവം. ആ ദൈവത്തിൽ നിങ്ങൾ വിശ്വസിക്കണമെന്ന് ഞാനിപ്പോൾ പറയുന്നില്ല. എന്നാൽ, ഞാൻ നിശ്ചയമായും പറയും: ഇസ്‌ലാം പറയുന്നു നിങ്ങൾക്കൊരു ദൈവമുണ്ട്- അവന് ഇന്ന ഇന്ന സവിശേഷഗുണങ്ങളാണുള്ളത്. അന്വേഷണത്തിലൂടേയും അധ്വാനത്തിലൂടേയും അവന്റെ സമീപമെത്താൻ നിങ്ങൾക്കു കഴിയും. ഈ സ്ഥിതിയിൽ, ആ അന്വേഷണത്തേയും ഗവേഷണത്തേയും അസംബന്ധവും അനാവശ്യവുമായിക്കരുതി നിങ്ങൾ അവഗണിച്ചുകളയുമോ? അങ്ങനെ ചെയ്താൽ നിങ്ങളുടെ തലയിൽ ബുദ്ധി എന്നു പറയുന്ന മുത്ത് ഇല്ലെന്നും നിങ്ങളുടെ നെഞ്ചിലുള്ളത് ഹൃദയമല്ല മറിച്ച് കല്ലാണെന്നും സ്ഥാപിതമാവുകയല്ലേ ചെയ്യുന്നത്. സ്നേഹിതന്മാരേ! ഉണരുക. ആ ദൈവത്തെ അന്വേഷിക്കുക. എഴുന്നേല്ക്കുക. നിങ്ങളുടെ ജീവിതത്തിന്റെ

സ്രോതസ്സായ ആ പരിശുദ്ധിയിലേക്ക് ഓടുക. ഉത്സാഹിയാവുകയും ഭൂമിയിലും അതിലുള്ളതിനെക്കാളും അധികമായി നിങ്ങളെ സമ്പന്നരാക്കുന്ന ആ ഖജനാവിലേക്ക് നിങ്ങൾ കുതിക്കുകയും ചെയ്യുക. നിങ്ങൾ അവനെ പ്രാപിച്ചാൽ, നിങ്ങൾക്കെന്താണ് കിട്ടുന്നതെന്ന് ഞാനെങ്ങനെയാണ് നിങ്ങൾക്ക് പറഞ്ഞുതരേണ്ടത്. വാഗ്ദത്ത മഹ്ദീ മസീഹ് ഹദ്റത്ത് അഹ്മദ്(അ)ന്റെ ഈ വാക്കുകൾ നിങ്ങൾ ശ്രദ്ധിക്കുക:

تجھے سب زور و قدرت ہے خدایا
تجھے پایا ہر اِک مقصد کو پایا
ہر اک عاشق نے ہے اک بت بنایا
ہمارے دل میں یہ دلبر سمایا
وہی آرام جاں اور دل کو بھایا
وہی جس کو کہیں ربّ البرایا
ہوا ظاہر وہ مجھ پر بالایادی
فسبحان الذی اخزی الاعادی
مجھے اُس یار سے پیوندِ جاں ہے
وہی جنّت وہی دارالاماں ہے
بیاں اس کا کروں طاقت کہاں ہے
محبت کا تو اک دریا رواں ہے
یہ کیا احساں ترے ہیں میرے ہادی
فسبحان الذی اخزی الاعادی
تری رحمت کی کچھ قلت نہیں ہے
تہی اس سے کوئی ساعت نہیں ہے

شمارِ فضل اور رحمت نہیں ہے
مجھے اب شکر کی طاقت نہیں ہے
یہ کیا احساں ہیں تیرے میرے ہادی
فسبحان الذی اخزی الاعادی

*"ദൈവമേ, ശക്തിയും കഴിവുമെല്ലാം നിനക്കല്ലോ.*
*നിന്നെ പ്രാപിച്ചു. എന്നാൽ, ലക്ഷ്യങ്ങളൊക്കെയും പ്രാപിച്ചു.*
*ബിംബമൊന്നുണ്ടാക്കി അനുരുക്തരായുള്ളോർ*
*കുടിപാർത്തു എന്നുള്ളിൽ പ്രിയപ്പെട്ടവൻതാൻ*
*വയസ്സിനും മനസ്സിനും ശാന്തിയായുള്ളോൻ അവൻതന്നെ*
*സൃഷ്ടിനാഥനെന്ന് പറയപ്പെടുന്നോൻ അവൻ തന്നെ*
*എന്നിൽ പ്രത്യക്ഷീഭവിച്ചവൻ അവൻ തന്നെ.*
*എൻ ശത്രുവിനെ നിന്ദ്യതയിലാഴ്ത്തിയവൻ പരിശുദ്ധൻ.*

*ആ പ്രിയനോടെനിക്കുള്ള ബന്ധം അഭേദ്യമാണ്.*
*സ്വർഗവുമവൻ, ശാന്തിഗേഹവുമവൻ.*
*സ്നേഹമാം പുഴതന്നെയാണൊഴുകുന്നത്.*
*കെല്പെനിക്കില്ല, അവന്റെ ശക്തിപ്രഭാവം വിളമ്പാൻ.*
*എന്റെ മാർഗദർശിയായുള്ളോനേ*
*നിന്റെ സഹായോപകാരമെന്തെന്തെല്ലാമിത്.*
*എൻ ശത്രുവിനെ നിന്ദ്യതയിലാഴ്ത്തിയവൻ പരിശുദ്ധൻ.*

*നിന്റെ കാരുണ്യത്തിനൊട്ടും കുറവില്ല,*
*അതില്ലാത്ത നിമിഷാർധ ഭാഗവുമില്ല.*
*അനുഗ്രഹവും കാരുണ്യവും കണക്കറ്റതാണ്.*
*നന്ദിപ്രകടിപ്പിക്കാൻ കഴിവില്ലെനിക്ക്.*
*എന്റെ മാർഗദർശിയായുള്ളോനേ,*
*നിന്റെ ഔദാര്യമെത്രയെത്രയാണ്.*
*എന്റെ ശത്രുവിനെ നിന്ദ്യതയിലാഴ്ത്തിയവൻ പരിശുദ്ധൻ.*

ഇനി നിങ്ങൾ, ദൈവത്തെ കണ്ടെത്തുക എന്ന പരിശ്രമത്തിൽ പരാജയപ്പെട്ടുവെന്നിരിക്കട്ടെ. അപ്പോൾ, നിങ്ങൾക്കുണ്ടാകുന്ന ആ പരാജയം നിങ്ങളുടെ ജീവിതത്തിന് ഒരു ലക്ഷ്യബോധവുമില്ലാ എന്നതിന് വ്യക്തമായ തെളിവായിരിക്കും. കാരണം, യദൃച്ഛയാ ഉണ്ടാകുന്ന വസ്തുവിന് ഒരു ലക്ഷ്യവും ഉണ്ടായിരിക്കാവതല്ല. ആ പരിതഃസ്ഥിതിയിൽ എന്തായാലും ലക്ഷ്യമില്ലാതെ നിങ്ങൾ ജീവിക്കണമല്ലോ? അതുകൊണ്ട് നിങ്ങൾ നിങ്ങളുടെ ആ ലക്ഷ്യമില്ലാത്ത ജീവിതം, ലക്ഷ്യമുണ്ടോ എന്നന്വേഷിക്കുന്നതിൽ വ്യാപൃതരായി ചെലവഴിച്ചുവെന്ന് സമാധാനിച്ചാൽ മതി. അന്വേഷണത്തിനുശേഷം അഥവാ പരാജയപ്പെട്ടാൽ, നിങ്ങൾ നിങ്ങളുടെ ലക്ഷ്യമില്ലാത്ത ജീവിതത്തിൽ അലക്ഷ്യമായി സമ്പാദിക്കുന്ന വിജയത്തെക്കാളെല്ലാം ശ്രേഷ്ഠമായിരിക്കുകയില്ലേ ആ പരാജയം? എന്നാൽ, ഞാൻ പറയുന്നു. നിങ്ങളൊരിക്കലും പരാജിതരാവുകയില്ല. നിങ്ങൾ സദുദ്ദേശ്യത്തോടും സന്മനോഭാവത്തോടും ഉൽക്കടമായ ഉത്സാഹത്തോടും ഈ മൈതാനത്തേക്കിറങ്ങുകയാണെങ്കിൽ വിജയത്തിന്റെ കുളിർമയുള്ള ഇളംകാറ്റ് നിങ്ങളെ തഴുകിത്തലോടാൻ സന്നദ്ധമാവുന്നത് നിങ്ങൾ കാണുമാറാകും. വാഗ്ദത്ത മഹ്ദീ മസീഹ് ഹദ്റത്ത് അഹ്മദ്(അ)ന്റെ ഈ ഈരടികൾ കേട്ടിട്ടില്ലേ:

تجھے دنیا میں ہے کس نے پکارا
کہ پھر خالی گیا قسمت کا مارا
تو پھر ہے کس قدر اس کو سہارا
کہ جس کا تو ہی ہے سب سے پیارا

*ഈ ലോകത്ത് നിന്നെ വിളിച്ച ആരെങ്കിലും*
*വെറുംകൈയോടെ നിർഭാഗ്യനായി മടങ്ങിപ്പോയിട്ടുണ്ടോ?*
*അപ്പോൾ, ഏതിനേക്കാളും നിന്നെ സ്നേഹിക്കുന്ന ഒരാൾക്ക്*
*നീ എത്രമാത്രം തുണയായിരിക്കുകയില്ല.*

# ദൈവത്തെ അന്വേഷിക്കേണ്ട വഴി

ദൈവാന്വേഷണത്തിന്റെ വഴി എങ്ങനെയായിരിക്കണമെന്ന് ചുരുക്കി വിവരിക്കാനാണ് ഇനി ഞാൻ ആഗ്രഹിക്കുന്നത്. കാരണം ഒരു വസ്തുവിനെ സംബന്ധിച്ചുള്ള ഗവേഷണത്തിന്റെ ശരിയായ രീതി നമുക്ക് വശമില്ലാത്തിടത്തോളം അതിൽ വിജയം വരിക്കുക ദുഷ്കരമാണ്. തെറ്റായവഴി സ്വീകരിച്ചുകൊണ്ട് നാം നമ്മുടെ മുഴുവൻ അധ്വാനവും പാഴാക്കിക്കളയാനിടയുണ്ട്. ഒരാൾ വെള്ളത്തിനുവേണ്ടി കിണർ കുഴിക്കാൻ ആഗ്രഹിക്കുന്നു. അതനുസരിച്ച് വെള്ളമുള്ള പ്രത്യേക സ്ഥലം കണ്ടെത്തി അതിന്റേതായ കൃത്യതയോടുകൂടി കുഴികുത്തി താഴോട്ട് പോകാത്തിടത്തോളം വെള്ളം കാണുകയില്ല. അയാൾ കിണറിന്റെ ആകൃതിയിലല്ലാതെ ഭൂമിയ്ക്ക് സമാന്തരമായി 200 മൈൽ മണ്ണ് കിളച്ചിട്ട് പോയാലും വെള്ളം ഒരിക്കലും കാണുകയില്ല. കാരണം വെള്ളം കണ്ടെത്തുന്നതിന് അയാൾ സ്വീകരിച്ച മാർഗം ശരിയല്ലെന്നതുതന്നെ. ഈ നിലയിൽ, ഇത്രയും പരിശ്രമിച്ചിട്ടും കഠിനാധ്വാനം ചെയ്തിട്ടും തനി യ്ക്ക് വെള്ളം കിട്ടിയില്ല എന്ന് അയാൾ പരാതിപ്പെട്ടാൽ അയാളുടെ പരാതി അവഗണിക്കപ്പെടുന്നതായിരിക്കും. ഒരു ബുദ്ധിമാന്റെ പക്കലും അത് ശ്രവണാർഹമായിരിക്കുകയില്ല. ഇതിൽനിന്ന് വഴി ശരിയല്ലെങ്കിൽ പ്രയത്നം ഒരു പ്രയോജനവും ചെയ്യുകയില്ലെന്ന് മനസ്സിലാക്കാം. ലോകത്തുള്ള ഓരോ പ്രവർത്തിക്കും ഓരോ വഴി പ്രകൃതി നിശ്ചയിച്ചിട്ടുള്ളതായി  കാണാം. ആ വഴിയിലൂടെ പ്രവർത്തിക്കാതെ അക്കാര്യം ഒരിക്കലും നിവൃത്തിയാവുകയില്ല. ഇതുപോലെ ആത്മീയ കാര്യങ്ങളിലും ഓരോ ലക്ഷ്യം പ്രാപിക്കുന്നതിന് ഓരോ വഴി നിശ്ചയിച്ചിട്ടുണ്ട്. അത് സ്വീകരിക്കാതെ എത്രതന്നെ പ്രയത്നിച്ചാലും ആ ലക്ഷ്യം പ്രാപിക്കുവാൻ നമുക്ക് സാധിക്കുകയില്ല. ഈ വ്യവസ്ഥിതിയുടേയും നിയമത്തിന്റേയും നിലനില്പെല്ലാം നമ്മുടെ ഗുണത്തിനുവേണ്ടിയാണുള്ളത്. കാരണം, മനുഷ്യന്റെ ജ്ഞാനപരവും കർമപരവുമായ പുരോഗതി അതുകൂടാതെ ദുസ്സാധ്യമാണ്. ഇവിടെ നിയമവും വ്യവസ്ഥിതിയുമൊന്നും ഇല്ലാതിരിക്കുകയും പ്രത്യേക മാർഗത്തിലൂടെ പ്രയത്നിക്കാതെ സ്വന്തം ആഗ്രഹംകൊണ്ടുമാത്രം ഓരോരോ വസ്തുവിനെ കരസ്ഥമാക്കുകയും ചെയ്താലുള്ള അവസ്ഥ ഒന്ന് സങ്കല്പിച്ചു നോക്കുക. അങ്ങനെയായാൽ ലോകത്തിന്റെ അച്ചടക്കം എന്താ

യിരിക്കും? അറിവിന്റേയും അധ്വാനത്തിന്റേയും പരിശ്രമത്തിന്റേയും സ്ഥാനത്ത് അജ്ഞതയുടേയും അലസതയുടേയും അശ്രദ്ധയുടേയും അനാസ്ഥയുടേയും ഭരണം നടമാടുകയില്ലേ? അജ്ഞനും ജ്ഞാനിയും തമ്മിൽ പിന്നെന്ത് വ്യത്യാസം? അതുപോലെ അശ്രദ്ധനും ശ്രദ്ധാലുവും അലസനും അധ്വാനിയും ആരംഭശൂരനും അനുഭവജ്ഞനും ഒരുപോലെയാണെന്ന് വരില്ലേ? മനുഷ്യന്റെ ബുദ്ധിപരമായ പുരോഗതി പൂർണമായും വളർച്ച മുട്ടുകയില്ലേ? അവന്റെ ഉന്നതമായ ധാർമികഗുണത്തിന്റെ കെട്ടിടം പൊടുന്നനെ ഇടിഞ്ഞുപൊളിഞ്ഞ് നിലംപതിക്കുകയില്ലേ? നിങ്ങൾ ഇപ്പോൾ കാണുന്ന, ശാരീരികവും ഭൗതികവും ജ്ഞാനപരവും വ്യവഹാരികവും ധാർമികവും ആധ്യാത്മികവുമായ മനുഷ്യപുരോഗതികളെല്ലാം ഈ ലോകം വ്യവസ്ഥാപിതമായി ചലിക്കുന്നതിന്റെ ഫലമാണ്. ഓരോ ലക്ഷ്യപ്രാപ്തിക്കും ഓരോരോ മാർഗം പ്രകൃതി നിശ്ചയിച്ചിട്ടുണ്ട്. ആ മാർഗം സ്വീകരിക്കാതെ അത് പ്രാപ്യമാകുകയില്ല. ഈ വ്യവസ്ഥിതിയെ മാറ്റിനിറുത്തിയാൽ എല്ലാ പുരോഗതിയുടേയും കവാടം ക്ഷണത്തിൽ അടയുകയും മനുഷ്യബുദ്ധി ഒരിഞ്ചുമുന്നോട്ടുപോകാൻ നിവൃത്തിയില്ലാത്ത മട്ടിൽ നിശ്ചലമാവുകയും ചെയ്യും. പിന്നെ, ഉത്തമസൃഷ്ടിയെന്ന് പറയു ന്ന മനുഷ്യൻ നിമിഷംകൊണ്ട് ചെന്ന് പതിക്കുന്നത് തരംതാണ സൃഷ്ടികളുടെ കീഴെയായിരിക്കും. അതുകൊണ്ട് ഈ വ്യവസ്ഥിതിയെ നിങ്ങളുടെ വഴിയിൽ ഒരു വിലങ്ങുതടിയായി നിങ്ങൾ കാണരുത്. കാരണം അറിവിന്റേയും കർമത്തിന്റേയും ഉത്തുംഗശൃംഗംവരെ ചെന്നെത്താൻ പ്രപഞ്ചനായകൻ നിങ്ങൾക്കു നല്കിയിട്ടുള്ള ചിറകാണിത്. ഭാവിയിൽ നിങ്ങൾക്കുണ്ടാകാനിരിക്കുന്ന പുരോഗതിയുടെ വഴി കാണിക്കുന്നതിനുവേണ്ടി ദയാപരനായ ദൈവം ഉദിപ്പിച്ചുയർത്തിയിരിക്കുന്ന സന്മാർഗ സൂര്യനാണിത്. അറിവുള്ളവനെ അറിവില്ലാത്തവനിൽ നിന്നും, പ്രവർത്തിക്കുന്നവനെ പ്രവർത്തിക്കാത്തവനിൽ നിന്നും, അനുഭവജ്ഞാനമുള്ളവനെ അനുഭവജ്ഞാനമില്ലാത്തവനിൽനിന്നും, പരിശ്രമിക്കുന്നവനെ പരിശ്രമിക്കാത്തവനിൽനിന്നും വ്യത്യാസപ്പെടുത്തി നിറുത്തുന്നതിനുവേണ്ടി നിശ്ചയിക്കപ്പെട്ടിട്ടുള്ള പരീക്ഷയുമാണിത്.

# അന്വേഷണ രംഗത്ത്
# ഉദ്ദേശ്യശുദ്ധിയുടെ സ്വാധീനം

ഒരാൾ ഒരു പണി ചെയ്യുമ്പോൾ ഏതൊരു ഉദ്ദേശ്യത്തോടുകൂടിയാണോ അയാൾ ആ പണി ആരംഭിച്ചത് അത് അയാളുടെ ഭാവി പ്രവർത്തനത്തിന്റെ വഴിയിൽ വലിയ സ്വാധീനം ചെലുത്തുമെന്ന് ഒന്നാമതായി മനസ്സിലാക്കേണ്ടതുണ്ട്. ഒരു പണി ഒരു പ്രത്യേക ഉദ്ദേശ്യത്തോടെ ചെയ്യുമ്പോൾ അത് അതിന്റേതായ ഒരു നിറം ഉൾക്കൊള്ളുകയും അത നുസരിച്ചുള്ള സ്വാധീനം ചെലുത്തുകയും ചെയ്യുന്നു. ആ പണിതന്നെ മറ്റൊരു ഉദ്ദേശ്യത്തോടെ ചെയ്യുമ്പോൾ അത് മറ്റൊരു ഫലത്തെ പ്രകടമാക്കുകയും അതനുസരിച്ചുള്ള സ്വാധീനത്തെ ഉണ്ടാക്കുകയും ചെയ്യുന്നു. മനുഷ്യന്റെ ഓരോ പണിയിലും നിയ്യത്തിന് അഥവാ ഉദ്ദേശ്യശുദ്ധിയ്ക്ക് വലിയ പങ്കുണ്ട്. അതിന്റെ സ്വാധീനം അവന്റെ എല്ലാ പണിയിലും ഏതെങ്കിലും തരത്തിൽ പ്രകടമാകുക തന്നെ ചെയ്യുന്നു. ഈ സ്വാധീനം സാങ്കല്പികമോ ഭാവനാപരമോ അല്ല. അത് യഥാർഥവും സത്യവുമായിരിക്കും. ഉദാഹരണത്തിന്, ഒരാൾ തന്റെ മേലുദ്യോഗസ്ഥ നെ അയാൾ മേലുദ്യോഗസ്ഥനാണെന്ന കാരണത്താൽ മാത്രം അനുസരിക്കുന്നുവെന്ന് സങ്കല്പിക്കുക. അങ്ങനെ വരുമ്പോൾ അയാളുടെ ആജ്ഞ അനുസരിക്കുന്നതിൽ ആ മനുഷ്യന് വ്യക്തിപരമായ താൽപര്യമൊന്നുമുണ്ടാവില്ല. അയാളോട് പ്രത്യേക സ്നേഹവും തോന്നുക യില്ല. എന്നു മാത്രമല്ല ആ ഉദ്യോഗസ്ഥന്റെ യോഗ്യതയും പാണ്ഡിത്യവുമൊന്നും അയാളുടെ ഹൃദയത്തെ സ്വാധീനിക്കുകയുമില്ല. അത്തരം ഘട്ടത്തിൽ അയാളുടെ ആ അനുസരണം ഒരു വ്യവസ്ഥിതിയെ അനുസരിക്കൽ മാത്രമായിരിക്കും. അയാൾ തന്റെ കടമ നിറവേറ്റുന്നതിനുവേണ്ടി മാത്രം മേലുദ്യോഗസ്ഥന്റെ കല്പനകൾ അനുസരിക്കുകയാണ് ചെയ്യുന്നത്. അയാളുടെ പണികളിൽ ഉത്സാഹമോ ആവേശമോ താൽപര്യമോ ഒന്നും കാണുകയില്ല. എന്നാൽ ആ വ്യക്തിക്ക് തന്റെ ഉദ്യോഗസ്ഥനോട് സ്നേഹവും അദ്ദേഹത്തിന്റെ കഴിവിലും പാണ്ഡിത്യത്തിലും ബഹുമാനവും ആജ്ഞ അനുസരിക്കുന്നതിൽ താൽപര്യവും ഉണ്ടെങ്കിൽ അയാളുടെ അനുസരണം തികച്ചും മറ്റൊരു രൂപത്തിലായിരിക്കും. അയാളുടെ പണിയുടെ രീതിയും വേറൊ

ന്നായിരിക്കും. അയാളുടെ നടപ്പിലും ഇരിപ്പിലുമെല്ലാം സവിശേഷമായ ആവേശവും ഉത്സാഹവും വ്യക്തിപരമായ സ്നേഹബന്ധത്തിന്റെ നിറവും തെളിഞ്ഞു കാണും. ഇവിടെ രണ്ടു സ്വഭാവക്കാരുടേയും പണിയിൽ മാറ്റമില്ല. അതൊന്നാണ്. അതായത് അനുസരണം. പക്ഷേ, സമീപനം വ്യത്യസ്തമാണ്. സമീപനത്തിലെ വ്യത്യസ്തത കാരണം പ്രവർത്തന രീതി മാറുന്നു, ഫലം വ്യത്യസ്തമായി അനുഭവപ്പെടുകയും ചെയ്യുന്നു.

ഇപ്രകാരം തന്നെയാണ് ദൈവത്തെ സംബന്ധിച്ചുള്ള അന്വേഷണത്തിന്റെ കാര്യവും. ഒരു തത്ത്വചിന്തകൻ അന്വേഷണം നടത്തുന്നു. ദൈവപാതയിൽ പ്രയാണം ചെയ്യുന്നവനും അന്വേഷണം നടത്തുന്നു. രണ്ടുപേരുടേയും ആവശ്യം ദൈവത്തെക്കുറിച്ചറിയുക എന്നതാണ്. പക്ഷേ, അവരുടെ ഉദ്ദേശ്യത്തിൽ വലിയ അന്തരമുണ്ട്. ഈ രംഗത്ത് കാലുവയ്ക്കുന്ന തത്ത്വചിന്തകന്റെ ഉദ്ദേശ്യം തന്റെ ബുദ്ധിയുടെ സഹായത്താൽ പ്രപഞ്ചത്തിൽ ദൃഷ്ടി പതിപ്പിച്ച് ഈ ബ്രഹ്മാണ്ഡ കടാഹത്തിന് സ്രഷ്ടാവായിട്ടാരെങ്കിലും ഉണ്ടോ എന്നറിയുകയും അതിന്റെ ഫലം തന്റെ അറിവിന്റെ ഖജനാവിൽ നിക്ഷേപിക്കുകയും ചെയ്യുക എന്നതായിരിക്കും. അതോടെ അയാൾക്ക് എല്ലാം അവസാനിച്ചു. ദൈവമുണ്ടെങ്കിൽ അവന്റെ സവിശേഷ ഗുണങ്ങളെന്തൊക്കെയാണെന്നോ, മനുഷ്യനുമായിട്ടുള്ള അവന്റെ ബന്ധമെന്താണെന്നോ, മനുഷ്യന് അവനുമായിട്ട് എങ്ങനെയുള്ള ബന്ധമാണ് ഉണ്ടായിരിക്കേണ്ടതെന്നോ, അവനോളം എത്തിച്ചേരേണ്ടതിനുള്ള മാർഗമെന്താണെന്നോ അറിയേണ്ട ഉദ്ദേശ്യം അയാൾക്കില്ല. കാരണം തത്ത്വചിന്തകന്റെ ഉദ്ദേശ്യം ദൈവവുമായി ബന്ധം സ്ഥാപിക്കുകയല്ല. മറിച്ച് ഈ പ്രപഞ്ചത്തിന് ഒരു സ്രഷ്ടാവുണ്ടോ ഇല്ലയോ എന്നറിയുക മാത്രമാണ്. കണ്ടെത്തുന്ന ദൈവവുമായി ബന്ധം സ്ഥാപിക്കണമെന്ന ആഗ്രഹക്കാരനല്ല അയാൾ. ദൈവസാമീപ്യം കൊതിക്കുന്നവനല്ല. അവന്റെ സുഹൃത്ബന്ധത്തിന് താൽപര്യമുള്ളയാളല്ല. അവനോളം എത്തിച്ചേരണമെന്ന ഉത്സാഹമുള്ളവനല്ല. അവന്റെ തൃപ്തിയെന്താണന്നറിഞ്ഞ് പ്രവർത്തിക്കണമെന്നുള്ള വിചാരമുള്ളവനുമല്ല. അറിവ് സമ്പാദിക്കാനുള്ള ഒരു ഗവേഷണം മാത്രമാണ് അയാളെ നയിക്കുന്നത്. അത് പൂർത്തിയാക്കുകയെന്നത് മാത്രമാണ് അയാളുടെ ആഗ്രഹം. ഇതിന് വിപരീതമായിട്ടാണ് ദൈവമാർഗത്തിൽ സഞ്ചരിക്കുന്നവൻ നില്ക്കുന്നത്. അയാൾക്ക് ദൈവത്തെ പ്രാപിക്കണമെന്ന ഉദ്ദേശ്യമുണ്ട്. അവനുമായി ബന്ധം സ്ഥാപിക്കണമെന്നും അവന്റെ സാമീപ്യം ലഭ്യമാകണമെന്നും അവന്റെ സുഹൃത്തായിത്തീരണമെന്നും അയാൾ ആഗ്രഹിക്കുന്നു. അവന്റെ സന്നിധി പൂകാൻ

അയാൾക്ക് ആകാംക്ഷയുണ്ട്. അവന്റെ ഇഷ്ടം അറിഞ്ഞ് അതിൽ വ്യാപൃതനാകാൻ അയാൾ ആഗ്രഹിക്കുന്നുമുണ്ട്. അതുകൊണ്ട് യഥാർഥമായ വെമ്പലോടെ അയാൾ അവനെ അന്വേഷിക്കുന്നു. ഇവിടെ തത്ത്വചിന്തകന്റേയും, ദൈവമാർഗത്തിൽ സഞ്ചരിക്കുന്നവന്റേയും അന്വേഷണം ഒരേ രീതിയിലാണോ? അല്ല. ഒരിക്കലുമല്ല. അതുകൊണ്ടാണ് പറഞ്ഞത് മനുഷ്യൻ ഒന്നാമതായി തന്റെ നിയ്യത്ത് അഥവാ ഉദ്ദേശ്യം ശരിയാക്കണമെന്ന്. ഒരു തത്ത്വചിന്തകന്റെ നിലയിലല്ല. മറിച്ച് ദൈവമാർഗത്തിലെ ഒരു സഞ്ചാരിയുടെ നിലയിൽ ഈ രംഗത്ത് കാൽവയ്ക്കണം. സത്യാന്വേഷണത്തിന് അത്യന്താപേക്ഷിതമായ ഉത്സാഹവും വ്യഗ്രതയും സ്വമനസ്സിൽ ഉണ്ടാക്കിത്തീർക്കുകയും വേണം. നോക്കൂ. കുട്ടി സന്തോഷത്തിലും സമാധാനത്തിലുമായിരിക്കുമ്പോൾ അമ്മയുടെ മാറിടത്തിൽ പാല് അലതല്ലുകയില്ല. കുട്ടി വിശന്നുകരയുമ്പോഴാണ് അത് ഉറഞ്ഞു പൊന്തിവരുന്നത്. അപ്പോൾ അമ്മ തടുത്തു നിറുത്താൻ നോക്കിയാലും അത് നില്ക്കുകയില്ല. അങ്ങനെ കുട്ടിയുടെ ശരീരത്തിന് ആഹാരമായിത്തീരുന്നതിനും അതിനെ നാശത്തിൽനിന്ന് രക്ഷപ്പെടുത്തുന്നതിനുമായി ആ മുലപ്പാൽ ഒഴുകിയെത്തുന്നു. അതുപോലെ ദൈവവും തന്റെ മുഖം തത്ത്വചിന്തകന് വെളിപ്പെടുത്തുന്നില്ല. എന്നു മാത്രമല്ല അയാളിൽ നിന്നകലുകയും ചെയ്യുന്നു. കാരണം അവൻ തത്ത്വചിന്തകന്റെ കളിപ്പാട്ടമായിത്തീരാൻ ആഗ്രഹിക്കുന്നില്ല. എന്നാൽ, ദൈവപാതയിലൂടെ സഞ്ചരിക്കുന്നവന്റെയടുക്കൽ അവൻ നേരിട്ട് വരുന്നു. കാരണം അവൻ കരയുന്ന കുഞ്ഞിന്റെ അമ്മയെക്കാൾ അധികം സ്നേഹവാത്സല്യം ചൊരിയുന്ന ദൈവമാകുന്നു. സത്യസന്ധമായ നിലയിൽ അവനെ അന്വേഷിക്കുന്ന വ്യക്തി അന്ധകാരത്തിലകപ്പെട്ട് നാശമടയുന്നത് അവനിഷ്ടപ്പെടുന്നില്ല. തത്ത്വചിന്തകന്റേയും ദൈവപാതയിൽ സഞ്ചരിക്കുന്നവന്റേയും ഇപ്പോൾ പറഞ്ഞ അന്വേഷണം അത്ഭുതമുളവാക്കുന്ന കാഴ്ചതന്നെയാണ്. തത്ത്വചിന്തകനിൽനിന്ന് ദൈവം അകലുന്നു. എന്നാൽ, ദൈവപാതയിലൂടെ സഞ്ചരിക്കുന്നവന്റെയടുക്കലേക്ക് അവൻ സ്വയം ഓടിയണയുന്നു.

എന്റെ പ്രിയപ്പെട്ട സുഹൃത്തുക്കളേ, നിങ്ങൾ ദൈവത്തെ സംബന്ധിച്ചുള്ള അന്വേഷണത്തിന് മുതിരുമ്പോൾ ഒരിക്കലും തത്ത്വചിന്തകന്റെ മാർഗം സ്വീകരിക്കരുത്. അതിലൂടെ നിങ്ങൾക്ക് ദൈവത്തെ പ്രാപിക്കാനൊക്കുകയില്ല. ആ അന്വേഷണം നിരർഥമാവുകയും ചെയ്യും. കാരണം വെറും അറിവ് സമ്പാദിച്ച് ദൈവാസ്തിക്യം തിരിച്ചറിഞ്ഞിട്ട് മിണ്ടാതിരിക്കാനാണെങ്കിൽ ഈ ബുദ്ധിമുട്ടുകളിൽ അകപ്പെടേണ്ട

ആവശ്യമെന്താണ്? ദൈവം ഉണ്ടോ എന്നറിയുന്നതിനായി നാം നമ്മുടെ വിലപിടിച്ച സമയവും ശ്രദ്ധയും ശക്തിയും വെറുതെ ചെലവഴിച്ച!. അതോടെ ആ അധ്യായം അവസാനിക്കുകയും ചെയ്തു! ഇത്തരം അറിവ് നമുക്ക് അണുവോളം ഫലം ചെയ്യുകയില്ല. നഷ്ടമായിരിക്കും ഉണ്ടാക്കി വെക്കുക. കാരണം ദൈവത്തെ അറിഞ്ഞതിനുശേഷം അവനിൽ നിന്ന് മുഖം തിരിക്കുകയെന്നത് വൻകുറ്റമാണ്. അങ്ങനെ ചെയ്യുന്ന ആൾക്ക് തന്റെ മുഖം ഒരിക്കലും അവൻ വെളിപ്പെടുത്തുകയില്ല. മറിച്ച് അവന്റെ സാമീപ്യത്തിൽനിന്ന് ഫലമെടുക്കാനും അവനുമായി വ്യക്തിഗതബന്ധം സ്ഥാപിച്ച് ഉന്നതപുരോഗതിയുടെ കവാടങ്ങൾ തുറപ്പിക്കാനും വേണ്ടി ഉൽക്കടമായ ഉത്സാഹത്തോടെ നമ്മൾ അവനിലേക്കെത്തിച്ചേരാൻ ആഗ്രഹിക്കുന്നുവെന്ന് അവന് ബോധ്യപ്പെട്ടാൽ മാത്രമേ അവൻ നമുക്ക് വെളിപ്പെടുകയുള്ളൂ. മനുഷ്യജീവിതത്തിന്റെ ഉദ്ദേശ്യം അതാണ്. അതുകൊണ്ട് നിങ്ങളുടെ പരിശ്രമം പൂവണിയുന്നതിനും നിങ്ങളുടെ അധ്വാനം യഥാസ്ഥാനത്ത് എത്തിച്ചേരുന്നതിനും വേണ്ടി യഥാർത്ഥമായ ഉത്സാഹവും ഹൃദയാവേശവും ഉണ്ടാക്കിത്തീർക്കുക.

کوئی راہ نزدیک تر راہِ محبت سے نہیں
طے کریں اس راہ سے سالک ہزاروں دشتِ خار
اس کے پانے کا یہی اے دوستو اک راز ہے
کیمیا ہے جس سے ہاتھ آجائے گا زر بے شمار
تیر تاثیرِ محبت کا خطا جاتا نہیں
تیراندازو نہ ہونا سُست اس میں زینہار
ہے یہی اک آگ تا تم کو بچائے آگ سے
ہے یہی پانی کہ نکلیں جس سے صدہا آبشار
اس سے خود آکر ملے گا تم سے وہ یارِ ازل
اس سے تم عرفانِ حق سے پہنو گے پھولوں کے ہار

*സ്നേഹത്തിന്റെ വഴിയെക്കാളടുത്ത മറ്റൊരു വഴിയുമില്ല*
*മുള്ളുകൾ നിറഞ്ഞ ആ വഴി*
*ദൈവപാതയിലെ സഞ്ചാരി താണ്ടിക്കടക്കട്ടെ.*
*സ്നേഹിതരേ,*

*അവനെ പ്രാപിക്കാനുള്ള രഹസ്യമാംവഴി ഇതുതന്നെ.*
*ഇതൊരു രാസപ്രക്രിയയാണ്.*
*എണ്ണമറ്റ തങ്കക്കട്ടികൾ ഇതിലൂടെ കരസ്ഥമാകും.*

*സ്നേഹത്തിന്റെ അസ്ത്രം ലക്ഷ്യം പിഴക്കുകയില്ല.*
*അല്ലയോ അസ്ത്രം തൊടുക്കുന്നവരേ,*
*ഇതിലൊരിക്കലും അശ്രദ്ധരാവരുത്.*

*അഗ്നിയിൽനിന്ന് നിങ്ങളെ മോചിപ്പിക്കാനുള്ള*
*ഒരു തീക്കനലാകുന്നു ഇത്.*
*വെള്ളച്ചാട്ടങ്ങളുടെ ഉത്ഭവസ്ഥാനമാവേണ്ട ജലാശയവും ഇതുതന്നെ.*
*ഈ സ്നേഹത്താൽ*
*ആദികരനായ ആ ദൈവം സ്വയം വന്ന് നിങ്ങളിലേക്കണയും.*
*ഇതിലൂടെ നിങ്ങൾ ദൈവജ്ഞാനത്തിന്റെ പൂമാല അണിയുമാറാകും.*

ഒരു ഫാർസി കവിതയിൽ പറയുന്നു:

فلسفی کز عقل می جوید ترا دیوانہ ہست
دور تر ہست از خردہا آں رہِ پنہانِ تُو

*"ബുദ്ധി ഉപയോഗിച്ച് നിന്നെ കണ്ടെത്താനാഗ്രഹിക്കുന്ന*
*തത്ത്വചിന്തകൻ (ദൈവമേ!) ഭോഷൻ തന്നെയാണ്.*
*എന്തുകൊണ്ടെന്നാൽ നിഗൂഢമായിരിക്കുന്ന നിന്റെ രഥ്യകൾ*
*ബുദ്ധിയ്ക്ക് എത്തിപ്പെടാൻ സാധിക്കാത്തത്ര ദൂരത്താണുള്ളത്."*

# ദൈവവിശ്വാസത്തിന്റെ രണ്ടുനിലകൾ

ഒരുഭാഗത്ത് ദൈവാസ്തികൃത്തിന്റെ സവിശേഷഗുണങ്ങൾ ഗുപ്തമായി വർത്തിക്കുന്നു. അത് ആനന്ദമയവും സംഖ്യാതീതവുമായതിനാൽ മനുഷ്യന്റെ ബാഹ്യനേത്രങ്ങളുടെ പരിധിക്ക് പുറത്താണ്. മറുഭാഗത്ത് കുറഞ്ഞപക്ഷം ഭൗതികാനുഭവങ്ങളെപ്പറ്റിയുള്ള വിശ്വാസം പോലെ, ദൈവത്തെപ്പറ്റിയുള്ള വിശ്വാസം മനുഷ്യൻ ഉണ്ടാക്കാത്തിടത്തോളം സത്യവിശ്വാസം പരിപൂർണമാകുകയോ കൂടുതൽ ഫലം നല്കുകയോ ചെയ്യുകയില്ല. അതുകൊണ്ടാണ് മനുഷ്യൻ കഴിയുന്നിടത്തോളം ദൈവത്തിലേക്ക് അടുക്കണമെന്നും അതിനുശേഷം താൻ തന്നെ മനുഷ്യനിലേക്ക് ഇറങ്ങിവന്ന് അവനെ ഉയർത്തണമെന്നും തന്റെ യുക്തിഭദ്രമായ ശക്തിയാൽ ദൈവം നിശ്ചയിച്ചിട്ടുള്ളത്. വിശ്വാസത്തെ രണ്ടായി ദൈവം ഭാഗിച്ചിരിക്കുന്നു. മനുഷ്യന് തന്റെ ബുദ്ധികൊണ്ടെത്തുവാൻ സാധിക്കുന്നതാണ് ഒരു വിശ്വാസം. രണ്ടാമത്തെ വിശ്വാസം ബുദ്ധിക്കെത്തിപ്പെടാൻ സാധിക്കാത്തതാണ്. അഥവാ ആ സ്ഥാനത്തെത്തിച്ചേരാൻ ബുദ്ധിയെ സഹായിക്കാനായി ദൈവികസന്നിധിയിൽ നിന്ന് മറ്റു നടപടികൾ ഉണ്ടാകണം. എങ്കിൽമാത്രമേ ആ വിശ്വാസത്തെ പ്രാപിക്കാനാവൂ. വിശുദ്ധഖുർആൻ പറയുന്നു.

لَا تُدْرِكُهُ الْأَبْصَارُ ۖ وَهُوَ يُدْرِكُ
الْأَبْصَارَ ۖ وَهُوَ اللَّطِيفُ الْخَبِيرُ ﴿١٠٤﴾

*ദൈവത്തോളം എത്തുന്നതിനും അറിവും ജ്ഞാനവും കരസ്ഥമാക്കുന്നതിനും മനുഷ്യദൃഷ്ടികൾക്ക് കഴിവില്ല. അതുകൊണ്ട്, മനുഷ്യദൃഷ്ടികളിലേക്ക് സ്വയം എത്തുന്നതിനുള്ള ഏർപ്പാട് ദൈവം തന്നെ ചെയ്തിരിക്കുന്നു.(6:104)*

അതായത് മനുഷ്യന് ദൈവത്തെ സംബന്ധിച്ച അറിവും ജ്ഞാനവും കരസ്ഥമാക്കാനുള്ള സാഹചര്യം ദൈവംതന്നെ ഉണ്ടാക്കിയിരിക്കുന്നു. കാരണം ദൈവം സൂക്ഷ്മനായ കാരണത്താൽ മനുഷ്യന്റെ ഭൗതികദൃഷ്ടിക്ക് അപ്രാപ്യനാണെങ്കിലും അവൻ ഉള്ള കാര്യങ്ങൾ അതുപോലെ മനസ്സിലാക്കുന്നവനാണ്. തന്നെ തിരിച്ചറിയാതെ മനുഷ്യന്റെ ആത്മീയജീവിതം സാധ്യമല്ലെന്ന് അവന് നല്ലവണ്ണമറിയാം. അതുകൊണ്ട് സൂക്ഷ്മനും അദൃശ്യനുമായിട്ടും തന്നെക്കുറിച്ച് മനുഷ്യന്

ജ്ഞാനമുണ്ടാവണം എന്ന ഉദ്ദേശ്യത്തോടുകൂടി അതിനുവേണ്ടുന്ന എല്ലാ പദ്ധതിയും ദൈവംതന്നെ ക്രമപ്പെടുത്തുന്നു.

ദൈവം സൂക്ഷ്മനായതിനാൽ ബുദ്ധിയിലൂടെ അവനെ സംബന്ധിച്ച അറിവ് അസാധ്യമാണെന്ന് പ്രകടമാക്കുന്നതിനുവേണ്ടിയാണ് **'ലാ തുദ്‌രിക്കുഹുൽ അബ്സാറു'** ദൃഷ്ടികൾ അവനിലേക്ക് എത്തുകയില്ല എന്നതിന്റെ സാരാംശമായി ദൈവത്തിന്റെ **ലത്വീഫ്** അഥവാ സൂക്ഷ്മൻ എന്ന ഗുണനാമത്തെ നിർണയിച്ചിരിക്കുന്നത്. **'വ ഹുവ യുദ്‌രിക്കുൽ അബ്സാറ'** എന്നാൽ, അവൻ ദൃഷ്ടികളിലേക്കെത്തുന്നു. ഇതിന്റെ സാരാംശമായി ഉള്ളതെല്ലാം അതുപോലെ അറിയുന്നവൻ എന്നർഥം വരുന്ന **ഖബീർ** എന്ന ഗുണനാമവും നിർണയിച്ചു. അതായത് തന്നെ തിരിച്ചറിയുന്നതിനുള്ള പദ്ധതികളൊക്കെ ദൈവം താൻതന്നെ ഒരുക്കി. കാരണം **ഖബീർ** എന്ന ഗുണത്തിന്റെ നാഥനാണവൻ. ദൈവത്തിന്റെ ഇപ്പോൾ പറഞ്ഞ രണ്ടു സവിശേഷഗുണങ്ങളായ, ദൃഷ്ടികൾ അവനിലേക്കെത്തുകയില്ല എന്നതിന്റേയും എന്നാൽ, അവൻ ദൃഷ്ടികളിലേക്കെത്തുന്നു എന്നതിന്റേയും സ്വാഭാവിക ഫലമാണ് ഒടുവിൽപ്പറഞ്ഞ സവിശേഷഗുണങ്ങളായ **അല്ലത്വീഫും അൽഖബീറും.** അതിസൂക്ഷ്മനും സൂക്ഷ്മജ്ഞാനിയും.

ഒരു ഭാഗത്ത് മുകളിൽ വിവരിച്ച വിശുദ്ധഖുർആന്റെ പ്രസ്തുത അധ്യാപനമാണെങ്കിൽ മറുഭാഗത്ത് തുടരെത്തുടരെ അത് ജനങ്ങളെ ചിന്തിക്കുവാൻ പ്രേരിപ്പിച്ചുകൊണ്ടിരിക്കുന്നു. നിങ്ങൾ ഈ പ്രപഞ്ചത്തിലും ആകാശഭൂമികളിലും, ഇതര സൃഷ്ടികളിലും ചിന്തിച്ചും അന്വേഷണം നടത്തിയും നോക്കുക: യുക്തിഭദ്രമായ വ്യവസ്ഥിതിയോടു കൂടിയ ഈ ബ്രഹ്മാണ്ഡകടാഹം യദൃച്ഛയാ ഉണ്ടായതാണോ? ഒരിക്കലുമല്ല. ഇതിനൊരു സ്രഷ്ടാവ് ഉണ്ടായിരിക്കേണ്ടത് അനിവാര്യമാണെന്ന് ഈ ബ്രഹ്മാണ്ഡകടാഹം വിളംബരം ചെയ്തുകൊണ്ടിരിക്കുന്നു. ഇങ്ങനെ ദൈവാസ്തിക്യം എന്ന വിഷയത്തിൽ ചിന്തിക്കാനും സൃഷ്ടികളുടെ പഠനത്തിലൂടെ സ്രഷ്ടാവിന്റെ അസ്തിത്വത്തെ അന്വേഷിച്ചറിയാനും വിശുദ്ധഖുർആൻ ആഹ്വാനം ചെയ്യുന്നു. ഈ മാർഗദർശനരീതിക്ക് ബുദ്ധിമാത്രം മതിയായതാണ്. വാസ്തവത്തിൽ ദൈവത്തെ തിരിച്ചറിയൽ മനുഷ്യദൃഷ്ടിയുടെ ശക്തിക്കതീതമാണെന്നും അതുകൊണ്ട് ദൈവം താൻതന്നെ, തന്നെ സംബന്ധിച്ചുള്ള അറിവും ജ്ഞാനവും മനുഷ്യന് കരസ്ഥമാക്കാൻ സഹായകമായ ഏർപാടുകൾ ചെയ്യുന്നുവെന്നുമാണ് ഉപര്യുക്ത ഖുർആനിക വചനം നമ്മോടു പറയുന്നത്. ഈ

രണ്ടു കാര്യങ്ങൾക്കുമിടയിൽ ഒരുതരം വൈരുധ്യമുള്ളതായി പ്രത്യക്ഷത്തിൽ തോന്നാം. ചിന്തിച്ചുനോക്കിയാൽ ഇതൊരു വൈരുധ്യമല്ലെന്ന് മനസ്സിലാകും. രണ്ടു കാര്യങ്ങളും അതാതിന്റെ സ്ഥാനത്ത് ശരിതന്നെയാണ്. മനുഷ്യന് ബുദ്ധികൊണ്ട് ദൈവത്തിലേക്കുള്ള വഴി പ്രാപിക്കാനാകുമെന്നതും ശരിയാണ്. ദൈവം താൻതന്നെ അവന്റെ തിരുസന്നിധിയിൽനിന്ന് അടയാളങ്ങളും സഹായങ്ങളും മുഖേന ബുദ്ധിയെ സഹായിക്കാതെ അതിന് ദൈവത്തെക്കുറിച്ചുള്ള അറിവും ജ്ഞാനവും പ്രാപിക്കാൻ സാധ്യമാവുകയില്ല എന്നതും ശരിതന്നെയാണ്. ഇവിടെ ഉണ്ടാകുന്ന ചിന്താകുഴപ്പം നമുക്ക് ഇങ്ങനെ പരിഹരിക്കാം:

ദൈവവിശ്വാസം രണ്ടുനിലകളിൽ വിഭക്തമാണെന്ന് മുകളിൽ വിവരിച്ചത് ഓർക്കുമല്ലോ. ഒന്നാമത്തെ നില കേവലബുദ്ധിയുടെ സഹായത്താൽ പ്രാപിക്കാൻ സാധിക്കുന്നതാണ്. എന്നാൽ, രണ്ടാമത്തെ നില പ്രാപിക്കൽ *(വാസ്തവത്തിൽ മതപരമായ സാങ്കേതികാർഥത്തിൽ ഈ നിലയുടെ പേരാണ് ദൈവവിശ്വാസം)* കേവലബുദ്ധികൊണ്ട് സാധ്യമല്ല. ബുദ്ധിയെ സഹായിക്കാൻ ദൈവത്തിൽനിന്ന് പ്രത്യേക ഒരുക്കമുണ്ടായെങ്കിലേ അത് സാധ്യമാവുകയുള്ളു. ബുദ്ധികൊണ്ട് ലഭ്യമാകുന്ന വിശ്വാസത്തിന്റെ ആദ്യത്തെ നില, ബുദ്ധിപരമായ തെളിവുകൾകൊണ്ട് ഈ ബ്രഹ്മാണ്ഡകടാഹത്തിന് ഒരു സ്രഷ്ടാവോ ഉടമസ്ഥനോ 'ഉണ്ടായിരിക്കാം' എന്ന നിഗമനത്തിലെത്തിച്ചേരലാണ്. കാരണം ആകാശങ്ങളിലും ഭൂമിയിലും നാം ഏതൊന്ന് കാണുന്നുവോ അവയൊന്നും സ്രഷ്ടാവോ ഉടമസ്ഥനോ കൂടാതെ യദൃച്ഛയാ ഉണ്ടായതാകാൻ തരമില്ല. ഇതാണ് വിശ്വാസത്തിന്റെ ഒന്നാമത്തെ നിലയെങ്കിൽ, അതിന് യഥാർഥത്തിൽ സ്രഷ്ടാവും ഉടമസ്ഥനും 'ഉണ്ട്' എന്നും അവന് ഇന്ന ഇന്ന വിശേഷഗുണങ്ങളാണുള്ളതെന്നും, ഇന്ന രീതിയിൽ മനുഷ്യന് അവനോളമെത്തിച്ചേരാൻ സാധിക്കുമെന്നുമുള്ളതാണ് വിശ്വാസത്തിന്റെ രണ്ടാമത്തെ നില. അതായത് ദൈവം 'ഉണ്ടായിരിക്കാം' എന്നതാണ് ഒന്നാമത്തെ നിലയെങ്കിൽ, ദൈവം 'ഉണ്ട്' എന്നുള്ളതാണ് രണ്ടാമത്തെനില.

കേവലബുദ്ധിക്ക് നമ്മെ ദൈവം 'ഉണ്ട്' എന്ന നിലവരെ എത്തിക്കാൻ കഴിയുമോയെന്ന് നല്ലവണ്ണം ചിന്തിച്ചുനോക്കുക. അതിന്റെ ജോലി ദൈവം 'ഉണ്ടായിരിക്കാം' എന്ന നിലയിലുള്ള വിശ്വാസം നമ്മുടെ ഉള്ളിൽ ഉളവാക്കുക എന്നതുമാത്രമാകുന്നു. ചിന്തിച്ചുനോക്കിയാൽ ദൈവം 'ഉണ്ട്' എന്ന ദൃഢവിശ്വാസം നമ്മുടെ ഉള്ളിൽ ഉണ്ടാക്കാൻ

കേവലബുദ്ധിയ്ക്ക് കഴിയില്ലെങ്കിലും ദൃഢവിശ്വാസത്തിനായി നമ്മെ ഒരുക്കിനിറുത്തുവാൻ അതിന് സാധിക്കും. ദൈവത്തെ കാണിച്ചുതരാൻ അതിന്നാകുകയില്ലെങ്കിലും, ദൂരെനിന്ന് ദൈവത്തെ സംബന്ധിച്ച് സൂചന നല്കാൻ അതിന്നാവും. നമ്മെ ദൈവവുമായി ബന്ധിപ്പിക്കാൻ അത് അശക്തമാണെങ്കിലും, ദൈവവുമായി കൂടിക്കാഴ്ച നടത്താനുള്ള കവാടം തുറന്നുതരാൻ അത് ശക്തമാണ്. നമ്മെ തൃപ്തിപ്പെടുത്താൻ അതിനു സാധിക്കുകയില്ലെങ്കിലും അതിന്നാവശ്യമായ പ്രചോദനം നമ്മളിലുണ്ടാക്കാൻ അതിനു സാധിക്കും. ദൈവം 'ഉണ്ട്' എന്ന ദൃഢവിശ്വാസം നമ്മുടെ ഹൃദയത്തിൽ ഉണ്ടാക്കാൻ അതിനുകഴിവില്ലെങ്കിലും ദൈവം ഉണ്ടായിരിക്കാം എന്ന ഒരുസങ്കല്പം നിശ്ചയമായും അതിനുണ്ടാക്കാൻ കഴിയും. ഒന്നാമത്തെ നിലയുടെ അതിർത്തിപ്രദേശത്ത് നിന്ന് മുന്നോട്ടു കൊണ്ടുപോകുക എന്നത് കേവലബുദ്ധിയുടെ ജോലിയിൽപ്പെട്ടതല്ല. കാരണം ആ അതിർത്തി പ്രദേശത്തെത്തുമ്പോൾ ബുദ്ധിക്ക് മുന്നിൽ **'ദൃഷ്ടികൾ അവനിലേക്കെത്തുകയില്ല'** എന്ന ഇരുമ്പുവാതിൽ തടസ്സം സൃഷ്ടിക്കുന്നു. അവിടെ മാലാഖമാരുടെ കാവലുണ്ട്. ദൈവികസന്നിധിയിൽനിന്നുള്ള പ്രത്യേക അനുവാദമില്ലാതെ ബുദ്ധിക്ക് രണ്ടാമത്തെ നിലയിലേക്ക് കയറാൻ പറ്റുകയില്ല. അല്ലെങ്കിൽ ബുദ്ധിയുടെ പരിമിതമായ ദൃഷ്ടി ദൈവം 'ഉണ്ടായിരിക്കാം' എന്നിടംവരെയെത്തി അവിടെ അവസാനിക്കുമെന്ന് മനസ്സിലാക്കുക. പിന്നീട് അതിന് മുന്നോട്ടു പോകണമെങ്കിൽ ഒരു പ്രത്യേക ദർശന ശക്തി ദൈവത്തിൽനിന്ന് ലഭ്യമാകണം. അതുകഴിഞ്ഞാൽ വഴിയിൽ തടസ്സമായി വരുന്ന എല്ലാ മറകളും നിശ്ശേഷം നീങ്ങിപ്പോകുന്നു. അതായത്, അതുവരെ ക്ഷീണിച്ചു മടങ്ങിയിരുന്ന ദൃഷ്ടി ഇപ്പോൾ സ്രഷ്ടാവായ അസ്തിത്വത്തിന്റെ പ്രദീപ്തമായ മുഖത്തിനുനേരെ പതിക്കാൻ തുടങ്ങുന്നു. മനുഷ്യൻ പതുക്കെപ്പതുക്കെ അവനോട് അടുക്കുന്നു. കാഴ്ച കൂടുതൽ തെളിയുന്നു. അറിവും ജ്ഞാനവും പുരോഗമിക്കുന്നു. ഈ സാമീപ്യത്തിന് ഒരു പരിധിയില്ല. അറിവിനും ജ്ഞാനത്തിനും ഒരറ്റവുമില്ല. കാരണം ദൈവം അപരിമിതനാണ്. അവന്റെ ജ്ഞാനവും അപരിമിതമാണ്. ഇതുകൊണ്ടാണ്

اَنَا سَيِّدُ وُلدِ اٰدَمَ وَلَا فَخْرَ

*അന സയ്യിദു വുൽദി ആദമ വലാ ഫഖ്റ*

*ഞാൻ മനുഷ്യകുലത്തിനുമുഴുവൻ നേതാവാകുന്നു എന്നാൽ, ഇക്കാ*

*രണത്താൽ ഞാൻ അഹങ്കരിക്കുന്നില്ല* എന്ന് നബി(സ)തിരുമേനി തന്നെയും

دَنَا فَتَدَلّٰى ۙ﴿٨﴾ فَكَانَ قَابَ قَوْسَيْنِ اَوْ اَدْنٰى ۚ﴿٩﴾

*ദനാ ഫതദല്ല ഫകാന ഖാബ ഖൗസയ്നി ഔ അദ്നാ*

*നമ്മുടെ ഈ ദാസൻ നമ്മളിൽ അലിഞ്ഞുചേരുംവിധം നമ്മുടെ അടുത്തെത്തിയിരിക്കുന്നു* എന്നു അല്ലാഹുവും പറഞ്ഞ വ്യക്തിയുടെ മനസ്സിൽനിന്ന്

رَّبِّ زِدْنِيْ عِلْمًا

എന്റെ നാഥാ! എന്റെ അറിവ് വർധിപ്പിച്ചു തരേണമേ എന്ന പ്രാർഥന സാധാരണക്കാരന്റെ മനസ്സിൽ നിന്നെന്നതുപോലെ ലോകനായകനും പ്രവാചകശ്രേഷ്ഠനുമായ ഹദ്റത്ത് ഖാത്തമുർറുസുൽ(സ)തിരുമേനിയുടെ മനസ്സിൽനിന്നും പുറപ്പെട്ടത്.

എന്നാൽ, വ്യസനമെന്നു പറയട്ടെ! അധികമാളുകളും വിശ്വാസത്തിന്റെ ഒന്നാമത്തെ നിലയിൽ കയറിയാൽ, തങ്ങൾ നേടേണ്ടതെല്ലാം നേടിക്കഴിഞ്ഞുവെന്ന് ധരിക്കുന്നു. ജനങ്ങളിൽ ഭൂരിഭാഗവും ദൈവത്തെപ്പറ്റി മനസ്സിലാക്കുന്നുണ്ടെങ്കിലും ദൈവം 'ഉണ്ടായിരിക്കാം' എന്ന അനുമാനത്തിന്റെ അതിർത്തിപ്രദേശത്തിനപ്പുറം അവർ കടക്കുന്നില്ലെന്നതാണ് ഏറെ വ്യസനകരമായ മറ്റൊരു കാര്യം. ആ അതിർത്തിയിലെത്തിയിട്ട് ദൈവത്തെ പ്രാപിച്ചുകഴിഞ്ഞു എന്നവർ കരുതുന്നു. ദൈവം 'ഉണ്ടായിരിക്കാം' എന്ന അനുമാനം ദൈവം 'ഉണ്ട്' എന്ന ദൃഢവിശ്വാസത്തിന്റെ നിലയിലേക്കെത്താനുള്ള ഒരു സോപാനമാണെന്നതിൽ സംശയമൊന്നുമില്ല. ആത്മീയ നഭോമണ്ഡലത്തിൽ ആദ്യത്തെ ഉണർവ് ഈ നിലയിലെത്തുമ്പോഴാണ് മനുഷ്യന് കൈവരുന്നത്. എന്നാൽ, ഇവിടം വരെയെത്തി ചുവടുമുന്നോട്ടുവയ്ക്കാതെ അറച്ചുനിന്നാൽ, അതാണ് താൻ എത്തേണ്ടുന്ന അവസാനസ്ഥലമെന്ന് ധരിച്ചുപോയാൽ, ആ സ്ഥലംതന്നെ അവന് ഭയാനകവും നാശകാരിയുമായിത്തീരും. ചിലപ്പോൾ അതിന്റെ ഫലം മനുഷ്യൻ തന്റെ ചുവടു പിന്നോട്ടു വെച്ചുവെച്ച് എന്നെന്നേക്കുമായി നിരീശ്വരത്വത്തിന്റെ തമോഗർത്തത്തിൽ പതിക്കുക എന്നതായിരിക്കും. അങ്ങനെ ദൈവത്തെ തിരഞ്ഞ് തിരഞ്ഞ് അവസാനം ദൈവനിഷേധിയായിമാറും. കാരണം താൻ ഇത്രയേറെ പരിശ്രമിച്ചിട്ടും പ്രയത്നിച്ചിട്ടും ദൈവത്തെ കാണാൻ കഴിഞ്ഞില്ലെ

ന്നും, ദൈവം ഉണ്ടായിരിക്കാം എന്ന നിലയിലെത്തിച്ചേരാനേ സാധിച്ചുള്ളൂവെന്നും വരുമ്പോൾ മെല്ലെമെല്ലെ നിരാശ അവനെ ആവരണം ചെയ്യുകയും തന്റെ ബുദ്ധി തന്നെ വഞ്ചിക്കുകയായിരുന്നു എന്നു കരുതി അവൻ ദൈവവിരോധിയായി മാറുകയും ചെയ്യും. അതിങ്ങനെ ഉദാഹരിക്കാം:

ഒരു മുറി, ഉള്ളിൽനിന്ന് അടച്ചിരിക്കുന്നത് ഒരാൾ കാണുന്നു. അതിനുള്ളിൽ ആരെങ്കിലും തീർച്ചയായും ഉണ്ടാകും എന്നാണ് അപ്പോൾ അയാൾ ധരിക്കുക. അതല്ലാതെ ഉള്ളിൽനിന്ന് കതകടയാൻ തരമില്ലല്ലോ. അയാൾ കുറച്ചു സമയം അവിടെ നില്ക്കുന്നു. മുട്ടിവിളിക്കുന്നു. ഉച്ചത്തിൽ വിളിക്കുന്നു. ഇതൊക്കെയായിട്ടും കതകു തുറക്കുന്നില്ലെങ്കിൽ, മുറിക്കുള്ളിൽനിന്ന് അനക്കമൊന്നും കേൾക്കുന്നില്ലെങ്കിൽ, പതുക്കെപ്പതുക്കെ അയാൾ സംശയിക്കാൻ തുടങ്ങും; അബദ്ധവശാൽ കതകു ഉള്ളിൽനിന്ന് അടഞ്ഞുപോയതാകാം. അല്ലെങ്കിൽ കതകടച്ചയാൾക്ക് ഉള്ളിൽ അപകടം സംഭവിച്ചിരിക്കാം. ഇങ്ങനെയൊക്കെ ചിന്തിച്ച് അവസാനം നിരാശയ്ക്ക് വശംവദനായി മുറിക്കുള്ളിൽ ആരുമില്ലെന്ന വിശ്വാസത്തോടെ അയാൾ മടങ്ങിപ്പോകും.

ദൈവം 'ഉണ്ടായിരിക്കാം' എന്ന അനുമാനം, 'ഉണ്ട്' എന്ന ദൃഢവിശ്വാസത്തിലേക്ക് നയിക്കുന്നില്ലെങ്കിൽ അതിന്റെ അന്തിമഫലം നിരാശയും നിരീശ്വരത്വവുമല്ലാതെ മറ്റൊന്നുമായിരിക്കുകയില്ല. ധിഷണാശാലികൾ ആ സ്ഥലത്തെത്തി അറച്ചു നില്ക്കുമെങ്കിലും അവിടെത്ത ന്നെ അവർ നില്ക്കുകയില്ല. ഒന്നുകിൽ അവർ മുന്നോട്ട് പോകും, ഇല്ലെങ്കിൽ തെല്ലിട നിന്നതിനുശേഷം നിരാശരായി മടങ്ങിവരും. എന്നാൽ, അഹോ കഷ്ടം! കണ്ണുകളിൽ മറവീണ കാരണത്താൽ 'ഉണ്ടായിരിക്കാം' എന്ന നിലയിൽ കയറിയിട്ട് തങ്ങൾ ദൈവത്തിന്റയടുക്കലെത്തിയെന്നും നേടേണ്ടത് നേടിയെന്നും ധരിച്ച് തൃപ്തിയടയുന്ന ധാരാളമാളുകൾ ലോകത്തുണ്ട്, അവരാണ് ഭൂരിപക്ഷവും. അല്ലാഹുവിനെ സംബന്ധിച്ച് ഈ ബ്രഹ്മാണ്ഡകടാഹത്തിന് ഒരു സ്രഷ്ടാവ് 'ഉണ്ടായിരിക്കാം' എന്നുള്ളത്ര ജ്ഞാനം മതിയെന്ന് സ്വന്തം അശ്രദ്ധയും അജ്ഞതയുംകൊണ്ട് അവർ മനസ്സിലാക്കുന്നു. ഒരു സ്രഷ്ടാവ് ഉണ്ടാവേണ്ടതാണെങ്കിൽ, അവൻ ഉണ്ടോ ഇല്ലേ, ഉണ്ടെങ്കിൽ ആരാണ്, എവിടെയാണ്, അവന് എന്തെന്തെല്ലാം സവിശേഷതകളുണ്ട്, അവനുമായി എങ്ങനെയാണ് നാം ബന്ധപ്പെടുക, ആ ബന്ധം നമുക്കെങ്ങനെ തിരിച്ചറിയാൻ കഴിയും തുടങ്ങിയ കാര്യങ്ങളിലേക്ക് അവരുടെ ബുദ്ധി പൂർണഉണർവോടെ

അന്വേഷണം നടത്തുന്നില്ല. മുന്നോട്ടുള്ള യാത്രയെക്കുറിച്ച് അക്കൂട്ടർ ചിന്തിക്കുന്നില്ല. അവാസ്തവമെങ്കിലും ഒരു തൃപ്തി അവരെ മൂടുന്ന തിനാൽ അവർ പിന്നോട്ടും പോകുന്നില്ല. അങ്ങനെ ലക്ഷ്യസ്ഥാനം അതുതന്നെ എന്ന് കരുതിയിരിക്കുമ്പോൾ മരണം അവരെ പിടികൂടുന്നു. ഇക്കാലത്ത് ദൈവവിശ്വാസികളെന്ന് വീമ്പിളക്കുന്നവരിൽ മിക്കവരും ഇത്തരത്തിൽപ്പെട്ടവരാണ്. നിർഭാഗ്യനായ മനുഷ്യൻ! നീ ബുദ്ധിയുടെ തിരിതാണു കത്തുന്ന വിളക്കിന്റെ സഹായത്താൽ ഒരു പരിധിവരെ വഴി തരണം ചെയ്തു. ആത്മീയ സൂര്യന്റെ വിശാലമായ പ്രകാശത്തിൽ കടന്ന് ദൈവത്തിലേക്ക് അത്യുത്സാഹത്തോടെ ചുവടുവയ്ക്കേണ്ട ഘട്ടമെത്തിയപ്പോൾ അറച്ചുനിന്നു. നീ ദൂരെനിന്ന് തിരിച്ചറിഞ്ഞ നിന്റെ യജമാനൻ അടുത്തുവരികയും അവന്റെ പരിശുദ്ധമായ വിശേഷ ഗുണങ്ങൾ വാത്സല്യനിധിയായ അമ്മയുടെ മടിത്തട്ടുപോലെ നിന്നെയിരുത്തിപൊതിയുകയും ചെയ്യേണ്ട അവസരം വന്നപ്പോൾ 'ദൈവത്തെ പ്രാപിച്ചുകഴിഞ്ഞു' എന്ന വിചാരത്തോടെ ഒരു ഭാഗത്ത് മാറി ഇരിക്കുകയും അവിടെത്തന്നെ നിന്റെ ജീവിതം കഴിച്ചുകൂട്ടുകയും ചെയ്തു. ശാന്തിയുടെ യഥാർഥമായ സംതൃപ്തി വന്നല്ലാതെ ശമിക്കാത്ത വിശ്വാസത്തിന്റെ ദാഹം നിന്റെ അകത്തളത്തിൽ പ്രപഞ്ചനാഥൻ നിറച്ചുവെച്ചിരിക്കുന്നു. ദൈവത്തിൽനിന്ന് സാന്ത്വനത്തിന്റെ ജലകണങ്ങൾ പതിച്ചെങ്കിലല്ലാതെ അണയാത്ത ഊഷ്മള സ്നേഹത്തിന്റെ അഗ്നി നിന്റെ ഹൃത്തടത്തിൽ ജ്വലിപ്പിച്ചുവെച്ചിരിക്കുന്നു. എന്നിട്ടും നീ നിന്റെ ലക്ഷ്യം നേടാതെ, പിൻവാങ്ങുന്നതെങ്ങനെ? നീ വിശ്വാസവഞ്ചന ചെയ്യുന്നില്ലെങ്കിലും തീർച്ചയായും വഞ്ചിതനായിരിക്കുന്നു. ഓർക്കുക, ചില സന്ദർഭങ്ങളിൽ വഞ്ചിതനാകുന്നതും മനുഷ്യനെ കുറ്റവാളികളുടെ അണിയിൽ കൊണ്ടുച്ചെന്നു നിറുത്തുന്നതാണ്. ദൈവത്തെ ഭയപ്പെടുക. നടപ്പാതയിലിരുന്ന് സ്വന്തം നാശത്തിനും മറ്റുള്ളവരുടെ മാർഗഭ്രംശത്തിനും കാരണമാകാതിരിക്കുക.

## ദൈവാസ്തികൃത്തെ സംബന്ധിച്ച ബുദ്ധിപരമായ തെളിവുകൾ

ദൈവാസ്തിക്യത്തെപ്പറ്റി അറിവുതരുന്ന ബുദ്ധിപരമായ ചില തെളിവുകളാണ് ഇനി ഞാൻ വിവരിക്കാനാഗ്രഹിക്കുന്നത്. മുകളിൽ വിശദീകരിച്ചതുപോലെ ദൈവം ഉണ്ടായിരിക്കാം എന്ന നിലവരെ മാത്രമേ ഈ തെളിവുകൾ നമ്മെ കൊണ്ടുച്ചെല്ലുകയുള്ളൂ. അടുത്ത നിലയിൽ കയറുന്നതിന് വേറെ തെളിവുകൾ ആവശ്യമായി വരും. ദൈവേച്ഛയുണ്ടായാൽ അത് പിന്നീട് പ്രതിപാദിക്കാം. ബുദ്ധിപരമായ തെളിവുകളിലേക്ക് കടക്കുന്നതിനുമുമ്പേ സുരക്ഷയ്ക്കായി ഒരുകാര്യം പറഞ്ഞു കൊള്ളട്ടെ.

അത്യാവശ്യമില്ലെങ്കിലും ചില സന്ദർഭങ്ങളിൽ നാം ചില പ്രവൃത്തികൾ ചെയ്യാറുണ്ട്. ഒരു കരുതൽ നടപടിയെന്നോണമാണ് അങ്ങനെ ചെയ്യേണ്ടിവരുന്നത്. ഉദാഹരണത്തിന്, രാത്രി നേരത്ത് ഒരു കൊടുങ്കാട്ടിൽ നാം തമ്പടിക്കുന്നുവെന്ന് വിചാരിക്കുക. നാം തമ്പടിക്കുന്ന സ്ഥലത്ത് ഹിംസ്രജന്തുക്കളുടേയോ കൊള്ളക്കാരുടേയോ ശല്യമൊന്നുമില്ലെങ്കിലും ഒരു കരുതൽ നടപടിയെന്നോണം നാം കാവൽ ഏർപെടുത്തും. പ്രത്യക്ഷത്തിൽ അപകടമൊന്നും പ്രതീക്ഷിക്കുന്നില്ലെങ്കിലും എന്തെങ്കിലും സംഭവിച്ചാലോ എന്ന നിലയിലാണ് നാം ആ ഏർപാട് ചെയ്യുന്നത്. അഥവാ അപകടം ഒന്നുമുണ്ടായിട്ടില്ലെങ്കിലും കാവൽ ഏർപെടുത്തിയതുകൊണ്ട് നഷ്ടമൊന്നും വരികയില്ലല്ലോ. ഇനി അപകടമുണ്ടായാലോ കാവൽ നമുക്ക് വളരെ പ്രയോജനപ്പെടുകയും ചെയ്യും. അതുകൊണ്ടാണ് അങ്ങനെ ചെയ്യാൻ ബുദ്ധി നമ്മെ ഉപദേശിക്കുന്നത്. ഇത്തരം കരുതൽ നടപടി പ്രായോഗികവും പ്രയോജനപ്രദവുമാണെന്ന കാര്യത്തിൽ ലോകം ഒറ്റക്കെട്ടാണ്.

ഇതിന്റെ അടിസ്ഥാനത്തിൽ നാം ദൈവാസ്തിക്യ സിദ്ധാന്തത്തെ വീക്ഷിക്കുമ്പോൾ ദൈവത്തിൽ വിശ്വസിക്കുകയെന്നതാണ്, നിഷേധിക്കുന്നതിനേക്കാൾ എന്തുകൊണ്ടും കൂടുതൽ സമാധാനത്തിനും ഭദ്രതയ്ക്കുമുള്ള മാർഗമെന്ന് നമ്മുടെ ബുദ്ധി വിധി പറയുന്നതായി കാണാം. ഇനി ദൈവം ഇല്ലെങ്കിൽത്തന്നെ, ഈ പ്രപഞ്ചം യദൃച്ഛയായാണെങ്കിൽക്കൂടി ദൈവത്തിലുള്ള നമ്മുടെ വിശ്വാസം നമുക്ക് നഷ്ടമൊ

ന്നും വരുത്തുകയില്ല. അഥവാ ദൈവമുണ്ടെങ്കിൽ നമ്മുടെ ഈ വിശ്വാസം വളരേയധികം പ്രയോജനപ്രദവും ഫലദായകവും ആയിരിക്കുമെന്നതിൽ ഒരു സംശയവുമില്ല.

എന്തായാലും ഈ പ്രശ്നത്തിന് രണ്ടേരണ്ടു പരിഹാരമേയുള്ളൂ. ഒന്നുകിൽ ഈ പ്രപഞ്ചം സ്വയം ഉണ്ടായതാണെന്നും സ്വയം ചലിച്ചു കൊണ്ടിരിക്കുകയാണെന്നും ദൈവം എന്നത് വ്യർത്ഥമായൊരു സങ്കല്പമാണെന്നും കരുതുക. അല്ലെങ്കിൽ അതിന് ഒരു സ്രഷ്ടാവും ഉടമസ്ഥനുമുണ്ടെന്നും അവനാണ് അതിനെ സൃഷ്ടിച്ചിട്ടുള്ളതെന്നും അവൻ തന്നെയാണ് അതിനെ നിയന്ത്രിക്കുന്നതെന്നും വിശ്വസിക്കുക. ഇതല്ലാതെ മൂന്നാമതൊന്ന് നമ്മുടെ ബുദ്ധി അംഗീകരിക്കുകയില്ല. ദൈവം ഉണ്ടാകുകയും നാം ദൈവത്തെ നിഷേധിക്കുകയും ചെയ്താൽ നമുക്ക് ഗുരുതരമായ വിപത്തുണ്ടാകാൻ സാധ്യതയുണ്ട്. എന്നാൽ, ദൈവം ഇല്ലാതിരിക്കുകയും നാം അവനുണ്ടെന്ന് വിശ്വസിക്കുകയും ചെയ്താൽ നമുക്ക് ഒരു തരത്തിലുള്ള നഷ്ടകഷ്ടങ്ങളും അതുണ്ടാക്കുകയില്ല.

فَأَيُّ الْفَرِيقَيْنِ أَحَقُّ بِالْأَمْنِ ۖ إِن كُنتُمْ تَعْلَمُونَ

*നിങ്ങൾ ചിന്തിച്ചുനോക്കുക ഇവരിൽ രക്ഷയോട് ഏറ്റവും അടുത്തുനില്ക്കുന്നത് ആരാണ്? നിഷേധിക്കുന്നവരോ? വിശ്വാസികളോ?* (6:82)

അപ്പോൾ സുരക്ഷയുടെ പാത ദൈവത്തിൽ വിശ്വസിക്കുകയെന്നതു തന്നെയാണെന്ന് മനസ്സിലാകുന്നു. കാരണം, ഇതുകൊണ്ട് ഒരു നഷ്ടവുമുണ്ടാകാനില്ല. നിഷേധിക്കുന്നതുകൊണ്ട് കനത്ത നഷ്ടമുണ്ടാകാൻ സാധ്യതയുമുണ്ട്.

ദൈവാസ്തികൃത്തിനുള്ള തെളിവെന്താണെന്നു ഒരിക്കൽ ഇസ്ലാമിന്റെ നാലാം ഖലീഫ ഹദ്റത്ത് അലി(റ)യോട് ഒരാൾ ചോദിച്ചു. ചോദ്യകർത്താവ് നിഷ്കളങ്കനാണെന്ന് കണ്ട ഹസ്റത്ത് അലി(റ) പറഞ്ഞു: 'ദൈവം ഇല്ലെങ്കിൽ വിശ്വാസിയും അവിശ്വാസിയും സമമാണ്. ആർക്കും ഒരു നഷ്ടവും സംഭവിക്കാനില്ല. ദൈവമുണ്ടെങ്കിലോ നിഷേധിക്കുന്നവന് രക്ഷയുണ്ടാവില്ല എന്ന കാര്യം ഓർത്തുകൊള്ളുക.' ഈ മറുപടി ആ മനുഷ്യനെ തൃപ്തിപ്പെടുത്തി. പിന്നീടൊന്നും അയാൾക്ക് ചോദിക്കാനുണ്ടായില്ല. യഥാർത്ഥത്തിൽ ദൈവമില്ലെങ്കിൽ, വിശ്വസിക്കുന്നതുകൊണ്ട് നമുക്കെന്തു നഷ്ടംവരാനാണ്. ദൈവത്തിൽ വിശ്വസിക്കുന്നതുകൊണ്ട് ഏതു വസ്തുവാണ് നമുക്ക് ഉപേക്ഷിക്കേ

ണ്ടിവരുന്നത്? ദൈവവിശ്വാസം നിങ്ങളിൽനിന്ന് ഇല്ലായ്മ ചെയ്യിക്കുന്നത് വ്യഭിചാരം, കൊലപാതകം, മോഷണം, കവർച്ച, കളവ്, വഞ്ചന, ചതി തുടങ്ങിയ വലിയ വലിയ ക്രൂരകൃത്യങ്ങളാണ്. നിങ്ങളുടെ പ്രകൃതിയും നിങ്ങളുടെ ബുദ്ധിയും നിങ്ങളുടെ ഭരണകൂടവും നിങ്ങളിൽ നിന്ന് തുടച്ചുനീക്കാൻ ശ്രമിക്കുന്നതും ഈ കാര്യങ്ങൾ തന്നെ. അപ്പോൾ ദൈവത്തിൽ വിശ്വസിക്കുന്നതുകൊണ്ട് നിങ്ങൾക്ക് എന്തു നഷ്ടമാണുണ്ടായത്? അനുവദനീയമായ നിങ്ങളുടെ എന്തെങ്കിലും ആഗ്രഹം അനുവദനീയമായ മാർഗ്ഗത്തിൽ പൂർത്തീകരിക്കുന്നതിന് ദൈവവിശ്വാസം ഒരിക്കലും തടസ്സമാകുന്നില്ല. നിങ്ങൾക്ക് തിന്നുകയും കുടിക്കുകയും ഉറങ്ങുകയും ഉണരുകയും എഴുന്നേല്ക്കുകയും ഇരിക്കുകയും കളിക്കുകയും ചാടുകയും വായിക്കുകയും എഴുതുകയും പ്രവൃത്തിക്കുകയും സമ്പാദിക്കുകയും കൂട്ടുകൂടുകയും വിവാഹം കഴിക്കുകയും കുട്ടികളെ ഉൽപാദിപ്പിക്കുകയുമൊക്കെ ചെയ്യാം. ഈ പ്രവൃത്തികളിൽനിന്നൊന്നും ദൈവത്തിലുള്ള വിശ്വാസം നിങ്ങളെ തടയുന്നില്ല. നിങ്ങൾക്കും മറ്റുള്ളവർക്കും ഹാനികരവും നഷ്ടം വരുത്തുന്നതുമായ പ്രവൃത്തികളിൽനിന്നു മാത്രമാണ് അത് നിങ്ങളെ വിലക്കുന്നത്. നിങ്ങളുടെ പ്രകൃതിയും ബുദ്ധിയും സദാചാരമൂല്യങ്ങളും രാഷ്ട്രീയ നിയമങ്ങളും ചെയ്യരുതെന്ന് അനുശാസിക്കുന്ന കാര്യങ്ങളെത്തന്നെയാണ് അതും ചെയ്യാൻ പാടില്ലാ എന്ന് പറയുന്നത്. ദൈവത്തിൽ വിശ്വസിക്കുന്നതുകൊണ്ട് നിങ്ങൾക്കെന്ത് നഷ്ടം വരാനാണ്? ഇതിനുള്ള മറുപടി, തെളിവില്ലാതെ ദൈവത്തിൽ വിശ്വസിക്കേണ്ട ആവശ്യമെന്ത്? എന്ന മറുചോദ്യമാണെങ്കിൽ ഞാൻ പറയുന്നു: നിങ്ങൾ സുരക്ഷയ്ക്കായി പല പദ്ധതികളും ആവിഷ്ക്കരിക്കാറില്ലേ? അതിലൊന്നായി ഇതിനെയും മനസ്സിലാക്കുക. വിശ്വസിക്കുന്നതിൽ പ്രയോജനമേയുള്ളൂ. നഷ്ടമുണ്ടാകുമെന്നുള്ള ഒരു ശങ്കയുമില്ല. നിഷേധിക്കുന്നതുകൊണ്ട് നമുക്കൊന്നും കിട്ടാൻ പോകുന്നില്ല. നഷ്ടമുണ്ടാകുമെന്ന് ശങ്കയുണ്ട് താനും. ഇനി സമാധാനസ്ഥിതിയോടും സുരക്ഷയോടും ഏറ്റവും അടുത്ത മാർഗമേതാണെന്ന് നിങ്ങൾ ചിന്തിച്ചുനോക്കുക. ദൈവാസ്തികൃത്തിനുള്ള തെളിവുകളൊന്നും ലഭിക്കാത്തതുകൊണ്ടുമാത്രമാണ് ദൈവനിഷേധികൾ ദൈവത്തെ നിരാകരിക്കുന്നതെന്ന കാര്യം വ്യക്തമാണ്. അല്ലാതെ ദൈവം ഇല്ലെന്നതിന് എന്തെങ്കിലും തെളിവ് അവരുടെ പക്കലുള്ളതുകൊണ്ടല്ല. അതുകൊണ്ട് ഈ രീതിയിൽ സുരക്ഷാപരമായ വശത്തെ മുന്നിൽവച്ചുകൊണ്ട് ഓരോ ബുദ്ധിമാന്റേയും ബുദ്ധി ദൈവത്തിൽ വിശ്വസിക്കുക എന്നതുതന്നെയാണ് രക്ഷയോട് ഏറ്റവും അടുത്ത

മാർഗമെന്ന് വിധി നല്കും. പറഞ്ഞുവന്നതിന്റെ സംഗ്രഹമിതാണ്. ദൈവം എന്നൊന്നില്ലെങ്കിൽ എല്ലാവരും സമമാണ്. ഇല്ലാത്ത ഒന്നിൽ വിശ്വസിച്ചുപോയി എന്ന കാരണത്താൽ നമുക്കൊന്നും നഷ്ടപ്പെടാനില്ല. അഥവാ ദൈവമുണ്ടെങ്കിൽ വിശ്വാസികൾക്ക് അതുകൊണ്ട് മഹത്തായ ഫലമുണ്ട്. നിഷേധികൾ, സ്വയം തങ്ങളുടെ പര്യവസാനത്തെക്കുറിച്ച് ചിന്തിച്ചുകൊള്ളട്ടെ.

യഥാർഥത്തിലധിഷ്ഠിതമല്ലാത്തതും കേവലം സുരക്ഷാപരമായ രീതിയിലുള്ളതുമായ വിശ്വാസം എന്തുഫലം ചെയ്യാനാണെന്ന് ആരെങ്കിലും സംശയിക്കുന്നുവെങ്കിൽ അതിനുള്ള മറുപടി ഇതാണ്: ആ വിശ്വാസം ശരിക്കുള്ള വിശ്വാസമല്ലെന്നത് നേരുതന്നെ. പക്ഷേ, ഇല്ലാ എന്നുള്ള വിശ്വാസത്തെക്കാൾ ഉത്തമമാണ് ഉണ്ടെന്നുള്ള ആ വിശ്വാസം. ഇത്തരത്തിലുള്ള വിശ്വാസം നിമിത്തം കുറഞ്ഞ പക്ഷം അത്തരക്കാർക്ക് അല്ലാഹുവിലേക്ക് ശ്രദ്ധയുണ്ടാകും. ഈ ശ്രദ്ധ അയാൾക്ക് യഥാർഥ വിശ്വാസം പ്രാപിക്കുന്നതിന് ഒരു ചവിട്ടുപടിയായി പ്രയോജനപ്പെടും. ഇതിനു പുറമെ ചിലപ്പോഴൊക്കെ സൽക്കർമം ചെയ്യാനും ഈ വിശ്വാസം പ്രേരണയായിത്തീരും. ഈ വിശ്വാസം അങ്ങേയറ്റം ദുർബലമാണെങ്കിലും ഇല്ലെന്നുള്ള വിശ്വാസത്തെക്കാൾ പ്രയോജനപ്രദം തന്നെയാണ്. നാം മുകളിൽ വിവരിച്ചതുപോലെ സുരക്ഷാപരമായ ഈ തെളിവിന്റെ ഫലമായും അത്തരം വിശ്വാസമുണ്ടാകാം. അതിൽനിന്ന് മാറിനില്ക്കാൻ നമുക്ക് കാരണമൊന്നും കാണുന്നില്ല.

## പ്രകൃതിദത്തമായ ദൃഷ്ടാന്തം

ഇനി ഞാൻ യഥാർഥത്തിൽ നിങ്ങൾ ആഗ്രഹിക്കുന്ന തെളിവുകൾ വിശദീകരിക്കാനാഗ്രഹിക്കുന്നു. ദൈവസ്തികൃത്തെ സംബന്ധിച്ച് ഒന്നാമതായി ഞാൻ സമർപിക്കാനുദ്ദേശിക്കുന്ന തെളിവ് നൈസർഗികമായ അഥവാ പ്രകൃതിദത്തമായ തെളിവു തന്നെയാണ്. ദൈവാന്വേഷണത്തിന്റെ ആവശ്യകത എന്ന വിഷയം ചർച്ച ചെയ്ത അവസരത്തിൽ, ഈ ബ്രഹ്മാണ്ഡകടാഹത്തിന് ഒരു സ്രഷ്ടാവോ ഉടമസ്ഥനോ ഉണ്ടായിരിക്കേണ്ടതല്ലേ എന്ന ചോദ്യം നമ്മുടെ പ്രകൃതിതന്നെ നമ്മോട് ചോദിച്ചുകൊണ്ടിരിക്കുന്നതുകൊണ്ട്, അത് അവഗണിക്കാൻ സാധ്യമല്ലെന്ന് ഞാൻ പറഞ്ഞിരുന്നു. ഇവിടെ ഞാൻ ഒരു കാര്യം പറയാനാഗ്രഹിക്കുന്നു. മനുഷ്യപ്രകൃതി ഈ ചോദ്യം ചോദിച്ചിട്ട് അടങ്ങിയിരിക്കുന്നില്ല. അത് ചോദ്യത്തോടൊപ്പംതന്നെ മറുപടിയും നല്കുന്നു. പ്രകൃതിയുടെ ശബ്ദം മനസ്സിലാക്കാൻ കഴിവുള്ളവർ അത് കേൾക്കുന്നു.

എന്താണ് പ്രകൃതികൊണ്ടുള്ള ഉദ്ദേശ്യം? ഈ ചോദ്യത്തിനുള്ള മറുപടി നല്ലവണ്ണം മനസ്സിലാക്കിയിരിക്കേണ്ടതുണ്ട്. കാരണം **ഫിത്വ്റത്ത്** അഥവാ പ്രകൃതി എന്നുപറയുന്നത് എന്തിനെയാണെന്ന് അറിയാത്തിടത്തോളം ഫിത്വ്റത്തിന്റെ ശബ്ദം എന്താണെന്ന് മനസ്സിലാക്കാൻ പ്രയാസമായിരിക്കും. **ഫിത്വ്റത്ത്** ഒരു അറബി പദമാണ്. അത് **ഫത്വ്റ്** എന്ന പദത്തിൽനിന്ന് നിഷ്പന്നമാണ്.

**ഫുലാനുൻ ഫത്വറൽഅംറ അയ് ഇഗ്ത്തറഅഹൂ**
**വ ഇബ്തദഅഹൂ വ അൻശഅഹൂ**

അതായത് ഇന്ന വ്യക്തി ഇന്ന കാര്യം ഫത്വറ ചെയ്തു എന്നു പറഞ്ഞാൽ അതിന്റെ ഉദ്ദേശ്യം മുമ്പേ ഇല്ലാതിരുന്ന ഒരു സംഗതി അയാളുണ്ടാക്കുകയും അതിന് ആരംഭം കുറിക്കുകയും അതിനെ ഇല്ലാത്ത അവസ്ഥയിൽനിന്ന് ഉണ്ട് എന്ന അവസ്ഥയിൽ കൊണ്ടുവന്ന് ജീവിത ഭൂമിയിൽ വളരുവാൻ അർഹമാക്കിത്തീർക്കുകയും ചെയ്തു എന്നാണ്. ഇതിന്റെ അടിസ്ഥാനത്തിലാണ് നിഘണ്ടു കർത്താക്കൾ **ഫിത്വ്റത്ത്** എന്നതിന്റെ അർഥം

**അസ്സ്വിഫ്തുല്ലത്തീ യത്തസ്വിഫുബിഹാ കുല്ലു മൗലൂദിൻ**
**ഫീ അവ്വലി സമാനി ഘൽഖത്തിഹീ**

എന്നെഴുതിയിരിക്കുന്നത്. അതായത് ഓരോ കുട്ടിയിലും സൃഷ്ടിപ്പിന്റെ പ്രാരംഭ സമയത്ത് നിക്ഷേപിക്കപ്പെടുന്നതായ ഗുണവിശേഷങ്ങളുടെ പേരാണ് **ഫിത്വ്റത്ത്** അഥവാ പ്രകൃതി.

ഈ നിർവചനമനുസരിച്ച് മനുഷ്യപ്രകൃതി എന്നതുകൊണ്ടുള്ള ഉദ്ദേശ്യം പുറമെനിന്നുള്ള സ്വാധീന ഫലമായുണ്ടാകാത്ത ഗുണവിശേഷങ്ങളും പ്രത്യേകതകളുമാണ്. അതായത്, മനുഷ്യൻ തന്റെ വളർച്ചയുടെ കവാടം തുറക്കുന്നതിനുവേണ്ടി ജന്മനാ അവനിൽ നിക്ഷിപ്തമായിട്ടുള്ളതും പ്രകൃത്യാ അവന്റെ ഉള്ളിൽ നാട്ടപ്പെട്ടിട്ടുള്ളതുമാണത്. ഓരോ വസ്തുവും ചില പ്രത്യേകതകൾ ഉൾക്കൊള്ളുന്നുണ്ടെന്നത് പ്രകടമാണല്ലോ. അതാണ് അതിന്റെ പ്രകൃതിബോധം എന്നുപറയുന്നത്. ആ പ്രത്യേകതകളുടെ സമുച്ചയമാണ് ഫിത്വ്റത്ത്. ഈ പ്രത്യേകതകളും ഗുണവിശേഷങ്ങളും ഭൗതിക സ്വാധീനങ്ങൾക്കടിയിൽപ്പെട്ട് ഒന്നുകിൽ അമർന്നുപോകുകയോ അല്ലെങ്കിൽ തിളക്കമുള്ളതായിത്തീരുകയോ ചെയ്യുന്നു. ഇതിനെ അവലംബമാക്കിയാണ് ഏതൊന്നിന്റേയും അഭ്യുന്നതിയും അധഃപതനവും നിലകൊള്ളുന്നത്. ഏതൊരാൾക്കും തന്റെ പ്രകൃതിയിലുള്ള പ്രത്യേകതകൾ ഏതു പാതയിലൂടെയാണ് സഞ്ച

രിക്കുന്നതെന്ന് ചിന്തിച്ചു മനസ്സിലാക്കാൻ കഴിയും. ഉദാഹരണമായി ഋജുവായ സംസാരംതന്നെ, അതു മനുഷ്യന്റെ പ്രകൃതിയിലുള്ള ഒരു വികാരമാണ്. അതായത് സംഭവത്തെ അതേ രീതിയിൽ പറയുകയെന്നത് മനുഷ്യന്റെ ജന്മനാലുള്ള പ്രത്യേകതയാണ്. ഓരോ കുട്ടിയും തുടക്കത്തിൽ ഈ പ്രകൃതിയനുസരിച്ചാണ് പെരുമാറുന്നത്. എന്നാൽ, ചിലപ്പോൾ താനിഷ്ടപ്പെടുന്ന പ്രവൃത്തി മാതാപിതാക്കൾ വെറുക്കുന്നതായി അവൻ കാണുന്നു. അവന്റെ മനസ്സിൽ ആ പ്രവൃത്തി ചെയ്യാനുള്ള വാഞ്ച ശക്തമാണ്. എന്നാൽ, മാതാപിതാക്കളെ ഭയന്ന് അവൻ അത് മറച്ചുവെയ്ക്കാനാഗ്രഹിക്കുന്നു. അവന്റെ പ്രകൃതിയിൽ വീഴുന്ന ആദ്യത്തെ മറയാണിത്. പിന്നീട് ആ പ്രവൃത്തി തുടരാൻ മെല്ലെമെല്ലെ അവൻ സന്നദ്ധനാകും. പക്ഷേ, മാതാപിതാക്കളിൽനിന്ന് അതു മറച്ചുപിടിക്കുന്നുവെന്ന് മാത്രമല്ല അതിനെക്കുറിച്ചു ചോദിക്കുമ്പോൾ പ്രകൃതിവിരുദ്ധമായ കാര്യങ്ങൾ പറയുകയും ചെയ്യുന്നു. ഇങ്ങനെ, ഓരോ കാര്യത്തിലും സത്യമായത് പറയുക എന്ന അവന്റെ പ്രകൃതി അന്ധകാരാവൃതമായ മറയുടെ താഴെ അമരുന്നു. എത്രത്തോളമെന്നാൽ, സ്വന്തം പ്രകൃതി അവൻ പൂർണമായും മറന്നുപോകുന്നു. അത്തരം സന്ദർഭത്തിലാണ് ഇന്നയാളുടെ ഫിത്വ്റത്ത് അഥവാ പ്രകൃതി മരിച്ചുവെന്ന് പറയുന്നത്. വാസ്തവത്തിൽ പ്രകൃതി ഒരിക്കലും മരിക്കുകയില്ല. ഭൗതികസ്വാധീനങ്ങൾക്കടിയിലമർന്ന് വിസ്മൃതമായിത്തീരുകയാണ് ചെയ്യുന്നത്. ജന്മനാലുള്ള മറ്റു വികാരങ്ങളുടെ അവസ്ഥയും ഇതുതന്നെയാണ്. ഉദാഹരണം സ്നേഹം, വെറുപ്പ്, സൗമ്യത, കോപം, ക്ഷമാശീലം, പ്രതികാരം, ധീരത, ഭയം, ചാരിത്ര്യം, കാമം, വളരാനുള്ള ആഗ്രഹം, നാശത്തോടുള്ള വെറുപ്പ് തുടങ്ങിയവ. ഇതേ രീതിയിലുള്ള മറ്റു വികാരങ്ങളും മനുഷ്യന്റെ പ്രകൃതിയിൽ നിക്ഷേപിക്കപ്പെട്ടിട്ടുണ്ട്. പക്ഷേ, ഭൗതിക സ്വാധീനം അവയെ അമർത്തുകയോ പ്രകാശിപ്പിക്കുകയോ ചെയ്തുകൊണ്ടേയിരിക്കുന്നു. അതായത് ചിലപ്പോൾ ഈ പ്രത്യേകതകൾ കണക്കിലധികമാകും. ചിലപ്പോൾ അതു കുറയും. ചിലപ്പോൾ മധ്യമനിലയിൽ സ്ഥിതിചെയ്യും.

ഈ പരിതഃസ്ഥിതിയിൽ പ്രകൃതിയുടെ ശബ്ദം വളരെയധികം സൂക്ഷ്മവും പ്രയാസമുള്ളതുമായ ഒരു പ്രശ്നമാണ്. പ്രകൃതി വികാരങ്ങൾ മധ്യാവസ്ഥയിലല്ലാത്തവൻ സ്വയം തന്റെ പ്രകൃതിയെ സംബന്ധിച്ച് പലപ്പോഴും വഞ്ചിതനാകാറുണ്ട്. പക്ഷേ, ഇതൊക്കെയാണെങ്കിലും പ്രകൃതി ഒരു പരമാർത്ഥമാണെന്നതിൽ സംശയമൊന്നുമില്ല. അതിനെ നിഷേധിക്കാനും ആർക്കും സാധ്യമല്ല. ഓരോ പ്രകൃതിദത്തമായ ശീല

ത്തിനും ഒരു തേട്ടമുണ്ട്. അതിനെ അതിന്റെ ശബ്ദം എന്ന് പറയുന്നു. ഉദാഹരണത്തിന് ഋജുവായ സംസാരംതന്നെ. അതൊരു നൈസർഗ്ഗികമായ ശീലമാണ്. വസ്തുതകൾ വിവരിക്കേണ്ടതായി വരുമ്പോൾ സത്യംസത്യംപോലെ വിവരിക്കുകയെന്നത് ആ ശീലത്തിന്റെ തേട്ടമാണ്. അധികമായിട്ടോ വിരുദ്ധമായിട്ടോ പറയാതിരിക്കുക. പ്രകൃതിയുടെ ഈ തേട്ടത്തെ അതിന്റെ ശബ്ദം എന്ന് പറയും. പ്രകൃതിദത്തമായ ഈ ശബ്ദത്തെ സജീവമാക്കി നിലനിറുത്താൻ വിശുദ്ധ ഖുർആനിൽ അല്ലാഹു ആജ്ഞാപിക്കുന്നു.

فَأَقِمْ وَجْهَكَ لِلدِّينِ حَنِيفًا ۚ فِطْرَتَ اللَّهِ الَّتِي فَطَرَ النَّاسَ عَلَيْهَا ۚ

*ഹേ, മനുഷ്യാ! അല്ലാഹു നിന്നെ ഏതൊരു പ്രകൃതിയോടുകൂടി സൃഷ്ടിച്ചിരിക്കുന്നുവോ അതേ പ്രകൃതിയിൽ നിലനില്ക്കാൻ അമിതത്വമോ അതിമിതത്വമോ കൂടാതെ നീ നിന്റെ ശ്രദ്ധയെ മധ്യമനിലയിൽ നിറുത്തുക.* (30:31)

ഇനി ഓരോരുത്തരും അവരവരുടെ പ്രകൃതി ദൈവാസ്തികൃത്തെ സംബന്ധിച്ച് എന്തെങ്കിലും ശബ്ദം പുറപ്പെടുവിച്ചുകൊണ്ടിരിക്കുന്നുണ്ടോ എന്ന് നോക്കട്ടെ. തന്റെ സാന്നിധ്യം കേവലം യദൃച്ഛയാ ഉണ്ടായതാണോ അതല്ല ഏതെങ്കിലും അത്യുന്നത ശക്തി സൃഷ്ടിച്ചതാണോ എന്ന് മനുഷ്യൻ സ്വയം തന്നോടുതന്നെ ചോദിക്കുമ്പോൾ അതിനുള്ള മറുപടിയിൽ- അവൻ ബുദ്ധിപരമായ തെളിവുകൾവെച്ച് ചിന്തിച്ചതിന്റേയും ആലോചിച്ചതിന്റേയും ഫലമായിട്ടെടുത്ത വല്ല തീരുമാനവുമല്ലാതെ-എന്തെങ്കിലും നൈസർഗികമായ ശബ്ദം കേൾക്കുന്നുണ്ടോ എന്ന് ആത്മപരിശോധന നടത്തട്ടെ. വിശുദ്ധ ഖുർആൻ പറയുന്നു.

وَإِذْ أَخَذَ رَبُّكَ مِنْ بَنِي آدَمَ مِنْ ظُهُورِهِمْ
ذُرِّيَّتَهُمْ وَأَشْهَدَهُمْ عَلَىٰ أَنْفُسِهِمْ أَلَسْتُ بِرَبِّكُمْ ۖ
قَالُوا بَلَىٰ ۛ شَهِدْنَا ۛ أَنْ تَقُولُوا يَوْمَ الْقِيَامَةِ إِنَّا كُنَّا
عَنْ هَٰذَا غَافِلِينَ ﴿١٧٢﴾

*അതായത്, ദൈവം മനുഷ്യകുലത്തിന്റെ പരമ്പര ആരംഭിച്ചപ്പോൾ അവരുടെ ആത്മാക്കളിൽ അവരെത്തന്നെ സാക്ഷി നിറുത്തിക്കൊണ്ട് അവരോട് ചോദിച്ചു: ഞാൻ നിങ്ങളുടെ നാഥനല്ലയോ? അവർ മറുപടി*

*പറഞ്ഞു: അതേ, നീ ഞങ്ങളുടെ നാഥനാണ്. 'ഞങ്ങൾക്ക് ദൈവത്തെ സംബന്ധിച്ച് അറിവേ ഉണ്ടായിരുന്നില്ല' എന്ന് പുനരുത്ഥാന നാളിൽ നിങ്ങൾ പറയാതിരിക്കാൻ വേണ്ടിയാണ് അല്ലാഹു ഇങ്ങനെ ചെയ്തത്. (7:173)*

അല്ലാഹു മനുഷ്യരെ സൃഷ്ടിച്ചപ്പോൾ മറ്റുള്ള പ്രത്യേകതകളും ഗുണവിശേഷങ്ങളും അവനിൽ നിക്ഷേപിച്ചതുപോലെ അവന്റെ പ്രകൃതിയിൽ 'നിങ്ങൾക്കൊരു സ്രഷ്ടാവും ഉടമസ്ഥനുമുണ്ടെന്നും അവനിൽനിന്ന് വിട്ടുനിൽക്കരുതെന്നുമുള്ള കാര്യവും വച്ചിരിക്കുന്നു' എന്നതാണ് ഈ പരിശുദ്ധ വചനത്തിന്റെ ഉദ്ദേശ്യം. പുനരുഥാന നാളിൽ ആർക്കും, 'ഞങ്ങൾ അറിഞ്ഞിരുന്നില്ല. അറിഞ്ഞിരുന്നെങ്കിൽ വിശ്വസിക്കുമായിരുന്നു' എന്ന ഒഴികഴിവ് പറയാൻ അവസരം നല്കാതിരിക്കാൻ വേണ്ടിയാണ് അല്ലാഹു ഇങ്ങനെ ചെയ്തത്. നൈസർഗികമായ ഇതരപ്രത്യേകതകൾപോലെ തന്നെ, നമ്മൾ സ്വയം ഉണ്ടായതല്ല മറിച്ച് ഒരു സർവസമർഥന്റെ അത്ഭുതകരമായ സൃഷ്ടിപ്പിലൂടെ ലോകത്തു വന്നതാണെന്നുള്ളതും ഒരു നൈസർഗികഗുണമാണ്. ബാഹ്യസമ്മർദങ്ങൾക്ക് വിധേയരായി വിസ്മൃതമായിക്കഴിഞ്ഞിട്ടില്ലാത്ത ഓരോരുത്തരുടേയും പ്രകൃതി, തങ്ങളുടെ ഉള്ളിൽ 'തനിക്കൊരു സ്രഷ്ടാവുണ്ട്' എന്ന ശബ്ദം ഉയർന്നുവരുന്നതായി മിക്കപ്പോഴും അനുഭവിക്കുന്നുണ്ടെന്നുള്ളത് തീർച്ചയാണ്. ഇവരിൽ മാത്രമല്ല, എന്തെങ്കിലും കാരണത്താൽ തങ്ങളുടെ പ്രകൃതിയെ അന്ധകാരത്തിന്റേയും അശ്രദ്ധയുടേയും മറയ്ക്കുള്ളിൽ കുഴിച്ചിട്ടിട്ടുള്ളവരിൽപോലും ഉറങ്ങിക്കിടക്കുന്ന പ്രകൃതി പെട്ടെന്നുണർന്ന് അവരുടെ ചെവിയിൽ ഇതേ ശബ്ദം മന്ത്രിക്കുന്ന ചില സന്ദർഭങ്ങളും വന്നെത്താറുണ്ട്. കഠിനതരവും പെട്ടെന്നുണ്ടാകുന്നതുമായ ആപൽഘട്ടത്തിൽ റാം റാം എന്നോ അല്ലാഹ് അല്ലാഹ് എന്നോ ഒരു നിരീശ്വരവാദിപോലും വിളിക്കാൻ തുടങ്ങുന്നു. ഇതയാളുടെ ശീലംകൊണ്ട് പറഞ്ഞുപോകുന്നതാണെന്ന് ആർക്ക് വേണമെങ്കിലും പറയാം. എന്നാൽ, ശീലം ഉണ്ടാകുന്നത് പരിതഃസ്ഥിതികളുടെ ഫലമായിട്ടാണെന്ന കാര്യം ഓർക്കുക. ഒരാൾ വർഷങ്ങളായി ദൈവനിഷേധത്തിൽ ഉറച്ചു നില്ക്കുന്നു. എന്നു മാത്രമല്ല ദൈവവിശ്വാസികൾക്കെതിരെ പ്രസംഗത്തിലൂടേയും ലേഖനങ്ങളിലൂടേയും തന്റെ വിഷം നിരന്തരം ചീറ്റിക്കൊണ്ടിരിക്കുന്നു. അയാൾ ദൈവത്തെ വിളിക്കുന്നത് ശീലിച്ചുപോയതിന്റെ ഫലമാണെന്ന് എങ്ങനെയാണ് പറയുക? ദൈവത്തെ ചീത്തപറയലും അധിക്ഷേപിക്കലുമാണ് അയാളുടെ ശീലം. സഹായത്തിനായി ദൈവത്തെ വിളിക്കലല്ല. വർഷങ്ങളായി നിരീശ്വര വാദത്തിൽ അടിയു

റച്ചു നില്ക്കുന്ന ഒരാളുടെ വായിൽനിന്ന് ആപൽഘട്ടത്തിൽ പെട്ടെന്ന് റാം റാം എന്നോ അല്ലാഹ് അല്ലാഹ് എന്നോ ഉള്ള വാക്കുകൾ പുറപ്പെടുകയെന്നത് അയാളുടെ പ്രകൃതിയുടെ ശബ്ദമല്ലാതെ മറ്റൊന്നുമായിരിക്കാൻ തരമില്ല. ആപൽഘട്ടം യഥാർഥത്തിൽ ഒരു ഭൂകമ്പത്തിന്റെ നിറം ഉൾക്കൊള്ളുന്നതാണ്. ഭൂകമ്പം ഭൂമിക്കടിയിൽ അമർന്നുകിടക്കുന്ന വസ്തുക്കളെ ചിലപ്പോൾ ശക്തമായി പുറത്തേയ്ക്കെടുത്ത് എറിയാറുണ്ട്. ഇതേ പ്രകാരം പെട്ടെന്നുണ്ടാകുന്ന ആപത്തും, മനുഷ്യന്റെ അമർന്നുപോയ പ്രകൃതിയെ അതിന്റെ ശവകുടീരത്തിൽ നിന്ന് പുറത്തെടുത്ത് കാണിക്കുന്നു. അങ്ങനെയാണ് ആയിരക്കണക്കിന് മറയ്ക്ക് പിന്നിൽ മറഞ്ഞുപോയതുകൊണ്ട് കേൾക്കാതിരുന്ന പ്രകൃതിയുടെ ആ ശബ്ദം പുറത്തുചാടി നമ്മുടെ മുമ്പിൽ പ്രത്യക്ഷപ്പെടുന്നത്.

ഇതേപോലെ വാർധക്യം പ്രാപിക്കുമ്പോൾ അവന്റെ പ്രകൃതിയുടെ ശബ്ദം കൂടുതൽ വ്യക്തമായി മുഴങ്ങിത്തുടങ്ങുന്നു. യുവത്വത്തിൽ എണ്ണമറ്റ അശ്രദ്ധകൾ അവനെ വലയം ചെയ്തിരുന്നതിനാലാണ് ഇതു അവ്യക്തമായിരുന്നത്. മാത്രമല്ല, അധികമായ നിലയിൽ ഭൗതിക കാര്യങ്ങളിൽ മുഴുകേണ്ടിയും വന്നു. വികാരത്തിന്റെ ആവേശത്തള്ളലിൽ പലപ്പോഴും മധ്യാവസ്ഥ മറികടന്നു പോകുമെന്നത് നിസ്തർക്കമാണ്. എന്നാൽ, വാർധക്യം പ്രാപിക്കുമ്പോൾ ഈ ആവേശവും ഉത്സാഹവും തണുക്കുന്നു. അശ്രദ്ധകൾ അകലുന്നു. മുമ്പത്തെ അപേക്ഷിച്ച് ഭൗതിക ഇടപാടുകളിൽനിന്ന് ഒഴിവ് കിട്ടുന്നു. ഇങ്ങനെ പ്രകൃതിയ്ക്ക് തന്റെ ശബ്ദം വീണ്ടും കേൾപ്പിക്കാനുള്ള അവസരം കൈവരുന്നു. നിരീശ്വരവാദികളിൽ അധികവും ചെറുപ്പക്കാരെയാണ് നിങ്ങൾക്ക് കാണാൻ കഴിയുക. യുവത്വം അസ്തമിക്കാറാകുമ്പോൾ അവരുടെ ധാരണകളിൽ മിക്കപ്പോഴും മാറ്റമുണ്ടാകാറുണ്ട്. വാർധക്യത്തിലെത്തിയിട്ട് പല നിരീശ്വരവാദികളും ദൈവവിശ്വാസികളായി മാറുന്നത് നമുക്ക് കാണാം. അവരുടെ പ്രകൃതിയുടെ ശബ്ദം അവർ കേട്ടുകൊണ്ടേയിരിക്കുന്നുവെന്നതാണ് അതിനുകാരണം. അത് നിഷേധത്തിൽനിന്ന് പിന്മാറാൻ അവരെ നിർബന്ധിക്കുന്നു. ഒറ്റപ്പെട്ട സംഭവങ്ങളല്ല ഞാൻ പറയുന്നത്. ഞാൻ പറഞ്ഞത് പൊതുവെയുള്ള നിയമമാണ്. വാർധക്യത്തിലും ഒരാളുടെ പ്രകൃതി അമർന്നുകിടക്കുകയാണെങ്കിൽ അയാൾ നിരീശ്വരവിശ്വാസത്തിൽത്തന്നെ ഉറച്ചുനില്ക്കുമെന്നതിൽ സംശയമൊന്നുമില്ല. പക്ഷേ, ഇത്തരം അശ്രദ്ധ അധികവും യുവത്വത്തിലാണ് നേരിടുന്നത്. അതുകൊണ്ട് ചെറുപ്പക്കാർ അധികവും നിരീശ്വരത്വത്തിന്നിരയായിത്തീരുന്നു.

വാർധക്യത്തിലുണ്ടാകുന്ന ഈ മാറ്റം പ്രകൃതിയുടെ ശബ്ദംകൊണ്ടല്ല, മരണഭയം കൊണ്ടാണെന്ന് ആക്ഷേപമുണ്ടാകാം. അതായത് തന്റെ മരണം അടുത്തിരിക്കുന്നുവെന്ന് ഒരു വൃദ്ധൻ അറിയുമ്പോൾ സ്വാഭാവികമായും അയാൾ ഭയപ്പെടാൻ തുടങ്ങുന്നു. അതിന്റെ ഫലമായി അയാൾ ദൈവത്തിലേക്ക് ചായുന്നു. ഇപ്പറഞ്ഞ തെളിവ് നമ്മുടെ വാദത്തിന് അനുകൂലമാണെന്നാണ് എനിക്ക് പറയാനുള്ളത്. കാരണം മരണഭയം പ്രകൃതിയുടെ ഒരു ശബ്ദമാണ്. അല്ലെങ്കിൽ നിരീശ്വരവാദിക്ക് മരണഭയവുമായി എന്തു ബന്ധമാണുള്ളത്? തന്റെ സാന്നിധ്യം യദൃച്ഛയാ ഉണ്ടായതാണെന്ന് പറയുന്ന മനുഷ്യന്റെ ദൃഷ്ടിയിൽ മരണത്തിന് ഒരു പ്രസക്തിയുമില്ല. യദൃച്ഛയാ ഉണ്ടായ സാന്നിധ്യം യദൃച്ഛയാതന്നെ, അതല്ലെങ്കിൽ മറ്റു കാരണത്താൽ അവസാനിക്കുന്നു. അതുകൊണ്ട് മരണത്തിന്റെ സാമീപ്യം ഒരു നിരീശ്വരവാദിയുടെ മനസ്സിൽ ഒരു സ്വാധീനവും ചെലുത്തുകയില്ല. ഇക്കാരണത്താൽ മരണഭയംതന്നെയും ആന്തരികമായ എന്തെങ്കിലും മാറ്റത്തിന്റെ ഫലമാണെന്ന് സ്ഥാപിതമാകുന്നു. അതിനാണ് 'നാം പ്രകൃതിയുടെ ശബ്ദം' എന്ന് പേരിടുന്നത്. അശ്രദ്ധയുടേയും അന്ധകാരത്തിന്റേയും മറകൾ നീങ്ങുമ്പോൾ നമ്മുടെ പ്രകൃതി നമ്മുടെ മനസ്സിൽ ഭരണം നടത്താനുള്ള അധികാരം വീണ്ടും കരസ്ഥമാക്കുന്നു. അനുഭവിച്ചറിയാത്ത ശക്തിയാൽ ദൈവവിശ്വാസത്തിലേക്ക് നാം വലിക്കപ്പെടുന്നു. ഇക്കാര്യം വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ്(അ) എത്ര മനോഹരമായിട്ടാണ് പറയുന്നത്.

آنکھ کے اندھوں کو حائل ہوگئے سو سو حجاب

ورنہ قبلہ تھا ترا رُخ کافر و دیندار کا

*കണ്ണുണ്ടായിട്ടും കാണാത്തവർക്ക് നൂറുകണക്കിന് മറകൾ*
*വിഘ്നം നിന്നു. അതങ്ങനെയായിരുന്നില്ലെങ്കിൽ അവിശ്വാസിയുടേയും*
*വിശ്വാസിയുടേയും നേരെ നിന്റെ മുഖം മാത്രമേ ഉണ്ടാകുമായിരുന്നുള്ളു.*

മനുഷ്യന്റെ പ്രകൃതി ദൈവാസ്തികൃത്തിനുള്ള ബലവത്തായൊരു തെളിവാണെന്നാണ് പറഞ്ഞുവന്നതിന്റെ സംഗ്രഹം. ബുദ്ധിമാൻമാർക്കൊന്നും ഇതിനെ നിഷേധിക്കാൻ സാധ്യമല്ല. സന്മാർഗ പ്രാപ്തിയ്ക്കുവേണ്ടി നമ്മുടെ പ്രകൃതിയിൽ വിശ്വാസത്തിന്റെ വിത്തിട്ടിരിക്കുന്നുവെന്നത് ദൈവത്തിന്റെ അപാരമായ ഔദാര്യമാണ്. വിശുദ്ധ

ഖുർആൻ പറയുന്നു:

وَفِيٓ أَنفُسِكُمۡۚ أَفَلَا تُبۡصِرُونَ

*അല്ലയോ ജനങ്ങളേ, നിങ്ങൾ അവിടെയും ഇവിടെയും തിരയേണ്ട ആവശ്യമില്ല. നിങ്ങളിൽത്തന്നെ ദൈവിക ദൃഷ്ടാന്തങ്ങളുണ്ട്. നിങ്ങൾ കണ്ടു മനസ്സിലാക്കുന്നില്ലേ?* (51:22)

ഒരു കവി പറയുകയുണ്ടായി:

دل کے آئینہ میں ہے تصویرِ یار
جب ذرا گردن جھکائی دیکھ لی

*“അല്പംകുനിഞ്ഞു നോക്കിയപ്പോൾ ഹൃദയത്തിന്റെ*
*കണ്ണാടിയിൽ കണ്ടത് പ്രിയതമന്റെ രൂപമാണ്”.*

കവി എന്തർഥത്തിലാണ് ഇത് പറഞ്ഞതെന്ന് നമുക്കറിയില്ല. പക്ഷേ, ദൈവം തന്റെ ചിത്രം ഓരോ മനുഷ്യന്റെയും മനസ്സിൽ കൊത്തിവച്ചിരിക്കുന്നുവെന്നത് ഉറപ്പാണ്. എന്നാൽ, അഹങ്കാരിയായ മനുഷ്യൻ തന്റെ തലകുനിക്കാൻ തയ്യാറാകുന്നില്ല. ഓരോ മനുഷ്യന്റെയും പ്രകൃതിയിൽ തന്റെ സ്നേഹത്തിന്റെ സ്ഫുലിംഗം ദൈവം നിക്ഷേപിച്ചിട്ടുണ്ട്. ഈ അഗ്നികണം അണയാതെ സൂക്ഷിക്കുന്നവർ വളരെ പരിമിതമാണെന്നു മാത്രം.

تو نے خود رُوحوں پہ اپنے ہاتھ سے چھڑکا نمک
جس سے ہے شورِ محبت عاشقانِ زار کا
ایک دم بھی کل نہیں پڑتی مجھے تیرے سوا
جاں گھٹی جاتی ہے جیسے دل گھٹے بیمار کا
شور کیسا ہے ترے کوچہ میں لے جلدی خبر
خُوں نہ ہو جائے کسی دیوانہ مجنوں وار کا

*നീ സ്വയം ആത്മാവിൽ നിന്റെ കൈകൊണ്ട് സ്നേഹത്തിന്റെ*
*ഉപ്പ് തളിച്ചിരിക്കുന്നതിനാൽ കരഞ്ഞുനടക്കുന്ന പ്രേമികളുടെ*
*സ്നേഹത്തിന്റെ ബഹളമുണ്ടാകുന്നു.*

*നിന്നെ കൂടാതെ ഒരു നിമിഷംപോലും എന്നിലേക്കു വന്നണയുന്നില്ല.*
*ചുരുങ്ങുകയാണ് ജീവിതം; രോഗിയുടെ ഹൃദയം ചുരുങ്ങുന്നപോലെ.*

*നിന്റെ ഇടവഴിയിൽ എന്തൊരു ബഹളമാണ്.*
*ഉന്മത്തനായവന്റെ രക്തംചിന്താതിരിക്കാൻ*
*എത്രയും പെട്ടെന്ന് വിവരം അറിയിക്കുക.*

## പ്രപഞ്ചസൃഷ്ടിയും ലോകവ്യവസ്ഥിതിയും

അടുത്തതായി ഞാൻ പറയാൻ ഉദ്ദേശിക്കുന്നത് ബുദ്ധിപരമായ തെളിവുകളിൽ വളരെ പ്രധാനപ്പെട്ടതാണ്. ഭൂരിഭാഗം ജനത്തിന്റേയും ദൈവവിശ്വാസം ഇതിൽ ഊന്നിയുള്ളതാകുന്നു. ഇതിനെക്കാൾ വ്യക്തവും ക്ഷണത്തിൽ പ്രഭാവം കാണിക്കുന്നതുമായ തെളിവ് ബുദ്ധിക്ക് സങ്കല്പിക്കാൻ സാധിക്കുകയില്ലെന്നതാണ് വാസ്തവം. ദൈവിക സന്നിധിയിൽ നിന്നിറങ്ങുന്നതും ദൈവാസ്തിക്യം ദൃഢമായനിലയിൽ സ്ഥാപിതമാകുന്നതും അതുമുഖേന ദൈവത്തെ നേരിൽ കാണാനും അവനെ പ്രാപിക്കാനും സാധിക്കുന്നതുമായ തെളിവുകളോ പ്രമാണങ്ങളോ അല്ല ഇവിടെ വിശദീകരിക്കാൻ പോകുന്നതെന്നോർക്കുക. ബുദ്ധിപരമായ തെളിവുകൾ മാത്രമേ പറയുന്നുള്ളു. ദൈവം ഉണ്ടായിരിക്കാം എന്ന അനുമാനത്തിനപ്പുറം അതിന്റെ വ്യാപനം ഇല്ല. ഇത്തരം തെളിവുകളിൽ ഞാൻ വിവരിക്കുന്നത് ഏറ്റവും പ്രകാശനീയമായ തെളിവാണ്. ഈ തെളിവിന്റെ അനുഗ്രഹം ഒന്നുകൊണ്ടുമാത്രമാണ് ലോകം അന്ധകാരത്തിലാണ്ട് യഥാർഥ ദൈവജ്ഞാനം നിഷ്പ്രഭമായിട്ടും ദൈവാസ്തിക്യത്തെ പൂർണമായും നിഷേധിക്കുന്നതിൽനിന്ന് അത് രക്ഷപ്പെട്ടുനില്ക്കുന്നത്. ദൈവത്തെ നിഷേധിക്കാനുള്ള ധൈര്യം അതിന് ഇക്കാര്യത്തിൽ ഉണ്ടാകുന്നില്ല. ഈ പ്രാഥമിക തെളിവുതന്നെയാണ് ഉറങ്ങിക്കിടക്കുന്നവനെ ഉണർത്താൻ ദൈവിക ഗ്രന്ഥങ്ങളെല്ലാം എന്നും ഉപയോഗിച്ചു വന്നിട്ടുള്ളത്. വിശുദ്ധ ഖുർആനും ഈ സംഗതി വിവിധ സ്ഥലങ്ങളിൽ എടുത്തു പറഞ്ഞിട്ടുണ്ട്.

**മുസബ്ബിബിൽ**[1] നിന്ന് **സബബി**ലേക്കു പോകുന്ന തെളിവാകുന്നു ഇത്. വൈജ്ഞാനിക നിലയിൽ പരിശോധിക്കുമ്പോൾ രണ്ടു തെളിവുകളുടെ സങ്കലനമാണിതെന്നു കാണാം. ഒന്ന് പൊതുവിൽ പ്രസിദ്ധമാണ്. മൊത്തത്തിൽ ചിന്തിക്കുമ്പോൾ സൃഷ്ടികളുടെ അസ്തിത്വത്താൽ

1. മുസബ്ബിബ് (Effect)കാരിണകത്തിൽ നിന്ന് സബബ് (Cause) കാരണത്തിലേക്ക്

സ്രഷ്ടാവിന്റെ അസ്തിത്വം ഇതിൽ സമർഥിക്കപ്പെടുന്നു. ഈ തെളിവ് സാധാരണ നിലയിലുള്ളതായതുകൊണ്ട് സാധാരണക്കാർക്കാണ് ഇത് കൂടുതൽ ഫലം ചെയ്യുക. രണ്ടാമത്തേത്, ഭൗതിക ലോകത്തിന്റെ സ്ഥിതിഗതികളും അതിന്റെ സംവിധാനവും പഠിച്ച്, ഇതിനെ സൃഷ്ടിച്ചിട്ടുള്ളതും വ്യവസ്ഥാപിതമാക്കിയിട്ടുള്ളതും, നിലനിറുത്തിപ്പോരുന്നതുമായ അസ്തിത്വത്തിനുള്ള തെളിവ് കണ്ടെത്തലാണ്. ഇത് പിന്നീട് പല ശാഖകളായി പിരിയുന്നു. ഇവിടെ സംക്ഷേപവും സുഗമതയും ഉദ്ദേശിച്ചുകൊണ്ട് പ്രസ്തുത രണ്ടുവിധ തെളിവുകളും പരസ്പരം ബന്ധപ്പെടുത്തി വിവരിക്കുന്നതാണ്.

തെളിവിന്റെ പ്രഥമഭാഗം സൃഷ്ടികളുടെ അസ്തിത്വത്തിൽ നിന്ന് സ്രഷ്ടാവിന്റെ അസ്തിത്വത്തിലേക്ക് ചെന്നുചേരുന്നതുമായി ബന്ധപ്പെട്ടതാകുന്നു. ഈ തെളിവ് അതിന്റെ ബാഹ്യത്തിൽ വളരെ ലളിതമാണ്. ഉദാഹരണത്തിന്, ഒരു മുറിയിലിരുന്ന് ഞാൻ ഈ ഗ്രന്ഥം എഴുതുകയാണ്. എന്റെ മുമ്പിലിരിക്കുന്ന മേശപ്പുറത്ത് നിരവധി സാധനങ്ങളുണ്ട്. അതിലോരോന്നും എനിക്ക് ചില അറിവുകൾ നല്കുന്നതാണ്. കടലാസ്സ്, പേന, മഷി, പേപ്പർവെയ്റ്റ്, കസേര, മേശ, ഗ്രന്ഥങ്ങൾ തുടങ്ങിയവയെല്ലാം എന്റെ തൊട്ടുമുമ്പിൽ അതതിന്റെ സ്ഥാനത്തിരിക്കുന്നു. പിന്നെ ഞാനിരിക്കുന്നത് ഒരു മുറിയിലാണെന്ന് പറഞ്ഞുവല്ലോ. അതിന്റെ നാലുഭാഗത്തും ഭിത്തിയാണ്. മച്ച്, ജനലുകൾ, വാതിലുകൾ, കർട്ടൺ ഇതെല്ലാം ആ മുറിക്കുണ്ട്. കൂടാതെ തറയിൽ പരവതാനി വിരിച്ചിരിക്കുന്നു. മറ്റു ചില വസ്തുക്കളും ആ മുറിയിൽ കാണാം. അതെല്ലാം ഞാൻ നേരിൽ കാണുന്നതുകൊണ്ട് അവയെ ആരോ സൃഷ്ടിച്ചതാണെന്ന ദൃഢവിശ്വാസം എനിക്കുണ്ട്. ഇതെല്ലാം തൊഴിലാളികളുടെ കഠിനാധ്വാനത്തിന്റെ ഫലമാണെന്നും എനിക്കറിയാം. ഇതെല്ലാം തനിയെ ഉണ്ടായതാണെന്ന് ആരെങ്കിലും പറഞ്ഞാൽ ഞാൻ അത് അംഗീകരിച്ചുകൊടുക്കാൻ തയ്യാറല്ല. മറ്റുള്ളവരും അതിനു തയ്യാറാവുകയില്ല. കാര്യം ഇങ്ങനെയായിരിക്കെ വിശാലമായ ഭൂമിയും, അനന്താകാശവും ചെറുതും വലുതുമായ ജന്തുക്കളും, വിവിധതരം സസ്യലതാദികളും, ഖനിപദാർഥങ്ങളും, വാനഗോളങ്ങളും, ഭൂവിഭാഗങ്ങളും, മനുഷ്യരുമെല്ലാം ഉൾക്കൊള്ളുന്ന ഈ പ്രപഞ്ചം സർവസമർഥനായ ഒരു ശില്പിയുടെ കരവിരുതിന്റെ ഫലമല്ലെന്നും അവ സ്വയമേവ ഉണ്ടായതാണെന്നും ആരെങ്കിലും പറഞ്ഞാൽ ഞാനെങ്ങനെ അത് വകവെച്ചുകൊടുക്കും. എന്റെ മുമ്പിൽ ഇപ്പോൾ അറേബ്യയിലെ ഒരു ബദ്‌വിയുടെ–ഗ്രാമീണനായ അറബിയുടെ മൊഴിയുണ്ട്. ആരോ അദ്ദേ

ഹത്തോട് ഒരിക്കൽ ചോദിച്ചു. ദൈവം ഉണ്ടെന്നുള്ളതിന് നിന്റെ പക്കൽ വല്ല തെളിവുമുണ്ടോ? അദ്ദേഹം പ്രതിവചിച്ചു:

ഏതെങ്കിലുമൊരു വ്യക്തി വിജനപ്രദേശത്തൂടെ നടന്നുപോകുമ്പോൾ ഒട്ടകത്തിന്റെ വിസർജ്ജിതം കണ്ടാൽ, ഒട്ടകം അതിലേ കടന്നുപോയിട്ടുണ്ടെന്ന് അയാൾ മനസ്സിലാക്കുന്നു. മണലാരണ്യത്തിൽ കാല്പാടുകൾ കണ്ടാൽ അതിലെ ആരോ പോയിട്ടുണ്ടെന്ന് അയാൾ കരുതും. അപ്പോൾ പ്രവിശാലമായ ജനപദങ്ങളോടുകൂടിയ ഈ ഭൂമിയും സൂര്യചന്ദ്രനക്ഷത്രാദികൾ ഉൾക്കൊള്ളുന്ന ഈ ആകാശവും കാണുമ്പോൾ ഇതിനേയും നിർമിച്ച ഒരു ശക്തി ഉണ്ടായിരിക്കാമെന്നുള്ള ചിന്ത നിങ്ങളിൽ ജനിക്കുന്നില്ലേ?

അല്ലാഹ്! അല്ലാഹ്! മണലാരണ്യത്തിന്റെ നിരക്ഷര സന്താനമായ ആ മനുഷ്യന്റെ വായിൽനിന്നും പുറത്തുവന്ന വചനം എത്രമാത്രം സത്യവത്തും നിഷ്കളങ്കവും ബുദ്ധിപൂർവ്വകവുമാണ്. എന്നാൽ, യൂറോപ്യൻ നാടുകളിലേയും അമേരിക്കയിലേയും തത്ത്വചിന്തകന്മാർക്ക് തങ്ങളുടേതായ യുക്തിയും തത്ത്വവും ഉണ്ടായിട്ടും അതിന്റെ ആഴത്തിലേക്ക് ഊളിയിട്ടിറങ്ങാൻ കഴിഞ്ഞില്ല.

വിശുദ്ധഖുർആൻ സൃഷ്ടികളേയും പ്രപഞ്ചവ്യവസ്ഥിതിയേയും സംബന്ധിച്ച് പറയുന്നു:

اَفِى اللّٰهِ شَكٌّ فَاطِرِ السَّمٰوٰتِ وَالْاَرْضِ

*"ഉണ്ടായിരുന്നില്ല എന്ന അവസ്ഥയിൽനിന്ന് ആകാശഭൂമികളെ സൃഷ്ടിച്ച അല്ലാഹുവിനെക്കുറിച്ചോ സന്ദേഹം! (14:11)*

اِنَّ فِىْ خَلْقِ السَّمٰوٰتِ وَالْاَرْضِ وَاخْتِلَافِ الَّيْلِ وَالنَّهَارِ وَالْفُلْكِ الَّتِىْ
تَجْرِىْ فِى الْبَحْرِ بِمَا يَنْفَعُ النَّاسَ وَمَآ اَنْزَلَ اللّٰهُ مِنَ السَّمَآءِ مِنْ مَّآءٍ فَاَحْيَا بِهِ
الْاَرْضَ بَعْدَ مَوْتِهَا وَبَثَّ فِيْهَا مِنْ كُلِّ دَآبَّةٍ ۖ وَّ تَصْرِيْفِ الرِّيٰحِ وَالسَّحَابِ
الْمُسَخَّرِ بَيْنَ السَّمَآءِ وَالْاَرْضِ لَاٰيٰتٍ لِّقَوْمٍ يَّعْقِلُوْنَ ﴿١٦٥﴾

*ആകാശഭൂമിയുടെ സൃഷ്ടിയിലും രാവും പകലും ഒന്നിനുപിറകെ ഒന്നായി മാറിമാറി വരുന്നതിലും, മനുഷ്യോപയോഗ വസ്തുക്കളുമായി*

*കടലിൽ സഞ്ചരിക്കുന്ന കപ്പലുകളിലും അല്ലാഹു മുകളിൽ നിന്ന് വർഷിക്കുന്ന ജലത്തിലും-അതുവഴി നിർജീവമായ ഭൂമിയെ സജീവമാക്കുകയും, ഭൂമിയിൽ സകലവിധ ജീവജാലങ്ങളെ വ്യാപിപ്പിക്കുകയും ചെയ്തിട്ടുള്ളതിലും കാറ്റുകളുടെ ഗതിവിഗതികളിലും ആകാശഭൂമികൾക്കിടയിൽ ആജ്ഞാനുവർത്തിയാക്കി നിറുത്തിയിട്ടുള്ള മേഘങ്ങളിലും ബുദ്ധി ഉപയോഗിക്കുന്ന ജനത്തിന് പല ദൃഷ്ടാന്തങ്ങളുമുണ്ട്. (2:165)*

وَفِيٓ أَنفُسِكُمۡۚ أَفَلَا تُبۡصِرُونَ ﴿٢٢﴾

*നിങ്ങളിൽത്തന്നെയും നിങ്ങൾ ദൃഷ്ടാന്തങ്ങൾ കാണുന്നില്ലയോ? (51:22)*

أَفَلَمۡ يَنظُرُوٓاْ إِلَى ٱلسَّمَآءِ فَوۡقَهُمۡ كَيۡفَ بَنَيۡنَٰهَا وَزَيَّنَّٰهَا وَمَا لَهَا مِن فُرُوجٖ ﴿٧﴾
وَٱلۡأَرۡضَ مَدَدۡنَٰهَا وَأَلۡقَيۡنَا فِيهَا رَوَٰسِيَ وَأَنۢبَتۡنَا فِيهَا مِن كُلِّ زَوۡجِۭ بَهِيجٖ ﴿٨﴾
تَبۡصِرَةٗ وَذِكۡرَىٰ لِكُلِّ عَبۡدٖ مُّنِيبٖ ﴿٩﴾

*തങ്ങൾക്ക് മീതെയുള്ള മാനത്തേക്ക് അവർ നോക്കിയിട്ടില്ലേ.നാം അത് എങ്ങനെ സൃഷ്ടിക്കുകയും അലങ്കരിക്കുകയും ചെയ്തിരിക്കുന്നു. അതിന് വിടവുകളൊന്നുമില്ല. പിന്നെ നാം എങ്ങനെയാണ് ഭൂമിയെ സൃഷ്ടിച്ചിരിക്കുന്നത്? അതിൽ പർവ്വതങ്ങൾ നാട്ടുകയും അഴകാർന്ന എല്ലാതരം വസ്തുക്കളുടേയും ഇണകളെ സൃഷ്ടിക്കുകയും ചെയ്തു. ഈ കാഴ്ചകൾ ചിന്തിക്കുന്ന ദാസരുടെ കണ്ണുകൾ തുറക്കുന്നതിനു വേണ്ടിയാണ്. (50:7-9)*

وَلِلَّهِ يَسۡجُدُ مَن فِي ٱلسَّمَٰوَٰتِ وَٱلۡأَرۡضِ طَوۡعٗا وَكَرۡهٗا

*ആകാശഭൂമികളിലുള്ള സകല വസ്തുക്കളും ഇച്ഛാപൂർവമായും അല്ലാതെയും അല്ലാഹുവിന്റെ മുമ്പിൽ പ്രണമിച്ചുകൊണ്ടിരിക്കുന്നു. (13:16)*

وَكُلّٞ فِي فَلَكٖ يَسۡبَحُونَ

*ഒക്കെയും ഓരോ ഭ്രമണപഥങ്ങളിൽ സഞ്ചരിച്ചുകൊണ്ടിരിക്കുകയാണ്. (36:41)*

وَاِنَّ لَكُمۡ فِى الۡاَنۡعَامِ لَعِبۡرَةً‌ ؕ نُسۡقِيۡكُمۡ مِّمَّا فِىۡ بُطُوۡنِهٖ مِنۡۢ بَيۡنِ فَرۡثٍ وَّدَمٍ
لَّبَـنًا خَالِصًا سَآئِغًا لِّلشّٰرِبِيۡنَ‏ ﴿۶۷﴾

*കന്നുകാലികളിലും നിങ്ങൾക്ക് ഒരു പാഠമുണ്ട്. അവയുടെ ഉദരത്തി ലുള്ള ചാണകത്തിനും ചോരയ്ക്കുമിടയിൽ നിന്ന് ശുദ്ധവും കുടിക്കു ന്നവർക്ക് രുചികരവുമായ പാല് നിങ്ങളെ നാം കുടിപ്പിക്കുന്നു. (16:67)*

وَاَوۡحٰى رَبُّكَ اِلَى النَّحۡلِ اَنِ اتَّخِذِىۡ مِنَ الۡجِبَالِ بُيُوۡتًا وَّمِنَ الشَّجَرِ
وَمِمَّا يَعۡرِشُوۡنَۙ‏ ﴿۶۸﴾ ثُمَّ كُلِىۡ مِنۡ كُلِّ الثَّمَرٰتِ فَاسۡلُكِىۡ سُبُلَ رَبِّكِ ذُلُلًا‌ ؕ
يَخۡرُجُ مِنۡۢ بُطُوۡنِهَا شَرَابٌ مُّخۡتَلِفٌ اَلۡوَانُهٗ فِيۡهِ شِفَآءٌ لِّلنَّاسِ‌ ؕ اِنَّ فِىۡ
ذٰلِكَ لَاٰيَةً لِّقَوۡمٍ يَّتَفَكَّرُوۡنَ‏ ﴿۶۹﴾

*നിന്റെ നാഥൻ തേനീച്ചകൾക്ക് വഹ്യ്-ദിവ്യബോധനം നല്കി; മല കളിലും വൃക്ഷങ്ങളിലും മണ്ണിനു മുകളിൽ പടർത്തപ്പെടുന്ന വള്ളി കളിലും നിങ്ങൾ കൂടുകളുണ്ടാക്കുക. എന്നിട്ട് ഫലങ്ങളുടെ സത്ത് വലിച്ചെടുക്കുക. പിന്നീട് നിന്റെ നാഥന്റെ സരണികളിൽ സുഗമമായി സഞ്ചരിക്കുക. അവയുടെ വയറുകളിൽ നിന്ന് വിവിധ വർണങ്ങളുള്ള ഒരു പാനീയം പുറത്തുവരുന്നു. അതിൽ മനുഷ്യർക്ക് രോഗശാന്തിയു ണ്ട്. നിശ്ചയമായും ചിന്തിക്കുന്ന ജനത്തിന് ഇതിലും ഒരു ദൃഷ്ടാന്തമു ണ്ട്. (16:69.70)*

فَلۡيَنۡظُرِ الۡاِنۡسَانُ اِلٰى طَعَامِهٖۤ ۙ‏ ﴿۲۴﴾ اَنَّا صَبَبۡنَا الۡمَآءَ صَبًّا ۙ‏ ﴿۲۵﴾ ثُمَّ شَقَقۡنَا الۡاَرۡضَ شَقًّا ۙ‏ ﴿۲۶﴾
فَاَنۡۢبَتۡنَا فِيۡهَا حَبًّا ۙ‏ ﴿۲۷﴾ وَّعِنَبًا وَّقَضۡبًا ۙ‏ ﴿۲۸﴾ وَّزَيۡتُوۡنًا وَّنَخۡلًا ۙ‏ ﴿۲۹﴾ وَّحَدَآئِقَ غُلۡبًا ۙ‏ ﴿۳۰﴾ وَّفَا
كِهَةً وَّاَبًّا ۙ‏ ﴿۳۱﴾ مَّتَاعًا لَّكُمۡ وَلِاَنۡعَامِكُمۡ ؕ‏ ﴿۳۲﴾

*മനുഷ്യൻ തന്റെ അന്നത്തിലേക്ക് ഒന്നു നോക്കട്ടെ. നാം നന്നായി വെള്ളം വർഷിച്ചു. പിന്നെ ഭൂമിയെ നല്ലവണ്ണം പിളർന്നു. എന്നിട്ട് നി ങ്ങൾക്കും നിങ്ങളുടെ കാലികൾക്കുമുള്ള ജീവിതവിഭവമായിക്കൊണ്ട് ധാന്യവും മുന്തിരിയും പച്ചിലച്ചെടികളും ഒലിവും ഈത്തപ്പനയും*

*നിബിഡമായ തോപ്പുകളും പലതരം പഴങ്ങളും പുൽച്ചെടികളും മുള പ്പിക്കുകയും ചെയ്തു. (80:25-33)*

الَّذِىۡ خَلَقَ الۡمَوۡتَ وَالۡحَيٰوةَ لِيَبۡلُوَكُمۡ اَيُّكُمۡ اَحۡسَنُ عَمَلًا ؕ وَهُوَ الۡعَزِيۡزُ الۡغَفُوۡرُ ۙ الَّذِىۡ خَلَقَ سَبۡعَ سَمٰوٰتٍ طِبَاقًا ؕ مَا تَرٰى فِىۡ خَلۡقِ الرَّحۡمٰنِ مِنۡ تَفٰوُتٍ ؕ فَارۡجِعِ الۡبَصَرَ ۙ هَلۡ تَرٰى مِنۡ فُطُوۡرٍ ۝ ثُمَّ ارۡجِعِ الۡبَصَرَ كَرَّتَيۡنِ يَنۡقَلِبۡ اِلَيۡكَ الۡبَصَرُ خَاسِئًا وَّهُوَ حَسِيۡرٌ ۝

*ആരുടെ കൈയിലാണോ പ്രപഞ്ചത്തിന്റെ പരമാധികാരം സ്ഥിതി ചെയ്യുന്നത് അവൻ പരിശുദ്ധനാകുന്നു. അവൻ എല്ലാ കാര്യങ്ങൾക്കും പൂർണമായും കഴിവുള്ളവനാണ്. നിങ്ങളിൽ ആരാണ് നല്ലരീതിയിൽ പ്രവർത്തിക്കുന്നതെന്ന് പരീക്ഷിക്കാൻവേണ്ടി ജനനവും മരണവും ഉണ്ടാക്കിയവൻ, അവൻ അജയ്യനാകുന്നു. സർവഥാ പൊറുക്കുന്നവനും ആകുന്നു. തട്ടുതട്ടായി ഏഴാകാശങ്ങളെ സൃഷ്ടിച്ചവൻ. കരുണാമയനായ ദൈവത്തിന്റെ സൃഷ്ടികർമത്തിൽ നീ ഒരു ക്രമക്കേടും കാണുകയില്ല. നീ വീണ്ടും നോക്കുക. വല്ല വിടവും കാണുന്നുണ്ടോ? ഇനിയും രണ്ടു പ്രാവശ്യം കണ്ണോടിച്ചു നോക്കുക. കണ്ണ് പരാജയപ്പെട്ട് ക്ഷീണിച്ച് നിന്നിലേക്ക് തിരിച്ചുവരും.(67:2-5)*

وَاَنَّ اِلٰى رَبِّكَ الۡمُنۡتَهٰى

*ഈ എല്ലാ കാര്യങ്ങളും നിന്നെ രക്ഷിതാവിങ്കലേക്ക് വഴികാണിക്കുന്നില്ലേ? (53:43)*

قُتِلَ الۡاِنۡسَانُ مَاۤ اَكۡفَرَهٗ ۝١٨

*മനുഷ്യന് നാശം. എത്ര കടുത്ത നിഷേധിയാണവൻ."[1](80:18)*

പലയിടത്തുനിന്നുമെടുത്തിട്ടുള്ള വിശുദ്ധ ഖുർആനിലെ ഈ വചനങ്ങൾ എത്രമാത്രം സാഹിത്യസമ്പുഷ്ടതയോടും ആശയത്തികവോടുമാണ് പ്രപഞ്ചസൃഷ്ടികളിലേക്കും ലോകസംവിധാനത്തിലേക്കും നമ്മുടെ ശ്രദ്ധ ക്ഷണിച്ച് ദൈവാസ്തികൃത്തിനുള്ള തെളിവ് നല്കിക്കൊണ്ടിരിക്കുന്നത്. വ്യാഖ്യാനത്തിന്റെ ആവശ്യമേ അതിനില്ല. ഇവിടെയുള്ള

ഓരോ വസ്തുവും ചിന്തകന്മാർക്ക് ദൈവാസ്തികൃത്തിലേക്കുള്ള സൂചന നല്കിക്കൊണ്ടിരിക്കുന്നു. പ്രപഞ്ച സംവിധാനത്തെക്കുറിച്ചും അതിലെ സൃഷ്ടിജാലങ്ങളെ സംബന്ധിച്ചും പഠിക്കുന്നതനുസരിച്ച് പ്രസ്തുത സൂചന കൂടുതൽ സ്പഷ്ടവും കൃത്യവുമായ ചിത്രം അവന് നല്കുന്നു. ലോകത്തിലെ ഏറ്റവും ചെറിയ ഒരുജീവിയെക്കുറിച്ച് ചിന്തിച്ചുനോക്കുക. അതൊരു ഉയർന്നസ്ഥാനം അലങ്കരിക്കുന്നതും യുക്തിയുക്ത നിയമത്തിന് വിധേയമായി ചരിച്ചുകൊണ്ടിരിക്കുന്നതും നിങ്ങൾക്ക് കാണാൻ കഴിയും. ബുദ്ധി അത്ഭുതപ്പെട്ടുപോകുംവിധമുള്ള ക്രമവും വ്യക്തമായ ഉദ്ദേശ്യവും ദൃഷ്ടിയിൽപ്പെടുകയും ചെയ്യും. അതിന്റെ ഏറ്റവും ചെറിയ ചലനംപോലും മനുഷ്യചിന്തയ്ക്കു ദഹിക്കാവുന്നതിന്നപ്പുറത്തായിരിക്കും. ഹദ്റത്ത് വാഗ്ദത്ത മസീഹ് മിർസാ ഗുലാം അഹ്മദ് (അ) ഒരു പദ്യത്തിൽ പറയുന്നു:

بنا سکتا نہیں اک پاؤں کیڑے کا بشر ہرگز
تو پھر کیونکر بنانا نورِ حق کا اس پہ آساں ہے

*മർത്ത്യന് സാധ്യമല്ലൊരിക്കലും*
*പ്രാണിതൻ കാലുപോലും പടയ്ക്കുവാൻ*
*അപ്പോൾ അവന് സാധ്യമാകുന്നതെങ്ങനെ*
*പ്രമാണഗ്രന്ഥം പടയ്ക്കുവാൻ*

ഒരു ഈച്ചയെ പരിശോധിക്കുക. നാം വളരെ നിസ്സാരമായിക്കരുതുന്ന ഈ പ്രാണി അല്ലാഹുവിന്റെ അത്യുന്നതസ്ഥാനത്തിന്റെ ശക്തിപ്രഭാവത്തെ അത്ഭുതകരമാം വിധം പ്രകടമാക്കുന്നതായിക്കാണാം. മനുഷ്യൻ തന്റെ ആയുഷ്ക്കാലം മുഴുവനും ഒരു ഈച്ചയുടെ അവയവത്തെ സംബന്ധിച്ച് ഗവേഷണം നടത്തി അവന്റെ ജീവിതം അവസാനിക്കുമ്പോഴും ഗവേഷണരംഗം ഒന്നും കണ്ടുപിടിക്കപ്പെട്ടിട്ടില്ലാത്ത നിലയിൽ കിടക്കുന്നത് അവൻ കാണും.

എന്തിന്! മനുഷ്യശരീരത്തെത്തന്നെ പരിശോധിച്ചുനോക്കുക. ലോകാരംഭം മുതൽ ലക്ഷക്കണക്കിന് ഉന്നതരായ ബുദ്ധിജീവികൾ ഓരോ കാലത്തും അതിന്റെ സൃഷ്ടിപ്പിനെ സംബന്ധിച്ച് ഗവേഷണം നടത്തിവന്നു. ഹൃദയം, തലച്ചോറ്, വൃക്കകൾ, ശ്വാസകോശം, കരൾ, ആമാശയം,

കണ്ണ്, ചെവി, മൂക്ക് തുടങ്ങി ശരീരത്തിൽ പ്രവർത്തിക്കുന്ന വിവിധ അവയവങ്ങളുടെ യുക്തിയുക്തമായ നിയമവ്യവസ്ഥയെക്കുറിച്ച് അറിയുന്നതിന് അവർ അഹോരാത്രം പരിശ്രമിച്ചു. എന്നാൽ, അല്ലാഹുവിന്റെ സൃഷ്ടിപ്പിൽ ഏറ്റവും ചെറുതായ ചെവിയ്ക്ക് എത്ര ഭാഗങ്ങളുണ്ടെന്ന് കൃത്യമായി ലോകത്തിന്റെ മുമ്പിൽ സമർപ്പിക്കാൻ ഇന്നേവരെ അവർക്കു കഴിഞ്ഞോ? ലോകാവസാനം വരികതന്നെ ചെയ്യും. പക്ഷേ, അപ്പോഴും മനുഷ്യശരീരത്തിന്റെ കോശത്തെ സംബന്ധിച്ചുള്ള പഠനം പോലും അവസാനിച്ചിട്ടുണ്ടാവുകയില്ല.

വഴിയരികിൽ തഴച്ചുവളർന്ന ചെടിയിൽ വിടർന്നു നില്ക്കുന്ന മനോഹരമായ ആ പുഷ്പത്തെ ഒന്നു നോക്കുക. ചിലപ്പോൾ കഠിനഹൃദയനായ വഴിയാത്രക്കാരന്റെ കാലിനടിയിലമർന്ന് അത് നശിച്ചുപോകാറുണ്ട്. അതിന്റെ കൊച്ചുകൊച്ചു ഇലകളിൽ ശതക്കണക്കിന് ഞരമ്പുകളും ചെറിയ ചെറിയ ചാലുകളും ഒരു വലപോലെ പരന്നിട്ടുള്ളതു കാണാം. ഈ ഓരോ ഞരമ്പും ഓരോ ചാലും അതാതിന്റെ പ്രവൃത്തിയുടേയും നിയമവ്യവസ്ഥിതിയുടേയും അടിസ്ഥാനത്തിൽ ഒരു ലോകത്തിന്റെ രചനാ കൗശലങ്ങൾ ഉൾക്കൊള്ളുന്നു. ഇതു പൂർണമായും അന്വേഷിച്ച് കണ്ടെത്തുന്നതിന് നൂഹിന്റെ ആയുസ്സുപോലും അപൂർണമായിരിക്കും.

അതിനിസ്സാരവും ഒരുപക്ഷേ, കാണാൻ തന്നെ പറ്റാത്തതുമായ വിത്തുകളിലേക്കും ഒന്നു നോക്കുക. ഒരുപിടി സ്ഥലത്ത് ലക്ഷക്കണക്കിന് അളവിൽ അവയെ കൂട്ടിവയ്ക്കാൻ നമുക്കു കഴിയും. പക്ഷേ, അവ വിതയ്ക്കപ്പെട്ടാൽ എത്ര പെട്ടെന്നാണ് വൻമരങ്ങളായിത്തീരുന്നത്. ആയിരക്കണക്കിനാളുകൾ അതിന്റെ താഴെ വിശ്രമിക്കുന്നു.

എപ്പോഴെങ്കിലും മനുഷ്യസൃഷ്ടിപ്പിനെക്കുറിച്ച് നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? അതിസൂക്ഷ്മമായ ഒരണുവിന്റെ രൂപത്തിൽ അവൻ തന്റെ പിതാവിന്റെ ശരീരഭാഗമായിരുന്നു. അതിന്റെ ആദ്യത്തെ അവസ്ഥ കാണുന്നതുപോലും പലരിലും അറപ്പുളവാക്കും. എന്നാൽ, അതേഅവസ്ഥയിൽ നിന്നുതന്നെയാണ് അത്യന്തം അഭിജാതവും അഭിജ്ഞവുമായ ഒരു രൂപത്തിലേക്കവൻ സൃഷ്ടിക്കപ്പെട്ടത്.

വാനത്തേക്കും ഒന്നു ദൃഷ്ടി ഉയർത്തിനോക്കുക. ഈ സൂര്യനും, ചന്ദ്രനും, നക്ഷത്രങ്ങളും എന്തൊരു ഹൃദയഹാരിയായ കാഴ്ചയാണ്. സൂര്യനെക്കുറിച്ച് മാത്രം ഒന്നു ചിന്തിച്ചുനോക്കുക. നിങ്ങൾ അധിവസിക്കുന്ന ഭൂമിയിൽനിന്ന് എത്ര അകലെയാണതെന്നറിയുമോ? ഒമ്പതുകോടി മുപ്പത്‌ലക്ഷം നാഴിക! നിങ്ങൾ നടുങ്ങരുത്. സൗരവ്യൂഹ

ത്തിൽപ്പെട്ട നിങ്ങൾ കാണുന്ന ഈ സൂര്യൻ മറ്റുള്ളവയെ അപേക്ഷിച്ച് ഭൂമിയോട് വളരെയടുത്ത് സ്ഥിതിചെയ്യുന്ന നക്ഷത്രങ്ങളിൽപ്പെട്ടതാണ്. കാരണം, ചില നക്ഷത്രങ്ങൾ നിങ്ങൾക്ക് അളന്നു നിശ്ചയപ്പെടുത്താൻ നിവൃത്തിയില്ലാത്തത്ര അകലത്താണുള്ളത്. ഗോളാകൃതിയായിട്ടും അതിന്റെ വിശാലതകൊണ്ടു പരന്നതായിക്കാണുന്ന നിങ്ങളുടെ അഭിമാനമായ ഈ ഭൂമിയുടെ വലുപ്പം ഏഴായിരത്തിത്തൊള്ളായിരത്തി ഇരുപത്തിയാറ് നാഴിക വ്യാസമാണ്. എന്നാൽ, നമ്മുടെ സൂര്യന്റെ വ്യാസം എട്ടുലക്ഷത്തി അറുപത്തയ്യായിരം നാഴികയാണ്. കൂട്ടത്തിൽ ഒരു കാര്യംകൂടി പറയാം. ആകാശത്ത് മിന്നിത്തിളങ്ങുന്ന നക്ഷത്രങ്ങളിൽ ചിലതിന്റെ ശരിയായ വലുപ്പം അറിയുമ്പോൾ അവയ്ക്കുമുമ്പിൽ സൂര്യൻ ഒന്നുമല്ല; കഴുകന്റെ മുമ്പിലെ കുരുവിയെപ്പോലെയാണത്.

അന്തരീക്ഷത്തിൽ നാം കാണുന്ന വസ്തുക്കളുടെ രൂപഭാവങ്ങൾ ഇങ്ങനെയൊക്കെയാണ്. ആകാശത്തിന്റെ അനന്തതയിൽ ഉന്നതമായ നിയമവ്യവസ്ഥിതിയോടുകൂടി ചുറ്റിക്കറങ്ങിക്കൊണ്ടിരിക്കുന്ന ലക്ഷക്കണക്കിന് ഗോളങ്ങളെക്കുറിച്ച് പരിചിന്തനം ചെയ്യുകയാണെങ്കിൽ മനുഷ്യബുദ്ധി വിസ്മയസ്തബ്ധമാകും. ഓരോ നക്ഷത്രവും അതതിന്റെ ഭ്രമണപഥത്തിലൂടെ നിശ്ചിത വ്യവസ്ഥയനുസരിച്ച് കറങ്ങിക്കൊണ്ടിരിക്കുന്നുവെന്നത് മഹാവിസ്മയം തന്നെയാണ്. എന്തുകൊണ്ട് ഒന്നു മറ്റൊന്നുമായി കൂട്ടിയിടിക്കുന്നില്ല. അല്ലെങ്കിൽ ഒന്നിന്റെ ഭ്രമണപഥത്തിൽ വേറൊന്ന് എന്തുകൊണ്ട് കടക്കുന്നില്ല. ഈ നിയമവ്യവസ്ഥിതി കേവലം സൗരവ്യൂഹത്തിൽ മാത്രമല്ല കാണുന്നത്. ഭൂമിയിലെ ഓരോ വസ്തുവും അതതിന്റെ പരിധിയ്ക്കുള്ളിൽ നിലകൊള്ളുന്നു. പരിധി ലംഘിച്ച് മറ്റൊന്നിൽ പ്രവേശിക്കാൻ ഒന്നിനും ത്രാണിയില്ല. കത്തുക എന്നത് അഗ്നിയുടെ പ്രവൃത്തിയാണ്. വെള്ളത്തിന്റെ പ്രവൃത്തി അണയ്ക്കുക എന്നതും. മരത്തിന്റേതാണെങ്കിൽ ഒരിടത്ത് നില്ക്കുകയെന്നതാണ്. പക്ഷികളുടെ പ്രവൃത്തിയാണ് വായുവിലൂടെ പറന്നുനടക്കുകയെന്നത്. ഭൂമിയിലൂടെ നടക്കുകയെന്നത് മനുഷ്യന്റെ പ്രവൃത്തിയാണ്. വെള്ളത്തിലൂടെ നീന്തുകയെന്നതാണ് മത്സ്യങ്ങളുടെ പ്രവൃത്തി. പുല്ലു തിന്നുകയെന്നത് പശുവിന്റെ പ്രവൃത്തിയാണ്. മറ്റു മൃഗങ്ങളെ വേട്ടയാടി ഭക്ഷണമാക്കുകയെന്നത് സിംഹത്തിന്റെ പ്രവൃത്തിയും. ഇതെല്ലാം വലിയ വലിയ ചില ഉദാഹരണങ്ങൾ മാത്രം. മൊത്തത്തിൽ നോക്കുമ്പോൾ, ഓരോ വസ്തുവും അതിന്റേതായ പ്രത്യേകതയുടേയും കഴിവിന്റേയും പ്രവൃത്തിയുടേയും അടിസ്ഥാനത്തിൽ അതതിന്റെ പരിധിയ്ക്കുള്ളിൽ പരിമിതമാണ്. അതിനെ മറിക

ടക്കാൻ ഒന്നിനും ശക്തിയില്ല. എന്നുമാത്രമല്ല, ഓരോന്നും പ്രത്യേക ഉദ്ദേശ്യത്തെ സഫലമാക്കിക്കൊണ്ടിരിക്കുകയും ചെയ്യുന്നു.

ഇനി ചിന്തിച്ചുനോക്കുക. ഈ ഉന്നതമായ നിയമവ്യവസ്ഥിതി തനിയെ ഉണ്ടായതാണോ? ആകാശഭൂമികൾക്കിടയിലുള്ള ഒരു വസ്തുവും ഈ വ്യവസ്ഥിതികൾക്കതീതമല്ലെന്ന് മനസ്സിലാക്കണം. ഓരോ വസ്തുവിലും പ്രാവൃത്തികമായിക്കാണുന്ന യുക്തിയുക്തമായ ഈ നിയമം അത്യുന്നതമായ ഒരു ശക്തിയ്ക്കു വിധേയമായല്ലാതെ നിലനില്ക്കുകയാണോ? എണ്ണമറ്റ സൃഷ്ടികളോടുകൂടിയ ഭൂമിയുടേയും അസംഖ്യം ഗോളങ്ങളെക്കൊണ്ടു നിറഞ്ഞ ആകാശത്തിന്റേയും സ്രഷ്ടാവും രക്ഷിതാവും അതുതന്നെയാണോ? ഇവിടെ ദൈവമുണ്ടെങ്കിൽ അവനാരാണ്? എവിടെയാണ്? എന്ന പ്രശ്നം തൽക്കാലം ഞാൻ ചർച്ച ചെയ്യുന്നില്ല. ഒരു സ്രഷ്ടാവും രക്ഷിതാവും ഉടമസ്ഥനും നിയന്താവും ഒന്നുമില്ലാതെ ഈ പ്രപഞ്ചവും നിയമവ്യവസ്ഥിതിയും സ്വയമേവ ഉണ്ടായതാണെന്ന് നിങ്ങളുടെ മനസ്സ് സമ്മതിക്കുന്നുണ്ടോ? ഇതാണ് എനിക്ക് ഉത്തരം ലഭിക്കേണ്ട ചോദ്യം. നിങ്ങൾ ഏതെങ്കിലും ദൈവത്തിൽ വിശ്വസിക്കുന്നുണ്ടോ എന്നു ഞാൻ ചോദിക്കുന്നില്ല. മറിച്ച് എന്റെ ചോദ്യം വ്യക്തമാണ്. ഇക്കാണുന്ന ഭൂമിയും ആകാശവും ജീവജാലങ്ങളും സസ്യലതാദികളും ഖരപദാർഥങ്ങളും വാനഗോളങ്ങളും ഭൂമിയുടെ അടുക്കുകളും യാദൃച്ഛികമാണെന്ന് നിങ്ങൾക്ക് ആത്മാർഥതയോടെ പറയാൻ കഴിയുമോ? ലോകത്തെ കോടിക്കണക്കിന് സൃഷ്ടിജാലങ്ങളെ ഒരു മാലയിൽ കോർത്ത മുത്തുപോലെ സംവിധാനം ചെയ്തിരിക്കുന്ന ഈ ഉന്നതമായ നിയമവ്യവസ്ഥിതി ഉടമസ്ഥനും നിയന്താവുമൊന്നുമില്ലാതെ തന്നത്താൻ നടപ്പിൽ വന്നുകൊണ്ടിരിക്കുന്നതാണോ? നിരവധി അത്ഭുതങ്ങളുടെ സമന്വയമായ ഈ പ്രപഞ്ചം സ്വയംഭൂവാണെന്ന് ആദമിന്റെ മക്കളിൽ ബുദ്ധിയുള്ള ആരെങ്കിലും പറഞ്ഞ് തൃപ്തിയടയുമെന്ന് ഞാൻ കരുതുന്നില്ല. ഇത്രയും പറഞ്ഞതിന്റെ സാരമിതാണ്; യുക്തിയുക്തമായ വ്യവസ്ഥിതിയോടെ ചരിക്കുന്ന ഈ ബ്രഹ്മാണ്ഡകടാഹം ദൈവാസ്തിക്യത്തിനുള്ള പ്രബലമായൊരു തെളിവ് പ്രദാനം ചെയ്യുന്നു. ബുദ്ധിയുള്ള ആർക്കും ഇതു നിഷേധിക്കാൻ സാധ്യമല്ല.

ലോകത്തുള്ള വിവിധ വസ്തുക്കളേയും അതിന്റെ ഭാഗങ്ങളേയും വേർതിരിച്ചെടുത്ത് ഞാൻ പറഞ്ഞത്, ഓരോ വസ്തുവും അതിന്റെ സത്തയിൽ യുക്തിയുക്ത നിയമവ്യവസ്ഥിതിയ്ക്ക് വിധേയമായി ചലിച്ചുകൊണ്ടിരിക്കുന്ന അത്ഭുതകരമായ അസ്തിത്വമാണെന്നും അതു

കൊണ്ട് പ്രപഞ്ചസൃഷ്ടിപ്പിന്, എല്ലാമറിയുന്നവനും സർവ്വശക്തിമാനും യുക്തിനിർഭരനും നിയന്താവുമായ ഒരു അസ്തിത്വമുണ്ടെന്ന് സമ്മതിക്കാൻ മനുഷ്യൻ  നിർബന്ധിതനാണെന്നു സ്ഥാപിക്കാനുമാണ്.

എന്നാൽ, ഒരു വസ്തുവിന്റെ വിവിധ അവയവങ്ങളുടെ പരസ്പര ബന്ധത്തെക്കുറിച്ച് വിശകലനം നടത്തുമ്പോൾ അല്ലെങ്കിൽ വിവിധ വസ്തുക്കളുടെ അന്യോന്യബന്ധത്തെക്കുറിച്ച് പരിശോധിക്കുമ്പോൾ ഈ തെളിവ് കൂടുതൽ സ്ഫുടമായി നമ്മുടെ മുമ്പിൽ പ്രത്യക്ഷമാകും. ഉദാഹരണത്തിന് ഒട്ടകത്തെ നോക്കുക. പ്രകൃതിയുടെ മറഞ്ഞതും അജ്ഞാതവുമായ ഏതെങ്കിലും വ്യവസ്ഥയനുസരിച്ച് അതിന്റെ കാല് നീളമുള്ളതായിത്തീർന്നു എന്ന് നമുക്ക് സങ്കല്പിക്കാം. എന്നാൽ, ഒട്ടകത്തിന് നീളമുള്ള കാല് നല്കിയ ആ സാങ്കല്പിക നിയമത്തിന് വെള്ളം കുടിക്കാൻ മുഖം താഴെവരെ എത്തത്തക്ക രീതിയിൽ കഴുത്തിന് നീളം കൂട്ടണമെന്ന് എങ്ങനെയാണ് മനസ്സിലായത്? ഒട്ടകത്തിൽ മാത്രമല്ല ഓരോ ജീവിയിലും ഇതേ യുക്തിയുക്ത നിയമവ്യവസ്ഥിതി പുലർന്നു കാണാം. എന്തെങ്കിലും ഗുണത്തിനായി കാല് നീളമുള്ളതാക്കിയിട്ടുണ്ടെങ്കിൽ അവിടെ കഴുത്തും നീളമുള്ളതാക്കിയിട്ടുണ്ട്. കാലു ചെറുതാണെങ്കിൽ കഴുത്തും ചെറുതായിരിക്കും. കാലപ്പഴക്കത്താലും പ്രകൃത്യാനുസൃതമായും നീളം കൂടിയ കാലുകൾ കാരണത്താൽ കഴുത്തും പതുക്കെക്കണ്ട് നീളമുള്ളതായി മാറിയതാണെന്ന് പറഞ്ഞേക്കാം. ഈ നിഗമനം ശരിയല്ല. കാരണം ലോകജീവികളുടെ ചരിത്രം പരിശോധിക്കുമ്പോൾ നീണ്ടകാലുകളുള്ള ജീവികളുടെ കഴുത്ത് ആദ്യം ചെറുതായിരുന്നുവെന്നും പിന്നീട് യാദൃച്ഛികമായോ മറ്റോ കഴുത്തിന് നീളം കൂടിയതാണെന്നും ഉള്ളതിന് തെളിവൊന്നുമില്ല. നീളങ്കാലൻ മൃഗങ്ങൾ അതിന്റെ കഴുത്ത് കുറുകിയതായിരുന്നപ്പോൾ എങ്ങനെ ജീവിച്ചു? ഈ ചോദ്യത്തിന് ഉത്തരം മൗനമാണ്. ഞാനൊരു വലിയ ഉദാഹരണമാണ് ഇപ്പോൾ പറഞ്ഞത്. ആഴത്തിൽ ചിന്തിക്കുമ്പോൾ, ഓരോ വസ്തുവിന്റേയും അവയവങ്ങൾ സമുചിതാവസ്ഥയോടെ പരസ്പരം സഹവർത്തിത്വം പുലർത്തുന്നു എന്ന് കാണുമ്പോൾ നാം അത്ഭുതപ്പെട്ടുപോകും.

വീണ്ടും ഇതേ കാര്യത്തെക്കുറിച്ചുതന്നെ കൂടുതൽ വിചിത്രമായ ധാരണകൾ വെച്ചുപുലർത്തുന്ന കാഴ്ചകളാണ് നമുക്ക് കാണാൻ കഴിയുന്നത്. അതായത് പ്രകൃതിനിയമത്തിന്റെ യാദൃച്ഛിക മായ ഒരു വിസ്മയമായി പുരുഷന്റെ ശരീരത്തിൽ മനുഷ്യപരമ്പരയുടെ ബീജത്തെ

ഉത്പാദിപ്പിച്ചുവത്രെ. അതേ നിയമത്തിന്റെ പ്രചോദനത്താൽതന്നെ പുരുഷനേയും സ്ത്രീയേയും ഒത്തുചേരാൻ സംഗതമാക്കി. അതോടെ പുരുഷബീജത്തെ സ്ത്രീയുടെ അണ്ഡവുമായിസംയോജിക്കുമാറ് സ്ത്രീയുടെ ഗർഭപാത്രത്തിലെത്തിക്കുകയും ചെയ്തു. പിന്നീട് അതേ നിയമംതന്നെ ബീജവും അണ്ഡവുമായിച്ചേർന്ന് പുതിയൊരു സൃഷ്ടിയെ ഒമ്പതുമാസംവരെ പോറ്റിവളർത്തി. പിന്നീടതിന് ഹൃദയവും തലച്ചോറുമൊക്കെയുള്ള അത്യാകർഷക രൂപത്തോടുകൂടിയ ഒരു ജീവിയാക്കിത്തീർത്തു. അതേ നിയമംതന്നെ പ്രസ്തുത ജീവിയെ മാതാവിന്റെ വയറ്റിൽനിന്ന് വെളിയിൽക്കൊണ്ടുവന്നു. അതായത് ആ ഒരു ബീജത്തിന്റെ ആന്തരികമായ മാറ്റങ്ങളെല്ലാം യാദൃച്ഛികമായ ഒരു പ്രകൃതി നിയമമനുസരിച്ച് സംഭവിച്ചു വത്രെ! ശരിതന്നെ. എന്നാൽ, ഗർഭപാത്രത്തിൽനിന്ന് വെളിയിൽവന്ന് ലോകവെളിച്ചം കാണുന്നതിനു മുമ്പേ ആ കുഞ്ഞിനുള്ള ആഹാരം ആദ്യമേതന്നെ ഇവിടെ ഉണ്ടാക്കുന്നതിനായി മാതാവിന്റെ മാറിടത്തിൽ പാല് സൃഷ്ടിക്കണമെന്നുള്ള കാര്യം പ്രസ്തുത നിയമത്തിന് എവിടെനിന്നാണ് മനസ്സിലായത്? മാതാവിന്റെ മാറിടം കുട്ടിയുടെ ശരീരഭാഗമല്ല. അപ്പോൾ, കുട്ടിക്കുവേണ്ടി, മറ്റൊരിടത്ത്, അതായത് മാതാവിന്റെ സ്തനം എങ്ങനെ വളർന്നുവരാൻ തുടങ്ങി?. **സുബ്ഹാനല്ലാഹ്! മാ ഖദറുല്ലാഹ ഹഖ്ഖ ഖദ്‌രിഹി.** *(അല്ലാഹു പരിശുദ്ധനാണ്. അല്ലാഹുവിന്റെ മഹത്ത്വം അതർഹിക്കുംവിധം അവൻ വിലയിരുത്തുന്നില്ല.)*

ഇനി, ഇങ്ങനേയും അവർ പറയുന്നത് നാം കേൾക്കുന്നു. ഭൂമി സ്വയം ഉണ്ടായി. അതിൽ ജീവജാലങ്ങളുണ്ടായതും സ്വയംതന്നെ. മനുഷ്യനും സ്വയമേവ ഇല്ലാത്ത അവസ്ഥയിൽനിന്ന് ഉണ്ടെന്ന അവസ്ഥയിലെത്തി. അവന്റെ മൂക്കും ചെവിയും കണ്ണുമെല്ലാം സ്വയം മുളച്ചുപൊന്തി. അങ്ങനെ നാം ഇതെല്ലാം ഏതോ ഒരു യാദൃച്ഛികനിയമത്തിന്റെ ഫലമായിട്ടാണ് ഉണ്ടായതെന്ന് കരുതണംപോൽ! ഒന്നുചോദിക്കട്ടെ കണ്ണിൽ ലീനമായ കാഴ്ചശക്തി പ്രകടിപ്പിക്കുന്നതിനുവേണ്ടി ഒമ്പത്കോടി നാഴികൾക്കപ്പുറത്ത് ഒരു വിളക്കു തെളിക്കുകയും അതിന്റെ പ്രകാശകിരണങ്ങൾ ഭൂമിയിലെത്തിക്കുകയും കണ്ണുകൾ അതിന്റെ കാഴ്ചശക്തിയെ പ്രയുക്തമാക്കുകയും ചെയ്യുന്ന അവസ്ഥ എങ്ങനെയുണ്ടായി?

മരം ഭൂമിയിൽ മുളച്ചു പൊന്തിയതാണ്. ആദ്യം അതൊരു ബീജമായിരുന്നു. അത് മണ്ണിൽ കുഴിച്ചിട്ടു. അപ്പോൾ അതു മുളച്ചു പൊന്തുന്നതിന് ജലം ആവശ്യമുണ്ടെന്ന് ചിന്തിച്ചതാരാണ്? സൂര്യകിരണങ്ങൾ

കടലിൽ പതിക്കാനും അവിടെനിന്ന് കോടിക്കണക്കിന് ടൺ വെള്ളം ഉയർത്തി കാറ്റുമുഖേന വരൾച്ചബാധിതപ്രദേശത്തേക്ക് എത്തിക്കാനും പിന്നീട് കാർമേഘത്തിന്റെ രൂപത്തിലാക്കി മഴ വർഷിക്കാനും ഏർപ്പാടു ചെയ്തതാരാണ്? ഇതൊക്കെയും മുകളിൽ പറഞ്ഞ യാദൃച്ഛിക നിയമവ്യവസ്ഥിതിയാണ് രൂപംകൊടുത്തതെങ്കിൽ അതുതന്നെയാണ് ഞങ്ങൾ പറയുന്ന ആ അസ്തിത്വം. സ്രഷ്ടാവും ഉടമസ്ഥനും രക്ഷിതാവും സർവ്വജ്ഞനും സർവശക്തനും യുക്തിജ്ഞനും നിയന്താവും സർവരക്ഷകനുമാണവൻ. അവൻ ചിന്തിക്കുന്നു. ഓരോ കാര്യങ്ങളും അവൻ ആലോചിച്ചുറപ്പിക്കുന്നു. അവൻ സന്ദർഭോചിതം പ്രവർത്തിക്കുന്നു. പ്രവർത്തിക്കാൻ ആവശ്യമായ സാധനസാമഗ്രികളും അവൻ സന്നദ്ധമാക്കുന്നു.

അതുകൊണ്ട് പേരെന്തുമായിക്കൊള്ളട്ടെ, അവൻ തന്നെയാണ് നമ്മുടെ ദൈവം. അവന്റെ മുമ്പിൽ നാം സ്നേഹത്തിന്റേയും ദാസ്യത്തിന്റേയും പ്രണാമം അർപിക്കുന്നു. ഏതു രീതികൾ സ്വീകരിച്ചാലും ഈ പ്രപഞ്ചവും ഇതിന്റെ യുക്തിയുക്തമായ വ്യവസ്ഥിതിയും, സ്രഷ്ടാവും ഉടമസ്ഥനും യുക്തിജ്ഞനും സർവ്വജ്ഞനും സർവശക്തനും നിയന്താവുമായ ഒരു അസ്തിത്വത്തിലേക്ക് സദാ സൂചന നല്കിക്കൊണ്ടിരിക്കുന്നുവെന്ന കാര്യം സമ്മതിക്കാതിരിക്കാൻ നിർവാഹമില്ല. ഈ എല്ലാ ഗുണവിശേഷങ്ങളാലും പുകഴ്ത്തപ്പെട്ട ദൈവത്തിലേക്കാണ് മതം മനുഷ്യനെ ബന്ധിപ്പിക്കുന്നത്.

ഇവിടെ ഒരു കാര്യം ഓർക്കേണ്ടതുണ്ട്. നമ്മുടെ ചെറുപ്പക്കാരായ സഹോദരങ്ങൾ എളുപ്പത്തിൽ കാര്യം ഗ്രഹിക്കുന്നതിനും വഞ്ചനകളിൽ അകപ്പെടാതിരിക്കുന്നതിനും സാധാരണ ശൈലിയിലും സരളമായ നിലയിലുമാണ് ഞാൻ ഈ ലക്ഷ്യങ്ങൾ ഇവിടെ വിവരിച്ചിട്ടുള്ളത്. വളരെ വിജ്ഞാനപരമായ രീതിയിലും ഇതിനെ വിശദീകരിക്കാൻ കഴിയും. ഞാൻ പറഞ്ഞുവന്നതിന്റെ സംഗ്രഹമിതാണ്. പ്രകൃതിയുടെ പഠനത്തിൽനിന്ന് സൃഷ്ടിജാലങ്ങളിൽ വ്യക്തിപരവും സാമൂഹികവുമായ നിലയിൽ മൂന്നുകാര്യങ്ങളുണ്ടെന്ന് മനസ്സിലാകുന്നു.

ഒന്നാമത്തേത് ലോകത്തിലുള്ള എല്ലാത്തിലും സ്വന്തം നിലയിലായാലും, മറ്റുള്ളവയോട് ചേർന്ന് നില്ക്കുന്ന നിലയിലായാലും പൂർണവും സമഗ്രവുമായ ഒരു നിയമം അവയെ ഭരിക്കുന്നു എന്നതാണ് വാസ്തവം. ഈ നിയമത്തെ പ്രകൃതിനിയമം - Law of Nature എന്നുപറയുന്നു. ഇതിനെക്കുറിച്ച് അവഗാഢം ചിന്തിക്കുന്ന പക്ഷം ഇത് പ്രപഞ്ചനാഥന്റെ

അസ്തിത്വത്തിനുള്ള പ്രബലവും പ്രസക്തവുമായ ദൃഷ്ടാന്തമായി പരിലസിക്കും. എന്നാൽ, ദുഃഖമെന്നു പറയട്ടെ, ദീർഘദൃഷ്ടിയുടെ അഭാവം നിമിത്തം ഈ നിയമംതന്നെ ചിലരെ വഞ്ചിതരാക്കി മാറ്റുന്നു.

രണ്ടാമത്തേത്, ഓരോ വസ്തുവിലും പ്രകൃതിയിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന യുക്തിഭദ്രമായ നിയമത്തിലും വ്യക്തിഗതമായ നിലയിൽ മാത്രമല്ല സാമൂഹികമായ നിലയിലും ഒരു പ്രത്യേക നിർദ്ദേശിത രൂപവും (Design) ക്രമവും (Plan) കാണാവുന്നതാണ്. ഇതു കാണുന്ന ഒരാൾക്ക് ഇതെല്ലാം യാദൃച്ഛികമായി ഉണ്ടായതാണെന്ന് പറയാൻ കഴിയുകയില്ല.

മൂന്നാമത്തേത്, ഈ ലോകത്തിലെ എല്ലാ വസ്തുക്കളിലും ഒരു സിദ്ധാന്തവാദം - Teleology നടപ്പുള്ളതായി കാണുന്നു. ഇതാവട്ടെ, ദൈവാസ്തിക്യത്തിനുള്ള പ്രബലമായ രേഖയാണ്. വളരെ സംക്ഷിപ്തമായി പറഞ്ഞാൽ പ്രപഞ്ചവ്യവസ്ഥിതിയുടെ നിരീക്ഷണത്തിൽനിന്ന് ഈ ലോകം സ്വയംഭൂതമല്ലെന്നും മറിച്ച് എല്ലാ ഓരോ കാര്യങ്ങളും നിയന്ത്രിച്ചുകൊണ്ടിരിക്കുന്ന ഒരു നിയാമകശക്തിയിലൂടെ സൃഷ്ടിക്കപ്പെട്ടതാണെന്നുമുള്ള അതിശക്തമായ ഒരു ചിന്ത മനുഷ്യരിൽ അങ്കുരിപ്പിക്കുന്നു.

ഇങ്ങനെ പ്രപഞ്ച സംവിധാനത്തെക്കുറിച്ചുള്ള പഠനം ഈ ലോകം സ്വയംഭൂവല്ല, കാര്യങ്ങൾ ഭംഗിയായി നോക്കിനടത്തുന്ന അത്യുന്നതനായ ഒരു അസ്തിത്വത്തിന്റെ ശക്തമായ കരങ്ങളാൽ സൃഷ്ടിക്കപ്പെട്ടതാണെന്ന ചിരന്തന സത്യത്തിലേക്കാണ് മനുഷ്യരെ നയിക്കുന്നത്.

## പാശ്ചാത്യ ഗവേഷകന്മാരും ദൈവവിശ്വാസവും

ഈ ചർച്ച അവസാനിപ്പിക്കുന്നതിനുമുമ്പേ ശാസ്ത്രത്തിന്റേയും യുക്തിയുടേയും അടിസ്ഥാനത്തിൽ സകലകാര്യങ്ങളും വീക്ഷിക്കുന്ന പാശ്ചാത്യ ഗവേഷകൻമാരെപ്പറ്റി അല്പം ചില കാര്യങ്ങൾ ഇവിടെ പറയട്ടെ. ഇക്കാലത്ത് പാശ്ചാത്യജനതയിൽ ദൈവാസ്തിക്യത്തെ നിഷേധിക്കുന്നവർ മിക്കവാറും ശാസ്ത്രത്തിന്റേയും ആധുനികതത്ത്വചിന്തയുടേയും വീക്ഷണത്തിൽനിന്നാണ് അത് സമർഥിക്കുന്നതെന്ന് നാം മനസ്സിലാക്കണം. മൂലധാതുക്കൾക്ക് വിവിധ രൂപം പ്രാപിക്കാനുള്ള കഴിവ് സ്വാഭാവികമായിത്തന്നെ കാണപ്പെടുന്നുണ്ടെന്നും കുറേക്കാലം താണസ്ഥിതിയിൽ ഇരുന്നാൽ പിന്നീട് ഉയർന്ന സ്ഥിതിയിലേക്ക് അതിന് പരിവർത്തനം ചെയ്യാനുള്ള സ്വാഭാവിക ശക്തിവിശേഷം ഉണ്ടാകുമെന്നും അവർ പറയുന്നു. ഈ ഭൗതികലോകം പരിണാമ സിദ്ധാ

ന്തത്തിന് വിധേയമായുണ്ടായ പല മാറ്റങ്ങളുടേയും ഫലമായിട്ടാണ് ഇന്നത്തെ സ്ഥിതി പ്രാപിച്ചതെന്നവർ വാദിക്കുന്നു. ഉദാഹരണമായി മനുഷ്യൻ ആരംഭംതൊട്ടേ ഈ രൂപത്തിലായിരുന്നില്ലെന്നും, വിദൂര ഭൂതത്തിൽ അവൻ കേവലം താണനിലയിലുള്ള ഒരു വസ്തുവായിരുന്നുവെന്നും അത് മെല്ലെ മെല്ലെ പരിണമിച്ച് ഇന്നത്തെ രൂപം പ്രാപിച്ചുവെന്നുമാണ് അവർ പറയുന്നത്. ലോകത്തുള്ള മറ്റു വസ്തുക്കളെ സംബന്ധിച്ചും, അവ ആരംഭദശയിൽ വളരെ താണനിലയിലായിരുന്നുവെന്നും പിന്നീട് പരിണാമ സിദ്ധാന്തമനുസരിച്ച് പതുക്കെപ്പതുക്കെ അഭിവൃദ്ധി പ്രാപിച്ചതാണെന്നും അവർ പറയുന്നു. അതുപോലെതന്നെ ഇന്നു ലോകത്തു വിവിധ ഇനത്തിലും രൂപത്തിലും സ്വഭാവത്തിലും കാണപ്പെടുന്ന മിക്ക വസ്തുക്കളിലും ഒരു കാലത്ത് ഇത്രത്തോളം വ്യത്യാസമുണ്ടായിരുന്നില്ലെന്നും ലോകം അതിന്റെ ആരംഭഘട്ടത്തിൽ ഏതാനും ചില പരിമിതമായ നിസ്സാര വസ്തുക്കളുടെ ആകൃതിയിലായിരുന്നുവെന്നും അത് മെല്ലെ പരിണമിച്ച് ഇന്നത്തെ ഈ അത്ഭുത പ്രപഞ്ചമായിത്തീർന്നതാണെന്നും അവർ വാദിക്കുന്നു. അതുകൊണ്ട് ഈ പ്രപഞ്ചത്തേയും ഇതിലെ സൂക്ഷ്മവും സവിസ്തരവും ബുദ്ധിപൂർവ്വവുമായ വ്യവസ്ഥിതിയേയും, പുറമെ നിന്നുള്ള ഒരു ആസൂത്രകന്റേയോ വിധികർത്താവിന്റേയോ അസ്തിത്വത്തിന് തെളിവായെടുക്കാൻ പാടുള്ളതല്ലെന്ന് അവർ പറയുന്നു. കാരണം ഇതെല്ലാം പരിണാമ സിദ്ധാന്തമനുസരിച്ച് സ്വാഭാവികമായിത്തന്നെ ഉടലെടുത്തിട്ടുള്ളതാണ്.

ഈ ലോകം വ്യക്തമായ പ്രത്യേക നിയമത്തിനു വിധേയമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു എന്നതാണ് പാശ്ചാത്യ ഗവേഷകന്മാർ പറയുന്ന മറ്റൊരു കാര്യം. അവർ പറയുന്നു: ഇപ്പോഴും ഓരോ വസ്തുവും പ്രത്യേകമായൊരു നിയമത്തിനു വിധേയമായിത്തന്നെയാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. എല്ലാ പരിണാമങ്ങളുടേയും അനക്കമടക്കങ്ങളുടേയും കാരണം ശാസ്ത്രീയ ഗവേഷണത്താൽ നമുക്ക് കണ്ടെത്താൻ കഴിയും. നാം ദിനേന പ്രകൃതിനിയമത്തിന്റേയും വസ്തുക്കളുടെ സ്വഭാവത്തിന്റെയും അവ തമ്മിലുള്ള ബന്ധത്തിന്റേയും യഥാർത്ഥ സ്ഥിതി വരെയുള്ള കാര്യങ്ങളിലേക്ക് എത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. ശാസ്ത്രത്തിന്റെ വിവിധ വകുപ്പുകളായ ഫിസിക്സ്, കെമിസ്ട്രി, മെക്കാനിക്സ്, ആന്ത്രോപ്പോളജി, ജിയോളജി, ബോട്ടണി, സുവോളജി, അനാട്ടമി, ഫിസിയോളജി, അസ്ട്രോണമി, സൈക്കോളജി മുതലായവയിൽ നമുക്കുണ്ടായിട്ടുള്ള പുരോഗതി കാരണം, മുമ്പ് അജ്ഞാതവും നമ്മുടെ ദൃഷ്ടിയിൽനിന്ന് മറഞ്ഞിരുന്നതുമായ നിരവധി രഹസ്യങ്ങൾ ഇന്ന്

തുറന്ന നിലയിൽ പ്രത്യക്ഷപ്പെട്ടിരിക്കുന്നു. അറിവില്ലായ്മകൊണ്ടും പൂർവ്വികരെ അന്ധമായി പിന്തുടർന്നതിനാലും നമുക്കുണ്ടായിരുന്ന പല തെറ്റായ ധാരണകളും ആധുനിക വിജ്ഞാനത്തിന്റെ വെളിച്ചത്തിൽ നീങ്ങിക്കൊണ്ടിരിക്കുകയാണ്. ജീവിതത്തിന്റെയും ലോകനിലനില്പിന്റേയും രഹസ്യം ദിനംപ്രതി കൂടുതൽകൂടുതലായി വെളിപ്പെട്ടുകൊണ്ടിരിക്കുന്നു. അതായത് മുൻകാലങ്ങളിൽ മനുഷ്യൻ അവന്റെ ബുദ്ധിക്കും ധാരണയ്ക്കും അതീതമായിക്കരുതി ഏതോ അജ്ഞാത ശക്തിയുമായി ബന്ധപ്പെടുത്തിയിരുന്ന കാര്യങ്ങൾ നമുക്കിപ്പോൾ ആധുനിക വിജ്ഞാനങ്ങളുടെ വെളിച്ചത്തിൽ അവയൊക്കെ ചില നിശ്ചിത പ്രകൃതി നിയമത്തിന്റെ ഫലങ്ങളാണെന്ന് സ്ഥാപിക്കാൻ കഴിയുന്നു. അതുകൊണ്ട് പ്രപഞ്ചമാകുന്ന ഈ തൊഴിൽശാലയെ ആരും ഒരിക്കലും കണ്ടിട്ടില്ലാത്തതും ഗ്രഹിച്ചിട്ടില്ലാത്തതുമായ ഏതെങ്കിലുമൊരു ദൈവവുമായി ബന്ധപ്പെടുത്തുന്നത് മഠയത്തരമാണ്.

ഇതാണ് ചില പാശ്ചാത്യ ഗവേഷകന്മാരുടെ ഭാഗത്തുനിന്ന് ദൈവാസ്തിക്യത്തിന്നെതിരെ ഉന്നയിക്കപ്പെടുന്ന വാദങ്ങൾ. ആഴത്തിൽ ചിന്തിക്കുന്ന പക്ഷം ഈ വാദങ്ങൾ നിരർത്ഥകമാണെന്ന് മനസ്സിലാക്കാൻ കഴിയും. പരിണാമ സിദ്ധാന്തത്തിന്റെ വിശകലനത്തിലേക്ക് നമുക്കിവിടെ പോകേണ്ട ആവശ്യമില്ല. അതു തെറ്റായാലും ശരിയായാലും, ഭാഗികമായി തെറ്റും ഭാഗികമായി ശരിയുമായിരുന്നാലും ദൈവാസ്തിക്യത്തിന്നെതിരെയുള്ള ഒരു തെളിവായി ഉന്നയിക്കാൻ ഒരിക്കലും സാധ്യമല്ല. എന്തെന്നാൽ, ആ സിദ്ധാന്തം പ്രപഞ്ചോൽപ്പത്തിയെ സംബന്ധിച്ച് ഒരു വെളിച്ചവും വീശുന്നില്ല. അതിന്റെ ബന്ധം, ലോകത്ത് ഇന്ന് നിലവിലുള്ള വസ്തുക്കൾ എന്നും ഇതേ നിലയിലായിരുന്നില്ലെന്നും അവ അധഃസ്ഥിതമായ അവസ്ഥയിൽനിന്ന് അഭിവൃദ്ധിപ്പെട്ട് ഇപ്പോഴത്തെ അവസ്ഥയിൽ എത്തിച്ചേർന്നതാണെന്ന സിദ്ധാന്തവുമായിട്ടാണ്. എന്നാൽ, അധഃസ്ഥിതാവസ്ഥയിലുള്ള ആ വസ്തുക്കൾ എവിടെനിന്ന് വന്നുവെന്നതാണ് യഥാർത്ഥ പ്രശ്നം. ഇതിനെ സംബന്ധിച്ച് യുക്ത്യാധിഷ്ഠിതമായി ഒരു വിശദീകരണം നല്കാൻ പരിണാമവാദികൾക്ക് സാധിച്ചിട്ടില്ല. ലോകോൽപ്പത്തിയെ സംബന്ധിച്ച് വിശദീകരിക്കാത്തിടത്തോളം കാലം പരിണാമസിദ്ധാന്തത്തെ ദൈവനിഷേധത്തിന് തെളിവായി ഉന്നയിക്കുന്നത് നിരർത്ഥകമായിരിക്കുകയേയുള്ളൂ. മനുഷ്യനോ മറ്റു വസ്തുക്കളോ ആരംഭഘട്ടത്തിൽ ഏതോ നിസ്സാരമായ അവസ്ഥയിലായിരുന്നുവെന്നും അവ കാലാന്തരത്തിൽ അഭിവൃദ്ധിപ്പെട്ട് ഇന്നത്തെ അവസ്ഥ പ്രാപിച്ചതാണെന്നും തെളിയുന്നതുകൊണ്ട് മാത്രം

ഈ ലോകത്തിന് ഒരു സ്രഷ്ടാവില്ലെന്ന് അനുമാനിക്കാൻ കഴിയുമോ? ഒരിക്കലുമില്ല.

ലോകം അതിന്റെ ആരംഭഘട്ടത്തിൽ വളരെ നിസ്സാരമായിരുന്നുവെന്നും പിന്നീട് മൂലധാതുക്കളുടെ അഭ്യന്തരമായ പ്രത്യേകതകളാൽ കൂടുതൽ ഉന്നതവും പരിപൂർണവുമായ രൂപം പ്രാപിച്ചുകൊണ്ടിരുന്നതാണെന്നും തെളിഞ്ഞ സ്ഥിതിക്ക് എന്തായാലും മുകളിൽപ്പറഞ്ഞ തെളിവ് -പ്രപഞ്ചം വിവിധങ്ങളായ അസംഖ്യം വസ്തുക്കളുടെ സമാഹാരവും ഏറ്റവും സൂക്ഷ്മവും ബുദ്ധിപൂർവവുമായ നിയമത്തിനു വിധേയമായി പ്രവർത്തിക്കുകയും ചെയ്യുന്നതുകൊണ്ട് അത് പുറത്തുള്ള ഒരു ആസൂത്രകന്റേയും നിയമകന്റേയും അധീനത്തിലാണെന്നു മനസ്സിലാക്കിത്തരുന്നുണ്ടെന്നുള്ള തെളിവ് -ദുർബലപ്പെട്ടുപോയെന്ന് വല്ലവരും പറഞ്ഞാൽ, അത് വിഡ്ഢിത്തമായിരിക്കും. എന്തുകൊണ്ടെന്നാൽ, പ്രാരംഭഘട്ടത്തിൽ അതിനിസ്സാരമാണെന്ന് തോന്നിപ്പിച്ച ആ വസ്തുക്കളിൽ അഭിവൃദ്ധിപ്രാപിച്ച് അത്ഭുതകരമായൊരു പ്രപഞ്ചമായിത്തീരത്തക്ക പ്രത്യേകതകൾ നിഗൂഢമായി വർത്തിച്ചിരുന്നുവെന്നതും അവയ്ക്ക് കൈവന്ന അഭിവൃദ്ധിയോടൊപ്പം തന്നെ യുക്തിഭദ്രമായൊരു നിയമവും പുലർന്നിരിന്നുവെന്നതും അത്ഭുതങ്ങളിൽവെച്ച് വലിയൊരു അത്ഭുതമാണ്. എന്നുമാത്രമല്ല, അവധാനപൂർവ്വം ആലോചിക്കുകയാണെങ്കിൽ, ഈ ഭൗതികലോകത്തിന്റെ ആരംഭഘട്ടമായി വിവരിക്കപ്പെടുന്ന ആ അവസ്ഥ (അത് ശരിയോ തെറ്റോ എന്നത് അവിടെനിൽക്കട്ടെ) ഇന്നത്തെ പ്രപഞ്ചത്തേക്കാൾ ഒട്ടേറെ അത്ഭുതകരവും മനുഷ്യബുദ്ധിയെ അമ്പരിപ്പിക്കുന്നതുമാണെന്നു മനസ്സിലാകുന്നതാണ്. കാരണം, ആ ആരംഭാവസ്ഥ ഇന്നു നാം കാണുന്ന ലോകത്തിന്റെ ബീജമായിരുന്നുവെന്നത് പ്രത്യക്ഷമാണ്. വൃക്ഷത്തെ അപേക്ഷിച്ച് അതിന്റെ ബീജം കൂടുതൽ അത്ഭുതകരവും കൂടുതൽ യുക്ത്യാധിഷ്ഠിതവുമാണെന്ന് ഓരോ ബുദ്ധിമാനും മനസ്സിലാക്കാൻ കഴിയും. എന്തെന്നാൽ, അത് അളവിൽ ചെറുതും, കാഴ്ചയിൽ നിസ്സാരവുമാണെങ്കിലും പിന്നീട് ഒരു വൃക്ഷമായ നിലയിൽ പ്രവൃത്തികൊണ്ട് പ്രകടമാക്കുന്ന എല്ലാ കഴിവും ശക്തിയും പ്രത്യേകതയും അതിൽ അന്തർഭവിച്ചിരുന്നു. അതുകൊണ്ട് ലോകം അതിന്റെ ആരംഭഘട്ടത്തിൽ വളരെ ചെറിയതും അങ്ങേയറ്റം നിസ്സാരവുമായിരുന്നുവെന്നത് ഈ പ്രപഞ്ചത്തെ കൂടുതൽ അത്ഭുതകരവും വിജ്ഞാനഭരിതവുമാക്കിത്തീർക്കുകയും പ്രകൃതിനിർമാതാവിന്റെ അസ്തിത്വത്തിന് അധികമധികമായ തെളിവ് തരികയുമാണ് ചെയ്യുന്നത്. കാരണം കാലാന്തരത്തിൽ ഏറ്റവും ശക്തിമത്തും ഉദ്വേഗപൂർണവും

യുക്തിഭദ്രവുമായൊരു ലോകം ആയിത്തീരാനുള്ള കഴിവും ശക്തിയും മൂലധാതുവിന്റെ അതിനിസ്സാരമായ ആ ആരംഭഘട്ടത്തിൽത്തന്നെ ദൈവം നിറച്ചുവെക്കുകയും ഏതൊരു പരിപൂർണവും ബുദ്ധിപൂർവവുമായ നിയമത്തിനു വിധേയമായി ലോകത്തുള്ള കണക്കറ്റ അത്ഭുതവസ്തുക്കൾ അതതിന്റെ വൃത്തങ്ങളിൽ പ്രവർത്തിച്ചുകൊണ്ട് ജനങ്ങളുടെ ബുദ്ധിയെ അമ്പരപ്പിച്ചുകൊണ്ടിരിക്കുന്നുവോ ആ നിയമത്തെ ലോകത്തിന്റെ വളർച്ചയോടൊപ്പം തന്നെ അവൻ സൃഷ്ടിച്ചുകൊണ്ടിരിക്കുകയുമാണ് ചെയ്യുന്നത്. അതുകൊണ്ട്, പരിണാമ സിദ്ധാന്തം ദൈവനിഷേധത്തിന് കാരണമായി പറയുന്നത് ധിക്കാരമാണ്. വാസ്തവത്തിൽ ആ സിദ്ധാന്തം ദൈവത്തിന്റെ യുക്തി നിർഭരമായ ശക്തിമാഹാത്മ്യത്തിലും നിസ്തുലമായ പ്രവൃത്തി വൈഭവത്തിലും കൂടുതൽ വെളിച്ചം വീശുകയാണ് ചെയ്യുന്നത്.

ഇനി രണ്ടാമത്തെ ആക്ഷേപത്തെപ്പറ്റി ചിന്തിക്കാം. ലോകത്തുള്ള ഓരോ വസ്തുവും ഓരോ മാറ്റവും ഓരോ ചലനവും ഓരോതരത്തിലുള്ള പ്രത്യേക നിയമങ്ങൾക്ക് വിധേയമാണെന്നും നിഗൂഢമായ ആ പ്രകൃതിനിയമത്തെപ്പറ്റി ഇപ്പോൾ കൂടുതൽക്കൂടുതൽ അറിഞ്ഞുകൊണ്ടിരിക്കുകയാണെന്നും ലോകത്തു നടക്കുന്ന സംഭവങ്ങളെല്ലാം പ്രകൃതി നിയമമനുസരിച്ചാണ് നടക്കുന്നതെന്ന വസ്തുത തെളിഞ്ഞുകൊണ്ടിരിക്കുകയാണെന്നും അതുകൊണ്ട് ദൈവമെന്നൊന്നില്ല, ഉള്ളത് പ്രകൃതിനിയമം മാത്രമാണെന്നാണ് രണ്ടാമത്തെ ആക്ഷേപം. ഇതും അങ്ങേയറ്റം ദുർബലവും അടിസ്ഥാന രഹിതവുമായ ആക്ഷേപമാണ്. ലോകം ഏതെങ്കിലും നിയമത്തിനോ കാര്യകാരണ പരമ്പരയ്ക്കോ വിധേയമല്ലെന്ന് നാമൊരിക്കലും വാദിച്ചിട്ടില്ല. നിയമമൊന്നും കൂടാതെയും മധ്യവർത്തിയില്ലാതെയും ദൈവത്തിന്റെ നേരിട്ടുള്ള പ്രവർത്തനം കൊണ്ടാണ് എല്ലാം നടക്കുന്നതെന്നും നാം പറഞ്ഞിട്ടില്ല. പ്രപഞ്ചമാകുന്ന ഈ തൊഴിൽശാല ഏറ്റവും ബുദ്ധിപൂർവ്വമായ നിയമത്തിനും അതിസൂക്ഷ്മമായ കാര്യകാരണ പരമ്പരയ്ക്കും വിധേയമായിട്ടാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതെന്ന് നാം സമ്മതിക്കുന്നു. ഇസ്‌ലാം നമുക്ക് പഠിപ്പിച്ചുതരുന്നതും അതുതന്നെയാണ്. ഇതേ നിയമത്തെ ദൈവാസ്തിക്യത്തിനുള്ള തെളിവായി നാം ഉന്നയിക്കുകയും ചെയ്തിരിക്കുന്നു. അതുകൊണ്ട് ലോകത്തുള്ള ഓരോ വസ്തുവും ഒരു പ്രത്യേക നിയമത്തിനു വിധേയമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നുവെന്നുള്ളത് നമ്മുടെ വാദത്തിന് ഖണ്ഡനമാവുകയില്ല. യഥാർഥ പ്രശ്നം, ഈ സമ്പൂർണ നിയമം എവിടെനിന്നു വന്നു എന്നതാണ്.

അതിന് തൃപ്തികരമായൊരു മറുപടി പറയാൻ ഒരു നാസ്തികനും ഇന്നോളം കഴിഞ്ഞിട്ടില്ല. ഈ നിയമം മൂലധാതുക്കളിൽ പ്രകൃത്യാലുള്ളതാണെന്നും ഒരു നിയമത്തിന്റെ ഫലമായി മറ്റു നിയമങ്ങൾ ഉണ്ടാകുന്നതാണെന്നും ഈ ശൃംഖലകളങ്ങനെ നടന്നു വരുന്നതാണെന്നും ഇനിയും നടന്നുകൊണ്ടിരിക്കുമെന്നും ചിലർ പറയാറുണ്ട്. പക്ഷേ, ഇതിന്റെ തുടക്കം എവിടെ നിന്നുണ്ടായി എന്നാണ് വീണ്ടും നമുക്ക് ചോദിക്കാനുള്ളത്? ചിലപ്പോൾ ഒരു നിയമം മറ്റുനിയമങ്ങളുടെ ഫലമായുണ്ടാകാമെന്നത് ന്യായമാണ്. എന്നാൽ, ഈ കാര്യകാരണ പരമ്പരയെ എത്രതന്നെ നീട്ടിമുമ്പോട്ടുകൊണ്ടുപോയാലും അവസാനം അതിനൊരു അതിരുണ്ടെന്നും അവിടെനിന്നാണ് ഇതെല്ലാം ഉത്ഭവിച്ചതെന്നും സമ്മതിക്കേണ്ടിവരും. ഉദാഹരണമായി ഭൂമി സൂര്യനെ ചുറ്റുകയെന്നത് പ്രകൃതിനിയമമാണെന്നും ആ നിയമം മറ്റൊരു പ്രകൃതി നിയമത്തിന്റെ ഫലമാണെന്നും ശാസ്ത്രകാരന്മാർ പറയുന്നു. ഒരു വസ്തുവിന്റെ മേൽ വിവിധ ഭാഗങ്ങളിൽ നിന്ന് രണ്ടോ അതിലധികമോ ശക്തികൾ സ്വാധീനം ചെലുത്തുമ്പോൾ ആ വസ്തുവിന് പുതിയൊരു ശക്തി ലഭിക്കുകയും അത് മറ്റൊരു ഭാഗത്ത് സ്വാധീനം ചെലുത്താൻ തുടങ്ങുകയും ചെയ്യുന്നു. ഇതിന് റിസൾട്ടന്റ് *(വിവിധ കാരണങ്ങളുടെ ഫലം)* എന്നു പറയുന്നു. ഭൂമിയിലും അങ്ങനെ വിവിധ ശക്തികൾ സ്വാധീനം ചെലുത്തുന്നുണ്ട്. ഇതുകൊണ്ടാണ് പ്രസ്തുത ശക്തികളുടെ ഫലമായി അത് മൂന്നാമതൊരു ഭാഗത്തൂടെ സഞ്ചരിച്ച് സൂര്യന് ചുറ്റും വലംവെക്കാൻ തുടങ്ങിയത്. ഈ വാദം താത്ത്വികമായി നാം സമ്മതിക്കുന്നു. പക്ഷേ, ഈ സ്വാധീനം ചെലുത്താനുള്ള ശക്തി എവിടെനിന്നുണ്ടായി എന്ന നമ്മുടെ ചോദ്യം ഉത്തരമില്ലാതെ അവശേഷിക്കുകയാണ്. ഈ ശക്തികൾ ഇന്ന കാരണത്താലുണ്ടായി എന്നു പറയുകയാണെങ്കിൽ ഈ "ഇന്ന കാരണം" എവിടെന്ന് വന്നു എന്ന ചോദ്യം പിന്നെയും ഉത്ഭവിക്കുന്നു. ചുരുക്കത്തിൽ, ഇന്നു നാം കാണുന്ന പ്രപഞ്ചത്തിനും, ഈ സംവിധാന ക്രമങ്ങൾക്കും പ്രാരംഭമായി ഒരു ബീജമുണ്ടെന്നും ആ ബീജം ഇന്നു ലോകത്തു കാണപ്പെടുന്ന എല്ലാ സ്ഥിതിഗതികളുടേയും നിയമങ്ങളുടേയും സ്വഭാവങ്ങളുടേയും ശക്തി അടങ്ങിയതാണെന്നും സമ്മതിക്കേണ്ടതായി വരും. ഈ വിധത്തിലും ചർച്ച മുകളിൽ ഉത്തരം നല്കപ്പെട്ട അതേ ബിന്ദുവിൽ വന്നുനില്ക്കുന്നതാണ്.

ഇപ്പറഞ്ഞതിന്റെയൊക്കെ സാരം, ഈ ഇടയ്ക്കുള്ള നിയമങ്ങളേയും പരിണാമങ്ങളേയും എടുത്ത് പറഞ്ഞ് ദൈവാസ്തിക്യത്തെ നിഷേധിക്കാനുള്ള മാർഗമാരായുന്നത് വഞ്ചനാപരമായ ഒരു രീതിയാണ്. പാ

ശ്ചാത്യരായ ഒരു വിഭാഗം വിജ്ഞാനകുതുകികൾ എങ്ങനെയാണിതിൽ സംതൃപ്തരാകുന്നതെന്ന് മനസ്സിലാകുന്നില്ല. നമ്മെ സംബന്ധിച്ചിടത്തോളം വൈജ്ഞാനികമായ ഗവേഷണങ്ങളിൽ പുരോഗതി നേടുകയും പ്രകൃതി നിയമത്തിന്റെ നിഗൂഢ യാഥാർഥ്യങ്ങൾ വെളിവാകുകയും ചെയ്യുമ്പോൾ നമ്മുടെ ഹൃദയം ബുദ്ധിപരമായ നിലയിൽ കൂടുതൽക്കൂടുതൽ ഉൾക്കാഴ്ചയോടെ, ഈ പ്രപഞ്ചം അതിന്റെ അങ്ങേയറ്റം യുക്തിപൂർവമായ നിയമത്തോടുകൂടി നിശ്ചയമായും ഒരു സ്രഷ്ടാവും ഉടമസ്ഥനും ബുദ്ധിമാനും ആസൂത്രകനും ശക്തിമാനുമായ അസ്തിത്വത്തിന്റെ നിയന്ത്രണത്താൽ നടക്കുകയാണെന്ന വിശ്വാസത്തിൽ ഉറച്ചുനില്ക്കുന്നതിന് കാരണമാവുകയാണ് ചെയ്യുന്നത്. നിസ്സാരമായ വസ്തുവിനെ കണ്ടിട്ട് അതൊരു കൈവേലക്കാരന്റെ സൃഷ്ടിയാണെന്ന നിഗമനത്തിൽ നമുക്ക് എത്തിച്ചേരാമെങ്കിൽ, അത്ഭുതകരവും യുക്തിഭദ്രവുമായ ഒരു വസ്തുവിനെ കണ്ടാൽ അത് തന്നത്താൻ ഉണ്ടായതല്ലെന്നും പരാശക്തിയുടെ അത്ഭുതകൃത്യമാണതെന്നുമുള്ള വിശ്വാസം നമ്മുടെ ഉള്ളിൽ അതിനെക്കാൾ കൂടുതലായുണ്ടാകേണ്ടതാണ്.

എന്റെ സ്നേഹിതന്മാരെ! നിങ്ങൾ നല്ലവണ്ണം മനസ്സിലാക്കണം. പ്രപഞ്ചനിയമം മുൻകാലങ്ങളെ അപേക്ഷിച്ച് ഇന്ന് കൂടുതൽ വ്യക്തമായും വിസ്തൃതമായും അനാവരണം ചെയ്യപ്പെട്ടിരിക്കുന്നു. ലോകത്തുള്ള വിവിധ വസ്തുക്കൾ അതതിന്റെ പ്രത്യേക നിയമങ്ങൾക്കു മാത്രമല്ല യുക്തിഭദ്രമായൊരു പൊതുനിയമത്തിന് വിധേയമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. അവ ഒന്നു മറ്റൊന്നിൽ സ്വാധീനം ചെലുത്തുന്നുമുണ്ട്. ഒരു വസ്തുവും അനാവശ്യമോ അധികപ്പറ്റോ അല്ല. നേരെമറിച്ച് ഓരോന്നും അതതിന്റെ പരിധിയ്ക്കുള്ളിൽ അതതിന്റെ നിയമത്തിനു വിധേയമായി അതതിന്റെ കൃത്യങ്ങൾ നിർവഹിച്ചുകൊണ്ടിരിക്കുകയാണ്. ഇക്കാര്യങ്ങളെല്ലാം ആധുനിക അറിവുകളുടേയും നൂതന ഗവേഷണങ്ങളുടേയും ഫലമായി തെളിഞ്ഞിരിക്കുന്നു. എന്നാൽ, ഈ കണ്ടുപിടിത്തം-ഇതിനെ കണ്ടുപിടിത്തമെന്ന് പറയാമെങ്കിൽ- നമ്മുടെ വാദത്തിന് എതിരല്ല; അനുകൂലമാണ്. എന്തെന്നാൽ, അതിൽ നിന്ന് ദൈവാസ്തികൃത്തിന്നെതിരായി ഒരു രേഖയും പിടിച്ചെടുക്കാൻ സാധ്യമല്ല. ഇതിൽനിന്ന് നമ്മുടെ ദൈവത്തിന്റെ ശക്തിപ്രഭാവം കൂടുതൽ വ്യക്തമാവുകയാണ് ചെയ്യുന്നത്.

പക്ഷേ, വാസ്തവത്തിൽ ഈ കണ്ടുപിടിത്തം മൗലികമായി പുതിയൊരു കണ്ടുപിടിത്തമൊന്നുമല്ല. വിശുദ്ധ ഖുർആൻ പതിമൂന്നു

നൂറ്റാണ്ടുകൾക്കു മുമ്പേ സംക്ഷേപമായി ഈ യാഥാർഥ്യം വെളിപ്പെടുത്തിക്കഴിഞ്ഞതാണ്. അതു പറയുന്നു:

اَوَلَمْ يَرَوْا اِلٰى مَا خَلَقَ اللّٰهُ مِنْ شَیْءٍ يَّتَفَيَّؤُا ظِلٰلُهٗ عَنِ الْيَمِيْنِ وَالشَّمَآئِلِ سُجَّدًا لِّلّٰهِ وَهُمْ دٰخِرُوْنَ ﴿٤٩﴾ وَلِلّٰهِ يَسْجُدُ مَا فِى السَّمٰوٰتِ وَمَا فِى الْاَرْضِ مِنْ دَآبَّةٍ وَّالْمَلٰٓئِكَةُ وَهُمْ لَا يَسْتَكْبِرُوْنَ ﴿٥٠﴾

*'ജനങ്ങൾ അല്ലാഹുവിന്റെ സൃഷ്ടികളെ കാണുന്നില്ലേ? എങ്ങനെയാണ് ലോകത്തുള്ള ഓരോ വസ്തുവും ദൈവ കല്പനയ്ക്ക് വിധേയമായിട്ട് അവയുടെ ഇടത്തും വലത്തും ഫലം ചെയ്തുകൊണ്ടിരിക്കുന്നത്? ആകാശഭൂമികളിലുള്ള സകല വസ്തുക്കളും അതതിനു നിശ്ചയിക്കപ്പെട്ടിട്ടുള്ള നിയമത്തിനു വിധേയമായിട്ടാണ് ചലിച്ചുകൊണ്ടിരിക്കുന്നത്. (16:49,50)*

وَمَا خَلَقْنَا السَّمَآءَ وَالْاَرْضَ وَمَا بَيْنَهُمَا لٰعِبِيْنَ ﴿١٧﴾

*നാം ആകാശഭൂമികളേയും അവയിലുള്ള വസ്തുക്കളേയും ഒരു ഉദ്ദേശ്യവുമില്ലാതെ വെറുതെ സൃഷ്ടിച്ചതല്ല."(21:17)*

യൂറോപ്പിലേയും അമേരിക്കയിലേയും ഗവേഷകൻമാർ ഇതു സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ അറിയുന്നതിനുവേണ്ടി തങ്ങളുടെ ജീവിതത്തിന്റെ ഗണ്യമായ ഭാഗം വിനിയോഗിക്കുന്നു എന്നത് ഒരു രഹസ്യമായ വസ്തുതയാണ്. ആത്മീയദൃഷ്ടി അടഞ്ഞുപോയതുകൊണ്ട് അവർക്ക് അവരുടെ ഗവേഷണം മതത്തിന്റേയും ദൈവത്തിന്റേയും അസ്തിത്വത്തിന്റെ നേർക്കുള്ള ഒരു കടന്നാക്രമണമായിട്ടാണ് നിർഭാഗ്യവശാൽ അനുഭവപ്പെടുന്നത്. യഥാർഥത്തിൽ ലോകവ്യവസ്ഥിതിയുടേയും പ്രകൃതിനിയമത്തിന്റേയും രഹസ്യം എത്രമാത്രം പ്രസ്ഫുടമാകുന്നുവോ അത്രകണ്ട് അത് ബുദ്ധിമാനും അഭിജ്ഞനും ശക്തനും ആസൂത്രകനുമായ ഒരു സ്രഷ്ടാവിനെ സംബന്ധിച്ച് വ്യക്തമായ സൂചന നല്കിക്കൊണ്ടിരിക്കുന്നു. പാശ്ചാത്യ ചിന്തകന്മാരിൽത്തന്നെ വലിയൊരു വിഭാഗം ദൈവാസ്തിക്യത്തിൽ വിശ്വസിക്കുന്നവരാണെന്ന കാര്യം നാം മനസ്സിലാക്കണം. പുതിയ പുതിയ അന്വേഷണം അവരുടെ ദൈവവിശ്വാസത്തിന് ഒരു തടസ്സമാവുന്നില്ലെന്നു മാത്രമല്ല അവർ അതിനെ നാസ്തികത്വത്തിന്നെതിരിൽ ഒരു ആയുധമായി പ്രയോഗിക്കുകകൂടി ചെയ്യുന്നു.

പ്രിയപ്പെട്ട സ്നേഹിതന്മാരേ, നിങ്ങൾ ഈ ആധുനിക അറിവിനെപ്പറ്റി പരിഭ്രമിക്കാതിരിക്കുക. അതെല്ലാം നിങ്ങൾക്ക് വരദാനമാണ്. അത് നിങ്ങളുടെ ദൈവത്തിന്റെ യുക്തിയുക്തമായ ശക്തിപ്രഭാവത്തിന്റെ അത്ഭുതകൃത്യങ്ങൾ കൂടുതൽകൂടുതൽ വ്യക്തവും ദൃഢവുമായ നിലയിൽ മനുഷ്യദൃഷ്ടിയിൽ പ്രതിഫലിപ്പിക്കുകയും ആകാശഭൂമികളിലുള്ള സർവ്വ വസ്തുക്കളും നേരിട്ടോ അല്ലാതെയോ മനുഷ്യരാശിയുടെ ആവശ്യത്തിനായി സൃഷ്ടിക്കപ്പെട്ടതാണെന്ന ബോധം ദൃഢജ്ഞാനമെന്നപ്പോലെ സർവ്വരിലും ശക്തിപ്പെടുത്തുകയും ചെയ്യുകയെന്നതാണ് അതിന്റെ ഫലം. അത് സംബന്ധിച്ച് വിശുദ്ധ ഖുർആൻ ആയിരത്തിമുന്നൂറ് കൊല്ലം മുമ്പേ പറഞ്ഞിരിക്കുന്നതിങ്ങനെയാണ്.

هُوَ الَّذِي خَلَقَ لَكُم مَّا فِي الْأَرْضِ جَمِيعًا

وَسَخَّرَ لَكُم مَّا فِي السَّمَاوَاتِ وَمَا فِي الْأَرْضِ

*ലോകത്തുള്ള സകല വസ്തുക്കളും നിങ്ങളുടെ ആവശ്യത്തിനുവേണ്ടി സൃഷ്ടിക്കപ്പെട്ടതാണ്. ആകാശത്തും ഭൂമിയിലുമുള്ള എല്ലാ വസ്തുക്കളും നിങ്ങൾക്ക് അല്ലാഹു കീഴ്പ്പെടുത്തിത്തന്നിരിക്കുന്നു;നിങ്ങൾ അവയുടെ രഹസ്യമറിഞ്ഞ് അവയിൽനിന്ന് ഫലമെടുക്കുന്നതിനുവേണ്ടി." (2:30, 45:14)*

എന്നാൽ, കഷ്ടം! ഏതേതെല്ലാം വസ്തുക്കളെ മനുഷ്യന്റെ മാർഗദർശനത്തിനും അഭിവൃദ്ധിക്കുമായി അവന്റെ യജമാനനും ഉടമസ്ഥനുമായ ദൈവം സൃഷ്ടിച്ചിട്ടുണ്ടോ അവയെ അവൻ തന്റെ വഴികേടിനും നാശത്തിനും കാരണമാക്കിതീർത്തിരിക്കുന്നു. ഇതു നന്ദികേടുതന്നെ. "മനുഷ്യനു നാശം. അവനെന്തൊരു കൃതഘ്നൻ" (80:18) എന്നാണ് അല്ലാഹു പറയുന്നതെന്നോർക്കുക.

ഇവിടെ ഒരു കാര്യംകൂടി നാം ഓർമ വയ്ക്കേണ്ടതുണ്ട്. ദൈവം ഉണ്ടോ ഇല്ലയോ എന്ന പ്രശ്നം യഥാർഥത്തിൽ ശാസ്ത്രത്തിന്റെ ഗവേഷണ പരിധിക്ക് പുറത്തുള്ളതാണ്. സ്വപരിധിയിൽനിന്നുകൊണ്ട് ഈ വിവാദത്തിൽ ഏർപ്പെടാൻ ഒരു ശാസ്ത്രകാരനും കഴിയുകയില്ല. എന്തെന്നാൽ, ശാസ്ത്രമെന്നത് ഭൗതിക വസ്തുക്കളുടെ സ്വഭാവങ്ങളും തത്ത്വങ്ങളും അന്വേഷിക്കുന്നതിന്റെ അറിവാണ്. അഭൗതിക വസ്തുക്കളെ സംബന്ധിച്ച് അഥവാ ആദ്ധ്യാത്മിക കാര്യങ്ങളെ (Metaphysics) സംബന്ധിച്ചുള്ള ഗവേഷണം വർത്തമാനകാലത്തെ ശാസ്ത്രത്തിന്റെ പരിധിയിൽപ്പെട്ടതല്ല. കൂടാതെ ഒരു വസ്തുവിന്റേയും അഭാവത്തെ സംബ

ന്ധിച്ച പ്രശ്നവുമായി ശാസ്ത്രത്തിനു പൊതുവിൽ ബന്ധമൊന്നുമില്ല. നിലവിലുള്ള വസ്തു ഏത്, ആ വസ്തു എന്താണ്, അത് ഏതു നിയമത്തിന് വിധേയമായിട്ടാണുള്ളത് തുടങ്ങിയ കാര്യങ്ങളുമായിട്ടാണ് ശാസ്ത്രത്തിന് കാര്യമായ ബന്ധം. അതുകൊണ്ടു തന്നെ 'ദൈവം ഇല്ല' എന്ന കാര്യം ചുരുങ്ങിയ പക്ഷം ഇന്നത്തെ ശാസ്ത്രത്തിന്റെ ഗവേഷണ പരിധിക്ക് വെളിയിലാണ്. എന്നാൽ, ഈ ലോകവും ഇതിലുള്ള വസ്തുക്കളും എങ്ങനെയുണ്ടായി, ഏതുവിധത്തിലാണ് ജീവിതത്തിന് തുടക്കം കുറിച്ചത് തുടങ്ങിയ പ്രശ്നങ്ങൾ ശാസ്ത്രത്തിന്റെ ഗവേഷണ പരിധിയിൽ ഉൾപ്പെടുന്നതാണ്. അതുകൊണ്ട് ശാസ്ത്രജ്ഞന്മാർക്ക് ഏറ്റവും കൂടിയാൽ പറയാൻ കഴിയുന്നത് ഇത്രമാത്രമാണ്: ലോകം പണ്ടേ നിലനിന്നു വരുന്നു. ലോക വ്യവസ്ഥിതികൾ ഒരു നിയമ പരമ്പരയ്ക്ക് വിധേയമായി തന്നത്താൻ നടന്നുകൊണ്ടിരിക്കുകയാണ്. നിയമങ്ങളും തന്നത്താൻ നടപ്പിൽ വന്നുകൊണ്ടിരിക്കുന്നു. ജീവിതത്തിന്റെ തുടക്കവും തന്നത്താൻ ഉണ്ടായതാണ്. ഇക്കാര്യം ഞങ്ങൾ കണ്ടുപിടിച്ചിരിക്കുന്നു! ഈ അന്വേഷണം കൊണ്ട് ഒരു ദൈവവുമില്ലെന്ന് അനുമാനിച്ചുപറയാൻ അവർക്കു സാധിച്ചേക്കും. പക്ഷേ, ദൈവത്തിന്റെ അഭാവം നേർക്കുനേരെ ശാസ്ത്രത്തിന്റെ ഗവേഷണ പരിധിയിൽപ്പെട്ടതല്ല.

ഇതിനും പുറമെ മറ്റൊരു കാര്യവും കൂടി ഓർമവയ്ക്കേണ്ടതുണ്ട്. നിർഭാഗ്യവശാൽ സാധാരണയായി ജനങ്ങൾ ശാസ്ത്രത്തെ സംബന്ധിച്ച് വലിയൊരു തെറ്റുധാരണയിൽ അകപ്പെട്ടിരിക്കുകയാണ്. അവർ ശാസ്ത്രജ്ഞന്മാരുടെ സങ്കല്പങ്ങളിലും ശാസ്ത്രം കണ്ടുപിടിച്ചിട്ടുള്ള സത്യങ്ങളിലും വ്യത്യാസം കല്പിക്കുന്നില്ല. ശാസ്ത്രജ്ഞന്മാരുടെ ഗവേഷണ ഫലപ്രഖ്യാപനം മൂന്നുതരത്തിലാണെന്നുള്ളതെന്ന് സ്പഷ്ടമാണ്.

1. ശാസ്ത്രജ്ഞന്മാരുടെ നിഗമനങ്ങൾ
2. ശാസ്ത്രത്തിന്റെ അപൂർണമായ ഗവേഷണങ്ങൾ
3. ശാസ്ത്രം കൊണ്ട് സ്ഥാപിതമായ സത്യങ്ങൾ

ഇവ മൂന്നും വ്യത്യസ്ത തരത്തിലും പദവിയിലുമുള്ളതാണ്. ഇവയെ ഒരേതൂക്കത്തിൽ കണക്കാക്കുന്നത് ഗുരുതരമായ തെറ്റാണ്. പക്ഷേ, വിവരമില്ലാത്ത ആളുകൾ എല്ലാത്തിനും ഒരേ പദവി കല്പിക്കുകയും ശാസ്ത്രജ്ഞന്മാരുടെ ഭാഗത്ത് നിന്ന് പുറപ്പെടുന്ന എല്ലാ അഭിപ്രായങ്ങളേയും അവ നിഗമനങ്ങളായാലും അപൂർണമോ ഭാഗികമോ ആയ

കണ്ടെത്തലുകളായാലും അവയെല്ലാം ശാസ്ത്രദൃഷ്ട്യാ സ്ഥാപിതമായ പരമസത്യമായി സ്വീകരിക്കുകയും ചെയ്യുന്നു. അങ്ങനെ യഥാർഥമാർഗം പിൻപറ്റുന്നതിനു പകരം അറിവില്ലായ്മകൊണ്ടും അപകർഷംകൊണ്ടും ശാസ്ത്രജ്ഞന്മാരുടെ അടിമത്തനുകം തങ്ങളുടെ ചുമലുകളിൽ അവർ സ്വയം കയറ്റി വയ്ക്കുന്നു. വാസ്തവത്തിൽ വിവിധ ശാസ്ത്രജ്ഞന്മാരുടെ ഗവേഷണഫലങ്ങളിലൂടെ സൂര്യപ്രകാശംപോലെ തെളിഞ്ഞതും കാര്യകാരണ ബന്ധങ്ങളാൽ ഖണ്ഡിതമായി സ്ഥാപിക്കപ്പെട്ടതുമായ കാര്യങ്ങൾ മാത്രമേ ശാസ്ത്രത്തിന്റെ അംഗീകൃത സത്യമായി കണക്കാക്കാൻ പാടുള്ളുവെന്ന് സാമാന്യബോധമുള്ളവർക്കൊക്കെ അറിവുള്ള കാര്യമാണ്. അവരുടെ സങ്കല്പങ്ങളും നിഗമനങ്ങളും അപൂർണഗവേഷണങ്ങളും ഒരിക്കലും സ്ഥാപിതയാഥാർഥ്യങ്ങളായി പരിഗണിച്ചുകൂടാ. മറ്റു പണ്ഡിതൻമാരുടേയും ബുദ്ധിമാന്മാരുടേയും കാര്യങ്ങളെന്നപോലെ ആ കാര്യങ്ങളും അബദ്ധമാവാൻ ധാരാളം സാധ്യതയുണ്ട്. ഏതെങ്കിലുമൊരു പുതിയ കാര്യം ശാസ്ത്രഗവേഷണത്തിന്റെ അടിസ്ഥാനത്തിൽ കണ്ടുപിടിക്കപ്പെടുകയും വിവിധ ആളുകൾ വ്യത്യസ്ത കാലങ്ങളിൽ നടത്തുന്ന ഗവേഷണം കൊണ്ട് അതു ദൃഢീകരിക്കപ്പെടുകയും വിജ്ഞാനപരമായി അതിന്റെ ഒരിടത്തും അവ്യക്തത ഇല്ലാതിരിക്കുകയും ചെയ്യുന്നുവെങ്കിൽ മാത്രമേ അതൊരു സ്ഥാപിത സത്യമായി ഗണിക്കാനൊക്കുകയുള്ളു. ഈ ഘട്ടത്തിനുമുമ്പേ, ശാസ്ത്രജ്ഞന്മാരുടെ ചില ഗവേഷണങ്ങളാൽ അതിന്മേൽ വെളിച്ചം വീശുകയോ ചില ശാസ്ത്രജ്ഞന്മാർ അതിനെ അംഗീകരിക്കുന്നവരാകുകയോ ചെയ്താൽത്തന്നെയും അതൊരു സ്ഥാപിതസത്യമാണെന്നു പറയാൻ നിവൃത്തിയില്ല. നിർഭാഗ്യമെന്നു പറയട്ടെ. സാധാരണക്കാർ രണ്ടുവിധത്തിലുള്ള ഈ കാര്യങ്ങളെ വേർതിരിച്ചറിയുന്നില്ല. എല്ലാം ശാസ്ത്രത്താൽ സ്ഥാപിതമായ സത്യമാണെന്നു കരുതി അതിനു മുമ്പിൽ അവർ തല കുനിക്കുന്നു. ശാസ്ത്രാന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ ശാസ്ത്രജ്ഞന്മാർ രൂപവൽക്കരിക്കുന്ന അഭിപ്രായങ്ങളും നിഗമനങ്ങളുംകൂടി ശാസ്ത്രത്തിന്റെ യാഥാർഥ്യങ്ങളായി കണക്കാക്കപ്പെടുന്നുവെന്നതാണ് അതിനേക്കാൾ അത്ഭുതകരം. അതായത് അന്യോന്യം വ്യത്യാസപ്പെട്ട മൂന്നു കാര്യങ്ങളേയും അവർ ഒന്നായിച്ചേർത്തുകളയുന്നു. ഇങ്ങനെ മനുഷ്യരാശിയുടെ മസ്തിഷ്കത്തിന് വിജ്ഞാന പ്രകാശം നല്കേണ്ട ശാസ്ത്രം ചിലപ്പോൾ അജ്ഞതയ്ക്കും അന്ധകാരത്തിനും കാരണമായിത്തീരുന്നു.

ഏതെങ്കിലുമൊരു കാര്യം ശാസ്ത്രീയമായ ഗവേഷണ നിരീക്ഷണങ്ങ

ളാൽ സ്ഥാപിതമാകാൻ തുടങ്ങുമ്പോൾ അതിന്റെ അടിസ്ഥാനത്തിൽ വിദ്യാസമ്പന്നരായ ആളുകൾക്കിടയിൽ ഒരു ചലനമുണ്ടാകുകയെന്നത് സ്വാഭാവികമാണ്. വിവിധ ശാസ്ത്രജ്ഞന്മാർ ആ പുതിയ ഗവേഷണത്തിന്റെ വെളിച്ചത്തിൽ പലതരം അഭിപ്രായങ്ങളും സിദ്ധാന്തങ്ങളും രൂപവൽക്കരിക്കാൻ തുടങ്ങുകയും ചെയ്യും. അങ്ങനെ ഓരോ പുതിയ ഗവേഷണത്തോടൊപ്പം പുതിയ അഭിപ്രായങ്ങളും പുതിയ സിദ്ധാന്തങ്ങളും രൂപമെടുക്കുന്നു. അറിവില്ലാത്ത ആളുകൾ ശാസ്ത്രമെന്ന പദത്താൽ വഞ്ചിതരാവുന്നതുകൊണ്ടോ മറ്റേതെങ്കിലും കാരണത്താലോ അബദ്ധസുബദ്ധങ്ങളുടെ ആ സമാഹാരം മുഴുവനും ശാസ്ത്രത്തിന്റെ സ്ഥാപിത സത്യമാണെന്നു കണക്കാക്കുകയും ചെയ്യുന്നു. യഥാർഥത്തിൽ സ്ഥാപിത സത്യം നന്നേകുറച്ചേയുള്ളൂ. ബാക്കിയെല്ലാം ശാസ്ത്രജ്ഞന്മാരുടെ സങ്കല്പങ്ങളോ, അഭിപ്രായങ്ങളോ, സിദ്ധാന്തങ്ങളോ ഒക്കെയാണ്. അതാണെങ്കിൽ അടിക്കടി മാറിക്കൊണ്ടിരിക്കുകയും ചെയ്യും. എന്നു മാത്രമല്ല, ശാസ്ത്രജ്ഞന്മാരിൽതന്നെ അത് സംബന്ധിച്ച് അഭിപ്രായഭിന്നത ഉണ്ടായിരിക്കും. ശാസ്ത്രജ്ഞന്മാരുടെ സങ്കല്പം, അവരുടെ അപൂർണമായ പരീക്ഷണം, ശാസ്ത്രത്താൽ സ്ഥാപിതമായ സത്യം എന്നീ കാര്യങ്ങളിൽ വ്യത്യാസം കല്പിക്കാതിരിക്കുന്നത് ഗുരുതരമായ തെറ്റാണ്. ഇതു മാത്രമല്ല, ശാസ്ത്രജ്ഞന്മാരുടെ വായിൽനിന്നോ, തൂലികയിൽനിന്നോ പുറപ്പെടുന്ന സകല കാര്യങ്ങളുടേയും മുമ്പിൽ അടിമകളെപ്പോലെ ജനങ്ങൾ തലകുനിക്കുകയും ചെയ്യുന്നു. നിർഭാഗ്യമെന്നു പറയട്ടെ, മാനസികവും വിജ്ഞാനപരവുമായ ഈ അടിമത്തം അധികവും ഇന്ത്യക്കാരിലാണ് കാണുന്നത്. യൂറോപ്പിലേയും അമേരിക്കയിലേയും ജനങ്ങൾ മിക്കവാറും ഈ കാര്യങ്ങൾക്ക് വ്യത്യാസം കല്പിക്കുകയും അടിക്കടിയുള്ള പരീക്ഷണങ്ങൾ മുഖേന തെളിഞ്ഞതും വിജ്ഞാനപരമായി അവ്യക്തത നീങ്ങിയതുമായ കാര്യങ്ങളെ മാത്രം ശാസ്ത്രത്തിന്റെ സ്ഥാപിതസത്യമായി ഗണിക്കുകയും ചെയ്യുന്നു.

ഈ അടിസ്ഥാനത്തെ മുൻനിറുത്തിക്കൊണ്ട് വിവാദവിഷയമായ പ്രശ്നത്തെ വീക്ഷിക്കുകയാണെങ്കിൽ, ദൈവാസ്തിക്യം സംശയിക്കപ്പെടുന്നതിന് കാരണമാവുന്ന ശാസ്ത്രസത്യങ്ങളൊന്നുംതന്നെ കണ്ടെത്താൻ കഴിയുകയില്ല. അതിനുള്ള തെളിവ് ഇതാണ്. ഏതെങ്കിലും പുതിയൊരു ഗവേഷണം സത്യാവസ്ഥയിലെത്തിയാൽ ഒരു ശാസ്ത്രജ്ഞനും പിന്നീട് അതിനെ നിഷേധിക്കുകയില്ല. കാരണം സത്യാവസ്ഥയിലെത്തുകയെന്നതിന്റെ അർഥം വിജ്ഞാനപരമായി ദൃഢവിശ്വാസത്തിന്റെ പരിധിയിൽ എത്തുകയെന്നുമാത്രമല്ല, അടിക്കടി വിവിധ പരിതഃസ്ഥിതിയിൽ

നടത്തപ്പെടുന്ന പരീക്ഷണങ്ങളാൽ സംശയത്തിന് ഇടയില്ലാത്തവിധം അനുഭവജ്ഞാനം സിദ്ധിക്കുകയെന്നു കൂടിയാണ്. ഈ നിലയിലെത്തിയാൽ ഒരു ശാസ്ത്രജ്ഞനെന്നുവേണ്ട കുറച്ചൊക്കെ അറിവും പരിചയവുമുള്ള ഏതൊരാളും അതിനെ നിഷേധിക്കുകയില്ല. ശാസ്ത്രത്തിന്റെ എല്ലാ സ്ഥാപിത സത്യങ്ങളും എല്ലാ ശാസ്ത്രജ്ഞരും ഒരുപോലെ സമ്മതിക്കുന്നതായി നാം കാണുകയും ചെയ്യുന്നു. അതിൽ ആർക്കും അഭിപ്രായവ്യത്യാസമില്ല. അഭിപ്രായ വ്യത്യാസമുള്ളത് ഇതുവരെ പരിപൂർണമായി സ്ഥാപിക്കപ്പെട്ടിട്ടില്ലാത്ത കാര്യങ്ങളിലും ചില ശാസ്ത്രജ്ഞന്മാർ സ്ഥാപിത സത്യങ്ങളുടെ അടിസ്ഥാനത്തിൽ അനുമാനിച്ചെടുത്തിട്ടുള്ള സിദ്ധാന്തങ്ങളിലുമാണ്.

ഇങ്ങനെ നോക്കുമ്പോൾ, ശാസ്ത്രത്തിന്റെ സ്ഥാപിതസത്യത്തെ സംബന്ധിച്ച് ഒരിക്കലും ഒരു ഭിന്നതയും കാണുന്നില്ല. എന്നുമാത്രമല്ല, ശാസ്ത്രജ്ഞന്മാരിൽ അധികംപേരും ദൈവാസ്തിക്യത്തിൽ വിശ്വസിക്കുന്നവരായിട്ടാണ് കാണുന്നത്. അവരിൽ വളരെ കുറഞ്ഞൊരു വിഭാഗം മാത്രമേ നാസ്തികന്മാരായിട്ടുള്ളൂ. ഈ പ്രപഞ്ചം സ്രഷ്ടാവും ഉടമസ്ഥനുമില്ലാതെ തന്നത്താൻ നടക്കുന്നതാണെന്ന് തീർച്ചപ്പെടുത്താൻ കഴിയുന്ന ഒരു ശാസ്ത്രവുമില്ലെന്ന് ഇതിൽനിന്ന് തെളിയുന്നു. അങ്ങനെ അല്ലായിരുന്നെങ്കിൽ ശാസ്ത്രജ്ഞന്മാരിൽ ഈ അഭിപ്രായവ്യത്യാസം കാണുമായിരുന്നില്ല.

ഈ പ്രപഞ്ചം തന്നത്താൻ ഉണ്ടായതാണെന്നും തന്നത്താൻ ചലിക്കുന്നതാണെന്നും തെളിയുന്ന വല്ലകണ്ടുപിടിത്തവും ഭാവിയിൽ ഉണ്ടായാലോ എന്നാരെങ്കിലും ചോദിക്കുകയാണെങ്കിൽ അവരോട് ഒന്നാമതായി എനിക്ക് പറയാനുള്ളത് അങ്ങനെയായാൽ എന്തായിരിക്കും ഇങ്ങനെയായാൽ എന്തായിരിക്കും എന്നിങ്ങനെയുള്ള ചോദ്യം അനാവശ്യവും ബാലിശവുമാണെന്നാണ്. അഥവാ അതിന് ഉത്തരം പറഞ്ഞേ തീരൂ എന്നാണെങ്കിൽ ഞാൻ പറയാം: ഞങ്ങൾ സത്യാന്വേഷികളാണ്. യഥാർഥത്തിൽ സത്യമാണെന്നു തെളിയുന്ന കാര്യമെന്തായിരുന്നാലും ഞങ്ങളതിനെ നിഷേധിക്കുകയില്ല. നമ്മുടെ നബി(സ) തിരുമേനിയോടു നമ്മുടെ ദൈവം പറയുന്നു: ദൈവത്തിന് പുത്രനില്ലെന്ന് താങ്കൾ ക്രിസ്ത്യാനികളോടു പറയുക. എന്നു മാത്രമല്ല, അവന് പുത്രനുണ്ടെന്ന് വിശ്വസിക്കുന്നത് നിരർഥവും ആകാശ ഭൂമികൾ അടിമേൽ മറിഞ്ഞുപോകുന്ന തരത്തിലുള്ള വൻകുറ്റവുമാണ്. എന്നിരുന്നാലും ദൈവത്തിന് പുത്രനുണ്ടെന്ന് തെളിഞ്ഞാൽ **അന അവ്വലുൽ ആബിദീൻ (43:82)**

അതായത് "ഞാൻ ആരാധകരിൽ ഒന്നാമനാകുമായിരുന്നു" എന്നും അവരോടു പറയുക. അതുകൊണ്ട് സത്യതൃഷ്ണ ഞങ്ങളുടെ മുലപ്പാലിൽ കലർന്നിട്ടുള്ളതാണ്. ഞങ്ങൾക്കത് ഞങ്ങളുടെ പ്രിയങ്കരനായ നബിയിൽനിന്ന് അനന്തരാവകാശമായി ലഭിച്ചതുമാണ്. ഇക്കാരണത്താൽ, യഥാർഥമായ നിലയിൽ സ്ഥാപിതമാകുന്ന സത്യത്തിൽ അതെന്തായാലും ശരി, വിശ്വസിക്കുകയെന്നുള്ളതാണ് ഞങ്ങളുടെ താത്ത്വികമായ മറുപടി. യഥാർഥ മറുപടി, ദൈവാസ്തിക്യം സംശയഗ്രസ്തമാകുന്ന ഒരു കാര്യം ഒരിക്കലും സ്ഥാപിതമാകുകയില്ലെന്നുള്ളതാണ്. കാരണം അങ്ങനെ ഒരു കാര്യം സ്ഥാപിതമാകുകയെന്നതിന്റെ അർഥം രണ്ടു സ്ഥാപിത സത്യങ്ങൾ പരസ്പര വിരുദ്ധമാവുകയെന്നതാണ്. ഇത് അസംഭാവ്യമാണ്. ഉദാഹരണമായി, ഒരു ഭാഗത്ത് കാന്തം ഇരുമ്പിനെ ആകർഷിക്കുന്നുവെന്നും മറുഭാഗത്ത് ആകർഷിക്കുന്നില്ലെന്നും ശാസ്ത്രീയമായി തെളിയുക സാധ്യമാണോ? അങ്ങനെ ഒരിക്കലും ഉണ്ടാകുകയില്ലെന്നുള്ളത് സ്പഷ്ടമാണ്. അഥവാ അങ്ങനെ കാണപ്പെടുകയാണെങ്കിൽ രണ്ടിലൊന്ന് തെറ്റാണെന്ന് തീർച്ചപ്പെടുത്തുകയേ നമുക്ക് നിവൃത്തിയുള്ളൂ. അതായത് അതിലേതെങ്കിലുമൊന്നിനെ സംബന്ധിച്ച് അതു സ്ഥാപിത സത്യമല്ലെന്നും തെറ്റായി അങ്ങനെ ധരിക്കപ്പെട്ടതാണെന്നും സമ്മതിക്കേണ്ടിവരും. അഥവാ ലോകത്ത് കാണപ്പെടുന്ന ഈ വസ്തുക്കളെല്ലാം സ്വയമേവയുള്ളതാണെന്നും ഈ വ്യവസ്ഥിതികളെല്ലാം സ്വയം നടന്നുവരുന്നതാണെന്നും ശാസ്ത്രീയമായി തെളിയുകയാണെങ്കിൽത്തന്നെയും ആ കാരണത്താൽ ദൈവാസ്തിക്യത്തെ നിഷേധിക്കാൻ നമുക്കു കഴിയുകയില്ല. എന്തെന്നാൽ, ഈ ഗവേഷണം ശാസ്ത്രത്തിന്റെ ഗവേഷണമാണെങ്കിൽ, ദൈവത്തിന്റെ അസ്തിത്വവും താത്ത്വികമായി ശാസ്ത്രീയ മാർഗത്തിലൂടെതന്നെ തെളിഞ്ഞിട്ടുള്ള സത്യമാണ്. ദൃഢമായി സ്ഥാപിക്കപ്പെട്ടിട്ടുള്ളതും ചരിത്രാതീതകാലം മുതല്ക്കേ അനുഭവത്തിന്റെ മുദ്ര കുത്തപ്പെട്ടു വന്നിട്ടുള്ളതുമായ ഒരു സത്യത്തെ നാമമാത്രമായ ഗവേഷണത്തിന്റെ പേരിൽ ഉപേക്ഷിക്കുക സാധ്യമല്ല. ഈ പരിതസ്ഥിതിയിൽ ശാസ്ത്രസത്യമാണെന്നു പറയപ്പെടുന്ന ഈ ആധുനിക ഗവേഷണം എത്രത്തോളം ശരിയും സ്വീകാര്യവുമാണെന്ന് നാം ആദ്യമേ ചിന്തിക്കേണ്ടതുമാണ്.

ഒരു ശാസ്ത്ര സത്യം സത്യമായി അംഗീകരിക്കണമെങ്കിൽ അത് വിജ്ഞാനപരവും ബുദ്ധിപരവുമായ രേഖകൾകൊണ്ടും ദർശനാനുഭവങ്ങൾകൊണ്ടും തെളിഞ്ഞിരിക്കേണ്ടതാണെന്നു നാം മനസ്സിലാക്കേണ്ടതുണ്ട്. ബുദ്ധിപരമായ രേഖയോടൊപ്പം വ്യക്തമായ ദർശന

വും അനുഭവവും കൂടിച്ചേർന്നാൽ തെറ്റുപറ്റാൻ ഇടയില്ലെന്നുള്ളത് പ്രത്യക്ഷമാണ്.

യഥാർഥത്തിൽ ഏറ്റവും ഉചിതമായ അന്വേഷണമാർഗം ഇപ്പറഞ്ഞതാണ്. ഈ കാരണത്താലാണ് ഭൗതിക വിജ്ഞാനത്തിൽ ശാസ്ത്രത്തിന്റെ സ്ഥാപിതമായ സത്യങ്ങൾ അതിന്റെ വിശ്വാസ്യതയിൽ എല്ലാത്തിലുമുപരിയായി മനസ്സിലാക്കപ്പെടുന്നത്. എന്നാൽ, ദൈവാസ്തിക്യം സ്ഥാപിക്കപ്പെട്ടിരിക്കുന്ന അടിസ്ഥാനപരമായ തെളിവുകളും രേഖകളും ശാസ്ത്രീയ രേഖകളുടെ അടിസ്ഥാനത്തിലുള്ളവ തന്നെയാണ്. എന്തെന്നാൽ, മുകളിൽ പറഞ്ഞതുപോലെ ദൈവാസ്തിക്യം ബുദ്ധിപരമായ രേഖകൾകൊണ്ട് സ്ഥാപിതമാകുന്നതിനുപുറമെ ശാസ്ത്രീയ സത്യംപോലെ വ്യക്തമായ ദർശനങ്ങളും അനുഭവങ്ങളും കൊണ്ട് തെളിയുകയും ചെയ്തിരിക്കുന്നു. എന്നുമാത്രമല്ല, ഈ ദർശനാനുഭവങ്ങൾ അതിന്റെ നിലപാടിലും നിലവാരത്തിലും ശാസ്ത്രത്തിന്റേതിനേക്കാൾ വളരെ മികച്ചതാണ്. ദൈവം ഉണ്ടായിരിക്കണം എന്നു സ്ഥാപിക്കാൻ മാത്രമേ ബുദ്ധിക്കു സാധിക്കുകയുള്ളൂ. അതിനപ്പുറം യഥാർഥത്തിൽ ദൈവം ഉണ്ട് എന്ന വിശ്വാസം കരസ്ഥമാകുന്നത് ദർശനം കൊണ്ടും അനുഭവംകൊണ്ടുമാണ്. ഈ ദർശനാനുഭവങ്ങൾ കൈവരിക്കാനുള്ള മാർഗം അല്ലാഹുതന്നെ ഉണ്ടാക്കിത്തരികയാണ് ചെയ്യുന്നത്. അല്ലാഹു പറയുന്നു:

لَا تُدْرِكُهُ الْأَبْصَارُ وَهُوَ يُدْرِكُ الْأَبْصَارَ

*മനുഷ്യദൃഷ്ടി അല്ലാഹുവിലേക്ക് എത്തിച്ചേരുകയില്ല. ബുദ്ധിപരമായ രേഖകൾകൊണ്ട് ദൈവികജ്ഞാനം കരഗതമാവുകയില്ല. എന്നാൽ, അല്ലാഹു തന്നത്താൻ മനുഷ്യദൃഷ്ടിയിലേക്ക് എത്തിച്ചേരുന്നു." (6:104)*

അതായത് ദൈവത്തെക്കുറിച്ചുള്ള മനുഷ്യന്റെ അറിവ് ബലഹീനമാവാതിരിക്കാൻ വേണ്ടി മനുഷ്യന് ദൈവത്തെ കാണുന്നതിന് സാധ്യമാകുന്ന മാർഗങ്ങൾ ദൈവംതന്നെ സൃഷ്ടിച്ചിരിക്കുന്നു. ദൈവദർശനം മനുഷ്യന് എങ്ങനെ സാധ്യമാകും എന്നത് സുദീർഘമായൊരു വിഷയമാണ്. അതിനുള്ള വിശദമായ ഉത്തരം ഈ ഗ്രന്ഥത്തിന്റെ രണ്ടാം ഭാഗവുമായി ബന്ധിക്കപ്പെട്ടിരിക്കുന്നു. ഇവിടെ ഇത്രമാത്രം പറയാം. ഈ ദർശനം അവന്റെ പരിശുദ്ധരായ ദാസരിൽ ഇറക്കുന്ന വചനങ്ങൾ മുഖേനയാണ് സാധ്യമാകുന്നത്. ആ ദാസർ, ഒരു വൃക്ഷം കായ്ക്കുന്ന കാലത്ത് ഏതു പ്രകാരം ഫലനിബിഡമായിരിക്കുമോ അതുപോലെ ദൈവികമായ അടയാളങ്ങൾകൊണ്ടു നിറഞ്ഞിരിക്കും. ഫലം ഭുജി

ച്ചതിനുശേഷം വൃക്ഷത്തെ അറിയുന്നതിൽ ആർക്കും സംശയമില്ലാതിരിക്കുന്നതു പോലെ, ഈ ആത്മീയഫലം ആസ്വദിച്ചതിനുശേഷം ദൈവാസ്തിക്യം സൂര്യപ്രകാശംപോലെ മനുഷ്യദൃഷ്ടിക്ക് ഗോചരമായിത്തീരുന്നതാണ്.

ഏതായാലും ദൈവാസ്തികൃത്തിന്റെ തെളിവ് ശാസ്ത്രീയ സത്യമെന്നപോലെതന്നെ അതിനേക്കാൾ വിശിഷ്ടവും വിശദവുമായ നിലയിൽ ബുദ്ധിപരമായ രേഖകളിലും ദർശനാനുഭവങ്ങളിലുമധിഷ്ഠിതമാണ്. ഇനി, ദൈവാസ്തികൃത്തിനെതിരെ ഏതെങ്കിലും ശാസ്ത്രീയ ഗവേഷണം ഉണ്ടെന്നു വന്നാൽത്തന്നെ ഞങ്ങൾക്ക് ദൈവത്തെ നിഷേധിക്കുക സാധ്യമല്ല. കാരണം ആ ആധുനിക ഗവേഷണം എത്രത്തോളം ശരിയും സ്വീകാര്യവുമാണെന്നു ഞങ്ങൾക്ക് ആലോചിക്കേണ്ടതുണ്ട്. നമ്മെ സംബന്ധിച്ചിടത്തോളം ഈ ചിന്തയുടെ ഫലം, ദൈവത്തിന്റെ അസ്തിത്വം സ്ഥാപിതമാകുക എന്നതല്ലാതെ മറ്റൊന്നായിരിക്കുകയില്ല. ഇതിനു വിരുദ്ധമായി പറയപ്പെടുന്ന ശാസ്ത്രഗവേഷണം യഥാർഥത്തിൽ വിരുദ്ധമായിരിക്കുകയില്ല. അത് ശുഷ്കമായ ഒരു കണ്ടെത്തലിനെ സ്ഥാപിക്കപ്പെട്ട യാഥാർഥ്യമായി തെറ്റായ നിലയിൽ അംഗീകരിക്കപ്പെട്ടതാവാനേ തരമുള്ളു.  വാസ്തവത്തിൽ അത് സ്ഥാപിതമായ യാഥാർഥ്യമല്ല.

വാസ്തവത്തിൽ ദൈവാസ്തിക്യം പരിപൂർണവും അന്യൂനവുമായ വീക്ഷണംകൊണ്ടു സ്ഥാപിക്കപ്പെട്ടതാണ്. ശാസ്ത്രീയഗവേഷണം അതിന്നെതിരെ വരികയെന്നാൽ അതിന്റെ അർഥം പരസ്പര വിരുദ്ധങ്ങളായ രണ്ടു കാര്യങ്ങൾ ഒരിടത്ത് ഒരുമിച്ചുകൂടുകയെന്നായിരിക്കും. അതൊട്ടും സംഭാവ്യമല്ല. ശാസ്ത്രം നമ്മുടെ വീക്ഷണത്തെ ആക്ഷേപിക്കുകയാണെങ്കിൽ അത് അതിന്റെതന്നെ മുരടിനു കോടാലിവയ്ക്കുന്നതിനു തുല്യമായിരിക്കും. കാരണം അതിന്റെ സ്വന്തം അടിത്തറ, കണ്ടെത്തലുകളിലാണ് നിലകൊള്ളുന്നത്. അനവസരത്തിൽ ഉയർന്നുവന്ന ഒരു ചോദ്യമാണിത്. ഭാവിയിൽ എന്താണോ സംഭവിക്കുന്നത് അതിനെ സംബന്ധിച്ച് അപ്പോൾ നോക്കിയാൽ മതിയല്ലോ. എന്തായാലും ദൈവാസ്തികൃത്തിനെതിരെ ഉന്നയിക്കപ്പെടുന്ന ഒരു ശാസ്ത്ര സത്യവും ഇതുവരെ സ്ഥാപിക്കപ്പെട്ടിട്ടില്ലെന്നത് നിസ്തർക്കമാണ്. വിവിധങ്ങളും അത്ഭുതകരങ്ങളുമായ അസംഖ്യം വസ്തുക്കളെക്കൊണ്ടു നിറഞ്ഞ ഈ പ്രപഞ്ചം, എല്ലാ വസ്തുക്കളിലും പ്രവർത്തിക്കപ്പെട്ടു കാണുന്ന ബുദ്ധിപൂർവ്വമായ കാര്യകാരണങ്ങളോടുകൂടിയ ഈ പ്രപഞ്ചം, വിവിധ

ഗുണങ്ങളോടുകൂടിയ നിരവധി വസ്തുക്കളെ ഒരു ചരടിൽ കോർത്ത തുപോലെ ഇണക്കിവയ്ക്കുകയും അങ്ങനെ ലോകത്തിലുള്ള ഓരോ ചെറിയ ചെറിയ വസ്തുക്കളുടേയും ആവശ്യങ്ങൾ നിർവഹിക്കുന്ന തിനായി ആയിരക്കണക്കിന് നാഴിക അകലത്തിൽ അസംഖ്യങ്ങളായ പ്രകൃതി തൊഴിൽ ശാലകൾ രാപ്പകൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന തായി കാണപ്പെടുകയും ചെയ്യുന്ന ഈ പ്രപഞ്ചം സൂക്ഷ്മജ്ഞാനി യും ബുദ്ധിമാനും സർവശക്തനുമായ ഒരു ആസൂത്രകൻ, അവന്റെ നിയന്ത്രണത്തിൽനിന്ന് ഒന്നും ഒഴിവാക്കാനാവാത്ത വിധത്തിൽ ഈ ലോകത്തിനുമേൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നുവെന്നതിന് അനി ഷേധ്യമായൊരു തെളിവാണ്. ഇതാണ് സത്യം. ഇതിനുമാറ്റമില്ല.

## ആധുനികശാസ്ത്രം എന്തുകൊണ്ട് ദുർഗതിയ്ക്ക് കാരണമായിക്കൊണ്ടിരിക്കുന്നു?

യൂറോപ്പിലെ ആധുനിക തത്ത്വചിന്തയും ശാസ്ത്രകാരന്മാരുടെ സങ്ക ല്പങ്ങളും അത് തെറ്റോ ശരിയോ ആയിക്കൊള്ളട്ടെ-ദൈവാസ്തി ക്യത്തെപ്പറ്റി ആക്ഷേപിക്കാൻ ഒരു വിധത്തിലും കാരണമാവുന്നില്ല. എങ്കിലും അത് ഇക്കാലത്ത് പലരുടേയും മാർഗഭ്രംശനത്തിന് കാര ണമായിക്കൊണ്ടിരിക്കുന്നു. അതുകൊണ്ട് ഈ ചർച്ച അവസാനിപ്പി ക്കുന്നതിനു മുമ്പേ അതിനെക്കുറിച്ചുകൂടി ഇവിടെ സംക്ഷിപ്തമായി വിവരിക്കട്ടെ. യൂറോപ്പിലെ ആധുനിക വീക്ഷണഗതി രണ്ടുവിധത്തി ലാണ് ജനങ്ങളെ തെറ്റായ ധാരണയിൽ അകപ്പെടുത്തിയിട്ടുള്ളത്. ഒന്നാമതായി, സ്വയം വിവിധരൂപത്തിൽ പരിവർത്തനം ചെയ്യാനുള്ള കഴിവ് മൂലധാതുക്കൾക്കുണ്ടെന്നും താണസ്ഥിതിയിൽ നിന്ന് ഉയർന്ന സ്ഥിതിയിലേക്ക് അവ പരിണമിക്കുമെന്നും ഇന്നു ലോകത്ത് കാണപ്പെ ടുന്ന എല്ലാ ജീവികളും പ്രത്യേകിച്ച് മനുഷ്യൻ ഈ പരിണാമസിദ്ധാ ന്തത്തിന്റെ പ്രതിഫലനമാണെന്നും പാശ്ചാത്യചിന്തകന്മാർ അഭിപ്രാ യപ്പെട്ടു. അപ്പോൾ ദൈവത്തെ സംബന്ധിച്ച് യഥാർഥ വിവരമില്ലാത്ത ജനമനസ്സുകളിൽ ഈ ലോകത്തിനുമേൽ ദൈവമൊന്നും ഉണ്ടായിരി ക്കുകയില്ലെന്നും അത് തനിയെ ഉണ്ടായതാവാമെന്നും മൂലധാതുക്ക ളുടെ വിശേഷ പ്രവർത്തനഫലമായി ഇതിങ്ങനെ തിരിഞ്ഞുകൊണ്ടേ യിരിക്കുകയാണെന്നുമൊക്കെയുള്ള സംശയങ്ങൾ ജനിക്കാൻ തുടങ്ങി. ഒടുവിലവർ, ലോകം ഒരു യന്ത്രം പോലെ തിരിയുകയാണെന്നും ലോകത്തിലുള്ള ഈ മാറ്റങ്ങളും കാഴ്ചകളുമെല്ലാം ആ ആഭ്യന്തരമായ ആസൂത്രണത്തിന്റെ (*Mechanism*) ഫലമാണെന്നും മറ്റുമുള്ള അഭിപ്രായ

ത്തിൽ ഉറച്ചുനിന്നു. ഈ സംശയത്തിനുള്ള മറുപടി മുകളിൽ പറഞ്ഞു കഴിഞ്ഞിട്ടുണ്ട്. അതായത് ഗാഢമായി ചിന്തിക്കുന്ന പക്ഷം ലോകത്ത് കാണപ്പെടുന്ന ഈ ആസൂത്രണം ഇതിനു മുകളിൽ ഒരു പരാശക്തി യുണ്ടെന്നും ആ അപരിമേയ ശക്തിയാണ് ഈ അത്ഭുതകരമായ നി യമത്തെ മൂലധാതുക്കളിൽ നിക്ഷേപിച്ചിട്ടുള്ളതെന്നും സമ്മതിക്കാൻ നമ്മെ നിർബന്ധിക്കുന്നതായി കാണാം. കൂടാതെ ആ മൂലധാതുക്ക ളുടെ സ്ഥിതിവിശേഷം സ്രഷ്ടാവും ഉടമസ്ഥനുമായ ഒരു ദൈവത്തിന്റെ അസ്തിത്വത്തെ വിളിച്ചോതുകയുമാണ് ചെയ്യുന്നത്. ഇതിനും പുറമെ ലോകത്ത് ആസൂത്രണം മാത്രമല്ല പ്രത്യേകമായൊരു ക്രമവും (Design) പരമമായൊരുദ്ദേശ്യവും (Teleology)കാണപ്പെടുന്നുണ്ടെന്നും പ്രകൃതിപ ഠനത്താൽ നമുക്ക് മനസ്സിലാക്കാൻ കഴിയുന്നുണ്ട്. അനാദ്യനും അഭി ജ്ഞനും സൃഷ്ടികർത്താവും ഉടമസ്ഥനുമായ ഒരു പരാശക്തിയുടെ സൂചനയും, സാധ്യതയുമാണ് ഇതെല്ലാം നമുക്ക് നല്കുന്നത്.

ചിലരുടെ മാർഗഭ്രംശനത്തിനു ഹേതുവായിത്തീർന്ന രണ്ടാമത്തെ സംഗതി യൂറോപ്പിലെ ആധുനിക തത്ത്വചിന്തകളാണ്. ഇക്കാലത്ത് ദൈവപ്രോക്തങ്ങളായി അറിയപ്പെടുന്ന മതങ്ങളുടെ അധ്യാപന ങ്ങൾക്കെതിരായ വിധത്തിലാണ് പരിണാമസിദ്ധാന്തം ജീവജാലങ്ങളെ, പ്രത്യേകിച്ച് മനുഷ്യനെ അവതരിപ്പിച്ചിട്ടുള്ളത്. ഏതെങ്കിലുമൊരു ദൈവപ്രോക്തമതത്തിന്നെതിരായി അതിന്റെ സത്യതയെ സംശയ ഗ്രസ്തമാക്കിത്തീർക്കുന്നവിധം ഒരു കടന്നാക്രമണം ഉണ്ടാവുകയും അതിനു മറുപടി പറയാനും പരിഹാരം കാണാനും മനുഷ്യന് സാധി ക്കാതെ വരികയും ചെയ്യുമ്പോൾ അവൻ ദൈവാസ്തിത്വത്തെ സംബ ന്ധിച്ച് സംശയിക്കാനും ദൈവവുമായി ബന്ധപ്പെടുത്തിയിരുന്ന ആ കാര്യം ശരിയല്ലെന്ന് വന്ന സ്ഥിതിക്ക് മതം വിഭാവന ചെയ്യുന്ന ഈ തൊ ഴിൽശാലകളെല്ലാം അബദ്ധജടിലമാണെന്നും ദൈവംതന്നെയും ഒരു സങ്കല്പമല്ലാതെ മറ്റൊന്നുമല്ലെന്ന് വിചാരിക്കാനും തുടങ്ങുകയെന്നത് സ്വാഭാവികമാണ്. ഇതാണ് പരിണാമ സിദ്ധാന്തം വഴി ജനങ്ങൾക്ക് കി ട്ടിയ ‘നേട്ടം’! മതവിശ്വാസികളുടെ സിദ്ധാന്തമനുസരിച്ച് ആദ്യം എല്ലാം പുകയോ വെള്ളമോ ആയിരുന്നു. ആ പുകയിലോ വെള്ളത്തിലോ നി ന്ന് ദൈവം ഇക്കാണുന്ന വിവിധ വസ്തുക്കളെയെല്ലാം സൃഷ്ടിച്ചു. ആകാശത്തേയും ഭൂമിയേയും അവയ്ക്കിടയിലുള്ള സർവവസ്തുക്ക ളേയും 24 മണിക്കൂറുള്ള 6 ദിവസങ്ങളിലായാണ് ദൈവം സൃഷ്ടിച്ചത്. അതിനു ശേഷം അവൻ മണ്ണുകൊണ്ട് ഒരു രൂപമുണ്ടാക്കി അതിൽ ഊതി യപ്പോൾ അതിൽനിന്ന് ആദം ഉണ്ടായി. അദ്ദേഹത്തിന്റെ വാരിയെല്ലിൽ

നിന്ന് ഹവ്വാ പുറത്തുവന്നു. പിന്നെ അവരിരുവരിലും നിന്ന് മനുഷ്യ വംശം ഉണ്ടാകാൻ തുടങ്ങി. മനുഷ്യവംശത്തിന്റെ പരമ്പര അങ്ങനെ ഏഴായിരം കൊല്ലമായിട്ട് നടന്നുകൊണ്ടിരിക്കുകയാണ്. എന്നിങ്ങനെ യെല്ലാമാണ് ക്രിസ്ത്യാനികൾ അവരുടെ പുരോഹിതന്മാരിൽനിന്നും മുസ്ലിംകൾ അവരുടെ മൗലവിമാരിൽനിന്നും മറ്റു മതക്കാർ അവരുടെ പണ്ഡിതന്മാരിൽനിന്നും കേട്ടുകൊണ്ടിരുന്നത്. മറ്റു ചിലർ പറയുന്നത് ഇങ്ങനെയാണ്. ദൈവേഷ്ടമനുസരിച്ച് മൂലധാതു, മുട്ടയുടെ രൂപം പ്രാപിച്ചു. പിന്നെ അതുപൊട്ടി രണ്ടുഭാഗമായി. അതിൽനിന്ന് ഒരു ഭാഗം ഭൂമിയും മറ്റെഭാഗം ആകാശവുമായിത്തീർന്നു. പുരുഷനും സ്ത്രീയും ദൈവത്തിൽനിന്ന് പൊട്ടിപ്പുറപ്പെട്ടതാണ്. അല്ലെങ്കിൽ, ദൈവത്തിനു വിയർപ്പ് വന്നപ്പോൾ ആ വിയർപ്പുതുള്ളികളിൽ നിന്നുണ്ടായതാണ് ഈ പ്രപഞ്ചമത്രയും! ഇത്തരത്തിലുള്ള വർത്തമാനങ്ങളാണ് ലോകോല്പത്തിയെ സംബന്ധിച്ച് തങ്ങളുടെ പാതിരിമാരിൽനിന്നും മൗലവിമാരിൽനിന്നും പണ്ഡിതന്മാരിൽനിന്നും മറ്റും ജനങ്ങൾ കേട്ടുകൊണ്ടിരുന്നത്. എന്നാൽ, ശാസ്ത്രീയ ഗവേഷണപ്രകാരം ഈ കഥകളെല്ലാം കളവാണെന്നു തെളിഞ്ഞിരിക്കുകയാണെന്നും ഈ അത്ഭുതപ്രപഞ്ചം മുഴുവനും മൂലധാതുക്കളുടെ പരിവർത്തന ശക്തിയാൽ പ്രത്യക്ഷപ്പെട്ടതാണെന്നും ഓരോ വസ്തുവും കോടിക്കണക്കിന് കൊല്ലങ്ങൾകൊണ്ട് താണ അവസ്ഥയിൽനിന്ന് പരിവർത്തനം ചെയ്ത് ഉന്നതാവസ്ഥ പ്രാപിച്ചതാണെന്നും മനുഷ്യനും ഈ പരിവർത്തനത്തിന്റെ ഫലമാണെന്നും മറ്റും സ്ഥാപിതമായിരിക്കുന്നുവെന്നുമുള്ള ശബ്ദം പെട്ടെന്ന് അവരുടെ കർണങ്ങളിൽ പതിച്ചു. തൽഫലമായിട്ടാണ് ജനങ്ങൾക്ക് മതത്തിന്റെ നേരെ സംശയം ജനിച്ചത്. ശാസ്ത്രത്തിന്റെ പുതിയപ്രകാശം അവരുടെ മതദൃഷ്ടിയെ ബലഹീനമാക്കാൻ തുടങ്ങി. അവർ ദൈവവിശ്വാസത്തെ കൈയൊഴിക്കുകയോ വിശ്വാസകാര്യത്തിൽ ഉദാസീനത കാണിക്കുകയോ ചെയ്തു.

മതത്തിന്റെ ഈ ലജ്ജാകരമായ പരാജയത്തിന് ഏറ്റവും വലിയ ഉത്തരവാദി പാശ്ചാത്യ ക്രൈസ്തവ പുരോഹിതന്മാരാണ്. കാരണം ആധുനിക ശാസ്ത്രത്തിന്റേയും തത്വചിന്തയുടേയും ശബ്ദം ആദ്യമായി അവരുടെ കാതുകളിലാണെത്തിയത്. അവർ ആ ശബ്ദം കേട്ടതോടെ ജനങ്ങൾക്ക് വ്യക്തമായി കാണത്തക്കനിലയിൽ പരിഭ്രാന്തിയും പാരവശ്യവും പ്രകടിപ്പിച്ചു. അവരുടെ ഈ നിസ്സഹായവസ്ഥ കണ്ടതിനാലും സ്വയം നിസ്സഹായരായിത്തീർന്നതിനാലും ലക്ഷക്കണക്കിനാളുകൾ നാസ്തികരായിത്തീർന്നു. ഈ ശബ്ദം മറ്റു ജനതകളിലെത്തി

യപ്പോൾ അവരിൽ ചിലരും, പ്രസ്തുത ആക്രമണത്തിന്റെ മുമ്പിൽ ഒരു മതവിഭാഗം മുമ്പേ പരാജയപ്പെട്ടത് കണ്ടിട്ട് നിരാശരായി മാറി. അങ്ങനെ ആദ്യത്തെ പരാജയം പിന്നീടത്തെ പരാജയങ്ങൾക്ക് വഴി തുറന്നുകൊടുത്തു. എന്നാൽ, ജനങ്ങൾ ആലോചനാപൂർവ്വം പ്രവർത്തിച്ചിരുന്നെങ്കിൽ കാര്യം ഈ വിധത്തിലാകുമായിരുന്നില്ല. എന്തെന്നാൽ, ഒന്നാമതായി, ലോകോല്പത്തിയേയും ആദമിന്റെ സൃഷ്ടിപ്പിനേയും സംബന്ധിച്ച് വിവിധ മതാനുയായികൾക്കിടയിൽ അക്കാലത്ത് പരന്നിട്ടുണ്ടായിരുന്ന അഭിപ്രായങ്ങളിലധികവും വാസ്തവത്തിൽ മതപണ്ഡിതന്മാരുടെ സൃഷ്ടിയായിരുന്നു. ആ മതങ്ങളുടെ ദൈവപ്രോക്ത ഗ്രന്ഥങ്ങളിലോ മറ്റു പ്രമാണ ഗ്രന്ഥങ്ങളിലോ ആ രീതിയിലുള്ള ഒരു സങ്കല്പം കാണുകയില്ല. ഈ പരിതഃസ്ഥിതിയിൽ ആ അഭിപ്രായങ്ങൾ തെറ്റാണെന്ന് തെളിയുമ്പോൾ മതം ആക്ഷേപവിധേയമാവുകയില്ലെന്നത് പ്രത്യക്ഷമാണ്. രണ്ടാമതായി ലോകോല്പത്തിയെ സംബന്ധിച്ച അഭിപ്രായങ്ങളിൽ ചിലത് പിന്നീടത്തെ കൈയേറ്റം കൊണ്ടോ അല്ലെങ്കിൽ ഇതര ഭാഷകളിലേക്ക് വിവർത്തനം ചെയ്യുമ്പോൾ നേരിട്ട പിശകുകൊണ്ടോ മതഗ്രന്ഥത്തിന്റെ ഒരു ഭാഗമായിത്തീർന്നതായിരുന്നു. വാസ്തവത്തിൽ മൗലികമായ ദൈവപ്രോക്തഗ്രന്ഥങ്ങളിൽ അവ കാണുകയില്ല. ഈ അവസ്ഥയിലും മതസ്ഥാപനത്തിനുമേൽ ഒരാക്ഷേപവും വീഴുന്നില്ലെന്ന് എല്ലാവർക്കുമറിയാം. മൂന്നാമതായി, ആ അഭിപ്രായങ്ങളിൽ ചിലത് ദൈവപ്രോക്തഗ്രന്ഥങ്ങളിൽ കണ്ടെത്തിയേക്കാമെങ്കിലും അവയുടെ സാരം ഗ്രഹിക്കുന്നതിൽ അധികമാളുകൾക്കും തെറ്റുപറ്റിയിരുന്നു എന്നതാണ്. തെറ്റായ ആ വ്യാഖ്യാനങ്ങൾകൊണ്ട് ആധുനിക ചിന്തകന്മാർക്ക് ആക്ഷേപത്തിന് സൗകര്യം കൈവന്നുപോയി എന്നുമാത്രം.

ഉദാഹരണമായി, ദൈവം ആകാശഭൂമികൾ സൃഷ്ടിച്ചത് ആറു ദിവസങ്ങളിലാണെന്ന് വിശുദ്ധഖുർആനിൽ പറഞ്ഞിട്ടുണ്ട്. എന്നാൽ, അതിന്റെ സാരം ഗ്രഹിക്കുന്നതിൽ ജനങ്ങൾക്ക് പറ്റിയ തെറ്റ്, ദിനം എന്ന് പറഞ്ഞത് 24 മണിക്കൂറുകളുടെ ദിനമാണെന്നു ധരിച്ചതാണ്. വാസ്തവത്തിൽ അറബിഭാഷയിൽ 'യൗം' എന്ന പദത്തിന് ദിനമെന്നാണ് അർഥമെങ്കിലും പലപ്പോഴും സമയത്തിനും കാലത്തിനും അത് ഉപയോഗിക്കാറുണ്ട്. പഴയകാലത്തെ അറബികവികൾ ഈ പദം സമയത്തിനും കാലത്തിനും വേണ്ടി ഉപയോഗിച്ചിരുന്നു എന്നത് വ്യക്തമാണ്. എന്നാൽ, ചിലർ ആലോചനക്കുറവുകൊണ്ടോ അറിവില്ലായ്മകൊണ്ടോ അതിന്റെ അർഥം ആറു ദിവസമാണെന്ന് ധരിച്ചു. പി

ന്നീട് വന്ന ജനങ്ങൾ ദിവസമെന്നതിന് 24 മണിക്കൂറുകളുടെ ദിവസമെന്ന് അർഥമെടുക്കുകയും ചെയ്തു. യഥാർഥത്തിൽ ഇവിടെ നാം അറിയുന്ന ദിവസമല്ല പ്രസ്തുതവചനത്തിന്റെ ഉദ്ദേശ്യമെന്ന് അതിന്റെ പശ്ചാത്തലം തന്നെ വ്യക്തമാക്കുന്നുണ്ട്. നാം അറിയുന്ന ദിവസം സൂര്യനുമായി ബന്ധപ്പെട്ടതും ഭൂമി ചുറ്റുന്നതുകൊണ്ട് ഉണ്ടാകുന്നതുമാണ്. വിശുദ്ധ ഖുർആനിൽ പറയുന്ന ദിവസമാകട്ടെ സൂര്യനും ഭൂമിയും ഉണ്ടാകുന്നതിന് മുമ്പേയുള്ളതാകുന്നു. അല്ലാഹു പറയുന്നത് നാം ആകാശഭൂമികളേയും സൂര്യചന്ദ്രനക്ഷത്രങ്ങളേയും ആറുദിവസങ്ങളിലാണ് സൃഷ്ടിച്ചതെന്നാണ്. അതുകൊണ്ട് ദിവസം എന്നതിന് സൂര്യദിനത്തിന് മുമ്പേയുണ്ടായിരുന്ന ദിനമെന്നല്ലാതെ അർഥം കല്പിക്കാൻ നിവൃത്തിയില്ല. അതാണെങ്കിൽ, സമയവും കാലവും ആയിരുന്നു. അതുകൊണ്ട് അറബിഭാഷ മാത്രമല്ല ആയത്തിന്റെ പശ്ചാത്തലവും ഇവിടെ ദിനം എന്നു പറഞ്ഞതിന്റെ അർഥം നാം അറിയുന്ന ദിനമല്ലെന്നും സമയവും കാലവുമാണെന്നും തെളിയിക്കുന്നുണ്ട്. അപ്പോൾ, ഖുർആൻ വചനത്തിന്റെ അർഥം, നാം ആറുവിവിധ കാലഘട്ടങ്ങളിലായി ക്രമത്തിൽ ക്രമത്തിലാണ് ഈ ലോകത്തെ സൃഷ്ടിച്ചതെന്നു വരുന്നു. ഖുർആനിന്റെ ഈ വാദത്തിനുമേൽ ശാസ്ത്രത്തിന്റെ ഒരാക്ഷേപവും പതിയുകയില്ല. കാരണം ശാസ്ത്രജ്ഞന്മാരും പറയുന്നത്, ഈ ലോകം ക്രമത്തിൽ ക്രമത്തിൽ വിവിധ അവസ്ഥകളും ഘട്ടങ്ങളും തരണം ചെയ്ത് ഇന്നത്തെ സ്ഥിതിപ്രാപിച്ചുവെന്നാണ്.

ഇതുപോലെതന്നെ, ലോകത്തിന്റെ ആയുസ്സ് 7000 കൊല്ലമാണെന്നും ആദമിനെ സൃഷ്ടിച്ചത് നബിതിരുമേനിക്ക് 5000 കൊല്ലം മുമ്പേയാണെന്നും ഹദീഥിൽ പറഞ്ഞിട്ടുണ്ട്. ഇതിന്റെ അർഥം മനുഷ്യവംശത്തിന്റെ തുടക്കമുണ്ടായിട്ട് ഏതാനും സഹസ്രാബ്ദങ്ങൾ മാത്രമേ ആയിട്ടുള്ളുവെന്ന് ചിലർ തെറ്റായി ധരിച്ചു. അങ്ങനെ പരിണാമസിദ്ധാന്തക്കാർക്ക് ആക്ഷേപത്തിന് സൗകര്യം ലഭിക്കുകയും ചെയ്തു. യഥാർഥത്തിൽ, ഈ ലോകം ഉണ്ടായിട്ട് ഏതാനും സഹസ്രാബ്ദങ്ങൾ മാത്രമേ കഴിഞ്ഞിട്ടുള്ളുവെന്നോ അതിനു മുമ്പേ ഒന്നും ഉണ്ടായിരുന്നില്ലെന്നോ ഇസ്‌ലാം പഠിപ്പിക്കുന്നില്ല. അത്തരമൊരു ആക്ഷേപം ഇസ്‌ലാമിന്റെ തലയിൽ കെട്ടിവെക്കുന്നത് അങ്ങേയറ്റം അന്യായവും തികഞ്ഞ അവിവേകവുമാണ്. ദൈവത്തിന്റെ ഒരൊറ്റ ഗുണവിശേഷവും ഒരിക്കലും നിലയ്ക്കുന്നതല്ലെന്നും എക്കാലവും അവന്റെ ഗുണവിശേഷങ്ങൾ ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരുവിധത്തിൽ പ്രകാശിച്ചുകൊണ്ടിരുന്നിട്ടുണ്ടെന്നുമാണ് ഇസ്‌ലാമിന്റെ സിദ്ധാന്തം. സൃഷ്ടിക്കലും അവന്റെ

ഗുണവിശേഷങ്ങളിലൊന്നാണ്. അതുകൊണ്ട് ആറേഴു സഹസ്രാബ്ദം മുമ്പേ മാത്രമാണ് സൃഷ്ടിപരമ്പര തുടങ്ങിയതെന്നും അതിനുമുമ്പേ ഒന്നുമുണ്ടായിരുന്നില്ലെന്നുമുള്ള അഭിപ്രായം അടിമുടി ഇസ്‌ലാമിന്റെ സിദ്ധാന്തത്തിന്നെതിരാകുന്നു. ആ സ്ഥിതിക്ക് മേൽപറഞ്ഞ ഹദീഥിന്റെ അർഥം ലോകത്തിന്റെ ആയുസ്സ് ഏതാനും സഹസ്രാബ്ദങ്ങൾ മാത്ര മാണെന്നായിരിക്കാൻ തരമില്ല. നേരെമറിച്ച്, മുസ്‌ലിം പ്രമാണിമാർ രേഖപ്പെടുത്തിയിട്ടുള്ളതുപോലെ, ഇക്കാലത്ത് അല്ലാഹു നിയോഗിച്ച നവോഥാനനായകൻ വാഗ്ദത്ത മഹ്ദീമസീഹ് ഹദ്‌റത്ത് മിർസാ ഗുലാം അഹ്മദ്(അ) വിശദമായി വിവരിച്ചിരിക്കുന്നതുപോലെ[1], ഈ ഹദീഥിന്റെ അർഥം ലോകത്ത് വിവിധ യുഗങ്ങൾ കഴിഞ്ഞിട്ടുണ്ടെന്നും ഇപ്പോഴത്തെ വംശപരമ്പര ഏതാനും സഹസ്രാബ്ദങ്ങൾക്കു മുമ്പേ ആരംഭിച്ചതാണെന്നും മാത്രമാണ്. അങ്ങനെ എത്രയെത്ര യുഗങ്ങൾ കഴിഞ്ഞു കടന്നിട്ടുണ്ടെന്ന് പറയുക സാധ്യമല്ല. ഇസ്‌ലാമിലെ ഒരു സുപ്രസിദ്ധ പണ്ഡിതനും സൂഫിവര്യനുമായിരുന്ന ഹദ്‌റത്ത് മുഹ്‌യി ദ്ദീനുബ്നുൽ അറബി(റഹ്) പറയുന്നു: "ലോകത്ത് ലക്ഷക്കണക്കിന് ആദമുമാർ കഴിഞ്ഞുപോയിട്ടുള്ളതായി ഒരിക്കൽ അല്ലാഹു എനിക്ക് ദർശനാവസ്ഥയിൽ കാണിച്ചുതരികയുണ്ടായി. ഒരു ആദമിന്റെ യുഗം അവസാനിക്കുമ്പോൾ മറ്റൊരു ആദമിന്റെ യുഗം ആരംഭിക്കുകയാണ്. അങ്ങനെ എത്രയെത്ര യുഗങ്ങൾ കഴിഞ്ഞുപോയിരിക്കുന്നുവെന്ന് അല്ലാഹുവിനല്ലാതെ മറ്റാർക്കും അറിയുകയില്ല.[2]" ഈ അർഥപ്രകാരം നടേപറഞ്ഞ ഹദീഥ് ഒരാക്ഷേപത്തിനും ഇടം നല്കുന്നില്ല. ഈ അർഥം തന്നെയാണ് ശരിയായിട്ടുള്ളതും. ഏതാനും സഹസ്രാബ്ദങ്ങൾക്കു മുമ്പേ ഒരു സൃഷ്ടിയും ഉണ്ടായിരുന്നില്ലെന്നും ദൈവം നിഷ്ക്രിയനാ യിരിക്കുകയായിരുന്നെന്നും വിചാരിക്കുന്നത് ഇസ്‌ലാമിന്റെ സിദ്ധാന്ത പ്രകാരം ഗുരുതരമായ തെറ്റാണ്.

ഇപ്രകാരം തന്നെ വിശുദ്ധ ഖുർആനിൽ വിവരിക്കുന്നു. നാം ആദ മിനെ മണ്ണിൽനിന്ന് സൃഷ്ടിച്ച് നമ്മുടെ കല്പനയാൽ അവന്റെ ഉള്ളിൽ ജീവനിട്ടു. ഇതിൽനിന്നു ചിലയാളുകൾ മനസ്സിലാക്കിയത് ദൈവം മണ്ണു കൊണ്ടൊരു ബിംബമുണ്ടാക്കിയെന്നും അതിൽ ജീവൻ ഊതിയെന്നും അങ്ങനെ മനുഷ്യപരമ്പരയ്ക്ക് ആരംഭം കുറിച്ചുവെന്നുമാണ്. സത്യ ത്തിൽ ഖുർആനിക വചനത്തിന്റെ ഉദ്ദേശ്യം ആദമിന്റെ പ്രകൃതിയിൽ

---

*1. അൽഹക്കം 1908 മെയ് 30, ചശ്മയെ മഅ്രിഫത്ത് പേജ് 160*

*2. ഫുതുഹാതെ മക്കിയ്യ ബാബ് ഹുദുസുദ്ദുൻയാ വാള്യം 1*

ലൗകികമായ അംശങ്ങളുടെ സ്വഭാവം ഉണ്ടെന്നുമാത്രമാണ്. ഇക്കാരണത്താൽ അവൻ ഭൗതികതയിലേക്ക് പെട്ടെന്ന് ചാഞ്ഞുപോ കുന്നു. അതുകൊണ്ട് മനുഷ്യന്റെ ഭൗതികമായ മൂലകങ്ങൾ ആത്മീയ പുരോഗതിയിൽ തടസ്സമാകാതിരിക്കാൻ അവന്റെ നിർമാണത്തിൽ ദൈവം ആത്മീയ മൂലകങ്ങളുടെ തുള്ളികൾ ചേർത്തു. അതായത് അതിസൂക്ഷ്മമായ ഒരു വിഷയത്തെ വിശുദ്ധ ഖുർആൻ അതിന്റെ പ്രതിപാദന ശൈലിയനുസരിച്ച് ആലങ്കാരിക രൂപത്തിൽ അവതരിപ്പിച്ചു. ഇക്കാര്യം അതിന്റെ ബാഹ്യമായ അർഥത്തിൽ എടുത്തിട്ടാണ് ആക്ഷേപം ഉന്നയിക്കുന്നത്. എന്നാൽ, ഈ വചനം അതിന്റെ പ്രത്യക്ഷാർഥത്തിലെടുത്താലും ഒരാക്ഷേപത്തിനും അത് വിധേയമാവുകയില്ലെന്ന് ഞാൻ പറയുന്നു. കാരണം വിശുദ്ധഖുർആൻ ലോകോല്പത്തിയുടെ വിശദ വിവരങ്ങളറിയിക്കുന്നതിനുവേണ്ടിയല്ല ഇറക്കപ്പെട്ടിട്ടുള്ളത്. അതിന്റെ പ്രവൃത്തി മനുഷ്യന്റെ ധാർമികവും ആധ്യാത്മികവുമായ പരിഷ്കരണമാണ്. ഈ ഉദ്ദേശ്യപൂർത്തീകരണത്തിന് അത്യാവശ്യമായ മറ്റുവിഷയങ്ങൾ മാത്രമേ അത് വിവരിച്ചിട്ടുള്ളൂ. ബാക്കി കാര്യങ്ങളെ അതൊഴിവാക്കുകയാണ് ചെയ്തത്. ഉദാഹരണമായി, വൈദ്യസംബന്ധമായ കാര്യങ്ങൾ വിശദീകരിക്കുകയെന്നത് വിശുദ്ധ ഖുർആനിന്റെ ദൗത്യമല്ല. കാരണം വിശുദ്ധഖുർആൻ ഒരു വൈദ്യഗ്രന്ഥമല്ല. പക്ഷേ, മനുഷ്യന്റെ പൊതുവായ ആരോഗ്യം അവന്റെ സ്വഭാവത്തിന്റേയും മതകാര്യങ്ങളുടേയുംമേൽ സ്വാധീനം ചെലുത്തുന്നു. അതുകൊണ്ട് അത്യാവശ്യമെന്ന് മനസ്സിലാക്കി ഇസ്‌ലാമിക ശരീഅത്ത് ഇടയ്ക്കിടെ ആരോഗ്യസംരക്ഷണവുമായി ബന്ധപ്പെട്ട ചില സൈദ്ധാന്തികമായ കാര്യങ്ങളിലേക്ക് മനുഷ്യന്റെ ശ്രദ്ധയെ ക്ഷണിച്ചിരിക്കുന്നതായി കാണാം. അതും അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളനുസരിച്ച് അത്യാവശ്യമുള്ളതു മാത്രം പരിമിതപ്പെടുത്തിയാണ് വിവരിച്ചിട്ടുള്ളത്. ഈ സൈദ്ധാന്തിക സംഗതിയനുസരിച്ച് ഉപര്യുക്ത ഖുർആൻ വചനത്തിന്റെ അർഥമെടുത്താൽ ഒരാക്ഷേപവും ഉണ്ടാകുകയില്ല. ദൈവം മനുഷ്യനെ മുട്ടിയാൽ മുഴങ്ങുന്ന രൂപപ്പെടുത്തിയ കറുത്ത കളിമണ്ണിൽനിന്ന് സൃഷ്ടിച്ചുവെന്നും പിന്നീട് തന്റെ കല്പനയാൽ അതിനുള്ളിൽ ജീവനിട്ടുവെന്നും മാത്രമേ വിശുദ്ധഖുർആൻ (15:27-30) പറയുന്നുള്ളൂ. ഇതിന്റെ ഉദ്ദേശ്യമിതാണ്. മനുഷ്യൻ ഒരു സംസാരിക്കുന്ന മൃഗമാണ്. അവൻ മറ്റു മൃഗങ്ങളിൽനിന്നുയർന്ന് സംസാരം എന്ന ഗുണവിശേഷത്താൽ അഭിവൃദ്ധിപ്പെടുന്നതിനായി സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. രണ്ടാമതായി, അവന്റെ ശരീരവും അവന്റെ ആത്മാവും ദൈവത്തിന്റെ സൃഷ്ടിയാണ്. ഒരു പ്രത്യേക പ്ര

വർത്തനരീതിയനുസരിച്ചാണ് അത് ലോകത്ത് വന്നിട്ടുള്ളത്. പക്ഷേ, മണ്ണുകൊണ്ട് ഉദ്ദേശിക്കുന്നത് ഏതു മണ്ണാണെന്ന കാര്യം ഖുർആൻ വ്യക്തമാക്കുന്നില്ല. കാരണം രാസപ്രക്രിയയിലൂടെ ലഭിക്കുന്ന എല്ലാ ലവണവും മണ്ണിന്റെ തന്നെ ഭാഗമാണ്. പിന്നെ ദൈവം മനുഷ്യനെ മണ്ണിൽനിന്ന് എങ്ങനെയാണ് സൃഷ്ടിച്ചതെന്നും സൃഷ്ടിപ്പിന് എത്ര ദിവസമെടുത്തുവെന്നും, എത്ര ഘടകങ്ങളിലൂടേയും ഏതെല്ലാം തരത്തിലുള്ള ഘട്ടങ്ങളിലൂടേയും കടന്ന് ഇന്നത്തെ സ്ഥിതിയിലെത്തിയെന്നുമുള്ള കാര്യങ്ങളെ സംബന്ധിച്ച് ഖുർആനൊന്നും പറയുന്നില്ല. ഇപ്രകാരംതന്നെ ദൈവം മനുഷ്യന്റെ ഉള്ളിൽ ജീവനിട്ടെങ്കിൽ അതെവിടെനിന്ന് ഇട്ടുവെന്നും എങ്ങനെ ഇട്ടുവെന്നും, എത്ര ഘട്ടങ്ങളിൽ ഇട്ടുവെന്നും, അതിന്റെ വളർച്ച എങ്ങനെ ചെയ്തുവെന്നുമുള്ള ചോദ്യങ്ങൾക്ക് മറുപടി വിശദീകരിക്കുന്നത് അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളുമായി ബന്ധമില്ലാത്തതായി വിശുദ്ധഖുർആൻ കരുതുന്നു. അതുകൊണ്ട് ആ വിഷയങ്ങളിൽ അത് മൗനം പാലിച്ചു. ചുരുക്കിപ്പറഞ്ഞാൽ ഒരു ശാസ്ത്രജ്ഞനും വിശുദ്ധഖുർആനിന്റെ വിവരണത്തിന്നെതിരിൽ ആക്ഷേപം ഉന്നയിക്കാൻ സാധ്യമല്ല. കാരണം അതിൽ വിവരിക്കപ്പെട്ടിട്ടുള്ളത് മനുഷ്യസൃഷ്ടിയുടെ മനോഹരവും യഥാർഥവുമായിട്ടുള്ള അവസ്ഥയാണ്. അതാണെങ്കിൽ ശാസ്ത്രം കണ്ടുപിടിച്ചിട്ടുള്ള വസ്തുതകൾക്ക് ഒരിക്കലും എതിരല്ല. നേരെമറിച്ച് അത് സ്വയം ഒരു സൈദ്ധാന്തിക സന്മാർഗ ദീപമെന്ന നിലയിൽ ശാസ്ത്രത്തിന് പ്രയോജനം ചെയ്യുന്നു. വിശുദ്ധഖുർആനിന്റെ ഈ വിശദീകരണത്തിന് ആരെങ്കിലും അടിക്കുറിപ്പെഴുതി ശാസ്ത്രത്തിന്നെതിരിൽ എന്തെങ്കിലും പ്രശ്നം കൊണ്ടുവന്നിട്ടുണ്ടെങ്കിൽ അതിനുത്തരവാദി അയാൾ തന്നെയാണ്. അക്കാരണത്താൽ ഇസ്‌ലാമിന് ഒന്നും സംഭവിക്കാൻ പോകുന്നില്ല.

ഇതേപോലെ ഹദ്റത്ത് ഹവ്വാ സൃഷ്ടിക്കപ്പെട്ടത് ഹദ്റത്ത് ആദമിന്റെ വാരിയെല്ലിൽ നിന്നാണെന്ന് ഹദീഥിൽ വന്നിട്ടുണ്ട്. ഇതുകണ്ടപ്പോൾ ആദമിന്റെ ശരീരം കീറി അദ്ദേഹത്തിന്റെ വാരിയെല്ല് പുറത്തെടുത്ത് അതിൽനിന്നാണ് ഹവ്വായെ സൃഷ്ടിച്ചതെന്ന് ചിലർ മനസ്സിലാക്കി. അങ്ങനെ ശാസ്ത്രജ്ഞന്മാർക്ക് ആക്ഷേപിക്കാൻ ഏണിവെച്ചുകൊടുത്തു. വാസ്തവത്തിൽ ദൈവപ്രോക്തഗ്രന്ഥത്തിന്റെ സാധാരണ പ്രയോഗമെന്ന രീതിയിൽ ഈ വാക്കുകളും ആലങ്കാരികമായിട്ടാണ് ഉപയോഗിച്ചിട്ടുള്ളത്. ഈ ഹദീഥിന്റെ പൊരുൾ ഇങ്ങനെയാകാനേ തരമുള്ളൂ. സ്ത്രീ സൃഷ്ടിക്കപ്പെട്ടിട്ടുള്ളത് പുരുഷനോട് ചേർന്ന് ജീവിക്കുന്നതിനുവേണ്ടിയാണ്. പുരുഷന്റെ ജീവിതത്തിലെ അവിഭാജ്യ ഘടകവും

അവന്റെ ജീവിതസഖിയുമാണവൾ. പക്ഷേ, പുരുഷൻ എപ്പോഴും ഓർമയിൽ വയ്ക്കേണ്ട ഒരു കാര്യമുണ്ട്. വാരിയെല്ല് വളഞ്ഞിരിക്കുന്നതുപോലെ സ്ത്രീകളിൽ ചില ഉദ്ദേശ്യമനുസരിച്ച് സ്വാഭാവികമായ ചില ബലഹീനതകളുണ്ട് എന്നതാണത്. പുരുഷൻ അവളുമായി ഇടപഴകുമ്പോൾ അവളുടെ പ്രകൃത്യാലുള്ള ബലഹീനതകൾ മനസ്സിലാക്കി സൗമ്യതയോടും വിട്ടുവീഴ്ചയോടും പെരുമാറേണ്ടതാണ്. മറ്റൊരു ഹദീഥിൽ നബി(സ) തിരുമേനി സ്ത്രീകളെ സംബന്ധിച്ച് ഇതേ വാക്കുകൾ തന്നെ പ്രയോഗിച്ചിട്ടുണ്ട്. "സ്ത്രീ വളഞ്ഞ വാരിയെല്ലുപോലെയാണ്. ഈ വളവാണ് സ്ത്രീത്വത്തിന്റെ സൗന്ദര്യം. സ്ത്രീകളുടെ പ്രകൃത്യാലുള്ള ഈ വളവിനെ പുരുഷന്മാർ എപ്പോഴും ശ്രദ്ധിക്കേണ്ടതാണ്. പൊട്ടിപ്പോകുംവിധം അതിനെ നേരെയാക്കാൻ ശ്രമിക്കുകയോ അങ്ങനെ സ്വന്തം അലങ്കാരത്തെ  ഇല്ലാതാക്കുകയോ ചെയ്യരുത്."

വിശുദ്ധഖുർആനിലോ തിരുനബിവചനങ്ങളിലോ ലോകോല്പത്തിയേയും ആദമിന്റെ സൃഷ്ടിപ്പിനേയും പറ്റി പ്രയോഗിച്ചിട്ടുള്ള വാക്കുകളെക്കുറിച്ച് ചിന്തിക്കുമ്പോൾ അതൊരിക്കലും ആക്ഷേപാർഹമാകുകയില്ലെന്ന് മനസ്സിലാകും. ആക്ഷേപമുന്നയിക്കുന്നവർ സ്വന്തം അജ്ഞതയെ വെളിപ്പെടുത്തുകയാണ് ചെയ്യുന്നത്. ദൈവപ്രോക്തങ്ങളായ മറ്റു ഗ്രന്ഥങ്ങളിലെ അധ്യാപനങ്ങളും ആക്ഷേപാർഹമായി മനസ്സിലാക്കാനുള്ള കാരണവും തെറ്റുധാരണ തന്നെയാണെന്ന് ഞാൻ കരുതുന്നു. അതിന്റെ യഥാർഥ പൊരുൾ മനസ്സിലാക്കപ്പെട്ടില്ല. എവിടെയെങ്കിലും എന്തെങ്കിലും ആക്ഷേപത്തിന് വകയുണ്ടായിട്ടുണ്ടെങ്കിൽ അത് പിന്നീടുണ്ടായ കൈകടത്തലിന്റെ ഫലം തന്നെയാണ്. ഇതിൽനിന്ന് വിശുദ്ധഖുർആനല്ലാതെ മറ്റൊരു വേദഗ്രന്ഥവും രക്ഷപ്പെട്ടിട്ടില്ല. ദൈവാനുഗ്രഹത്താൽ വിശുദ്ധഖുർആൻ എല്ലാ രീതിയിലും സുരക്ഷിതമായി വർത്തിക്കുന്നു. അതിലൊരുവിധ മാറ്റത്തിരുത്തലുകളും നടന്നിട്ടില്ലെന്ന് കഠിനവിരോധികൾപോലും സാക്ഷ്യം വഹിക്കുന്നു. അതുകൊണ്ട് വിശുദ്ധഖുർആനിനെ സംബന്ധിച്ച് അതിൽ ബുദ്ധിപരമായ ആക്ഷേപങ്ങൾക്ക് വിധേയമാകത്തക്ക ഒരു കാര്യവുമില്ലെന്ന് ഖണ്ഡിതഭയമന്യേ നാം പറയുന്നു. ശാസ്ത്രത്തിന്റെ സത്യമായ കണ്ടുപിടിത്തങ്ങളൊന്നും വിശുദ്ധഖുർആനിന്റെ ഒരധ്യാപനത്തിനും എതിരല്ല. അങ്ങനെ ആകാനും പാടില്ല. കാരണം ദൈവത്തിന്റെ വാക്കുകളാണ് വിശുദ്ധഖുർആൻ; പ്രകൃതിയുടെ വ്യാഖ്യാതാവായ ശാസ്ത്രം അല്ലാഹുവിന്റെ പ്രവൃത്തിയും! ദൈവത്തിന്റെ വാക്കും പ്രവൃത്തിയും പരസ്പരം വൈരുദ്ധ്യമാവുക സാധ്യമല്ല.

ഈ ചർച്ച അവസാനിപ്പിക്കുന്നതിനു മുമ്പേ ചാൾസ് ഡാർവിന്റെ പരിണാമ സിദ്ധാന്തത്തെ സംബന്ധിച്ച് പറയേണ്ടത് അനിവാര്യമാണ്. ഇതുവരെ ഈ വീക്ഷണഗതി കേവലമൊരു അനുമാനത്തിലാണുള്ളത്. അതായത് ഒരു സിദ്ധാന്തമെന്നതിനപ്പുറം ഒന്നുമില്ല. ശാസ്ത്രം കണ്ടുപിടിച്ചിട്ടുള്ള സത്യങ്ങളിലൊന്നും അതുൾപ്പെടുന്നുമില്ല. എന്നു മാത്രമല്ല, നിരവധി ശാസ്ത്രജ്ഞന്മാർ അതിനെ ശക്തമായി നിഷേധിച്ചിട്ടുമുണ്ട്. ലോകപ്രസിദ്ധനായ ശാസ്ത്രജ്ഞൻ സർ ജോൺ ഇംബ്രോസ് ഫ്ളെമിംങ്ങിന്റെ ചരമത്തോടനുബന്ധിച്ച് പത്രങ്ങളിൽ വന്ന അനുശോചന സന്ദേശത്തിൽ ഇങ്ങനെ രേഖപ്പെടുത്തിയിരുന്നു.

*"സർ ജോൺ പേരുകേട്ടൊരു ശാസ്ത്രജ്ഞനായിരുന്നു. പക്ഷേ അദ്ദേഹം ദിവ്യാത്ഭുതങ്ങളെ നിഷേധിക്കുന്ന ആളല്ല. ഡാർവിന്റെ പരിണാമ സിദ്ധാന്തത്തെ 'കേവലം ബുദ്ധിപരമായൊരു ഭാവന' എന്നാണ് അദ്ദേഹം കരുതിയിരുന്നത്. (സിവിൽ ആൻഡ് മിലിട്ടറി ഗസറ്റ് ലാഹോർ 22-4-1945)*

ഈ സിദ്ധാന്തത്തിന്റെ അടിസ്ഥാനത്തിൽ ദൈവാസ്തികൃത്തെ സംബന്ധിച്ച് ആക്ഷേപം ഉന്നയിക്കുന്നത് ബുദ്ധിപരമായ മാർഗമായി ഞാനൊരിക്കലും മനസ്സിലാക്കുന്നില്ല.

## ദൈവത്തിന് സ്രഷ്ടാവോ?

ദൈവമാണ് ഈ പ്രപഞ്ചത്തെ സൃഷ്ടിച്ചതെങ്കിൽ ദൈവത്തെ ആരാണ് സൃഷ്ടിച്ചത്? ലോകത്തെ സംബന്ധിച്ച് അതിന്റെ സ്രഷ്ടാവും ഉടമസ്ഥനും ആരാണെന്നുള്ള പ്രശ്നം ഉത്ഭവിക്കുന്നുണ്ടെങ്കിൽ ദൈവത്തെ സംബന്ധിച്ചും അവന്റെ സ്രഷ്ടാവും ഉടമസ്ഥനും ആരാണെന്നുള്ള പ്രശ്നം ഉത്ഭവിക്കേണ്ടതല്ലേ എന്ന് ചിലർ പ്രത്യേകിച്ച് ചെറുപ്പക്കാർ സംശയിക്കുന്നു. ഈ സംശയത്തിനുള്ള ഉത്തരമിതാണ്. ഒന്നാമതായി ദൈവത്തെപ്പറ്റി അത്തരമൊരു പ്രശ്നം ഉത്ഭവിക്കാൻ അവകാശമില്ല. അതിനുള്ള കാരണം പിന്നീട് പറയുന്നതാണ്. ഈ പ്രപഞ്ചത്തിന്റെ സ്രഷ്ടാവും ഉടമസ്ഥനുമായിരിക്കുന്ന സത്തയെ അതിനുപരിയായ മറ്റൊരു സത്തയാണ് സൃഷ്ടിച്ചതെന്ന് സങ്കല്പിക്കുകയാണെങ്കിൽത്തന്നെയും അതൊരു എതിർ തെളിവായിത്തീരുന്നതല്ല. എന്തെന്നാൽ, അപ്പോൾ ആ ഉപരി സത്തയ്ക്കായിരിക്കും നാം ദൈവമെന്നു നാമകരണം ചെയ്യുക. അതിന്റെ കീഴിലുള്ള സത്തയെ സൃഷ്ടികളിൽ ഒരു സൃഷ്ടിയും കാരണശൃംഖലയിലെ ഒരു കണ്ണിയും സൃഷ്ടിപരമ്പരയിലെ ഒരു ഘടകവുമായി കരുതുന്നതാണ്. ഇനി ആ ഉപരിസത്തയുടെ സ്രഷ്ടാവും ഉടമസ്ഥനും ആരാണെന്ന് വല്ലവരും ചോദിച്ചാൽ അതിനു

ള്ള മറുപടിയും ഇപ്പറഞ്ഞതു തന്നെയായിരിക്കും. ആ ഉപരിസത്തയും മറ്റൊരു പരമോപരി സത്തയുടെ സൃഷ്ടിയാണെങ്കിൽ ആ പരമോപരിസത്തയെയായിരിക്കും നാം ദൈവമെന്നു പറയുക. അതിനു കീഴിലുള്ള എല്ലാ സത്തകളേയും സൃഷ്ടിഭാഗമായി കണക്കാക്കുന്നതാണ്. ഇങ്ങനെ ഈ ശൃംഖല ഏതൊരു സത്തയിൽ അവസാനിപ്പിക്കപ്പെടുമോ, അതായത് ഏതൊരു സത്തയെ ഈ ശൃംഖലയുടെ ആദ്യത്തെ കണ്ണിയായും അതിനുമേലെ ഒരു സത്ത ഇല്ലാത്തതായും കരുതപ്പെടുമോ, അതിനാണ് നാം ദൈവമെന്നു പേർ നല്കുക. അതൊഴികെയുള്ള എല്ലാറ്റിനേയും സൃഷ്ടിവിഭാഗമായി കരുതുകയും ചെയ്യും.

ഇനി ഓരോ സത്തയെക്കുറിച്ചും അതിന്റെ സ്രഷ്ടാവും ഉടമസ്ഥനും ആരാണെന്ന ചോദ്യം ഉദിക്കുന്നതുകൊണ്ട് ആദ്യത്തേതെന്ന് പറയാവുന്ന ഒരു സത്തയുടെ അസ്തിത്വം സ്ഥാപിതമാവുകയില്ലെന്ന് ആരെങ്കിലും കരുതുന്നുണ്ടെങ്കിൽ അതിനുള്ള മറുപടി ഇതാണ്. ഈ ശൃംഖലയ്ക്ക് ഒരു പ്രാരംഭസത്ത ഇല്ലാതിരിക്കുക എന്നത് ബുദ്ധിക്ക് ഒതുങ്ങാത്തതാണ്. എന്തെന്നാൽ, ഒരു പ്രാരംഭസത്തയെ അംഗീകരിക്കാതിരിക്കുന്ന പക്ഷം അതിന്റെ ഫലം ആ പ്രാരംഭവസ്തുവിന്റെ തുടർച്ചയായിരിക്കുന്ന, ലോകമുൾപ്പെടെയുള്ള സകലവസ്തുക്കളേയും നിഷേധിക്കുകയെന്നതായിരിക്കും. വേറൊരു വിധത്തിൽ പറഞ്ഞാൽ അതിന്റെ അർഥം ലോകവും അതിലുള്ള സകല വസ്തുക്കളും കേവലം മായയാണെന്നും യഥാർഥത്തിൽ ഭൂമിയോ ആകാശമോ സൂര്യനോ ചന്ദ്രനോ നക്ഷത്രങ്ങളോ മനുഷ്യനോ മറ്റുജീവജാലങ്ങളോ മരമോ വെള്ളമോ കാറ്റോ മറ്റെന്തെങ്കിലും വസ്തുവോ ഇല്ലെന്നുമാണ്. ഉദാഹരണമായി ലോകത്തിന് നാം 'ഏ' എന്നും അതിന്റെ സ്രഷ്ടാവിന് 'ബി' എന്നും പേര് നല്കുക. എന്നിട്ട് ബീയെ സീയും സീയെ ഡീയുമാണ് സൃഷ്ടിച്ചതെന്ന് സങ്കല്പിക്കുക. ഇപ്രകാരം കഴിയുന്നിടത്തോളം ഈ ശൃംഖലയെ മുന്നോട്ടു നീട്ടിക്കൊണ്ടുപോവുക. അതായത്, ഓരോ വസ്തുവിനെ സംബന്ധിച്ചും അത് അതിന്നുപരിയായ മറ്റൊരു വസ്തുവിന്റെ സൃഷ്ടിയാണെന്ന് വിചാരിക്കുക. അപ്പോൾ ആ ശൃംഖല ഒരിടത്തും അവസാനിക്കുകയില്ലെന്നുള്ളത് പ്രകടമാണ്. അതിന്റെ അർഥം ഈ ശൃംഖലയ്ക്ക് ആദ്യത്തേതെന്ന് പറയാവുന്ന ഒരു കണ്ണി സ്ഥാപിതമാവുകയില്ലെന്നായിരിക്കും. ആദ്യത്തെ കണ്ണി സ്ഥാപിതമാവുന്നില്ലെങ്കിൽ അതിന്റെ സൃഷ്ടിയായിരിക്കുന്ന പിന്നിലുള്ള കണ്ണിയും സ്ഥാപിതമാവുന്നതല്ല. ആ പിന്നിലുള്ള കണ്ണി സ്ഥാപിതമാവുന്നില്ലെങ്കിൽ അതിന്റെ പിന്നിലുള്ള കണ്ണിയും സ്ഥാപിതമാവുകയില്ല. അങ്ങനെ

ആദ്യത്തെകണ്ണി സ്ഥാപിതമാവാതിരിക്കുന്നതുകൊണ്ട് പിന്നിലെ എല്ലാ കണ്ണികളും അറ്റുപോകുന്നതാണ്. മുകളിലെ ഉദാഹരണമെടുത്തു കൊണ്ടു പറഞ്ഞാൽ ഡീയുടെ അസ്തിത്വം സ്ഥാപിതമാവുന്നില്ലെങ്കിൽ സീയുമില്ലെന്നും സീയുടെ അസ്തിത്വം സ്ഥാപിതമാവുന്നില്ലെങ്കിൽ ബീയും ഇല്ലെന്നും ബീയുടെ അസ്തിത്വം സ്ഥാപിതമാവുന്നില്ലെങ്കിൽ ഏയുമില്ലെന്നും സമ്മതിക്കേണ്ടിവരും. അപ്പോൾ ഡീയുടെ അസ്തിത്വം നിഷേധിക്കുന്നതുകൊണ്ട് ഏയുടെ അസ്തിത്വവും നിഷേധിക്കാൻ നാം നിർബന്ധിതരായിത്തീരുന്നു. എന്നാൽ, കുറഞ്ഞപക്ഷം ഏ എന്നു നാം പേര് നല്കിയിട്ടുള്ള ലോകത്തിന്റെ അസ്തിത്വം സർവ്വസമ്മതമായി സ്ഥാപിക്കപ്പെട്ടതാണ്. ലോകത്തിന്റെ അസ്തിത്വം നിഷേധിക്കാൻ ആർക്കും സാധ്യമല്ല. അതുകൊണ്ട് ഈ ശൃംഖലയുടെ ആദ്യത്തേതായ ഒരു കണ്ണി സ്ഥാപിതമാവാത്ത അനുമാനമാർഗം തെറ്റാണ്. കാരണം അതുമുഖേന ലോകത്തിന്റെ അസ്തിത്വം നിഷേധിക്കേണ്ടിവരുന്നു. അതുകൊണ്ടു തന്നെ ഈ ശൃംഖലക്ക് ഒരു ആദ്യത്തെ കണ്ണി സമ്മതി ക്കാൻ നാം നിർബന്ധിതരാണ്. അതിന്റെ അർഥം അതിന്നുപരിയായി ഒരു സത്തയില്ലാത്ത ആദ്യത്തെ സത്തയിൽ വിശ്വസിക്കുകയെന്നതാ ണ്. എന്നാൽ, അങ്ങനെയുള്ളൊരു സത്ത സൃഷ്ടിയല്ലാതിരിക്കുമെന്നത് പ്രത്യക്ഷമാകുന്നു. അതിനാണ് നാം ദൈവം എന്ന് പേർ പറയുന്നത്. ഈ ശൃംഖലയെ എത്രതന്നെ നീട്ടിക്കൊണ്ടുപോവുകയാണെങ്കിലും ഒരു സ്ഥലത്ത് അതിനെ അവസാനിപ്പിക്കേണ്ടിവരും. അതായത്, ഏതെ ങ്കിലും ഒരു സത്തയെ ഈ ശൃംഖലയുടെ ആദ്യത്തെ കണ്ണിയായി സമ്മതിക്കേണ്ടിവരും. ആ ആദ്യത്തെ കണ്ണി സൃഷ്ടിയല്ലാത്ത ദൈവമാ ണ്. അവന്റെ താഴെ ഏതെല്ലാം വസ്തുക്കളുണ്ടോ അതെല്ലാം തന്നെ അതിന്റെ പ്രകൃതിസ്വഭാവത്തിൽ എത്ര ശക്തിയും മേന്മയുള്ളതാ യാലുംശരി സൃഷ്ടിയും ഏകദൈവത്തിന്റെ അധീനത്തിലുള്ളതുമാണ്.

ഇനി ദൈവത്തിന്റെ സ്രഷ്ടാവും ഉടമസ്ഥനും ആരാണെന്നുള്ള ചോ ദ്യംതന്നെ തെറ്റാണെന്ന് ഹ്രസ്വമായ നിലയിൽ വിവരിക്കാനാണ് ഞാൻ ആഗ്രഹിക്കുന്നത്. ദൈവത്തെ സംബന്ധിച്ച് അത്തരമൊരു പ്രശ്നം തന്നെ ഉണ്ടാവാൻ പാടില്ല. എന്തെന്നാൽ, ദൈവത്തിന്റേയും സൃഷ്ടി യുടേയും നിർവചനങ്ങൾ പരസ്പരം യോജിക്കാത്തവയാണ്. ഈ രണ്ടു നിർവചനങ്ങളും ഒരു വസ്തുവിൽ ഒരുമിച്ചു കൂടുകയെന്നത് ബുദ്ധി സമ്മതിക്കുകയില്ല. എല്ലാറ്റിലുമുപരിയായ ഒരു സത്തയ്ക്കാ ണ് ദൈവം എന്ന പേര് പറയേണ്ടതെന്ന് ദൈവത്തിന്റെ നിർവചനം നമ്മോടാവശ്യപ്പെടുന്നു. എന്നാൽ, സൃഷ്ടിയുടെ നിർവചനമാവട്ടെ,

ഏതൊരു വസ്തുവിനെ നാം സൃഷ്ടിയായി കണക്കാക്കുന്നുവോ ആ വസ്തുവിന് ഉപരിയായി ഒരു സത്തയുണ്ടെന്ന് സമ്മതിക്കുവാൻ നമ്മളെ നിർബന്ധിക്കുകയും ചെയ്യുന്നു. ഈ രണ്ടു നിർവചനങ്ങളും ഒരിക്കലും ഒരുതരത്തിലും ഒരു വസ്തുവിൽ ഒത്തുചേരുകയില്ല. നല്ലവണ്ണം ചിന്തിച്ചുനോക്കുക. ഏതെങ്കിലുമൊരു വസ്തുവിനെ സൃഷ്ടിയെന്നു സമ്മതിക്കുന്നതിന്റെ അർഥം അതിന്നുപരിയായി അതിന്റെ സ്രഷ്ടാവും ഉടമസ്ഥനുമായ ഒരു സത്തയുണ്ടെന്ന് സമ്മതിക്കുകയെന്നതാണ്. അപ്പോൾ ദൈവത്തെ സൃഷ്ടിയായി കരുതുകയാണെങ്കിൽ ദൈവത്തിനുമീതെ സ്രഷ്ടാവും ഉടമസ്ഥനുമായി അവന്റെമേൽ ആധിപത്യം നടത്തുകയും അവന്റെ നിലനില്പിന് അവലംബമായിരിക്കുകയും ചെയ്യുന്ന മറ്റൊരു സത്ത ഉണ്ടെന്നു വരുന്നതാണ്. ആ സത്ത എല്ലാ വിധത്തിലും ദൈവത്തിന്നുപരിയായിരിക്കുകയും ചെയ്യും. അത്തരമൊരു ഉപരിസത്തയുണ്ടെങ്കിൽ കീഴിലുള്ള ആ നാമമാത്രമായ ദൈവമല്ല, ഉപരിസത്തയായിരിക്കും ദൈവമെന്നത് പ്രത്യക്ഷമാണ്. അപ്പോൾ കീഴിലുള്ള ദൈവം സൃഷ്ടിയും ആശ്രയിയും ഭരണീയനുമായിരിക്കും. ഒരു ഉപരിസത്തയുണ്ടായിരിക്കെ, ആ കീഴിലുള്ള സത്തയെപ്പറ്റി ദൈവമെന്ന പദം പ്രയോഗിക്കാൻ ബുദ്ധിയുള്ള ആർക്കാണ് സാധിക്കുക? വീണ്ടും ആലോചിച്ചു നോക്കുക. ഏതെങ്കിലുമൊരു സത്തയ്ക്ക് അതൊരു സൃഷ്ടിയല്ലെന്ന് മനസ്സിലാക്കുന്നതുവരെ ദൈവമെന്ന പേർ നല്കാൻ നിങ്ങൾക്ക് കഴിയുമോ? നിങ്ങൾ അതിനെ സംബന്ധിച്ച് അതൊരു സൃഷ്ടിയാണെന്ന ഭാവന സ്വീകരിക്കുകയാണെങ്കിൽ അതിന്നുപരിയായി അതിന്റെ സ്രഷ്ടാവും ഉടമസ്ഥനുമായി മറ്റൊരു സത്തയുടെ അസ്തിത്വം സമ്മതിക്കുന്നതോടുകൂടി ദൈവത്തിന്റെ നിർവചനം കീഴിലുള്ള സത്തയിൽനിന്ന് ആ ഉപരിസത്തയിലേക്ക് മാറിപ്പോവുകയും ചെയ്യും. അങ്ങനെ സൃഷ്ടിയായി കരുതപ്പെടുന്ന ഒരു സത്തയ്ക്കും ദൈവമാകാൻ കഴിയുകയില്ല. എന്തെന്നാൽ, ആ അവസ്ഥയിൽ അതിന്നുപരിയായും അതിന്റെ സ്രഷ്ടാവായും നിലകൊള്ളുന്ന സത്തയ്ക്കായിരിക്കും ദൈവമെന്ന് നാമകരണം ചെയ്യപ്പെടുക. അതുകൊണ്ട് ദൈവത്തിന്റേയും സൃഷ്ടിയുടേയും നിർവചനം ഒരിക്കലും ഒരേ വസ്തുവിൽ സമ്മേളിക്കുകയില്ലെന്ന് സ്ഥാപിതമായി. അതായത്, ഒരേ വസ്തു ദൈവവും സൃഷ്ടിയുമായിരിക്കുകയെന്നത് അസംഭാവ്യമാണ്. അത് അസംഭാവ്യമായിരിക്കുന്നതുകൊണ്ട് ദൈവമെന്ന് വിശ്വസിക്കുന്ന ഏതെങ്കിലും സത്തയെ സംബന്ധിച്ച് അതിന്റെ സ്രഷ്ടാവ് ആരാണെന്ന ചോദ്യം ഉത്ഭവിക്കുന്നില്ലെന്ന് സമ്മതിക്കുകയല്ലാതെ നമുക്ക് നിവൃത്തിയില്ല.

ഈ സംശയത്തിനുള്ള മറ്റൊരു മറുപടി ഇതാണ്. ദൈവത്തെ സംബന്ധിച്ച് അവന്റെ സ്രഷ്ടാവ് ആരാണെന്നുള്ള ചോദ്യം ഉത്ഭവിക്കാൻതന്നെ വഴിയില്ലെന്ന ന്യായം തൽക്കാലത്തേക്ക് ഒരു ഭാഗത്ത് മാറ്റിനിറുത്തിക്കൊണ്ട് ദൈവം സൃഷ്ടിയാണെന്ന് സമ്മതിക്കുകയും എന്നിട്ട് അതിന്റെ ഫലമെന്താണെന്ന് നോക്കുകയും ചെയ്യുക. ലോകത്തുള്ള ഓരോ വസ്തുവിനും ചില പ്രത്യേക ഗുണങ്ങളും സ്വഭാവങ്ങളുമുണ്ട്. ആ ഗുണങ്ങളും സ്വഭാവങ്ങളും കൊണ്ടാണ് അത് മറ്റുള്ള വസ്തുക്കളിൽനിന്ന് വ്യത്യസ്തമായി കാണപ്പെടുന്നത്. ഉദാഹരണമായി കാറ്റിലും കല്ലിലും കാണപ്പെടാത്ത ചില പ്രത്യേകതകൾ വെള്ളത്തിനുണ്ട്. അതുകൊണ്ടാണ് കാറ്റിൽനിന്നും കല്ലിൽനിന്നും നാം വെള്ളത്തെ വേർതിരിച്ചറിയുന്നത്. വെള്ളത്തിന്റെ പ്രത്യേകതകളെ വെള്ളത്തിൽനിന്നു വേർപ്പെടുത്തുകയാണെങ്കിൽ വെള്ളം വെള്ളമായിരിക്കുകയില്ല. ഓരോ വസ്തുവിലുമുള്ള പ്രത്യേകമായ ചില ഗുണവിശേഷങ്ങളാണ് അവയുടെ അസ്തിത്വം നിലനിറുത്തുന്നതിനും മറ്റുള്ള വസ്തുക്കളിൽനിന്ന് അവയെ വേർതിരിക്കുന്നതിനും കാരണമാവുന്നത്.

നാം ഒരു സത്തയ്ക്ക് ദൈവമെന്ന് നാമകരണം ചെയ്യുമ്പോൾ, ആ പേർ നല്കപ്പെടാൻ യോഗ്യമായതും മറ്റുള്ള വസ്തുക്കളിൽനിന്ന് അതിനെ വ്യത്യാസപ്പെടുത്തുന്നതുമായ ചില ഗുണവിശേഷങ്ങൾ നമ്മുടെ ബുദ്ധി അതിനു വകവെച്ചുകൊടുക്കുന്നു. ആ ഗുണവിശേഷങ്ങൾ ദൈവത്വത്തിന്റെ തൂണുകളാണ്. അവയെ ആ സത്തയിൽനിന്നു വേർപെടുത്തിയാൽ അതു ദൈവമായിരിക്കയില്ല. ഉദാഹരണമായി ഒരു ദൈവമുണ്ടെങ്കിൽ അവൻ അനാദ്യനായിരിക്കണമെന്ന് ബുദ്ധി നമ്മോട് പറയുന്നു. അതായത് അവൻ തുടക്കമില്ലാത്തവനായിരിക്കണം. ഒരു ദൈവമുണ്ടെങ്കിൽ അവൻ അനശ്വരനായിരിക്കണമെന്ന് ബുദ്ധി നമ്മോട് പറയുന്നു. അതായത് അവൻ എന്നെന്നും നിലനില്ക്കുന്നവനായിരിക്കണം. ഒരു ദൈവമുണ്ടെങ്കിൽ അവൻ സ്വയം സമ്പൂർണ്ണനായിരിക്കണമെന്ന് ബുദ്ധി നമ്മോടു പറയുന്നു. അതായത് മറ്റൊരു വസ്തുവിന്റെ ആശ്രയം കൂടാതെ സ്വയം നിലനില്ക്കുന്നവനായിരിക്കണം. ഒരു ദൈവമുണ്ടെങ്കിൽ അവൻ സർവശക്തനായിരിക്കണമെന്ന് ബുദ്ധി നമ്മോട് പറയുന്നു. അതായത് അവന്റെ ശക്തി പരിപൂർണമായിരിക്കണം. അവന്റെ പ്രവൃത്തികളിൽ ഇടപെടാവുന്ന മറ്റൊരു ശക്തിയുണ്ടാവാൻ പാടില്ല. ഒരു ദൈവമുണ്ടെങ്കിൽ അവൻ ഏകനായിരിക്കണമെന്ന് ബുദ്ധി നമ്മോട് പറയുന്നു. അതായത്, അവന് ഇണയും തുണയുമുണ്ടായിരിക്കാൻ പാടില്ല. അവന്നെതിരായി അവനോട് സമത്വം അവകാശപ്പെടുന്ന മറ്റൊരു

വസ്തു ഉണ്ടായിരിക്കാൻ പാടില്ല. ഒരു ദൈവമുണ്ടെങ്കിൽ അവൻ തന്റെ എല്ലാ ഗുണവിശേഷങ്ങളിലും സ്ഥിരതയുള്ളവനും സ്വതന്ത്രനുമായിരിക്കണമെന്ന് ബുദ്ധി നമ്മോടു പറയുന്നു. അതായത് അവന്റെ സകല ഗുണവിശേഷങ്ങളും അവനിൽ എന്നും ഉള്ളതായിരിക്കുകയും അവയുടെ നിലനില്പ് മറ്റൊരു സത്തയുടെ അഭീഷ്ടത്തിനോ ആശ്രയത്തിനോ വിധേയമല്ലാതിരിക്കുകയും വേണം.

ഉദാഹരണത്തിനുവേണ്ടി ഞാനീപറഞ്ഞ ഗുണവിശേഷങ്ങളെല്ലാം നാം ദൈവമെന്ന് നാമകരണം ചെയ്യുന്ന ആ സത്തയിൽ ഉണ്ടായിരിക്കണമെന്നത് ബുദ്ധിയുടെ വിധിയാണ്. കാരണം ഇന്നോളം നടന്നുവന്നതും ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നതുമായ ലോകവ്യവസ്ഥിതിയുടെ സ്ഥാപനം ഈ ഗുണവിശേഷങ്ങളില്ലാതെ സാധ്യമാവുകയില്ല. അതുകൊണ്ട്, ഈ ഗുണവിശേഷങ്ങളും ഇതുപോലുള്ള മറ്റു ഗുണവിശേഷങ്ങളും ദൈവസിംഹാസനത്തിന്റെ തൂണുകളാണ്. ആ തൂണുകൾ കൂടാതെ ആ സിംഹാസനം ഒരു വിധത്തിലും നിലനില്ക്കുകയില്ല. ദൈവം സൃഷ്ടിയാണെന്നു സങ്കല്പിക്കുകയാണെങ്കിൽ ഈ എല്ലാ ഗുണവിശേഷങ്ങളേയും നിഷേധിക്കാൻ നാം നിർബന്ധിതരായിത്തീരും. ദൈവം സൃഷ്ടിയാണെന്ന് കരുതപ്പെടുന്ന അവസ്ഥയിൽ ഈ ഗുണവിശേഷങ്ങളൊന്നുംതന്നെ അവനിൽ നിലനില്ക്കുകയില്ല. ഉദാഹരണമായി ദൈവം സൃഷ്ടിയാണെങ്കിൽ അവൻ അനാദ്യനാവുകയില്ലെന്നുള്ളത് പ്രത്യക്ഷമാണ്. അവൻ പുതുതായി ഉണ്ടായതാണെന്ന് സമ്മതിക്കേണ്ടിവരും. ദൈവം സൃഷ്ടിയാണെങ്കിൽ അവൻ അനശ്വരനായിരിക്കയില്ല. നശ്വരനാണെന്ന് സമ്മതിക്കേണ്ടിവരും. ദൈവം സൃഷ്ടിയാണെങ്കിൽ അവൻ സ്വയം സമ്പൂർണനായിരിക്കുകയില്ല. അവന്റെ സ്രഷ്ടാവും ഉടമസ്ഥനുമായ മറ്റൊരു സത്തയുടെ ആശ്രയിയാണെന്ന് സമ്മതിക്കേണ്ടി വരും. ദൈവം സൃഷ്ടിയാണെങ്കിൽ അവൻ സർവ്വശക്തനായിരിക്കുകയില്ല. അവന്റെ ശക്തി പരിമിതമാണെന്നും അവന്റെ സ്രഷ്ടാവും ഉടമസ്ഥനുമായ മറ്റൊരു സത്തയ്ക്ക് തോന്നുമ്പോഴെല്ലാം യഥേഷ്ടം അവന്റെ പ്രവൃത്തികളിൽ ഇടപെടാൻ അധികാരമുണ്ടെന്നും സമ്മതിക്കേണ്ടിവരും. ദൈവം സൃഷ്ടിയാണെങ്കിൽ അവൻ ഏകനായിരിക്കുകയില്ല. അവനെക്കൂടാതെ വേറെയും ദൈവങ്ങളുണ്ടെന്ന് സമ്മതിക്കേണ്ടി വരും. കാരണം ഒരു ദൈവത്തെ സൃഷ്ടിച്ച സത്തയ്ക്ക് അതിന്റെ സൃഷ്ടിവൈഭവവും അധികാര വ്യാപ്തിയും സ്ഥാപിക്കുന്നതിനുവേണ്ടി അനവധി മറ്റു ദൈവങ്ങളേയും സൃഷ്ടിക്കാൻ കഴിയും. ദൈവം സൃഷ്ടിയാണെങ്കിൽ അവൻ തന്റെ ഗുണവിശേഷങ്ങളൊന്നിലും സ്ഥിരതയു

ള്ളവനും സ്വതന്ത്രനുമായിരിക്കയില്ല. അവന്റെ ഗുണവിശേഷങ്ങളെല്ലാം അവന്റെ സ്രഷ്ടാവായ ആ ഉപരിസത്തയുടെ അഭീഷ്ടത്തിനും കാരുണ്യത്തിനും വിധേയമാണെന്ന് സമ്മതിക്കേണ്ടിവരും. എന്തെന്നാൽ, അതിന്റെ ഗുണവിശേഷങ്ങളും സൃഷ്ടിതന്നെയായിരിക്കും. സ്രഷ്ടാവിന്റെ അധികാരത്തിന് വിധേയവുമായിരിക്കും. ഇങ്ങനെ ദൈവം സൃഷ്ടിയാണെന്ന് കരുതുന്നതിന്റെ ഫലം ദൈവത്വത്തിന്റെ സിംഹാസനം ഏതെല്ലാം ഗുണവിശേഷങ്ങളിന്മേലാണ് സ്ഥാപിതമായിരിക്കുന്നതെന്ന് ബുദ്ധി വിധിക്കുന്നുവോ ആ ഗുണവിശേഷങ്ങളെല്ലാം മറഞ്ഞുപോവുകയും ദൈവം അവന്റെ സ്ഥാനത്തുനിന്നു നിഷ്കാസിതനായി സാധാരണ സൃഷ്ടിയുടെ പദവിയിലേക്ക് ഇറങ്ങി വരികയും ചെയ്യുകയെന്നതാണ്. അവൻ എല്ലാ കാര്യത്തിലും അവന്റെ സ്രഷ്ടാവും ഉടമസ്ഥനുമായവന്റെ സഹായത്തിനു ആശ്രയിയും ഒരു വിധത്തിലും സ്വതന്ത്രമായ ജീവിതമില്ലാത്തവനുമായിത്തീരും. ഈ രീതിയിൽ, ഏതു മാർഗത്തിൽക്കൂടി നോക്കിയാലും ദൈവത്തിന്റേയും സൃഷ്ടിയുടേയും ഗുണവിശേഷങ്ങൾ പരസ്പര വിരുദ്ധങ്ങളാണെന്നും അവ ഒരു വിധത്തിലും ഒരേ വസ്തുവിൽ ഒരുമിച്ചുകൂടുക സംഭാവ്യമല്ലെന്നും മനസ്സിലാക്കാൻ പ്രയാസമില്ല. അതുകൊണ്ട്, ഏതൊരു സത്തയെ ദൈവമാണെന്നു കരുതുന്നുണ്ടോ അത് സൃഷ്ടിയല്ലെന്നു സമ്മതിക്കാനും ഏതൊരു വസ്തുവിനെ സൃഷ്ടിയാണെന്നു കരുതുന്നുണ്ടോ അതിന് ദൈവമെന്നുപേർ നല്കാതിരിക്കാനും നാം നിർബന്ധിതരാകുന്നു.

## പ്രപഞ്ചം സ്വയംഭൂതമാണോ?

ഇനി, പലരുടേയും ഹൃദയത്തിൽ ഉദിക്കാവുന്നതും യൂറോപ്പിലെ നാസ്തികന്മാർ സാധാരണയായി ഉന്നയിക്കാറുള്ളതുമായ മറ്റൊരു സംശയത്തിനുകൂടി ഉത്തരം പറയാം. ആ സംശയമിതാണ്– ദൈവം സൃഷ്ടിയല്ലെന്നും ഒരു സ്രഷ്ടാവും ഉടമസ്ഥനുമില്ലാതെ തന്നത്താൻ ഉള്ളവനാണെന്നും സമ്മതിക്കുകയാണെങ്കിൽ നമുക്ക് ഈ പ്രപഞ്ചത്തെപ്പറ്റിയും എന്തുകൊണ്ട് അങ്ങനെ സമ്മതിക്കുകയും എല്ലാ വിവാദവും ഇവിടെ ചുവട്ടിൽ വച്ചുതന്നെ അവസാനിപ്പിക്കുകയും ചെയ്തുകൂടാ? എന്നാൽ, ഗാഢമായി ചിന്തിക്കുകയാണെങ്കിൽ, ഈ സംശയം ചിന്താക്കുറവിന്റേയും വിവരക്കേടിന്റേയും ഫലമാണെന്നുകാണാം. യഥാർഥത്തിൽ ഈ സംശയത്തിന്റെ അടിസ്ഥാനം, ദൈവം സ്വയം ഉണ്ടായതാവാമെങ്കിൽ മറ്റു വസ്തുക്കളും അങ്ങനെ ഉണ്ടായതാവാൻ സാധ്യതയുണ്ട് എന്നതിലാണ്. അപ്പോൾ ഈ ലോകത്തെ സൃഷ്ടിയായി കരുതാനോ

അതിനുമേൽ ഒരു ദൈവം ഉണ്ടെന്ന് വിശ്വസിക്കാനോ ഒരു കാരണവും ഇല്ലാതാകും. അങ്ങനെവരുമ്പോൾ ഈ കഥ അവർക്കിവിടെ അവസാനിപ്പിക്കുകയും ചെയ്യാം! ദൈവം സൃഷ്ടി അല്ലാതിരിക്കാമെങ്കിൽ ഈ ലോകം തന്നെയും സൃഷ്ടിയല്ലെന്ന് എന്തുകൊണ്ട് നമുക്ക് സമ്മതിച്ചുകൂടാ? എന്ന സംശയത്തിനുള്ള ഉത്തരമിതാണ്.

എല്ലാ വസ്തുക്കളും സൃഷ്ടിയായിരിക്കേണ്ടത് അത്യാവശ്യമാണെന്നുള്ള അടിസ്ഥാനത്തിലല്ല ലോകം സൃഷ്ടിയാണെന്ന് നാം വിശ്വസിക്കുന്നത്. നേരെ മറിച്ച്, ലോകം സൃഷ്ടിയാണെന്ന് അതിന്റെ അവസ്ഥ തെളിയിക്കുന്നതു കൊണ്ടാണ്. ഒന്നൊഴിയാതെ എല്ലാ വസ്തുക്കളും അവയുടെ അവസ്ഥ എന്തുതന്നെയായിരുന്നാലും ശരി, സൃഷ്ടിയായിരിക്കേണ്ടത് അത്യാവശ്യമാണെന്ന തത്ത്വമാണ് നാം സ്ഥാപിക്കുന്നതെങ്കിൽ, ഒന്നുകിൽ ദൈവവും സൃഷ്ടിയാണെന്നു സമ്മതിക്കണമെന്നോ, അല്ലെങ്കിൽ ആ തത്ത്വത്തെ നിഷേധിച്ച് ലോകം സൃഷ്ടിയല്ലാതാവാമെന്ന സാധ്യത സമ്മതിക്കണമെന്നോ വാദിക്കാവുന്നതാണ്. അതുകൊണ്ട്, ദൈവം സൃഷ്ടിയല്ലെന്നു സമ്മതിക്കേണ്ടി വരുന്നതു നിമിത്തം ലോകം തന്നെ സൃഷ്ടിയല്ലെന്ന് ധരിക്കുന്നതിന് വിരോധമില്ലെന്ന വാദം തെറ്റാണ്. ഓരോ വസ്തുവിനും അതതിന്റെ പ്രത്യേകതകളുണ്ട്. ആ പ്രത്യേകതകളെ അടിസ്ഥാനമാക്കിയാണ് ഓരോ വസ്തുവിനെപ്പറ്റിയും അഭിപ്രായം രൂപീകരിക്കുന്നത്. ഉദാഹരണമായി, വെള്ളത്തിന്റേയും കല്ലിന്റേയും കാറ്റിന്റേയും അവസ്ഥ വെവ്വേറെയാണ്. ഒരേ നിയമത്തിന്റെ കീഴിലാണെന്നു കരുതി അവയെയെല്ലാം ഒരേ മാനദണ്ഡംകൊണ്ട് അളക്കുന്നത് ബുദ്ധി ശൂന്യമായിരിക്കും. അതുപോലെതന്നെ ലോകവസ്തുക്കളുടെ അടിസ്ഥാനത്തിൽ ദൈവത്തെ സംബന്ധിച്ചും ദൈവത്തിന്റെ അടിസ്ഥാനത്തിൽ ലോകത്തെ സംബന്ധിച്ചും അഭിപ്രായം രൂപീകരിക്കാൻ പാടില്ല. ഓരോ വസ്തുവിനേയും അതതിന്റെ സ്ഥിതിയനുസരിച്ച് വെവ്വേറെ അടയാളംകൊണ്ടു തിരിച്ചറിയേണ്ടതാണ്.

ഈ അടിസ്ഥാനത്തെ മുൻനിറുത്തി നോക്കുകയാണെങ്കിൽ ദൈവം സൃഷ്ടിയല്ലെന്നും പക്ഷേ, ലോകം സൃഷ്ടിയാണെന്നും നമുക്ക് വ്യക്തമായി കാണാൻ കഴിയും. ദൈവം സൃഷ്ടിയാവുക സംഭാവ്യമല്ലെന്നു മുകളിൽ ഞാൻ സ്ഥാപിച്ചുകഴിഞ്ഞിരിക്കുന്നു. എന്തെന്നാൽ, ഒന്നാമതായി ദൈവം സൃഷ്ടിയാണെന്നു കരുതുകയാണെങ്കിൽ അതായത് അവനൊരു സ്രഷ്ടാവുണ്ടെന്ന് സങ്കല്പിക്കുകയാണെങ്കിൽ ദൈവത്വത്തിന്റെ നിർവചനം ഉടനടി അവനിൽനിന്നു വേർപെട്ടു അവന്റെ

സ്രഷ്ടാവിലേക്കു പോകും. ഒന്നുകൂടി വ്യക്തമായി പറയുകയാണെങ്കിൽ ദൈവം സൃഷ്ടിയാണെന്ന വിചാരം മനസ്സിൽ ഉദിക്കുന്നതോടുകൂടി ത്തന്നെ അവൻ ദൈവമല്ലാതായിത്തീരും. രണ്ടാമതായി ദൈവം സൃഷ്ടി യാണെന്ന് കരുതുമ്പോൾ ദൈവത്വത്തിന്റെ തൂണുകളായി ബുദ്ധി സമ്മ തിക്കുന്നതും അവ കൂടാതെ ദൈവം ദൈവമാകാതിരിക്കുന്നതുമായ അവന്റെ ഗുണവിശേഷങ്ങളെയെല്ലാം നിഷേധിക്കേണ്ടിവരുന്നതാണ്. ചുരുക്കത്തിൽ ദൈവത്തെ സംബന്ധിച്ച് അവൻ സൃഷ്ടിയായിരിക്കുക സംഭാവ്യമല്ലെന്ന് ഖണ്ഡിതമായി സ്ഥാപിക്കപ്പെട്ടിരിക്കുന്നു. ഇനിയു ള്ളത് ലോകത്തിന്റെ പ്രശ്നമാണ്. അതിനെ സംബന്ധിച്ചും വിശദ മായി മുകളിൽ പ്രതിപാദിക്കപ്പെട്ടിട്ടുണ്ട്. അത് അതിന്റെ സ്ഥിതിഗതി കൾകൊണ്ട് തന്നത്താൻ സൃഷ്ടിയാണെന്നു വിളിച്ചോതുന്നു. അതിന്റെ അവസ്ഥ അത് സൃഷ്ടിയാണെന്നു സ്ഥാപിക്കുന്നില്ലായിരുന്നെങ്കിൽ അത് സൃഷ്ടിയല്ലെന്നു സസന്തോഷം നാം സമ്മതിക്കാൻ ഒരുക്കമാണ്. പക്ഷേ, ദൈവം അവന്റെ അവസ്ഥകൊണ്ട് തന്നത്താൻ സൃഷ്ടിയല്ലെന്നു ബോധ്യപ്പെടുത്തുമ്പോൾ ലോകം അതിന്റെ അവസ്ഥകൊണ്ട് താൻ ഏതെങ്കിലുമൊരു ഉപരിസത്തയുടെ സൃഷ്ടിസാമർഥ്യത്തിന്റെ ഫലമാ ണെന്നും ആ സത്തയെ ആശ്രയിച്ചു നിലകൊള്ളുന്നതാണെന്നും വിളി ച്ചോതുകയാണ് ചെയ്യുന്നത്.

മറ്റൊരു സംഗതികൂടി നാം മനസ്സിലാക്കേണ്ടതുണ്ട്. ലോകത്തുള്ള ഏതെങ്കിലുമൊരു വസ്തുവിനെപ്പറ്റി അത് സൃഷ്ടിയാണെന്ന് സമ്മ തിക്കുന്നതുകൊണ്ട് അതിന്റെ ഏതെങ്കിലുമൊരു ഗുണത്തെ നമുക്ക് നിഷേധിക്കേണ്ടി വരുന്നില്ല. നേരെമറിച്ച്, ദൈവം സൃഷ്ടിയാണെന്ന് കരുതുന്നതുകൊണ്ട് അവന്റെ അടിസ്ഥാനപരമായ ഗുണവിശേഷങ്ങ ളെയെല്ലാം നിഷേധിക്കാൻ നാം നിർബന്ധിതരായിത്തീരുന്നു. ഉദാ ഹരണമായി വെള്ളം സൃഷ്ടിയാണെന്ന് സമ്മതിക്കുമ്പോൾ അതിന്റെ ഒരു ഗുണവിശേഷവും നാം നിഷേധിക്കേണ്ടി വരുന്നില്ല. അതുപേ ാലെത്തന്നെ അഗ്നി, കാറ്റ്, ഭൂമി, സൂര്യൻ, ചന്ദ്രൻ എന്നീ വസ്തുക്കളോ മനുഷ്യനോ സൃഷ്ടിയാണെന്ന് വിശ്വസിക്കുമ്പോഴും അവയുടെ ഗുണ വിശേഷങ്ങൾക്കൊന്നും ഒരു കുറവും നേരിടുന്നില്ല. മൂലധാതുക്കളെ യെല്ലാം സൃഷ്ടിയാണെന്ന് വിശ്വസിക്കുമ്പോഴും അവയുടെ ഗുണവിശേ ഷങ്ങൾക്കൊന്നും ഒരു കുറവും വരുന്നില്ല. ഇങ്ങനെ ലോകത്തിലുള്ള ഏതൊരു വസ്തുവിനെ സംബന്ധിച്ചായാലും, അത് ചെറുതാവട്ടെ വലുതാവട്ടെ, കൂട്ടിച്ചേർക്കപ്പെട്ടതാവട്ടെ തനിച്ചുള്ളതാവട്ടെ അതു സൃഷ്ടിയാണെന്നു വിശ്വസിക്കുന്നതുകൊണ്ട് അതിന്റെ ഗുണവിശേഷ

ങ്ങളൊന്നും അതിനു നഷ്ടപ്പെട്ടുപോകുന്നില്ല. അവ സൃഷ്ടിയാണെന്ന് വിശ്വസിച്ചാലും അവയുടെ ഗുണവിശേഷങ്ങൾ ഇന്നു കാണപ്പെടുന്നതുപോലത്തന്നെ അവയിൽ നിലനില്ക്കും. എന്നാൽ, ദൈവം സൃഷ്ടിയാണെന്ന് കരുതുകയാണെങ്കിൽ ദൈവത്വത്തിന്റെ തൂണായിരിക്കുന്ന എല്ലാ ഗുണവിശേഷങ്ങളും അവനിൽ ഇല്ലാതായിത്തീരുന്നതും അവൻ ദൈവമല്ലാതാവുന്നതുമാണ്. അതുകൊണ്ട് ദൈവം സൃഷ്ടിയല്ലെന്ന് വിശ്വസിച്ചുകൂടേ എന്ന ചോദ്യം അജ്ഞതയിൽനിന്ന് ഉണ്ടായതാണെന്ന് മനസ്സിലാക്കാം. നോക്കുക, വെള്ളം ദ്രാവകമായതുകൊണ്ട് ഏതൊരു പാത്രത്തിൽ വെക്കപ്പെടുന്നുവോ ആ പാത്രത്തിന്റെ ആകൃതി സ്വീകരിക്കുന്നു. എന്നാൽ, വെള്ളത്തെപ്പോലെതന്നെ കല്ലിനെ സംബന്ധിച്ചും അതിടപ്പെടുന്ന പാത്രത്തിന്റെ ആകൃതി സ്വീകരിക്കുമെന്ന് ധരിക്കുന്നതുകൊണ്ട് എന്താണ് വിരോധമെന്ന് ആരെങ്കിലും ചോദിക്കുമോ? ആ ചോദ്യം അജ്ഞതയുടേയും മൂഢതയുടേയും ഫലമാണ്. ബുദ്ധിയുള്ളവരാരും അതിനെ ശ്രദ്ധിക്കുകയില്ല. അതുകൊണ്ട് ദൈവം സൃഷ്ടിയല്ല. അവൻ സൃഷ്ടിയാവുക സംഭാവ്യവുമല്ല. സൃഷ്ടിയാവുന്ന അവസ്ഥയിൽ അവൻ ദൈവമാവുന്നതുമല്ല. (ഏതുപോലെയെന്നാൽ വെള്ളത്തെപ്പോലെ കല്ലിന് അതിടപ്പെടുന്ന പാത്രത്തിന്റെ ആകൃതി സ്വീകരിക്കുക സാധ്യമല്ല. അങ്ങനെ സ്വീകരിച്ചാൽ കല്ല് കല്ലാവുകയില്ല.) പക്ഷേ, ഈ ലോകത്തുള്ള ഏതെങ്കിലുമൊരു വസ്തു സൃഷ്ടിയാവുന്നത് അതിന്റെ സ്വാഭാവികമായ ഗുണവിശേഷങ്ങൾക്ക് എതിരല്ല.

സൃഷ്ടിയാണെന്ന് കരുതുന്നതുകൊണ്ട് ഏതെങ്കിലുമൊരു ഗുണവിശേഷം നഷ്ടപ്പെടുന്ന ഒരു വസ്തുവും ലോകത്തില്ലെന്നു മാത്രമാണ് ഞാൻ ഇതുവരെ പറഞ്ഞത്. ഏതെങ്കിലുമൊരു വസ്തു സൃഷ്ടിയാണെന്ന് കരുതുന്നതിന് സ്വാഭാവികമായ തടസ്സമൊന്നുമില്ലാതിരിക്കുന്നിടത്തോളം കാലം അത് സൃഷ്ടിയാണെന്ന് സമ്മതിക്കുകയെന്നതാണ് പൊതുനിയമവും. അതുകൊണ്ട് ഈ ലോകം സൃഷ്ടിയാണെന്ന് സ്ഥാപിതമായി. എന്നാൽ, ലോകം സൃഷ്ടിയാണെന്നു സമ്മതിക്കുന്നകാര്യത്തിൽ തടസ്സമൊന്നുമില്ലെന്ന് മാത്രമല്ല, ലോകത്തിന്റെ അവസ്ഥതന്നെ അത് സൃഷ്ടിയാണെന്ന് സമ്മതിക്കാൻ നമ്മെ നിർബന്ധിക്കുന്ന തരത്തിലുള്ളതാണെന്നുകൂടി ഞാൻ വ്യക്തമാക്കിത്തരാം.

**ഒന്നാമതായി**, ലോകം നിരവധി വസ്തുക്കളുടെ സമുച്ചയമാണ്. അതായത് ലോകമെന്നത് ഏതെങ്കിലും ഒരു വസ്തുവിന്റെ പേരല്ല. അസംഖ്യം വസ്തുക്കളുടെ കൂട്ടായ്മയുടെ പേരാണ്. ഇതിന്റെ പരിധി നിർണയിക്കാൻ മനുഷ്യന് ഇതുവരേയും സാധിച്ചിട്ടില്ല. ഇനിയൊട്ട്

സാധിക്കുകയുമില്ല. എണ്ണമില്ലാത്ത ഈ പടകളെ ഏക വ്യവസ്ഥിതിയുടെ കീഴിൽ ഒരുമിച്ചു നിറുത്താൻ കഴിയുന്ന ഒരു സ്രഷ്ടാവും ഉടമസ്ഥനും ലോകത്തിനുണ്ടായിരിക്കണമെന്ന് വസ്തുക്കളുടെ ഈ സമുച്ചയം ആവശ്യപ്പെടുന്നു. എന്നാൽ, ഇതിന്നെതിരിൽ ദൈവത്തിന്റെ അസ്തിത്വം ഏകമാണെന്ന് മതവും ബുദ്ധിയും വിധിക്കുന്നു. അവന്നു പരിയായി ഒരു ആസൂത്രകൻ, അതായത് ഒരു വ്യവസ്ഥിതിയിൽ ഒരുമിച്ചുനിറുത്തുന്ന സത്ത ആവശ്യമില്ല.

**രണ്ടാമതായി**, ലോകത്ത് വൈവിധ്യങ്ങളുണ്ട്. അതായത് ലോകമെന്നത് ഒരേതരം വസ്തുക്കളുടെ സമൂഹനാമം അല്ല. രൂപത്തിലും സ്വഭാവത്തിലും വ്യത്യസ്തങ്ങളായ അസംഖ്യം വസ്തുക്കളുടെ സമൂഹമാണത്. അവയോരോന്നും വ്യത്യസ്ത ഗുണങ്ങളോടുകൂടിയതാണ്. വ്യത്യസ്തങ്ങളായ നിയമങ്ങൾക്ക് വിധേയവും വ്യത്യസ്തങ്ങളായ പരിധിയിൽ ചരിക്കുന്നതുമാണ്. ഈ വൈവിധ്യങ്ങളും, അസംഖ്യങ്ങളായ ഈ വ്യത്യസ്ത വസ്തുക്കളെ, വിവിധ നിയമങ്ങൾക്കു വിധേയമായിരിക്കുന്നതോടുകൂടി ഒരു സംയുക്ത നിയമത്തിന്റെ കണ്ണിയിൽ ഉൾപ്പെടുത്താൻ കഴിയുന്ന സ്രഷ്ടാവും ഉടമസ്ഥനും ആസൂത്രകനുമായ ഒരു സത്തയുടെ ആവശ്യം വിളിച്ചോതുന്നു. എന്നാൽ, ദൈവത്തെ സംബന്ധിച്ച്, അവൻ ഏകനായിരിക്കുന്നതുകൊണ്ട് വൈവിധ്യത്തിന്റെ പ്രശ്നമേ ഉത്ഭവിക്കുന്നില്ല.

**മൂന്നാമതായി**, ലോകത്തുള്ള സകലവസ്തുക്കളും വൃദ്ധിക്ഷയത്തിനും പരിവർത്തനത്തിനും വിധേയമാണ്. ഒരേ അവസ്ഥയിൽ നിലനില്ക്കുന്ന ഒരു വസ്തുവും ഇല്ല. എല്ലാ സമയത്തും എല്ലാ വസ്തുക്കളും മാറുകയും അവയുടെ പരിമിതമായ ആയുഷ്ക്കാലത്തെ ചുരുക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. എന്നാൽ, ദൈവം മാറ്റമില്ലാത്തവനാണ്. ഈ അവസ്ഥയും ലോകം തന്നത്താൻ ഉണ്ടായതല്ലെന്നും ഇത് ഒരു പരാശക്തിയുടെ സംവിധാനമാണെന്നും തെളിയിക്കുന്നു.

**നാലാമതായി**, ലോകത്തുള്ള എല്ലാ വസ്തുക്കളും അവയുടെ ശക്തിയിലും കഴിവിലും പ്രവർത്തനത്തിലും പരിമിതവും നിയന്ത്രിതവുമാണ്. ഏതെങ്കിലുമൊരു ഗുണത്തിൽ പരിപൂർണമോ പരിധിയിൽനിന്നും നിയന്ത്രണത്തിൽനിന്നും സ്വതന്ത്രമോ ആയ ഒരു വസ്തുവും ലോകത്തില്ല. ഗുണങ്ങളുടേയും സ്വഭാവങ്ങളുടേയും ഈ പരിമിതിയും പരിധി നിശ്ചയിക്കുന്ന ഒരു സത്തയുണ്ടെന്ന് തെളിയിക്കുന്നു. അതായത് അസംഖ്യങ്ങളായ വിവിധ വസ്തുക്കളെ ഒരു നിയമത്തിന്റെ കീഴിൽ

നിശ്ചയിക്കപ്പെട്ട പരിധിക്കുള്ളിലായി ഒതുക്കിനിറുത്തിയിട്ടുള്ള ഒരു സത്തയെപ്പറ്റി സൂചന നല്കുന്നു. ആ സത്തയാവട്ടെ പരിധിക്കും പരിമിതിക്കും അതീതവുമാണ്.

**അഞ്ചാമതായി**, ലോകത്ത് ഒരു വസ്തുവും സ്വയം നിലനില്ക്കുന്നതായിട്ടില്ല. ഓരോ വസ്തുവിനും അതിന്റെ നിലനില്പിന് മറ്റുള്ളവയെ ആശ്രയിക്കേണ്ടി വരുന്നു. ശാസ്ത്രത്തിന്റെ ആധുനിക ഗവേഷണം കൊണ്ടു ഇത്രത്തോളം തെളിഞ്ഞിരിക്കുന്നു-ലോകത്തുള്ള ഓരോ വസ്തുവും അതിന്റെ നിലനില്പിനുവേണ്ടി മറ്റെല്ലാ വസ്തുക്കളിലും സ്വാധീനം ചെലുത്തുകയും അവയിൽനിന്ന് ഫലമെടുക്കുകയും ചെയ്തുകൊണ്ടിരിക്കുകയാണ്. അങ്ങനെ, ഒരു വസ്തുവും സ്വയം നിലനില്ക്കാത്ത ഈ അവസ്ഥയും ലോകം സ്വയമായി ഉണ്ടായതല്ലെന്നും ഓരോ വസ്തുവിനേയും അതതിന്റെ സ്ഥാനത്ത് സ്ഥാപിച്ചിട്ടുള്ള ഒരു പരാശക്തിയുടെ സഹായത്താൽ നിലനില്ക്കുന്നതാണെന്നുമുള്ളതിലേക്ക് തെളിവാണ്.

**ആറാമതായി**, ലോകത്ത് പ്രത്യേകമായൊരു ക്രമീകരണം (ഉലശെഴി) കാണപ്പെടുന്നു. ഇതും ഉദ്ദേശ്യത്തോടുകൂടി കാര്യങ്ങൾ ഭംഗിയായി മനസ്സിലാക്കി യഥാസ്ഥാനത്തുവയ്ക്കുന്ന ഒരു വിധാതാവിന്റെ ആവശ്യം തെളിയിക്കുന്നു. എന്നാൽ, ദൈവത്തെ സംബന്ധിച്ച് ഈ പ്രശ്നം ഉത്ഭവിക്കുന്നില്ല.

**ഏഴാമതായി**, ലോകത്തുള്ള ഓരോ വസ്തുവും പ്രത്യേകമായൊരു പരമലക്ഷ്യത്തോടുകൂടിയാണ് ചലിക്കുന്നതെന്നു കാണാൻ കഴിയും. ഓരോ വസ്തുവിന്റേയും ജീവിതഘട്ടത്തിൽ പ്രകൃത്യാ കാണപ്പെടുന്ന ഈ പരമലക്ഷ്യവും, തന്നത്താൻ മറവിലിരുന്നുകൊണ്ടു എല്ലാ സമയത്തും ലോകവ്യവസ്ഥിതിയുടെ ചുക്കാൻ പിടിക്കുകയും നിശ്ചിതമായ ഒരു പരിപാടിയനുസരിച്ച് ലോകത്തെ പ്രത്യേകമായൊരു ലക്ഷ്യത്തിലേക്ക് നയിക്കുകയും ചെയ്യുന്ന ഒരു സത്ത ഉണ്ടായിരിക്കണമെന്നു തെളിയിക്കുന്നു. എന്നാൽ, ഇതിന്നെതിരായി ദൈവത്തെ സംബന്ധിച്ചു ഒരു പരമലക്ഷ്യത്തിന്റെ പ്രശ്നം ഉത്ഭവിക്കുന്നില്ല. എന്തെന്നാൽ അവൻ ഏകനും സനാതനും അനശ്വരനും സ്വതന്ത്രനും സ്വയം പര്യാപ്തനും പരിപൂർണനും ആണ്. ഇതേ വിധംതന്നെ ലോകത്തിന്റെ മറ്റു അവസ്ഥകളും അത് സൃഷ്ടിയാണെന്നുള്ളതിന് തെളിവാണ്.

ഇങ്ങനെ ലോകം സൃഷ്ടിയാണെന്ന് വിശ്വസിക്കാൻ അതിന്റെ സ്ഥിതിഗതികൾ നമ്മെ നിർബന്ധിക്കുന്നു. ഇതിന്നെതിരിൽ ദൈവത്തിന്റെ

സ്ഥിതി അവൻ സൃഷ്ടിയായിരിക്കുന്നതിന് എതിരാണെന്നു മാത്രമല്ല, ദൈവത്തിന്റേയും സൃഷ്ടിയുടേയും നിർവചനങ്ങൾ പരസ്പര വിരുദ്ധവും ഒരേ വസ്തുവിൽ ഒരിക്കലും ഒരുമിച്ചുകൂടാൻ നിവൃത്തിയില്ലാത്തതുമാണ്. അതുകൊണ്ട് ദൈവം സൃഷ്ടിയല്ലാതിരിക്കാമെങ്കിൽ ഈ ലോകംതന്നെയും സൃഷ്ടിയല്ലെന്ന് എന്തുകൊണ്ടു സമ്മതിച്ചുകൂടാ എന്ന ചോദ്യം അസംബന്ധവും അജ്ഞതാജടിലവുമാണ്. സത്യമിതാണ്-എല്ലാ വസ്തുക്കളും സൃഷ്ടിയാണ്, പക്ഷേ, ദൈവത്തിന്റെമേലെ ഒരു സ്രഷ്ടാവില്ല. എല്ലാ വസ്തുക്കളും ഭരിക്കപ്പെടുന്നവയാണ്. പക്ഷേ, ദൈവത്തിന്റെമേലെ ഒരു ഭരണകർത്താവില്ല. എല്ലാവസ്തുക്കളും ഉടമസ്ഥപ്പെട്ടതാണ്. പക്ഷേ, ദൈവത്തിന്റെ മേലെ ഒരു ഉടമസ്ഥനില്ല. എല്ലാ വഴികളും ഒരുമിച്ചുകൂടുന്ന കേന്ദ്രസ്ഥാനമാണവന്റേത്. അതിന്നപ്പുറം ഒരു വഴിയില്ല. ആ സ്ഥാനത്തെ തിരിച്ചറിയുന്നവൻ ഭാഗ്യവാൻ. അവൻ നാശകൂപത്തിൽ വീഴുന്നതിൽനിന്ന് രക്ഷിക്കപ്പെടും.

നബി(സ)തിരുമേനി പറഞ്ഞതായി ഹദീഥിൽ വന്നിട്ടുണ്ട്. എല്ലാ വസ്തുക്കളെ സംബന്ധിച്ചും അവയെ ആരാണ് സൃഷ്ടിച്ചതെന്ന് നിങ്ങൾക്കു ചോദിക്കാൻ കഴിയും. എന്നാൽ, ദൈവത്തിലെത്തിയാൽ ആ ചോദ്യമവസാനിപ്പിക്കണം. നബി(സ)തിരുമേനി തന്റെ അനുയായികൾക്കു സ്വതന്ത്രമായ അന്വേഷണത്തിന്റെ വഴി അടയ്ക്കുകയാണ് ചെയ്തതെന്നു, അതായത് സംശയങ്ങളിൽനിന്നു രക്ഷപ്പെടുത്താൻ വേണ്ടി വിജ്ഞാനീയമായ ഈ പ്രശ്നത്തിൽ പ്രവേശിക്കുന്നതിൽ നിന്ന് അവരെ വിലക്കുകയാണ് ചെയ്തതെന്നു ചിന്താവിഹീനർ വിചാരിച്ചേക്കാം. എന്നാൽ, നബി(സ)തിരുമേനിയുടെ ഉദ്ദേശ്യം എല്ലാ വസ്തുക്കളെ സംബന്ധിച്ചും സൃഷ്ടിയാകാമെന്ന പ്രശ്നം ഉത്ഭവിക്കുമെന്നും പക്ഷേ, ദൈവത്തെ സംബന്ധിച്ച് ആ പ്രശ്നം ഉത്ഭവിക്കുന്നില്ലെന്നും തന്നെയാണ്. ആരെങ്കിലും മറിച്ചു വിചാരിക്കുന്നുണ്ടെങ്കിൽ അതവരുടെ അജ്ഞതകൊണ്ടാണ്. വാസ്തവത്തിൽ നബി (സ)തിരുമേനി വിജ്ഞാനത്തിന്റെ കവാടമല്ല, അജ്ഞാനത്തിന്റെ കവാടമാണ് അടച്ചിട്ടുള്ളത്. അന്വേഷണത്തിന്റെ വഴിയല്ല അരാജകത്വത്തിന്റെ വഴിയാണ് തടഞ്ഞിട്ടുള്ളത്.

ഇങ്ങനെ, അസംഖ്യങ്ങളും വിവിധതരത്തിൽപ്പെട്ടതും മാറിക്കൊണ്ടിരിക്കുന്നതും സ്വയം നിശ്ചിതമല്ലാത്തതും പരിമിതമായ കഴിവുകൾ മാത്രമുള്ളതുമായ വസ്തുക്കളിൽ വെവ്വേറെയായും മൊത്തമായും പ്രവർത്തിച്ചുകാണുന്ന ഏറ്റവും ബുദ്ധിപൂർവമായ വ്യവസ്ഥിതിയോടുകൂ

ടിയ ഈ വിപുലമായ പ്രപഞ്ചം, അതു തന്നത്താൻ ഉണ്ടായതല്ലെന്നും ഒരു പരാശക്തിയുടെ സൃഷ്ടി വൈഭവത്താൽ അസ്തിത്വം പ്രാപിച്ച താണെന്നും ആ പരാശക്തിയുടെ സഹായത്താൽ നിലനില്ക്കുകയും ചലിക്കുകയും ചെയ്യുന്നതാണെന്നും അതിന്റെ സ്ഥിതിഗതികളാൽ വിളിച്ചോതുന്നു. അതേ സമയത്ത് ആ പരാശക്തിയാവട്ടെ സൃഷ്ടിയ ല്ലാത്തതും ഉടയവനാവശ്യമില്ലാത്തതുമായ ഒരു സത്തയാണ്. എന്തെ ന്നാൽ അത് മുഴുവൻ ശൃംഖലയും അവസാനിക്കുന്ന ഒടുവിലത്തെ കണ്ണിയാകുന്നു. വാഗ്ദത്ത മഹ്ദീമസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (1835-1908)ന്റെ ഹൃദയസ്പൃക്കായ ഒരു പദ്യത്തോടെ ഞാൻ ഈ അധ്യായം അവസാനിപ്പിക്കുന്നു.

کس قدر ظاہر ہے نُور اس مبدء الانوار کا
بن رہا ہے سارا عالَم آئینہ ابصار کا
چاند کو کل دیکھ کر میں سخت بیکل ہوگیا
کیونکہ کچھ کچھ تھا نشاں اس میں جمالِ یار کا
اس بہارِ حسن کا دل میں ہمارے جوش ہے
مت کرو کچھ ذکر ہم سے ترک یا تاتار کا
ہے عجب جلوہ تری قدرت کا پیارے ہر طرف
جس طرف دیکھیں وہی راہ ہے ترے دیدار کا
چشمۂ خورشید میں موجیں تری مشہود ہیں
ہر ستارے میں تماشہ ہے تری چمکار کا
تُو نے خود رُوحوں پہ اپنے ہاتھ سے چھڑکا نمک
اس سے ہے شورِ محبت عاشقانِ زار کا

کیا عجب تُو نے ہر اک ذرّہ میں رکھے ہیں خواص
کون پڑھ سکتا ہے سارا دفتر اِن اسرار کا

تیری قدرت کا کوئی بھی انتہا پاتا نہیں
کس سے کھل سکتا ہے پیچ اس عقدۂ دشوار کا

خُوب رُویوں میں ملاحت ہے ترے اس حُسن کی
ہر گل و گلشن میں ہے رنگ اس تری گلزار کا

چشمِ مست ہر حسیں ہر دم دکھاتی ہے تجھے
ہاتھ ہے تیری طرف ہر گیسوئے خمدار کا

آنکھ کے اندھوں کو حائل ہوگئے سو سو حجاب
ورنہ قبلہ تھا ترا رُخ کافر و دیں دار کا

ہیں تری پیاری نگاہیں دلبرا اِک تیغ تیز
جس سے کٹ جاتا ہے سب جھگڑا غمِ اغیار کا

تیرے ملنے کے لئے ہم مل گئے ہیں خاک میں
تا مگر درماں ہو کچھ اس ہجر کے آزار کا

ایک دم بھی کل نہیں پڑتی مجھے تیرے سوا
جاں گھٹی جاتی ہے جیسے دِل گھٹے بیمار کا

شور کیسا ہے ترے کوچہ میں لے جلدی خبر
خوں نہ ہو جائے کِسی دیوانہ مجنوں وار کا

*ആ പ്രകാശസ്രോതസ്സിന്റെ ദ്യുതിവിലാസം എത്ര പ്രത്യക്ഷം;*
*പ്രപഞ്ചമാകെ ഒരു നയന ദർപ്പണമായി മാറുകയാണ്!.*
*ഞാനിന്നലെ ചന്ദ്രബിംബത്തെ നോക്കി തരളിതനായിപ്പോയി;*
*എന്റെ പ്രിയതമന്റെ സുന്ദരവദനം അതിൽ പ്രതിബിംബിക്കുന്നുണ്ടായിരുന്നു.*
*ആ സൗന്ദര്യപൂരത്താൽ എന്റെ ഹൃദയത്തിൽ ആവേശത്തിമർപ്പാണ്;*
*തുർക്കിയുടേയോ താർത്താരിയുടേയോ കാര്യമൊന്നും ഇപ്പോൾ എന്നോടു പറയേണ്ട.*
*ഓ പ്രിയനായുള്ളോവേ,*
*എങ്ങും നിന്റെ വിസ്മാപകമായ സർഗചൈതന്യം പ്രത്യക്ഷപ്പെടുന്നു;*
*എവിടെ നോക്കിയാലും നിന്റെ സന്നിധിയിലേക്കുള്ള വീഥിമാത്രം.*
*സൂര്യന്റെ സ്രോതസ്സിൽ നിന്റെ ചൈതന്യത്തിന്റെ ഊർമികളെ ഞാൻ കാണുന്നു;*
*താരകയോരോന്നിലും നിന്റെ മഹിമ കളിയാടുന്നു.*
*നീ സ്വയം ആത്മാവിൽ നിന്റെ കൈകൊണ്ട് സ്നേഹത്തിന്റെ ഉപ്പ് തളിച്ചിരിക്കുന്നതിനാൽ*
*കരഞ്ഞുനടക്കുന്ന പ്രേമികളുടെ സ്നേഹത്തിന്റെ ബഹളമുണ്ടാകുന്നു.*
*എന്തുമാത്രം അത്ഭുതശക്തികളാണ് ഓരോ അണുകയിലും നീ ഉൾക്കൊള്ളിച്ചിരിക്കുന്നത്;*
*ആർക്കു കഴിയും ഈ രഹസ്യജ്ഞാനങ്ങളുടെ കലവറ മുഴുവൻ പഠിച്ചു തീർക്കാൻ!*
*നിന്റെ അത്ഭുതകരമായ ശക്തിപ്രതാപങ്ങളുടെ അറ്റം കണ്ടെത്താൻ ആർക്കും സാധ്യമല്ല;*
*ആരുണ്ട്? ഈ പ്രഹേളികയുടെ കുരുക്കഴിക്കാൻ.*
*എല്ലാ സൗകുമാര്യങ്ങളിലും നിന്റെ അഴകിന്റെ ലാവണ്യമത്രെ വിലസുന്നത്;*
*എല്ലാ പൂക്കളിലേയും പൂവാടികളിലേയും വർണരാജികൾ നിന്റെ പൂനിറങ്ങളിൽ നിന്നാണല്ലോ! ഓരോ സുന്ദരന്റേയും ഉന്മത്ത നയനങ്ങൾ ഓരോ നിമിഷത്തിലും നിന്നെ കാണിച്ചുതരുന്നു;*
*എല്ലാ ചുരുൾ കൂന്തലുകളുടേയും കൈചൂണ്ടുന്നത് നിന്റെ നേർക്കാകുന്നു.*
*കണ്ണിരിക്കെ കാണാത്തവർക്ക് ബഹുശതം മറകൾ തടസ്സമായി വന്നു.*
*യഥാർഥത്തിൽ നിന്റെ മുഖംതന്നെയാണ്*
*വിശ്വാസിയുടേയും അവിശ്വാസിയുടേയും ലക്ഷ്യസ്ഥാനം.*
*അല്ലയോ പ്രേമഭാജനമേ,*
*സ്നേഹമയമായ നിന്റെ ദൃഷ്ടികൾ മൂർച്ചയുള്ള വാളാകുന്നു.*
*അഹങ്കാരികളുടെ സകല പീഢനങ്ങളും ഇതിനാൽ അരിഞ്ഞു വീഴുന്നു.*
*നിന്നെ പ്രാപിക്കുന്നതിന് ഞങ്ങൾ മണ്ണിൽ അമർന്നുചേർന്നു;*
*എന്നാലെങ്കിലും ഈ വിരഹദുഃഖത്തിന് എന്തെങ്കിലും ചികിത്സ ഉണ്ടാകട്ടെ!*
*നീയില്ലാത്ത ഒരു നിമിഷവും ഇന്നലെ എനിക്കുണ്ടായിട്ടില്ല;*
*ജീവിതം കുറഞ്ഞു കുറഞ്ഞു പോകുകയാണ്;*
*രോഗിയുടെ ചുരുങ്ങുന്ന ഹൃദയമിടിപ്പുപോലെ.*

*നിന്റെ ഇടവഴിയിൽ എന്തൊരു ബഹളം,*
*എത്രയും വേഗം വിവരമറിയിക്കുക;*
*ഉന്മത്തനായ ഒരുവന്റെ രക്തം ചിന്താതിരിക്കാൻ.*

## നന്മ തിന്മകളുടെ തിരിച്ചറിവ്

ദൈവാസ്തിക്യം സംബന്ധിച്ച് ഇനി ഞാനിവിടെ സമർപിക്കാൻ പോകുന്ന തെളിവ് മനുഷ്യപ്രകൃതിയിൽ അടങ്ങിയിട്ടുള്ള ധാർമിക നിയമവുമായി ബന്ധപ്പെട്ടതാണ്. ഇതിന് മുമ്പേ സമർപിച്ച തെളിവ് മനുഷ്യനിലും ലോകത്തുള്ള മറ്റു വസ്തുക്കളിലും വ്യക്തിപരമായും സാമൂഹികമായും പ്രവർത്തിക്കുന്ന പ്രകൃതി നിയമവുമായി ബന്ധപ്പെട്ടതാണെങ്കിൽ ഇപ്പോൾ വിശദീകരിക്കാൻ പോകുന്ന തെളിവ് എല്ലാ മനുഷ്യരുടേയും പ്രകൃതിയിൽ കാണപ്പെടുന്നതും ബുദ്ധിയുള്ള ഒരാൾക്കും നിഷേധിക്കാൻ കഴിയാത്തതുമായ ധാർമിക നിയമത്തിൽ അധിഷ്ഠിതമാണ്. നന്മതിന്മകളുടെ തിരിച്ചറിവ് മനുഷ്യപ്രകൃതിയിൽ അന്തർഭവിച്ചിട്ടുള്ളതാകുന്നു. ഈ തിരിച്ചറിവില്ലാത്ത ഒരു മനുഷ്യനേയും കാണാൻ കഴിയുകയില്ല. വല്ലവരുടേയും പ്രകൃതിസ്വഭാവം ബാഹ്യമായ സ്വാധീനശക്തിയുടെ ഫലമായി ബലഹീനമായിത്തീരുകയോ നിശ്ശേഷം നിർജ്ജീവമായതുപോലെ അമർന്നുപോവുകയോ ചെയ്യുകയന്നത് തീർച്ചയായും സംഭാവ്യമാണ്. എന്നിരുന്നാലും ഏതെങ്കിലും വിധത്തിലും രൂപത്തിലും വല്ലപ്പോഴുമൊക്കെ അത് പ്രത്യക്ഷപ്പെടാതിരിക്കുകയില്ല. സകലമനുഷ്യരും അവരുടെ സ്ഥിതി എത്രതന്നെ അധഃസ്ഥിതമായിരുന്നാലും സ്വാഭാവികമായി നന്മയെ ഇഷ്ടപ്പെടുകയും തിന്മയെ വെറുക്കുകയും ചെയ്യുന്നവരാണ്. ജനങ്ങളുടെ മുതൽ അപഹരിച്ചപഹരിച്ച് തന്റെ പ്രകൃത്യാലുള്ള സ്വഭാവത്തെ പാപത്തിന്റെ അന്ധകാരത്തിൽ പൊതിഞ്ഞുവെച്ചിട്ടുള്ള കഠിനഹൃദയനായ ഒരു പെരുങ്കള്ളൻ, ചിലപ്പോൾ ജനങ്ങളുടെ പരിഹാസം സഹിക്കാനാവാതെയോ മനസ്സാക്ഷിയുടെ മറഞ്ഞ സമ്മർദത്തിൽനിന്ന് രക്ഷപ്പെടാൻ വേണ്ടിയോ ലജ്ജയില്ലാതെ ഇങ്ങനെ പറഞ്ഞേക്കാം. "ഞാൻ കളവു നടത്തുന്നത് ഒരു ദുർവൃത്തിയല്ല; ഏതുപ്രകാരം ജനങ്ങൾ വിവിധ തരത്തിലുള്ള തൊഴിലുകൾ സ്വീകരിച്ച് നിത്യവൃത്തിക്കുള്ള വക സമ്പാദിക്കുന്നുവോ അതുപ്രകാരം ഞാനും അധ്വാനിച്ചും ജീവൻ അപകടത്തിലാവാനിടയാക്കിയും എന്റെയും എന്റെ കുടുംബത്തിന്റെയും ജീവസന്ധാരണം നിർവഹിക്കുകയാണ്." അവൻ ഇങ്ങനെ പറഞ്ഞേക്കാമെങ്കിലും അവന്റെ പ്ര

കൃതി അവനെ അധിക്ഷേപിക്കുകയും ഈ പ്രവൃത്തി ഏറ്റവും വലിയ അക്രമവും അന്യായവുമാണെന്ന് അവനെ ഉണർത്തുകയും ചെയ്യുന്ന സമയം തീർച്ചയായും വരും. ഇക്കാരണത്താലാണ് പല കള്ളന്മാരും വാർധക്യമാകുന്നതോടെ അധമമായ ഈ തൊഴിൽ ഉപേക്ഷിച്ച് തങ്ങളുടെ മനസ്സാക്ഷിയുമായി സഖ്യം ചെയ്യാൻ ശ്രമിക്കുന്നത്. നിർജീവ പ്രകൃതിയുള്ള ഒരാൾ തന്റെ ദുഷ്കൃത്യങ്ങളെ അഭിമാനകരമായി കരുതുന്നതായും നന്മതിന്മകളെ തിരിച്ചറിയാനുള്ള കഴിവ് അയാൾക്ക് തീരെ നഷ്ടപ്പെട്ടതായും തോന്നുന്ന അവസ്ഥയുണ്ടാവുകയാണെങ്കിൽത്തന്നെ സൂക്ഷ്മമായി നോക്കുന്നപക്ഷം അത്തരം ആളുകൾപോലും നന്മതിന്മകളുടെ വിവേചനമെന്ന് പറയപ്പെടുന്ന പ്രകൃതിസ്വഭാവത്തിൽനിന്ന് തീരെ ഒഴിഞ്ഞവരാണെന്ന് കരുതിക്കൂടാ. മറ്റുള്ളവരുമായുള്ള പെരുമാറ്റത്തിൽ അവരുടെ പ്രകൃതിസ്വഭാവം നിർജീവമായി കാണപ്പെട്ടേക്കാമെങ്കിലും മറ്റുള്ളവർ അവരോട് ഏത് വിധത്തിലാണ് പെരുമാറുന്നതെന്ന പ്രശ്നം ഉത്ഭവിക്കുമ്പോൾ അമർന്നുകിടക്കുന്ന അവരുടെ പ്രകൃതിസ്വഭാവം എല്ലാ മറകളും നീക്കി പുറത്തേക്ക് വരുന്നതാണ്. നന്മതിന്മയുടെ വിവേചനത്തിന്റെ അടിസ്ഥാനത്തിൽ തങ്ങളുടേതെന്ന് കരുതപ്പെടുന്ന ഏറ്റവും നിസ്സാരമായൊരു അവകാശംപോലും കൈയൊഴിക്കാൻ അവർ കൂട്ടാക്കുകയില്ല. ഉദാഹരണമായി, മറ്റുള്ളവരുടെ മുതലുകൾ മോഷ്ടിച്ച് തന്റെ പ്രകൃതിസ്വഭാവത്തെ അടിച്ചമർത്തി വയ്ക്കുകയും തന്റെ പ്രവൃത്തി ന്യായമാണെന്ന് കരുതുകയും അല്ലെങ്കിൽ ചുരുങ്ങിയപക്ഷം അത് ന്യായമാണെന്ന് കാണിക്കാൻ ശ്രമിക്കുകയും ചെയ്യുന്ന ഒരു നിത്യമോഷ്ടാവിന്റെ മുതലുകളിന്മേൽ മറ്റാരെങ്കിലും കൈയേറ്റം ചെയ്യുകയാണെങ്കിൽ അവൻ അമർത്തിവെച്ചിരുന്ന പ്രകൃതിസ്വഭാവം പതച്ചുപൊന്തുകയും സ്വന്തം അവകാശസംരക്ഷണത്തിനുവേണ്ടി സടകുടഞ്ഞെഴുന്നേല്ക്കുകയും ചെയ്യുന്നു. അതുപോലെത്തന്നെ അന്യസ്ത്രീകളെ മാനഭംഗപ്പെടുത്താൻ തുനിയുകയും ആരെങ്കിലും അതിനെപ്പറ്റി ആക്ഷേപിക്കുകയാണെങ്കിൽ അതൊരു ദുർവൃത്തിയല്ലെന്നും മറ്റുള്ളവർക്ക് അതിൽ ഇടപെടേണ്ട കാര്യമില്ലെന്നും നിർലജ്ജം വാദിക്കുകയും ചെയ്യുന്ന ഒരു സ്ത്രീലമ്പടൻ അവന്റെ സ്വന്തംവീട്ടിൽ മറ്റേതെങ്കിലുമൊരു ദുർവൃത്തൻ അനാവശ്യം പ്രവർത്തിക്കാനൊരുമ്പെടുന്നപക്ഷം അയാൾ കോപാന്ധനായിത്തീരുന്നു. ഏതുവിധേനയും സ്വന്തം കാമപൂർത്തി വരുത്താൻ തനിക്കവകാശമുണ്ടെങ്കിൽ അതേ അവകാശം മറ്റുള്ളവർക്കുമുണ്ടെന്ന് മനസ്സിലാക്കാൻ അയാൾ സന്നദ്ധനാവുന്നില്ല. അതുപോലെതന്നെ മറ്റുള്ളവരെ വഞ്ചിക്കുന്നതിൽ സംതൃപ്തനാകുന്ന

ഒരു നുണയൻ മറ്റു വല്ലവരാലും വഞ്ചിക്കപ്പെടുമ്പോൾ കോപമൂർച്ഛിത നായി പ്രതികാരത്തിനൊരുങ്ങുന്നു.

നന്മതിന്മകളുടെ തിരിച്ചറിവ് പ്രകൃത്യാതന്നെ മനുഷ്യനിൽ നിക്ഷിപ്ത മാണ്. മനുഷ്യൻ ഏതെങ്കിലുമൊരു യാദൃച്ഛികതയുടേയോ അന്ധമായ നിയമത്തിന്റേയോ ഫലമല്ലെന്നും ബുദ്ധിമാനും സർവ്വജ്ഞനുമായ ഒരു പരാശക്തിയുടെ പ്രത്യേകോദ്ദേശ്യത്തോടുകൂടിയ സൃഷ്ടിയാണെന്നു മുള്ളതിലേയ്ക്ക് ഈ തിരിച്ചറിവ് അനിഷേധ്യമായൊരു തെളിവാണ്. ആ ഉദ്ദേശ്യമാവട്ടെ, ഒരു ബീജമെന്ന നിലയിൽ തന്നിൽ നിക്ഷിപ്തമാ യിട്ടുള്ള സ്വാഭാവികമായ ഈ തിരിച്ചറിവിനെ മനുഷ്യൻ വികസിപ്പിച്ചു തന്റെ അഭിവൃദ്ധിക്കുവേണ്ടിയുള്ള കവാടം തുറക്കുകയും നന്മയുടെ കേദാരവും ജീവിതത്തിന്റെ ഉറവിടവുമായ ദൈവത്തിന്റെ പ്രതിരൂപം തന്നിൽ രൂഢമൂലമാക്കി എല്ലാവിധത്തിലുള്ള ശാശ്വത നന്മകളുടേയും ഉച്ചിയിലേക്കു കയറിക്കൊണ്ടിരിക്കുകയും ചെയ്യുകയെന്നതാണ്. നല്ല തുപോലെ ആലോചിച്ചു നോക്കുക. സകല മനുഷ്യരുടേയും ഹൃദയ ഗഹ്വരത്തിൽനിന്ന് പതച്ചുപൊന്തുന്ന ഈ പ്രകാശനിർഝരി ഒരിക്കലും അന്ധമായ ഏതെങ്കിലുമൊരു യാദൃച്ഛികതയുടേയോ അലക്ഷ്യമായ പ രിണാമത്തിന്റേയോ ഫലമായിരിക്കാൻ തരമില്ല. ഈ പ്രകൃതിസ്വഭാവ ത്തിന്റെ സ്രഷ്ടാവായി ഉദ്ദേശ്യപൂർവ്വം പ്രവർത്തിക്കുന്ന ഒരു പരാശക്തി ഉണ്ടെന്നും ആ ശക്തിയാണ് ഈ പ്രകൃതിസ്വഭാവത്തിന് കരുത്തേകി ഉത്കൃഷ്ടമായ ഫലസിദ്ധിക്ക് യോഗ്യനായിത്തീരാൻ മനുഷ്യനെ സൃഷ്ടി ച്ചിട്ടുള്ളതെന്നുമാണ് ഇതിൽനിന്ന് മനസ്സിലാകുന്നത്. ഓരോ മനുഷ്യനി ലും കാണപ്പെടുന്നതും അതിന് വിധേയനായി പ്രകൃത്യാതന്നെ അവൻ ചില നല്ല പ്രവൃത്തികൾ ചെയ്തുകൊണ്ടിരിക്കുന്നതുമായ ഈ നന്മതി ന്മകളുടെ തിരിച്ചറിവ് വെറും യാദൃച്ഛികമായൊരു നിയമത്തിന്റേയോ സ്വാഭാവികമായ പരിണാമത്തിന്റേയോ ഫലമാണെന്ന് അല്പമെങ്കിലും ചിന്താശക്തിയുള്ള ഒരാൾക്ക് എങ്ങനെ പറയാൻ കഴിയുമെന്ന് എനി ക്ക് മനസ്സിലാകുന്നില്ല.

ലോകം ഒരു യന്ത്രംപോലയാണെന്നും അതിന്റെ ഓരോ ഭാഗവും ആ യന്ത്രത്തിന്റെ അഭ്യന്തരമായ പ്രവൃത്തിക്ക് വിധേയമായി അതതിന്റെ വൃത്തത്തിൽ ചരിച്ചുകൊണ്ടിരിക്കുകയാണെന്നും ചിലർ പറയുന്നുണ്ട്. ദൈവമെന്ന ഒരു സത്തയില്ലെന്ന് അവർ അതുകൊണ്ട് അനുമാനിക്കു കയും ചെയ്യുന്നു. എന്നാൽ, നന്മ കൈക്കൊള്ളുന്നതിനുവേണ്ടി എല്ലാ മനുഷ്യരേയും പ്രേരിപ്പിച്ചുകൊണ്ടിരിക്കുന്ന ഈ പ്രകൃതിസ്വഭാവം

ഏതെങ്കിലും അന്ധമായ മെക്കാനിസത്തിന്റെ ഫലമാണോ എന്ന് അവർ സത്യസന്ധമായി ആലോചിച്ചു നോക്കട്ടെ. സാധുക്കളും സമ്പന്നരും തമ്മിലും ദുഃഖിതരും സന്തുഷ്ടരും തമ്മിലും യുവാക്കളും വൃദ്ധരും തമ്മിലും ബലഹീനരും ബലവാന്മാരും തമ്മിലും അനാഥരും സനാഥരും തമ്മിലുമുള്ള കാര്യവ്യത്യാസം കല്പിച്ച്, അതിന്റെ അഭ്യന്തരമായ ശക്തികൊണ്ട് തന്നത്താൻ ചരിക്കുന്ന വല്ല യന്ത്രവും ലോകത്തുണ്ടോ? അല്ലെങ്കിൽ ഉണ്ടാവുക സാധ്യമാണോ? ഉദാഹരണമായി സാധുക്കൾ, അവശർ, വൃദ്ധർ, ബലഹീനർ, അനാഥർ എന്നിവരുടെ ധാന്യം വേഗത്തിലും നന്നായും ധനവാന്മാർ, സന്തുഷ്ടർ, യുവാക്കൾ, ബലവാന്മാർ എന്നിവരുടെ ധാന്യം സാവകാശത്തിലും മോശമായും പൊടിക്കുന്ന വല്ല യന്ത്രവും ലോകത്തുണ്ടോ? അത്തരമൊരു യന്ത്രം ലോകത്തില്ലെന്നു മാത്രമല്ല, ഉണ്ടാവാൻ നിവൃത്തിയുമില്ല. വാസ്തവത്തിൽ മനുഷ്യഹൃദയത്തിൽ പ്രകൃത്യാതന്നെ നന്മതിന്മകളുടെ തിരിച്ചറിവുണ്ടാവുക, മനുഷ്യൻ പ്രകൃത്യാ നന്മയെ ഇഷ്ടപ്പെടുക, പരിതസ്ഥിതിയനുസരിച്ച് അനുകമ്പ, സ്നേഹം, സഹനം, ഔദാര്യം, ത്യാഗശീലം എന്നിവ കാണിക്കുക ഇവയെല്ലാം മനുഷ്യജീവിതം ഒരു യന്ത്രത്തെപ്പോലെ തന്നത്താൻ പ്രവർത്തിക്കുന്നതല്ലെന്നും അവന്റെ പ്രകൃതിയിൽ പ്രത്യേകമായൊരു ഉദ്ദേശ്യത്തോടുകൂടി ഈ വികാരങ്ങൾ നിറച്ചുവെച്ച മറ്റൊരു സത്തയുണ്ടെന്നുമുള്ളതിലേയ്ക്ക് അനിഷേധ്യമായൊരു തെളിവല്ലേ?

അതുപോലെതന്നെ തിന്മകളെ വെറുക്കുകയെന്നതും മനുഷ്യന്റെ പ്രകൃത്യായുള്ള ഒരു സ്വഭാവമാണ്. അവൻ വല്ലപ്പോഴും വിഷമവും വികാരാവേശവുംകൊണ്ട് തിന്മ ചെയ്തുപോയാൽത്തന്നെയും പിന്നീട് അവന്റെ ഹൃദയത്തിൽ അതിനെപ്പറ്റി പശ്ചാത്താപവും ലജ്ജയും ഉദിക്കാതിരിക്കുകയില്ല. ഈ അവസ്ഥയും മനുഷ്യജീവിതം യന്ത്രംപോലെ പ്രവർത്തിക്കുന്നതല്ലെന്നും ഒരു പരാശക്തി അവനെ പ്രത്യേകോദ്ദേശ്യത്തോടുകൂടി സൃഷ്ടിച്ചതാണെന്നും അവന്റെ ഹൃദയദുർഗത്തിൽ പ്രത്യേകമായൊരു ലക്ഷ്യംവെച്ചുകൊണ്ട് ഈ പ്രകൃതിപരമായ കാവൽക്കാരനെ കാവൽ നിറുത്തിയതാണെന്നുമുള്ളതിലേയ്ക്ക് തെളിവാണ്. മനുഷ്യഹൃദയത്തിൽ അനേകം വികാരങ്ങൾ നിക്ഷേപിക്കപ്പെട്ടിട്ടുണ്ട്. ഓരോ വികാരത്തെ സംബന്ധിച്ചും അതിന്റെ ഇന്നവിധത്തിലുള്ള ഉപയോഗം ചീത്തയോ നല്ലതോ എന്ന ബോധവും അവന്റെ പ്രകൃതിയിൽ ഒരു ബീജമെന്ന നിലയിൽ നിറയ്ക്കപ്പെട്ടിട്ടുണ്ട്. എപ്പോഴും മനുഷ്യപ്രകൃതിയിൽ മറഞ്ഞുകിടക്കുന്ന നന്മയെ സ്വീകരിക്കാനും തിന്മയെ വെറുക്കാനുമുള്ള ഈ ബീജത്തിന് ജലസേചനം നടത്താനും അതിനെ

മുളപ്പിച്ചു വളർത്താനുമായിട്ടാണ് ശരീഅത്ത് (ധാർമികനിയമം) ഉണ്ടായിട്ടുള്ളത്. ഇങ്ങനെ, മനുഷ്യപ്രകൃതിയിൽ കാണുന്ന നന്മതിന്മകളെ തിരിച്ചറിയാനുള്ള ബോധം, മനുഷ്യന് സ്വയമേവ ഉണ്ടായതല്ലെന്നും അവന്റെ ജീവിതം ഒരു യന്ത്രംപോലെ നടക്കുന്നതല്ലെന്നും നേരെമറിച്ച് അവന്റെ പിന്നിൽ ഒരു പരാശക്തിയുടെ കൈയുണ്ടെന്നും ആ പരാശക്തിയാണ് ഒരു പ്രത്യേകോദ്ദേശ്യത്തോടുകൂടി അവനെ സൃഷ്ടിച്ചതെന്നുമുള്ളതിലേയ്ക്ക് ശക്തിമത്തായൊരു തെളിവാണ്.

പ്രകൃതിസ്വഭാവമെന്ന ഈ ബോധം അവസ്ഥകളുടേയും കുടുംബപരവും രാഷ്ട്രീയപരവുമായ പാരമ്പര്യങ്ങളുടേയും ഫലമായുണ്ടായതാവാൻ സാധ്യതയില്ലേ എന്നൊരു വാദം ഇവിടെ ഉണ്ടാകാം. അതായത്, ജനങ്ങൾ നന്മകളെ ഇഷ്ടപ്പെടുകയും തിന്മകളെ വെറുക്കുകയും ചെയ്യുന്നുണ്ടെങ്കിൽ അതിന് കാരണം പ്രകൃതിയുടെ പ്രേരണയല്ലെന്നും അനുഭവംകൊണ്ട് നല്ല പ്രവൃത്തികൾ നല്ലതെന്നും ചീത്തപ്രവൃത്തികൾ ചീത്തയെന്നും മനസ്സിലാക്കിയതാണെന്നും അങ്ങനെ ദീർഘകാലത്തെ അനുഭവത്തിന്റെ ഫലമായി ഈ വിചാരം മെല്ലെമെല്ലെ മനുഷ്യവംശത്തിൽ സ്ഥാപിതമാവുകയും ഒരു പ്രകൃതിസ്വഭാവമെന്ന നിലയിൽ അവരിൽ കാണപ്പെടുകയും ചെയ്യുന്നതാണ് എന്ന്. ഈ വാദം പ്രത്യക്ഷത്തിൽ പരിഗണനാർഹമായി തോന്നാമെങ്കിലും മനസ്സിരുത്തി ചിന്തിക്കുന്നപക്ഷം യാഥാർഥ്യം മനസ്സിലാകാതിരിക്കയില്ല. നന്മതിന്മകളെ തിരിച്ചറിയാനുള്ള ബോധം രണ്ടിലേതെങ്കിലും തരത്തിലല്ലാതെ ഉണ്ടാവാനിടയില്ല. ഒന്നുകിൽ വിമർശകൻ വിചാരിക്കുന്നതുപോലെ ദീർഘകാലത്തെ അനുഭവംകൊണ്ടും പരിതഃസ്ഥിതികൊണ്ടും അതുണ്ടാകാം. അല്ലെങ്കിൽ, ഇസ്‌ലാം പഠിപ്പിക്കുന്നതുപോലെ ഒരു പരാശക്തി മനുഷ്യപ്രകൃതിയിൽ ഉൾക്കൊള്ളിച്ചതുകൊണ്ടും അതുണ്ടാകാം. ഇതല്ലാതെ മറ്റൊരു മാർഗം ഊഹിക്കാൻ കഴിയുന്നതല്ല. അതുകൊണ്ട്, നമുക്ക് പരിശോധിക്കാനുള്ളത് മുകളിൽ പറഞ്ഞ ഈ രണ്ട് മാർഗത്തിൽ ഏതാണ് സത്യത്തിലധിഷ്ഠിതമായതെന്നാണ്. ഒന്നാമതായി ഈ നന്മതിന്മകളെ തിരിച്ചറിയാനുള്ള ബോധം നമുക്ക് കാണാൻ കഴിയുന്നത് ലോകത്തുള്ള എല്ലാ ജനതയിലും അവർ ഏത് കാലവുമായി ബന്ധപ്പെട്ടവരായാലും ശരി ഒരു ഐക്യരൂപം ഉണ്ടെന്നുള്ളതാണ്. ഇംഗ്ലീഷിൽ അതിന് യൂണിഫോമിറ്റി എന്നു പറയുന്നു. അതായത് ലോകത്തുള്ള എല്ലാ ജനതകളിലും എല്ലാ കാലങ്ങളിലും ഈ ബോധം അടിസ്ഥാനപരമായി ഒരേ രൂപത്തിലും ഒരേ നിറത്തിലും ആണ് കാണപ്പെടുന്നത്. അതുകൊണ്ട് അത് അനുഭവത്തിന്റേയോ പ

രിതസ്ഥിതിയുടേയോ ഫലമാകാൻ തരമില്ല. നന്മതിന്മയെ തിരിച്ചറിയുക എന്ന ബോധം സർവ്വോൽക്കൃഷ്ടമായ ഒരു ബാഹ്യശക്തിയാൽ മനുഷ്യപ്രകൃതിയിൽ നിക്ഷേപിക്കപ്പെട്ടാതാണെന്നതിലേയ്ക്ക് ഇത് വ്യക്തമായൊരു തെളിവാണ്. നല്ലതുപോലെ ആലോചിച്ചു നോക്കുക. അനുഭവങ്ങളുടേയും പരിതഃസ്ഥിതികളുടേയും ഫലമായുണ്ടാവുന്ന കാര്യങ്ങൾ വിവിധ ജനതകളിലും വിവിധ കാലങ്ങളിലും വ്യത്യസ്തങ്ങളായിരിക്കേണ്ടതല്ലേ? പ്രത്യേകിച്ചും ഓരോ ജനതയും മറ്റുജനതകളെപ്പറ്റി അറിയാതിരിക്കുകയും പരസ്പരം അറിയുന്നതിനും സമ്പർക്കം സ്ഥാപിക്കുന്നതിനുമുള്ള മാർഗങ്ങൾ ഇല്ലാതിരിക്കുകയും ചെയ്ത ആദിമകാലഘട്ടത്തിൽ ഓരോ ജനതയുടേയും അനുഭവങ്ങളും പരിതഃസ്ഥിതികളും തീർച്ചയായും വ്യത്യസ്തമായിരിക്കും. ചുറ്റുപാടുകളുടേയും പരിതസ്ഥിതികളുടേയും സ്വാധീനത്തിൽ രൂപമെടുക്കുന്ന സാമുദായികമായ ആചാരങ്ങളും സമ്പ്രദായങ്ങളും സമുദായങ്ങൾതോറും വ്യത്യസ്തമായിട്ടാണ് കാണപ്പെടുന്നത്. അപ്രകാരം തന്നെ നന്മതിന്മകളെ തിരിച്ചറിയാനുള്ള ബോധവും ജനതകളുടെ പരിതഃസ്ഥികളുടേയും അനുഭവങ്ങളുടേയും അടിസ്ഥാനത്തിൽ രൂപംകൊള്ളുന്നതാണെങ്കിൽ, ഓരോ സമുദായത്തിലും ഓരോ കാലഘട്ടത്തിലും അത് വ്യത്യസ്ത രൂപത്തിൽ വെളിപ്പെടേണ്ടതാണല്ലോ. എന്നാൽ, അങ്ങനെയല്ല, ഈ വിവേചനബുദ്ധി എല്ലാ കാലഘട്ടങ്ങളിലും എല്ലാ ജനതകളിലും ഒരേ രൂപത്തിലാണ് കാണപ്പെട്ടുവന്നിട്ടുള്ളത്. എല്ലാ പ്രകാരത്തിലും വിഭിന്നങ്ങളായിരിക്കുന്ന രണ്ട് സമുദായങ്ങളെ-സംസ്കാരം സിദ്ധിച്ചവരും വിദ്യാസമ്പന്നരും പരിഷ്കൃതരുമടങ്ങിയ ഒരു സമുദായത്തേയും തീരെ അപരിഷ്കൃതരും വിദ്യാവിഹീനരും കാടന്മാരുമായ ഒരു വിഭാഗത്തേയും ഉദാഹരണാർഥം എടുക്കുക. ബാഹ്യമായി ഇവർ തമ്മിൽ എന്തു തന്നെ വ്യത്യാസങ്ങൾ കാണപ്പെട്ടാലും നന്മതിന്മകളെ സംബന്ധിച്ച് അവർക്കുള്ള ബോധം തികച്ചും ഒരേ പ്രകാരത്തിലാണെന്ന് കാണാം. വ്യത്യാസം ഉണ്ടെങ്കിൽ അത് ബീജസ്ഥിതമായ ഈ പ്രകൃതിസ്വഭാവത്തിന്റെ വളർച്ചയിലുള്ള വ്യത്യാസവുമായി ബന്ധപ്പെട്ടതായിരിക്കും. അതായത് ഒരു ജനതയിൽ ഈ പ്രകൃതിസ്വഭാവം പ്രത്യേകമായൊരു നിറത്തിലും മാർഗത്തിലും വികാസം സിദ്ധിച്ചതായിരിക്കുമെങ്കിൽ മറ്റെ ജനതയിൽ മറ്റൊരു നിറത്തിലും മാർഗത്തിലും വികാസം സിദ്ധിച്ചതായിരിക്കും. എന്നാൽ, പില്ക്കാലത്തെ പരിണാമങ്ങളെ മാറ്റിനിറുത്തി അടിസ്ഥാന പ്രകൃതിസ്വഭാവം സംബന്ധിച്ച് നോക്കുകയാണെങ്കിൽ രണ്ടും ഒരേ രൂപത്തിലും വർണത്തിലുമുള്ളതാണെന്ന് മനസ്സിലാക്കാൻ

കഴിയും. അതുകൊണ്ട്, ഈ ബോധം അടിസ്ഥാനപരമായി അനുഭവങ്ങളുടേയും പരിതഃസ്ഥിതികളുടേയും ഫലമായുണ്ടായതല്ലെന്നും നേരെമറിച്ച് ഒരു മനുഷ്യനേയും ഒഴിച്ചുനിറുത്തിയിട്ടില്ലാത്ത ഒരു പ്രകൃതി സ്വാഭാവമാണെന്നുമുള്ളതിലേക്ക് ഇത് അനിഷേധ്യമായ തെളിവാണ്.

ഈ ബോധം ബാഹ്യമായ പ്രേരണയുടെ ഫലമല്ലെന്നും പ്രകൃതിസ്വഭാവമാണെന്നുമുള്ളതിലേക്ക് മറ്റൊരു തെളിവ് ഇതാണ്. ഗാഢമായാലോചിക്കുന്നപക്ഷം, അനുഭവങ്ങളുടേയോ പരിതസ്ഥിതികളുടേയോ ഫലമായിരിക്കാൻ സാധ്യതയില്ലാത്ത ചില കാര്യങ്ങളിലും ഈ ബോധം മനുഷ്യനിൽ പ്രവർത്തിക്കുന്നതായി കാണാൻ കഴിയും. അതായത്, ഗുണദോഷങ്ങൾ അനുഭവംകൊണ്ട് മനസ്സിലാക്കാൻ കഴിയാത്ത ചില കാര്യങ്ങളുണ്ട്. ആ കാര്യങ്ങളെ സംബന്ധിച്ച് മനുഷ്യനിൽ കാണപ്പെടുന്ന ബോധം അനുഭവങ്ങളുടേയോ പരിതസ്ഥിതികളുടേയോ ഫലമായിരിക്കാൻ ഒരു വിധത്തിലും സാധ്യതയില്ല. നിശ്ചയമായും അതിന്റെ ഉറവിടം ഏതെങ്കിലുമൊരു പരാശക്തിയാണെന്നും ആ ശക്തി പ്രത്യേകമായൊരു ഉദ്ദേശ്യത്തോടുകൂടി അതിനെ എല്ലാ മനുഷ്യരിലും നിക്ഷേപിച്ചുവെച്ചതാണെന്നും സമ്മതിക്കേണ്ടിവരും. ഉദാഹരണമായി മൃതദേഹത്തെ ബഹുമാനിക്കുന്ന സ്വഭാവം ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരുവിധത്തിൽ എല്ലാ ജനതകളിലും എല്ലാകാലത്തും ഉള്ളതായി കാണപ്പെടുന്നു. എന്നാൽ, ഈ ബോധം അതിന്റെ പ്രകൃതിയെ സംബന്ധിച്ചിടത്തോളം അനുഭവങ്ങളുമായോ പരിതഃസ്ഥിതികളുമായോ ബന്ധപ്പെട്ടതല്ലെന്നുള്ളത് പ്രത്യക്ഷമാണ്. അതിനെ പ്രകൃതിയുടെ ശബ്ദവുമായല്ലാതെ മറ്റൊന്നിനോടും ഒരുവിധത്തിലും ബന്ധപ്പെടുത്താൻ നിവൃത്തിയില്ല. ഇങ്ങനെ ഗുണദോഷങ്ങൾ അനുഭവത്താൽ അറിയപ്പെടാൻ കഴിഞ്ഞിട്ടില്ലാത്തതും പ്രത്യക്ഷത്തിൽ ഭൗതികമായ ഒരു ഫലം കാണപ്പെടാത്തതുമായ ചില കാര്യങ്ങളിൽ പോലും നന്മതിന്മകളെ തിരിച്ചറിയുക എന്ന ബോധം കാണാൻ കഴിയുന്നുവെന്നത് ആ ബോധം അനുഭവങ്ങളുടേയും പരിതഃസ്ഥിതികളുടേയും ഫലമല്ലെന്നും ഒരു പരാശക്തി എല്ലാ മനുഷ്യരുടേയും പ്രകൃതിയിൽ നിക്ഷേപിച്ചുനിറുത്തിയിട്ടുള്ള സ്വഭാവമാണെന്നുമുള്ളതിലേക്ക് പ്രത്യക്ഷമായ തെളിവാണ്.

നന്മതിന്മകളുടെ ബോധം പ്രകൃതിപരമായ ബോധമാണെന്നതിനുള്ള മൂന്നാമത്തെ തെളിവ് ഇനി പറയാം. ഈ ബോധം ചിലപ്പോൾ സാമുദായിക പാരമ്പര്യങ്ങൾക്ക് എതിരും ആകാറുണ്ട്. അങ്ങനെ

വരുമ്പോൾ അത് സാമുദായിക പാരമ്പര്യങ്ങളുടെ ഫലമല്ലെന്ന് ഖണ്ഡിതമായും വ്യക്തമാകുന്നു. എന്തുകൊണ്ടെന്നാൽ, ഫലം ഒരിക്കലും അതുണ്ടാക്കുന്ന വസ്തുവിന് എതിരാവുകയില്ല. ചരിത്രത്തിൽ ഇതിന് നിരവധി തെളിവുകളുണ്ട്. ഉദാഹരണത്തിന്, ഒരു സമുദായം ദീർഘകാലം അവരുടെ ചുറ്റുപാടുകളുടെ സമ്മർദത്തിന് വഴങ്ങിക്കഴിഞ്ഞതിനാൽ കഠിനഹൃദയരായിത്തീരുന്നു. ആ സമുദായക്കാർ അക്രമം ഉൾപ്പെടെയുള്ള ദുർഗുണങ്ങളിലേക്ക് ചായുകയും സാമുദായികമായ അവരുടെ പാരമ്പര്യം അതിലെ ഓരോ മനുഷ്യനേയും കഠിനഹൃദയനും നിർദയനുമാക്കിത്തീർക്കുകയും ചെയ്യുന്നു. എന്നിരുന്നാലും ആ സമുദായത്തിലെ ഓരോരുത്തരുടേയും പ്രകൃതിയും സൈക്കോളജിയും ആഴത്തിൽ പഠിച്ചാൽ, അവരുടെ ജീവിതത്തെ ഗൗരവത്തോടെ വീക്ഷിച്ചാൽ അവരെ പൊതിഞ്ഞിരിക്കുന്ന കഠിനഹൃദയത്തിന്റെ പർദയ്ക്കുള്ളിൽ കരുണ എന്ന വികാരവും തീർച്ചയായും കാണാൻ കഴിയും. ഏതെങ്കിലും സമയത്ത് ഏതെങ്കിലും തരത്തിൽ ഗോപ്യമായ ഈ വികാരം അതിന്റെ മിന്നലാട്ടം കാണിക്കുന്നതാണ്. ഇപ്രകാരംതന്നെ കരുണയും വിട്ടുവീഴ്ചയും മാപ്പുനല്കാനുള്ള സന്മനസ്സുംകൊണ്ട് അനുഗൃഹീതമായ ഒരു ചുറ്റുപാടിൽ ദീർഘകാലം കഴിയുന്ന ഒരു സമുദായത്തിന്റെ പാരമ്പര്യം ആ സൽഗുണങ്ങളുമായി ബന്ധപ്പെട്ടതായിരിക്കും. എന്നാൽ, ചുറ്റുപാടുകൾ അങ്ങനെയൊക്കെയാണെങ്കിലും സൂക്ഷിച്ചുനോക്കിയാൽ ആ സമൂഹത്തിലെ ഓരോ വ്യക്തിയിലും ഇതിനെതിരിലുള്ള വികാരവും കാണാൻ കഴിയും. ശിക്ഷകൊടുത്താൽ മാത്രമേ സ്വഭാവം നന്നാകുകയുള്ളൂവെന്ന് കണ്ടാൽ, മാപ്പു കൊടുക്കുന്നതും ദയ കാണിക്കുന്നതും പ്രയോജനം ചെയ്യുകയില്ലെന്ന് മനസ്സിലായാൽ അത്തരം ഘട്ടങ്ങളിൽ ദയ കാണിക്കാതിരിക്കേണ്ടതും അനുയോജ്യമായ ശിക്ഷാരീതി സ്വീകരിക്കേണ്ടതുമാണ്.

നന്മതിന്മയുടെ ഈ സ്വാഭാവികമായ ബോധം ചില സമയങ്ങളിൽ സാമുദായിക സമ്പ്രദായങ്ങൾക്കും രാജ്യത്തുള്ള അവസ്ഥകൾക്കും വിരുദ്ധമാകാറുണ്ട് എന്നാണ് പറഞ്ഞുവന്നതിന്റെ ചുരുക്കം. എന്തുകൊണ്ടെന്നാൽ അത് പ്രകൃതിയുടെ ഭാഗമാണ്. അഥവാ പരിതഃസ്ഥിതികളുടെ സമ്മർദത്താൽ പ്രകൃതി അമർന്നുപോയാൽതന്നെ അത് പൂർണമായും നിർജ്ജീവമാകുകയില്ല.

ഒരാളുടെ സാമുദായികമോ കുടുംബപരമോ ആയ അവസ്ഥകളും സമ്പ്രദായങ്ങളും അയാളെ ഒരു പ്രത്യേക തരക്കാരനാക്കിത്തീർക്കുന്നു. തൽഫലമായി അയാളിൽ പുതിയൊരു പ്രകൃതി രൂപംകൊ

ള്ളുന്നു. അതിനെ രണ്ടാമത്തെ പ്രകൃതി എന്നുപറയുന്നു. എങ്കിലും യഥാർഥ പ്രകൃതിയ്ക്ക് എന്തെങ്കിലും ആഘാതം കിട്ടിയാൽ അത് ഒരു അഗ്നിപർവ്വതംപോലെ രണ്ടാമത് രൂപംകൊണ്ട പ്രകൃതിയുടെ മറ ഭേദിച്ച് പുറത്തുചാടുന്നു. യഥാർഥപ്രകൃതി നിർജീവമാകാത്തതു കൊണ്ടാണ് ഈ കാഴ്ച കാണാൻ കഴിയുന്നത്.

ഇങ്ങനെ നിലവിലുള്ള അവസ്ഥകളുടേയും പാരമ്പര്യങ്ങളുടേയും ഫലമായും ഒരു പ്രകൃതി രൂപംകൊള്ളുന്നതാണ്. എന്നാൽ, അത് യഥാർഥ പ്രകൃതിയല്ല, രണ്ടാമത്തെ പ്രകൃതിയാണ്. യഥാർഥ പ്രകൃതിക്ക് നിലവിലെ അവസ്ഥകളുമായോ രാഷ്ട്രീയ പാരമ്പര്യങ്ങളുമായോ സമുദായത്തിന്റെ അനുഭവവുമായോ ഒരു ബന്ധവുമുണ്ടായിരിക്കയില്ല. അത് എല്ലാ മനുഷ്യരിലും ജന്മനാ അടങ്ങിയിട്ടുള്ളതാണ്. ആ യഥാർഥ പ്രകൃതിയിൽ നന്മതിന്മകളെ തിരിച്ചറിയാനുള്ള ബോധം സമർഥമായനിലയിൽ നിക്ഷിപ്തമായിട്ടുണ്ട് എന്നത് അതിന്റെ പിന്നിൽ ഉദ്ദേശ്യത്തോടുകൂടി പ്രവർത്തിക്കുന്ന ഒരു സ്രഷ്ടാവിന്റെ കൈയുണ്ടെന്നതിന് വ്യക്തമായ തെളിവാണ്. അവനാണ് പ്രത്യേകമായൊരു ഉദ്ദേശ്യത്തോടുകൂടി ആ പ്രകാശം മനുഷ്യപ്രകൃതിയിൽ നിറച്ചുവെച്ചത്. വിശുദ്ധഖുർആൻ പറയുന്നത് നോക്കുക.

فَأَلْهَمَهَا فُجُورَهَا وَتَقْوَاهَا ۝٨

*അല്ലാഹു എല്ലാ മനുഷ്യരുടേയും പ്രകൃതിയിൽ നന്മതിന്മകളെ തിരിച്ചറിയാനുള്ള ബോധം നിക്ഷേപിക്കുകയും ഇന്ന വഴി ചീത്തയും ഇന്ന വഴി നല്ലതുമാണെന്ന് അവർക്ക് കാണിച്ചുകൊടുക്കുകയും ചെയ്തിരിക്കുന്നു. (91:9)*

മറ്റൊരു സ്ഥലത്ത് ഖുർആൻ പറയുന്നു:

وَهَدَيْنَٰهُ ٱلنَّجْدَيْنِ ۝١٠

*നാം മനുഷ്യന് നന്മയുടേയും തിന്മയുടേയും മാർഗങ്ങൾ വ്യക്തമായി കാണിച്ചുകൊടുത്തിരിക്കുന്നു. (90:11)*

ഇനി നന്മയുടെ മാർഗം കൊള്ളുകയോ തള്ളുകയോ ചെയ്യുകയെന്നത് മനുഷ്യന്റെ പ്രവൃത്തിയാണ്.

മറ്റൊരു സ്ഥലത്ത് വിശുദ്ധഖുർആൻ തുറന്ന നിലയിൽ പ്രഖ്യാപിക്കുന്നു:

وَإِذْ أَخَذَ رَبُّكَ مِنۢ بَنِىٓ ءَادَمَ مِن ظُهُورِهِمْ ذُرِّيَّتَهُمْ وَأَشْهَدَهُمْ عَلَىٰٓ أَنفُسِهِمْ أَلَسْتُ بِرَبِّكُمْ ۖ قَالُوا۟ بَلَىٰ ۛ شَهِدْنَآ ۛ أَن تَقُولُوا۟ يَوْمَ ٱلْقِيَٰمَةِ إِنَّا كُنَّا عَنْ هَٰذَا غَٰفِلِينَ ۝١٧٢

*" ആദം സന്തതികളിൽനിന്ന്-അവരുടെ മുതുകുകളിൽനിന്ന്- അവരുടെ പിൻതലമുറകളെ നിന്റെ നാഥൻ പുറത്തേക്ക് കൊണ്ടുവരികയും, "ഞാൻ നിങ്ങളുടെ നാഥനല്ലയോ?" എന്ന് ചോദിച്ചുകൊണ്ട് അവരുടെ ആത്മാക്കളുടെ മേൽ അവരെത്തന്നെ സാക്ഷിനിറുത്തുകയും ചെയ്ത സന്ദർഭം സ്മരിക്കുക. അവർ പറഞ്ഞു. "അതേ, ഞങ്ങൾ സാക്ഷ്യം വഹിക്കുന്നു" ഞങ്ങൾ ഇതിനെ സംബന്ധിച്ച് അശ്രദ്ധരായിരുന്നു, എന്ന് നിങ്ങൾ പുനരുഥാന നാളിൽ പറയാതിരിക്കാൻ വേണ്ടിയാണിത്. (7:173)*

അതുകൊണ്ട്, എല്ലാ മനുഷ്യരുടേയും പ്രകൃതിയിൽ നന്മതിന്മകളെ തിരിച്ചറിയാനുള്ള ബോധം കാണുന്നത്, അത് തന്നത്താൻ ഉണ്ടായതല്ലെന്നും ഏതെങ്കിലും അന്ധമായ നിയമത്തിന്റെ ഫലമല്ലെന്നുമുള്ളതിലേക്ക് വ്യക്തമായൊരു തെളിവും ദൈവാസ്തിത്വത്തിന് അനിഷേധ്യമായൊരു ദൃഷ്ടാന്തവുമാണ്.

## സർവ്വാംഗീകൃത തെളിവ്:

ഇതിനുശേഷം ഞാൻ സമർപിക്കാനുദ്ദേശിക്കുന്ന തെളിവ് സർവരാലും അംഗീകരിക്കപ്പെട്ടതാണ്. ഏതെങ്കിലും സങ്കല്പം അല്ലെങ്കിൽ വിശ്വാസം സർവരാലും അംഗീകരിക്കപ്പെട്ട് എക്കാലവും സ്ഥിരമായി നിലനിന്നു വന്നിട്ടുണ്ടെങ്കിൽ അതതിന്റെ അസ്സലിന്റെ അടിസ്ഥാനത്തിൽ സത്യത്തിലും സന്മാർഗത്തിലുമധിഷ്ഠിതമായിരിക്കുമെന്നത് ഒരു തത്ത്വമാണ്. വിശുദ്ധഖുർആൻ പറയുന്നു:

فَأَمَّا الزَّبَدُ فَيَذْهَبُ جُفَآءً ۖ وَأَمَّا مَا يَنفَعُ النَّاسَ فَيَمْكُثُ فِي الْأَرْضِ ۚ

*അപ്പോൾ ആ നുര ചണ്ടിയായിപ്പോകുന്നു. എന്നാൽ, ജനങ്ങൾക്ക് പ്രയോജനപ്പെടുന്നത് ഭൂമിയിൽ അവശേഷിക്കുകയും ചെയ്യുന്നു. (13:18)*

അതായത് ജനങ്ങൾക്ക് ഫലപ്രദമായ വസ്തുക്കൾ മാത്രമേ ലോകത്ത് സുസ്ഥിരമായി നിലനില്ക്കുകയുള്ളു. നിരർഥവും നിഷ്ഫലവുമായ വസ്തുക്കൾക്ക് ഒരിക്കലും നിലനില്പില്ല.

ഈ തത്ത്വം ശാസ്ത്രത്തിന്റെ പാഠം കൂടിയാണ്. ഇതിന് സർവൈവൽ ഓഫ് ദി ഫിറ്റസ്റ്റ് എന്നു പറയുന്നു. ജീവിതപോരാട്ടത്തിൽ ഫലപ്രദവും നിലനില്ക്കാൻ കൂടുതൽ അർഹതയുള്ളതും മാത്രം നിലനില്ക്കുകയും ബലഹീനമായവ നശിക്കുകയും ചെയ്യുന്നു എന്നതാണിതിന്റെ അർത്ഥം. ഫലപ്രദമായ വസ്തുക്കൾക്കു മാത്രമേ സത്യവും സ്ഥായിയുമായ സ്ഥിരത ലോകത്ത് ലഭിച്ചിട്ടുള്ളുവെന്ന് നമ്മുടെ അനുഭവവും നമ്മോടു പറയുന്നു. ദോഷമുണ്ടാക്കുന്ന നിരർത്ഥകവും നിഷ്ഫലവുമായ

വസ്തു സ്ഥിരതയും ആഗോളതല സ്വാധീനവും കൈവരിക്കുകയില്ല. നിരർഥവും നിഷ്ഫലവുമായ വസ്തു ലോകത്ത് നിലനില്ക്കുകയേയില്ല എന്നല്ല പറയുന്നത്. അത്തരം വസ്തുക്കൾക്ക് സ്ഥിരതയോ എല്ലാവരുടേയും അംഗീകാരമോ ലഭിക്കുകയില്ലെന്നാണ്. അവ താൽക്കാലികവും അല്പായുസ്സുള്ളവയുമായിരിക്കും.

ഉപര്യുക്ത തത്ത്വമനുസരിച്ച് നമ്മൾ ചർച്ച ചെയ്തുവന്ന വിഷയത്തിൽ ദൃഷ്ടിപായിക്കുമ്പോൾ ദൈവത്തിലുള്ള വിശ്വാസം ബുദ്ധിമാനായ ആർക്കും നിഷേധിക്കാനാവാത്ത ഒരു വിശ്വാസമായി സ്ഫുടീകരിക്കപ്പെടുന്നു. ലോകവാസികളായ എല്ലാ ജനതയും-വലിയവരായാലും ചെറിയവരായാലും, സംസ്കാരചിത്തരായാലും സംസ്കാരശൂന്യരായാലും, വിദ്യാസമ്പന്നരായാലും, വിദ്യാഹീനരായാലും-അവരെവിടെയായിരുന്നാലും അവർക്കിടയിൽ നിരവധി അഭിപ്രായ വൈജാത്യങ്ങളുണ്ടായിട്ടും, ലോകവും അതിലുള്ളതും സ്വയംഭൂതമല്ല മറിച്ച് അതിനൊരു സ്രഷ്ടാവും ഉടമസ്ഥനുമുണ്ട് എന്ന കാര്യത്തിൽ ഏകാഭിപ്രായക്കാരാണ്. ഈ സങ്കല്പം ഇക്കാലത്തെ ജനതകളിൽ മാത്രം പരിമിതമല്ല. മറിച്ച് ഏതേതെല്ലാം കാലഘട്ടത്തിന്റെ ചരിത്രം നമുക്ക് സുരക്ഷിതമായി ലഭിച്ചിട്ടുണ്ടോ അവയിലൊക്കെത്തന്നെ ലോകം ഒരു ഉന്നതമായ സത്തയുടെ സൃഷ്ടിയും അധീനയുമാണെന്ന വിശ്വാസത്തിൽനിന്ന് ഒരു ജനതയും ഒഴിഞ്ഞുനിന്നിട്ടില്ലെന്നു കാണാം. ആ ഉന്നത സത്തയുടെ ഗുണവിശേഷങ്ങളെക്കുറിച്ച് ധാരാളം വ്യത്യസ്ത വിശ്വാസങ്ങളുണ്ടെന്നത് ശരിതന്നെ. ഒരു വിഭാഗം ദൈവത്തെ ഒരു പ്രത്യേക രൂപത്തിലും ഭാവത്തിലും അവതരിപ്പിക്കുമ്പോൾ മറ്റൊരു വിഭാഗം മറ്റൊരു തരത്തിൽ അവതരിപ്പിക്കുന്നു. ഒരു വിഭാഗം ദൈവം ഏകനാണെന്ന് വിശ്വസിക്കുന്നു. അവന്റെ താഴെയോ മുകളിലോ മറ്റൊരു ആരാധ്യനേയും അവർ അംഗീകരിക്കുന്നില്ല. എന്നാൽ, ചിലർ ചെറുതും വലുതുമായ നിരവധി ദൈവങ്ങളെ രൂപകല്പനചെയ്ത് അവയെ ആരാധിക്കുന്നതിൽ വ്യാപൃതരായിരിക്കുന്നു. ഇങ്ങനെ ദൈവത്തിന്റെ സത്തയേയും ഗുണവിശേഷങ്ങളേയും സംബന്ധിച്ച് ജനതകളിൽ വലിയ വലിയ ഭിന്നതകൾ കാണാം. പക്ഷേ, ഈ അഭിപ്രായഭിന്നതകളൊക്കെയുണ്ടായിട്ടും അവരുടെയെല്ലാം മതത്തിന്റെ കേന്ദ്രബിന്ദു, ഈ ലോകവും ഇതിലുള്ള സൃഷ്ടിജാലങ്ങളും സ്വയംഭൂതമല്ല, ഒരുന്നത സത്തയുടെ ശക്തിപ്രഭാവത്തിന്റെ അത്ഭുതകൃത്യമാകുന്നുവെന്നാണ്. യഹൂദിയും ക്രിസ്ത്യാനിയും ഹിന്ദുവും മുസൽമാനും സിക്കുകാരനും പാർസിയും ജൈനനും ബൗദ്ധനും വടക്കേ അമേരിക്കയിലെ റെഡ്ഇന്ത്യനും തെക്കേ ആഫ്രി

ക്കയിലെ ഹാട്ടൻടാട്ടും സോളോവും പശ്ചിമാഫ്രിക്കയിലെ നീഗ്രോയും ആസ്ത്രേലിയായിലെ കാട്ടുവർഗക്കാരനും മഞ്ഞുമേഖലയിലെ എസ്കിമോയും ന്യൂസിലാന്റിലെ മ്യൂറിയും ഇന്ത്യയിലെ ഗിരിവർഗക്കാരനും ചൈനയിലെ കൊച്ചുമനുഷ്യനുമൊക്കെ വകഭേദമന്യേ ഈ ആശയക്കാരാണ്. കാലത്തിന്റെ അടിസ്ഥാനത്തിൽ നോക്കിയാൽ ഇക്കാലത്തുള്ള ജനതയും ചരിത്രാതീതകാലത്തെ ജനതയും മധ്യകാലത്തെ ജനതയും ആദിമകാല ഗോത്രവർഗക്കാരുമെല്ലാം ഈ ലോകം ഏതോ പരാശക്തിയുടെ നിയന്ത്രണത്തിലാണെന്ന് രഹസ്യമായോ പരസ്യമായോ അംഗീകരിക്കുന്നതായി കാണാം. ദൈവത്തെക്കുറിച്ചുള്ള വിശ്വാസവിഷയത്തിൽ അഭിപ്രായഭിന്നതകളുണ്ടെന്നത് ശരിയാണ്. അവൻ ഏകനെന്നോ അനേകനെന്നോ വിശ്വസിക്കപ്പെടുന്നു. അവന്റെ ഗുണവിശേഷങ്ങളുടെ കാര്യത്തിലും തർക്കവിതർക്കങ്ങളുണ്ട്. പക്ഷേ, ഈ അഖണ്ഡബ്രഹ്മാണ്ഡത്തിന് ഒരു ദൈവമുണ്ടെന്ന കാര്യത്തിൽ സർവ്വകാലങ്ങളിലുമുള്ള സർവ്വമനുഷ്യരും ഏകാഭിപ്രായക്കാരാണ്. ഇതുതന്നെ ദൈവാസ്തികൃത്തിനുള്ള വ്യക്തമായ തെളിവാണ്. ഒരു ധിഷണാശാലിക്കും ഇത് നിഷേധിക്കാൻ ഒരിക്കലും സാധ്യമല്ല. ഇവരെല്ലാം തങ്ങൾ ദൈവത്തെ കണ്ടവരാണെന്നും തിരിച്ചറിഞ്ഞവരാണെന്നും വാദമുള്ളവരും അവന്റെ ഗുണവിശേഷങ്ങൾ ദർശിച്ച് ഇക്കാര്യത്തിൽ അവരുടെ ദൃക്സാക്ഷിത്വം വഹിക്കുന്നവരുമാണെന്ന് ഞാൻ പറയുന്നില്ല. ഞാൻ പറയുന്നത് സകലമാന ജനങ്ങളും മതപരമായ അസംഖ്യം അഭിപ്രായഭിന്നതകൾ നിലനില്ക്കെ എക്കാലത്തും ദൈവത്തിന്റെ സത്തയിൽ ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിൽ വിശ്വാസമുള്ളവരാണെന്നു മാത്രമാണ്. ഏകകണ്ഠമായ ഈ വാദം അതിന്റെ സർവ്വലോക അംഗീകാരം കാരണത്താൽ യഥാർഥത്തിൽ ഒരു ദൈവമുണ്ടെന്നതിന് സർവ്വസമ്മതമായ ഒരു തെളിവായിത്തീരുന്നു. സർവലോകത്തിന്റേയും വിശ്വാസപ്രമാണമായിത്തീരുകയും സകലജനതയും തങ്ങളുടെ മതത്തിന്റെ കേന്ദ്രബിന്ദുവായി അതിനെ അംഗീകരിക്കുകയും ചെയ്തിരിക്കുന്നു. ഇത്രയധികം സ്വീകാര്യത ലഭ്യമായ ഈ വിശ്വാസത്തിന് തുല്യമായ മറ്റൊരു ഉദാഹരണം ലോകചരിത്രം വിരചിതമായ കാലംമുതൽ ഇന്നേവരെ എവിടെയെങ്കിലും കാണാൻ കഴിഞ്ഞിട്ടുണ്ടോ എന്ന് നല്ലവണ്ണം ചിന്തിച്ചുനോക്കുക. അതായത് ഏതെങ്കിലുമൊരു ജനത ഈ വിശ്വാസത്തെ ഖണ്ഡിതമായ നിലയിൽ നിഷേധിച്ചു കാണാത്തതുതന്നെ ഈ വിശ്വാസം സത്യമാണെന്നുള്ളതിന് അനിഷേധ്യമായ തെളിവാണ്. തെറ്റായ വിശ്വാസങ്ങളും

ലോകത്ത് അവിടവിടെ നിലനിന്നുവരാറുണ്ടെന്നതിൽ തർക്കമില്ല. ചില സന്ദർഭങ്ങളിൽ അയുക്തികവും അബദ്ധജടിലവുമായ വിശ്വാസങ്ങളുടെ വൃത്തം കാലികവും സ്ഥാനികവുമായ നിലയിൽ ഒരളവുവരെ വിശാലമാകാറുമുണ്ട്. പക്ഷേ, ഒരു ജനതയും വിട്ടുനിൽക്കാതെയും ഒരു കാലംവരെ മാത്രം പരിമിതമാകാതെയും ലോകം ഉണ്ടായ കാലം മുതൽ ഏതെങ്കിലും തെറ്റായ വിശ്വാസത്തിന് ലോകത്തിന്റെ ഓരോ മുക്കിലും മൂലയിലും സർവ്വാംഗീകാരം ലഭിച്ച് നിലനിന്നു വന്നതായി ഒരിക്കലും കാണാൻ സാധ്യമല്ല. അങ്ങനെയായാൽ ലോകത്തുനിന്ന് സമാധാനം ഉയർന്നുപോകും. സത്യാസത്യങ്ങൾ തമ്മിലുള്ള വിവേചനവും ദുഷ്ക്കരമായിത്തീരും. ഈ ലോകത്തിനുമേൽ ഉന്നതമായൊരു അസ്തിത്വം ഉണ്ടെന്നുള്ള വിശ്വാസം, കാലികവും സ്ഥാനികവുമായ എല്ലാത്തരം ഇരുമ്പഴികളിൽനിന്ന് സ്വതന്ത്രവും മഹത്തരവുമായ ഈ അംഗീകാരം, ലോകചരിത്രത്തിൽത്തന്നെ അതുല്യവും ശോഭനീയവുമായ അതിന്റെ നിലനിൽപ് തുടങ്ങിയവയെല്ലാം ഈ വിശ്വാസമൊരിക്കലും കളവല്ലെന്നതിന് സുവ്യക്തമായ തെളിവാണ്.

ലോകത്ത് ദൈവനിഷേധികളുണ്ടാവുകയും ഉണ്ടായിക്കൊണ്ടിരിക്കുകയും ചെയ്യുന്നുവെന്ന് ആരെങ്കിലും പറഞ്ഞാൽ അത് സമ്മതിക്കാവുന്ന കാര്യം തന്നെയാണ്. പക്ഷേ, അത്തരക്കാർക്ക് ഒരു കാലത്തും സ്ഥിരമായ നിലയിൽ പൊതുജനാംഗീകാരം ലഭിച്ചിട്ടില്ലെന്നതാണ് വസ്തുത. നിരീശ്വരത്വം പൊതുവിശ്വാസമെന്ന നിലയിൽ ഏതെങ്കിലും ജനതയിൽ സ്ഥിരപ്രതിഷ്ഠ നേടുകയോ സ്ഥായിയും ദൃഢവുമായൊരു അവസ്ഥയിൽ അതിന്ന് വേരോട്ടമുണ്ടാകുകയോ ചെയ്തിട്ടില്ല. കുറച്ചാളുടെ മനസ്സിൽ അതിന്റെ താൽക്കാലികമായൊരു സ്വാധീനം ഉണ്ടായിട്ടുണ്ടെന്നല്ലാതെ സമൂഹത്തെ മുഴുവൻ സ്വാധീനിക്കാൻ കഴിയുന്ന ശക്തി പ്രാപിക്കാൻ അതിന് കഴിഞ്ഞിട്ടില്ല. സുസ്ഥാപിതമായൊരു ഭരണകൂടത്തിനു മുമ്പിൽ ഇടയ്ക്കിടെ രാജദ്രോഹത്തിന്റെ പതാക ഉയർത്തിക്കൊണ്ടിരിക്കുന്ന ദേശദ്രോഹികളെപ്പോലെയാണ് ലോകജനതയുടെ ചരിത്രത്തിൽ നിരീശ്വര വിശ്വാസം. ജനങ്ങളെ സംഘടിപ്പിച്ച് ഭരണകൂടത്തിനു മുമ്പിൽ ദീർഘകാലംവരെ പിടിച്ചു നില്ക്കാൻ അതിനൊരിക്കലും സാധ്യമല്ല. എണ്ണപ്പെട്ട ഏതെങ്കിലും രാജ്യത്ത് സ്ഥായിയും ദൃഢവുമായ അധികാരം അവർക്ക് ലഭിക്കുകയുമില്ല. രാജ്യത്ത് സുസ്ഥാപിതമായിട്ടുള്ള ഭരണത്തെ സംബന്ധിച്ച് ഇത്തരം രാജ്യദ്രോഹികളുടെ പ്രവർത്തനം നിമിത്തം ആരെങ്കിലും സംശയിക്കുമോ? ഒരിക്കലുമില്ല.

## ദൈവവിശ്വാസം മിഥ്യാധാരണയുടെ ഫലമോ?

ദൈവവിശ്വാസത്തെക്കുറിച്ചറിയാതെ ചില ജനതകൾ കടന്നുകഴിഞ്ഞിട്ടുണ്ടെന്ന് പാശ്ചാത്യ എഴുത്തുകാരിൽ ചിലർ എഴുതിയിട്ടുള്ളതായി ആരെങ്കിലും ആക്ഷേപിക്കുന്നുവെങ്കിൽ അതിനുള്ള മറുപടി ഇതാണ്: അങ്ങനെ ചിലർ എഴുതിയിട്ടുണ്ടെന്നുള്ളത് ശരിതന്നെ. പ്രത്യേകിച്ച് ആരംഭകാലഘട്ടത്തെക്കുറിച്ചുള്ള അക്കൂട്ടരുടെ ധാരണ ദൈവവിശ്വാസത്തെ സംബന്ധിച്ച് അറിവില്ലാതിരുന്ന ചില ജനതകൾ ഉണ്ടായിരുന്നുവെന്നതാണ്. പക്ഷേ, സൂക്ഷ്മതയോടെ വായിച്ചാൽ അത്തരം എഴുത്തുകാർക്ക് അബദ്ധം പിണഞ്ഞിട്ടുണ്ടെന്ന് മനസ്സിലാകും. അവർ പൂർണമായ നിലയിൽ ഗവേഷണം നടത്താൻ മുതിർന്നിട്ടില്ല എന്നതാണ് വാസ്തവം. ബഹുദൈവവിശ്വാസം വെച്ചുപുലർത്തിയിരുന്ന ചില പുരാതന ജനതയുടെ വിശ്വാസത്തെ കേവലം ഭയത്തിലേക്കും അജ്ഞതയിലേക്കും ഊഹാരാധനയിലേക്കും കൂട്ടിച്ചേർത്തതാണ് അവർക്കു പറ്റിയ പരമാബദ്ധം. ആ ആളുകളുടെ ഉള്ളിൽ ഏകദൈവ വിശ്വാസം ഉണ്ടായിട്ടേയില്ലെന്ന് അവർ കരുതിപ്പോയി. വാസ്തവത്തിൽ ഇത് അടിമുടിതെറ്റാണ്, അജ്ഞതയുടെ ഫലമാണ്. ബഹുദൈവ വിശ്വാസമാണെങ്കിലും തീർച്ചയായും ദൈവവിശ്വാസത്തിന്റെ ഒരു ശാഖയാണത്; തായ്‌വേരല്ല. അതായത് ദൈവവിശ്വാസത്തിന്റെ വികലമായ അവസ്ഥയുടെ ഫലമായിട്ടാണ് ബഹുദൈവവിശ്വാസം ഉടലെടുക്കുന്നത്. ദൈവവിശ്വാസം ഇല്ലെങ്കിൽ ബഹുദൈവവിശ്വാസം ഉണ്ടാകുക അസംഭാവ്യമാണ്. ഒരു ജനത ആദ്യം ദൈവവിശ്വാസത്തിൽ നിലകൊള്ളുകയും പിന്നീട് പതുക്കെപ്പതുക്കെ അവരിൽ ബഹുദൈവ ചിന്താഗതി കടന്നുകൂടുകയും ചെയ്തതിനുള്ള ഉദാഹരണങ്ങൾ ലോകചരിത്രത്തിൽ വേണ്ടത്രയുണ്ട്. ചിലപ്പോൾ ഏകദൈവവിശ്വാസത്തെ പിന്നാക്കം തള്ളിക്കൊണ്ട് മെല്ലെമെല്ലെ പൂർണമായും ദൃഷ്ടിയിൽ നിന്നുമറച്ച് അവസാനം അതിനെ കാണാനൊക്കാത്തവിധം ബഹുദൈവവിശ്വാസം വിജയം വരിക്കാറുമുണ്ട്. ഇത്തരം ഉദാഹരണങ്ങൾ നിലവിലുള്ളപ്പോൾ, ആദ്യകാല ജനതകളിൽ ബഹുദൈവവിശ്വാസമല്ലാതെ മറ്റൊന്നും നമുക്ക് കാണാൻ സാധിക്കാതിരിക്കുകയും, അതിന്റെ ആരംഭചരിത്രം നമ്മുടെ കൈവശം ഇല്ലാതിരിക്കുകയും അവരുടെ യഥാർഥ ജീവചരിത്രം അജ്ഞാതമായിരിക്കുകയും ചെയ്യുന്ന സ്ഥിതിയ്ക്ക് ആരംഭത്തിൽ അവർ ദൈവവിശ്വാസത്തിൽ ഉറച്ചുനിന്നവരായിരിക്കാമെന്നും മെല്ലെ മെല്ലെ ആ വിശ്വാസം ഇല്ലാതായി തൽസ്ഥാനത്ത് ബഹുദൈവവി

ശ്വാസം കടന്നുകൂടിയതായിരിക്കാമെന്നും ധരിക്കുന്നതാണ് നീതി. വാസ്തവത്തിൽ നമ്മുടെ ചിന്താഗതിക്കെതിരിൽ ചിലയാളുകൾ സമർപിച്ച ഉദാഹരണങ്ങളെല്ലാം പൂർവ്വകാലചരിത്രം ലഭിച്ചിട്ടില്ലാത്ത ജനതയുടേതാണ്. അത് സുരക്ഷിതമല്ലാതിരിക്കുന്ന അവസ്ഥയിൽ വ്യക്തമായ മറ്റുദാഹരണങ്ങളെല്ലാം അവഗണിച്ചുകൊണ്ട് ആ ജനത ആരംഭത്തിൽത്തന്നെ ബഹുദൈവ ചിന്താഗതിക്കാരായിരുന്നുവെന്നും അതവരുടെ അജ്ഞതയുടേയും ഭയത്തിന്റേയും ഊഹാരാധനയുടേയും മാത്രം ഫലമായിരുന്നുവെന്നും ഏകദൈവവിശ്വാസം അവരുടെ ഉള്ളിൽ ഉണ്ടായിട്ടേയില്ലെന്നുമുള്ള വാദം തികച്ചും അന്യായപരമാണ്. ഇതിനെ മുൻവിധിക്കാരല്ലാതെ ഒരു ബുദ്ധിമാനും സ്വീകരിക്കുകയില്ല.

ഇതുകൂടാതെ സൂക്ഷ്മദൃഷ്ടിയോടെ നോക്കിയാൽ ബഹുദൈവവിശ്വാസങ്ങളൊരിക്കലും അജ്ഞതയുടേയോ ഭയത്തിന്റേയോ ഊഹാരാധനയുടേയോ ഫലമായി ഉണ്ടായതല്ലെന്ന് മനസ്സിലാകും. അതിന് ഏകദൈവവിശ്വാസം ആദ്യമേ നിലവിലുണ്ടായിരിക്കേണ്ടത് അനിവാര്യമാണ്. ഒരാൾ തന്നെക്കാൾ ശക്തവും ഭീമാകാരവും ഗാംഭീര്യവും ഫലദായകവുമായ വസ്തുവിനെ കാണുമ്പോൾ വിഹ്വലനായിത്തീരുകയും അതിനെ ഒരു വലിയ വസ്തുവായി മനസ്സിലാക്കാൻ തുടങ്ങുകയും അതിന്റെ മുമ്പിൽ വഴങ്ങുകയും പേടിച്ചിരിക്കുകയും ചെയ്യുകയെന്നത് സഹജമായൊരു വസ്തുതയാണെന്നതിൽ സംശയമില്ല. പക്ഷേ, അത്തരം വ്യക്തി ദാസത്വത്തിന്റെ സങ്കല്പത്തിൽനിന്ന് തികച്ചും അജ്ഞനാണെങ്കിൽ ഭീരുത്വവും ഭയവും കൊണ്ടുമാത്രം അതിനെ തന്റെ ദൈവമായും സ്രഷ്ടാവും ഉടമസ്ഥനുമായും മനസ്സിലാക്കുക എന്ന കാര്യം ഖണ്ഡിതമായും നടക്കാനിടയില്ലാത്തതാണ്. ദാസത്വത്തിന്റെ ചിന്ത ആവശ്യപ്പെടുന്നത് ചിന്തിക്കുന്നവന്റെ ബുദ്ധിയിൽ അതിനുമുമ്പേ ദാസത്വത്തിന്റെ എന്തെങ്കിലും സങ്കല്പം ഉണ്ടായിരിക്കണമെന്നാണ്. നല്ലവണ്ണം ചിന്തിച്ചുനോക്കുക. മാനുഷികമായ ഭാവന ഒരിക്കലും ഏതെങ്കിലും ചിന്തയുടെ സ്രഷ്ടാവായിത്തീരുകയില്ല. തീർച്ചയായും പകർത്തിയെടുക്കുന്നവനായിത്തീരും. അതായത് ഒരാൾ എന്തെങ്കിലും ഒരു വസ്തു കാണുകയോ, കേൾക്കുകയോ അനുഭവിച്ചറിയുകയോ ചെയ്തിട്ടുണ്ടെങ്കിൽ തീർച്ചയായും ആ മനുഷ്യന്റെ ഭാവനയ്ക്ക് അയാളുടെ ചിന്താമണ്ഡലത്തിൽ ആ വസ്തുവിന്റെ രൂപം ചിത്രീകരിക്കാൻ കഴിയും. പിന്നീട് അയാൾക്ക് ആ ചിത്രത്തെ തന്റെ ഭാവനയാൽ വലുതാക്കാനും മിഴിവുറ്റതാക്കാനും സാധിക്കും. എന്നാൽ, ഒരാൾ ഒരു വസ്തുവിനെ ഒരിക്കലും കാണുകയോ കേൾക്കുകയോ ചെയ്യാതിരി

ക്കുകയും അതിന്റെ മാതൃക പോലും അറിയാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ അയാളുടെ ഭാവനയ്ക്കൊരിക്കലും അതിന്റെ പ്രതിരൂപം ബുദ്ധിയിൽ വരയ്ക്കാൻ സാധിക്കുകയില്ല. ഇങ്ങനെ ഓരോ ജനതയുടേയും വിശ്വാസങ്ങളിൽ ഏതെങ്കിലും വിധത്തിൽ ആരാധകനും ആരാധ്യനും ഉള്ളതായി മനസ്സിലാകുമ്പോൾ ഓരോ ജനതയും അടിസ്ഥാനപരമായി ദൈവവിശ്വാസത്തെ അംഗീകരിക്കുന്നവർ തന്നെയാണെന്ന കാര്യം സമ്മതിക്കേണ്ടത് അനിവാര്യമായിത്തീരുന്നു.

ഈ വിഷയത്തിന്റെ തുടക്കത്തിൽ വളരെ ശക്തമായി പറഞ്ഞത് ഇക്കാലത്തെ അധികമാളുകളും ദൈവവിശ്വാസികളല്ലെന്നും നിരീശ്വരത്വത്തിന്റെ പിടിയിൽ അമർന്നവരാണെന്നുമായിരുന്നു. എന്നാൽ, ഇപ്പോൾ പറയുന്നതാകട്ടെ ലോകത്തുള്ള സകലജനതയും ദൈവവിശ്വാസികളാണ്, നിരീശ്വരത്വത്തിന് ലോകാംഗീകാരം ലഭിച്ചിട്ടില്ല എന്ന്. ഇതിൽ വൈരുദ്ധ്യമുണ്ടെന്നാർക്കെങ്കിലും തോന്നുന്നുവെങ്കിൽ അത് ചിന്താദാരിദ്ര്യത്തിന്റെ ഫലമാണ്. കാരണം, ഈയ്യിടെയായി എല്ലാ ജനതയും നിരീശ്വരത്വത്തിന്റെ പിടിയിലകപ്പെട്ടുക്കൊണ്ടിരിക്കുന്നുവെന്ന് പറഞ്ഞിടത്ത് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത് സർവ്വവും സന്ത്യജിച്ച് ഈശ്വരന്റെ പാദപദ്മത്തിൽ ആമഗ്നരാകുന്ന വിധമുള്ള യഥാർഥ വിശ്വാസമാണ്. എന്നാൽ, അധുനാതന ചർച്ചയിൽ ഉപരിവിപ്ലവ വിശ്വാസത്തെ കുറിച്ചാണ് വിവരിച്ചിട്ടുള്ളത്. ഇതു രണ്ടും പരസ്പര വിരുദ്ധമെന്ന് പറയാൻ പറ്റില്ല. കാരണം രണ്ടും അതതിന്റെ സ്ഥാനത്ത് ശരിതന്നെയാണ്. ഇക്കാലത്ത് ലോകരിലധികവും ദൈവത്തിൽ വിശ്വസിക്കാത്തവരാണെന്ന് പറഞ്ഞതും സത്യമാണ്. കാരണം അവരിലുള്ള വിശ്വാസം അവരുടെ ജീവിതത്തിൽ സ്വാധീനം ചെലുത്താനുതകുംവിധം ജീവനുള്ള നിലയിലല്ല. അതുപോലെ ലോകത്തു വന്നിട്ടുള്ള സകലജനതയും ദൈവവിശ്വാസികളാണെന്ന് പറയുന്നതും വാസ്തവമാണ്. എന്തുകൊണ്ടെന്നാൽ, അവരുടെ വിശ്വാസം എത്രതന്നെ ദുർബലവും നിർജീവവും ബഹുദൈവ വിശ്വാസത്തിന്റെ സ്വാധീനമുള്ളതാണെങ്കിൽപോലും ഒരു ജനതയെന്ന നിലയിൽ ഏതെങ്കിലും രൂപത്തിൽ ഈ ലോകത്തിനുമേൽ ഒരു ദൈവമുണ്ടെന്നും അവന്റെ നിയന്ത്രണത്തിലാണ് തങ്ങളുടെ ജീവൻ നിലനില്ക്കുന്നതെന്നുമുള്ള വിശ്വാസം അവർക്കുള്ളതായി കാണാം. ഇവിടെ കേവലം ഉപരിപ്ലവപരമായ വിശ്വാസത്തെ കുറിച്ചാണ് പ്രതിപാദിച്ചിട്ടുള്ളതെന്നും യഥാർഥ ചൈതന്യമുൾക്കൊള്ളുന്ന വിശ്വാസത്തെ കുറിച്ചല്ലെന്നും പ്രകടമാണ്. അപ്പോൾ രണ്ടു വിവരണവും അതാതിന്റെ സ്ഥാനത്ത് ശരിതന്നെയാണ്. ഒരു വൈരുധ്യവും

അതിലില്ല. പറഞ്ഞുവന്നതിന്റെ സംഗ്രഹമിതാണ്: അല്ലാഹുവിലുള്ള വിശ്വാസത്തിന് ഓരോ കാലത്തും ലഭിച്ചിട്ടുള്ള മഹത്തരവും ആഗോള പരവുമായ അംഗീകാരം, ഈ വിശ്വാസം സത്യത്തിലും സന്മാർഗത്തി ലുമധിഷ്ഠിതമാണെന്നതിന് തെളിവാണ്. നിരീശ്വരത്വം എന്ന പേരിൽ അറിയപ്പെടുന്ന ഇതിന്നെതിരിലുള്ള വിശ്വാസമാകട്ടെ അയുക്തികവും അബദ്ധജടിലവുമാണ്.

## ജ്ഞാനത്തിന്റെ മൂന്ന് ഘട്ടം

ദൈവാസ്തികൃത്തിനുള്ള മറ്റൊരു തെളിവാണ് ഇനി ഞാൻ വിവരി ക്കുന്നത്. അതും ബുദ്ധിപരമായതു തന്നെ. ദൈവത്തെ സംബന്ധിച്ച് "ഉണ്ടായിരിക്കണം" എന്ന നിലവാരവുമായി ബന്ധപ്പെട്ടതാണത്. എന്നാ ൽ, ഉൾക്കാഴ്ചയുള്ളവർക്ക് ദൈവത്തിന്റെ സത്തയിലേക്ക് ദൃഢവും ഉറപ്പുള്ളതുമായ സൂചന ഇതിൽനിന്ന് പ്രാപിക്കാൻ കഴിയും. വാസ്ത വത്തിൽ ബുദ്ധിപരമായ തെളിവുകൾ സംശയാസ്പദമായതുകൊണ്ട് ദൃഢജ്ഞാനത്തിന്റെ നിലവാരം അതിനുണ്ടാകുകയില്ലെന്ന് ധരിക്കാൻ പാടില്ലാത്തതാണ്. അങ്ങനെ ധരിച്ചിട്ടുള്ളവർ തികച്ചും അബദ്ധത്തിലാ ണുള്ളത്. കാരണം 'ദൈവം ഉണ്ട്' എന്ന വിശ്വാസത്തിന്റെ നില ജ്ഞാന ത്തിന്റെ ഒരു അവസ്ഥയാണെന്നതുപോലെ 'ദൈവം ഉണ്ടായിരിക്കണം' എന്ന വിശ്വാസത്തിന്റെ നിലയും ജ്ഞാനത്തിന്റെ മറ്റൊരു അവസ്ഥ യാണ്. 'ദൈവം ഉണ്ട്' എന്ന അവസ്ഥയിൽ പ്രാപിക്കുന്ന സമ്പൂർണ ജ്ഞാനം 'ദൈവം ഉണ്ടായിരിക്കണം' എന്ന അവസ്ഥയിലുണ്ടാകുകയി ല്ലെന്നുള്ളത് മാത്രമാണ് വ്യത്യാസം. പക്ഷേ, അതും ജ്ഞാനത്തിന്റെ അവസ്ഥയിൽ തന്നെയാണ് നിലകൊള്ളുന്നത്. ഇതിനെ നിഷേധിക്കാൻ ധിഷണാശാലികൾക്ക് സാധ്യമാവുകയില്ല.

വാസ്തവത്തിൽ ജ്ഞാനത്തിന് വിവിധ നിലകളുണ്ട്. ഏതെങ്കിലും വസ്തുവിനെ സംബന്ധിച്ച് ബുദ്ധിപരമായ തെളിവുകൾകൊണ്ടുണ്ടാ കുന്ന ജ്ഞാനമാണ് അതിലൊന്ന്. അതായത് അടയാളങ്ങൾ കണ്ട് ഒരു വസ്തു ഉണ്ടെന്നുള്ളതിന് തെളിവ് നേടുക. ഉദാഹരണത്തിന് ദൂരെനി ന്ന് കാട്ടിൽ പുക ഉയരുന്നത് കാണുമ്പോൾ കാണിയുടെ മനോതല ത്തിൽ അതിന് കാരണഭൂതമായ തീയുടെ ബോധം ഉദിക്കുന്നു. പുകയും തീയും തമ്മിലുള്ള അഭേദ്യബന്ധം കാരണം പുകയുള്ളിടത്ത് തീയു ണ്ടായിരിക്കുമെന്നത് തീർച്ചയാണല്ലോ. അതിനാൽ പുക ഉയരുന്നതായി കണ്ട ആ സ്ഥലത്ത് തീയുണ്ടായിരിക്കുമെന്ന് അത് കാണുന്ന ആൾ മനസ്സിലാക്കുന്നു. ഈ അറിവിനാണ് വിശുദ്ധഖുർആനിന്റെ സാങ്കേതി

കാർഥത്തിൽ **ഇൽമുൽ യഖീൻ** അഥവാ അനുമാനജ്ഞാനം എന്നു പറയുന്നത്. അതായത് ഏതെങ്കിലും വിദ്യയുടേയോ ബുദ്ധിയുടേയോ തെളിവിന്റെ ഫലമായി ലഭിച്ചിട്ടുള്ള ജ്ഞാനം. ഇതിൽ നേരിട്ടുള്ള ദർശനത്തിന് പങ്കില്ല. 'ദൈവം ഉണ്ടായിരിക്കണം' എന്ന അവസ്ഥയും ഇതേ രീതിയിലുള്ള ജ്ഞാനത്തിന്റെ അവസ്ഥ തന്നെയാണെന്ന് വ്യക്തമാണ്. കാരണം ഈ അവസ്ഥയിലും ദൈവാസ്തികൃത്തിനുള്ള തെളിവ് അടയാളങ്ങളാലാണ് (നേരിട്ട് ദർശിച്ചതുകൊണ്ടല്ല) ലഭിക്കുന്നത്. എന്നാൽ, തീ കത്തുന്നത് നമ്മൾ നേരിൽ കാണുമ്പോൾ അല്ലെങ്കിൽ അതിന്റെ പ്രത്യേക ഗുണമായ ചൂട് അനുഭവിക്കുമ്പോൾ ആ 'ഉണ്ടായിരിക്കണം' എന്ന നിലയിലുള്ള ജ്ഞാനം 'ഉണ്ട്' എന്നുള്ള ദൃഢവും അഖണ്ഡിതവുമായ ജ്ഞാനമായി മാറുന്നു. മറ്റു വാക്കുകളിൽ പറഞ്ഞാൽ "ഉണ്ടായിരിക്കണം" എന്ന നിലയിലും ഉണ്ട് എന്ന നിലയിലുമുള്ള വിശ്വാസത്തിന്റെ വ്യത്യാസം, ഉണ്ടായിരിക്കണം എന്നുള്ള അവസ്ഥയിൽ തെളിവിന്റെ സഹായത്താലാണ് നാം ദൈവത്തിന്റെ സത്തയിൽ വിശ്വസിക്കുന്നതെങ്കിൽ, 'ഉണ്ട്' എന്ന അവസ്ഥയിൽ തെളിവിന്റെ ഇടനിലയില്ലാതെ നേരിട്ട്കണ്ട് വിശ്വസിക്കുന്നു എന്നതാണ്.

ഈ അവസരത്തിൽ വിശുദ്ധഖുർആൻ വിവരിച്ചിട്ടുള്ള മറ്റു രണ്ട് നിലകളെക്കുറിച്ചും പറയുന്നത് ഗുണപ്രദമായിരിക്കും എന്ന് കരുതുന്നു. ആദ്യത്തെ നില മുകളിൽ പറഞ്ഞുവന്ന **ഇൽമുൽ യഖീൻ** അഥവാ അനുമാനജ്ഞാനം തന്നെയാണ്. ഏതെങ്കിലും വസ്തുവിനെ സംബന്ധിച്ച് അതിന്റെ അടയാളങ്ങൾ മുഖേന ജ്ഞാനപരമായ തെളിവെന്ന നിലയിൽ അറിവുനേടുക എന്നതാണ് ഈ അവസ്ഥയെന്ന് വിവരിച്ചുകഴിഞ്ഞു. രണ്ടാമത്തെ നില **'അയ്നുൽ യഖീൻ'** അഥവാ ദർശനജ്ഞാനമാണ്. ഇവിടെ അടയാളങ്ങൾ മുഖേനയുള്ള ജ്ഞാനപരമായ തെളിവിന് പ്രസക്തിയില്ല. മറിച്ച് ദർശനത്തിന്റെ പ്രഥമാവസ്ഥ ആരംഭിക്കുന്നു. തീയുടെ ഉദാഹരണം തന്നെ എടുത്തുകൊണ്ട് നമുക്കിത് മനസ്സിലാക്കാം. നാം നടന്നു നടന്ന് പുക ഉയരുന്ന സ്ഥലത്തെത്തുമ്പോൾ തീയുടെ പ്രകാശം കാണാൻ തുടങ്ങുന്നു. അപ്പോൾ ആ തീയെ സംബന്ധിച്ച് അനുമാനജ്ഞാനം മാത്രമല്ല നമുക്കുണ്ടാകുന്നത്, **'അയ്നുൽ യഖീൻ'** അഥവാ ദർശനജ്ഞാനവുമുണ്ടാകുന്നു. അതായത് നേരിൽ കണ്ടിട്ടുള്ള ജ്ഞാനം. ഇവിടെ ആദ്യം പറഞ്ഞ അടയാളങ്ങൾ മുഖേനയുള്ള ജ്ഞാനപരമായ തെളിവിന് പ്രസക്തിയില്ലെന്ന് ഞാൻ പറഞ്ഞുവല്ലോ?

ജ്ഞാനത്തിന് മൂന്നാമതൊരു നില കൂടിയുണ്ട്. ഇതിന് വിശുദ്ധ ഖുർആനിന്റെ സാങ്കേതികാർഥത്തിൽ **'ഹഖ്ഖുൽ യഖീൻ'** അഥവാ അനുഭവജ്ഞാനം എന്നാണ് പറയുന്നത്. ഈ നിലയിൽ മനുഷ്യനെത്തിച്ചേരുന്നത് അവൻ ചൂട് ഏൽക്കത്തക്കവണ്ണം തീയുടെ അടുത്ത് ചെന്നെത്തുമ്പോഴാണ്. മറ്റു വാക്കുകളിൽ പറഞ്ഞാൽ, ചൂട് എന്ന് നാമകരണം ചെയ്യപ്പെട്ടിട്ടുള്ള തീയുടെ ഈ സ്വാഭാവികമായ സവിശേഷതയെ മനുഷ്യൻ സ്വയം അനുഭവിക്കാൻ തുടങ്ങുന്നു. തീയുടെ പ്രകാശം കാണുക മാത്രമല്ല, സാമീപ്യംകൊണ്ട് ചൂടിൽനിന്ന് ഫലവും ലഭിക്കുന്നു. ശരിയുടേയും തെറ്റിന്റേയും വഴികളെ വേർതിരിച്ചെടുക്കാനും ആ പ്രകാശം മുഖേന സാധിക്കുന്നു. ഇതാണ് ആ പരമമായ ജ്ഞാനത്തിന്റെ നില. ഇതിന്നുപരിയായ ഒരു അവസ്ഥയില്ല. ആ പരമമായ അവസ്ഥയ്ക്കുള്ളിൽ അതിന് ഉപോൽബലകമായി നിൽക്കുന്ന വിവിധ അസ്തിത്വങ്ങളെ തീർച്ചയായും കാണാവുന്നതാണ്. തന്റെ കഴിവും പരിശ്രമവും അനുസരിച്ച് ഓരോ വ്യക്തിക്കും ജ്ഞാനത്തിന്റെ ഈ നിലകൾ കൈവരിക്കാൻ കഴിയുകയും ചെയ്യും. ഇവിടെ അതിന്റെ വിശദീകരണത്തിലേക്ക് പോകേണ്ട ആവശ്യമില്ല.

പറഞ്ഞുവന്നതിന്റെ സംഗ്രഹമിതാണ്. ജ്ഞാനത്തിന് വിവിധ നിലകളുണ്ട്. "ദൈവം ഉണ്ടായിരിക്കണം" എന്ന നിലയെ സംബന്ധിച്ചാണ് നാം ഇപ്പോൾ ചർച്ച ചെയ്തുകൊണ്ടിരിക്കുന്നത്. ഈ നിലകളിൽ ആദ്യത്തേതിന് **'ഇൽമുൽയഖീൻ'** അഥവാ അനുമാനജ്ഞാനം എന്ന് പറയുന്നു.

## പ്രവാചകന്മാരുടെ വിജയം

ഇനി ഞാൻ പ്രവാചകന്മാരുടെ വിജയത്തെ ദൈവാസ്തികൃത്തിനുള്ള തെളിവായി സമർപിക്കുകയാണ്. ദൈവവിശ്വാസികളും ദൈവനിഷേധികളും (ആ നിഷേധം വിശ്വാസപരമാകട്ടെ പ്രവർത്തനപരമാകട്ടെ) തമ്മിൽ ആശയസംഘട്ടനമുണ്ടായപ്പോഴെല്ലാം വിജയം വരിച്ചത് വിശ്വാസികളായിരുന്നുവെന്ന് ചരിത്രം സുരക്ഷിതമാക്കപ്പെട്ട കാലം മുതൽ നാം കണ്ടുവരുന്നു. ഇതിൽനിന്ന് ഏതോ അദൃശ്യകരം വിശ്വാസികളുടെ പിന്നിൽ പ്രവർത്തിക്കുന്നതായി മനസ്സിലാകുന്നുണ്ട്. ഞാൻ പറഞ്ഞതിന്റെ ഉദ്ദേശ്യം എല്ലാത്തരം അഭിപ്രായഭിന്നതകളിലും വിശ്വാസികൾ, നിഷേധികൾക്കെതിരെ വിജയംവരിക്കുന്നു എന്നല്ല. കാരണം പൊതുവിൽ വിജയപരാജയങ്ങൾ പ്രകൃതി നിയമമനുസരിച്ചാണുണ്ടാകുന്നത്. ഒരു നിഷേധി വിജയമാർഗം അവലംബിച്ചാൽ

അവൻ പരാജയപ്പെടാനും, യുക്തമായ മാർഗങ്ങൾ സ്വീകരിക്കാത്ത വിശ്വാസി വിജയം വരിക്കാനും ഒരു കാരണവും കാണുന്നില്ല. സാധാരണ പരിതഃസ്ഥിതിയിൽ അങ്ങനെ ഒരിക്കലും സംഭവിക്കുകയുമില്ല. വിജയമുണ്ടാകുന്നത് വിജയത്തിന്റെ മാർഗം അവലംബിക്കുന്നവന്നായിരിക്കും. അതാരായാലും ശരി. ലോകത്ത് പൊതുവിൽ കാണുന്ന അഭിപ്രായഭിന്നതകളോ സംഘട്ടനങ്ങളോ അല്ല ഇവിടെ എന്റെ ഉദ്ദേശ്യം. മറിച്ച്, ലോകത്ത് സത്യവിശ്വാസത്തിന്റെ സംസ്ഥാപനത്തിനായി ദൈവത്തിൽനിന്ന് നിയോഗിതനായിരിക്കുന്നു എന്ന വാദവുമായി സത്യസന്ധരായ വ്യക്തികൾ എഴുന്നേൽക്കുമ്പോഴെല്ലാം അവർ തങ്ങളുടെ ദൗത്യോദ്ദേശ്യത്തിൽ വിജയിക്കുകയും ലൗകികമായ ഒരു ശക്തിക്കും അവരുടെ വിജയപാതയിൽ തടസ്സമുണ്ടാക്കാൻ കഴിയാതിരിക്കുകയും ചെയ്യുന്നു എന്നതാണ്. വിശുദ്ധഖുർആൻ പറയുന്നു:

كَتَبَ اللّٰهُ لَاَغْلِبَنَّ اَنَا وَرُسُلِىْ

*ഞാനും എന്റെ പ്രവാചകന്മാരും എപ്പോഴും വിജയിക്കുമെന്ന് അല്ലാഹു വിധിയെഴുതിയിരിക്കുന്നു.” (58:22)*

ഒരു പ്രവാചകൻ ഒറ്റയ്ക്ക് എഴുന്നേൽക്കുന്നു. അദ്ദേഹത്തിന്റെ ലൗകികാവസ്ഥ നോക്കിയാൽ അയാൾ തുലോം ബലഹീനനാണ്. അദ്ദേഹത്തിന്റെ എതിരാളികളുടെ എണ്ണവും അവരുടെ സന്നാഹങ്ങളും കാണുമ്പോൾ ഒരൊറ്റ നിമിഷംകൊണ്ട് അദ്ദേഹത്തെ ഇവർ നശിപ്പിക്കുമെന്ന് തോന്നും. പക്ഷേ, അദ്ദേഹത്തിന്റെ ഉരുക്കാണികൾ ജനഹൃദയങ്ങളിൽ തുളച്ചുകയറാൻ തുടങ്ങുന്നു. അവസാനം വിജയത്തിന്റെ പുഷ്പമകുടം അദ്ദേഹത്തിന്റെ തലയിൽ ചാർത്തപ്പെടുകയും ചെയ്യുന്നു. എതിരാളിയാവട്ടെ നിന്ദ്യനും തിരസ്കൃതനുമായി പരാജയത്തിന്റെ പടുകുഴിയിൽ പതിക്കുകയും ചെയ്യുന്നു. പൊതുവിൽ നാം കണ്ടുവരുന്ന ഒരു കാഴ്ചയാണിത്. ഈ കാഴ്ച ഒരു പ്രാവശ്യമോ രണ്ടുപ്രാവശ്യമോ പത്തോ ഇരുപതോ പ്രാവശ്യമോ അമ്പതോ നൂറോ പ്രാവശ്യമോ അല്ല ലോകം കണ്ടിട്ടുള്ളത്. ആയിരക്കണക്കിന് പ്രാവശ്യം കണ്ടിട്ടുള്ളതാണ്. ഇതിനുപരി ഇത്തരം തർക്കങ്ങളിൽ നിരീശ്വരവാദികൾക്ക് (നിരീശ്വരവാദി എന്നതുകൊണ്ട് ഇവിടെ ഉദ്ദേശിക്കുന്നത് പൂർണമായും ദൈവത്തെ നിഷേധിച്ചവനോ ആചാരപരമായി മാത്രം ദൈവത്തെ വിശ്വസിക്കുന്നവനോ ആണ്. യഥാർഥത്തിൽ അവൻ ദൈവവിശ്വാസത്തിൽ നിലനിൽക്കുന്നവനല്ല.) വിജയിക്കാനായ ഒരൊറ്റ ഉദാഹരണവും ലോകചരിത്രത്തിൽ കാണുക സാധ്യമല്ല.

എന്റെ സ്നേഹിതന്മാരേ! നല്ലവണ്ണം ചിന്തിച്ചുനോക്കുക. ഒരു യുദ്ധം. അത് വിവിധ സ്ഥലങ്ങളിൽ ജനസമൂഹങ്ങളിൽ കാലഘട്ടങ്ങളിൽ പരിതഃസ്ഥിതികളിൽ നടന്നു. പത്തോ ഇരുപതോ നാല്പതോ അമ്പതോ നൂറോ തവണയല്ല അത് നടന്നത്. ആയിരക്കണക്കിന് തവണ അതുണ്ടായിട്ടുണ്ട്. ഓരോ തവണയും ഒരു ഭാഗത്ത് നിരാലംബനും നിസ്സഹായനും സന്നാഹരഹിതനുമായി ഒരു ദൈവദാസൻ നിൽക്കുന്നു. ദൈവനാമത്തിലാണ് അദ്ദേഹം നിലകൊള്ളുന്നത്. മറുഭാഗത്താണെങ്കിൽ സകലവിധ സന്നാഹങ്ങളോടുംകൂടി നിഷേധികളുടെ വൻ സൈന്യവ്യൂഹം. പക്ഷേ, സംഘട്ടനത്തിൽ അന്തിമവിജയം കൈവരിക്കുന്നത് ദൈവദാസൻ തന്നെ. എതിർപക്ഷത്തുള്ളവർക്ക് അദ്ദേഹത്തിന്റെ കീഴിൽ തടവുകാരാവേണ്ടിവരുന്നു. ഇത് യാദൃച്ഛികമാണോ? ഇത്തരം സംഘട്ടനങ്ങളിൽ ദൈവദാസർക്ക് പരാജയത്തിന്റെ മുഖം കാണേണ്ടിവന്ന ഒരൊറ്റ ഉദാഹരണമെങ്കിലും കാണിച്ചുതരാൻ കഴിയുമോ? അവരുടെ വിജയം അവരുടെ പിന്നിൽ ഒരു സർവ്വശക്തന്റെ കരം പ്രവർത്തിക്കുന്നുവെന്നതിന് പ്രബലമായ തെളിവാണ്. ഇതിന്നെതിരിൽ ഭൗതികസന്നാഹങ്ങൾക്ക് തീയിൽ എരിഞ്ഞടങ്ങുന്ന ഈയലിന്റെ വിലപോലുമില്ല.

മഹാത്മ കൃഷ്ണന്റേ(അ)യും ശ്രീരാമന്റേ(അ) യും പ്രവർത്തനങ്ങൾ ആര്യസമാജക്കാരുടെ മൈതാനങ്ങളിൽ നോക്കുക. ഈ മഹാത്മാക്കൾ ആഗതരായത് ഏതൊരു ശബ്ദവുമായിട്ടാണ്? ഭാരതഭൂമിയിലെ അക്കാലത്തെ നന്ദികെട്ട സന്താനങ്ങൾ അവരോട് എങ്ങനെ പെരുമാറി? അവസാനം ഫലമെന്തുണ്ടായി? ഇന്ന് ആ പരിശുദ്ധാത്മാക്കളുടെ മുമ്പിൽ ആര്യസമാജികളുടെ തലകൾ കുനിഞ്ഞുകുനിഞ്ഞ് തങ്ങൾ ആ പുണ്യാത്മാക്കൾക്കധീനപ്പെട്ടവരാണെന്ന് സമ്മതിച്ചുകൊണ്ടിരിക്കുന്നില്ലേ ?

## അല്ലാഹുവിന്റെ സ്നേഹിതൻ ഇബ്റാഹീം നബി(അ)

പ്രവാചകന്മാരുടെ പിതാവെന്ന് വിഖ്യാതനായ ഹദ്റത്ത് ഖലീലുല്ലാഹി ഇബ്റാഹീം(അ)ന്റെ ജീവിതത്തിൽ ഒന്നു കണ്ണോടിക്കുക. ശാംദേശത്തിന്റെ ഇരുൾമുറ്റിയ താഴ്വരയിൽ ദൈവനാമത്തിൽ ആ മഹാത്മാവ് ഏകനായി എഴുന്നേൽക്കുന്നു. നിരീശ്വരത്വത്തിന്റെ ബലവാനായ സന്തതി ആ ശബ്ദംകേട്ട് അദ്ദേഹത്തെ കത്തിക്കാളുന്ന അഗ്നികുണ്ഡത്തിലേക്കെറിയുന്നു. പക്ഷേ, പ്രത്യക്ഷത്തിൽ നിരാലംബനും നിസ്സഹായനുമായ അദ്ദേഹം ഭയക്കുന്നില്ല. പൂമെത്തയിൽ സുഖമായി കിടക്കാനെന്നപോലെ ദൈവത്തിന്റെ മഹത്ത്വം ആലപിച്ച് അദ്ദേഹം അതിലേക്ക് വീഴുന്നു. അതെങ്ങനെ സംഭവിച്ചു? ഇബ്റാഹീം(അ)ന്റെ ചെവികളിൽ

ഏതോ ഉന്നത സത്തയുടെ ശബ്ദം മുഴങ്ങിയിരുന്നതുകൊണ്ടാണ് അത് സംഭവിച്ചത്. ഇബ്റാഹീമേ, ആകാശത്തിലേക്ക് നോക്കൂ! നിനക്ക് ആ കാണുന്ന താരകങ്ങളെ എണ്ണി തിട്ടപ്പെടുത്താൻ കഴിയുമോ? ഹദ്റത്ത് ഇബ്റാഹീം(അ) പ്രതിവചിക്കുന്നു: "എന്റെ രക്ഷിതാവേ, നിന്റെ സൈന്യത്തെ എണ്ണിത്തിട്ടപ്പെടുത്താൻ ആർക്കാണ് കഴിയുക?" അപ്പോൾ അദ്ദേഹത്തിന് നിർദേശമുണ്ടാകുന്നു. "ഇബ്റാഹീമേ, നീ ഞാനുമായി സ്നേഹം നിലനിറുത്തുമെന്നും കൂറുപുലർത്തുമെന്നും പ്രതിജ്ഞ ചെയ്തിട്ടുണ്ട്. അതുകൊണ്ട് ഇപ്പോൾ എനിക്കും നിന്നോട് ചില ബാധ്യതയുണ്ട്. നിന്റെ കുടുംബവും സന്താനങ്ങളും ദൈവികമാർഗത്തിലെ താരകങ്ങളായി മിന്നിത്തിളങ്ങും. അവരെ എണ്ണിത്തിട്ടപ്പെടുത്താനൊക്കുകയില്ല." ഇന്ന് ലോകത്ത് ഹദ്റത്ത് ഇബ്റാഹീം നബി(അ)യുടെ പേര് ബഹുമാനാദരവോടെ സ്മരിക്കുന്നവർ എത്രയെത്രയുണ്ടെന്ന് പരിശോധിച്ചു നോക്കുക. മറ്റൊരു നബിക്കും ഇത്രയധികം ബഹുമതി ലഭ്യമായിട്ടില്ല. എന്നാൽ, ഹദ്റത്ത് ഇബ്റാഹീം(അ)നെ അഗ്നികുണ്ഡത്തിലേക്കെറിഞ്ഞവർ ഇന്നെവിടെ?

## ഹദ്റത്ത് മൂസാ (അ)

ഹദ്റത്ത് മൂസാ(അ)യുടെ ചരിത്രം പരിശോധിച്ചു നോക്കുക. ഒരു ദരിദ്രകുടുംബത്തിൽ ഒരു കുഞ്ഞ് പിറക്കുന്നു. സ്വേച്ഛാധികാരിയായ ഫിർഔനിനെ ഭയന്ന് വീട്ടുകാർ ആ കുഞ്ഞിനെ ഒരു പെട്ടിയിലാക്കി നദിയിലൊഴുക്കുന്നു. ഫിർഔനിന്റെ ആളുകൾത്തന്നെ ആ കുഞ്ഞിനെ നദിയിൽ നിന്നെടുക്കുന്നു. കുട്ടിയോടുള്ള കാരുണ്യത്താലോ മറ്റേതെങ്കിലും വിചാരംകൊണ്ടോ ആ കുഞ്ഞിനെ സ്വന്തം ഭവനത്തിൽ വളർത്താൻ ഫിർഔൻ കല്പനകൊടുക്കുന്നു. കുഞ്ഞ് വലുതായി യുവാവായപ്പോൾ താൻ ചെയ്തുപോയ ഒരു കുറ്റകൃത്യത്തിന്റെ ശിക്ഷ ഭയന്ന് അദ്ദേഹത്തിന് നാട്ടിൽനിന്ന് ഓടിപ്പോകേണ്ടിവരുന്നു. അന്യദിക്കിൽ താമസിക്കാൻ ഇടംതേടി നടന്ന അദ്ദേഹം അവസാനം ഒരു നല്ല മനുഷ്യന്റെ വീട്ടിലെത്തിപ്പെടുന്നു. അവിടെ പത്തുവർഷം ജോലിയെടുക്കുന്നു. ആ വീട്ടിൽത്തന്നെ അദ്ദേഹത്തിന്റെ വിവാഹം നടക്കുന്നു. അതിനുശേഷം അദ്ദേഹം ദൈവികപ്രകാശത്താൽ പ്രശോഭിതനായി ഫിർഔനിന്റെ ദർബാറിലേക്ക് മടങ്ങിവരുന്നു. അവിടെ തലയുയർത്തി നിന്നുകൊണ്ട് ഫിർഔനിന്റെ മുഖത്തുനോക്കി പറയുന്നു: "എന്റേയും നിന്റേയും മറ്റുള്ള എല്ലാവരുടേയും സ്രഷ്ടാവും ഉടമസ്ഥനുമായ ദൈവത്തിന്റെ ദൂതനാകുന്നു ഞാൻ. ഇസ്റായേൽ മക്കളെ എന്നോടൊപ്പം

വിടുക. ഇല്ലെങ്കിൽ പര്യവസാനം നല്ലതായിരിക്കുകയില്ല.'' ഭരണത്തിന്റെ ലഹരിയിൽ മത്തുപിടിച്ച ഫിർഔൻ നെറ്റിചുളിച്ച് ഇങ്ങനെ പ്രതിവചിച്ചു: ''എന്റെ വീട്ടിലെ അപ്പക്കഷണം തിന്ന് വളർന്ന നീ സ്വബോധത്തോടെയാണോ സംസാരിക്കുന്നത്.'' ആ നിർഭാഗ്യവാന്റെ മത്ത് അങ്ങനെയങ്ങ് ഇറങ്ങുകയില്ലെന്ന് ഹദ്റത്ത് മൂസാ (അ) മനസ്സിലാക്കി. അദ്ദേഹം തന്ത്രപൂർവ്വമായ പ്രവർത്തനങ്ങളിലൂടെ ഇസ്റായേൽ മക്കളേയുംകൂട്ടി രഹസ്യമായി അവിടെനിന്ന് പുറപ്പെടാൻ പദ്ധതി തയ്യാറാക്കുന്നു. ഇതറിഞ്ഞ ഫിർഔൻ കോപംകൊണ്ട് ജ്വലിക്കുന്നു. വലിയ സൈന്യവുമായി അവരെ പിന്തുടരുന്നു. വർഷങ്ങളുടെ അടിമത്തം കൊണ്ട് ഷണ്ഡന്മാരെക്കാൾ അധമരായിത്തീർന്നിരുന്ന ഇസ് റായേൽ മക്കൾ അവരെകണ്ട് ഭയന്നു. ഫിർഔനിന്റെ വമ്പൻസൈന്യ മാണ് പിന്നിൽ. മുന്നിലാണെങ്കിൽ നിലയില്ലാത്ത സമുദ്രം. പരിഭ്രാന്തരായി അവർ മൂസാ(അ)യോട് ചോദിക്കുന്നു: 'മൂസാ! ഇനിയെന്തു ചെയ്യും?' ഹദ്റത്ത് മൂസാ(അ) പർവ്വതംപോലെ ഉറച്ചുനിൽക്കുന്നു. ഭയംകൊണ്ട് കരുവാളിച്ച ആ മുഖങ്ങളിലേക്ക് ദൃഷ്ടിയൂന്നിപ്പറയുന്നു:

كَلَّا ۖ إِنَّ مَعِيَ رَبِّي سَيَهْدِينِ

*പരിഭ്രമിക്കേണ്ട ഒരാവശ്യവുമില്ല. എന്റെ ദൈവം എന്നോടൊപ്പമുണ്ട്. അവൻ നമുക്കിപ്പോൾ വഴിയൊരുക്കിത്തരും.''*

എന്തൊരു ധീരത! ഏതാനും വർഷംമുമ്പേ നിയമപാലകരെ ഭയന്ന് സ്വന്തം നാട്ടിൽനിന്ന് ഒളിച്ചോടിപ്പോയ അതേ മൂസാ തന്നെയാണിത്. ഇപ്പോൾ ഫിർഔനിന്റെ വമ്പൻപടയാണ് മുന്നിൽ. പക്ഷേ, ഹദ്റത്ത് മൂസാ(അ)യുടെ മുഖത്തിന് ഭാവമാറ്റമൊന്നുമില്ല. പിന്നീടെന്താണുണ്ടായത്? ഹദ്റത്ത് മൂസാ(അ)യ്ക്കുവേണ്ടി സമുദ്രം പിളരുന്നു. വഴിയൊരുങ്ങുന്നു. ഫിർഔൻ തന്റെ വമ്പൻപടയോടുകൂടി സമുദ്രത്തിന്റെ ഭീമാകാരമായ തിരമാലകൾക്കിരയായിത്തീരുന്നു. കാര്യം അവിടേയും അവസാനിക്കുന്നില്ല. ഹദ്റത്ത് ഇബ്റാഹീം(അ) സ്മരിക്കപ്പെടുന്നതുപോലെ ഇന്ന് ഹദ്റത്ത് മൂസാ(അ) യെ സ്മരിക്കുന്നവരും എണ്ണിക്കണക്കാനാവാത്തവിധം അസംഖ്യമാണ്. ഫിർഔനിനെ ആരും അറിയുന്നില്ല. അതേ, അയാളുടെ ശവം ജനങ്ങൾക്ക് ഒരു ഗുണപാഠമായി സൂക്ഷിക്കപ്പെട്ടിരിക്കുന്നു.

## യേശുക്രിസ്തു അഥവാ ഹദ്റത്ത് ഈസാ(അ)

ഇനി ഹദ്റത്ത് ഈസാനബി(അ)യുടെ ജീവിതത്തിലേക്കൊന്ന് ദൃഷ്ടി

പാ യിക്കാം. ഇസ്റായേൽ മക്കളുടെ ഒരു ദരിദ്രവീട്ടിൽ കന്യകയായ ഒരു പെൺകുട്ടിക്ക് ഒരു ആൺകുഞ്ഞ് പിറക്കുന്നു. കന്യകയ്ക്ക് കുട്ടിയുണ്ടായതെങ്ങനെ? എന്ന് ചോദിച്ച് ദുഷ്ടപ്രകൃതക്കാരായ യഹൂദികൾ പരിഹസിക്കാൻ തുടങ്ങി. പിതൃബന്ധം കൂടാതെയുള്ള ആ ജനനം ഒരു മുൻപ്രവചനത്തിന്റെ പുലർച്ചയാണെന്ന കാര്യം (യശയ്യാവ് 7:14) അവർ മറന്നുപോയി. ഈസാ(അ)യ്ക്ക് മാതാവെങ്കിലുമുണ്ട്. എന്നാൽ, ഹദ്റത്ത് ആദമിന് മാതാവും പിതാവും ഇല്ലെന്ന് വിശ്വസിക്കുന്നവരാണ് തങ്ങളെന്ന കാര്യവും അവർ ഓർക്കുന്നില്ല. പിതൃബന്ധം കൂടാതെ ജനിച്ച ആ കുട്ടി വളർന്ന് വളർന്ന് വലുതായി. പരിശുദ്ധാത്മാവിന്റെ സഹായത്തോടെ, മഹാത്മ കൃഷ്ണൻ ഇന്ത്യയിലും, ഹദ്റത്ത് ഇബ്റാഹീം ശാം ദേശത്തും ഹദ്റത്ത് മൂസാ(അ) ഈജിപ്തിലുമുയർത്തിയ അതേ ശബ്ദം ഇദ്ദേഹവും ഉയർത്തി. വക്രദൃഷ്ടിയോടെ നേരത്തെതന്നെ നോക്കിയിരുന്ന യഹൂദികൾ അപ്പോൾ കോപാന്ധരായി. അവസാനം അവരുടെ ശിപാർശയാൽ യേശുവിനെ കുരിശിൽ തറയ്ക്കുവോളം പ്രശ്നം മൂർച്ഛിച്ചു. അതോടെ രംഗം തങ്ങൾ അധീനപ്പെടുത്തി എന്നു കരുതി അവർ സന്തോഷിക്കുകയാണ്. പക്ഷേ, ഈസാനബിയുടെ പിന്നിൽ മറ്റൊരു കൈ പ്രവർത്തിക്കുന്നു. തന്റെ നാമം ഉയർത്തുന്നവന്റെ സഹായത്തിനായെത്തുന്ന ആ കരങ്ങൾ അദ്ദേഹത്തെ നിന്ദ്യമായ മരണമുഖത്തുനിന്ന് രക്ഷിക്കുന്നു. തന്റെ സ്നേഹമയമായ വാക്കുകൾകൊണ്ട് അല്ലാഹു അദ്ദേഹത്തെ സാന്ത്വനപ്പെടുത്തുന്നു: "എന്റെ ഒരു ഉദ്ദേശ്യം കൊണ്ട് ഇന്ന് യഹൂദികൾ താൽക്കാലികമായൊരു ആധിപത്യം നിന്റെമേൽ നേടിയിട്ടുണ്ടെന്നത് ശരിതന്നെ. പക്ഷേ, ഞാൻ നിന്റെ ഉറ്റ യജമാനനാണ്. ഇനിയങ്ങോട്ട് അന്ത്യനാൾവരെ ഈ യഹൂദികൾ നിന്റെ അനുസരണവലയത്തിലുള്ളവരുടെ പാദസേവകരായിരിക്കും. യഥാർഥത്തിൽ അവരല്ല നീയാണ് വിജയിച്ചതെന്ന് ലോകം കാണും." ഇന്ന് ലോകം എന്താണ് കണ്ടുകൊണ്ടിരിക്കുന്നത്? യേശുവിന്റെ അനുയായികൾ ജലപ്രവാഹം കണക്കെ ലോകം മുഴുവൻ വ്യാപിച്ചിട്ടില്ലേ? എന്നാൽ, യഹൂദികൾ ഇന്ന് ഏതവസ്ഥയിലാണുള്ളത്? ഒരുനാൾ യേശുവിന്റെ തലയിൽ മുൾക്കിരീടം ചാർത്തിയ അതേ യഹൂദികൾ, ഇതാ നമ്മുടെ 'രാജാവ്' എന്നുപറഞ്ഞ് അപഹസിച്ചിരുന്ന അതേ യഹൂദികൾ, ഇക്കാലത്ത് യേശുവിന്റെ അനുയായികളുടെ കരുണാകടാക്ഷത്താൽ പരിശുദ്ധഭൂമിയുടെ ഭരണകിരീടം തങ്ങളുടെ തലയിൽ ചാർത്താൻ ആഗ്രഹിക്കുകയാണ്. പക്ഷേ, അതിന് ആരും സമ്മതിക്കുന്നില്ല. യേശുവിനെ അല്പം ചില മണിക്കൂറുകൾ കുരിശിൽ തറച്ച കാരണത്താൽ

ഇന്നേവരെയുള്ള ഇസ്റായേൽ മക്കളെല്ലാം കഴിഞ്ഞ പത്തൊമ്പത് നൂറ്റാണ്ടായി കുരിശിൽ തൂങ്ങേണ്ടിവന്നിരിക്കുന്നു! ദൈവത്തിന്റെ പിടിത്തം എത്ര ഭയാനകം!

## ഹദ്റത്ത് മുഹമ്മദുനബി(സ)

ഇനി പ്രവാചക ശിരോമണി ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ)യുടെ പരിശുദ്ധജീവിതത്തിലേക്ക് കടക്കാം. ഖുറയ്ശീ ഗോത്രത്തിലെ മാന്യനായ ഒരു സാധുചെറുപ്പക്കാരന്റെ വിവാഹം ലജ്ജാശീലയായ ഒരു പെൺകുട്ടിയുമായി നടക്കുന്നു. വളരെ കുറച്ചുകാലമേ അവർക്ക് ഒന്നിച്ചു താമസിക്കാൻ കഴിഞ്ഞിരുന്നുള്ളു. പെട്ടെന്നാണ് ഭർത്താവിന്റെ തണൽ ആ പെൺകുട്ടിയുടെ തലയിൽനിന്ന് നീങ്ങിപ്പോയത്. അപ്പോൾ ആ പെൺകുട്ടി ഗർഭിണിയായിരുന്നു. ഗർഭസ്ഥശിശു ആ മഹതിയുടെ പളുങ്കുമനസ്സിൽ കൂടുതൽ അനുരക്തിയോടെ തന്റെ ഭർത്താവിന്റെ ഓർമ പുതുക്കിക്കൊണ്ടിരുന്നു. യഥാകാലത്ത് ആ കുഞ്ഞ് പിറക്കുന്നു. കുഞ്ഞിനെ ഉമ്മ കാണുന്നു. ഉമ്മയുടെ ഹൃദയത്തിൽ ഭർത്താവിന്റെ ഓർമ കൂടുതൽ ചൂടുപിടിക്കുന്നു. എങ്കിലും അവർ സന്തുഷ്ടയാണ്. ഭർത്താവിന്റെ സ്മരണയെ ജീവസ്സുറ്റതാക്കിത്തീർക്കുന്ന പൊന്നോമന മകൻ തന്റെ കൺമുമ്പിലുണ്ട്. മാതാവ് ആ കുഞ്ഞിനെ ഖുറയ്ശികളുടെ നാട്ടുനടപ്പനുസരിച്ച് ഒരു ബദ്വിധാത്രിയെ ഏൽപ്പിക്കാൻ ആഗ്രഹിക്കുന്നു. പക്ഷേ, ഒരു യത്തീമിനെ ആർക്കുവേണം? വളരെ അന്വേഷണത്തിനുശേഷം ഒരു ധാത്രിയെ ലഭിക്കുന്നു. കുഞ്ഞിനെ കൊണ്ടുപോകാൻ അവരിഷ്ടപ്പെടുന്നു. അങ്ങനെ പ്രവാചകന്മാരുടെ ഈ പരിശുദ്ധ കിരീടം അറേബ്യൻ മരുഭൂമിയിലെ കുടിലുകളിൽ തന്റെ ജീവിതത്തിലെ പ്രഥമദിനങ്ങൾ കഴിച്ചുകൂട്ടുന്നു. കുറച്ചു പ്രായമായപ്പോൾ ആ കുട്ടി തന്റെ മാതാവിന്റെയടുക്കൽ തിരിച്ചെത്തുന്നു. അധികം കഴിഞ്ഞില്ല. ആത്മാക്കളുടെ ലോകത്തേയ്ക്ക് തന്റെ ഭർത്താവിന്റെയടുക്കൽ ആ മാതാവും ചെന്നെത്തി. അങ്ങനെ ആ കുഞ്ഞ് ചെറുപ്രായത്തിൽ തന്നെ മാതാവും പിതാവും നഷ്ടപ്പെട്ട് തനിച്ചാകുന്നു. പിന്നീട് ബന്ധുക്കളുടെ ശിക്ഷണത്തിലാണ് ആ കുഞ്ഞ് യുവത്വം പ്രാപിക്കുന്നത്. മറ്റു ഖുറയ്ശികളെപ്പോലെ അദ്ദേഹവും കച്ചവടത്തിലേർപ്പെടുന്നു. വർഷങ്ങൾ കഴിഞ്ഞുപോയി. അദ്ദേഹം നിരക്ഷരനാണ്. ഉന്നതമായ ധാർമികഗുണങ്ങളുടെ ഉടമസ്ഥനായതിനാൽ ഖുറയ്ശികൾ അദ്ദേഹത്തെ ആദരിച്ചിരുന്നു. അവർ അദ്ദേഹത്തെ **അമീൻ** എന്നു വിളിച്ചു. നാൽപത് വയസ്സിനോടടുക്കുമ്പോൾ അദ്ദേഹത്തിന്റെ പ്രകൃതി കൂടുതൽ ഏകാ

ന്തതയിലേക്ക് ചായുന്നു. ഖുറയ്ശികളുടെ സമ്പ്രദായങ്ങളും നാട്ടാചാരങ്ങളും അവരുടെ മതവും അദ്ദേഹത്തിന്റെ കുറ്റമറ്റ പ്രകൃതിക്ക് അനിഷ്ടകരമായി മാറുന്നു. ഉന്നതധാർമിക ഗുണങ്ങൾ ഉൾക്കൊള്ളുന്നതും മനസ്സിന് സാക്ഷാൽ സമാധാനം പ്രദാനം ചെയ്യുന്നതുമായ മതത്തെ തേടി അദ്ദേഹം ചുറ്റിത്തിരിയുകയാണ്. മക്കയുടെ സമീപപ്രദേശത്ത് ആൾപാർപില്ലാത്ത ഒരു മലയുണ്ട്. അതിൽ ഒഴിഞ്ഞൊരു ഗുഹയുണ്ട്. ആ സ്ഥലം തന്റെ ഏകാന്തവാസത്തിനായി അദ്ദേഹം തിരഞ്ഞെടുക്കുന്നു. രാപ്പകൽ അതിനുള്ളിലായി അദ്ദേഹം. തന്റെ ആകുലമനസ്സിന് സമാധാനം നൽകാൻ കഴിവുള്ള അജ്ഞാതമായൊരു ഉണ്മയുടെ സ്മരണയിൽ അദ്ദേഹം ലീനനാകുന്നു. സ്നേഹിതന്മാരാരുമുണ്ടായിരുന്നില്ല അദ്ദേഹത്തിന്. പ്രായമായ ഭാര്യ മക്കയിലുണ്ട്. തന്റെ പ്രിയതമന്റെ ആകുലതകണ്ട് അവരും ദുഃഖിക്കുന്നു. അങ്ങനെ സമയം കഴിയുകയാണ്. അവസാനം ഏതൊന്നിനുവേണ്ടി അദ്ദേഹം അന്വേഷണതൃഷ്ണയോടെ ഉഴറിനടന്നുവോ ആ അജ്ഞാത ഉൺമയുടെ വെട്ടിത്തിളങ്ങുന്ന കിരണങ്ങൾ അദ്ദേഹത്തിന്റെ പളുങ്കുമനസ്സിൽ പതിയ്ക്കാൻ തുടങ്ങുന്നു. ആത്മീയലോകത്തെ സമൃദ്ധമായ കാഴ്ചകൾ അദ്ദേഹത്തിന്റെ പാതിയടഞ്ഞ കണ്ണുകൾക്ക് മുമ്പിൽ വിടരുന്നു.

അധികകാലം കഴിയുന്നതിനുമുമ്പേ ആ ഏകാന്തജീവിതത്തിൽ നിന്ന് പുറത്തുവന്ന് അദ്ദേഹം ദൈവോദ്ദേശ്യം ഖുറയ്ശികളുടെ മുമ്പിൽ സമർപിക്കുന്നു. ഈ ലോകത്തിന്റെ സ്രഷ്ടാവും ഉടമസ്ഥനുമായ ദൈവത്തിലേക്ക് അവരെ വിളിക്കുന്നു; അവനല്ലാതൊരു ദൈവമില്ല. ഈ വിളികേട്ട് ഖുറയ്ശികൾ അദ്ദേഹത്തെ പരിഹസിക്കുന്നു. അതൊരു ശ്രദ്ധാർഹമായ കാര്യമായി അവർ കാണുന്നില്ല. പക്ഷേ, അദ്ദേഹം തന്റെ പ്രവൃത്തി അനുസ്യൂതം തുടരുകയാണ്. അവസാനം പ്രതിജ്ഞാപാലകരായ കുറച്ചാളുകൾ അദ്ദേഹത്തിന് ചുറ്റും സംഘടിക്കുന്നു. അവർ അദ്ദേഹത്തിൽ വിശ്വാസമർപിച്ച് അദ്ദേഹത്തെ സഹായിക്കുന്നു. അപ്പോഴാണ് അദ്ദേഹത്തിന്റെ ജനതയുടെ കണ്ണ് തുറക്കുന്നത്. ഈ ശബ്ദം പരിഹസിച്ചു തള്ളിയാൽമാത്രം പോരെന്നും ഇതിനെ തടഞ്ഞില്ലെങ്കിൽ ഇത് തങ്ങൾക്കിടയിൽ ഛിദ്രവും സംഘട്ടനവും സൃഷ്ടിക്കുമെന്നും അവർ ധരിക്കുന്നു. അപ്പോൾ മുതലാണ് ലോകചരിത്രത്തിൽ അതുല്യമായ ഒരു ധാർമികവിപ്ലവത്തിന്റെ പരമ്പര ആരംഭിക്കുന്നത്. ആ വിപ്ലവം ഇരുപത് വർഷത്തോളം അറേബ്യയുടെ വിശാലമണ്ണിൽ ഒരു കൊടുങ്കാറ്റു വിതച്ചു. നാടിന്റെ ഒരറ്റംമുതൽ മറ്റേ അറ്റംവരെ അത് തീകൊളുത്തി. മുഴുരാജ്യവും ഏകനായ ദൈവത്തിന്റെ കൊടിക്കീഴിൽ

അണിനിരക്കുന്നതുവരെ ആ തീ കെട്ടടങ്ങിയില്ല. ആദ്യം മക്കയിലെ ഖുറയ്ശികൾ മുസ്ലീംകളുടെ ഈ ഒരുപിടി സംഘത്തെ അവരുടെ പൂർവ്വമതത്തിൽ തളച്ചിടാൻ പേശീബലം പ്രയോഗിച്ചു. ആ സംഭവങ്ങളറിയുമ്പോൾ ഭക്തിപ്രകർഷത്തിൽ നാം കോരിത്തരിച്ചുപോകും.

## സയ്യിദുനാ ബിലാൽ(റ)

ഒരു നീഗ്രോ അടിമയായിരുന്നു ബിലാൽ. ഇസ്ലാമിന്റെ പവിത്രസന്ദേശം അദ്ദേഹത്തിന്റെ കർണങ്ങളിൽ പതിച്ചു. അദ്ദേഹത്തിന്റെ പരിപാവനമായ പ്രകൃതി അതിനെ സ്വാഗതം ചെയ്തു. ഖുറയ്ശികളിലെ പ്രമുഖ നേതാവായ ഉമയ്യുബ്നു ഖൽഫിന്റെ അടിമയായിരുന്നു ബിലാൽ. ആ ദുഷ്ടൻ അദ്ദേഹത്തെ കഠിനമായി മർദിച്ചു. മുകളിൽനിന്ന് തീ വർഷിക്കുന്ന നട്ടുച്ചനേരത്ത്, കൽത്തരികൾ കലർന്ന മക്കയിലെ മണ്ണ് കിടാരംപോലെ തിളച്ചുമറിയുന്ന സമയത്ത് ബിലാലിനെ നഗ്നനാക്കി പുറത്തേക്ക് വലിച്ചിട്ട് നെഞ്ചിൽ ഭാരമുള്ള കല്ലുകൾ ഉരുട്ടിവച്ച് അതിന്മേൽ കയറിയിരുന്നുകൊണ്ട് ഉമയ്യ് പറയും: "മുഹമ്മദിനെ മറക്കൂ. ഏകദൈവാരാധന ഉപേക്ഷിക്കൂ. ബിംബങ്ങളെ സാഷ്ടാംഗം പ്രണമിക്കൂ. ഇല്ലെങ്കിൽ ഇങ്ങനെ മർദിച്ച് മർദിച്ച് നിന്നെ ഞാൻ വകവരുത്തും." ബിലാലിന് അറബിഭാഷ നല്ല വശമില്ലായിരുന്നു. ആകാശത്തേക്ക് നോക്കി അദ്ദേഹം പറയും. "അഹദ്, അഹദ്. ദൈവം ഏകനാണ്. ദൈവം ഏകനാണ്. ഇതുപേക്ഷിക്കാൻ എന്നെക്കൊണ്ടാവില്ല."

പിന്നീട് ആ ദുർഭഗൻ കയറുകൊണ്ട് ബന്ധിച്ച് അദ്ദേഹത്തെ തെമ്മാടിക്കുട്ടികൾക്ക് വിട്ടുകൊടുക്കും. അവർ അദ്ദേഹത്തെ മക്കയിലെ ഇടവഴിയിലൂടെ വലിച്ചിഴച്ചുകൊണ്ടുപോകും. അങ്ങനെ ആ ശരീരം രക്തംകൊണ്ട് വാർന്നൊലിക്കും. ഉമയ്യ് വീണ്ടും അലറിക്കൊണ്ട് ചോദിക്കും. "ബിലാൽ, ഇപ്പോൾ നീ എന്തുപറയുന്നു?" ബിലാലിന്റെ നാവിൽനിന്ന് പുറപ്പെടുന്നത് ആദ്യത്തെ മറുപടി തന്നെ. അഹദ് അഹദ്. അല്ലാഹു ഏകനാണ്. അല്ലാഹു ഏകനാണ്. തെമ്മാടിക്കുട്ടികൾ വീണ്ടും ആ ചുട്ടുപൊള്ളുന്ന വെയിലിലൂടെ അദ്ദേഹത്തെ വലിച്ചിഴച്ചുകൊണ്ടുനടക്കും.

## ഹദ്റത്ത് ഖബ്ബാബ് (റ)

ഖബ്ബാബ് മറ്റൊരു വിശ്വാസിയായിരുന്നു. അദ്ദേഹം അടിമയായിരുന്നില്ല. സ്വതന്ത്രനായ അദ്ദേഹം കൊല്ലപ്പണിക്കാരനായിരുന്നു. കോപാന്ധരായ ഖുറയ്ശികളിലെ തെമ്മാടികളായ ചെറുപ്പക്കാർ ഒരിക്കൽ അദ്ദേഹത്തിന്റെ ആലയിലെ ജ്വലിക്കുന്ന കനലുകളിന്മേൽ അദ്ദേഹത്തെ

മലർത്തിക്കിടത്തി. തിരിയുകയും മറിയുകയും ചെയ്യാതിരിക്കാൻ ഒരുത്തൻ നെഞ്ചത്തു കയറി ഇരുപ്പുറപ്പിച്ചു. എരിഞ്ഞെരിഞ്ഞ് കനലുകൾ കെട്ടടങ്ങുന്നതുവരെ അത് തുടർന്നു. എങ്കിലും, ആത്മാർഥനായ ആ ദാസൻ ദൈവത്തിന്റെ കോന്തലയിൽനിന്ന് പിടിവിട്ടില്ല.

## ഹദ്റത്ത് സുമയ്യത്ത് (റ)

പാവപ്പെട്ടൊരു മുസ്ലിം സ്ത്രീയായിരുന്നു സുമയ്യത്ത്. ഇസ്ലാമുപേക്ഷിക്കാൻ അബൂജഹൽ നിർബന്ധിച്ചു. ഉപേക്ഷിച്ചില്ലെങ്കിൽ കൊല്ലുമെന്ന് ഭീഷണിപ്പെടുത്തി. ആ ദൈവദാസി അതിനൊട്ടും വഴങ്ങിയില്ല. ഇസ്ലാമിൽതന്നെ ഉറച്ചു നിന്നു. ഒടുവിൽ നികൃഷ്ടനായ ആ അധമൻ അവരുടെ സ്വകാര്യസ്ഥാനത്ത് കുന്തംകുത്തിയിറക്കി ചുട്ടുപൊള്ളുന്ന മക്കയിലെ മരുഭൂമിയിൽ ശഹീദാക്കി.

മക്കയിലെ ഖുറയ്ശികൾ ദരിദ്രരും നിരാലംബരുമായ മുസ്ലിംകൾക്കെതിരെ നടത്തിയ മതപ്പോരിന്റെ ആദ്യഘട്ടത്തിലെ ചില ഉദാഹരണങ്ങളാണിവ.

നമ്മുടെ യജമാനരും നേതാവുമായ മുഹമ്മദ് നബിയെ(സ) ത്വായിഫ് നിവാസികൾ കല്ലെറിഞ്ഞോടിച്ചു. അദ്ദേഹത്തിന് ഗുരുതരമായ പരിക്കുപറ്റി. അവിടത്തെ ശരീരത്തിൽ നിന്നൊലിച്ചിറങ്ങിയ രക്തത്താൽ പാദുകം നനഞ്ഞു. മക്കയിൽ അദ്ദേഹം പന്തിവിരോധത്തിന്നിരയായി. അദ്ദേഹത്തെ വകവരുത്തുക എന്നതായിരുന്നു അവരുടെ പരിപാടി. അക്രമങ്ങളിൽ അവർ മുന്നേറി. ഒടുവിൽ ആ പുണ്യാത്മാവിനെ വധിക്കുവാൻതന്നെ അവർ തീരുമാനിച്ചു. അതിനവർ പദ്ധതിയും തയ്യാറാക്കി. പക്ഷേ, തന്റെ സന്തതസഹചാരിയോടൊപ്പം നബി(സ) തിരുമേനി മദീനയിലേക്ക് ഹിജ്റ ചെയ്തു. ഖുറയ്ശികളുടെ കോപാഗ്നി ശമിച്ച് അവർ മുസ്ലിംകളെ സമാധാനത്തോടെ ജീവിക്കാൻ അനുവദിക്കുകയും സന്ദേശപ്രചാരണത്തിന് തടസ്സമുണ്ടാകാതിരിക്കുകയും ചെയ്യുമെന്ന പ്രതീക്ഷയിലാണ് നബി(സ)അങ്ങനെ ചെയ്തത്. അപ്പോൾ അത് ഖുറയ്ശികളുടെ കോപാഗ്നിയെ കൂടുതൽ ജ്വലിപ്പിക്കുകയാണുണ്ടായത്. അവരുടെ നേതാക്കന്മാർ രാജ്യം മുഴുവൻ ചുറ്റിക്കറങ്ങി അറബിഗോത്രങ്ങളെയെല്ലാം മുസ്ലിംകൾക്കെതിരിൽ അണിനിരത്തി. കാട്ടുതീയുടെ നടുവിൽപ്പെട്ട മനുഷ്യരെപ്പോലെ ദുസ്സഹമായിത്തീർന്നു മുസ്ലിംകളുടെ അവസ്ഥ. ചരിത്രത്തിൽ അത് ചിത്രീകരിച്ചിരിക്കുന്നത് ഇങ്ങനെയാണ്:

"മുഹമ്മദും(സ) അദ്ദേഹത്തിന്റെ അനുചരന്മാരും മദീനയിൽ വന്നപ്പോ

ൾ തദ്ദേശവാസികൾ അവർക്ക് അഭയംനൽകി. അപ്പോൾ അറേബ്യ അവർക്കെതിരിൽ ഒറ്റക്കെട്ടായിത്തിരിഞ്ഞു. മുസ്‌ലിംകളുടെ സ്ഥിതി അങ്ങേയറ്റം ദുഷ്കരമായി. ശത്രുവിന്റെ ആക്രമണമുണ്ടാകുന്നതെപ്പോഴെന്നറിയാതെ സ്വന്തം രക്ഷയിലുള്ള സംഭ്രമത്തോടെ രാവും പകലും ആയുധങ്ങളുമായി അവർക്ക് നടക്കേണ്ടിവന്നു. പരിഭ്രാന്തരായി അവർ പറയുമായിരുന്നു: "സമാധാനത്തോടും ശാന്തിയോടുംകൂടി ദൈവത്തെ മാത്രം ഭയപ്പെട്ട് ജീവിക്കാൻ കഴിയുന്ന ആ നാളുകൾ എപ്പോഴാണ് ഞങ്ങൾക്ക് കൈവരിക."[1]

മുസ്‌ലിംകൾ അക്കാലത്ത് അംഗുലീപരിമിതമായിരുന്നു. ഉള്ളവരാണെങ്കിൽ പൊതുവെ ദരിദ്രരും ബലഹീനരും നിരാലംബരും. മറുഭാഗത്ത്, രാജ്യമൊന്നടങ്കം, ദൈവനാമത്തിൽ എഴുന്നേറ്റ ഒരുപിടിയാളുകളെ ഭൂമുഖത്തുനിന്ന് തൂത്തെറിയാൻ പൂർണസന്നാഹത്തോടെ പ്രളയം കണക്കെ ഇരമ്പിക്കയറുന്നു.

അതുല്യമായ ഈ സംഘട്ടനത്തിൽ നബിക്കും അനുചരന്മാർക്കും വരിക്കേണ്ടിവന്ന ത്യാഗങ്ങളും അഭിമുഖീകരിക്കേണ്ടിവന്ന പ്രയാസങ്ങളും സത്യാധിഷ്ഠിതമായ ചരിത്രഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അതൊന്നും ഇവിടെ ആവർത്തിക്കേണ്ട ആവശ്യമില്ല. എന്നാൽ, ഒരു സംഭവമുണ്ട്. അത് ഇവിടെ പറയാതിരിക്കാൻ എനിക്കു പറ്റുകയില്ല. നബി(സ) തിരുമേനി വലിയൊരു സംഘത്തോടൊപ്പം ഹിജാസിലെ ഒരു താഴ്‌വരയിലൂടെ കടന്നുപോകുകയായിരുന്നു. അപ്രതീക്ഷിതമായി മുന്നിൽനിന്ന് ഒരു ശത്രുസംഘം അമ്പെയ്യാൻ തുടങ്ങി. ഓർക്കാപ്പുറത്തുണ്ടായ ഈ ആക്രമണത്തിൽ പരിഭ്രമംപൂണ്ട മുസ്‌ലിം സംഘം പിന്നാക്കം മാറി. മുസ്‌ലിം സംഘത്തിൽ ബഹളമായി. ഒട്ടകം, കുതിര, കോവർകഴുത, കഴുത തുടങ്ങിയ മൃഗങ്ങൾ ലക്കുംലഗാനുമില്ലാതെ ഓടി. ഇത് കണ്ടപ്പോൾ ശത്രുസമൂഹം സിംഹത്തെപ്പോലെ അലറിക്കൊണ്ട് അവരിലേക്ക് ചീറിയടുത്തു. പിന്തിരിഞ്ഞോടിയ മുസ്‌ലിംകളുടെമേൽ അമ്പുകളുടെ മഴതന്നെ വർഷിച്ചു. നബി(സ)തിരുമേനി തന്റെ ചുറ്റും കണ്ണോടിച്ചു. മൈതാനം ശൂന്യമായി കണ്ടു. മക്കയിലെ പുതുവിശ്വാസികളേയോ മദീനയിലെ ഉറ്റസഹായികളേയോ തന്നോടൊപ്പം ഹിജ്റ ചെയ്ത പഴയ കൂട്ടുകാരെയോ അവിടെ കണ്ടില്ല. പ്രളയം കണക്കെ ഇരമ്പുന്ന ശത്രുക്കൾ മാത്രമാണവിടെ. അമ്പുകളുടെ മഴയാണവിടെ. ദൈവം നമ്മെ രക്ഷിക്കട്ടെ!

1. *ലുബാബുന്നഖുൽ ഫീ അസ്ബാബിന്നുസൂൽ*

ഇതൊക്കെയായിട്ടും നബി(സ)തിരുമേനി പാറപോലെ തന്റെ സ്ഥലത്ത് ഉറച്ചുനിൽക്കുകയായിരുന്നു. തൊട്ടടുത്ത് നിൽക്കുന്ന സ്വഹാബിയോട് പൂർണസമാധാനത്തോടെ അദ്ദേഹം പറഞ്ഞു: “പരിഭ്രമിച്ച് പിന്നാക്കം പായാതിരിക്കാൻ എന്റെ കുതിരയുടെ കടിഞ്ഞാണൊന്ന് മുറുകെ പിടിക്കൂ. പൊടുന്നനെ പൂർണശക്തി സംഭരിച്ച് ഉപ്പൂറ്റികൊണ്ട് കുതിരയെ തെളിച്ച് അദ്ദേഹം ശത്രുമുഖത്തേക്ക് കുതിക്കുകയും ചെയ്തു.

**അനന്നബിയ്യു ലാ കദിബ്**

**അനബ്നു അബ്ദുൽ മുത്തലിബ്**

“ഞാൻ ദൈവത്തിന്റെ പ്രവാചകനാണ്. കള്ളവാദിയല്ല.” അദ്ദേഹം ദൃഢസ്വരത്തിൽ വിളിച്ചുപറഞ്ഞപ്പോൾ ആ ശബ്ദത്തിനുണ്ടായ മാന്ത്രികശക്തിയെന്താണെന്നറിയില്ല. അതുകേട്ട ഓരോ മുസ്‌ലിമും വീണും കിടന്നും ഇഴഞ്ഞും വീണ്ടും തങ്ങളുടെ നേതാവിന്റെ ചുറ്റും സംഘടിക്കുന്നു. മുന്നോട്ടിരമ്പിക്കയറിയ ശത്രുക്കളെ ഞൊടിയിടയിൽ തുരത്തുകയും ചെയ്യുന്നു.

ഹിറാ ഗുഹയിലെ ഏകാന്തധ്യാനത്തിൽ കഴിഞ്ഞ ആ മഹാത്മാവ് മദീനയിൽ അഭയം പ്രാപിച്ച് ഒമ്പതുവർഷം തികയുന്നതിനുമുമ്പേതന്നെ നാല് ലക്ഷം ചതുരശ്രമൈൽ വിസ്താരമുള്ള വിശാല അറേബ്യയുടെ ഒരറ്റം മുതൽ മറ്റേ അറ്റംവരെ തക്ബീർ ധ്വനികൾ – ദൈവത്തെ മഹത്വപ്പെടുത്തുന്ന ധ്വനികൾ മുഴങ്ങി.

ഇത് വാളിന്റെ കളിയാണെന്ന് പറയുന്നവരുണ്ടാകാം. അവരോട് പറയട്ടെ: “അത് വാസ്തവമാണെങ്കിൽ അവരും അങ്ങനെയൊരു കളി കാണിച്ചുതരട്ടെ. ഏകനും ബലഹീനനും നിരാലംബനുമായ ഒരു മനുഷ്യൻ എഴുന്നേൽക്കുന്നു. ചുരുങ്ങിയ കാലംകൊണ്ട് രാജ്യത്തിന്റെ മുഖച്ഛായതന്നെ മാറ്റിമറിക്കുന്നു. രാജ്യമൊന്നടങ്കം അദ്ദേഹത്തിന്നെതിരിൽ സായുധരായി അണിനിരക്കുമ്പോഴാണിത് സംഭവിക്കുന്നത്. ഇത് വാളിന്റെ കളിയാണോ? അതോ അഭിമാനിയായ ദൈവത്തിന്റെ ശക്തിപ്രഭാവം വെളിവാകുന്ന അത്ഭുതകൃത്യമോ? ഇവിടെ, വാളുയർത്തിയതാരാണ്? വാളുയർത്തി തുടക്കംകുറിച്ചത് മുസ്‌ലിംകളാണെന്ന് ആർക്കെങ്കിലും പറയാൻ കഴിയുമോ? മുസ്‌ലിംകൾക്ക് ആത്മരക്ഷക്കും സമാധാന സംസ്ഥാപനത്തിനുമായി വാളെടുക്കേണ്ടി വന്ന ഘട്ടത്തിൽ, അവർ ഏതെങ്കിലും വ്യക്തിയെ വാളുകാണിച്ച് ഭയപ്പെടുത്തി മതപരിവർത്തനം നടത്തിയതായി തെളിയിക്കാൻ നിങ്ങളിലാർക്കെങ്കിലും ആർജ്ജവമുണ്ടോ?

അന്ധകാരത്തിന്റെ നിർഭാഗ്യവാന്മാരായ സന്തതികളേ, അറബികളാണ് മുസ്‌ലിംകൾക്കെതിരിൽ വാളുയർത്തി തുടക്കം കുറിച്ചതെന്നും ഭൗതികായുധങ്ങളോ പടക്കോപ്പുകളോ ഒന്നും വിലപ്പോകാത്ത ഒരു സർവ്വശക്തന്റെ കൈ മുഹമ്മദിന്റെ പിന്നിൽ പ്രവർത്തിക്കുന്നുണ്ടെന്ന് അവർക്ക് ബോധ്യമായതോടെയാണ് അവർ തങ്ങളുടെ വാൾ ഉറയിലിട്ടതെന്നും എങ്ങനെയാണ് ഞാൻ നിങ്ങൾക്ക് പറഞ്ഞു തരേണ്ടത്? നിങ്ങൾ പറയുന്നത് ശരിയാണ്. അവർ ഭയന്നിട്ടു തന്നെയാണ് ഇസ്‌ലാം സ്വീകരിച്ചത്! പക്ഷേ, വാളിനെയല്ല. ദൈവത്തെയാണവർ ഭയന്നത്. തങ്ങളുടെ സ്വന്തം 'ദൈവങ്ങളെ' സ്വകരങ്ങൾ കൊണ്ടുതന്നെ അവർ പൊളിച്ചു. പക്ഷേ, അത് മുസ്‌ലിംകളുടെ ശക്തി ഭയന്നായിരുന്നില്ല. മറിച്ച് അവയെ നിന്ദ്യവും നിരാലംബവുമായി കണ്ടിട്ടായിരുന്നു. മക്കാവിജയ മുഹൂർത്തത്തിൽ ബിംബങ്ങളുടെ നിസ്സാഹയത വെളിപ്പെട്ടപ്പോൾ അവിടെത്തെ ചില നേതാക്കൾ അവജ്ഞയോടെ അവയെ നോക്കിക്കൊണ്ട് ഇങ്ങനെ പറഞ്ഞതായി ചരിത്രത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.

"നിങ്ങളിലെന്തെങ്കിലുമൊരു ശക്തിയുണ്ടായിരുന്നെങ്കിൽ അറേബ്യയിലെ ഉന്നതന്മാരുടെ തല ഇന്ന് മുഹമ്മദിന്റെ മുമ്പിൽ കുനിയുമായിരുന്നില്ല." (താരീഖുൽ ഖുമയ്സ്)

ഇതെല്ലാം നേരിൽ അനുഭവിച്ച ആളുകൾ മറുലോകത്തിരുന്ന് ചോദിക്കുന്നുണ്ടാകും: "പതിമൂന്ന് നൂറ്റാണ്ടുകൾക്കിപ്പുറം പിറന്ന നിങ്ങൾ, അറേബ്യയിൽനിന്ന് ആയിരക്കണക്കിന് അകലെ വസിക്കുന്ന നിങ്ങൾ, ഇസ്‌ലാമിക ചരിത്രത്തിൽ അജ്ഞരായ നിങ്ങൾ മുഹമ്മദിന്റെ വാളിനെ ഭയന്നിട്ടാണ് അറബികൾ ഇസ്‌ലാം സ്വീകരിച്ചതെന്നാണോ പറയുന്നത്!! മതപരമായ ഏകപക്ഷീയത തുലയട്ടെ! അനീതിയ്ക്കും അതിര് വേണം!

ഇങ്ങനെ, നബി(സ)തിരുമേനിയുടെ ഈ അനുപമമായ വിജയം, ആ പുണ്യാത്മാവിനെ അത്യുന്നതനായ ഒരു ശക്തി സഹായിച്ചിരുന്നുവെന്നതിന് വ്യക്തമായ തെളിവാണ്. ആ ശക്തിതന്നെയാണ് ഞങ്ങൾ പറയുന്ന ദൈവം. നബിയുടെ വേർപാടുണ്ടായി ആയിരത്തി മുന്നൂറ്റമ്പത് വർഷം പിന്നിടുന്ന ഈ അവസരത്തിൽ ഇന്നത്തെ നാൽപത് കോടി മുസ്‌ലിംകൾ[1] അദ്ദേഹത്തിന് വിധേയപ്പെട്ട് ജീവിക്കുന്നത് അഭിമാനമായി കരുതുന്നു. ഈ വൃത്തം നിത്യേന വികാസംപ്രാപിച്ചു കൊണ്ടിരിക്കുകയാണ്. ദൈവകൃപയാൽ, ആദ്ധ്യാത്മിക ലോകത്തിന്റെ അതുല്യനായ

---

*ന1. 1925ലാണ് ഈ ഗ്രന്ഥം പ്രസിദ്ധീകരിക്കുന്നത്. ഇന്നത്തെ മുസ്‌ലിം ജനസംഖ്യ 120 കോടിയിലധികമാണ്. വിവ.*

ഈ ചക്രവർത്തി തന്റെ ദൈവദത്തമായ സൗന്ദര്യത്താൽ ലോകം മുഴുവനുമുള്ള ജനഹൃദയങ്ങളിൽ ഭരണം നടത്തുന്ന കാലം വിദൂരമല്ല. കറുത്തവരും വെളുത്തവരുമെല്ലാം ഈ ***ളില്ലുല്ലാഹി***[1]യുടെ മുമ്പിൽ സ്നേഹവായ്പോടെ തലകുനിക്കും. **അല്ലാഹുമ്മ സ്വല്ലി അലയ്ഹി വ ആലിഹി വ സല്ലം. യാ അയ്യുഹല്ലദീന ആമനൂ സ്വല്ലൂ അലയ്ഹി വ സല്ലിമൂ തസ്‌ലീമാ.**

## വാഗ്ദത്ത മഹ്ദീ മസീഹ്
## ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)

നബി(സ) തിരുമേനിക്കുശേഷം തിരുമേനിയുടെ സേവകനും പ്രതിരൂപവുമായ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് സാഹിബ് ഖാദിയാനി അലയ്ഹിസ്സലാമിന്റെ അസ്തിത്വവും ഈ പരമ്പരയിലെ ഒരു പരിശുദ്ധകണ്ണിയാണ്. റെയിലോ കമ്പിയാപ്പീസോ ഇല്ലാത്ത, അധികമാരാലും അറിയപ്പെടാത്ത ഒരു കുഗ്രാമത്തിൽ ഒരു കുഞ്ഞ് ജനിക്കുന്നു. മാതാപിതാക്കളുടെ തണലിലാണ് ആ കുഞ്ഞ് വളരുന്നത്. ഏകാന്തത ഇഷ്ടപ്പെടുന്ന പ്രകൃതം കാരണം തന്റെ ഗ്രാമത്തിന്റെ പരിമിതമായ സമൂഹത്തിൽനിന്നുപോലും ആ കുട്ടി അകന്നു നിൽക്കുന്നു. പിതാവ് തന്റെ വാത്സല്യംകൊണ്ട് മകന് നല്ലൊരു ജോലി തരപ്പെടുത്തിക്കൊടുക്കാൻ ശ്രമിക്കുന്നുണ്ട്. ഇന്ന മേലുദ്യോഗസ്ഥൻ തന്റെ അടുത്ത സുഹൃത്താണെന്നും വളരെ ഉയർന്ന പദവിയിലാണെന്നും അദ്ദേഹത്തോട് പറഞ്ഞ് ഒരു ജോലി ശരിപ്പെടുത്താമെന്നുമൊക്കെ ഒരിക്കൽ മകനോട് ആ പിതാവ് പറഞ്ഞു. അപ്പോൾ മകൻ പറഞ്ഞു: "എന്റെ കാര്യത്തിൽ അങ്ങ് വിഷമിക്കേണ്ട. ഞാൻ തൊഴിലാളിയാവേണ്ടിടത്ത് തൊഴിലിലേർപ്പെട്ടു കഴിഞ്ഞിരിക്കുന്നു." അതായത് താൻ ദൈവത്തിന്റെ ജോലികൊണ്ട് അനുഗ്രഹിക്കപ്പെട്ടിരിക്കുന്നു. തനിക്കിനി ദുൻയാവിലെ തൊഴിലിന്റെ ആവശ്യമില്ലെന്ന്! ഇന്ന് മതലോകത്ത് ഭൂകമ്പവും കൊടുങ്കാറ്റുമായി മാറിയിട്ടുള്ള ആ തൊഴിലിന്റെ വൃത്താന്തം അങ്ങനെയാണ് ആരംഭിക്കുന്നത്.

ഹദ്റത്ത് മിർസാ സാഹിബ്(അ) 1884-ൽ താൻ മുജദ്ദിദ് അഥവാ മതപരിഷ്ക്കർത്താവാണെന്ന വാദം ലോകത്തിന്റെ മുമ്പിൽ സമർപ്പിച്ചു. ഈ വാദത്തിൽ മുസ്‌ലിംകളെ അമ്പരപ്പിക്കുന്ന കാര്യമൊന്നും ഉണ്ടായിരുന്നില്ല. കാരണം ഇസ്‌ലാമിൽ നിരവധി പരിഷ്ക്കർത്താക്കൾ വന്നുക

1. *ദൈവത്തിന്റെ നിഴൽ.*

ഴിഞ്ഞിട്ടുണ്ട്. അതുകൊണ്ട് മുസ്‌ലിംലോകം പൊതുവിൽ ആ വാദത്തെ നിശ്ശബ്ദമായി സ്വീകരിക്കുകയോ നിഷേധിക്കാതെ അതിനെ നോക്കിക്കാണുകയോ ചെയ്തു. അങ്ങനെ ഹദ്റത്ത് മിർസാ സാഹിബ് (അ) തന്നിലർപിതമായ ചുമതലയനുസരിച്ച് ഇസ്‌ലാമിക സേവനത്തിൽ നിരതനായി. അറിവുള്ള മുസ്‌ലിംകൾ അദ്ദേഹത്തിന്റെ സേവനം നന്ദിപൂർവ്വം നോക്കിക്കണ്ടു. കാരണം ഇന്ന് ഇസ്‌ലാമിന്റെ ശത്രുക്കളെ മാന്യമായും വിജയകരമായും നേരിടാൻ മുസ്‌ലിംകളിൽ ആരെങ്കിലുമുണ്ടെങ്കിൽ അത് അദ്ദേഹം മാത്രമാണെന്ന് അവർക്ക് നല്ലവണ്ണം അറിയാമായിരുന്നു. ഹദ്റത്ത് മിർസാ സാഹിബ് അലയ്ഹിസ്സലാമിന്റെ ഈ ഇസ്‌ലാമിക സേവനം അതിന്റെ എതിരാളികളിൽ അതായത് ഹിന്ദുക്കളിലും ക്രൈസ്തവരിലും ശത്രുതയുടേയും വിരോധത്തിന്റേയും ഭയാനകമായ ഒരു അഗ്നി ജ്വലിപ്പിച്ചു. അവർ അദ്ദേഹത്തിന്റെ പ്രവർത്തനത്തെ പരാജയപ്പെടുത്താനും അദ്ദേഹത്തെ തരംതാഴ്ത്തിക്കാണിക്കാനും എല്ലാവിധത്തിലും ഒരുമ്പെട്ടു. പക്ഷേ, അധികം കഴിഞ്ഞില്ല. അവസാനകാലത്ത് വെളിപ്പെടുമെന്ന് പ്രവചനം ചെയ്യപ്പെട്ടിട്ടുള്ള മസീഹും മഹ്ദിയും താനാണെന്നും, വീണ്ടും വരുമെന്ന് പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്ന നസ്റേത്തുകാരനായ മസീഹ് മരിച്ചുപോയിരിക്കുന്നുവെന്നുമുള്ള കാര്യം അല്ലാഹുവിന്റെ കൽപ്പനയാൽ ഹദ്റത്ത് മിർസാ സാഹിബ് പ്രസിദ്ധീകരിക്കുകയുണ്ടായി. സത്യവിരുദ്ധ ശക്തികളെ പരാജയപ്പെടുത്തി സത്യത്തിന് വിജയം നൽകുന്ന ഒരു പരിഷ്ക്കർത്താവ് അവസാനകാലത്ത് ആഗതനാകുമെന്നുള്ള മറ്റു മതങ്ങളിലെ പ്രവചനവും തന്നിൽ പൂർത്തിയായിരിക്കുന്നതായി അദ്ദേഹം പ്രഖ്യാപിച്ചു. അദ്ദേഹം പറഞ്ഞു: "ആരെ സംബന്ധിച്ചാണോ സകലമതങ്ങളിലും വാഗ്ദാനം ചെയ്യപ്പെട്ടിട്ടുള്ളത്, ആരുടെ കൈയിലൂടെയാണോ ഇസ്‌ലാമിന്റെ വിജയം വിധിക്കപ്പെട്ടിട്ടുള്ളത് ആ വ്യക്തി ഞാൻ തന്നെയാണ്."

ഇതുമൂലമുണ്ടായ എതിർപിന്റെ കൊടുങ്കാറ്റിന് മറ്റൊരു ഉദാഹരണമില്ല. സകലമതങ്ങളും ഒന്നടങ്കം അദ്ദേഹത്തിന്നെതിരിൽ അണിനിരന്നു. മുസ്‌ലീംകളും, ക്രിസ്ത്യാനികളും, ഹിന്ദുക്കളും, ആര്യസമാജക്കാരും, ജൈനമതക്കാരും, സിക്കുമതക്കാരും, ബ്രഹ്മസമാജക്കാരും, ദേവസമാജക്കാരും എന്നുവേണ്ട സകലമനുഷ്യരും പൂർണശക്തിയോടെ അദ്ദേഹത്തിന്നെതിരിൽ, ഏകനും നിരാലംബനും നിസ്സഹായനുമായ ഒരു വ്യക്തിക്കെതിരിൽ രംഗത്തിറങ്ങി. ഒട്ടുമിക്ക മുസ്‌ലിം പണ്ഡിതന്മാരും അദ്ദേഹം **കാഫിർ**[1] ആണെന്നും **മുൽഹദ്**[2] ആണെന്നും

**ളാല്ല്**[3] ആണെന്നും **മുളില്ല്**[4] ആണെന്നും മാത്രമല്ല **ദജ്ജാല്**[5] തന്നെയാണെന്നും മതവിധി പുറപ്പെടുവിച്ചു.

ഇയാൾ കാഫിറാണെന്നും ഇസ്‌ലാമിൽനിന്ന് പുറത്താണെന്നും ഇസ്‌ലാമിന്റെ കഠിനശത്രുവാണെന്നും ഇയാളുമായി ഏതെങ്കിലും വിധത്തിൽ ബന്ധം വയ്ക്കുന്നവർ ഇസ്‌ലാമിൽനിന്ന് പുറത്തുപോകുമെന്നുമുള്ള ഫത്‌വ പ്രസിദ്ധീകരിച്ച് അവർ മുസ്‌ലിം രാഷ്ട്രങ്ങളിൽ വിതരണം ചെയ്തു. ഇയാളെ എല്ലാവിധത്തിലും ബുദ്ധിമുട്ടിക്കുന്നത് അനുവദനീയമാണെന്ന് മാത്രമല്ല അതിന് പ്രതിഫലം ലഭിക്കുമെന്നും അവർ വിജ്ഞാപനം ചെയ്തു. ഇസ്‌ലാമിക നിയമപ്രകാരം ഇയാൾ വധാർഹനാണെന്നും ഇയാളെ വധിക്കുന്നവൻ പ്രതിഫലത്തിന്നർഹനായിത്തീരുമെന്നുംകൂടി ചിലർ ഫത്‌വ നൽകി. ഇത്തരം വാക്കുകളിലൂടെയുള്ള എതിർപുകൾക്ക് പുറമെ - അതിന്റെ സ്വാധീനം നോക്കിയാൽ അത് നിസ്സാരമായിരുന്നില്ല മറിച്ച് രാജ്യത്ത് ഭയാനകമായ അഗ്നിയ്ക്ക് തീകൊളുത്താൻ പോരുന്നതായിരുന്നു - പ്രവർത്തിരൂപത്തിലും അദ്ദേഹത്തെ പരാജയപ്പെടുത്താനും നിന്ദ്യനും അപമാനിതനുമാക്കാനും ശ്രമം നടന്നു. ഇതരമുസ്‌ലിംകളും ക്രിസ്ത്യാനികളും ഹിന്ദുക്കളുമെല്ലാം അവരവരുടെ സൈന്യസന്നാഹങ്ങളോടെ അദ്ദേഹത്തിന്റെ മേൽ ആക്രമണം നടത്തി.

അഹ്മദിയ്യാ ജമാഅത്തിന്റെ ആദ്യകാലചരിത്രം വികാരതീവ്രമായ ഒരു കഥയാണ്. അത് വായിക്കുമ്പോൾ ശരീരം രോമാഞ്ചകഞ്ചുകിതമായിത്തീരുന്നു. ഒരു വശത്ത് ഒറ്റയ്ക്കൊരു വ്യക്തി. അദ്ദേഹത്തിന്റെ പക്കൽ സൈന്യമില്ല, സന്നാഹമില്ല, സമ്പത്തില്ല, സ്വാധീനമില്ല. പേരും പെരുമയുമില്ല. മറുവശത്ത് ലോകമൊന്നടങ്കം സർവവിധ സന്നാഹങ്ങളോടും തയ്യാറെടുപ്പുകളോടുംകൂടി പ്രളയംപോലെ നാലുഭാഗത്തും ഇരമ്പുന്നു. പക്ഷേ, ആ വ്യക്തി ഭയപ്പെടുന്നില്ല. നിരാശനാകുന്നില്ല. പാറപോലെ തന്റെ സ്ഥാനത്ത് ഉറച്ചുനിൽക്കുന്നു. അദ്ദേഹത്തിന്റെ കൈയിൽ വാളില്ല; എതിരാളിയെ വകവരുത്താൻ. ധനമില്ല; വാരിവിതറാൻ. അതിഭൗതിക വിജ്ഞാനീയങ്ങളില്ല; തന്നിലേക്ക് ആകർഷിക്കാൻ. പേശീബലമില്ല; ഭയപ്പെടുത്താൻ. ഒരേയൊരു ആത്മീയപതാക മാത്രമാണുള്ളത്. അതിൽ അഭൗമമായ മഷികൊണ്ടെഴുതിയ ഈ വാക്കുകൾ മിന്നിത്തിളങ്ങുന്നുണ്ട്:

*1. അവിശ്വാസി 2 മതത്യാഗി 3. വഴിപിഴച്ചവൻ 4. വഴിപിഴപ്പിക്കുന്നവൻ 5. കൊടും കള്ളം പറയുന്നവൻ*

**"ലോകത്ത് ഒരു താക്കീതുകാരൻ വന്നു. എന്നിട്ട്, ലോകം അദ്ദേഹത്തെ സ്വീകരിച്ചില്ല. പക്ഷേ, അല്ലാഹു അദ്ദേഹത്തെ സ്വീകരിക്കും. ശക്തിമത്തായ ആക്രമണങ്ങളാൽ അദ്ദേഹത്തിന്റെ സത്യതയെ വെളിപ്പെടുത്തും."** (ബറാഹീനെ അഹ്മദിയ്യ വാള്യം 4-1884)

ശത്രുവിന്റെ ആക്രമണം ഭയാനകാവസ്ഥ പ്രാപിക്കുന്നതനുസരിച്ച് അദ്ദേഹം ആ ദൈവികപതാക ഉയർത്തിയുയർത്തിപ്പിടിക്കുന്നു. ആ വാക്കുകൾക്ക് എന്തൊരു മാസ്മരികശക്തിയാണെന്നറിയില്ല. നിഷേധികളുടെ സൈന്യത്തിലെ ഭടന്മാർ അത് കാണുന്നു. അവർ തങ്ങളുടെ അണിയിൽനിന്ന് ആ കൊടിയിലേക്ക് ആകൃഷ്ടരായി വരികയും ചെയ്യുന്നു. ശത്രുക്കൾ അവരെ കഠിനമായി പീഢിപ്പിക്കുന്നു. അവരുടെ ധനവും സ്വത്തും തട്ടിപ്പറിച്ചെടുക്കുന്നു. ഭാര്യാമക്കളെ അവരിൽനിന്ന് വേർപെടുത്തുന്നു. അവരെ ശാരീരികമായി ഉപദ്രവിക്കുന്നു. അവസരം കിട്ടിയാൽ കൊല്ലാൻപോലും മടിക്കുന്നില്ല. മരിക്കുന്നവരെ മറയടക്കാൻ സമ്മതിക്കുന്നില്ല. പക്ഷേ, ഇതൊന്നും ഒട്ടും വകവയ്ക്കാതെ തങ്ങളുടെ സ്വാതന്ത്ര്യത്തിന്റെ ഇരിപ്പിടങ്ങളിൽ നിന്നിറങ്ങി നിരാലംബനും നിസ്സഹായനും പേരുംപെരുമയും ഇല്ലാത്തവനുമായ ഒരാളുടെ ശിഷ്യവലയം തങ്ങളുടെ കഴുത്തിലണിയാൻ ആളുകൾ വെമ്പൽകൊള്ളുന്നു.

ഇതെന്തൊരു അത്ഭുത കാഴ്ചയാണ്! ശത്രുക്കൾ പറയുന്നു: "ഇതൊരു കൊതുകാണ്. ഇതിന്റെ മൂളൽ ഞങ്ങളെ ബുദ്ധിമുട്ടിച്ചുകൊണ്ടിരിക്കുന്നു. ഇത് ഇതിന്റെ മൂളൽ നിറുത്തുന്നില്ലെങ്കിൽ ഞങ്ങളിതിനെ വിരലുകൾക്കിടയിൽ ഞെരിച്ചുകൊല്ലും." എന്നാൽ, ഇന്ന് ആ "മൂളലിന്റെ ഉടമയുടെ" പേരിനെ കാത്തുസൂക്ഷിച്ചു പോരുന്നവർ ഓരോ വൻകോട്ടയുടെയുംമേൽ തെളിവുകൾകൊണ്ട് ആക്രമണം നടത്തുന്നവരാണ്. വർത്തമാനകാലത്ത് ഒരു ശക്തി മതലോകത്തുണ്ടെങ്കിൽ അത് ഇതാണെന്ന് ശത്രുക്കൾപോലും സമ്മതിക്കുന്നു. ഇത് ഏതെങ്കിലും മനുഷ്യകരങ്ങളുടെ പ്രവർത്തനഫലമാണോ? അല്ല. ഒരിക്കലുമല്ല. മനുഷ്യകരങ്ങളുടെ പ്രവർത്തനം സാഹചര്യങ്ങൾക്കനുസരിച്ച് അതിനെ ആശ്രയിച്ച് നടത്തുന്നവയായിരിക്കും. ഇവിടെ എല്ലാ സാഹചര്യങ്ങളും ശത്രുക്കൾക്കനുകൂലമായിരുന്നു. ഹദ്റത്ത് മിർസാ സാഹിബിന്റെ പക്കൽ ഒന്നും ഉണ്ടായിരുന്നില്ല. എങ്കിലും ശത്രുക്കളുടെ എല്ലാ പരിശ്രമങ്ങളും തുടർന്നുകൊണ്ടിരിക്കെത്തന്നെ ഹദ്റത്ത് മിർസാ സാഹിബിന്റെ ഉരുക്കാണി ജനഹൃദയങ്ങളിൽ തുളച്ചുകയറിക്കൊണ്ടേ പോകുന്നു.

1908 ൽ ദൈവത്തിൽനിന്ന് അദ്ദേഹത്തിന് വേർപാടിന്റെ സന്ദേശം

ലഭിക്കുമ്പോൾ ആത്മാർഥതയുള്ളവരും ജീവൻ ബലിയർപിക്കാൻ സന്ന ദ്ധരുമായ നാലുലക്ഷം അനുയായികൾ അദ്ദേഹത്തിന്റെ കൊടിക്കീഴിൽ അണിനിരന്നുകഴിഞ്ഞിരുന്നു. അദ്ദേഹം ലോകത്തോട് വിടപറഞ്ഞിട്ട് 17 വർഷം കഴിഞ്ഞു. ഇപ്പോൾ ആ മഹാത്മാവിന്റെ അനുസരണശീലരായ അനുയായികൾ ഇസ്‌ലാമിന്റെ പ്രചാരണത്തിനായി എല്ലാ രാജ്യത്തും വ്യാപിച്ചിട്ടുള്ളതായി കാണാം.[1] ദൈവവഴിയിലുള്ള അവരുടെ അനു പമമായ ത്യാഗങ്ങൾ ജനങ്ങളെ അത്ഭുതപരതന്ത്രരാക്കുന്നു. ഇത് കെട്ടുകഥകളല്ല. നേരെമറിച്ച് ജീവൻ തുടിക്കുന്ന നിത്യസംഭവങ്ങളാ ണ്. ശത്രുക്കൾക്ക് തങ്ങളുടെ വിരോധത്തിന്റേയും യാഥാസ്ഥിതിക ത്വത്തിന്റേയും പർദയ്ക്കുള്ളിൽ ഇതിനെ മറച്ചുവയ്ക്കാൻ സാധ്യമല്ല. ആരാലും അറിയപ്പെടാത്ത കുഗ്രാമവാസിയായ ഒരു വ്യക്തി, ഒരിക്കൽ പറയുകയാണ്: “ദൈവം തന്റെ പ്രതാപം നിലനിറുത്താൻ എന്നെ നി യോഗിച്ചിരിക്കുന്നു.” ലോകം ആ വ്യക്തിയെ നിഷ്കരുണം നിഷേ ധിക്കുന്നു. സകലമതത്തിന്റേയും ജാതിയുടേയുമാളുകൾ സമ്പൂർണ സന്നാഹത്തോടെ അദ്ദേഹത്തിന്നെതിരിൽ ഗോദായിൽ ഇറങ്ങുന്നു. ശക്തിയുടെ തിമിർപിൽ വിശ്വാസമർപിച്ച അവർ, ഞൊടിയിടകൊണ്ട് ആ വ്യക്തിയെ അക്ഷരം മായ്ക്കുന്നതുപോലെ ലോകത്തുനിന്ന് തുടച്ചു നീക്കാമെന്ന് വ്യാമോഹിക്കുന്നു. ആ സമയത്ത് എവിടെ നോക്കിയാലും ശത്രുക്കൾതന്നെ; രക്തദാഹികളായ ശത്രുക്കൾ. തങ്ങളുടെ ഇടയിലെ അഭിപ്രായഭിന്നതകളൊക്കെ തല്ക്കാലത്തേക്ക് മാറ്റിവെച്ച് അവരൊന്ന ടങ്കം ആ വ്യക്തിക്കെതിരിൽ സംഘടിക്കുന്നു. താനായിരിക്കണം ആദ്യം ആക്രമിക്കേണ്ടത് എന്ന ആഗ്രഹക്കാരാണ് അവരിൽ ഓരോരുത്തരും. എന്നാൽ, ‘കൊതുക്’ എന്നും ‘കുമിള’ എന്നും അവർ ആരെയാണോ വിചാരിച്ചത് ആ വ്യക്തി അഭിമാനിയായ ദൈവത്തിന്റെ കൈയിലെ തിളങ്ങുന്ന വാളായിരുന്നു. ആ വാൾ ആരിലൊക്കെ പതിച്ചുവോ അവരൊക്കെ നശിപ്പിക്കപ്പെട്ടു. അതിൽ ആരൊക്കെ പതിച്ചുവോ അവ രും നശിപ്പിക്കപ്പെട്ടു. വലിയ വലിയ വീരന്മാർ അല്ലാഹുവിന്റെ ഈ ഫയൽവാന്റെ മുമ്പിൽ വന്നു. എന്നാൽ, വറചട്ടിയിൽനിന്ന് ധാന്യം പൊട്ടിത്തെറിക്കുന്നതുപോലെ കാൺകെക്കാൺകെ ചട്ടിയിൽ നിന്ന് പുറത്തേക്ക് തെറിച്ചു.

---

*1925ലാണ് ഈ ഗ്രന്ഥം പ്രസിദ്ധീകരിച്ചതെന്ന് ഓർക്കുക. 175 രാഷ്ട്രങ്ങളിലായി അഹ് മദികൾ ഒരു ഖലീഫയുടെ കീഴിൽ അണിനിരന്ന് തങ്ങളുടെ വിശ്വാസ പ്രചാരണം നടത്തിക്കൊണ്ട് മുന്നോട്ട് കുതിക്കുന്ന കാഴ്ച ലോകം ഇന്ന് കാണുന്നു.*

ഇതെങ്ങനെ സംഭവിച്ചു? അഹ്മദിയ്യാ ജമാഅത്തിന്റെ ആരംഭകാലത്തേക്ക് നോക്കുക. അതിനു നേരിടേണ്ടിവന്ന എതിർപ്പിലേക്കും ദൃഷ്ടി പായിക്കുക. പിന്നീട് അതിന്റെ വർത്തമാനകാലത്തേക്ക് മടങ്ങിവരിക.[1] എന്നിട്ട് നീതിയോടെ പറയുക, ഈ അത്ഭുത വിജയം ഏതെങ്കിലും അദൃശ്യശക്തിയുടെ സഹായവും പിന്തുണയുമില്ലാതെ സാധ്യമാണോ? നിരാശ്രയനായ ഒരാൾ ഒറ്റയ്ക്ക് ദൈവനാമത്തിൽ എഴുന്നേൽക്കുന്നു. ലോകമൊന്നടങ്കം അദ്ദേഹത്തിന്നെതിരായിട്ടും മുപ്പത്, നാല്പത് വർഷത്തിന്റെ ചുരുങ്ങിയ കാലയളവിൽ ലോകത്തിന്റെ നാനാഭാഗത്തും മതലോകത്ത് തന്റെ ഭരണമാണെന്ന് തോന്നുംവിധം ആധിപത്യം സ്ഥാപിക്കുന്നു. ഇന്ത്യയിൽ അഹ്മദികളുടെ മിഷനുണ്ട്. ഇറാനിൽ, ബ്രിട്ടനിൽ, ജർമനിയിൽ, ഹോളണ്ടിൽ, സ്വിറ്റ്സർലാന്റിൽ, ഇറ്റലിയിൽ, സ്പെയിനിൽ, ട്രെനിഡാഡിൽ, വടക്കേ അമേരിക്കയിൽ, തെക്കേ അമേരിക്കയിൽ, കിഴക്കേ ആഫ്രിക്കയിൽ, പശ്ചിമാഫ്രിക്കയിൽ, മൊറേഷ്യസിൽ, മലായയിൽ, ജാവായിൽ, സമാട്രായിൽ, ബോർനിയോയിൽ ലോകത്തിന്റെ മിക്കവാറുമെല്ലാ ഭാഗങ്ങളിലും അഹ്മദികളുടെ മിഷനുണ്ട്.

ഈ മതപ്രവർത്തനകേന്ദ്രങ്ങളൊന്നും ഏങ്ങിവലിച്ച് ശ്വാസംവിടുന്നതോ ശത്രുവിന്റെ ആക്രമണത്തെ ഭയന്ന് അറച്ചുനില്ക്കുന്നതോ അല്ല. അതത് സ്ഥലത്ത് അത് അജയ്യമായ ശക്തിയാണ്. അതിന്റെ കരുത്ത് ലോകം അംഗീകരിച്ചു കഴിഞ്ഞിരിക്കുന്നു.

അഹ്മദിയ്യാ ജമാഅത്തിനെ വക്രദൃഷ്ടിയോടെ നോക്കുന്ന മനുഷ്യാ! ആശ്ചര്യാവഹമായ ഈ പുരോഗതികളിൽ കോപാന്ധനായി ചോരക്കണ്ണീരൊഴുക്കുകയും അറിവില്ലായ്മയാൽ ഇസ്‌ലാമിന്റെ പുരോഗതിയുടെ വഴിയിൽ ക്ഷതമേൽപ്പിക്കുകയും ചെയ്യുന്നവനേ!

ابتدائے عشق ہے روتا ہے کیا
آگے آگے دیکھیؤ ہوتا ہے کیا

*"ഇബ്തദായേ ഇശ്ഖ് ഹെ രോതാഹെ കിയാ*
*ആഗേ ആഗേ ദേഖിയേ ഹോത്താഹെ കിയാ*

*പ്രണയത്തിന്റെ തുടക്കം കണ്ട് നീ കരയുകയാണോ?*
*ഇനി എന്തൊക്കെയാണ് ഉണ്ടാകാൻ പോകുന്നതെന്ന്*
*നോക്കിക്കൊണ്ടേ പോകുക !*

ശക്തമായ എതിർപ്പിലും അഹ്മദിയ്യാ ജമാഅത്തിന്റേയും, അതിന്റെ സ്ഥാപകർ വാഗ്ദത്ത മസീഹിന്റേയും പെട്ടെന്നുള്ള വിജയം ഏതോ അദൃശ്യശക്തി - ഈ ശക്തിക്ക് എല്ലാ ശക്തിയുടേയും മേൽ ആധിപത്യമുണ്ട്- അതിന്റെ പിന്നിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നുവെന്നതിന് വ്യക്തമായ തെളിവാണ്. ആ ശക്തിയെ നാം ദൈവം എന്ന് പറയുന്നു.

സംഗ്രഹം: ദൈവത്തിൽനിന്ന് നിയോഗിതരായ ആളുകൾക്ക് പ്രതികൂലമായ സാഹചര്യങ്ങളുണ്ടായിട്ടും വിജയം ലഭിക്കുകയും തങ്ങളുടെ ഉദ്ദേശ്യം അവർ നേടുകയും ചെയ്തതായും അവരുടെ ശത്രുക്കൾക്ക് എല്ലാവിധ ശക്തിയും സാഹചര്യവും ഒത്തുവന്നിട്ടും എപ്പോഴും അപമാനത്തിന്റെ മുഖം കാണേണ്ടിവന്നതായും ചരിത്രം രേഖപ്പെട്ട കാലം മുതൽ ലോകം കണ്ടതാണ്. ഞാൻ പറഞ്ഞതുപോലെ ഈ കാഴ്ച ഒന്നോ രണ്ടോ പത്തോ ഇരുപതോ പ്രാവശ്യമല്ല കണ്ടിട്ടുള്ളത്. ആയിരക്കണക്കിന് പ്രാവശ്യം കാണാൻ കഴിഞ്ഞിട്ടുണ്ട്. ഇതിന്നെതിരിൽ ഒരു ഉദാഹരണം ലോകചരിത്രത്തിൽ കാണുകയില്ല. അതുകൊണ്ട് ഈ വിജയം, ദൈവനാമത്തിൽ എഴുന്നേൽക്കുന്നവരുടെ പിന്നിൽ ഏതോ അജയ്യമായ അദൃശ്യശക്തി പ്രവർത്തിക്കുന്നുവെന്നതിന് ദൃഢവും അഖണ്ഡിതവുമായ തെളിവാണ്. ഇതിന്നെതിരിൽ ഭൗതികവസ്തുക്കൾ ചത്തകീടത്തിന്റെ വിലപോലും അർഹിക്കുന്നില്ല. ആ അജയ്യശക്തിയെ ഞങ്ങൾ ദൈവം എന്നുപറയുന്നു. അവന്റെ തിരുസന്നിധിയിൽ ആദംസന്തതികളുടെ തലകുനിയേണ്ടതാണ്. ജനങ്ങൾ ഇത് മനസ്സിലാക്കിയിരുന്നെങ്കിൽ!

വാഗ്ദത്ത മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ) തന്റെ കവിതയിൽ എത്ര മനോഹരമായാണ് ഇത് വർണിക്കുന്നത്.

*സ്വന്തം സത്തയ്ക്കുള്ള തെളിവ്*
*ദൈവം താൻതന്നെ തന്റെ ശക്തിപ്രകടനത്താൽ നല്കുന്നു.*
*ഇതുതന്നെയാണ് ആ അരൂപന്റെ മുഖപ്രദർശനം.*
*ചെയ്യുമെന്ന് ഉറപ്പിച്ചു താൻ പറഞ്ഞ കാര്യം*
*മാറുകില്ലൊരിക്കലും.*
*അതു ചെയ്യുകതന്നെ ചെയ്യും.*
*ഈശ്വരത എന്നത് ഇതുതന്നെയല്ലോ .*

## സാത്ത്വികജനങ്ങളുടെ സാക്ഷ്യം

ദൈവാസ്തികൃത്തിനുള്ള ബുദ്ധിപരമായ തെളിവുകളിൽ അവസാനമായി ഞാൻ പറയാനാഗ്രഹിക്കുന്നത് സാത്ത്വികജനങ്ങളുടെ സാക്ഷ്യമാണ്. അവരുടെ സത്യം പറയുന്ന സ്വഭാവവും സത്ത്വസമ്പന്നതയും ലോകം ഒന്നടങ്കം അംഗീകരിച്ചിട്ടുള്ളതാകുന്നു. ദൈവമുണ്ടെന്നും തങ്ങൾ അഗോചര വസ്തുക്കളെ കാണുകയും തിരിച്ചറിയുകയും ചെയ്തതുപോലെ അവനെ കാണുകയും തിരിച്ചറിയുകയും ചെയ്തു എന്നും ഉള്ളതിന് വ്യക്തിപരമായ സാക്ഷ്യം വഹിക്കുകയും അത് സമർപിക്കുകയും ചെയ്യുന്നവരാണവർ.

അറിവ് നേടുന്നതിനുള്ള മാർഗങ്ങളിൽ സാക്ഷ്യവും ഒരു വലിയ മാർഗമാണെന്ന് അൽപം ബുദ്ധിയും പരിചയവുമുള്ളവർക്ക് പെട്ടെന്ന് മനസ്സിലാക്കാൻ കഴിയും. എന്നു മാത്രമല്ല, നാം നമുക്ക് ലഭിച്ച അറിവുകളുടെ വിശാലമായ രഥ്യകളിലേക്ക് കണ്ണോടിച്ചാൽ നമ്മുടെ അറിവിന്റെ അധികഭാഗവും നേരിട്ട് ലഭിച്ചതല്ലെന്നും വിശ്വസ്തരായവരുടെ നിവേദനങ്ങളിലൂടെയോ ഗ്രന്ഥപാരായണങ്ങളിലൂടെയോ പത്ര പ്രസിദ്ധീകരണങ്ങൾ വായിച്ചറിയുന്നതിലൂടെയോ ലഭിച്ചതാണെന്നും കാണാം. ഒരിക്കലുംതന്നെ നമുക്കതിനെ നേരിട്ട് കണ്ടറിയാനോ അനുഭവിച്ച് മനസ്സിലാക്കാനോ അവസരം കിട്ടിയിട്ടില്ല. പക്ഷേ, ഇങ്ങനെയൊക്കെയാണെങ്കിലും നാം നേരിട്ട് കണ്ടും അനുഭവിച്ചും നേടിയ വിവരണങ്ങൾ പോലുള്ള ദൃഢവിശ്വാസമാണ് അവയെ സംബന്ധിച്ച് നമുക്കുള്ളത്. അങ്ങനെയല്ലാതിരിക്കാൻ ഒരു നിർവാഹവുമില്ല. കാരണം നാം അനുഭവിച്ച് മനസ്സിലാക്കിയതിലും കണ്ടറിഞ്ഞതിലും നമ്മൾ വിശ്വസിക്കുന്നവരാണെങ്കിൽ, വിശ്വസിക്കത്തക്കതായി അതിനെ മനസ്സിലാക്കുന്നവരാണെങ്കിൽ, നമ്മെപ്പോലെതന്നെ ഹൃദയവും ബുദ്ധിയുമുള്ളവരും സത്യം ശീലമാക്കിയിട്ടുള്ളവരും സംശയങ്ങൾക്കതീതമായിട്ടുള്ളവരുമായ ആളുകൾ കണ്ടറിഞ്ഞതും അനുഭവിച്ചു മനസ്സിലാക്കിയതുമായ വിവരണങ്ങൾ വിശ്വസിക്കാതിരിക്കാൻ നമുക്കെന്ത് ന്യായമാണുള്ളത്. പത്രങ്ങളിൽ നാം ലോകത്തുനടക്കുന്ന സംഭവങ്ങൾ വായിക്കുകയും അതെല്ലാം ശരിയാണെന്ന് സമ്മതിക്കുകയും ചെയ്യുന്നു. പ്രത്യേക വസ്തുക്കളെക്കുറിച്ചുള്ള ഗവേഷണങ്ങൾ നടന്നുവരികയും തന്മൂലം ഭൗതിക അറിവുകളിൽ പുതിയ ലോകത്തിന്റെ വാതിൽ തുറന്നുകൊണ്ടിരിക്കുകയും ലോകം മുഴുവൻ അതംഗീകരിക്കുകയും ചെയ്യുന്നു. സത്യത്തിൽ ഇത്തരം കാര്യങ്ങൾ വ്യക്തിപരമായി തിരിച്ചറിഞ്ഞവർ

വളരെവളരെ കുറവാണ്. ലോകത്ത് നടക്കുന്ന കലാപങ്ങളുടേയും കുറ്റകൃത്യങ്ങളുടേയും വിധികളുണ്ടാകുന്നത് അധികവും വാമൊഴിയാലും വരമൊഴിയാലുമുള്ള സാക്ഷ്യത്തിന്റെ അടിസ്ഥാനത്തിലാണെന്ന് നമുക്കറിയാം. ആർക്കും ഇതിൽ ആക്ഷേപമില്ല. ചരിത്ര സംഭവങ്ങളുടെ അറിവ് വലിയൊരു പരിധിവരെ വാമൊഴിയാലോ വരമൊഴിയാലോ ഉള്ള സാക്ഷ്യത്തിലധിഷ്ഠിതമാണ്. അതിലും എല്ലാവരും വിശ്വസിക്കുന്നു. ഭൂമിശാസ്ത്രത്തിന്റെ കാര്യമെടുത്താൽ ഇന്ത്യയിലെ ഓരോ കുട്ടിയും ലണ്ടൻ എന്നൊരു പട്ടണമുണ്ടെന്നും അത് ഇംഗ്ലണ്ടിന്റെ തലസ്ഥാനമാണെന്നും സമ്മതിക്കുന്നവരാണ്. വാസ്തവത്തിൽ ഇന്ത്യയുടെ ജനസംഖ്യയിൽ ഒരു ശതമാനംപോലും ലണ്ടൻ പട്ടണം കണ്ടിട്ടില്ല. എന്നാൽ, മറ്റുള്ളവർ പറഞ്ഞ കാരണത്താൽ അറിഞ്ഞവരെല്ലാംതന്നെ അത് വിശ്വസിക്കുന്നു. ഇതിനുപുറമെ നമ്മുടെ നിത്യജീവിതത്തിൽ മറ്റുള്ളവരിൽനിന്ന് ലഭിച്ച അറിവിന്റെ അടിസ്ഥാനത്തിൽ മാത്രം നാം വിശ്വസിക്കുന്ന ഒരുപാട് ഒരുപാട് കാര്യങ്ങൾ കാണാം. അതിനെ സംബന്ധിച്ച് പരീക്ഷിച്ചുളവായ ജ്ഞാനമൊന്നും നമുക്കില്ലെന്നതാണ് വസ്തുത.

സാക്ഷ്യം, അറിവ് കരസ്ഥമാക്കാനുള്ള ഒരു വലിയ മാർഗമാണ്. ഇതാണ് പറഞ്ഞുവന്നതിന്റെ ചുരുക്കം. ഇതിനെ നിഷേധിക്കാൻ ധിഷണാശാലികൾക്കാർക്കും സാധ്യമല്ല. കാരണം ഇതിനെ നിഷേധിച്ചുതള്ളിയാൽ ലൗകിക വിവരണങ്ങളുടെ സിംഹഭാഗവും നിരർഥവും നിഷ്ഫലവുമായി പരിണമിക്കും. സാക്ഷ്യത്തിന്റെ നിയമങ്ങളെ നിഷേധിക്കുക എന്നതിന്റെ അർഥം നേരിട്ട് അനുഭവിച്ചറിഞ്ഞതും നേരിൽ കണ്ടു മനസ്സിലാക്കിയതും മാത്രം  വിശ്വസിക്കുകയെന്നാണ്. മറ്റുള്ളതിനെയെല്ലാം നിഷേധിക്കുക. എന്നു മാത്രമല്ല, ചിന്തിച്ചുനോക്കിയാൽ സാക്ഷ്യത്തിന്റെ അസ്സലിനെ നിഷേധിച്ചുകൊണ്ട് ഒന്നിനേയും അംഗീകരിക്കാൻ നമുക്ക് പറ്റില്ലെന്ന് മനസ്സിലാകും. സത്യസന്ധരും സത്ത്വസമ്പന്നരുമായ സയ്ദും ബക്കറും നേരിട്ട് കണ്ടറിഞ്ഞതും നേരിൽ അനുഭവിച്ച് മനസ്സിലാക്കിയതുമായ കാര്യങ്ങൾ നമ്മൾ വിശ്വസിക്കാൻ തയ്യാറില്ലെങ്കിൽ നമ്മൾ നേരിട്ടറിഞ്ഞതും അനുഭവിച്ച് മനസ്സിലാക്കിയതുമായ കാര്യങ്ങൾ നമുക്കുതന്നെ അംഗീകാര്യമാകുന്നതെങ്ങനെ? അവർക്ക് അവരുടെ കാഴ്ചയിൽ തെറ്റുസംഭവിക്കാമെന്നാണെങ്കിൽ നമ്മളും തെറ്റുകൾക്കതീതരല്ലല്ലോ. സാക്ഷ്യത്തിന്റെ മൂലത്തെ നിഷേധിക്കുന്നതുകൊണ്ട് സംശയാരാധനയുടെ വാതിലുകൾ തുറക്കാമെന്നല്ലാതെ മറ്റൊരു ഫലവും അതുകൊണ്ടുണ്ടാകുകയില്ലെന്ന് ഇതിൽനിന്ന് വ്യക്തമാകുന്നു.

ചില സന്ദർഭങ്ങളിൽ സാക്ഷ്യം തെറ്റാൻ ഇടയുണ്ടെന്നും ചിലപ്പോൾ സാക്ഷി കള്ളം പറയുന്നില്ലെങ്കിലും ബുദ്ധിക്ക് മാന്ദ്യം സംഭവിക്കുന്നതുകൊണ്ട് സാക്ഷ്യം അംഗീകരിക്കാൻ പറ്റുകയില്ലെന്നും ആരെങ്കിലും പറഞ്ഞേക്കാം. ഇത് ശരിതന്നെയാണ്. ഞാനും ഇതംഗീകരിക്കുന്നു. പക്ഷേ, ഈ സംശയം നിമിത്തം അറിവ് നേടുന്നതിനുള്ള സാക്ഷ്യത്തിന്റെ കവാടം ഒരിക്കലും അടച്ചുപൂട്ടാൻ സാധ്യമല്ല. പഴക്കമുള്ളതും കേടുവന്നതുമായ മരുന്ന് ഉപയോഗിച്ചതുകൊണ്ട് ഏതെങ്കിലും രോഗിക്ക് നഷ്ടം സംഭവിച്ചാൽ മരുന്നുതന്നെ നിഷ്ഫലവും നിരർഥവുമാണെന്ന് വിധിയെഴുതാൻ പറ്റുമോ? ഇതേപോലെ കള്ളം പറയുന്നവന്റേയും ബുദ്ധിമാന്ദ്യം സംഭവിച്ചവന്റേയും സാക്ഷ്യം കേട്ട് സാക്ഷ്യത്തിന്റെ നിയമംതന്നെ തെറ്റാണെന്ന് തീരുമാനിക്കാൻ ഒരിക്കലും സാധ്യമല്ല. കേടുവന്ന മരുന്ന് ഉപയോഗിക്കാതിരിക്കൽ നിർബന്ധമാണെന്നതുപോലെ കള്ളംപറയുന്നവന്റേയും ബുദ്ധിമാന്ദ്യം സംഭവിച്ചവന്റേയും സാക്ഷ്യം സ്വീകരിക്കുന്നതിലും സൂക്ഷ്മത പാലിക്കേണ്ടതാണ്. വിശുദ്ധ ഖുർആൻ പറയുന്നു:

إِنْ جَآءَكُمْ فَاسِقٌۢ بِنَبَإٍ فَتَبَيَّنُوٓا۟

കളവുപറയുന്ന ഒരാൾ നിങ്ങളുടെയടുക്കൽ വല്ല വാർത്തയും കൊണ്ടുവന്നാൽ അന്വേഷണം കൂടാതെ അത് വിശ്വസിക്കരുത്. ശരിക്കും അന്വേഷിച്ചറിഞ്ഞതിനുശേഷം സത്യമാണെന്നു കണ്ടാൽ വിശ്വസിക്കുക. (*49:7*)

ഇതിൽനിന്നെല്ലാം മനസ്സിലാകുന്നത് അറിവ് കരസ്ഥമാക്കുന്നതിനുള്ള മാർഗങ്ങളിൽ വളരെ പ്രധാനപ്പെട്ട ഒരു മാർഗമാണ് സാക്ഷ്യം എന്നാകുന്നു. സാക്ഷ്യങ്ങളിൽ ചിലത് തെറ്റാകാം എന്ന സംശയംകൊണ്ട് ഈ മാർഗത്തെ അവഗണിക്കാൻ ഒരിക്കലും സാധിക്കുകയില്ല. കാരണം ഇത്തരം സംശയവിചാരത്താൽ ഏതെങ്കിലും കാര്യം നിരർഥമാണെന്നു പറഞ്ഞാൽ, പിന്നെ ലോകത്തുള്ള ഒരു കാര്യവും അംഗീകരിക്കാൻ കഴിഞ്ഞെന്നു വരില്ല. എന്തെന്നാൽ, ഏത് കാര്യത്തെ സംബന്ധിച്ചും അത് എത്രമാത്രം ദൃഢവിശ്വാസപരമാണെങ്കിൽക്കൂടിയും ഇത്തരം സംശയങ്ങളുടെ വാതിൽ തുറന്നുകിടപ്പുണ്ട്. ഭക്ഷണം മനുഷ്യന്റെ വിശപ്പകറ്റുന്നു. അവന്റെ ശാരീരിക വളർച്ചയ്ക്കും ആരോഗ്യത്തിനും അത് കാരണമാണ്. എന്നാൽ, ചിലപ്പോൾ ഭക്ഷണം കേടുവന്നിട്ട് ശരീരത്തിന് ഫലം ചെയ്യുന്നതിന് പകരം ഹാനികരമാകാറില്ലേ? അതുകൊണ്ട് ഭക്ഷണം ആരോഗ്യത്തിന് ഹാനികരമെന്ന് പറയാൻ ആരെങ്കിലും തയ്യാറാവുമോ? പറഞ്ഞതിന്റെ ചുരുക്കം; ഓരോ വസ്തുവും

അത് എത്രമാത്രം ഉത്തമവും പ്രയോജനപ്രദവുമാണെങ്കിൽത്തന്നെയും ചില വൃത്തികെട്ട കൈകളിലകപ്പെട്ടാൽ നേരാംവണ്ണം ഉപയോഗിക്കാത്തതുകൊണ്ട് അത് നഷ്ടഹേതുകമായിത്തീരുന്നു. അതുകൊണ്ട് ഒരു വസ്തുവിന്റെയും ഉപയോഗം തെറ്റിപ്പോകാതിരിക്കാൻ സൂക്ഷ്മത പാലിക്കേണ്ടത് അനിവാര്യമാണ്. സാക്ഷ്യനിയമങ്ങളുടെ തെറ്റായ ഉപയോഗം എന്നു പറയുന്നത് കളവ് പറയുന്നവന്റേയോ ബുദ്ധിമാന്ദ്യം സംഭവിച്ചവന്റേയോ ക്ഷോഭിച്ചവന്റേയോ സാക്ഷ്യത്തിനുമേൽ ഏതെങ്കിലും കാര്യത്തിന്റെ അടിത്തറവെക്കുക എന്നതാകുന്നു. നാം ഈ ദുരുപയോഗത്തിൽനിന്ന് നമ്മളെ സുരക്ഷിതരാക്കുന്നുവെങ്കിൽ, സാക്ഷ്യം അറിവു നേടുന്നതിനുള്ള അങ്ങേയറ്റം ഫലപ്രദവും ആശ്രയിക്കാൻ പറ്റുന്നതുമായ മാർഗമായിത്തീരും. ഒരു ധിഷണാശാലിക്കും ഇതിനെ നിഷേധിക്കാനൊക്കുകയില്ല.

മുകളിൽപറഞ്ഞ നിയമങ്ങളനുസരിച്ച് നാം ദൈവവിശ്വാസത്തെ നോക്കുമ്പോൾ ആ വിശ്വാസം ലോകത്തിലെ കരുത്തുറ്റ സാക്ഷ്യങ്ങളിൽ ഏറ്റവും ഉന്നതിയിലെത്തി നിൽക്കുന്നതായി കാണുന്നു. ലോകത്ത് അവതീർണരായ എല്ലാ പ്രവാചകന്മാരും ദൈവദൂതന്മാരും – ഏതുരാജ്യത്തു വന്നവരായാലും ഏത് ജനതയിൽ ഇറങ്ങിയവരായാലും ഏത് കാലത്ത് പ്രത്യക്ഷപ്പെട്ടവരായാലും – പ്രപഞ്ചസ്രഷ്ടാവും ഉടമസ്ഥനും നിയന്താവുമായ ഒരു ദൈവമുണ്ടെന്ന സാക്ഷ്യം നമ്മുടെ മുമ്പിൽ സമർപിക്കുന്നവരാണ്. ഏതെങ്കിലും ഭാവനയുടേയോ കേട്ടുകേൾവിയുടേയോ അടിസ്ഥാനത്തിലല്ല അവർ അത് സമർപിക്കുന്നത്. ഏതുപോലെ ഈ ലോകത്തു നിലനിൽക്കുന്ന അഗോചര വസ്തുക്കളെ കാണുകയും തിരിച്ചറിയുകയും ചെയ്തുവോ അതേപോലെ, തങ്ങൾ ദൈവത്തെ കാണുകയും തിരിച്ചറിയുകയും ചെയ്തുവെന്നും അവനുമായി തങ്ങളുടെ വ്യക്തിപരമായ ബന്ധം നിലനിൽക്കുന്നുവെന്നും അവർ വാദിക്കുന്നു. അവർ പറയുന്നു: "പിതാവിനെ പിതാവെന്നും, സഹോദരനെ സഹോദരനെന്നും, സുഹൃത്തിനെ സുഹൃത്തെന്നും, പട്ടണത്തെ പട്ടണമെന്നും വീടിനെ വീടെന്നുമൊക്കെ കണ്ടറിഞ്ഞ് വിശ്വസിക്കുന്നതുപോലെ ഞങ്ങൾ ദൈവത്തെ വിശ്വസിക്കുന്നു. ദൈവം ഞങ്ങളോട് സംസാരിക്കുന്നു. ഞങ്ങളുടെ കാര്യങ്ങൾ കേൾക്കുന്നു. അതിനുത്തരം നൽകുന്നു. സന്ദിഗ്ദ്ധഘട്ടങ്ങളിൽ ഞങ്ങളെ സഹായിക്കുന്നു." അങ്ങനെ സകല പ്രവാചകന്മാരും ദൈവദൂതന്മാരും വളരെ വ്യക്തവും അസന്ദിഗ്ദ്ധവുമായ വാക്കുകളിൽ നമ്മുടെ മുമ്പിൽ ഈ സാക്ഷ്യം സമർപിക്കുന്നു: "ഈ ലോകത്തിന് സ്രഷ്ടാവും ഉടമസ്ഥ

നുമായ ഒരു ദൈവമുണ്ട്." ഈ വർത്തമാനം ഏതെങ്കിലും കേട്ടു കേൾവിയിലധിഷ്ഠിതമായതല്ല. അവരുടെ വ്യക്തിപരമായ അനുഭവത്തിലും കാഴ്ചയിലും അധിഷ്ഠിതമാണ്. ഇത് ഏതെങ്കിലും ഒരു രാജ്യത്തോ ഒരു ജനതയിലോ ഒരു കാലത്തോ പരിമിതമല്ല. എല്ലാ രാജ്യത്തും എല്ലാ ജനതയിലും എല്ലാ കാലത്തും ഒരുപോലെ വ്യാപിച്ചു നിൽക്കുന്നു. പ്രവാചകൻമാരായ ആദം(അ), നൂഹ്(അ), യൂനുസ്(അ), അയ്യൂബ്(അ), ഇബ്റാഹീം(അ), ലൂത്ത്(അ), ഇസ്മായീൽ(അ), ഇസ്ഹാഖ്(അ), യഅ്ഖൂബ്(അ), യൂസുഫ്(അ), മൂസാ(അ), ഹാറൂൺ(അ), ദാവൂദ്(അ), സുലയ്മാൻ(അ), സക്കരിയ്യാ(അ), യഹ്യാ(അ), ഈസാ(അ), സർതിശ്ത്(അ), കൺഫ്യൂഷ്യസ്(അ), ശ്രീകൃഷ്ണൻ(അ), ശ്രീരാമചന്ദ്രൻ(അ) തുടങ്ങിയവരൊക്കെ അതിന് സാക്ഷിയാണ്. ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ) യും വാഗ്ദത്ത മഹ്ദീ മസീഹ് മിർസാ ഗുലാം അഹ്മദ്(അ)ഉം അതിന് സാക്ഷിയാണ്. ഇവർക്ക് പുറമെ ലോകത്ത് എത്രയെത്ര മതങ്ങളുടെ സ്ഥാപകർ കഴിഞ്ഞുകടന്നിട്ടുണ്ടോ അവരെല്ലാം അതിന് സാക്ഷിയാണ്. അവരെല്ലാം തങ്ങളുടെ വ്യക്തിപരമായ സാക്ഷ്യം നമ്മുടെ മുമ്പിൽ സമർപിക്കുന്നു. "ഈ ലോകം സ്രഷ്ടാവും ഉടമസ്ഥനും സർവ്വശക്തനും നിയന്താവുമായ ഒരു ദൈവത്തിന് വിധേയമാണ്. അവന്റെ നിയന്ത്രണവലയത്തിന് പുറത്ത് ഒരു വസ്തുവുമില്ല." ഇവരുടെ സൽപെരുമാറ്റവും സത്യസന്ധതയും വിശ്വസ്തതയും മിത്രങ്ങളും ശത്രുക്കളും ഒന്നടങ്കം അംഗീകരിക്കുന്നു. ഇവർ ഭ്രാന്തന്മാരോ മന്ദബുദ്ധികളോ പ്രക്ഷോഭക്കാരോ അല്ല. ബുദ്ധിയുടെ ഉന്നതശക്തിയുമായി ലോകത്ത് സമാഗതരാകുന്നവരിൽ അവർ എണ്ണപ്പെടുന്നു. ഉൾക്കാഴ്ചയുള്ളവരുടെ പക്കൽ അവരുടെ സാക്ഷ്യം മറ്റൊരു സാക്ഷ്യത്തിനും പ്രാപിക്കാനൊക്കാത്തത്ര പ്രൗഢി ഉൾക്കൊള്ളുന്നതാണ്.

എന്റെ സ്നേഹിതന്മാരേ, നല്ലവണ്ണം ചിന്തിക്കുക. ആലോചിക്കുക. ലോകത്തിന്റെ വിവിധഭാഗങ്ങളിൽ വ്യത്യസ്ത ജനതയിൽ വിഭിന്ന കാലങ്ങളിൽ വിപരീതഭാവമുള്ള ആളുകൾ ജനിക്കുന്നു. ഇവരുടെ സൽപെരുമാറ്റവും സത്യസന്ധതയും വിശ്വസ്തതയും സർവ്വവിധ സംശയങ്ങൾക്കും അതീതമാണ്. അവർ ഏറ്റവുമധികം വിവേകമതികളാണെന്നും ന്യൂനതകളിൽനിന്നെല്ലാം സുരക്ഷിതരാണെന്നും പ്രകീർത്തിക്കപ്പെട്ടിരിക്കുന്നു. മാത്രമല്ല അവരുടെ അനുപമമായ സൽസ്വഭാവവും ഉന്നതമായ ബുദ്ധിശക്തിയും മറ്റുള്ളവർക്ക് മാതൃകയെന്നോണം പരിലസിച്ചിരുന്നു. അവർ എണ്ണത്തിൽ പത്തോ ഇരുപതോ അമ്പതോ നൂറോ അല്ല. മറിച്ച് ആയിരക്കണക്കിനാണ്. അവർ വിവിധ

നാടുകളിൽ വിഭിന്ന കാലങ്ങളിൽ ജന്മമെടുത്തവരാണ്. അവരെല്ലാവരും തങ്ങളുടെ അനുഭവദൃഷ്ടാന്തം ലോകത്തിന്റെ മുമ്പിൽ സമർപിക്കുകയുണ്ടായി. “ഈ ലോകവും ഇതിലുള്ള വസ്തുക്കളും അത്യുന്നതനായ ഒരു ദൈവത്തിന്റെ അധികാരത്തിലും നിയന്ത്രണത്തിലുമാണുള്ളത്. ഞങ്ങൾ മറ്റു അഗോചരവസ്തുക്കളെ കണ്ടറിയുകയും അനുഭവിച്ചുൾക്കൊള്ളുകയും ചെയ്തപോലെ ആ അത്യുന്നതനായ ദൈവത്തെ കണ്ടറിയുകുയും അനുഭവിച്ചുൾക്കൊള്ളുകയും ചെയ്തിരിക്കുന്നു” എന്ന് അവർ വിളംബരം ചെയ്യുന്നു. അവരുടെ ഈ സാക്ഷ്യം സ്വീകരിക്കത്തക്കതല്ലേ? ഇത് സ്വീകരിക്കത്തക്കതല്ലെങ്കിൽ ലോകത്തിലെ ഒരു സാക്ഷ്യവും സ്വീകരിക്കാനൊക്കുകയില്ല.

ഏതെങ്കിലും ഒരു സാക്ഷ്യത്തെ സംബന്ധിച്ച് സംശയമുണ്ടാക്കുന്നത് രണ്ടു കാര്യങ്ങളാണ്. ഒന്നാമത്തേത് സാക്ഷിയുടെ സത്യംപറയുന്ന സ്വഭാവം സംശയാസ്പദമാകുക. രണ്ടാമത്തേത് സാക്ഷിക്ക് ബുദ്ധിമാന്ദ്യം സംഭവിക്കുക. ഈ കാരണംകൊണ്ട് ബോധപൂർവ്വം കളവ് പറയുകയില്ലെങ്കിലും അനവധാനതകൊണ്ട് കണ്ടറിഞ്ഞതിലും അനുഭവിച്ചത് മനസ്സിലാക്കിയതിലും അവർക്ക് തെറ്റുപറ്റാം. അതെന്തായാലും ഇവിടെ ആ രണ്ടു കാര്യവും ബാധകമല്ല. ബാധകമല്ലെന്നു മാത്രമല്ല ഈ സാക്ഷികൾ തങ്ങളുടെ സത്യസന്ധതയിലും ഉന്നതബുദ്ധിശക്തിയിലും ലോകത്തിന്റെ ഒന്നാംനിരയിൽ എണ്ണപ്പെട്ടവരാണ്. എവിടെനിന്നെങ്കിലും കേട്ടതിന്റെ അടിസ്ഥാനത്തിലല്ല അവർ സാക്ഷ്യം പറയുന്നത്. തങ്ങൾ നേരിട്ട് അനുഭവിച്ചുൾക്കൊണ്ടതാണ്. വിവിധ കാലങ്ങളിലും ജനതകളിലുമുള്ളവരാണ് ഈ മഹത്തുക്കൾ. ഇവരിൽ മിക്കവർക്കും തങ്ങളുടെ കാലഘട്ടത്തിൽ ജീവിച്ചിരുന്ന തങ്ങളെപ്പോലുള്ള ഇക്കൂട്ടരെ അറിയുകപോലുമുണ്ടായിരുന്നില്ല. അക്കാരണത്താൽ അവരെ സംബന്ധിച്ച് എന്തെങ്കിലും ഗൂഢാലോചന നടത്തിയതായും സംശയിക്കാൻ തരമില്ല. അതുകൊണ്ടു തന്നെ അവരുടെ ലക്ഷ്യം ഒരുതരത്തിലും അവഗണിക്കപ്പെടാൻ പറ്റാത്തതരത്തിൽ മഹത്തരമായതായിരിക്കും.

ഒരുദാഹരണം പറയാം: നിങ്ങളുടെ മുമ്പിൽ ഒരു തർക്കംവന്നു. നിങ്ങളാണ് അതിൽ തീർപു കൽപ്പിക്കേണ്ടത്. ഒരു ഭാഗത്ത് ആയിരക്കണക്കിനാളുകളുടെ ഒരു സംഘം. അവരുടെ ഓരോരുത്തരുടേയും സത്യം പറയുന്ന സ്വഭാവവും സത്ത്വസമ്പന്നതയും മിത്രങ്ങളും ശത്രുക്കളും ഒരുപോലെ അംഗീകരിക്കുന്നുണ്ട്. ഇന്ന വ്യക്തിയെ ഇന്ന സ്ഥലത്ത്

കണ്ടുവെന്ന് അവരിൽ ഓരോരുത്തരും പ്രത്യേകംപ്രത്യേകം സാക്ഷി പറയുന്നു. മറുഭാഗത്ത് എല്ലാത്തരം ദുഷ്ചെയ്തികളും കുതന്ത്രങ്ങളും ചെയ്യുന്ന കൂട്ടരാണുള്ളത്. അവർ തറപ്പിച്ചു പറയുന്നു 'ഞങ്ങൾ ആ വ്യക്തിയെ കണ്ടിട്ടില്ല.' ഈ സാഹചര്യത്തിൽ നിങ്ങൾ ആർക്കനുകൂല മായിട്ടായിരിക്കും വിധി പറയുക? വിധിപറയാനുള്ള കഴിവ് നിങ്ങൾക്കി ല്ലെങ്കിൽ ഏതെങ്കിലും ന്യായാധിപന്റെയടുക്കൽ പോയി ചോദിക്കുക. അദ്ദേഹം നിങ്ങളോട് പറയും: കണ്ടു എന്ന് പറയുന്നവരുടെ സാക്ഷ്യം അവർ സംശയാതീതമായ ശുദ്ധസ്വഭാവക്കാരാണെങ്കിൽ അതനുസരി ച്ച് വിധി പറയണം. കാണാത്തവരുടെ സാക്ഷ്യം അവർ എണ്ണത്തിൽ എത്ര അധികമാണെങ്കിലും അത് വിധിയെ സ്വാധീനിക്കരുത്. കാരണം നിലവിലുള്ള വസ്തു ഏതെങ്കിലും തരത്തിൽ കണ്ണിൽപ്പെടാതിരി ക്കാൻ സാധ്യതയുണ്ട്. പക്ഷേ, ഇല്ലാത്ത വസ്തു അതില്ലാതിരുന്നിട്ടും ജ്ഞാനികളും സത്ത്വസമ്പന്നരുമായ ആളുകളുടെ ഒരു സംഘം കാ ണുക എന്നത് ഒരിക്കലും സാധ്യമല്ല.

ദൈവാസ്തിക്യത്തെ സംബന്ധിച്ച് പ്രവാചകന്മാരും ദൈവദൂതന്മാരും സമർപിക്കുന്ന സാക്ഷ്യം യഥാർഥത്തിൽ നമുക്കൊരു ദൈ വം ഉണ്ട് എന്നുള്ളതിന് പ്രബലമായ തെളിവാണ്. അവരുടെ കൂട്ടത്തിൽ വിവിധ ജനങ്ങളിലെ പുണ്യവാളന്മാരേയും മഹത്തുക്കളേയും ഉൾപ്പെടുത്തി യാൽ അത് ഒരിക്കലും നിഷേധിക്കാൻ സാധിക്കാത്തവണ്ണം കരുത്തുറ്റ സാക്ഷ്യമായിത്തീരും.

ഓരോ സമുദായത്തിലും ലക്ഷക്കണക്കിന് പുണ്യാത്മാക്കൾ കട ന്നുപോയിട്ടുണ്ട്. അവർ സ്വവൃത്തങ്ങളിൽ തങ്ങളുടെ മഹത്ത്വവും വിശേഷബുദ്ധിയും ജ്ഞാനവുംകൊണ്ട് ജനഹൃദയങ്ങളിൽ ഭരണം നടത്തിക്കൊണ്ടിരുന്നു. അവരുടെ സൽപെരുമാറ്റവും വിശ്വസ്തതയും സത്യസന്ധതയും ജനങ്ങൾക്ക് മാതൃകയുമായിരുന്നു. പ്രവാചക ന്മാരെപ്പോലെതന്നെ ഇവരും ലോകത്തിന് ഒരു ദൈവമുണ്ടെന്നും അവന്റെ നിയന്ത്രണാധികാരത്തിന് വിധേയമായിട്ടാണ് ഈ പ്രപഞ്ചം ചലിക്കുന്നതെന്നും സാക്ഷി പറഞ്ഞു. ഇതും കേട്ടുകേൾവിയാൽ പ റഞ്ഞതല്ല. പ്രവാചകന്മാരെപ്പോലെ ഇവരുടേയും വ്യക്തിപരമായ ഉൾക്കാഴ്ചയിലധിഷ്ഠിതമാണ് ആ സാക്ഷ്യം. വിഭിന്ന കാലങ്ങളിലെ വിവിധ ജനതതികളിൽപ്പെട്ട ഈ ലക്ഷക്കണക്കിനെന്നല്ല, കോടിക്കണ ക്കിന് നബിമാരും സിദ്ധന്മാരും മറ്റു പുണ്യാത്മാക്കളും കള്ളം പറഞ്ഞ വരോ ക്ഷോഭിച്ചവരോ മന്ദബുദ്ധികളോ ആയിരുന്നുവെന്ന് സ്ഥാപി

ക്കാത്തിടത്തോളം കാലം തങ്ങൾ ദൈവത്തെ കണ്ടറിയുകയും തിരിച്ചറിഞ്ഞുൾക്കൊള്ളുകയും ചെയ്തുവെന്നും അവനോട് തങ്ങൾക്ക് ആത്മബന്ധമുണ്ട് എന്നുമുള്ള ഈ മഹത്തായ സാക്ഷ്യം ഒരു നിരീശ്വരവാദിക്കും ഇളക്കമേൽപിക്കാൻ പറ്റാത്തവിധം പ്രബലമായ തെളിവാണ്. നഊദ്ബില്ലാഹ്– ഹദ്റത്ത് ഇബ്റാഹിം(അ) കള്ളം പറഞ്ഞവനും ഭ്രാന്തനുമായിരുന്നുവെന്നും, ഹദ്റത്ത് മൂസാ (അ) കള്ളം പറഞ്ഞവനും ഭ്രാന്തനുമായിരുന്നുവെന്നും ഹദ്റത്ത് മസീഹ് കള്ളം പറഞ്ഞവനും ഭ്രാന്തനുമായിരുന്നുവെന്നും മഹാരാജാ കൃഷ്ണൻ കള്ളംപറഞ്ഞവനും ഭ്രാന്തനുമായിരുന്നുവെന്നും സർതിശ്ത് കള്ളംപറഞ്ഞവനും ഭ്രാന്തനുമായിരുന്നുവെന്നും നബി(സ)തിരുമേനി കള്ളംപറഞ്ഞവനും ഭ്രാന്തനുമായിരുന്നുവെന്നും വാഗ്ദത്ത മഹ്ദീ മസീഹ്(അ) കള്ളംപറഞ്ഞവനും ഭ്രാന്തനുമായിരുന്നുവെന്നും ഇപ്രകാരം നബിമാരെല്ലാവരും കള്ളംപറഞ്ഞവരും ഭ്രാന്തരുമായിരുന്നുവെന്നും ഓരോ സമുദായത്തിലും കഴിഞ്ഞുകടന്ന അസംഖ്യം പുണ്യാത്മാക്കൾ കള്ളംപറഞ്ഞവരും ഭ്രാന്തരുമായിരുന്നുവെന്നും ലോകത്തിന്റെ മുമ്പിൽ സ്ഥാപിച്ചുകാണിക്കാൻ ഏതെങ്കിലുമൊരു നാസ്തികന് കഴിയുമോ? ഒരു നാസ്തികന് ഇത് സ്ഥാപിക്കാൻ സാധിക്കുന്നില്ലെങ്കിൽ, ലണ്ടൻ പട്ടണത്തെ കാണാതെ അങ്ങനെയൊരു പട്ടണമുണ്ടെന്ന് എങ്ങനെ വിശ്വസിക്കും? ലണ്ടൻ പട്ടണത്തേയും ഉത്തരധ്രുവത്തേയും ദക്ഷിണധ്രുവത്തേയും നേരിൽ കാണാതെതന്നെ അവർ അതൊക്കെയുണ്ടെന്ന് വിശ്വസിക്കുന്നു. കണ്ടവർ പറഞ്ഞ അറിവ് മാത്രമേ അവർക്കുള്ളൂ. പത്രങ്ങളിൽ അച്ചടിച്ചുവരുന്ന അന്യനാടുകളിൽ നടക്കുന്ന സംഭവങ്ങളെ നേരിൽ കണാതെ വിശ്വസിക്കുന്നത് 'റോയിറ്റർ' അല്ലെങ്കിൽ 'ഹവാസ്' അല്ലെങ്കിൽ മറ്റേതെങ്കിലും വാർത്താ ഏജൻസികൾ അത് റിപ്പോർട്ട് ചെയ്യുന്നതുകൊണ്ടാണ്. അതുപോലെ ശാസ്ത്രത്തിന്റെ പുതിയ കണ്ടുപിടിത്തങ്ങളും നേരിട്ട് അനുഭവപ്പെടാതെതന്നെ വിശ്വസിക്കുന്നു. കാരണം അത് ശരിയാണെന്ന് ശാസ്ത്രജ്ഞന്മാർ പറഞ്ഞതുകൊണ്ടാണ്. എന്നാൽ, ലക്ഷക്കണക്കിന് സത്ത്വസമ്പന്നരും സത്യസന്ധരുമായ പുണ്യാത്മാക്കൾ തങ്ങൾക്ക് അനുഭവവേദ്യമായ ദൈവത്തെക്കുറിച്ച് സാക്ഷിപറയുമ്പോൾ അത് വിശ്വസിക്കാൻ ഇവർക്ക് കഴിയുന്നില്ല!!

تِلْكَ إِذًا قِسْمَةٌ ضِيزَىٰ ﴿٢٣﴾

'അങ്ങനെയെങ്കിൽ അത് അന്യായമായ ഒരു പങ്കുവെക്കലാണ്.'(53:23)

മറ്റുള്ളവർ പറയുന്ന കാര്യങ്ങൾ കണ്ടിട്ടില്ലെങ്കിൽത്തന്നെ അത് നേ

രിട്ടുകാണാനുള്ള മാർഗം നമ്മുടെ മുമ്പിൽ തുറന്നു കിടപ്പുണ്ടെന്നാരെങ്കിലും പറഞ്ഞാൽ, ഞാൻ നിങ്ങളോടു പറയുന്നു: നിഷ്കളങ്കരായ എന്റെ സ്നേഹിതന്മാരേ, ദൈവം നിങ്ങളുടെ കണ്ണുതുറക്കട്ടെ. ദൈവത്തെ പ്രാപിച്ചുവെന്ന് വാദിക്കുന്നവർ പറയുന്ന മാർഗങ്ങൾ നിങ്ങൾ സ്വീകരിക്കുന്നപക്ഷം നിങ്ങൾക്കും അവനെ പ്രാപിക്കാനും അവനുമായി ബന്ധം സ്ഥാപിക്കാനും കഴിയുമെന്ന് അവർ നിങ്ങൾക്കുറപ്പുതരുന്നു. ഇത് അവരുടെ വെറും വാദമല്ല. അസംഖ്യമാളുകൾ ആ മാർഗം സ്വീകരിച്ചുകൊണ്ട് ദൈവത്തെ പ്രാപിക്കുന്നതിൽ വിജയം വരിച്ചിട്ടുണ്ടെന്നതാണ് വാസ്തവം. നിങ്ങൾക്കിഷ്ടമുണ്ടെങ്കിൽ ഇത് പരീക്ഷിച്ചുനോക്കാവുന്നതേയുള്ളൂ. ലൗകിക ഉദ്ദേശ്യങ്ങൾ കരസ്ഥമാക്കുന്നതിന് നിശ്ചിത മാർഗങ്ങളുണ്ടെന്നും ആ മാർഗങ്ങൾ അവലംബിക്കാതെ അവ കരസ്ഥമാക്കാൻ സാധ്യമല്ലെന്നും ഓരോ ഉദ്ദേശ്യവും സഫലമാകുന്നതിന് അല്പസമയമെടുക്കുമെന്നും ജനങ്ങൾ സമ്മതിക്കുന്നു. എന്നാൽ, നിർഭാഗ്യമെന്നു പറയട്ടെ ആത്മീയമായ ഉദ്ദേശ്യം ആഗ്രഹിച്ചാലുടനേ കിട്ടണമെന്ന് അവർ ശഠിക്കുന്നു. ഇതൊരിക്കലും സംഭവിക്കുകയില്ല. സംഭവിക്കാനും പാടില്ല. നിങ്ങൾ ചിന്തിച്ചുനോക്കുക. സത്യം ഞാൻ പറഞ്ഞതു തന്നെയാണ്. ഇഷ്ടമുണ്ടെങ്കിൽ സ്വീകരിച്ചുകൊള്ളുക. ലൗകികമോ ആത്മീയമോ ആയ ഏത് ഉദ്ദേശ്യമാണെങ്കിലും അത് കരസ്ഥമാക്കാൻ ഒരു നിശ്ചിത മാർഗമുണ്ടായിരിക്കും. അത് അവലംബമാക്കാത്തിടത്തോളം ആ ഉദ്ദേശ്യം പ്രാപിക്കാൻ സാധ്യമല്ല. എന്നുമാത്രമല്ല ഉദ്ദേശ്യത്തിന്റെ വലുപ്പവും വ്യാപ്തിയുമനുസരിച്ച് ഉദ്ദേശ്യസാഫല്യത്തിന്നു വേണ്ടി കൂടുതൽ സമയം ചെലവഴിക്കേണ്ടതായി വരുന്നു. കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതായി വരുന്നു. കൂടുതൽ അധ്വാനിക്കേണ്ടതായി വരുന്നു. കൂടുതൽ ത്യാഗം ചെയ്യേണ്ടതായി വരുന്നു. സുദീർഘമായ കർമവ്യവസ്ഥകളിലൂടെ സഞ്ചരിക്കേണ്ടതായി വരുന്നു. എങ്കിലേ, ആ ഉദ്ദേശ്യം കരസ്ഥമാകുകയുള്ളൂ. എന്നാൽ, ഒന്നും പ്രവർത്തിക്കാതെ കൈയും കെട്ടിയിരുന്ന് ഏതെങ്കിലും ദൈവമുണ്ടെങ്കിൽ അവനെ നിങ്ങൾക്ക് കിട്ടണമെന്ന് കരുതുകയാണെങ്കിൽ ദൈവത്തെക്കൊണ്ടു സത്യം! നിങ്ങളൊരിക്കലും ദൈവത്തെ പ്രാപിക്കാൻ പോകുന്നില്ല. ഒരു കാര്യം പറയാം. ദൈവസവിധത്തിൽ എത്തിച്ചേരാനുതകുന്ന മാർഗങ്ങളായ സത്യോത്സാഹവും, ആത്മാർഥമായ അഭിലാഷവും, സമ്പൂർണമായ സേവനവും, സമുചിതമായ സത്കർമങ്ങളും സ്വീകരിച്ചിട്ടും ദൈവത്തെ  നിങ്ങൾ കണ്ടെത്തുന്നില്ലെങ്കിൽ, “ഞങ്ങൾ ദൈവത്തെ അന്വേഷിച്ചു പക്ഷേ, കാണാൻ കഴിഞ്ഞില്ല” എന്നു പ

റയാനുള്ള അവകാശം നിങ്ങൾക്കുണ്ടായിരിക്കും. എന്നാൽ, ശരിയും നിയതവുമായ മാർഗത്തിലൂടെ സഞ്ചരിച്ചിട്ട് ദൈവത്തെ കണ്ടെത്താതിരിക്കുകയെന്നത് അസംഭാവ്യമാണ്. നിങ്ങളെപ്പോലെ ഹൃദയവും തലച്ചോറുമുള്ള കോടിക്കണക്കിനാളുകൾ ദൈവത്തെ അന്വേഷിക്കുകയും അവനെ കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. ലോകചരിത്രത്തിന്റെ ഏടുകളിൽ ഈ സത്യാന്വേഷികളുടെ വസ്തുനിഷ്ഠവും സ്വാനുഭവവേദ്യവുമായ സാക്ഷ്യം- നമുക്ക് കാണാൻ കഴിയും. അവരുടെ സാക്ഷ്യത്തെ സംബന്ധിച്ച് ഏതെങ്കിലും വിധത്തിലുള്ള സംശയമോ സന്ദിഗ്ദ്ധതയോ ആരിലും ജനിക്കുന്നില്ല. അവർ വഞ്ചകരാണെന്നോ മന്ദബുദ്ധികളാണെന്നോ വികാരജീവികളാണെന്നോ പറയാൻ നിങ്ങൾക്ക് സാധ്യമല്ല. അവരെല്ലാവരും ഒത്തുകൂടി ഒരുകാര്യം മെനഞ്ഞെടുത്തതാവാമെന്ന് സംശയിക്കാനും തരമില്ല. നിങ്ങളുടെ കല്പിതഭാവനയുടെ അടിസ്ഥാനത്തിൽ അവരുടെ ദൃഢസാക്ഷ്യത്തെ തടയാനും നിങ്ങൾക്ക് കാരണങ്ങളൊന്നുമുണ്ടാവുകയില്ല.

ഞങ്ങളെ സംബന്ധിച്ചു പറഞ്ഞാൽ ഞങ്ങളവരെ വഞ്ചകരെന്നോ മന്ദബുദ്ധികളെന്നോ പറയുന്നില്ല. അവർ വഞ്ചിതരാണെന്നും വഞ്ചിതരാകാനിടയുള്ളവരാണെന്നും വല്ലവരും പറയുകയാണെങ്കിൽ അതിനുള്ള മറുപടി ഇതാണ്: ബുദ്ധിമാൻപോലും ചിലപ്പോൾ വഞ്ചിതനാകാൻ സാധ്യതയുണ്ടെന്നത് ശരിതന്നെ. പക്ഷേ, അങ്ങനെ ഒരു സാധ്യതയുണ്ടെന്ന് വിചാരിച്ച് ആ സാധ്യത ഇവരിൽ സംഭവിച്ചു എന്ന് പറയാൻ നിവൃത്തിയില്ല. അതായത് വഞ്ചിതരാകാൻ സാധ്യതയുണ്ട് എന്നതുകൊണ്ട് ഇവർ യഥാർഥത്തിൽ വഞ്ചിക്കപ്പെട്ടു എന്ന് അതിനർഥമില്ല. അതിന് തെളിവും ഇല്ല. അവരെല്ലാവരും ഇക്കാര്യത്തിൽ വഞ്ചിതരായിരുന്നുവെന്ന് സ്ഥാപിക്കപ്പെടാത്തിടത്തോളം അവർ വഞ്ചിതരാകാനിടയുണ്ടെന്ന് പറഞ്ഞാൽ അത് അനാവശ്യമായ ആക്ഷേപം മാത്രമാണ്. വഞ്ചന പറ്റാനിടയില്ലാത്ത ഏതുകാര്യമാണ് ലോകത്തുള്ളത്. അതുകൊണ്ട് ലോകത്തു നടക്കുന്ന കാര്യങ്ങളെല്ലാം സംശയിക്കത്തക്കതാണെന്ന് പറയാൻ പറ്റുമോ? നിങ്ങൾ പറയുന്നതുപോലെയാണെങ്കിൽ ലോകത്തൊരു കാര്യവും സംശയരഹിതമായിട്ടുണ്ടാകുകയില്ല. ഈ സാക്ഷികൾ ഒന്നടങ്കം ഇക്കാര്യത്തിൽ വഞ്ചിതരാണെങ്കിൽ, അതു തെളിവുകൾകൊണ്ട് സ്ഥാപിക്കേണ്ട ചുമതല അങ്ങനെ പറയുന്നവർക്കുണ്ട്. അതു ചെയ്യാതെ സാത്ത്വികരും സ്ഥിരചിത്തരുമായ ലക്ഷക്കണക്കിന് മഹാത്മാക്കളുടെ സാക്ഷ്യത്തെ കാറ്റിൽപറത്താൻ ശ്രമിക്കുന്നത് ഏറ്റവും വലിയ അന്യായമാണ്. ബുദ്ധിയുള്ളവരാരും

അതിന് ചെവികൊടുക്കുകയില്ല. സാക്ഷികൾ സാക്ഷ്യം പറഞ്ഞിരിക്കുന്നു. സുവ്യക്തവും സംശയരഹിതവുമായ വാക്കുകളിൽ സാക്ഷ്യം പറഞ്ഞിരിക്കുന്നു. അവർ പറഞ്ഞ സാക്ഷ്യം കേട്ടുകേൾവിയുടെ അടിസ്ഥാനത്തിലുള്ളതല്ല; തങ്ങൾ അനുഭവിച്ചറിഞ്ഞതും നേരിൽകണ്ടു മനസ്സിലാക്കിയതുമാണ്. സച്ചരിതരും സ്ഥിരചിത്തരുമാണ് ഈ സാക്ഷ്യം പറയുന്ന മഹാത്മാക്കൾ. എണ്ണത്തിലും അവർ ലക്ഷക്കണക്കിനുണ്ട്. എല്ലാ ജനതയിലും എല്ലാ രാജ്യത്തും എല്ലാ കാലത്തും ഇത്തരക്കാരുടെ സാന്നിധ്യം ഉണ്ടായിട്ടുണ്ട്. ഈ പരിതഃസ്ഥിതിയിൽ അവർ വഞ്ചിതരായിരിക്കാൻ സാധ്യതയുണ്ടെന്നതുകൊണ്ടുമാത്രം അവരുടെ സാക്ഷ്യത്തെ സംശയാസ്പദമായി കണക്കാക്കാൻ ഭ്രാന്തന്മാർക്കേ കഴിയൂ. ബുദ്ധിയുള്ളവർ അതിഷ്ടപ്പെടുകയില്ലതന്നെ.

ഈ ആക്ഷേപത്തിന് എനിക്കുള്ള മറ്റൊരു മറുപടി ഇതാണ്: വഞ്ചിതരാകുന്നതിനും ചില അവസരവും സന്ദർഭവമുണ്ട്. വഞ്ചിതരായിട്ടുണ്ടാകുമെന്ന് എല്ലായിടത്തും പറയാൻ പറ്റുകയില്ല. അഭിപ്രായങ്ങളുടേയും ധാരണകളുടേയും കൈകടത്തലുകൾ ഉണ്ടാകുമ്പോഴും തെളിവുകളുടെ അടിസ്ഥാനത്തിൽ വിധിപറയേണ്ടി വരുമ്പോഴുമാണ് ബുദ്ധിമാനും ദൃഢചിത്തനുമായ ഒരു വ്യക്തി വഞ്ചിക്കപ്പെടാൻ സാധ്യതയുണ്ടാകുന്നത്. ഉദാഹരണത്തിന്, ജ്ഞാനപരമായ ഒരു പ്രശ്നത്തിൽ രണ്ടുവ്യക്തികൾ രണ്ടു തരത്തിലുള്ള ധാരണ വെച്ചുപുലർത്തുമ്പോൾ അതിനു സാധ്യതയേറെയാണ്. അവരിരുവരും സ്ഥിരചിത്തരാണെങ്കിൽ പറയുകയും വേണ്ട! എന്തുകൊണ്ടെന്നാൽ അഭിപ്രായങ്ങളുടേയും തെളിവുകളുടേയും കൈകടത്തലുകൾ ഉണ്ടാകുന്നിടത്ത് ഏതെങ്കിലും തെറ്റായ ധാരണവശാൽ തെറ്റുപറ്റാനും സാധ്യതയുണ്ട്. എന്നാൽ, എവിടെയാണോ **മുശാഹദ**[1] യുടെ പ്രശ്നം വരുന്നത് അവിടെ സ്ഥിരചിത്തനും ജ്ഞാനനിഷ്ഠനും വഞ്ചിതനാകാനുള്ള സാധ്യത ഇല്ലേയില്ല. വിശേഷിച്ച് തങ്ങൾക്കിത് അതീവ താൽപര്യമുള്ള കാര്യമാണെന്നും രാവും പകലും ആ ദൈവത്തിന്റെ മുമ്പിൽ കുത്തിയിരിക്കുന്നുവെന്നും വാദിക്കുന്നവരുമായി ഈ **മുശാഹദ** ബന്ധപ്പെട്ടിരിക്കുന്നതിനാൽ വഞ്ചനപറ്റാൻ ഒട്ടുംതന്നെ സാധ്യതയില്ല. അത്തരം പരിതഃസ്ഥിതിയിലും സ്ഥിരചിത്തനായ ഒരു മനുഷ്യന് ചതിപറ്റാമെന്ന് പറയുകയാണെങ്കിൽ, അപ്പോൾ ഭയാനകമായ സംശയപൂജനയുടെ

*1. ദൈവസാമീപ്യം പ്രാപിച്ചവരുടെ ഉയർന്ന പദവിയിലുള്ള ഒരു അവസ്ഥയാണ് മുശാഹദ: സായൂജ്യം. ദൈവത്തിനോടുള്ള പ്രേമ സായൂജ്യം . ദൈവത്തെ കണ്ടറിയുന്ന അവസ്ഥ വിവ:*

വാതിൽ തുറക്കുകയും ലോകത്തുനിന്ന് സമാധാനം തിരോഭവിക്കുകയും ഒരു **മുശാഹദ**യും വിശ്വസിക്കാൻ പറ്റാത്തതായി പരിണമിക്കുകയും ചെയ്യും. തനിക്ക് പരിചയമില്ലാത്തതും താൻ അറിയാത്തതുമായ ഒരാളെ സംബന്ധിച്ച് അയാൾ തന്റെ സുഹൃത്താണെന്നും ആ ബന്ധം ഇത്രനാൾ നിലനിന്നിരുന്നുവെന്നും ധരിക്കുന്നതും അല്ലെങ്കിൽ പരിചയമില്ലാത്ത ഒരു മനുഷ്യനെ തന്റെ പിതാവോ സഹോദരനോ ആയി ധരിക്കുന്നതുമായ  ചതിവ് സ്ഥിരചിത്തനായ ഒരു മനുഷ്യന് സംഭവിക്കുമോ? ഭ്രാന്തനോ മന്ദബുദ്ധിക്കാരനോ അല്ലാതെ മറ്റാർക്കും അത്തരം ചതിവ് പിണയുകയില്ലെന്നുള്ളത് വ്യക്തമാണ്.

ഈ തത്ത്വമനുസരിച്ച് നാം പ്രവാചകന്മാരുടേയും മറ്റു പുണ്യാത്മാക്കളുടേയും സാക്ഷ്യങ്ങൾ പരിശോധിക്കുമ്പോൾ അവരുടെ സാക്ഷ്യം വഞ്ചനയുടെ സാധ്യതകൾക്കതീതമാണെന്ന് അംഗീകരിച്ചേ പറ്റൂ. കാരണം ബുദ്ധിപരമായ തെളിവുകൾകൊണ്ട് ദൈവത്തെ അറിഞ്ഞുവെന്നല്ല അവർ പറയുന്നത്. തങ്ങൾ ദൈവത്തെ പ്രാപിച്ചിട്ടുണ്ടെന്നും വ്യക്തിപരമായ ദൃഢബന്ധം അവനുമായി തങ്ങൾക്കുണ്ടെന്നും അവൻ തങ്ങളോട് സംസാരിക്കുന്നുണ്ടെന്നും അങ്ങോട്ട് പറയുന്ന കാര്യങ്ങൾ കേൾക്കുകയും അതിനുത്തരം നല്കുകയും ചെയ്യുന്നുണ്ടെന്നും സന്ദിഗ്ദ്ധഘട്ടങ്ങളിൽ തന്റെ ശക്തിപ്രഭാവത്തോടുകൂടി തങ്ങളെ അവൻ സഹായിക്കുന്നുവെന്നുമാണ് അവർ വാദിക്കുന്നത്. യഥാർഥത്തിൽ അവർ തങ്ങളുടെ ഈ **മുശാഹദ** അവരുടെ ആയുസ്സിന്റെ ഏതെങ്കിലും ഒരു കാലഘട്ടത്തിൽ മാത്രമായി ഒതുക്കി നിറുത്തുന്നില്ല. തങ്ങൾ ദൈവത്തെ പ്രാപിച്ചതു മുതൽ തങ്ങളുടെ ആയുസ്സ് മുഴുവൻ ഇതേ **മുശാഹദ**യിൽ കഴിയുന്നുവെന്നാണ് അവർ പറയുന്നത്. അതായത് അവരുടെ ഈ **മുശാഹദ** അറ്റുപോകാത്ത കാലയളവിന്റെ രൂപത്തിൽ ആയുസ്സു മുഴുവൻ വ്യാപിച്ചു നില്ക്കുന്നതും അന്ത്യശ്വാസംവരെ അവരിൽ നിന്ന് വേർപെട്ടിട്ടില്ലാത്തതുമാണ്. അവരുടെ **മുശാഹദ**യിലൂടെ ലഭ്യമാകുന്ന ആധികാരികമായ ഫലങ്ങളും ലോകത്തിന്റെ മുമ്പിലുണ്ട്. ഈ പരിതഃസ്ഥിതിയിൽ അവരെ സംബന്ധിച്ച്, അവർക്ക് വഞ്ചന പറ്റിയിട്ടുണ്ടാകുമെന്ന് സങ്കല്പിക്കാൻ ബുദ്ധിയുള്ള ആരും തയ്യാറാകുകയില്ല. കാരണം ഇത്തരം അവസ്ഥയിലും വഞ്ചനപറ്റാനിടയുണ്ടെന്ന് സമ്മതിക്കുകയാണെങ്കിൽ, പിന്നെ നമ്മുടെ ഒരു **മുശാഹദ**യും സന്ദേഹത്തിന്നതീതമെന്ന് കരുതാൻ സാധ്യമല്ല. ലോകത്തുള്ള എല്ലാ അറിവുകളും കേവലം മിഥ്യാജ്ഞാനത്തിന്റേയും സന്ദേഹത്തിന്റേയും രൂപംപ്രാപിക്കാവുന്നതാണ്. അങ്ങനെ വരുമ്പോൾ സാക്ഷികളുടെ ബുദ്ധിയ്ക്ക് പോ

രായ്മയുണ്ടെന്ന് പറയാം. പക്ഷേ, അവരെ ദൃഢചിത്തരായി സമ്മതിച്ചുകൊണ്ട് വഞ്ചിതരാണെന്ന് പറയാൻ സാധ്യമല്ല.

ഈ ആക്ഷേപത്തിനുള്ള മൂന്നാമത്തെ മറുപടി ഇതാണ്: ഈ സാക്ഷ്യം ഏതെങ്കിലും ഒരു വ്യക്തിയുടേതല്ല. ഏതെങ്കിലും ഒരു ജനതയിലെ ആളുകളുടേതല്ല. ഏതെങ്കിലും ഒരു ദേശവാസികളുടേതല്ല. ഏതെങ്കിലും ഒരു കാലഘട്ടത്തിലെ ആളുകളുടേതുമല്ല. ലക്ഷക്കണക്കിന് ആളുകളുടേതാണ്. അവരുടെ സാന്നിധ്യം എല്ലാ രാജ്യങ്ങളിലും എല്ലാ ജനതയിലും എല്ലാ സമുദായത്തിലും എല്ലാ കാലഘട്ടത്തിലും വ്യാപിച്ചു നില്ക്കുന്നു. ഇവരിൽ ആരെയൊക്കെ നിങ്ങൾക്ക് വഞ്ചിതരെന്ന് പറയാൻ കഴിയും? ഒരാൾക്ക് വഞ്ചനപറ്റാം. രണ്ടാൾക്ക് വഞ്ചന പറ്റാം. ഏതെങ്കിലും ഒരു കാലഘട്ടത്തിന് വഞ്ചന പറ്റാം. ഏതെങ്കിലും ഒരു ജനതയ്ക്ക് വഞ്ചനപറ്റാം. പക്ഷേ, വിവിധ ജനതകളിലും വിവിധ കാലഘട്ടങ്ങളിലും വിവിധ രാജ്യങ്ങളിലും പരസ്പരം അറിയാൻ ഇടയില്ലാത്തവരായി ജീവിച്ച ലക്ഷക്കണക്കിന് സ്ഥിരചിത്തരായ ആളുകൾ ഒന്നടങ്കം ഒരുപോലെ ഈ വഞ്ചനയിൽ അകപ്പെട്ടുവെന്നു പറയുമ്പോൾ അതൊരു അത്ഭുതകരമായ വഞ്ചനതന്നെയാണ്! ഈ സാക്ഷ്യത്തിൽ ഇത്ര വലിയ ഒരു സംഘം ഉണ്ടായിരിക്കുകയും എല്ലാ ജനതയിലും എല്ലാ സമുദായത്തിലും എല്ലാ കാലഘട്ടത്തിലും എല്ലാ ദേശങ്ങളിലും അവരുടെ സാന്നിധ്യമുണ്ടാകുകയും എല്ലാവരും ഒരാൾ മറ്റൊരാളിൽ നിന്ന് സ്വതന്ത്രരായി സ്ഥിരചിത്തരായ നിലയിൽ പ്രത്യേകം പ്രത്യേകം ഈ സാക്ഷ്യം പറയുകയും ചെയ്യുക എന്നത് അവർക്ക് വഞ്ചനപറ്റാമെന്ന സന്ദേഹം ബുദ്ധിമാന്മാർക്കാർക്കും അംഗീകരിക്കാൻ പറ്റാത്ത നിലയിലുള്ള വ്യക്തമായ തെളിവാണ്.

ഇത്രയും പറഞ്ഞതിന്റെ സാരം ഇതാണ്: പ്രവാചകന്മാരും ദൈവത്തിന്റെ ഇഷ്ടദാസരായ മറ്റു പുണ്യവാളന്മാരും തങ്ങൾ ദൈവത്തെ കണ്ടുവെന്നും തിരിച്ചറിഞ്ഞുവെന്നും ശക്തിമത്തായ നിലയിൽ പറയുന്നു. അവർ വഞ്ചകരും മുഖസ്തുതിക്കാരും ഭ്രാന്തമാരും മന്ദബുദ്ധിക്കാരുമല്ലെന്ന് ലോകം സമ്മതിക്കുന്നു. അവർ എണ്ണത്തിൽ ഒന്നോ രണ്ടോ പത്തോ ഇരുപതോ നൂറോ ആയിരമോ അല്ലെന്നും സമ്മതിക്കുന്നു. ലക്ഷക്കണക്കിന് ഒരു പക്ഷേ കോടിയുമാകാം അവരുടെ എണ്ണം. അവരുടെ സാന്നിധ്യം സകല രാജ്യങ്ങളിലും സകലജനതകളിലും സകല സമുദായങ്ങളിലും സകല കാലങ്ങളിലുമായി വ്യാപിച്ചിരിക്കുന്നു. അവരിൽ ഓരോരുത്തരും പരസ്പരം സ്വതന്ത്രരായി ദൃഢസ്വര

ത്തിൽ തങ്ങളുടെ സാക്ഷ്യം സമർപിക്കുന്നു. അത് ഏതെങ്കിലും കേട്ടു കേൾവിയുടെ അടിസ്ഥാനത്തിലുള്ളതല്ല. വസ്തുനിഷ്ഠമാണ്. നേരിൽ കണ്ടറിഞ്ഞതാണ്. ഈ **മുശാഹദ** (കണ്ടറിവ്)എവിടെയെങ്കിലുംവെച്ച് അറ്റുപോകാതെ അവരുടെ ജീവിതകാലം മുഴുവൻ നിറഞ്ഞുനില്ക്കുന്നു. അതുകൊണ്ട് ലൗകിക കാര്യങ്ങളിൽ തീർപുകല്പിക്കുന്നതിന് നമ്മുടെ അറിവിന്റെ അടിസ്ഥാനത്തിൽ സാക്ഷ്യം സ്വീകരിക്കുന്നതുപോലെ ഈ മഹാന്മാരുടേയും സാക്ഷ്യത്തെ സ്വീകരിച്ച് സ്രഷ്ടാവും ഉടമസ്ഥനും സർവജ്ഞനും, യുക്തിജ്ഞനും, സർവശക്തനും, സർവനിയന്താവുമായ ഒരു അസ്തിത്വത്തിന് വിധേയമാണ് ഈ ലോകമെന്ന് അംഗീകരിക്കാൻ നാം നിർബന്ധിതരാണ്. ഒരു വസ്തുവും അവന്റെ സർവാധികാരത്തിന് പുറത്തില്ല.

വിശുദ്ധ ഖുർആനും ഈ സാക്ഷ്യത്തിന്റെ പ്രസ്തുത തത്വത്തെ സമർപിച്ചിട്ടുണ്ട്. എന്നു മാത്രമല്ല ഇതിന്റെ അടിസ്ഥാനത്തിൽ വിശുദ്ധഖുർആനിൽ നബിമാരുടെ ഒരു നാമം **ശാഹിദ്**-സാക്ഷി എന്നാണ് വെച്ചിട്ടുള്ളത്.

إِنَّآ أَرْسَلْنَآ إِلَيْكُمْ رَسُولًا شَاهِدًا عَلَيْكُمْ كَمَآ أَرْسَلْنَآ إِلَىٰ فِرْعَوْنَ رَسُولًا ﴿١٦﴾

"അല്ലയോ ജനങ്ങളേ, ഫിർഔനിന്റെ അടുക്കലേക്ക് ദൂതനായ മൂസായെ സാക്ഷിയായി അയച്ചതുപോലെ നിങ്ങൾക്ക് സാക്ഷിയാകുന്നതിനുവേണ്ടി നിങ്ങളിലേക്ക് നാം മുഹമ്മദ്(സ)നെ ദൂതനായിട്ടയച്ചിരിക്കുന്നു." (73:16)

ദൈവദൂതന്മാരുടേയും പുണ്യാത്മാക്കളുടേയും സാക്ഷ്യം ബുദ്ധിമാനായ ആർക്കും നിഷേധിക്കാൻ പറ്റാത്ത തരത്തിൽ പ്രബലവും ശക്തവുമാണെന്ന് ഇതിൽ നിന്നെല്ലാം മനസ്സിലാക്കാം.

ദൈവകൃപയാൽ ബുദ്ധിപരമായ തെളിവ് സംബന്ധിച്ച ചർച്ച ഞാൻ പൂർത്തിയാക്കിക്കഴിഞ്ഞിരിക്കുന്നു. അത് ഈ വിഷയത്തിൽ ദൈവാസ്തികൃത്തെക്കുറിച്ച് വിവരിക്കാൻ ഞാൻ ആഗ്രഹിച്ചിരുന്നതുമാണ്. ആ തെളിവുകളെ സംബന്ധിച്ച് ബുദ്ധിപരമായ എന്തെന്തെല്ലാം സംശയങ്ങൾ ഉണ്ടാകാമോ അതിനുള്ള മറുപടിയും ചുരുങ്ങിയ നിലയിൽ രേഖപ്പെടുത്തിക്കഴിഞ്ഞിരിക്കുന്നു. എന്നാൽ, വിഷയത്തിന്റെ ആരംഭത്തിൽ ഞാൻ പറഞ്ഞതുപോലെ കുരുക്കുള്ളതും ദുർഗ്രഹമായതും ആയിട്ടുള്ള ചർച്ചകൾ ഞാൻ കഴിയുന്നിടത്തോളം ഇവിടെ ഒഴിവാക്കുകയും സാധാരണക്കാർക്ക് മനസ്സിലാക്കാവുന്ന രീതിയിലുള്ള വ്യക്തമായ കാര്യങ്ങൾ മാത്രം പരാമർശിക്കുകയുമാണ് ചെയ്തിട്ടുള്ളത്. സംശയശീലത്തിന്നടിപ്പെടാത്ത ശുദ്ധഹൃദയനും ബുദ്ധിമാനുമായ ആൾക്ക് ബുദ്ധിപരമായ

തെളിവുകൾകൊണ്ടുള്ള എന്റെ ഈ ഹ്രസ്വമായ വിവരണം സംതൃപ്തി നല്കുമെന്ന് ഞാൻ കരുതുന്നു. ബാക്കി കാര്യങ്ങളെല്ലാം ഞാൻ പറഞ്ഞു കഴിഞ്ഞിട്ടുണ്ട്. മനഃസംതൃപ്തിയും ദൃഢജ്ഞാനവും, വ്യക്തിപരമായ അനുഭവവും **മുശാഹദ** കൊണ്ടുമാത്രമേ കരസ്ഥമാകുകയുള്ളൂവെന്നതാണ് വാസ്തവം. **മുശാഹദ**യ്ക്കു വേണ്ടി നബിമാരുടേയും വലിയ്യുമാരുടേയും ജീവിതം പഠിക്കുകയും അവരുടെ മാർഗത്തിലൂടെ ചരിക്കുകയും ചെയ്യേണ്ടത് നിർബന്ധമാണ്. ഇതിന്റെ ചെറിയൊരു സ്ഫുരണം ദൈവം ഇച്ഛിച്ചാൽ തുടർന്ന് വിവരിക്കുന്നതാണ്.

## ദൈവവിശ്വാസം കൊണ്ടുള്ള മഹത്തായ നേട്ടങ്ങൾ

ദൈവവിശ്വാസം കൊണ്ടുമാത്രം നേട്ടമുണ്ടാകുന്നതും ദൈവത്തിൽ വിശ്വസിക്കാതെ പൂർണമായ നേട്ടമുണ്ടാകാത്തതുമായ ചില തെളിവുകളാണ് ദൈവാസ്തികൃത്തെ സംബന്ധിച്ച് ഇനി ഞാൻ പറയാൻ ആഗ്രഹിക്കുന്നത്. നാം ഏതുകാര്യവും സ്വീകരിക്കുന്നത് മനുഷ്യവംശത്തിന് അതുകൊണ്ടുണ്ടാകുന്ന ലാഭവും ഗുണവും മനസ്സിലാക്കിയാണ്. ദൈവവിശ്വാസംകൊണ്ട് നിരവധി അനുഗ്രഹങ്ങളും നേട്ടങ്ങളും ലഭ്യമാണെന്നു കണ്ടാൽ അതിനുവേണ്ടിയെങ്കിലും ദൈവത്തെ നി ഷേധിക്കരുത് എന്ന അഭിപ്രായത്തോട് ധിഷണാശാലികളെല്ലാം യോ ജിക്കുമെന്നതിൽ തർക്കമില്ല. ഞാൻ പറയുന്ന ഈ ന്യായം കൊണ്ട് ഒരു ദൈവമുണ്ടെന്നോ ഉണ്ടായിരിക്കണമെന്നോ തെളിയുകയില്ലെന്നത് നേരുതന്നെ. എന്നാൽ, ഇതു മുഖേന മനുഷ്യവംശത്തിന്റെ അഭിവൃദ്ധിയ്ക്കും അവരുടെ നന്മയ്ക്കും ദൈവത്തിലുള്ള വിശ്വാസം ഫലപ്രദമാണെന്ന് തീർച്ചയായും മനസ്സിലാകുന്നതാണ്. ഫലപ്രദമായ കാര്യം സ്വീകരിക്കപ്പെടേണ്ടത് തന്നെയാണ്. അതുകൊണ്ട് ഇവിടെ പറഞ്ഞ ഈ ന്യായം ദൈവാസ്തികൃവുമായി ബന്ധപ്പെടുത്തി അതിന് ഉപോദ്ബലകമായി സമർപിക്കാവുന്നതാണ്. ദൈവാസ്തികൃത്തിനു ള്ള ബുദ്ധിപരമായ തെളിവുകൾ വിശദീകരിച്ചപ്പോൾ അതിന്റെ തുടക്കത്തിൽ സുരക്ഷാപരമായ ഒരു കാര്യം ഞാൻ പറഞ്ഞിരുന്നു: ദൈവത്തിൽ വിശ്വസിക്കുന്നതുകൊണ്ട് നഷ്ടമൊന്നും സംഭവിക്കുകയില്ല എന്നതാണത്. നിഷേധിച്ചാൽ നഷ്ടമുണ്ടാവുകയും ചെയ്യും. അതിനാൽ വിശ്വസിക്കുന്നതാണ് നല്ലത്. ഇതിന്റെ അടിസ്ഥാനത്തിലാണ് ഞാനത് വിശദീകരിച്ചത്. അപ്രകാരംതന്നെ ആ വിഷയം അവസാനിക്കുന്ന ഈ ഘട്ടത്തിലും മറ്റൊരു തരത്തിലുള്ള സുരക്ഷാപരമായ തെളിവ്  ഞാൻ വിവരിക്കുകയാണ്. ദൈവത്തിലുള്ള വിശ്വാസം മനുഷ്യവംശത്തിന് നേട്ടവും ലാഭവും പ്രദാനം ചെയ്യുന്നു എന്നതാണത്. അതിനാൽ ദൈവത്തെ വിശ്വസിക്കുന്നത് എന്തുകൊണ്ടും വളരെ നല്ലതും മുൻഗണന അർഹിക്കുന്നതുമായ കാര്യമാണ്. പക്ഷേ, ഇവിടെ മതപരവും ആത്മീയവുമായ നിലയിൽ ദൈവത്തിലുള്ള വിശ്വാസംകൊണ്ടും അവനോടുള്ള ബന്ധംകൊണ്ടും മനുഷ്യന് ലഭ്യമാകുന്ന നേട്ടങ്ങളെക്കുറിച്ചുള്ള ചർച്ചയല്ല നടക്കുന്നത് എന്ന കാര്യം

ഓർക്കേണ്ടതാണ്. ഉദാഹരണത്തിന്, ദൈവവുമായുള്ള വ്യക്തിപരമായ ബന്ധത്തിന്റെ സ്ഥാപനം, അവന്റെ രക്ഷയും സഹായവും ലഭിക്കൽ, അറിവിന്റേയും ദൈവജ്ഞാനത്തിന്റേയും അഭിവൃദ്ധി, പരലോക മോക്ഷം മുതലായവ. ഇവിടെ വിവരിക്കാനുദ്ദേശിക്കുന്നത് ബുദ്ധിപര മായി ദൈവത്തിൽ വിശ്വസിക്കുന്നതുകൊണ്ട് മനുഷ്യവംശത്തിന് പൊതുവായ നിലയിൽ ഉണ്ടായിട്ടുള്ളതോ ഉണ്ടാകാൻ സാധ്യതയുള്ളതോ ആയ നേട്ടങ്ങൾ മാത്രമാണ്.

## ഏകാത്മബന്ധവും സഹോദരത്വവും

ദൈവത്തിലുള്ള വിശ്വാസത്തിന്റെ നേട്ടമെന്ന നിലയിൽ ഒന്നാമതായി ഞാൻ പറയാനാഗ്രഹിക്കുന്നത് ദൈവത്തെക്കുറിച്ചുള്ള ചിന്ത ജന ഹൃദയങ്ങളിൽ ഏകാത്മബന്ധത്തിന്റേയും സഹോദരത്വത്തിന്റേയും വികാരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള ഏറ്റവും വലിയ മാർഗമാകുന്നു വെന്നതാണ്. ഇത് മനുഷ്യവംശത്തിന്റെ പുരോഗതിയ്ക്കും അവരുടെ നന്മയ്ക്കും അനിവാര്യവും പ്രയോജനപ്രദവുമാണ്. ലോകസമാധാന ത്തിനും ലോകജനതയുടെ ക്ഷേമത്തിനും, വിവിധ ജനതകൾ പരസ്പ രം സ്നേഹത്തോടും സാഹോദര്യത്തോടും സഹകരണത്തോടുംകൂടി ജീവിക്കേണ്ടതും അസൂയയ്ക്ക് മനസ്സിൽ ഇടം നല്കാതിരിക്കേണ്ടതും കഴിയുന്നിടത്തോളം മറ്റുള്ളവരോട് അനുകമ്പയോടും ത്യാഗമനോ ഭാവത്തോടും പെരുമാറേണ്ടതും സ്വന്തം താൽപര്യത്തെക്കാൾ മറ്റു ള്ളവരുടെ താല്പര്യത്തിന് മുൻഗണന നല്കേണ്ടതും നിർബന്ധമാ ണ്. ഇപ്രകാരംതന്നെ വ്യക്തികൾ പരസ്പരം സ്നേഹത്തിന്റേയും സാഹോദര്യത്തിന്റേയും സഹതാപത്തിന്റേയും സഹകരണത്തിന്റേയും ചൈതന്യമുണ്ടാക്കിത്തീർക്കുകയും വേണം. കാരണം വ്യക്തികൾക്കും ജനതകൾക്കും ഒരുപോലെ അനിവാര്യമായ ഈ മനഃസ്ഥിതികൂടാതെ ലോകത്ത് സമാധാനസ്ഥാപനവും മനുഷ്യവംശത്തിന്റെ പുരോഗതിയും അസംഭാവ്യമാണ്. അതുകൊണ്ട് ഓരോ മനുഷ്യനും പരസ്പരം ഐക്യ ത്തിന്റേയും സാഹോദര്യത്തിന്റേയും ബോധം ഉണ്ടാക്കിത്തീർക്കുന്നതും പുരോഗതിയ്ക്കാവശ്യമായിട്ടുള്ളതുമായ മാർഗങ്ങൾ സ്വീകരിക്കാൻ തയ്യാറായിരിക്കുകയും വെറുപ്പിന്റേയും അസൂയയുടേയും ചിന്ത ഹൃദ യത്തിൽ കടക്കാൻ അനുവദിക്കാതിരിക്കുകയും വേണം. ഞാൻ പ റഞ്ഞതുപോലെ ലോകസമാധാനം സ്ഥാപിക്കുന്നതിനുള്ള മാർഗങ്ങ ളിൽ ഏറ്റവും പ്രധാനപ്പെട്ടതും സ്വാധീനമുണ്ടാക്കുന്നതുമായ ഒരു മാർഗമാണ് ദൈവത്തിലുള്ള വിശ്വാസം.

എണ്ണത്തിൽ വളരെ വളരെ കൂടുതലായിട്ടും പലതരത്തിലുള്ള അഭിപ്രായഭിന്നതകളുണ്ടായിട്ടും നമ്മളെല്ലാവരും ഏകനും സർവശക്തനും ഉദ്ദേശ്യങ്ങളോടുകൂടി കാര്യങ്ങൾ നല്ലവണ്ണം മനസ്സിലാക്കുന്ന നിയന്താവുമായ ദൈവത്തിന്റെ സൃഷ്ടികളും അടിമകളുമാണെന്ന് വിശ്വസിക്കുന്നവരാണ്. നമ്മുടെ എല്ലാവരുടേയും ആശാകേന്ദ്രവും അഭയസ്ഥാനവും ആ ഒരേയൊരു അസ്തിത്വമാകുന്നു. ഒരു വസ്തുവും അവന്റെ നിയന്ത്രണാധികാരത്തിന് പുറത്തില്ല. ഉഗ്രപ്രതാപത്തോടും നിതാന്തമായ ശക്തിയോടും വ്യക്തമായ വിശദീകരണത്തോടും കൂടി അവൻ നമ്മുടെ മനസ്സുകളിൽ സൃഷ്ടിക്കുന്ന ഐക്യത്തിന്റേയും അനുരഞ്ജനത്തിന്റെയും വികാരാവേശങ്ങൾക്ക് മറ്റെങ്ങും തുല്യതകാണാൻ സാധ്യമല്ല. ഒരു രാജ്യത്തിന്റെ പ്രജകളായി ജീവിക്കുന്നതും ഒരു ജനതയുമായി ബന്ധപ്പെട്ട് ജീവിക്കുന്നതും ഒരു ഭരണവ്യവസ്ഥയ്ക്ക് വിധേയരായി ജീവിക്കുന്നതുമെല്ലാം ഏറ്റിറക്കത്തോടെ ഐക്യത്തിനും അനുരഞ്ജനത്തിനും കാരണമാകുമെന്നതു ശരിതന്നെ. പക്ഷേ, നാമെല്ലാവരും ഒരു സ്രഷ്ടാവിന്റെ സൃഷ്ടികളും ഒരൊറ്റ ഉദാരതയുടെ ഉത്ഭവസ്ഥാനത്തുനിന്ന് പൊട്ടിയൊഴുകിയ നദികളുമാണെന്ന വിശ്വാസം അതിനെക്കാളുപരി ഐക്യത്തിനും അനുരഞ്ജനത്തിനും കാരണമാകുന്നതാണ്. ഒന്നുകൂടി പറഞ്ഞാൽ, നമ്മുടെ ഉടമസ്ഥനായ ദൈവം പരസ്പരം കലഹിക്കുന്ന സന്താനങ്ങളെ പടച്ചുവിട്ട് മരിച്ചുപോകുന്ന ഒരച്ഛനെപോലെയല്ല. അവൻ ഇന്നും സർവവിധ പ്രൗഢിയോടും പ്രതാപത്തോടുംകൂടി നമ്മുടെ തലയ്ക്കുമീതെയുണ്ട്. അവന് മരണമില്ല. അവൻ അനശ്വരനാണ്. ഈ വിശ്വാസം മനുഷ്യരെയെല്ലാം ക്ഷണനേരംകൊണ്ട് ഏകോദര സഹോദരങ്ങളാക്കി ഒരു അണിയിൽ നിലനിറുത്താൻ പോരുന്നതാണ്. ഇതുണ്ടായാലുടൻ മനസ്സിലെ സകല അഴുക്കുകളും അസ്വാരസ്യങ്ങളും അപ്രത്യക്ഷമാകുകയും തൽസ്ഥാനത്ത് സ്നേഹവായ്പിന്റേയും സാഹോദര്യബന്ധത്തിന്റേയും സഹതാപ വൈശിഷ്ട്യത്തിന്റേയും ത്യാഗമനോഭാവത്തിന്റേയും വികാരാവേശം അലയടിച്ചുയരാൻ തുടങ്ങുകയും ചെയ്യുന്നു. ദൈവത്തിൽ വിശ്വസിക്കുകയെന്നത് സ്വയം തങ്ങളെ ഒരു പിതാവിന്റേയും മാതാവിന്റേയും സന്താനങ്ങളാണെന്ന് മനസ്സിലാക്കുന്നതുപോലെയാണ്. എന്നുമാത്രമല്ല ദൈവത്തിൽ വിശ്വസിച്ചുകഴിഞ്ഞാൽ കുടുംബബന്ധങ്ങളിലോ ഭൗതികമായ ഇതരബന്ധങ്ങളിലോ കാണപ്പെടാത്ത സമുന്നതമായ ഒരു ദൃഢബന്ധം അവനുമായിട്ടുണ്ടാകുമെന്ന് പ്രതിജ്ഞ ചെയ്യേണ്ടിയും വരുന്നു എന്നതാണ് വാസ്തവം.

പറഞ്ഞതിന്റെ ചുരുക്കം, ദൈവവിശ്വാസം പരസ്പര സ്നേഹത്തി

ന്റേയും സാഹോദര്യത്തിന്റേയും വികാരങ്ങൾ സൃഷ്ടിക്കുന്നതിന് ശക്തമായൊരു മാർഗമാകുന്നു എന്നാണ്. ഇതിന്നെതിരിൽ മറ്റെല്ലാ മാർഗങ്ങളും നിരർഥവും നിഷ്ഫലവുമാണ്. ഞാൻ പറഞ്ഞുവന്നതുപോലെ രാഷ്ട്രങ്ങളുടേയും ജനവിഭാഗങ്ങളുടേയും ധാരണകൾക്കും ഈ വികാരങ്ങൾ സൃഷ്ടിക്കാൻ കഴിയുമെന്നത് നേരുതന്നെ. പക്ഷേ, അതിന്റെ സ്വാധീനശക്തി അത്ര ബലവത്തായതോ ആഴത്തിലുള്ളതോ ആയിരിക്കുകയില്ലെന്ന് ആദ്യം മനസ്സിലാക്കുക. രണ്ടാമത്തേത് അതിന് പരിമിതമായ വൃത്തത്തിൽ മാത്രമെ അതിന്റെ സ്വാധീന ശക്തി ചെലുത്താനൊക്കുകയുള്ളുവെന്നതാണ്. സംയുക്തമായ നിലയിൽ മനുഷ്യകുലത്തിനാകമാനം അത്തരം വികാരങ്ങൾ സൃഷ്ടിച്ചെടുക്കാൻ അതിന് സാധ്യമല്ല. എന്നുമാത്രമല്ല ചിലപ്പോൾ അതിന്റെ സ്വാധീനശക്തി ചേരിതിരിവിന്റേയും വർഗീയപക്ഷപാതിത്വത്തിന്റേയും വിദ്വേഷത്തിന്റേയും രൂപത്തിൽ പ്രത്യക്ഷപ്പെടാനും തുടങ്ങും. അത് പ്രയോജനം ചെയ്യുന്നതിനു പകരം കൂടുതൽ നഷ്ടമുണ്ടാക്കുന്നതാണ്. അതുകൊണ്ട് അന്താരാഷ്ട്രതലത്തിൽ മനുഷ്യവർഗത്തിനുള്ളിൽ ഐക്യത്തിന്റേയും അനുരഞ്ജനത്തിന്റേയും വികാരങ്ങൾ സൃഷ്ടിക്കാൻ കഴിയുന്ന ഒരേയൊരു മാർഗം ദൈവത്തിൽ വിശ്വസിക്കുക എന്നതു മാത്രമാണ്. ജനഹൃദയങ്ങളിൽ നിന്ന് ദൈവവിചാരത്തെ നാം നീക്കം ചെയ്താൽ ഈ ഐക്യത്തിന്റേയും അനുരഞ്ജനത്തിന്റേയും മനോഭാവം പൊടുന്നനെ അപ്രത്യക്ഷമാകാൻ തുടങ്ങുകയും നിയമങ്ങളുടേയും ഇടപാടുകളുടേയും ശുഷ്കിച്ച ബന്ധംമാത്രം അവശേഷിക്കുകയും ചെയ്യും. അതാവട്ടെ ഹൃദയത്തിൽ വികാരപരമായ ബന്ധം സൃഷ്ടിക്കാൻ ഒരിക്കലും പര്യാപ്തവുമല്ല. നല്ലവണ്ണം ചിന്തിച്ചുനോക്കുക. ദൈവം എന്നൊന്നില്ലാതിരിക്കുകയും, ഓരോരുത്തരും സ്വയംഭൂവും സ്ഥായിയും സ്വതന്ത്രനുമായിരിക്കുകയും ചെയ്താൽ ഒരു സാഹോദര്യബന്ധവും നിലനില്ക്കുകയില്ല. ഒരു ഏകാത്മബന്ധവും ഉണ്ടാവുകയുമില്ല. എന്നുമാത്രമല്ല, അസൂയയുടേയും ശത്രുതയുടേയും സ്വാർഥതയുടേയും കാലം പിറവിയെടുത്തു തുടങ്ങും. അതാണെങ്കിൽ സമാധാനഭ്രംശത്തിന് മുഖ്യവഴിയാണ്. സുസ്ഥിരവും സുദൃഢവുമായ നിലയിൽ മനുഷ്യവർഗത്തിൽ ഏകാത്മബോധത്തിന്റെ വികാരം സൃഷ്ടിക്കാൻ കഴിയുന്ന ഒരേയൊരു കാര്യം ദൈവ വിചാരമല്ലാതെ മറ്റൊന്നുമില്ല. ഈ വിശ്വാസത്തെ ഒഴിച്ചു നിറുത്തിക്കൊണ്ട് അന്തർദേശീയതലത്തിൽ യഥാർഥമായ ഏകാത്മബന്ധവും സാഹോദര്യബന്ധവും നിലനില്ക്കുക അസംഭാവ്യമാണ്.

ദൈവവിശ്വാസിയാണെന്ന് അവകാശപ്പെടുന്ന എല്ലാവരും സാഹോ

ദര്യത്തിന്റേയും ആത്മബന്ധത്തിന്റേയും വികാരം ഉൾക്കൊള്ളുന്നവരാണെന്ന് ഞാൻ പറയുന്നില്ല. കാരണം ഈ ലോകത്ത് നൂറുകണക്കിന് ആയിരക്കണക്കിന് ലക്ഷക്കണക്കിന് വസ്തുക്കൾ മനുഷ്യന്റെ സ്ഥിതിഗതിയിൽ അതിന്റെ സ്വാധീനശക്തി ചെലുത്തിക്കൊണ്ടിരിക്കുന്നുണ്ട്. അതുകൊണ്ട് ചില ദുർഗുണങ്ങളാൽ ഏകദൈവവിശ്വാസിയുടെ ഹൃദയവും പരിശുദ്ധമായ ആ വികാരം ഉൾക്കൊള്ളാത്തതാകാം. അപ്രകാരംതന്നെ മനസ്സിലും ബുദ്ധിയിലും സമ്മർദം ചെലുത്തി സാഹോദര്യത്തിന്റേയും ആത്മബന്ധത്തിന്റേയും വികാരങ്ങളുണ്ടാക്കാൻ കെല്പില്ലാത്ത വിശ്വാസവും ചില ഹൃദയങ്ങളിലുണ്ടാകാം. എന്നാൽ, താത്ത്വികാടിസ്ഥാനത്തിൽ നോക്കിയാൽ പ്രസ്തുത വികാരങ്ങൾ സൃഷ്ടിക്കാനുതകുന്ന കാരണങ്ങളിൽ ദൈവത്തിലുള്ള വിശ്വാസം പ്രധാനപ്പെട്ടതും ഉയർന്നനിലയിലുള്ളതുമാണ്. മറ്റു തടസ്സങ്ങളൊന്നും ഇടയ്ക്കുവന്നിട്ടില്ലെങ്കിൽ ഒരു സത്യവിശ്വാസി സത്യനിഷേധിയെക്കാൾ മനുഷ്യവർഗത്തോട് കൂടുതൽ സഹതാപവും സ്നേഹവുമുള്ളവനായിരിക്കും. ആത്മാർഥമായി അല്ലാഹുവിൽ വിശ്വസിക്കുന്ന ഓരോ വ്യക്തിയും ദൈവത്തെക്കുറിച്ചുള്ള വിചാരം സാഹോദര്യത്തിന്റേയും ആത്മബന്ധത്തിന്റേയും വികാരങ്ങൾ കരുത്തുറ്റ നിലയിൽ തന്നിൽ ഉണ്ടാക്കിക്കൊണ്ടിരിക്കുന്നുവെന്ന് സാക്ഷിപറയും. എന്നു മാത്രമല്ല അതിന്റെ ശക്തി അയാളുടെ കർമങ്ങളിലൂടെ പ്രകടമാവുകയും ചെയ്യും. ആത്മപരിശോധനാശീലം അയാൾക്കുണ്ടെങ്കിൽ, ദൈവത്തെക്കുറിച്ചുള്ള വിചാരം തന്നിൽനിന്ന് നീങ്ങിപ്പോയാൽ തന്റെ ആ സ്ഥിതിയിൽ പിന്നീടൊരിക്കലും തനിക്ക് നിലനില്ക്കാൻ സാധ്യമല്ലെന്ന് പൂർണമായി അയാൾ മനസ്സിലാക്കുകയും ചെയ്യും. മനുഷ്യന്റെ കാര്യം അവിടെ നില്ക്കട്ടെ! താഴ്ന്നതരം ജന്തുക്കളോടു മാത്രമല്ല സസ്യങ്ങളോടും അചേതന വസ്തുക്കളോടുപോലും ഒരുതരത്തിലുള്ള സ്നേഹവായ്പിന്റേയും മൈത്രീഭാവത്തിന്റേയും ആത്മത്യാഗത്തിന്റേയും വികാരങ്ങൾ സൃഷ്ടിക്കാൻ ഈ വിശ്വാസം കാരണമായിത്തീരാറുണ്ട്. 'ലൗവ് മീ ലൗവ് മൈ ഡോഗ്'(Love me Love my dog) എന്നത് ഇംഗ്ലീഷിലെ ഒരു പഴഞ്ചൊല്ലാണ്. നിങ്ങൾ എന്നെ സ്നേഹിക്കുന്നെങ്കിൽ എന്റെ പട്ടിയേയും സ്നേഹിക്കുക. അതായത് ഞാനുമായി ബന്ധപ്പെട്ടുനില്ക്കുന്ന വസ്തുക്കളേയും നിങ്ങളുടെ സ്നേഹത്തിൽ പങ്കാളിയാക്കണം എന്ന്. മനുഷ്യപ്രകൃതിയുടെ ശരിയായ പഠനത്തിലധിഷ്ഠിതമാണ് ഈ പഴഞ്ചൊല്ല്. നമുക്ക് ദൈവത്തിൽ യഥാർഥ വിശ്വാസവും അവനോടു യഥാർഥ ബന്ധവുമുണ്ടെങ്കിൽ നമ്മുടെ ഹൃദയം സൃഷ്ടികളോടുള്ള സ്നേഹ

ത്തിൽനിന്ന് പ്രത്യേകിച്ച് മനുഷ്യവർഗത്തോടുള്ള സ്നേഹത്തിൽ നിന്ന് ഒഴിഞ്ഞിരിക്കുകയെന്നത് അസംഭാവ്യം തന്നെയാണ്. ദൈവത്തിൽ വിശ്വസിക്കുന്നുവെന്ന് വാദിക്കുന്നവൻ തന്റെ വാദത്തിൽ വ്യാജനോ വഞ്ചകനോ ആകാനിടയുണ്ട് എന്ന കാര്യം ഞാൻ അംഗീകരിക്കാം. പക്ഷേ, ദൈവത്തിൽ യഥാർഥ വിശ്വാസമുള്ള ഒരാളുടെ ഹൃദയം സൃഷ്ടികളോടുള്ള സ്നേഹവായ്പിന്റേയും സഹതാപമനോഭാവത്തിന്റേയും വികാരവിചാരങ്ങളിൽനിന്ന് ഒഴിഞ്ഞിരിക്കുമെന്നകാര്യം നിമിഷനേരത്തേക്കെങ്കിലും എനിക്ക് അംഗീകരിക്കാൻ പറ്റുകയില്ല. കാരണം അത് മനുഷ്യപ്രകൃതിക്ക് വിരുദ്ധമാണ്. ലോകചരിത്രം പഠിച്ചാലും, സുദൃഢവും സുസ്ഥിരവുമായ നിലയിൽ ദൈവത്തിൽ വിശ്വസിച്ചിട്ടുള്ള ആളുകൾ മാത്രമാണ് സൃഷ്ടികളോടുള്ള സ്നേഹത്തിന്റേയും സഹതാപത്തിന്റേയും വികാരവിചാരങ്ങളിൽ മുൻപന്തിയിലെന്ന് കാണാം. ഈ വിശ്വാസം ബലഹീനമാകുന്നതനുസരിച്ച് ആ വികാരങ്ങളും അവരിൽ ബലഹീനമാകാൻ തുടങ്ങുന്നു. മനുഷ്യവർഗത്തിൽ ആത്മബന്ധത്തിന്റേയും സാഹോദര്യത്തിന്റേയും വികാരങ്ങൾ സൃഷ്ടിച്ചെടുക്കാൻ ഏറ്റവും ദൃഢതരവും ബലവത്തായതും പെട്ടെന്ന് ശക്തിചെലുത്തുന്നതുമായ മാർഗം ദൈവവിശ്വാസമാണെന്ന കാര്യത്തിൽ ലവലേശം സംശയമില്ല. കാരണം ആ വികാരങ്ങൾ ലോകത്ത് സമാധാനസ്ഥാപനത്തിനും ലോകജനതയുടെ താൽപര്യ സംരക്ഷണത്തിനും ഉൽക്കർഷത്തിനും ഉപകാരത്തിനും അങ്ങേയറ്റം അനിവാര്യമാണ്. അതുകൊണ്ടുതന്നെ പ്രയോജനപ്രദവും അനുഗൃഹീതവുമായ പ്രസ്തുത വിശ്വാസത്തെ കൈയൊഴിക്കാതിരിക്കേണ്ടത് ഓരോ ധിഷണാശാലിയുടേയും കടമയാകുന്നു.

ദൈവനിഷേധികളും ചിലപ്പോൾ മറ്റുള്ളവരോട് സ്നേഹത്തോടും സഹതാപത്തോടും പെരുമാറുകയും പൊതുജനക്ഷേമപ്രവർത്തനങ്ങളിൽ താൽപര്യം കാണിക്കുകയും ചെയ്യുന്നതുകൊണ്ട് നടേപറഞ്ഞ വികാരവിചാരങ്ങൾ സൃഷ്ടിക്കാൻ ദൈവവിശ്വാസത്തിന്റെ ആവശ്യമില്ലെന്ന് ചിലരെങ്കിലും കരുതുന്നുണ്ടാകാം. അതിനുള്ള മറുപടി ഇതാണ്: ദൈവവിശ്വാസം കൂടാതെ മറ്റേതെങ്കിലും മാർഗത്തിലൂടെ ആ വികാരവിചാരങ്ങൾ ഉണ്ടാകുക സാധ്യമേയല്ലെന്ന് നാം പറഞ്ഞിട്ടില്ല. ഞാൻതന്നെ, ഏറ്റിറക്കത്തോടെ ധാരാളം വസ്തുക്കൾ ഇതിനു കാരണമാകുന്നുണ്ടെന്ന് അംഗീകരിക്കുന്നവനാണ്. എന്നാൽ, എന്റെ വാദം ആദംസന്തതികളിൽ ഒന്നടങ്കം പരിപൂർണവും തികവുറ്റതുമായ നിലയിൽ പ്രസ്തുത വികാരവിചാരങ്ങൾ സൃഷ്ടിക്കാൻ ദൈവവിശ്വാസ

ത്തിന് മാത്രമേ സാധിക്കൂ എന്നാണ്. മറ്റുള്ള ഒരു മാർഗവും അതിനോട് കിടപിടിക്കുന്നതായിട്ടില്ല. ദൈവത്തെക്കുറിച്ചുള്ള വിശ്വാസം സാഹോദര്യത്തിന്റേയും ആത്മബന്ധത്തിന്റേയും വികാരവിചാരങ്ങൾ സൃഷ്ടിക്കാൻ പര്യാപ്തമല്ലെന്ന് ബുദ്ധിപരമായ നിലയിൽ തെളിയിക്കപ്പെടാത്തിടത്തോളം അല്ലെങ്കിൽ ദൈവവിശ്വാസികളെ അപേക്ഷിച്ച് ദൈവനിഷേധികളാണ് മനുഷ്യവർഗത്തോട് അധികം സഹതാപവും നന്മയും സ്നേഹവുമുള്ളവരെന്ന് അനുഭവത്തിന്റെ വെളിച്ചത്തിൽ തെളിയിക്കപ്പെടാത്തിടത്തോളം നമ്മുടെ വാദം തെറ്റാകുകയില്ല. ഈ രണ്ടുകാര്യങ്ങളിലൊന്ന് തെളിയിക്കപ്പെടാത്തിടത്തോളം മുകളിൽ പറഞ്ഞ വികാരവിചാരങ്ങൾ ഒരു പരിധിവരെ നിരീശ്വരവാദിയിലുമുണ്ടെന്നതിന്റെ അടിസ്ഥാനത്തിൽ, ദൈവത്തെക്കുറിച്ചുള്ള വിശ്വാസത്തിന് അതുണ്ടാക്കാൻ സാധ്യമല്ലെന്നോ നിരീശ്വരത്വത്തിന് അതുണ്ടാക്കാൻ സാധ്യമാണെന്നോ ഉള്ള അസാധാരണ വാദം ഉന്നയിക്കാൻ ആർക്കും അവകാശവുമില്ല.

തന്റെ ഉള്ളിൽ മനുഷ്യവർഗത്തോടുള്ള ഈ വികാരവിചാരങ്ങൾ സൃഷ്ടിക്കാൻ നിരീശ്വരത്വം പര്യാപ്തമാണെന്നോ ദൈവവിശ്വാസത്തിന് അതൊട്ടും സാധ്യമല്ലെന്നോ കരുതാൻ ബോധവും ബുദ്ധിയുമുള്ള ആരെങ്കിലും നിമിഷനേരത്തേക്കെങ്കിലും തയ്യാറാകുമോ എന്നെനിക്കറിയില്ല. ഇപ്പറഞ്ഞ രണ്ടു കാര്യങ്ങളും പ്രകൃതിവിരുദ്ധമാണ്. ഒരു ധിഷണാശാലിയ്ക്കും അത് അംഗീകരിക്കാൻ പറ്റുകയില്ല. ദൈവത്തിന്റെ അസ്തിത്വം (അതിനെ ശരിയായ നിലയിൽ അംഗീകരിക്കുകയാണെങ്കിൽ) അതാണ് കേന്ദ്രബിന്ദു. സകല സൃഷ്ടികളും ഇവിടെ എത്തിയാണ് അവസാനം സമ്മേളിക്കുന്നത്. ഏകാത്മബന്ധത്തിന്റേയും മനസ്സന്തോഷത്തിന്റേയും വിചാരം അഭേദ്യമായ നിലയിൽ ഈ ബിന്ദുവുമായിട്ട് ചേർന്നിരിക്കുന്നു. അതിനെ അംഗീകരിക്കാതിരിക്കുക എന്നതിന്റെ അർഥം ഈ അണ്ഡകടാഹത്തിന് ഒരു കേന്ദ്രസ്ഥാനമോ ഉത്ഭവസ്ഥലമോ ഇല്ലെന്ന് സമ്മതിക്കലാണ്. ഈ ചിന്താഗതി കടന്നുവരുന്നതോടെ ഐക്യത്തിന്റേയും സഹകരണത്തിന്റേയും വികാരവിചാരങ്ങൾ അപ്രത്യക്ഷമാകാൻ തുടങ്ങും. ഒരു അച്ഛന്റെ മക്കളായിരിക്കുക ഐക്യത്തിനും സാഹോദര്യത്തിനും കാരണമാകില്ലെന്നും പല അച്ഛന്മാരുടെ മക്കളായെങ്കിലേ അതുണ്ടാകുകയുള്ളൂവെന്നും ആരെങ്കിലും പറയുമോ? ഒരിക്കലുമില്ല. അതുകൊണ്ട് പല അച്ഛന്മാരുടെ മക്കൾ പരസ്പരം രഞ്ജിപ്പിലും സ്നേഹത്തിലും എപ്പോഴെങ്കിലും കഴിയുന്നത് കണ്ട് ഒരു അച്ഛന്റെ മക്കളായിരിക്കുന്നത് സ്നേഹഭാവത്തിനും

സാഹോദര്യബന്ധത്തിനും കാരണമാകുകയില്ലെന്നുള്ള അസാധാരണ തീരുമാനമെടുക്കാൻ നമുക്ക് പറ്റുകയില്ല. അത്തരം പരിതഃസ്ഥിതിയിൽ അവിടെ മറ്റെന്തോ കാരണങ്ങൾ അതിന്റെ സ്വാധീനശക്തി ചെലുത്തിക്കൊണ്ടിരിക്കുന്നുവെന്നും അതാണ് പല അച്ഛന്മാരുടെ മക്കളായിട്ടും അവരെ ഒരു ബിന്ദുവിൽ ഒരുമിച്ചു നിറുത്തിയിരിക്കുന്നതെന്നും നാം മനസ്സിലാക്കുന്നതാണ്. അല്ലാതെ പല അച്ഛന്മാരുടെ സന്തതിയായതല്ല ഒരു ബിന്ദുവിൽ ഒത്തുചേരാനുള്ള കരുത്ത് അവർക്ക് പകർന്നത്. അപ്രകാരം തന്നെ, ചില കാരണങ്ങൾകൊണ്ട് പല അച്ഛന്മാരുടെ മക്കൾ അവരിലുള്ള വ്യത്യാസം നിലനില്ക്കേ ഒരു മാലയിൽ കോർത്ത മുത്തുപോലെ ഐക്യത്തിലും സഹകരണത്തിലും കഴിയുന്ന ഈ സ്ഥിതി അവർ ഒരച്ഛന്റേയും അമ്മയുടേയും മക്കളായിരുന്നെങ്കിൽ കൂടുതൽ പൂർണമായ നിലയിൽ വെളിപ്പെടുമായിരുന്നുവെന്ന് ബുദ്ധിമാന്മാരെല്ലാം സമ്മതിക്കും. അതുകൊണ്ട് ദൈവനിഷേധിയും ചില ഘട്ടങ്ങളിൽ മനുഷ്യവർഗത്തോട് സ്നേഹത്തോടും സഹതാപത്തോടും പെരുമാറുന്നതിനാൽ, നമുക്കിനി ദൈവത്തിൽ വിശ്വസിക്കേണ്ട കാര്യമില്ലെന്ന് പറയാൻ നമുക്ക് സാധ്യമല്ല. എന്തുകൊണ്ടെന്നാൽ ഈ വികാരവിചാരങ്ങൾ അതിന്റെ തോതിന്റേയും അളവിന്റേയും അടിസ്ഥാനത്തിൽ സർവസമ്പൂർണമായ രീതിയിൽ പ്രത്യക്ഷമാകുന്നത്, മറ്റുകാരണങ്ങളുമായി ഏകാത്മബന്ധമുള്ളവർ ദൈവവിശ്വാസത്തിൽ നിലകൊള്ളുകയും തങ്ങളെ സ്വയം ഒരേയൊരു ഉത്ഭവസ്ഥാനത്തുനിന്ന് ജന്മംകൊണ്ട സൃഷ്ടികളായും ഒരേയൊരു ഉറവിൽനിന്ന് പൊട്ടിയൊഴുകുന്ന നദികളായും സമ്മതിക്കുകയും ചെയ്യുമ്പോഴാണ്.

എന്റെ പ്രിയപ്പെട്ട സഹോദരങ്ങളേ, ദൈവത്തിൽ വിശ്വസിക്കുക എന്നത് (അത് സത്യനിഷ്ഠവും ജീവസുറ്റതുമായ വിശ്വാസമാണെങ്കിൽ) മറ്റൊരിടത്തും നിങ്ങൾക്ക് കാണാനൊക്കാത്തവിധം സ്നേഹത്തിന്റേയും സാഹോദര്യത്തിന്റേയും അതിനോടൊപ്പം നന്മയുടേയും വികാരവിചാരങ്ങളെ മനുഷ്യന്റെ ഉള്ളിൽ അനന്തസാഗരത്തിലെ അലയടിച്ചുയരുന്ന തിരമാലകളാക്കിത്തീർക്കുമെന്ന് ഞാനെങ്ങനെയാണ് നിങ്ങളെ വിശ്വസിപ്പിക്കേണ്ടത്. ഈ വിശ്വാസംമൂലമുണ്ടാകുന്ന അത്തരം വികാരങ്ങൾക്കുമുമ്പിൽ മറ്റുള്ളതെല്ലാം നിഷ്പ്രഭമാണ്.

ഒരു നിരീശ്വരവാദിയ്ക്ക് അത്തരം വികാരവിചാരങ്ങൾ എന്തുകൊണ്ടുണ്ടാകുന്നു എന്ന ചോദ്യമുദിക്കാം. അതിനുള്ള മറുപടിയാണ് ഇനി വിവരിക്കുന്നത്. അതിന് രണ്ടു കാരണങ്ങളുണ്ട്. ഒന്നാമതായി

നാസ്തികൻ തന്റെ ചുറ്റുപാടുമുള്ള മതാധ്യാപനങ്ങളിൽ അറിഞ്ഞോ അറിയാതെയോ ആകർഷിക്കപ്പെട്ട് മനുഷ്യവർഗത്തോടുള്ള സ്നേഹവും സഹതാപവും ഒരു നല്ല കാര്യമാണെന്ന് മനസ്സിലാക്കുന്നു. താനത് ഇഷ്ടപ്പെടുന്നില്ലെങ്കിൽ തനിക്ക് ജനപ്രീതി നഷ്ടപ്പെടുമെന്നും അങ്ങനെ വന്നാൽ, അത് ദുഷ്പേരിന് കാരണമാകുമെന്നും വിമർശനത്തിന് കാരണമാകുമെന്നും അയാൾ കരുതുകയും ചെയ്യുന്നു. അതുകൊണ്ട് സർവസമ്മതമായി അറിയപ്പെടുന്ന ആ കാര്യത്തിൽനിന്ന് ദൈവവിശ്വാസികളുടെ പിന്നിലായിപ്പോകാതിരിക്കാൻ മനഃപൂർവമോ അല്ലാതെയോ അയാൾ ശ്രമിക്കുന്നു. മാത്സര്യബുദ്ധിയും ദുഷ്പേരിന്റെ ഭയവുമാണ് വാസ്തവത്തിൽ അയാളെക്കൊണ്ട് അതു ചെയ്യിക്കുന്നത്. ഇങ്ങനെയാകുമ്പോൾ ഒരിക്കലുംതന്നെ അയാളുടെ ഉള്ളിൽ ഉന്നതവും പരിപൂർണവുമായ നിലയിൽ ഇത്തരം വികാരവിചാരങ്ങൾ പ്രകടമാകുകയില്ലെന്നത് വ്യക്തമാണ്. ഒരു ദൈവവിശ്വാസിയിൽ കാണുന്നതുപോലെ കളങ്കരഹിതവും നിസ്വാർഥപരവും സ്വാഭാവികവുമായ വികാരവിചാരങ്ങൾ അയാളുടെ ഉള്ളിൽ ഉണ്ടാകുകയേയില്ല. അയാളുടെ സ്നേഹവും സഹതാപവും രണ്ടാനമ്മയുടേതുപോലെയാണ്. അവൾ തന്റെ ഭർത്താവിനെ സന്തോഷിപിക്കാൻ വേണ്ടി അല്ലെങ്കിൽ ദുഷ്പേരിൽനിന്ന് രക്ഷപ്പെടാൻവേണ്ടി തന്റെ ഭർത്താവിന്റെ മരിച്ചുപോയ ഭാര്യയിലുള്ള മക്കളെ സ്നേഹിക്കുന്നു. എന്നാൽ, മാതാവിന്റെ നെഞ്ചകത്ത് പ്രകൃത്യാൽ അലയടിച്ചുയർന്നു കൊണ്ടിരിക്കുന്ന സ്നേഹം എങ്ങനെയുള്ളതാണെന്നും രണ്ടാനമ്മയുടെ പ്രദർശനപരതയോടുകൂടിയ സ്നേഹഭാവം എങ്ങനെയുള്ളതാണെന്നും കാണുന്നവർക്കറിയാം. **'വശ്ശാദു കൽമഅ്ദൂമി'.** (ഉള്ളതും ഇല്ലാത്തതും ഒരുപോലെ)

രണ്ടാമത്തെ കാരണം, മനുഷ്യവർഗത്തിന്റെ അഭിവൃദ്ധിയ്ക്കും സഹായോപകാരത്തിനും കെട്ടുറപ്പുള്ള സാമൂഹിക സംസ്ഥാപനത്തിനും ജനങ്ങൾ പരസ്പരം സ്നേഹത്തോടും സൽപെരുമാറ്റത്തോടുംകൂടി കഴിയേണ്ടതും അവരുടെ ശാരീരികവും ആധ്യാത്മികവും വൈജ്ഞാനികവും സാമ്പത്തികവുമായ ക്ഷേമത്തിന് പരസ്പരം സഹകരിച്ചുള്ള പ്രവർത്തനങ്ങളിൽ ഭാഗഭാക്കാകേണ്ടതും അനിവാര്യമാണെന്ന് മറ്റുള്ളവരെപ്പോലെതന്നെ നാസ്തികർക്കുമറിയാം. അതുകൊണ്ട് ഒരു സാമൂഹിക ജീവി എന്ന നിലയിലും ഒരു നാസ്തികൻ ഇത്തരം വികാരങ്ങളും വിചാരങ്ങളും സൃഷ്ടിക്കാൻ ശ്രമിക്കുന്നു. ഇത്തരം പ്രവർത്തനങ്ങളിൽ താൽപര്യമെടുക്കുന്നു. എന്നാൽ, ഇതിനും പരിമിതികളുണ്ട്. ദൈവവിശ്വാസം കൊണ്ടുണ്ടാകുന്ന സ്വാഭാവികവും വികാരപരവുമായ ബന്ധം

അതിനുണ്ടാക്കാൻ സാധ്യമല്ല. ഒരു ദൈവത്തിന്റെ സൃഷ്ടിയാണെന്ന കാരണത്താൽ ഈ വികാരങ്ങൾ ദൈവത്തിൽ വിശ്വസിക്കുന്നവന്റെ പ്രകൃതിയുടെ ഭാഗമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ഒരു ദൈവത്തിന്റെ സൃഷ്ടിയാണെന്ന വിചാരത്തോടെ സ്നേഹവായ്പ്പോടും സാഹോദര്യമനോഭാവത്തോടും കൂടി മനുഷ്യവർഗത്തോടു ബന്ധപ്പെടുന്ന ഒരു വ്യക്തിയോളമെത്താൻ അതല്ലാത്തയാൾക്ക് സാധ്യമല്ല. ഒരു ഭാഗത്ത് ദൈവത്തെക്കുറിച്ചുള്ള വിചാരം, സ്വതസിദ്ധവും സ്വാഭാവികവുമായ നിലയിൽ ഈ വികാരങ്ങൾ മനുഷ്യനിലുണ്ടാക്കുമ്പോൾ മറുഭാഗത്ത് ഗൗരവപൂർവമായ ചിന്തയുടെ ഫലമായും നിയന്ത്രണവിധേയവുമായിട്ടാണ് അതുണ്ടാകുന്നത്. വ്യത്യാസം വ്യക്തമാണ്.

പറഞ്ഞതിന്റെ ചുരുക്കമിതാണ്. നാസ്തികന്റെ മനസ്സിൽ മനുഷ്യവർഗത്തോടുള്ള സഹതാപ വിചാരങ്ങൾ ഏതെല്ലാം കാരണങ്ങൾ കൊണ്ടാണോ ഉണ്ടാകുന്നത്, അയാൾക്ക് അതിനെ ദൈവത്തിൽ വിശ്വസിച്ചതിന്റെ ഫലമായി, മനുഷ്യന് ലഭ്യമാകുന്ന ആ ഉന്നതവും ഉദാത്തവുമായ സ്ഥാനംവരെ എത്തിക്കാൻ ഒരിക്കലും സാധ്യമല്ല. ഇതിനുപുറമേ മറ്റൊരു കാര്യംകൂടി ഓർമവയ്ക്കേണ്ടതുണ്ട്. സഹതാപ മനോഭാവത്തിന്റേയും സ്നേഹവായ്പിന്റേയും വിചാരങ്ങൾ ഉണ്ടാക്കാൻ ഉതകുന്ന മറ്റുകാരണങ്ങൾ പൊതുവായിട്ടുള്ളതാണ്. ഇതിൽനിന്ന് ഒരു നാസ്തികൻ ഫലമെടുക്കുന്നതുപോലെതന്നെ വിശ്വാസിയും ഫലമെടുക്കുന്നു. പക്ഷേ, ദൈവത്തിൽ വിശ്വസിക്കുന്നതുകൊണ്ട് ലഭ്യമാകുന്ന വിചാരവികാരങ്ങൾ അത് ദൈവത്തിൽ വിശ്വസിക്കുന്നവർക്ക് മാത്രമുള്ളതാണ്. ഇതിൽനിന്ന് ഫലമനുഭവിക്കാൻ ഒരു നാസ്തികനും ഒരു വിധത്തിലും സാധ്യമല്ല. ഏതെങ്കിലും ഉൽപന്നം ഉണ്ടാക്കുന്നതിനുവേണ്ടി പല കാരണങ്ങൾ ഒന്നിച്ച് പ്രവർത്തിക്കുമ്പോൾ കുറ്റവും കുറവുമൊന്നുമില്ലാതെ പരിപൂർണമായ നിലയിൽ അതുണ്ടാകുമെന്നത് വ്യക്തമാണ്. ഇങ്ങനെ നോക്കിയാലും ദൈവത്തെക്കുറിച്ചുള്ള വിശ്വാസം ലാഭവും പ്രയോജനകരവുമാണെന്ന് കാണാം.

ഇതിനുപുറമെ മറ്റൊരു കാര്യംകൂടി ഓർമവെയ്ക്കേണ്ടതാണ്. ഐക്യത്തിന് നിദാനമാകുന്ന എത്രയെത്ര മറ്റുകാരണങ്ങളുണ്ടോ അതെല്ലാം ഒരു പരിധിവരെ സഹകരണത്തിന്റേയും സഹതാപത്തിന്റേയും ത്യാഗത്തിന്റേയും ചൈതന്യം ഉൾക്കൊള്ളുന്നതാണ് എന്നത് ശരിതന്നെ. എന്നാൽ, മാനുഷികമായ സാഹോദര്യ വികാരം സൃഷ്ടിക്കാൻ അതിന് ഒരു വിധത്തിലും സാധ്യമല്ല. എന്തുകൊണ്ടെന്നാൽ സാഹോദര്യബ

ന്ധത്തിന്റെ വികാരം അതായത് എല്ലാ മനുഷ്യരും ഏകോദര സഹോദരങ്ങളാണെന്ന വിചാരം മനുഷ്യനുമേൽ ഏകനായൊരു സ്രഷ്ടാവും ഉടമസ്ഥനും ഉണ്ടെന്ന് അംഗീകരിക്കാതെ മറ്റൊരു തരത്തിലും ഉണ്ടാകുകയില്ല. കാരണം സാഹോദര്യത്തിന്റെ അർഥംതന്നെ നമ്മളെല്ലാവരും ഒരു ഉറവിൽനിന്ന് പൊട്ടിയൊഴുകിയവരാണെന്നാകുന്നു. അതുകൊണ്ട് വ്യക്തികളുടേയും ജനതകളുടേയുമിടയിൽ സഹകരണത്തിന്റേയും സഹതാപത്തിന്റേയും ബന്ധമുണ്ടാക്കുന്ന വിഷയത്തിൽ മറ്റുകാരണങ്ങൾ എത്ര വിജയിച്ചാലും അതിന്റെ ഫലമായി ഏകോദരസഹോദരത്വം എന്ന വികാരം ഒരിക്കലും ഉണ്ടാകുകയില്ല. ഇതിന്റെ അടിസ്ഥാനത്തിലും ദൈവവിശ്വാസത്തിന്റെ അനിവാര്യതയും അതുകൊണ്ടുള്ള നേട്ടവും സ്ഥാപിതമാകുന്നുണ്ട്. മനുഷ്യവർഗത്തിൽ സഹോദരത്വത്തിന്റേയും ഏകാത്മബന്ധത്തിന്റേയും വികാരം പ്രകൃതിപരമായ നിലയിൽ ഉണ്ടാകുന്നില്ലെങ്കിൽ ഐക്യവും പരസ്പര സഹായവും ആർക്കും വിശ്വസിക്കാൻ പറ്റാത്തതായിരിക്കും. എന്നു മാത്രമല്ല ഇത്തരം ഘട്ടങ്ങളിൽ ആരുടെയെങ്കിലും ഹിതത്തിനു വിരുദ്ധമായി ചെറിയൊരു കാര്യം എപ്പോഴെങ്കിലും സംഭവിച്ചുപോയാലുടനെ സ്വാർഥപരമായ വികാരവിചാരങ്ങൾക്ക് വശംവദരായി വിദ്വേഷത്തിന്റേയും വെറുപ്പിന്റേയും അവസ്ഥ ഉണ്ടാക്കിക്കളയുമോ എന്ന ഭയവും ഓരോ നിമിഷവും അലട്ടിക്കൊണ്ടിരിക്കും. നമ്മുടെ സ്രഷ്ടാവും രാജാധിരാജനുമായ ഏകനായൊരു ദൈവം നമുക്ക്മേലുണ്ടെന്നും അതുകൊണ്ട് നാമെല്ലാവരും ഏകോദര സഹോദരങ്ങളായി കഴിയണമെന്നുമുള്ള വിശ്വാസം സത്യനിഷ്ഠമായ നിലയിൽ നമ്മുടെ ഉള്ളിൽ നിലനില്ക്കാത്തിടത്തോളം ലോകസമാധാനം അപകടത്തിൽ തന്നെയാണ്. എപ്പോഴെങ്കിലും നമ്മുടെ ഇടയിൽ അഭിപ്രായഭിന്നത നാമ്പിട്ടാൽ, നമ്മൾ നീതിയെ കൈവിടാതിരിക്കുകയും ഒരാൾ മറ്റൊരാൾക്കുവേണ്ടി ആത്മത്യാഗത്തിന്റേയും സമന്വയത്തിന്റേയും മാർഗം സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. ചിന്തിച്ചുനോക്കിയാൽ പരമ്പരാഗതമായ സമ്പ്രദായങ്ങളിലൂടെയും ആചാരങ്ങളിലൂടെയും ഉണ്ടായിട്ടുള്ള ബന്ധങ്ങൾ കേവലം സ്വാർഥതയിലധിഷ്ഠിതമാണെന്നു കാണാം. എന്തുകൊണ്ടെന്നാൽ, താൻ മറ്റുള്ളവരോട് നല്ലബന്ധം സ്ഥാപിച്ചിട്ടില്ലെങ്കിൽ മറ്റുള്ളവർ തന്നോടും നല്ല രീതിയിൽ പെരുമാറുകയില്ലെന്നും അങ്ങനെ തനിക്ക് നഷ്ടമുണ്ടാകുമെന്നും ഓരോ മനുഷ്യനും വിചാരിക്കുന്നു. അതുകൊണ്ടാണ് സ്വന്തം താൽപര്യത്തിന്റെ അടിസ്ഥാനത്തിൽ അവൻ സൽപെരുമാറ്റത്തിന്റെ വഴി സ്വീകരിച്ചിട്ടുള്ളത്. അവൻ മറ്റുള്ളവരോട് സഹതാപപൂർവ്വം പെരുമാറുകയും

സഹകരിക്കുകയും ചെയ്യുന്നത് മറ്റുള്ളവർ തന്നോടും സഹതാപപൂർവം പെരുമാറുകയും സഹകരിക്കുകയും ചെയ്യുന്നതിനുവേണ്ടിയാണ്. ഇങ്ങനെയാണെങ്കിലും ഇതിന്റെ ഫലവും ഒരു പരിധിവരെ ലാഭകരവും പ്രയോജനകരവും തന്നെയാണ്. പക്ഷേ, സ്വാർഥതയിൽ അധിഷ്ഠിതമായ ഈ പ്രേരണയ്ക്ക്, പ്രകൃതിപരവും സ്വാഭാവികവുമായ വികാരമെന്ന നിലയിൽ ജനങ്ങളിൽ സാഹോദര്യത്തിന്റേയും ഏകാത്മബന്ധത്തിന്റേയും വികാരവിചാരങ്ങൾ സൃഷ്ടിക്കുന്ന ഉന്നതവും ഉദാത്തവുമായ സ്ഥാനവുമായിട്ട് ഒട്ടുംതന്നെ ബന്ധം ഉണ്ടായിരിക്കുകയില്ലെന്നത് വ്യക്തമാണ്. സഹോദരത്വത്തിന്റെ രൂപത്തിൽ പ്രത്യക്ഷമാകുന്ന ഈ സ്വാഭാവിക വികാരം ദൈവവിശ്വാസം കൂടാതെ ഒരിക്കലും ലഭ്യമല്ല.

## മതം കലാപത്തിന് കാരണമോ?

**ദൈവത്തിൽ** വിശ്വസിക്കുന്നതുകൊണ്ടുള്ള രണ്ടാമത്തെ നേട്ടം വിവരിക്കുന്നതിനുമുമ്പേ ചിലർക്കുണ്ടാകുന്ന ഒരു സംശയത്തിന്റെ ദൂരീകരണം അനിവാര്യമാണെന്ന് ഞാൻ കരുതുന്നു. മതം ലോകത്ത് രക്തച്ചൊരിച്ചിലിനും വിദ്വേഷത്തിനും വർഗീയതയ്ക്കും കാരണമാകുന്നുവെന്നാണ് ചിലർ പറയുന്നത്. അതായത് മതം മനുഷ്യനിൽ സങ്കുചിതത്വവും അസഹിഷ്ണുതയും ഉണ്ടാക്കുന്നുവത്രെ! അത് ലോകത്ത് സമാധാന സംസ്ഥാപനത്തിനും മനുഷ്യവർഗത്തിന്റെ അഭിവൃദ്ധിക്കും അവരുടെ ക്ഷേമത്തിനും പാഷാണമാണെന്നും പറയുന്നു! അതുകൊണ്ട് വിശാലചിന്താഗതി സൃഷ്ടിക്കുന്നതിനും ജനങ്ങൾ പരസ്പരം സ്നേഹത്തോടും സമാധാനത്തോടും ജീവിക്കുന്നതിനുംവേണ്ടി അവരെ മതത്തിന്റെ ഇരുമ്പഴിയ്ക്കുള്ളിൽ നിന്ന് പുറത്തുകൊണ്ടുവരാൻ ശ്രമിക്കുകതന്നെ വേണമത്രെ! ഏതൊരു ദൈവത്തെക്കുറിച്ചുള്ള വിചാരം ലോകത്ത് രക്തച്ചൊരിച്ചിലിന് കാരണമാകുന്നുവോ ആ ദൈവത്തെ നാം കൈയൊഴിയേണ്ടതാണെന്നും ഇവർ അവകാശപ്പെടുന്നു. ഇതാണ് വിദ്യാസമ്പന്നരായ നവാഗതരുടെ ചേരിയിൽനിന്ന് ഉയരുന്ന ആഹ്വാനം. യൂറോപ്യൻ ബുദ്ധിജീവികളും ഇതിൽ ഭാഗഭാക്കാണ്.

അല്പം ചിന്തിച്ചാൽ പ്രസ്തുത ആക്ഷേപം ചിന്താശൂന്യതയുടെ ഫലമാണെന്ന് കാണാം. ശരിയായ മറുപടിയിലേക്ക് കടക്കുന്നതിന് മുമ്പേ ഒരു കാര്യം പറഞ്ഞുകൊള്ളട്ടെ. വാദത്തിനുവേണ്ടി ഈ ആക്ഷേപം ശരിയാണെന്ന് സമ്മതിച്ചാൽത്തന്നെ അത് ദൈവമില്ലെന്നുള്ളതിന് തെളിവാകുന്നില്ല. വേണമെങ്കിൽ ദൈവത്തെക്കുറിച്ചുള്ള വിശ്വാസം സങ്കുചിത ചിന്താഗതിക്കും സമാധാനഭ്രംശത്തിനും കാരണ

മാകുന്നുവെന്ന് പറയാവുന്നതാണ്. പക്ഷേ, ഒരു കാര്യം ഓർക്കേണ്ടതുണ്ട്. യഥാർഥത്തിൽ ദൈവമുണ്ടെങ്കിൽ അവന്റെ നിർദ്ദേശമോ കല്പനയോ ആഹ്വാനമോ എന്തുതന്നെയായാലും അത് ശിരസാവഹിക്കാൻ നാം ബാധ്യസ്ഥരാണ്. അതായത്, ദൈവം ഉണ്ടെന്ന് സ്ഥാപിതമായാൽ, മതം രക്തച്ചൊരിച്ചിലിന് കാരണമാണെങ്കിൽപ്പോലും അവന്റെ അസ്തിത്വത്തെ നിഷേധിക്കാൻ നമുക്കവകാശമില്ല. എന്നാൽ, മതം രക്തച്ചൊരിച്ചിലിന് ഹേതുവാണെന്ന ആക്ഷേപം അബദ്ധജടിലവും നിരർഥവുമാണെന്നതാണ് വാസ്തവം. ഈ ആക്ഷേപം ഉന്നയിക്കുന്നവർ ഭയാനകമായ തെറ്റുധാരണയിൽ അകപ്പെട്ടിരിക്കുകയാണ്.

ദൈവത്തെ കുറിച്ചുള്ള വിചാരം സ്വാഭാവികമായും ജനഹൃദയങ്ങളിൽ പരസ്പരസ്നേഹത്തിന്റേയും സഹോദരത്വത്തിന്റേയും വികാരങ്ങൾ സൃഷ്ടിക്കുന്നുവെന്നും വർഗീയപരവും ദേശീയപരവും കുലപരവുമായ എല്ലാ യാഥാസ്ഥിതികത്വത്തേയും തുടച്ചുനീക്കി അന്താരാഷ്ട്രതലത്തിൽ സഹോദരത്വം സ്ഥാപിക്കാൻ അത് കാരണമാണെന്നും നാം തെളിയിച്ചു കഴിഞ്ഞതാണ്. ദൈവത്തെക്കുറിച്ചുള്ള വിചാരം കൂടാതെ ഈ അന്താരാഷ്ട്ര സഹോദരത്വ സങ്കല്പം ഊഹിക്കാനേ സാധ്യമല്ല. സത്യം ഇതായിരിക്കെ ദൈവത്തെക്കുറിച്ചുള്ള വിശ്വാസം കലാപങ്ങൾക്കും കലഹങ്ങൾക്കും കാരണമാകുന്നതെങ്ങനെ? കലാപങ്ങൾക്കും കലഹങ്ങൾക്കും സങ്കുചിതത്വ ചിന്താഗതികൾക്കും ദൈവവിശ്വാസവുമായിട്ട് ഒരു ബന്ധവുമില്ല. മനുഷ്യൻ വംശീയപരവും ദേശീയപരവും കുലപരവുമായ രീതിയിൽ ദൈവത്തെക്കുറിച്ച് സങ്കല്പിക്കാതെ സകല മനുഷ്യരുടേയും സ്രഷ്ടാവും ഉടമസ്ഥനും ഒരേയൊരു ദൈവമാണെന്ന് കരുതി ജീവിച്ചാൽ സങ്കുചിത ചിന്താഗതിയും വർഗീയരൂക്ഷതയും യുദ്ധകോലാഹലങ്ങളും ചേരിപ്പോരുമുണ്ടാകുമെന്ന് നിമിഷനേരത്തേക്കുപോലും ബുദ്ധി സമ്മതിക്കുകയില്ല. ഈ രണ്ടുകാര്യങ്ങളിൽ കാരണത്തിനും കാരണക്കാരനും തമ്മിലുള്ള പ്രകൃതിപരമായ എന്തെങ്കിലും ബന്ധം അന്വേഷിച്ചു കണ്ടെത്താൻ സ്ഥിരചിത്തരായ ഒരാൾക്കും സാധ്യമല്ല. അതുകൊണ്ട് മതം വാസ്തവത്തിൽ കലാപങ്ങൾക്കും കലഹങ്ങൾക്കും സങ്കുചിതചിന്താഗതികൾക്കും ചേരിപ്പോരുകൾക്കും വഴിവെക്കുന്നതായി നാം കാണുന്നുവെങ്കിൽ അതിന്റെ കാരണം മറ്റെവിടെയെങ്കിലും നാം അന്വേഷിക്കേണ്ടതായിവരുന്നു. അതെന്തുകൊണ്ടുണ്ടാകുന്നുവെന്ന് ചിന്തിക്കേണ്ടതുമാണ്. അല്ലാതെ അന്യായത്തോടും അതിക്രമത്തോടുംകൂടി തികച്ചും അസ്വാഭാവികമായ നിലയിൽ ദൈവത്തെക്കുറിച്ചുള്ള വിശ്വാസത്തിലേക്ക് നാം അതിനെ ഒരിക്കലും വലിച്ചിഴക്കരുത്.

നിർഭാഗ്യവശാൽ ഇന്ന് മതത്തിന്റെ പേരല്ലാതെ മറ്റൊന്നും അവശേഷിച്ചിട്ടില്ലാത്ത അവസ്ഥയിൽ, മതം ആക്ഷേപകരുടെ മുമ്പിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു. ഈ ആക്ഷേപം വർത്തമാനകാലത്തിന്റെ ഒരു പ്രത്യേകതയാണ്. ഇക്കാലത്ത് എല്ലാ മതാനുയായികളും അവരവരുടെ യഥാർഥ അധ്യാപനങ്ങളിൽനിന്ന് വളരെ അകന്നുപോയിരിക്കുന്നു. ഇന്ന് സ്വന്തം മതത്തിന്റെ യഥാർഥ അധ്യാപനങ്ങളനുസരിച്ച് ജീവിതം നയിക്കുന്ന ഒരു മതാനുയായിയേയും കാണാൻ കഴിയുന്നില്ല. മതത്തിന്റെ പ്രകൃതവും രൂപവുമെല്ലാം മനുഷ്യ കൈകടത്തലുകളാൽ അങ്ങേയറ്റം വികൃതമായിരിക്കുന്നു. തൽഫലമായി സ്വതന്ത്ര ചിന്താഗതിക്കാർക്ക് മതത്തിന്റെമേൽ ആക്ഷേപം ഉന്നയിക്കാൻ അവസരം കിട്ടി. വാസ്തവത്തിൽ ലോകത്ത് സമാധാന സംസ്ഥാപനത്തിനും മനുഷ്യവംശത്തിന്റെ ബുദ്ധിശക്തി പ്രകാശോജ്ജ്വലമാക്കുന്നതിനും സകല മാർഗങ്ങളെക്കാളും ഉന്നതമായ മാർഗമാണ് മതം. ജനങ്ങൾ മതത്തിന്റെ യഥാർഥ അധ്യാപനങ്ങളിൽ അടിയുറച്ചു നിന്നപ്പോഴെല്ലാം കലാപങ്ങളുടേയും കലഹങ്ങളുടേയും യുദ്ധകോലാഹലങ്ങളുടേയും വിചാരങ്ങൾ അവരിൽനിന്ന് മാഞ്ഞുപോകുകയും തൽസ്ഥാനത്ത് വിശാലചിന്താഗതിയും ഉദാത്തമായ സഹിഷ്ണുതയും നാമ്പിട്ടു തുടങ്ങുകയും ചെയ്തു. ഏതു മതത്തിന്റെ ചരിത്രം വേണമെങ്കിലും പരിശോധിക്കാവുന്നതാണ്. തുടക്കത്തിൽ അവർ അങ്ങേയറ്റം സഹിഷ്ണുതയുള്ളവരും വിശാല ചിന്താഗതിയുള്ളവരും മനുഷ്യവംശത്തോടു സഹതാപമുള്ളവരും സമാധാന കാംക്ഷികളുമായിരുന്നുവെന്ന് നിങ്ങൾക്ക് കാണാൻ കഴിയും. പിന്നീട് ആ മതത്തിന്റെ പിൻതലമുറക്കാർ മതത്തിന്റെ യഥാർഥ അധ്യാപനങ്ങളിൽനിന്ന് വ്യതിചലിച്ചുപോകുകയും പേരിലും ആചാരങ്ങളിലും മാത്രം ഒതുങ്ങുകയും ചെയ്തു. അങ്ങനെ താരതമ്യം ചെയ്യുമ്പോൾ മതത്തിന്റെ യഥാർഥ അധ്യാപനങ്ങളിൽനിന്ന് അകന്നുപോയ അനുയായികളിൽ സങ്കുചിതത്വവും അസഹിഷ്ണുതയും ചേരിപ്പോരും നിസ്സാരകാര്യങ്ങളിൽപ്പോലും ഏറ്റുമുട്ടണമെന്നുള്ള വിചാരവും സമാധാനഭംഗത്തോട് ചായ്‌വും ഉള്ളതായി കാണാൻ കഴിയുന്നതാണ്. ഞാൻ ഖണ്ഡനഭയമന്യേ പറയുന്നു: നിഷ്പക്ഷമായ നിലയിൽ ഈ പ്രശ്നത്തെ സംബന്ധിച്ച് പഠനം നടത്തിയാൽ ഞാൻ ഇവിടെപ്പറഞ്ഞ അഭിപ്രായത്തിൽ തന്നെയായിരിക്കും നിങ്ങളും എത്തിച്ചേരുക. ഓരോ മതത്തെ സംബന്ധിച്ചും എന്റെ അഭിപ്രായം ഇതുതന്നെയാണ്. ദൈവാനുഗ്രഹത്താൽ ഞാനൊരു മുസൽമാനാണ്. നബി(സ) തിരുമേനിയുടെ ഏറ്റവും താഴെയുള്ള സേവകരി

ലാണ് ഞാനെന്നെ ഉൾപ്പെടുത്തുന്നത്. ഇതു ഞാൻ എല്ലാ അഭിമാനത്തെക്കാളും വലിയ അഭിമാനമായി മനസ്സിലാക്കുന്നു. എന്നാൽ, ഇക്കാലത്ത് മറ്റു ജനതകളെപ്പോലെ മുസ്‌ലിംകളെന്ന് പറയപ്പെടുന്നവരും സങ്കുചിതത്വം എന്ന പേരിൽ അറിയപ്പെടുന്ന നശീകരണത്തിന്റേയും ജീർണതയുടേയും രോഗത്തിൽ അകപ്പെട്ടിട്ടുണ്ടെന്ന വേദനാകരമായ സംഗതി സമ്മതിക്കാതിരിക്കാൻ എനിക്ക് നിർവാഹമില്ല. മതപരമായ ഏകപക്ഷീയത അവരുടെ മനുഷ്യത്വത്തിന്റെ ഉന്നതവും മാന്യവുമായ വികാരങ്ങളെ കീഴ്പ്പെടുത്തിക്കളഞ്ഞു. ഓരോ കാര്യത്തിലും കലഹവും വഴക്കും അനാവശ്യമായ ഭിന്നിപ്പും അവരുടെ നിത്യശീലമായിക്കഴിഞ്ഞിരിക്കുന്നു. ഇത് ഇസ്‌ലാമിന്റെ കുറ്റമാണോ? ഒരിക്കലുമല്ല. മുസ്‌ലിംകൾ ഇസ്‌ലാമിക അധ്യാപനങ്ങളനുസരിച്ച് ജീവിച്ചപ്പോൾ ഇസ്‌ലാമിക ചൈതന്യം അവരിലും ജീവിച്ചിരുന്നു. അക്കാലത്ത് നേരത്തെ പറഞ്ഞ സ്വഭാവദൂഷ്യങ്ങളൊന്നും അവരിൽ ഉണ്ടായിരുന്നില്ല. നേരെമറിച്ച് അവർ വിശാലവീക്ഷണമുള്ളവരും മനുഷ്യകുലത്തിന്റെ ക്ഷേമകാംക്ഷികളും അവരോടു സഹതാപമുള്ളവരും സമാധാനപ്രിയരും മറ്റുള്ളവർക്കുവേണ്ടി സർവവും ത്യജിക്കാൻ തയ്യാറുള്ളവരുമായിരുന്നു. അവർ അവരുടെ പ്രകാശംകൊണ്ട് ഈ ഭൂമുഖത്തെ ആകമാനം പ്രകാശമയമാക്കിത്തീർത്തു. എന്നാൽ, ഇപ്പോഴുള്ളത് ആ കൂറ്റൻ കെട്ടിടത്തിന്റെ അസ്ഥിപഞ്ജരം മാത്രമാണ്.

ഇപ്രകാരം തന്നെയാണ് മറ്റു മതങ്ങളുടേയും അവസ്ഥ. ക്രൈസ്തവമതത്തിന്റെ ആരംഭഘട്ടത്തിൽ അതിന്റെ അനുയായികൾ ത്യാഗത്തിന്റേയും ആത്മസമർപ്പണത്തിന്റേയും മനുഷ്യവംശത്തോടുള്ള സഹതാപത്തിന്റേയും ഉദാത്തമായ മാതൃക കാണിച്ചു. സമാധാനത്തിന്റേയും രഞ്ജിപ്പിന്റേയും വഴി സ്വീകരിച്ചു. എന്നാൽ, യേശുവിന്റെ അനുയായികൾ ക്രൈസ്തവമതത്തിന്റെ അടിസ്ഥാനപരമായ അധ്യാപനങ്ങളിൽനിന്നും യേശുവിന്റെ ചൈതന്യത്തിൽനിന്നും ഓടി അകന്നപ്പോൾ അവരും ലോകത്ത് അക്രമത്തിന്റേയും രക്തച്ചൊരിച്ചിലിന്റേയും വർഗീയവിഷത്തിന്റേയും കൊടുങ്കാറ്റു വിതച്ചു. ദൈവം രക്ഷിക്കുമാറാകട്ടെ! റിഫൊർമേഷന്റെ(Reformation)കാലത്തെ ചരിത്രം എന്റെ ഈ വാദത്തിന് മതിയായ രേഖയാണ്. യേശുവിന്റെ നാമമാത്രമായ അനുയായികൾ ആ ‘പരിഷ്കരണ’ കാലഘട്ടത്തിൽ കാണിച്ച സങ്കുചിതത്വത്തിന്റേയും സമാധാനഭംഗത്തിന്റേയും വർഗീയതയുടേയും കൊള്ളയുടേയും കൊലയുടേയും ദൃശ്യം മറ്റൊരു ജനതയിലും കാണാൻ കഴിയുകയില്ല. ഹിന്ദുമതം സിക്കുമതം തുടങ്ങിയ മറ്റെല്ലാ മതങ്ങളുടെ

ചരിത്രവും ഇതേ ദൃശ്യം തന്നെയാണ് നമ്മുടെ മുമ്പിൽ പ്രദർശിപ്പിക്കുന്നത്. ചില കാര്യങ്ങൾ വെച്ചു നോക്കുമ്പോൾ ഹിന്ദുക്കളിലും സിക്കുകാരിലും ഈ ദൃശ്യം അധികം ഭയാനകമായ രീതിയിൽ കാണുന്നുമുണ്ട്. ഈ ഉദാഹരണങ്ങളെല്ലാം, മതത്തിന്റെമേൽ ഉന്നയിക്കപ്പെടുന്ന ആക്ഷേപങ്ങൾ വാസ്തവത്തിൽ മതത്തിന്റെ മേലല്ല മറിച്ച് മതത്തിന്റെ പരിശുദ്ധമായ ചൈതന്യത്തിൽനിന്ന് അകന്നുപോയ 'അനുയായികളുടെ' മേലാണ് പതിക്കുന്നതെന്ന് വിളിച്ചോതുന്നു. ദൗർഭാഗ്യവശാൽ ഇക്കാലത്തെ സകലമാന ജനതകളും മതത്തിന്റെ ചൈതന്യത്തെ നഷ്ടപ്പെടുത്തിക്കളഞ്ഞിരിക്കുന്നു. അതുകൊണ്ടാണ് അക്ഷമരായവർക്കും അന്ധരായ വിമർശകർക്കും മതം സങ്കുചിതത്വവും സമാധാനഭംഗവും ഉണ്ടാക്കുന്നു എന്ന ആക്ഷേപം ഉന്നയിക്കാൻ നല്ല അവസരം കൈവന്നിരിക്കുകയാണ്.

ഈ പരിതഃസ്ഥിതിയിൽ, ജനങ്ങൾ മാർഗഭ്രംശത്തിൽപെട്ട് ഉഴലുന്നത് കാണാൻ ആഗ്രഹിക്കാത്ത വിശുദ്ധനായ ദൈവം പരമമായ ദയയോടും പരിപൂർണമായ കനിവോടുംകൂടി തന്റെ ഒരു പരിശുദ്ധ ദാസനാ യ വാഗ്ദത്ത മഹ്ദീ മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്[അ]നെ ഇക്കാലത്ത് മനുഷ്യസൃഷ്ടിയുടെ മാർഗദർശനത്തിനായി നിയോഗിച്ചു. മതാനുയായികളുടെ ദുഷ്ക്കർമത്തിന്റെ ഫലമായി മതത്തിന്റെമേൽ ഉതിർക്കപ്പെടുന്ന സർവവിധ ആക്ഷേപങ്ങൾക്കും മറുപടി നല്കുന്നതിനും ദൈവത്തെ സംബന്ധിച്ച് ജനങ്ങളുടെ ഇടയിൽ ഉണ്ടാക്കിയിട്ടുള്ള തെറ്റായ ധാരണകൾ അകറ്റുന്നതിനും മതത്തിൽ ബലാൽക്കാരത്തിന്റേയും അക്രമത്തിന്റേയും സങ്കുചിതത്വത്തിന്റേയും വഴികൾ തുറക്കുന്നതിനെ തടയുന്നതിനും ജനങ്ങൾ തങ്ങളുടെ യഥാർഥ യജമാനനും ഉടമസ്ഥനുമായ ദൈവത്തെ തിരിച്ചറിഞ്ഞ് വീണ്ടും ഏകോദരസഹോദരങ്ങളായിത്തീരുന്നതിനും വേണ്ടിയാണ് അദ്ദേഹം നിയോഗിതനായിട്ടുള്ളത്. അഹോ കഷ്ടം! ജനങ്ങൾ, രക്ഷിതാവിൽനിന്ന് വന്ന ഈ പരിഷ്ക്കർത്താവിന്റെ സേവകരോടും ദൈവികമാർഗദർശനത്തിന്റെ ദീപ്തരായ സഹോദരങ്ങളോടും മുൻകഴിഞ്ഞ പ്രവാചകനിഷേധികൾ അനുവർത്തിച്ച അഹങ്കാരത്തിന്റേയും പക്ഷപാതത്തിന്റേയും അതേ നയംതന്നെയാണ് സ്വീകരിച്ചത്. കാബൂളിൽ നിഷ്ക്കളങ്കരായ നിരവധി അഹ്മദികളെ അവർ അഹ്മദീമുസ്ലിംകളാണെന്ന ഒറ്റകാരണത്താൽ ദാരുണമായ നിലയിൽ കല്ലെറിഞ്ഞ് വധിക്കുകയുണ്ടായി. ഇതുമുഖേന, മുസ്ലിംകളെന്ന് പറയുന്ന ഇക്കൂട്ടർ മറ്റുള്ളവർക്ക് ഇസലാം ബലാൽക്കാരത്തിന്റേയും ഭീകരവാദത്തിന്റേയും പാഠം നല്കുന്ന

മതമാണെന്ന് പറഞ്ഞ് ആക്ഷേപിക്കാനുള്ള അവസരം ഉണ്ടാക്കിക്കൊടുത്തു. കഷ്ടം! കഷ്ടം! ഏതോ ഒരു കവി പറഞ്ഞത് എത്ര സത്യമാണ്.

من از بیگانگاں ہرگز نہ نالم
کہ بامن ہرچہ کردآں آشنا کرد

"ശത്രുക്കളെ ഞാൻ ഒട്ടും ആക്ഷേപിക്കുന്നില്ല.

എന്നോട് കഠിനമായി പെരുമാറിയതൊക്കെ എന്റെ ആളുകൾ തന്നെയാണ്"

വർത്തമാനകാലത്തെ മതാനുയായികളുടെ സ്ഥിതിയാണ് മതം സങ്കുചിത ചിന്താഗതിക്കും രക്തചൊരിച്ചിലിനും കാരണമാകുന്നു എന്ന ധാരണ പരത്തിയിട്ടുള്ളതെന്നാണ് പറഞ്ഞുവന്നതിന്റെ ചുരുക്കം. ജനങ്ങൾ മതത്തിന്റെ യഥാർഥ ചൈതന്യത്തിലും യഥാർഥ സ്ഥിതിയിലും നിലനിന്നപ്പോൾ അവരുടെ ഉള്ളിൽ മറ്റുള്ളവരെ അപേക്ഷിച്ച് കൂടുതൽ വിശാലവീക്ഷണവും തെളിഞ്ഞ മനസ്സാന്നിധ്യവും സമാധാനകാംക്ഷയും ത്യാഗമനോഭാവവും സഹിഷ്ണുതയും ഉണ്ടായിരുന്നതായി മതചരിത്രം പഠിച്ചാൽ സൂര്യപ്രകാശം പോലെ വ്യക്തമാകും. അടിസ്ഥാനപരമായി ശാന്തിയും സൗമ്യതയും സഹിഷ്ണുതയും പഠിപ്പിക്കാത്ത ഒരു മതവും കാണാൻ സാധ്യമല്ല. ഇന്നു കാണുന്ന സങ്കുചിതത്വത്തിനും കലഹത്തിനും കുഴപ്പത്തിനുമെല്ലാം കാരണം പ്രസ്തുത അധ്യാപനം വിസ്മരിച്ചതാണ്. മതാധ്യാപനങ്ങളിൽ ഉറച്ചുനിന്നാൽ അതിന്റെ ഫലം ഇതായിരിക്കുകയില്ല.

**രണ്ടാമത്തെ മറുപടി:-** മതത്തിന്റെ സത്യാവസ്ഥയേയും ഉദ്ദേശ്യലക്ഷ്യത്തേയും കുറിച്ചറിയുന്ന ഒരു വ്യക്തി സങ്കുചിതചിന്താഗതിക്കും മറ്റു കുഴപ്പങ്ങൾക്കും വശംവദനാകുക എന്നത് ബുദ്ധിപരമായും സാധ്യമല്ലെന്ന് ചിന്തിച്ചാൽ മനസ്സിലാക്കാവുന്നതാണ്. ഭൂമിശാസ്ത്രപരമായ അതിരുകളിലോ വംശപരമായ ബന്ധനങ്ങളിലോ തളച്ചിടപ്പെട്ടതും വിസ്തൃതമാക്കാൻ പറ്റാത്ത വേലിക്കെട്ടുള്ളതുമായ രാജ്യത്തിന്റേയോ ജനതയുടേയോ സങ്കല്പം പോലെയല്ല മതത്തിന്റെ സങ്കല്പം. ദൈവത്തോടും സമസൃഷ്ടികളോടുമുള്ള കടമകൾ നിറവേറ്റുന്നതു സംബന്ധിച്ച് ഒരാൾ വെച്ചുപുലർത്തുന്ന വിശ്വാസങ്ങളുടേയും ആചാരങ്ങളുടേയും കർമവ്യവസ്ഥിതികളുടേയും പേരാണ് മതം. അത് തന്റെ കടമയാണെന്ന് മനസ്സിലാക്കി മറ്റുള്ളവരിലേക്കും പകർന്ന് വിശാലമാക്കാൻ അയാൾ ശ്രമിക്കുന്നു. മതമെന്നത് തുറന്ന കവാടങ്ങളുള്ള കൂറ്റൻ കെട്ടിടമാണ്. അതിനുള്ളിൽ ഏതു ജനതയുമായും ഏത് രാജ്യവുമായും

ബന്ധപ്പെട്ടവർക്കും പ്രവേശിക്കാവുന്നതുമാണ്. എന്നുമാത്രമല്ല, അതിനുള്ളിൽ പ്രവേശിച്ചാൽ ഓരോരുത്തരും മറ്റുള്ളവരെ അതിലേക്ക് ക്ഷണിക്കാൻ തുടങ്ങുന്നു. യഥാർഥ മതോദ്ദേശ്യത്തെ പൂർത്തിയാക്കാൻ ആഗ്രഹിക്കുന്ന ഒരുത്തർക്കും ഒരവസ്ഥയിലും സങ്കുചിത ചിന്താഗതി വെച്ചുപുലർത്താനോ കലാപങ്ങളുണ്ടാക്കാനോ കലഹത്തിന് വഴിയൊരുക്കാനോ സാധ്യമല്ല. അങ്ങനെയുള്ള വ്യക്തിയുടെ കഠിനപരിശ്രമം തന്റെ സൽസ്വഭാവവും സമാധാനപരമായ പ്രബോധനവും ഉപദേശവുംകൊണ്ട് മറ്റുള്ളവരെ തന്റെ വിശ്വാസത്തിലേക്ക് അടുപ്പിക്കുക എന്നതായിരിക്കും. മറ്റുള്ളവർ തന്റെ മതത്തെ ഇഷ്ടപ്പെടുന്നതിന് തടസ്സമാകുന്ന ഒരു കാര്യവും അവൻ ചെയ്യുകയില്ല. അതുകൊണ്ടുതന്നെ മതത്തിന്റെ യഥാർഥ അധ്യാപനങ്ങളിൽ നിലകൊള്ളുകയും അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ ശരിക്കും മനസ്സിലാക്കുകയും ചെയ്തിട്ടുള്ള ഒരു വ്യക്തി സങ്കുചിത ചിന്താഗതികൾക്കും കലാപങ്ങൾക്കും കലഹങ്ങൾക്കും വശംവദനാകുകയില്ലെന്നത് തീർച്ചയാണ്.

**മൂന്നാമത്തെ മറുപടി :** ചില സന്ദർഭങ്ങളിൽ മതം കലാപങ്ങൾക്ക് കാരണമാകുന്നുണ്ടെങ്കിൽ മതമല്ലാത്ത മറ്റുള്ളവയും അതിനു കാരണമാകാറില്ലേ? ജനതകളുടേയും വ്യക്തികളുടേയുമിടയിൽ യുദ്ധങ്ങൾക്കും കലാപങ്ങൾക്കും കാരണമാകുന്ന നൂറുനൂറുകാര്യങ്ങളുണ്ട്. അക്കാരണത്താൽ അതിനെയെല്ലാം തള്ളിപ്പറയാൻ ആരെങ്കിലും തയ്യാറാകുമോ? രാഷ്ട്രപരവും രാഷ്ട്രീയപരവുമായുള്ള ഭിന്നതകൾ, ദേശീയപ്രശ്നങ്ങൾ, വാണിജ്യപരവും സാമ്പത്തികപരവുമായ കാര്യങ്ങൾ, ഇങ്ങനെ ലോകജനതകൾക്കിടയിൽ കൊല്ലിനും കൊലയ്ക്കും കാരണമാകുന്ന നിരവധി കാര്യങ്ങളുണ്ട്. ഇപ്രകാരംതന്നെ വ്യക്തികൾക്കിടയിലും കലഹങ്ങൾ പൊട്ടിപ്പടരുന്നതിനും അനവധി കാരണങ്ങളുണ്ട്. ബുദ്ധിമാന്മാർ ആരുംതന്നെ ഇതിനെ നിഷേധിക്കുകയില്ല. അപ്പോൾ ഇക്കാരണത്താൽ സമാധാനഭംഗം ഉണ്ടാകുന്നുവെന്നതുകൊണ്ടുമാത്രം അതിനെയെല്ലാം ഉപേക്ഷിച്ചുകളയുമോ? അങ്ങനെ ചെയ്യുകയാണെങ്കിൽ അതിന്റെ അർഥം ഭിന്നതയും അപസ്വരവും ഒഴിവാക്കുവാനായി മറ്റുള്ളവരുമായുള്ള എല്ലാ ഇടപാടുകളും ബന്ധങ്ങളും അവസാനിപ്പിച്ച്, വിരക്തനായി ഓരോരുത്തരും സന്യാസം സ്വീകരിക്കുക എന്നതാണ്.

ലോകചരിത്രത്തിലേക്ക് കണ്ണോടിച്ചാൽ അധികയുദ്ധങ്ങളുടേയും കാരണം മതപരമായ അഭിപ്രായഭിന്നതയല്ലെന്നു കാണാം. ചിലയിടത്ത് രാഷ്ട്രപരവും രാഷ്ട്രീയപരവുമായ പ്രശ്നങ്ങളായിരുന്നെങ്കിൽ ചിലയി

ടത്ത് ദേശീയപ്രശ്നങ്ങളായിരുന്നു അതിനു കാരണം. ചിലയിടത്ത് സാമ്പത്തികപരവും വാണിജ്യപരവുമായ കാരണങ്ങൾ കൊണ്ടാണ് അതുണ്ടായിട്ടുള്ളതെങ്കിൽ ചിലയിടത്ത് അതുപോലുള്ള മറ്റുചില കാരണങ്ങളായിരുന്നു. ലോകം മുഴുവൻ വ്യാപിച്ച യൂറോപ്പിലുണ്ടായ ഇക്കഴിഞ്ഞ യുദ്ധത്തിനുകാരണം(ഒന്നാം ലോക മഹായുദ്ധം) കേവലം രാഷ്ട്രീയപരമായിരുന്നു. മതത്തിന് അതിൽ ഒരു പങ്കും ഉണ്ടായിരുന്നില്ല. അപ്പോൾ ചിലഘട്ടങ്ങളിൽ രാഷ്ട്രീയവും കലാപങ്ങൾക്ക് തിരികൊളുത്തുന്നതുകൊണ്ട് അതും ഉപേക്ഷിച്ചു തള്ളേണ്ടതായി വരും!

എന്റെ പ്രിയപ്പെട്ട സഹോദരന്മാരേ! ഇതെല്ലാം ഭോഷത്തവും അജ്ഞതയും നിറഞ്ഞ കാര്യങ്ങളാണ്. സങ്കുചിത ചിന്താഗതിയോടും കൊല്ലും കൊലയോടും മതത്തിന് പ്രത്യേകമായ ഒരു ബന്ധവുമില്ല. മറ്റു കാര്യങ്ങൾ അശാന്തിക്ക് കാരണമാകുന്നതുപോലെ ചിലപ്പോൾ മതപരമായ ഭിന്നതകളും അതിന് കാരണമാകാറുണ്ടെന്നത് ശരിതന്നെ. പക്ഷേ, താരതമ്യേന മതപരമായ ഭിന്നതകൾ കലാപങ്ങൾക്ക് കാരണമാകുന്നത് തുലോം കുറവാണ്. പക്ഷേ, ഒരു കാര്യം നാമോർക്കേണ്ടതുണ്ട്. മതം കലാപങ്ങൾക്കും കലഹങ്ങൾക്കും കാരണമായി ഭവിക്കുന്നത് മതാനുയായികൾ അതിന്റെ അടിസ്ഥാനപരമായ അധ്യാപനങ്ങളിൽനിന്ന് വ്യതിചലിച്ചു തുടങ്ങുമ്പോഴാണ്. ഉദാഹരണമായി, നമ്മുടെ നബി(സ) തിരുമേനിയുടെ കാലത്ത് യഹൂദികളും അറേബ്യയിലെ ബഹുദൈവാരാധകരും മതത്തിന്റെ പൊരുൾ മനസ്സിലാക്കാതെ നിഷ്ക്കളങ്കരായ മുസ്‌ലിംകൾക്കെതിരിൽ അന്യായമായ നിലയിൽ യുദ്ധം അഴിച്ചുവിട്ടു. അപ്പോൾ സ്വസംരക്ഷണത്തിനും സമാധാന സംസ്ഥാപനത്തിനും വേണ്ടി വാളിനുള്ള മറുപടി വാൾകൊണ്ടുതന്നെ മുസ്‌ലിംകൾക്ക് നല്കേണ്ടി വന്നു. ഇങ്ങനെ രാജ്യത്ത് യുദ്ധം അനിവാര്യമായി. ഇതിന്റെ പൂർണ ഉത്തരവാദികൾ വാസ്തവത്തിൽ മതബോധം നഷ്ടപ്പെട്ട ബഹുദൈവാരാധകരും യഹൂദികളുമായിരുന്നു.

യുദ്ധങ്ങൾക്കും കലാപങ്ങൾക്കും കലഹങ്ങൾക്കും കാരണം മതമാണെന്ന ചിന്താഗതി അങ്ങേയറ്റം നിരർഥവും അയുക്തവുമാണ്. സത്യത്തിൽ മതമെന്ന ആ ശക്തിക്കുമാത്രമേ കലാപങ്ങളുടേയും കലഹങ്ങളുടേയും ഭയാനകമായ കവാടങ്ങൾ കൊട്ടിയടക്കാൻ സാധിക്കുകയുള്ളു. മതാധ്യാപനങ്ങളിൽനിന്നുള്ള അകൽച്ച അസമാധാനത്തിനും അരക്ഷിതാവസ്ഥയ്ക്കും കാരണമായിത്തീരുന്നു. ഒരു കാര്യം ഞാൻ പറഞ്ഞുകൊള്ളട്ടെ: മതപരമായ ഭിന്നതകൾ യുദ്ധങ്ങൾക്കും

വിദ്വേഷങ്ങൾക്കും കാരണമാണെന്ന് അംഗീകരിച്ചാൽത്തന്നെ (അത് അസംഭാവ്യമാണെന്നത് വേറെ കാര്യം) അതിന്റെ അടിസ്ഥാനത്തിൽ മതത്തിന് നേരെ മുഖംതിരിക്കാൻ ആക്ഷേപകർക്ക് ഒരവകാശവുമില്ല. കാരണം മുകളിൽ വിവരിച്ചതുപോലെ മറ്റു പല കാരണങ്ങളും ലോകത്ത് അസമാധാനത്തിനും അരക്ഷിതാവസ്ഥയ്ക്കും കാരണമായിക്കൊണ്ടിരിക്കുന്നു. അതുകൊണ്ട് ബുദ്ധിയുള്ള ആരുംതന്നെ അതെല്ലാം ഉപേക്ഷിച്ച് കളയാമെന്ന് കരുതുന്നില്ല. ഇതാണ് വാസ്തവം. ഭിന്നതകളെ തെറ്റായി പ്രയോഗിച്ചു കഴിഞ്ഞാൽ അത് ദുഷ്ഫലമുളവാക്കുന്നതായിരിക്കും. ഇതിൽ മതത്തിനുമാത്രം ഒരുതരത്തിലുള്ള പ്രത്യേകതയുമില്ല. രാഷ്ട്രീയവും രാഷ്ട്രപരവുമായ ഭിന്നതകളുടെ തെറ്റായ പ്രയോഗവും ലോകത്ത് യുദ്ധങ്ങൾ സൃഷ്ടിക്കും. അപ്രകാരം തന്നെ മതപരമായ ഭിന്നതകളുടെ തെറ്റായ പ്രയോഗവും ലോകത്ത് യുദ്ധങ്ങൾ സൃഷ്ടിക്കും. വ്യത്യാസം ഇത്രമാത്രമാണ്. മറ്റു സംഗതികൾ തെറ്റായ പ്രയോഗംകൊണ്ട് അസമാധാനത്തിന് കാരണമായിത്തീരുന്നു. എന്നാൽ, അതിന്റെ ശരിയായ നിലയിലുള്ള പ്രയോഗം പ്രത്യേകമായ നിലയിൽ സമാധാന സംസ്ഥാപനത്തിനോ, പരസ്പര സഹകരണത്തിനോ, സഹോദരത്വത്തിന്റെ വികാരങ്ങൾ ഉണ്ടാക്കുന്നതിനോ കാരണമാകുന്നുമില്ല. പക്ഷേ, മതം അതിന്റെ അടിസ്ഥാനതത്ത്വങ്ങളിൽ നിലനില്ക്കുമ്പോഴും ജനങ്ങൾ അതിനെ വേണ്ടുംവിധം പ്രയോഗിക്കുമ്പോഴും അധിമധികമായി സമാധാന ഭാവത്തിന്റേയും പരസ്പര സഹകരണത്തിന്റേയും ഏകതാബോധത്തിന്റേയും സഹോദരത്വത്തിന്റേയും സഹതാപത്തിന്റേയും വികാരങ്ങൾ സൃഷ്ടിക്കുന്നു. ഇതുതന്നെയാണ് സത്യം. ഇഷ്ടമുണ്ടെങ്കിൽ സ്വീകരിക്കാം.

**നാലാമത്തെ മറുപടി :** മതം കലാപങ്ങൾക്ക് കാരണമാണെന്ന ആക്ഷേപം ഉന്നയിക്കുന്നവർക്ക് മതത്തിന്റെ പൊരുൾ മനസ്സിലാക്കുന്നതിലും തെറ്റുപറ്റിയിട്ടുണ്ട്. മതമെന്നാൽ കേവലം ദൈവത്തിലുള്ള വിശ്വാസത്തിന്റെ പേരാണെന്ന് അവർ ധരിച്ചിട്ടുള്ളതുപോലെ തോന്നുന്നു. ഈ വിശ്വാസം ഒരാൾ ഉപേക്ഷിച്ചു കഴിഞ്ഞാൽ അയാൾ മതം ഉപേക്ഷിച്ചുവത്രെ! അങ്ങനെ മനുഷ്യന് ഉപേക്ഷിക്കാൻ കഴിയുന്ന ഒരു കാര്യമാണ് മതമെന്ന് അവർ കരുതുന്നതായിട്ടാണ് മനസ്സിലാകുന്നത്. എങ്കിലും പരസ്യമായ നിലയിൽ ദൈവത്തിലുള്ള വിശ്വാസം ത്യജിക്കുന്നവനെയാണ് പൊതുവെ നിർമതൻ എന്നു പറയപ്പെടുന്നത്. എന്നാൽ, മതത്തിന്റെ അർഥങ്ങളിൽ ചിന്തിച്ചാൽ അത് മനുഷ്യജീവിതത്തിന്റെ അനിവാര്യ ഘടകമാണെന്നും ആർക്കുംതന്നെ മതത്തിന്റെ സ്വാധീന

ത്തിൽനിന്ന് സ്വതന്ത്രനാകാൻ ഒരിക്കലും സാധ്യമല്ലെന്നും മനസ്സിലാക്കാൻ കഴിയും. എന്തുകൊണ്ടെന്നാൽ, മരണത്തേയും ജീവിതത്തേയും സംബന്ധിച്ച് മനുഷ്യൻ തന്റെ ജീവിതത്തിൽ സ്വീകരിക്കുന്ന ധാരണകളുടേയും വിശ്വാസങ്ങളുടേയും കർമപദ്ധതികളുടേയും പേരാണ് വാസ്തവത്തിൽ മതം. ഈ സങ്കല്പത്തിന്റെ അടിസ്ഥാനത്തിൽ ഒരു വ്യക്തി മതത്തിൽനിന്ന് അകലുക എന്നത് ബുദ്ധിയ്ക്ക് നിരക്കാത്ത കാര്യമാണെന്ന് വ്യക്തമാണ്. കാരണം ഓരോ വ്യക്തിയും ഏതെങ്കിലുമൊരു ജീവിതമാർഗം ഉൾക്കൊള്ളുന്നുണ്ട്. തങ്ങൾ ഈ മതം ഇഷ്ടപ്പെടുന്നില്ല, ആ മതം ഇഷ്ടപ്പെടുന്നില്ല എന്ന പ്രശ്നം ഉണ്ടാകാമെന്നത് ശരിതന്നെ. പക്ഷേ, പൂർണമായും മനുഷ്യന് മതത്തിൽനിന്ന് സ്വതന്ത്രനാകാൻ ഒരിക്കലും സാധ്യമല്ല. അവൻ ജീവിച്ചിരിക്കുന്നിടത്തോളം അവന് മരണത്തിന്റേയും ജീവിതത്തിന്റേയും തത്വത്തെ സംബന്ധിച്ച് അല്പം ചില ധാരണകളും വിശ്വാസങ്ങളും വെച്ചുപുലർത്തേണ്ടതായി വരും. തന്റെ കർമാനുഷ്ഠാനങ്ങളിൽ എന്തെങ്കിലും മാർഗം സ്വീകരിക്കേണ്ടതായും വരും. ഈ ധാരണകൾക്കും വിശ്വാസങ്ങൾക്കും കർമപദ്ധതികൾക്കും ആണ് 'അവന്റെ മതം' എന്ന് പറയുന്നത്. ഒരുപക്ഷേ, അറിയപ്പെടുന്ന ദൈവിക മതങ്ങളിൽനിന്ന് പിന്മാറി തനിക്കുവേണ്ടി സ്വന്തം ബുദ്ധിയിൽ തെളിഞ്ഞ ഏതെങ്കിലും ഒരു നൂതന മാർഗം തേടിപിടിക്കാനും, ശ്രമിച്ചാൽ ഒരാൾക്ക് കഴിയുന്നതാണ്. പക്ഷേ, അത്തരം വ്യക്തിയെ നാം വിവരിച്ച മതനിർവചനമനുസരിച്ച് നിർമതനെന്ന് പറയാനൊക്കുകയില്ല. അവൻ തനിക്കുവേണ്ടി ഏതുമാർഗം സ്വീകരിച്ചാലും അതായിരിക്കും അവന്റെ മതം. ആരെങ്കിലും ദൈവത്തെ വിശ്വസിച്ചാൽ അതാണ് അവന്റെ മതം. നിഷേധിക്കുകയാണെങ്കിൽ അതും അവന്റെ മതത്തിന്റെ ഭാഗംതന്നെ. മതം എന്നുപറയുന്നത് മനുഷ്യൻ തന്റെ ജീവിതത്തിന് സ്വീകരിക്കുന്ന കർമപദ്ധതിയുടേയും വിശ്വാസങ്ങളുടേയും ധാരണകളുടേയും പേരാകുന്നു. ഇതു വെച്ചുനോക്കുമ്പോൾ ഒരാൾക്ക് മതത്തിൽനിന്ന് സ്വതന്ത്രനാകാൻ സാധ്യമല്ലെന്ന കാര്യം വ്യക്തമാണ്. നിങ്ങൾക്ക് ഇസ്‌ലാംമതത്തിൽനിന്ന് സ്വതന്ത്രനാകാം. ക്രൈസ്തവമതത്തിൽനിന്ന് സ്വതന്ത്രനാകാം. ഹൈന്ദവമതത്തിൽനിന്ന് സ്വതന്ത്രനാകാം. ബുദ്ധമതത്തിൽ നിന്ന് സ്വതന്ത്രനാകാം. വിഖ്യാതമായ മറ്റെല്ലാ ദൈവികമതങ്ങളിൽനിന്നും സ്വതന്ത്രനാകാം. പക്ഷേ, പാടേ മതത്തിൽനിന്ന് സ്വതന്ത്രനാകാൻ ആർക്കും സാധ്യമല്ല. എങ്ങനെയെങ്കിലും നിങ്ങൾക്ക് ഏതെങ്കിലുമൊരു മതം– അത് നിങ്ങളുടെ ബുദ്ധി മെനഞ്ഞെടുത്തതാണെങ്കിൽപ്പോലും–ഉൾക്കൊള്ളേണ്ടതായി

വരികതന്നെ ചെയ്യും. നിങ്ങൾ ഒന്നുകിൽ ദൈവത്തെ അംഗീകരിക്കും. അല്ലെങ്കിൽ നിഷേധിക്കും. വിശ്വസിച്ചംഗീകരിക്കുകയാണെങ്കിൽ ദൈവത്തിന്റെ ഏതെങ്കിലുമൊക്കെ സവിശേഷഗുണങ്ങളും സമ്മതിക്കുന്നതാണ്. നിഷേധിക്കുകയാണെങ്കിൽ ലോകോല്പത്തിയും ജീവിതത്തിന്റെ തുടക്കവും സംബന്ധിച്ച് എന്തെങ്കിലും ആദർശം നിലനിറുത്തേണ്ടതായി വരുന്നു. അപ്പോൾ മിത്രങ്ങൾ, ശത്രുക്കൾ, ബന്ധുക്കൾ, അന്യരായവർ, ഭാര്യ, ഭർത്താവ്, മുതലാളി, തൊഴിലാളി, രാജാ, പ്രജ തുടങ്ങിയ വിവിധ തരക്കാരായ ആളുകളുമായിട്ടുള്ള ഇടപാടുകളിൽ ഏതെങ്കിലും വിധത്തിലുള്ള പ്രവർത്തന പദ്ധതി നിങ്ങൾ ആവിഷ്ക്കരിച്ചേ പറ്റൂ. ഈ വിചാരങ്ങൾക്കും കർമപദ്ധതികൾക്കും തന്നെയാണ് നിങ്ങളുടെ മതം എന്നുപറയുന്നത്. പറഞ്ഞതിന്റെ ചുരുക്കമിതാണ്. മതം എന്നത് നിത്യജീവിതവുമായി അഭേദ്യമായ നിലയിൽ ബന്ധപ്പെട്ടിരിക്കുന്നു. മതത്തിന്റെ പിടിയിൽനിന്ന് പരിപൂർണമായി സ്വതന്ത്രനാകാൻ ആർക്കും സാധ്യമല്ല. ഇന്നയാൾ നിർമതനാണെന്ന് ചില ഘട്ടങ്ങളിൽ പറഞ്ഞു കേൾക്കാറുള്ളതിന്റെ അർഥം അയാൾ വിഖ്യാതമായ ഏതെങ്കിലും മതത്തിന്റെ അനുയായിയല്ല  അയാൾക്ക് അയാൾ സ്വന്തമായി ഒരു മതം ആവിഷ്ക്കരിച്ചിരിക്കുന്നുവെന്ന് മാത്രമാണ്. അതല്ലാതെ നിർമതനാകാൻ ആർക്കുംതന്നെ സാധ്യമല്ല.

മതത്തിന്റെ പിടിയിൽനിന്ന് സ്വതന്ത്രനാകുക എന്നത് അസംഭാവ്യമാണെന്ന് വ്യക്തമായ സ്ഥിതിക്ക്, മതം കൊല്ലും കൊലയും സങ്കുചിത ചിന്താഗതിയും സൃഷ്ടിക്കുന്നതുകൊണ്ട് അതിൽനിന്ന് മനുഷ്യന് മോചനം ലഭിക്കണമെന്നുള്ള കാര്യം നിരർഥവും അതിനേക്കാളുപരി അപഹാസ്യവുമായിത്തീരുന്നു. അത് ഒരു ബുദ്ധിമാന്റേയും നാവിൻതുമ്പിൽ വരാൻ പാടില്ലാത്തതാണ്. പ്രസിദ്ധമായ മതങ്ങളിൽനിന്ന് സ്വതന്ത്രനാകുക എന്നതാണ് പ്രസ്തുത ആക്ഷേപംകൊണ്ട് ഉദ്ദേശിക്കുന്നതെന്ന് പറഞ്ഞാൽ അത് തനിവിവരക്കേടായിരിക്കും. കാരണം, ഇവിടെ ഇന്ന മതം കലഹങ്ങളും കലാപങ്ങളും ഉണ്ടാക്കുന്നുണ്ടോ എന്നതല്ല ചർച്ച. ഇവിടെ നമ്മൾ ചർച്ച ചെയ്യുന്ന വിഷയം എല്ലാ മതങ്ങളും നിരുപാധികം കലഹങ്ങൾക്കും കലാപങ്ങൾക്കും കാരണമാകുന്നുണ്ടോ എന്നതാണ്. ഏതെങ്കിലുമൊരു മതം യഥാർഥത്തിൽ കലഹത്തിനും കലാപത്തിനും അസമാധാനത്തിനും കാരണമാകുന്നെങ്കിൽ അത് സ്വീകരിക്കാൻ ആരാണ് പറഞ്ഞത്? ഞാൻ പറയുന്നത് സകലമതങ്ങളും കലാപങ്ങൾക്ക് കാരണമാണെന്നുള്ള ആക്ഷേപം തെറ്റാണെന്ന് മാത്രമാണ്. ഇനി ഇത് ശരിയാണെന്ന് സമ്മതിച്ചാലും ന

മുക്കൊരിക്കലും മതത്തിൽ നിന്ന് തലയൂരാൻ ഒക്കുകയുമില്ല. അതുകൊണ്ട് മതത്തിൽനിന്നുള്ള മോചനം എന്ന മുദ്രാവാക്യം തന്നെ അനാവശ്യവും നിരർത്ഥവുമാണ്.

ഇതിനുപുറമെ ദൈവിക മതങ്ങളിൽനിന്ന് ജനങ്ങൾ സ്വതന്ത്രരായാൽത്തന്നെ അവരുടെ ഉള്ളിൽ അതിന്റെ ചിന്താഗതികൾ അവശേഷിക്കും. കാരണം അതിൽനിന്ന് പുറത്തുപോകുന്നവർക്കെല്ലാം ഒരുപോലെയുള്ള ചിന്താഗതികളും ആദർശങ്ങളും പ്രവർത്തനപദ്ധതികളും നിശ്ചയിച്ചെടുക്കാൻ കഴിയുമെന്നത് അനുമാനിക്കാൻപോലും പറ്റുകയില്ല. ഇത്തരം ഘട്ടങ്ങളിൽ ലോകത്ത് മതങ്ങളുടെ എണ്ണം നിലവിലുള്ളതിനേക്കാൾ അധികമാകുകതന്നെ ചെയ്യും. അതായത് നിലവിൽ അഞ്ചോ പത്തോ പതിനഞ്ചോ ഇരുപതോ മതങ്ങളാണുള്ളതെങ്കിൽ അപ്പോൾ അത് ആയിരക്കണക്കിന് ലക്ഷക്കണക്കിനായി പെരുകും. ഈ എണ്ണം കോടിയിലെത്തിയാലും അത്ഭുതപ്പെടേണ്ടതില്ല. കാരണം ഓരോരുത്തരും സ്വതന്ത്രരാകുമ്പോൾ, അവരെല്ലാം തങ്ങളുടെ ഉദ്ദേശ്യാനുസൃതം തങ്ങൾക്കായി മതമുണ്ടാക്കാൻ ആഗ്രഹിക്കും. ഇത് പെരുകുന്നതോടൊപ്പം അസാധാരണമായനിലയിൽ ഭിന്നതയും പെരുകമെന്നത് വ്യക്തമാണ്. ഇതിന്റെ ഫലമായി മതപരമായ ഭിന്നതകളാൽ എപ്പോഴെങ്കിലും ഉണ്ടാകുന്ന ഇപ്പോഴത്തെ കലഹങ്ങൾ അപ്പോൾ നിത്യസംഭവങ്ങളായിമാറും. ഇനി, ഓരോ മതകക്ഷിയും തങ്ങളെ മോക്ഷത്തിന്നർഹരായി കരുതുകയും മറ്റുള്ളവരെ നരകാവകാശികളായി മുദ്രകുത്തുകയും ചെയ്യുന്നതുകൊണ്ട് പരസ്പരം വിദ്വേഷത്തിന്റേയും അപമാനത്തിന്റേയും വികാരാവേശങ്ങൾ ഉണ്ടാകുന്നുവെന്നും എന്നാൽ, ഓരോരുത്തരും സ്വയം ചിന്തിച്ച് തങ്ങൾക്കായി തയ്യാറാക്കുന്ന മതങ്ങളിൽ ദൈവത്തിനും പരലോകത്തിനും പ്രസക്തിയില്ലാത്തതിനാൽ അത് വിദ്വേഷത്തിനും വെറുപ്പിനും അപമാനത്തിനും ഇടയാകുകയില്ലെന്നും അതുകൊണ്ട് കലഹങ്ങൾക്കും കലാപങ്ങൾക്കും സങ്കുചിത ചിന്താഗതികൾക്കും കാരണം ദൈവത്തിന്റെ സത്ത, പരലോകം, രക്ഷാശിക്ഷ, തുടങ്ങിയ ആശയങ്ങൾവെച്ചു പുലർത്തുന്ന മതങ്ങൾതന്നെയാണെന്നും ആരെങ്കിലും സംശയിച്ചാൽ അതിന് എനിക്കു പറയാനുള്ള മറുപടി ഇതാണ്: ഇത്തരം സംശയം മനുഷ്യപ്രകൃതിയ്ക്ക് കടകവിരുദ്ധമാണ്. മറ്റുള്ളവരെ അപകടസ്ഥിതിയിൽ കാണുമ്പോൾ സ്വാഭാവികമായും അവരോട് സഹതാപം ഉണ്ടാകുകയും അവരെ അതിൽനിന്ന് രക്ഷിക്കണമെന്ന വിചാരം മനസ്സിൽ രൂപംകൊള്ളുകയുമാണ് ചെയ്യുന്നത്. അത്തരം ഘട്ടങ്ങളിൽ വെറുപ്പിന്റേയും വിദ്വേഷത്തിന്റേയും വിചാര

മുണ്ടാകുക എന്നത് തികച്ചും പ്രകൃതിവിരുദ്ധമാണ്. അതുകൊണ്ടു തന്നെ വിവിധ മതങ്ങൾ തങ്ങളെ മോക്ഷത്തിന്നർഹരായും മറ്റുള്ളവരെ അനർഹരായും മനസ്സിലാക്കുന്നുവെങ്കിൽ സ്വാഭാവികമായും മറ്റുള്ളവരോട് അനുകമ്പാമനോഭാവവും അവരെ ആ നാശത്തിൽനിന്ന് രക്ഷിക്കണമെന്ന കാര്യബോധവും അതിനുവേണ്ടിയുള്ള പരിശ്രമവും എന്ന നിലയിലാണ് അതിന്റെ പ്രതികരണം ഉണ്ടാവേണ്ടത്. ഈ സ്ഥിതിയിൽ വിദ്വേഷത്തിന്റേയും വൈരത്തിന്റേയും പ്രശ്നംതന്നെ ഉദിക്കുന്നില്ല.

വെള്ളത്തിൽവീണ് ആരെങ്കിലും മുങ്ങിത്താഴുന്നത് കണ്ടാൽ അയാൾ വെറുക്കപ്പെട്ടവനും ശപിക്കപ്പെട്ടവനുമാണെന്ന് വിചാരിച്ച് അത് കാണുന്നവർ അയാളോടുള്ള വിരോധത്താൽ അയാൾ നശിച്ചുപോകട്ടെ എന്ന് വിചാരിക്കുമോ? അതോ പെട്ടെന്ന് വെള്ളത്തിൽചാടി അവനെ രക്ഷിക്കാൻ ശ്രമിക്കുമോ? രക്ഷിക്കാൻ കഴിയുമെന്നിരിക്കെ വെള്ളത്തിൽചാടി അയാളെ രക്ഷിക്കാൻ മുതിരാതെ കരയ്ക്കുതന്നെ നില്ക്കുകയും മുങ്ങിച്ചാകുന്നത് കണ്ട് സന്തോഷിക്കുകയും ചെയ്താൽ, അയാളെ മനുഷ്യത്വം തീണ്ടിയിട്ടില്ലാത്ത ഒരുത്തനായിട്ടല്ലേ കരുതാൻ പറ്റൂ? അങ്ങനെ നിഷ്ക്രിയനായി നില്ക്കുകയോ അയാൾ നശിച്ചുപോകട്ടെ എന്ന് വിചാരിക്കുകയോ ചെയ്യുന്ന ആളിനെ സംബന്ധിച്ചിടത്തോളം ആ ആളിന്റെ ശുദ്ധപ്രകൃതം മരിച്ചുപോയിരിക്കുന്നു എന്നാണ് മനസ്സിലാക്കേണ്ടത്.

ഇപ്രകാരംതന്നെ സ്വന്തം മതത്തെ മോക്ഷത്തിനുള്ള മാർഗമായി മനസ്സിലാക്കുന്ന കാരണത്താൽ മറ്റു മതാനുയായികളെ വെറുക്കുകയും നിന്ദ്യരായി കാണുകയും അവരെ ആക്ഷേപിക്കാൻ പിന്നാലെ കൂടുകയും ചെയ്യുന്നവൻ മനുഷ്യത്വരഹിതമായ പ്രവർത്തനത്തിനാണ് വശംവദനാകുന്നത്. അവൻ മതത്തിന്റെ ശരിയായ അധ്യാപനങ്ങളിൽ നിലനില്ക്കുന്നവനാണെന്ന് പറയാൻ പറ്റുകയില്ല. അപ്പോൾ മതത്തിന്റെ ശരിയായ അധ്യാപനങ്ങൾ അറിയാത്തവരും അതിന്റെ യഥാർഥ ചൈതന്യം ഉൾക്കൊള്ളാത്തവരുമാണ് ഇത്തരം അനാശാസ്യ പ്രവർത്തനങ്ങൾക്ക് വശംവദരാകുന്നതെന്ന് നമുക്ക് മനസ്സിലാക്കാം. അവരല്ലാതെ മറ്റാരും ഇത്തരം സമീപനം സ്വീകരിക്കുകയില്ല. മതത്തെ നല്ലവണ്ണം അറിഞ്ഞിട്ടുള്ളവർ, ദുർമാർഗത്തിലൂടെ ചുവടുകൾ വെക്കുന്നവരെ കാണുമ്പോൾ അവരോട് സഹതപിക്കുകയും അവരെ ആ നാശത്തിൽനിന്ന് രക്ഷിക്കാൻ അകമഴിഞ്ഞ് ശ്രമിക്കുകയും ചെയ്തുകൊണ്ടിരിക്കും. ഒരിക്കലുംതന്നെ അത്തരക്കാരുടെ ഉള്ളിൽ വെറുപ്പിന്റേയും ശത്രുതയുടേയും വിചാരം ഉണ്ടാകുകയില്ല.

മതം നല്കുന്ന ഔദാര്യങ്ങളും അനുഗ്രഹങ്ങളും ഭൗതിക സമ്പത്തുപോലെയല്ല. ഭൗതികസമ്പത്തിന്റെ അനന്തരാവകാശികൾ ആ സമ്പത്ത് മറ്റുള്ളവരുടെ കൈയിൽ അകപ്പെട്ടുപോയാൽ തനിക്കതു നഷ്ടപ്പെട്ടുപോയല്ലോ എന്ന ആശങ്കയിലായിരിക്കും എപ്പോഴും കഴിയുക. എന്നാൽ, മതപരമായ സമ്പത്ത് മറ്റുള്ളവർക്ക് നല്കുമ്പോൾ അതിന് വർധനയാണുണ്ടാകുന്നത്. അതുകൊണ്ടുതന്നെ മതവിശ്വാസി, തന്റെ മതം മറ്റുള്ളവനും സ്വീകരിക്കുകയും ഈ പാരിതോഷികങ്ങൾക്ക് മറ്റുള്ളവർകൂടി പാത്രമായിത്തീരുകയും ചെയ്യണമെന്ന ആഗ്രഹത്താൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതാണ്. മറ്റു മതാനുയായി തന്റെ പാരിതോഷികങ്ങൾ അപഹരിച്ചെടുക്കുമെന്നു കരുതി അവനെ വെറുക്കുകയെന്നത് മതവിശ്വാസിയെ സംബന്ധിച്ചിടത്തോളം അസ്ഥാനത്താകുന്നു.

ഇങ്ങനെ ഏതു നിലയ്ക്ക് നോക്കിയാലും ദൈവത്തിലുള്ള വിശ്വാസം അല്ലെങ്കിൽ മതവുമായുള്ള ബന്ധം സങ്കുചിത ചിന്താഗതികൾക്കും കലാപങ്ങൾക്കും കലഹങ്ങൾക്കും കാരണമാകാൻ ഒരു സാധ്യതയുമില്ല. മതത്തിന്റെ വക്താവെന്നവകാശപ്പെടുകയും ദൈവവിശ്വാസിയാണെന്ന് വാദിക്കുകയും ചെയ്യുന്ന ഒരാൾ സങ്കുചിതത്വത്തിനും രക്തച്ചൊരിച്ചിലിനും കാരണമായിത്തീരുകയും സമസൃഷ്ടികളോട് സ്നേഹവും സഹതാപവും കാണിക്കാതെ അവരോട് വെറുപ്പും വിദ്വേഷവും വെച്ചുപുലർത്തുകയും ചെയ്താൽ അയാളെ ഒരിക്കലുമൊരിക്കലും മതത്തിന്റെ യഥാർഥ വക്താവെന്ന് പറയാൻ സാധ്യമല്ല. മതത്തിന്റെ പരിശുദ്ധ ചൈതന്യം ഇല്ലാത്തതിനാൽ അയാളുടെ ശരീരം തകർന്നടിഞ്ഞ വീടുപോലെയാണ്. അത് ജനശൂന്യമായിരിക്കുമല്ലോ? ദൈവവിശ്വാസിയാണെന്ന അയാളുടെ വാദം നാമമാത്രമാണ്. ദൗർഭാഗ്യവശാൽ ഇത്തരം ദുഷ്ടാത്മാക്കൾ ഇക്കാലത്ത് സർവമതങ്ങളിലുമുണ്ട്. ഇസ്‌ലാമും ഇതിൽ നിന്ന് ഭിന്നമല്ല. അതുകൊണ്ടാണ് ആക്ഷേപകർക്ക് ആക്ഷേപിക്കാനുള്ള അവസരമുണ്ടായത്. മതത്തിന്റെ തനതായ അധ്യാപനങ്ങൾ അറിഞ്ഞു ജീവിക്കുന്നവർ ഒരിക്കലും സങ്കുചിതത്വത്തിനും രക്തച്ചൊരിച്ചിലിനും കാരണക്കാരാവുകയില്ല.

ദൈവവിശ്വാസിയായ ഒരു യഥാർഥ ഭക്തനെക്കൊണ്ടും മറ്റുള്ളവർക്ക് ചിലപ്പോൾ വിഷമം ഉണ്ടാകുന്നുവെന്നത് ശരിതന്നെ. പക്ഷേ, ആ വിഷമം ദയാലുവായ ഒരു ഡോക്ടർ തന്റെ രോഗിയ്ക്ക് കയ്പുള്ള മരുന്ന് സേവിക്കാൻ കൊടുക്കുന്നതു പോലെയോ പ്രത്യക്ഷത്തിൽ വിഷമമുണ്ടാക്കുന്ന കാര്യങ്ങൾ പഥ്യമായി നിശ്ചയിക്കുന്നത് പോലെയോ

ആകുന്നു. ആധ്യാത്മികതയ്ക്ക് മുൻഗണന നല്കുന്ന ആളുകൾ ചില പ്രത്യേക ഘട്ടങ്ങളിൽ മറ്റുള്ളവർക്കെതിരിൽ യുദ്ധവും ചെയ്യാറുണ്ട്. ചിലരെ കൊല്ലേണ്ടിയും വരുന്നു. രോഗിയുടെ ഒരു അവയവം മുറിച്ചു കളഞ്ഞില്ലെങ്കിൽ അത് മറ്റു ഭാഗങ്ങളിലും ബാധിച്ച് അയാളുടെ ജീവൻതന്നെ അപകടത്തിലാകുമെന്ന് കരുതി സഹതാപമുള്ള സർജൻ ആ ഭാഗം മുറിച്ചുകളയാൻ നിർബന്ധിതനാകുന്നതു പോലെയാണത്. അദ്ദേഹം വേദന തിങ്ങുന്ന ഹൃദയത്തോടെ വിലപിടിച്ച വസ്തുവിനെ രക്ഷിക്കാൻ വിലകുറഞ്ഞതിനെ ബലിയാക്കുന്നു. ബുദ്ധിമാന്മാരെല്ലാം അദ്ദേഹത്തിന്റെ ഈ പ്രവർത്തിയെ ശ്ലാഘിക്കുകയും ചെയ്യുന്നു.

എന്റെ പ്രിയപ്പെട്ട സ്നേഹിതന്മാരേ, ദൈവത്തിൽനിന്ന് നിയോഗിതരാവുന്ന ദൂതന്മാരും പരിശുദ്ധാത്മാക്കളും ഏതെങ്കിലും വ്യക്തിക്കോ സംഘടനയ്ക്കോ എതിരിൽ കൈഉയർത്തുമ്പോൾ അവരുടെ പവിത്രമായ ഹൃദയങ്ങളിൽ ഈ ശുദ്ധമായ ഉദ്ദേശ്യമല്ലാതെ മറ്റൊന്നും ഉണ്ടായിരിക്കുകയില്ലെന്ന് ഞാനെങ്ങനെയാണ് നിങ്ങൾക്ക് മനസ്സിലാക്കിത്തരേണ്ടത്. അവരുടെ ഹൃദയം കവിഞ്ഞൊഴുകുന്ന അരുവിപോലെ ആദം സന്തതികളോടുള്ള സ്നേഹവായ്പിന്റേയും സഹതാപബോധത്തിന്റേയും വികാരാവേശത്താൽ സദാ ഒഴുകിക്കൊണ്ടിരിക്കുന്നു. ജീവസ്സുറ്റതും എന്നെന്നും നിലനില്ക്കുന്നതുമായ ഒരു യാഥാർഥ്യമാണിത്. ഇതിനുള്ള ഉദാഹരണം ദൈവത്തിന്റെ പരിശുദ്ധാത്മാക്കളിൽ എപ്പോഴും സുലഭമാണ്; നിങ്ങൾ മനസ്സിലാക്കിയിരുന്നെങ്കിൽ!

## ദൈവവിശ്വാസം തിന്മയെ തടയുന്നു

ദൈവവിശ്വാസം കൊണ്ടുള്ള രണ്ടാമത്തെ നേട്ടം പൊതുവെ യുള്ളതാണ്. അത് തിന്മയിൽനിന്ന് മനുഷ്യനെ തടയുന്നു. മൂന്നുതരത്തിലുള്ള ചിന്തകളാണ് പാപപ്രവർത്തികളിൽ നിന്നും കുറ്റകൃത്യങ്ങളിൽനിന്നും അകന്നിരിക്കണമെന്ന മനഃസ്ഥിതിയുണ്ടാക്കുന്നത്. ഒന്നാമത്തേത് തെറ്റുചെയ്യാതിരുന്നാൽ എന്തെങ്കിലും പ്രതിഫലം കിട്ടുമെന്ന പ്രതീക്ഷ. രണ്ടാമത്തേത് തെറ്റുചെയ്താൽ ശിക്ഷ ലഭിക്കുമെന്നുള്ള ഭയം. മൂന്നാമത്തേത് തെറ്റുതെറ്റാണെന്നതുകൊണ്ട് അതിൽനിന്ന് ഒഴിയണമെന്നുള്ള ചിന്ത.

ഈ മൂന്നു തടസ്സങ്ങളല്ലാതെ മറ്റൊന്നും മനുഷ്യനെ പാപകർമങ്ങളിൽനിന്നും കുറ്റകൃത്യങ്ങളിൽനിന്നും തടയുന്നതായിട്ടില്ല. ഈ മൂന്നു കാര്യങ്ങളിൽ അവസാനത്തേത് ചില പ്രത്യേകമായ ആളുകളുമായി ബന്ധപ്പെട്ടതാണ്. സാധാരണക്കാരിൽ ഇത്തരം ചിന്താഗതികൾ ഉണ്ടാ

കാറില്ല. മൂന്നാമതു പറഞ്ഞ കാര്യത്തിൽ ദൈവവിശ്വാസി, ദൈവ നിഷേധിയെക്കാൾ മുൻപന്തിയിലായിരിക്കും. മറ്റു രണ്ടു കാര്യങ്ങളിലും ദൈവവിശ്വാസത്തിന് വളരെ വലിയ പങ്കുണ്ട്. കാരണം, ദൈവവിശ്വാസിയായിരിക്കെ തെറ്റു ചെയ്താൽ ദൈവത്തിന്റെ വെറുപ്പിന് താൻ പാത്രീഭൂതനാകുമെന്ന് വിശ്വാസി കരുതുന്നു. അക്കാരണത്താൽ തനിക്കെന്തെങ്കിലും കെടുതിയോ ശിക്ഷയോ ഉണ്ടാകുമെന്നും അയാൾ വിശ്വസിക്കുന്നു. തെറ്റു ചെയ്യാതിരുന്നാൽ ദൈവം പ്രസാദിക്കുകയും പ്രതിഫലം നല്കുകയും ചെയ്യുമെന്ന് അയാൾക്കുറപ്പുണ്ട്. മറ്റുള്ളവരെ കാണിക്കാൻവേണ്ടി വിശ്വസിക്കുന്നവരൊഴികെ, ദൈവവിശ്വാസികളെല്ലാം പൊതുവെ മറ്റുള്ളവരെക്കാൾ പാപപ്രവർത്തികളിൽനിന്ന് അകന്നിരിക്കുന്നവർ തന്നെയായിരിക്കും. ദൈവവിശ്വാസിയായിരിക്കെ മനഃപൂർവ്വം തെറ്റുകുറ്റങ്ങളിലേക്ക് ചാടിവീഴുക എന്നത് അവരെ സംബന്ധിച്ചിടത്തോളം അസാധ്യമായ കാര്യമാണ്. എന്നുമാത്രമല്ല, വിശ്വാസത്തിൽ ദൃഢതയും തികവും വർധിക്കുന്നതനുസരിച്ച് അയാൾ പാപപ്രവർത്തികളിൽനിന്നും കുറ്റകൃത്യങ്ങളിൽനിന്നും കൂടുതൽ അകലുകയും അതിനെ വെറുക്കുകയും ചെയ്യുന്നതായിരിക്കും.

ഇതിനുപുറമെ ദൈവവിശ്വാസി, ദൈവം എല്ലാകാര്യങ്ങളും കണ്ടുകൊണ്ടിരിക്കുന്നവനും അദൃശ്യകാര്യങ്ങൾ അറിയുന്നവനുമാണെന്ന് ദൃഢമായും വിശ്വസിക്കുന്നതുകൊണ്ടും തെറ്റുകളിൽനിന്ന് പിന്തിരിയുന്നു. ഓരോരുത്തരോടുമൊപ്പം ഓരോ പോലീസുകാരൻ എപ്പോഴും ഉണ്ടായിരിക്കുകയില്ലല്ലോ? അതുകൊണ്ട് ഒരു രാജ്യത്തെ രാഷ്ട്രീയ സ്ഥിതി എത്രമാത്രം മെച്ചപ്പെട്ടതാണെങ്കിലും കുറ്റകൃത്യങ്ങളിൽനിന്ന് ജനങ്ങളെ അപ്പാടെ പിന്തിരിപ്പിക്കാൻ ഒരിക്കലും അതിന് സാധിക്കുകയില്ല. ദൈവവിശ്വാസം മാത്രമെ ഓരോ വ്യക്തിയിലും ജാഗരൂകനും അതീവ ശ്രദ്ധാലുവുമായ പോലീസുകാരനെപോലെ ഉപകരിക്കുകയുള്ളൂ. കാരണം സത്യവിശ്വാസിക്ക് തെറ്റുകളിൽ തന്റേടം കാണിക്കാൻ സാധിക്കുകയില്ല. അഥവാ എപ്പോഴെങ്കിലും അശ്രദ്ധകൊണ്ട് തെറ്റു ചെയ്തുപോയാൽത്തന്നെ അവൻ ഉടനെ ലജ്ജിക്കുകയും കൂടുതൽ ജാഗ്രത പാലിക്കുകയും ചെയ്യുന്നതാണ്. ചുരുക്കിപ്പറഞ്ഞാൽ പാപപ്രവർത്തികളിൽനിന്നും കുറ്റകൃത്യങ്ങളിൽനിന്നും മനുഷ്യനെ പിന്തിരിപ്പിക്കുന്ന അഖണ്ഡിതവും സുസ്ഥിരവുമായ ഒരു മാർഗമാണ് ദൈവവിശ്വാസം. ബുദ്ധിയുള്ള ആർക്കും ഈ സത്യം നിഷേധിക്കാനൊക്കുകയില്ല. ദൈവവിശ്വാസംകൊണ്ട് ലോകത്തിന് ലഭിക്കുന്നതും ലഭിച്ചുകൊണ്ടിരിക്കുന്നതുമായ മഹത്തായൊരു നേട്ടം തന്നെയാണിത്.

ദൈവവിശ്വാസികളും തെറ്റുകൾക്ക് വശംവദരാകാറുണ്ടല്ലോ എന്നാരെങ്കിലും ചോദിച്ചാൽ അതിനുള്ള മറുപടി ഇനി പറയാം. ദൈവവിശ്വാസികളിൽ ചിലരും ചിലപ്പോൾ തെറ്റിന് വശംവദരാകുന്നു എന്നത് ശരിതന്നെ. പക്ഷേ, അല്പം ചിന്തിച്ചാൽ വിശ്വാസദൗർബല്യമുള്ളവരോ അലസരായിട്ടുള്ളവരോ അല്ലെങ്കിൽ നാമമാത്ര വിശ്വാസികളോ ആണ് ഇത്തരക്കാരെന്നു കാണാം. അവരുടെ വിശ്വാസം നിർജീവമാണ്. യഥാർഥ വിശ്വാസികൾ പാപങ്ങളിൽനിന്ന് അകന്നിരിക്കുന്നവർ തന്നെയായിരിക്കും. അഥവാ എപ്പോഴെങ്കിലും ഇതിനിരയായാൽ പെട്ടെന്ന് അതിൽനിന്ന് പിന്മാറി തന്നെത്താൻ നിയന്ത്രിച്ചുനിറുത്തുന്നതാണ്. ഈ പ്രവണത ദൈവവിശ്വാസം പാപങ്ങളിൽനിന്ന് മനുഷ്യരെ തടുത്തുനിറുത്തുന്നുവെന്നതിനുള്ള മറ്റൊരു തെളിവാകുന്നു. ഇതല്ലാതെ മടിയന്മാരായ വിശ്വാസികളെ അപേക്ഷിച്ച് ദൃഢവിശ്വാസികൾ തെറ്റുകളിൽനിന്നകന്നിരിക്കുന്നതിന് മറ്റു കാരണമൊന്നും കാണുന്നില്ല. മറ്റുള്ളകാര്യങ്ങളിലെല്ലാം അവർ തുല്യരാണെങ്കിലും വിശ്വാസത്തിലും ഈശ്വരജ്ഞാനത്തിലും അഭിവൃദ്ധി പ്രാപിച്ച ഒരുവനെ ആ പാപങ്ങളുടെ മാലിന്യങ്ങളിൽ നിന്ന് പരിശുദ്ധനായികാണാൻ കഴിയും. ആർക്കും നിഷേധിക്കാൻ സാധിക്കാത്ത സത്യമാണിത്. അതിന് എക്കാലത്തും അംഗീകാരം ലഭിച്ചിട്ടുമുണ്ട്. അതായത് വിശ്വാസം നിഷ്കളങ്കവും യഥാർഥവുമാണെങ്കിൽ തിന്മയുടെ വഴി കൊട്ടിയടക്കാനുള്ള വലിയൊരു മാർഗമായിരിക്കും ഇപ്പറഞ്ഞത്.  ഈ വിഷയം അധികം വിശദീകരിക്കാവുന്നതാണ്. പക്ഷേ, ഇത് കുറച്ചുതാളുകളിൽ ഒതുക്കിനിറുത്താനാണ് ഞാനാഗ്രഹിക്കുന്നത്.

## ദൈവവിശ്വാസം നന്മയ്ക്ക് പ്രചോദനം

ദൈവവിശ്വാസം കൊണ്ടുള്ള മൂന്നാമത്തെ നേട്ടം അത് മനുഷ്യനെ നന്മചെയ്യാൻ പ്രേരിപ്പിക്കുന്നു എന്നതാണ്. ഈ വസ്തുതയും മുകളിൽ ചുരുക്കി വിവരിച്ചിട്ടുള്ള അതേ തെളിവുകൾകൊണ്ടു സ്ഥാപിക്കാൻ കഴിയും. ധിഷണാശാലികളിലാരെങ്കിലും ഇതിനെ നിഷേധിക്കുമെന്ന് തോന്നുന്നില്ല. അതുകൊണ്ട് അധികം വിശദീകരണം ഒഴിവാക്കുന്നു. സൂചന മാത്രമേ നല്കുന്നുള്ളു.

## വസ്തുക്കളുടെ യാഥാർഥ്യം കണ്ടുപിടിക്കുന്നതിൽ സഹായി

ദൈവവിശ്വാസം കൊണ്ടുള്ള നാലാമത്തെ നേട്ടം വസ്തുക്കളുടെ യാഥാർഥ്യം കണ്ടെത്തുന്നതിനുള്ള ഗവേഷണത്തിൽ അത് സഹാ

യിക്കുന്നുവെന്നതാണ്. ഈ പ്രപഞ്ചം സ്വയംഭൂവാണെന്നും, ഇക്കാണുന്നതെല്ലാം യാദൃച്ഛികമാണെന്നും ഏതോ ബലഹീനമായ അവസ്ഥയിൽനിന്ന് മെല്ലെമെല്ലെ പരിണാമത്തിന്റെ അന്ധമായനിയമത്തിന് വിധേയമായി പ്രപഞ്ചമഖിലവും ഇന്നുകാണുന്ന നിലയിലെത്തിയതാണെന്നും കരുതുന്നവർ, വസ്തുക്കളുടെ യാഥാർഥ്യവും പ്രകൃതി നിയമവും കണ്ടെത്തുന്ന വിഷയത്തിൽ സത്യവിശ്വാസികളെപ്പോലെ താൽപര്യവും ഉത്സാഹവും ഉള്ളവരല്ല. സകലവസ്തുക്കളും തന്റെ ദൈവം സൃഷ്ടിച്ചതാണെന്നുള്ള വിശ്വാസത്താൽ നിർഭരമായിരിക്കും സത്യവിശ്വാസിയുടെ ഹൃദയം. പ്രത്യേകമായ ഉദ്ദേശ്യലക്ഷ്യത്തോടുകൂടിയാണ് അതെല്ലാം സൃഷ്ടിച്ചതെന്നും അവൻ ദൃഢമായും വിശ്വസിക്കുന്നു. മാത്രമല്ല, ലോകത്തുള്ള ഒരു വസ്തുവും നിരർഥമോ നിഷ്ഫലമോ അല്ലെന്നും ഓരോന്നിന്റേയും സൃഷ്ടിപ്പിന്റെ ഉദ്ദേശ്യലക്ഷ്യമനുസരിച്ച് ഓരോന്നിലും അർപിതമായിട്ടുള്ള കർത്തവ്യം അത് ഭംഗിയായി നിർവഹിച്ചുകൊണ്ടിരിക്കുന്നുവെന്നും അവൻ വിശ്വസിക്കുന്നു. ഇത്തരം ദൃഢവിശ്വാസം വസ്തുക്കളുടെ യാഥാർഥ്യം കണ്ടെത്തുന്ന വിഷയത്തിൽ പ്രത്യേകമായൊരു താൽപര്യവും ഉത്സാഹവും പ്രതീക്ഷയും ആശയും മനുഷ്യനിൽ ഉളവാക്കുമെന്നത് വ്യക്തമാണ്. ദൈവത്തിലുള്ള വിശ്വാസംകൂടാതെ ഈ നില പ്രാപിക്കാൻ ഒരിക്കലും സാധ്യമല്ല. ഇത് വിദ്യാഭ്യാസ പുരോഗതിക്ക് മഹത്തായ ഒരു പ്രചോദനമാണ്. എന്നാൽ, ഒരു ദൈവനിഷേധിയ്ക്ക് ഈ വിഷയത്തിൽ ദൈവവിശ്വാസിയെപ്പോലെ താൽപര്യത്തോടും പ്രതീക്ഷയോടുംകൂടി വ്യാപൃതനാകാൻ കഴിയുകയില്ല. കാരണം ഒരു വസ്തു യാദൃച്ഛികമാണെന്നും, അല്ലെങ്കിൽ ഏതോ അന്ധമായ നിയമത്തിന്റെ അടിസ്ഥാനത്തിൽ ഉണ്ടായതാണെന്നും അംഗീകരിക്കുന്ന ഒരാൾ, അറിവ് നേടണമെന്ന ഉദ്ദേശ്യത്തോടെ ഏതെങ്കിലും വസ്തുവിന്റെ യാഥാർഥ്യം തിരഞ്ഞു കണ്ടുപിടിക്കാൻ മെനക്കെട്ടാൽത്തന്നെ അയാൾക്ക് അക്കാര്യത്തിൽ ഒരു ദൈവവിശ്വാസിക്ക് ലഭിക്കാവുന്ന സ്ഥിരതയോടും ആർജവത്തോടും കൂടി അത് പൂർത്തിയാക്കാൻ സാധിക്കുകയില്ല. എന്നു മാത്രമല്ല തന്റെ ഉദ്യമത്തിൽ വിജയസാധ്യത മങ്ങുമ്പോഴെല്ലാം അയാളുടെ മനസ്സ് ഇനി വേണ്ട, ശ്രദ്ധിക്കേണ്ട, മതിയാക്കാം എന്നിങ്ങനെ മന്ത്രിച്ചുകൊണ്ടിരിക്കുകയും ചെയ്യും. കാരണം ആ വസ്തുവിൽ പ്രത്യേകമായ ഒരു കാര്യവും, അന്വേഷണം അർഹിക്കുന്നതില്ലെന്ന് അയാൾക്ക് തോന്നാം. പക്ഷേ, ദൈവവിശ്വാസി അങ്ങനെയല്ല. അയാൾ തന്റെ ഉദ്യമത്തിൽ എന്തെല്ലാം പരാജയമുണ്ടായാലും താൻ ഗവേഷണം നടത്തുന്ന

വസ്തുവിൽ എന്തെങ്കിലും പ്രത്യേകമായ ജ്ഞാനവും ഉദ്ദേശ്യലക്ഷ്യവും ഉണ്ടെന്നുള്ള ദൃഢവിശ്വാസത്തിൽനിന്ന് ഒരിക്കലും വ്യതിചലിക്കുകയില്ല. കാരണം തന്റെ ദൈവം വ്യർഥമായിട്ട് ഒന്നിനേയും സൃഷ്ടിച്ചിട്ടില്ലെന്ന് അവനറിയാം. ഈ ദൃഢവിശ്വാസത്താൽ അവനുണ്ടാകുന്ന പരാജയമെല്ലാം തന്റെ പരിശ്രമക്കുറവോ ഗവേഷണരീതിയിൽ വന്ന പിഴവോ ആണെന്ന് മനസ്സിലാക്കുകയും കൂടുതൽ സ്ഥൈര്യത്തോടെ മുന്നോട്ടുപോകുകയും ചെയ്യും.

ദൈവവിശ്വാസം വസ്തുക്കളുടെ യാഥാർഥ്യം കണ്ടെത്താനുള്ള ഗവേഷണത്തിൽ മുഖ്യമായൊരു പങ്കുവഹിക്കുന്നുവെന്നത് തീർച്ചയാണ്. 'വസ്തുക്കളുടെ യാഥാർഥ്യം കണ്ടുപിടിക്കുന്നതിൽ അതായത് ശാസ്ത്രഗവേഷണങ്ങളുടെ വിവിധ വകുപ്പുകളിൽ വിശ്വാസിയും അവിശ്വാസിയും ഒരുപോലെ താൽപര്യം കാണിക്കുന്നുണ്ട്. ദൈവവിശ്വാസത്തിന് ഇക്കാര്യത്തിൽ പ്രത്യേകിച്ച് മേന്മയൊന്നുമില്ല. മാത്രമല്ല പൗരസ്ത്യനാടുകളെ അപേക്ഷിച്ച് നിരീശ്വര ചിന്താഗതികൾ അധികമുള്ള യൂറോപ്പിലും അമേരിക്കയിലുമാണ് ഇത്തരം ഗവേഷകന്മാരെ കണ്ടുവരുന്നത്' എന്നൊക്കെ ആരെങ്കിലും പറഞ്ഞാൽ അതിനുള്ള ഒന്നാമത്തെ മറുപടി, ഈ ധാരണ തെറ്റാകുന്നു എന്നാണ്. കാരണം യൂറോപ്പിലേയും അമേരിക്കയിലേയും ആളുകൾ നാസ്തികരല്ല; ദൈവത്തെ അംഗീകരിക്കുന്നവരാണ്. അവരുടെ വിശ്വാസം ബലഹീനമായിരിക്കാം. അതുകൊണ്ട് അവരെ ദൈവനിഷേധികളായി കണക്കാക്കാൻ പറ്റുകയില്ല. എല്ലാ വസ്തുക്കളും ദൈവസൃഷ്ടിയാണെന്നകാര്യം അവരുടെ അംഗീകൃത വിശ്വാസങ്ങളിൽപ്പെട്ടതാണ്. അതുകൊണ്ട് വസ്തുക്കളുടെ യാഥാർഥ്യം അറിയുന്നതിൽ കൈവരിച്ചിട്ടുള്ള അഭിവൃദ്ധി അവർ ദൈവനിഷേധികളാണെന്നതിന് ഒരിക്കലും തെളിവല്ല. ഇനിയുള്ളത് മറ്റുള്ളവരെ അപേക്ഷിച്ച് അവരിൽ നിരീശ്വരവാദികളുടെ എണ്ണം അധികമാണെന്നുള്ള വാദമാണ്. ഇതും ഒരു സങ്കല്പമല്ലാതെ മറ്റൊന്നുമല്ല. കാരണം കൃത്യമായ കണക്ക് കിട്ടുന്നതുവരെ ഇതിനെ സംബന്ധിച്ച് ഒന്നും പറയാനൊക്കുകയില്ല. എന്നാൽ, പാശ്ചാത്യനാടുകളെക്കാൾ പൗരസ്ത്യനാടുകളിൽ നിരീശ്വരചിന്താഗതിക്കാർ കൂടുതലാവാൻ തികച്ചും സാധ്യതയുണ്ട്. എന്തായാലും ഒരു കാര്യം വ്യക്തമായി സ്ഥാപിതമാകാത്തിടത്തോളം അതിനെ എങ്ങനെയാണ് മറ്റൊന്നിന് തെളിവായി ഉദ്ധരിക്കുക?

ഇതിനുപുറമേ ഒരുകാര്യംകൂടി നാം ഓർമവെക്കേണ്ടതാണ്. പാശ്ചാ

ത്യജനത ഭൗതികവിദ്യാഭ്യാസത്തിൽ സമ്പന്നരായതിനാൽ അവരുടെ വ്യക്തിപരവും സാമൂഹികവുമായ എല്ലാ ചിന്താഗതികളും ലോകത്ത് പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുന്നു. പൗരസ്ത്യനാടുകൾ വിദ്യാഭ്യാസപരമായി പിന്നോക്കമായതിനാൽ അത്തരം കാര്യങ്ങൾ വളരെ കുറച്ചുമാത്രമേ പുറത്തു വരുന്നുള്ളൂ. മനഃശാസ്ത്രപരമായി നോക്കുമ്പോൾ, പൗരസ്ത്യജനത ചില രംഗങ്ങളിൽ സ്വന്തം ചിന്താഗതികളെ ശരിയാംവണ്ണം മനസ്സിലാക്കാത്തവരാകാനും സാധ്യതയുണ്ട്. കാരണം വിദ്യാഭ്യാസത്തിന്റെ കുറവുകൊണ്ട് ചിന്താശക്തി അവരിൽ വളരെ ബലഹീനമാണ്. അതുകൊണ്ട് നിരീശ്വര ചിന്താഗതികളിൽ ആകർഷിതരായി തങ്ങളുടെ ഈ അവസ്ഥ യഥാർഥത്തിൽ അവർക്ക് ബോധ്യപ്പെട്ടുകൊള്ളണമെന്നില്ല. എന്നാൽ, യൂറോപ്പിന്റേയും അമേരിക്കയുടേയും സ്ഥിതി ഇതല്ല. കാരണം അവിടെ വിദ്യാഭ്യാസം മുന്നോക്കമാണ്. ഓരോ വ്യക്തിയും ചിന്താശീലരാണ്. അതുകൊണ്ട് ബുദ്ധിപരമായ പരിവർത്തനങ്ങളോരോന്നും അവരുടെ ദൃഷ്ടിയിൽപ്പെട്ടുകൊണ്ടിരിക്കുന്നു. ഇതുകൊണ്ടാണ് പാശ്ചാത്യരിൽ നിരീശ്വരവാദികളുടെ എണ്ണം വിരളമായിട്ടും അധികമായിതോന്നുന്നതും പൗരസ്ത്യരിൽ അവരുടെ എണ്ണം അധികമായിരുന്നിട്ടും വിരളമായി തോന്നുന്നതും. ആയതിനാൽ യൂറോപ്പ്-അമേരിക്കൻനാടുകളിൽ നിരീശ്വരവാദികളുടെ എണ്ണം പൗരസ്ത്യനാടുകളെക്കാൾ അധികമാണെന്ന് വ്യക്തമായും സ്ഥാപിതമാകുന്നതുവരെ ഈ ആക്ഷേപം അടിസ്ഥാനരഹിതമാണ്. ഇനി അവരുടെ വാദം അംഗീകരിച്ചാൽത്തന്നെ അതിൽ ആക്ഷേപത്തിനിടയൊന്നുമില്ല. കാരണം, യൂറോപ്പ്-അമേരിക്കൻ ചരിത്രം അല്പം മനസ്സിലാക്കിയിട്ടുള്ളവർക്ക് ആ നാടുകളിൽ നാസ്തികചിന്താഗതി വേരുപിടിച്ചത് അവരുടെ വിദ്യാഭ്യാസപുരോഗതി ആരംഭിച്ചതിന് ശേഷമാണെന്ന് നല്ലവണ്ണം അറിയാം. അതുകൊണ്ട് പാശ്ചാത്യനാടുകളിൽ നിരീശ്വരത്വത്തിന്റെ സ്വാധീനം പൗരസ്ത്യനാടുകളെക്കാൾ അധികമാണെങ്കിൽ, ഏറ്റവും കൂടിയാൽ നമുക്ക് പറയാൻ കഴിയുക വിദ്യാഭ്യാസപുരോഗതിയാണ് നിരീശ്വരത്വത്തിന് കാരണം എന്നു മാത്രമാണ്. അല്ലാതെ നിരീശ്വരത്വത്തിന്റെ സ്വാധീനം വിദ്യാഭ്യാസ പുരോഗതിയിലേക്ക് അവരെ നയിക്കുന്നുവെന്നോ ദൈവനിഷേധം, ദൈവവിശ്വാസത്തെക്കാൾ വിദ്യാഭ്യാസപുരോഗതിക്ക് കുടുതൽ പ്രചോദനം നല്കുന്നുവെന്നോ പറയാൻ പറ്റുകയില്ല. എങ്ങനെ നോക്കിയാലും ഈ ആക്ഷേപം നിരർഥമാണ്.

വിദ്യാഭ്യാസപുരോഗതി നിരീശ്വരത്വത്തിന് എന്തുകൊണ്ട് കാരണ

മായി എന്നാരെങ്കിലും ചിന്തിച്ചാൽ അതിനുള്ള മറുപടി പറയട്ടെ. വിദ്യാഭ്യാസ പുരോഗതി യഥാർഥത്തിൽ നിരീശ്വരത്വത്തിന് കാരണ മായെന്നോ കാരണമാകുമെന്നോ നാം വിചാരിക്കുന്നേയില്ല. ജനങ്ങൾ അങ്ങനെ മനസ്സിലാക്കി ഇതിൽ വഞ്ചിതരായിരിക്കുന്നുവെന്നതാണ് വാസ്തവം. ഇക്കാരണത്താൽ അവർ അടിമുടി തെറ്റായ ഒരു തീരുമാനം ഗണിച്ചെടുത്തു. വാസ്തവത്തിൽ, വിജ്ഞാനപരമായ പുരോഗതി കൊണ്ട് തീർച്ചയായും ഒരു ഉണർവുണ്ടാകുന്നു. അങ്ങനെ ജീവിതം ചലിച്ചു തുടങ്ങുന്നതോടെ അജ്ഞതകൊണ്ടുണ്ടായ നിശ്ചലാവസ്ഥ മാറിവരുന്നു. ഈ ചലനവും ഉണർവും ചില അപക്വമതികൾക്കും സാഹചര്യങ്ങൾക്ക് വശംവദരായവർക്കും തെറ്റായ ധാരണയിലകപ്പെട്ട് അപഥ സഞ്ചാരം നടത്തുന്നവർക്കും വഞ്ചനയ്ക്കു കാരണമായിത്തീരു ന്നു. എന്നാൽ, ഇതിനു വിപരീതമായി അജ്ഞതയുടെ അന്ധകാരങ്ങ ളിൽ അകപ്പെട്ടവർ ഒരേയൊരു സ്ഥലത്ത് ഉറച്ചുനില്ക്കുന്നതുകൊണ്ട് തെറ്റായവഴിയിൽ വീഴാൻ അവസരം തന്നെ അവർക്കുണ്ടാകുന്നില്ല.

گرتے ہیں شہسوار ہی میدانِ جنگ میں
وہ طفل کیا گرے گا جو گھٹنوں کے بل چلے

*യുദ്ധരംഗത്ത് അശ്വഭടനെ വീഴുകയുള്ളൂ.*
*മുട്ടിലിഴയുന്ന പൈതൽ എന്ത് വീഴാനാണ്?*

എന്ന് ഒരു കവി ചോദിച്ചത് എത്ര ചിന്തോദ്ദീപകമാണ്

അതായത്, അശ്വം ഭടനെ വീഴ്ത്തുന്നു എന്നല്ല. അയാൾക്ക് വീഴാ നുള്ള സന്ദർഭങ്ങൾ ഉണ്ടാകുന്നു എന്നാണ് ഇവിടെ ഉദ്ദേശിക്കപ്പെട്ടി രിക്കുന്നത്. അതുകൊണ്ട് യൂറോപ്പ്-അമേരിക്കൻനാടുകളിൽ നിരീശ്വ രത്വത്തിന്റെ സ്വാധീനശക്തി അധികമാണെങ്കിൽ അതിനു കാരണം അവിടത്തെ വിദ്യാഭ്യാസ പുരോഗതി അവരുടെ നിശ്ചലാവസ്ഥയെ നീ ക്കി ജീവിതത്തിന് ചലനമുണ്ടാക്കി എന്നതല്ലാതെ മറ്റൊന്നുമല്ല; അതാ യത് അവർ അശ്രദ്ധയുടെ ഏതോ സ്വപ്നലോകത്ത് നിശ്ചലരായി നി ല്ക്കുകയായിരുന്നു. ഇപ്പോൾ സമർഥമായ നിലയിൽ ഉണർന്നെഴുന്നേറ്റി രിക്കുന്നു. നടക്കാനും ചുറ്റിക്കറങ്ങാനും തുടങ്ങിയിരിക്കുന്നു. ഇതിന്റെ ഫലമായി അവർ അഭിവൃദ്ധിപ്രാപിച്ചുകൊണ്ടിരിക്കുന്നെങ്കിലും ചിലർ വഴിതെറ്റിപ്പോകുന്നു. വഞ്ചിതരാകുന്നു. അബദ്ധങ്ങളിൽ വീഴുകയും ചെയ്യുന്നു. എന്നാൽ, ഇതൊന്നും അറിവിന്റെ കുറ്റമല്ലെന്ന് വ്യക്തമാണ്. നേരെമറിച്ച് ചിലയാളുകൾ അറിവിനെ ദുരുപയോഗപ്പെടുത്തുന്നതിന്റെ

സ്വാഭാവികഫലമാണിത്. പക്ഷേ, ഇതിന്നെതിരിൽ അറിവിനെ പ്രയോജനപ്പെടുത്താത്ത ജനത അതിന്റെ ശരിയായ പ്രയോഗം കൊണ്ടുണ്ടാകുന്ന അനുഗ്രഹത്തിൽനിന്ന് പിന്തള്ളപ്പെടുന്നതുപോലെ തെറ്റായ പ്രയോഗത്തിന്റെ ദുഷ്ഫലങ്ങളിൽനിന്ന് സുരക്ഷിതരുമായിരിക്കും. ഈ അവസ്ഥയാണ് ഇപ്പോൾ യൂറോപ്പ്-അമേരിക്കൻ നാടുകൾക്കെതിരിൽ പൗരസ്ത്യനാടുകൾക്കുള്ളത്. അതുകൊണ്ട് യൂറോപ്പിന്റേയും അമേരിക്കയുടേയും അവസ്ഥയെ നമ്മുടെ വാദത്തിന് ഖണ്ഡനമായി കൊണ്ടുവരുന്നത് ഒരിക്കലും ശരിയാവുകയില്ല.

നിരീശ്വരവാദികളിലും വസ്തുക്കളുടെ യാഥാർഥ്യത്തെ കുറിച്ചറിയാൻ താൽപര്യമുള്ളവർ എന്തുകൊണ്ടുണ്ടാകുന്നു എന്നതാണ് അവശേഷിക്കുന്ന ചോദ്യം. ഇതിനുള്ള മറുപടിയും ഞാൻ പറയാം: ഇത്തരം വിജ്ഞാനപരമായ ഗവേഷണതാൽപര്യം ദൈവവിശ്വാസം കൊണ്ടുമാത്രമേ ഉണ്ടാകുകയുള്ളൂവെന്ന് നമുക്ക് വാദമില്ല. ലോകത്തു കാണുന്ന വസ്തുക്കളിലധികവും ഇത്തരം താൽപര്യം ഉണ്ടാക്കുന്നു എന്ന കാര്യം നാം അംഗീകരിക്കുന്നു. ഒരു നിരീശ്വരവാദി വേറേതെങ്കിലും കാരണങ്ങളിൽ ആകൃഷ്ടനായി അതിൽ മുഴുകുകയാണെങ്കിൽ അതൊരിക്കലും ആക്ഷേപാർഹമല്ല. നമ്മുടെ വാദം വസ്തുക്കളുടെ യാഥാർഥ്യം അറിയാനുള്ള ഗവേഷണത്തിൽ ദൈവവിശ്വാസം പ്രത്യേകമായൊരു സഹായിയാണെന്ന് മാത്രമാണ്. മറ്റെല്ലാ അവസ്ഥകളിലും വിശ്വാസിയും നിഷേധിയും സമമാണെങ്കിലും വസ്തുക്കളുടെ യാഥാർഥ്യം അന്വേഷിക്കുന്ന വിഷയത്തിൽ ദൈവവിശ്വാസി, ദൈവനിഷേധിയെക്കാൾ സ്വാഭാവികമായും കൂടുതൽ ഉത്സാഹിയും തൽപരനും പ്രതീക്ഷയുള്ളവനും സ്ഥിരചിത്തനും ധൈര്യവാനും ആയിരിക്കും. കാരണം പ്രപഞ്ചവസ്തുക്കളെല്ലാം സൃഷ്ടിക്കപ്പെട്ടിട്ടുള്ളത് ഒരു പ്രത്യേകമായ ഉദ്ദേശ്യലക്ഷ്യത്തോടുകൂടിയാണെന്ന് അവൻ ദൃഢമായും വിശ്വസിക്കുന്നു. നിരീശ്വരന് ഈ വിശ്വാസമില്ല. അനിഷേധ്യമായൊരു യാഥാർഥ്യമാണിത്.

## ദൈവവിശ്വാസിയും മനഃശ്ശാന്തിയും

ദൈവവിശ്വാസം കൊണ്ടുള്ള അഞ്ചാമത്തെ നേട്ടം അത് മനഃശ്ശാന്തി നല്കുന്നു എന്നതാണ്. ജീവിതത്തിന്റെ സകലരംഗങ്ങളിലും അത് മനുഷ്യന് പ്രയോജനപ്പെടുകയും ചെയ്യുന്നു. മനഃശ്ശാന്തിയില്ലെങ്കിൽ ഒരു പ്രവൃത്തിയും ശുഭമായി പര്യവസാനിക്കുകയില്ലെന്നതാണ് വാസ്തവം. ഒരു നിരീശ്വരവാദിയുടെ ഹൃദയം ഭരിക്കുന്നത് അശാന്തിയും, അസ്വ

സ്ഥതയുമായിരിക്കും. വിവേകിയും മതത്തിൽ ആഭിമുഖ്യമുള്ളവനു മല്ലെങ്കിൽ അയാൾക്കൊരിക്കലും സ്വന്തം അവസ്ഥയിൽ സമാധാനം ഉണ്ടായിരിക്കുകയില്ല. എന്നു മാത്രമല്ല 'തന്റെ അന്വേഷണം തെറ്റാ യിപ്പോകുമോ, ഏതെങ്കിലും തരത്തിലുള്ള ഒരു സ്രഷ്ടാവും ഉടമസ്ഥനും ഉണ്ടാകുമോ' തുടങ്ങിയ ചിന്തകൾ അയാളുടെ മനസ്സിനെ എപ്പോഴും അലട്ടിക്കൊണ്ടിരിക്കുകയും ചെയ്യും. വാസ്തവത്തിൽ നിരീശ്വരത്വം നിഷേധാത്മകമായ ഒരു അറിവാണ്. പ്രബലമായ തെളിവുകളുടെ അടിത്തറയിലല്ല അത് നിലകൊള്ളുന്നത്. അതായത് സാധാരണ ഒരു നിരീശ്വരവാദിയും 'ദൈവം ഇല്ലെന്ന് എനിക്കറിവുകിട്ടി' എന്നു പ റയുകയില്ല. പറയാൻ സാധ്യവുമല്ല. 'ദൈവം ഉണ്ടെന്നുള്ളതിന് തന്റെ പക്കൽ തെളിവുകളൊന്നുമില്ല' എന്നായിരിക്കും അയാൾ പറയുക. അയാളുടെ സ്വന്തം പ്രകൃതംപോലും നിരീശ്വരത്വത്തെ അംഗീകരിക്കു കയില്ല. അതുകൊണ്ട് അയാൾക്ക് തന്റെ വിശ്വാസത്തെ സംബന്ധിച്ച് ദൃഢമോ സംതൃപ്തമോ ആയ ഒരവസ്ഥ ഒരിക്കലും ഉണ്ടാകുകയില്ല. പ്ര കൃതിയും ബുദ്ധിയുടെ തെളിച്ചവും പരിതഃസ്ഥിതിയുമൊക്കെ ചേർന്ന് ആകുലതയുടെ വല്ലാത്തൊരവസ്ഥ അയാളിൽ ജനിപ്പിക്കുകയും അത് അയാളുടെ ജീവിതത്തെ നിരാശാജനകവും അയാളുടെ ധാരണകളെ വ്യാകീർണവുമാക്കിത്തീർക്കുകയും ചെയ്യുന്നു. ഇതിന്റെ ഫലമായി അയാൾക്ക് ഒന്നിലും ഒരു താൽപര്യമോ സ്ഥിരതയോ സ്വസ്ഥതയോ ഉണ്ടാകുകയില്ല.

എന്നാൽ, ദൈവവിശ്വാസം ശക്തമായ തെളിവുകളുടെ ഉന്നതമായ അടിത്തറയിൽ സ്ഥിതിചെയ്യുന്നു. മനുഷ്യൻ അതിൽ ശാന്തിദർശിക്കു ന്നു. ഒരു ദൈവവിശ്വാസിക്ക് നിരീശ്വരവാദിയെക്കാളധികം സമാധാന വും ഏകാഗ്രതയും ലഭ്യമായിക്കൊണ്ടിരിക്കും. ശാന്തിപ്രാപിച്ച ആ അവ സ്ഥയെ അവൻ തന്റെ എല്ലാ പ്രവൃത്തികളിലും പ്രയോജനപ്പെടുത്തു ന്നു. എന്നാൽ, ഒരു നിരീശ്വരവാദി 'ദൈവം എന്നൊന്ന് ഉണ്ടാകുമോ? നിഷേധിച്ചിട്ട് വെറുതെ നഷ്ടം വലിച്ചുവെക്കേണ്ടിവരുമോ?' തുടങ്ങിയ ചിന്തകളാൽ എപ്പോഴും അസ്വസ്ഥനായിരിക്കും. ഇനി അവരുടെ വാദം അംഗീകരിച്ചാൽത്തന്നെ ദൈവവിശ്വാസിക്ക് വിഷമിക്കാനൊന്നുമില്ല. കാരണം ദൈവം ഇല്ലെങ്കിൽത്തന്നെ തനിക്കൊന്നും സംഭവിക്കാനി ല്ലെന്ന് അയാൾക്കറിയാം. ഇങ്ങനെ ഏതുവശത്തൂടെ നോക്കിയാലും ദൈവവിശ്വാസം മനഃശ്ശാന്തിക്ക് കാരണം തന്നെയാണ്; ദൈവനിഷേധം അസ്വസ്ഥതകൾക്കും വിഷമതകൾക്കും വിശ്വാസരാഹിത്യത്തിനും കാരണവും. അതുകൊണ്ടാണ് വിശുദ്ധ ഖുർആൻ അരുൾചെയ്തത്.

أَلَا بِذِكْرِ اللَّهِ تَطْمَئِنُّ الْقُلُوبُ

"അല്ലയോ ജനങ്ങളേ! നിങ്ങൾ ശ്രദ്ധിച്ചു കേട്ടുകൊള്ളുക. ദൈവവിശ്വാസ സങ്കല്പത്തിലും ദൈവസ്മരണയിലും മാത്രമേ നിങ്ങൾക്ക് മനഃശ്ശാന്തി ലഭിക്കുകയുള്ളൂ"(13:29).

മനുഷ്യന് ഓരോ കർമങ്ങളിലും മനഃശ്ശാന്തി അനിവാര്യമാണ്. മനഃശ്ശാന്തി കൂടാതെ ഭൂമിയിലെ ഒരു കർമവും സമ്പൂർണത പ്രാപിക്കുകയില്ല. അതുകൊണ്ടുതന്നെ ലോക പുരോഗതിയ്ക്കും അതിന്റെ ഗുണത്തിനും ദൈവവിശ്വാസത്തിന് വലിയൊരു പങ്കുണ്ട്.

## ദൈവവിശ്വാസവും ധാർമികാവസ്ഥയും

ദൈവവിശ്വാസം സൽസ്വഭാവത്തിന്റെ നിലവാരത്തെ കാത്തുസൂക്ഷിക്കുന്നതിന് കാരണമാകുന്നു എന്നതാണ് ആറാമത്തെ നേട്ടം. ദൈവവിശ്വാസത്തിന്റെ അസാന്നിധ്യത്തിൽ ഇതൊരിക്കലും സാദ്ധ്യമല്ല. സ്വഭാവ സംസ്കരണശാസ്ത്രം (Ethics) അറിയുന്നവർ സൽസ്വഭാവങ്ങളിൽ ഏതെങ്കിലുമൊന്ന് സ്ഥാപിച്ചെടുക്കുക എത്രമാത്രം ദുഷ്കരമാണെന്ന് നല്ലവണ്ണം മനസ്സിലാക്കിയിട്ടുണ്ട്. എന്നുമാത്രമല്ല ഈ വിദ്യയിൽ നൈപുണ്യം നേടിയിട്ടുള്ളവർ അതിനെക്കുറിച്ച് വലിയ വലിയ ചർച്ചകൾ സംഘടിപ്പിക്കുകയും അഗാധമായി വിലയിരുത്തുകയും ചെയ്തതിനു ശേഷം സൽകൃത്യത്തിന് നല്കിയ നിർവചനത്തിലും അതിന്റെ നിലവാരത്തെക്കുറിച്ച് പറഞ്ഞതിലുമെല്ലാം ബുദ്ധി അത്ഭുതപ്പെട്ടുപോകുംവിധമുള്ള അഭിപ്രായ ഭിന്നതകളാണുള്ളത്. ചിലർ ഒന്നു പറയുമ്പോൾ മറ്റു ചിലർ വേറൊന്നു പറയുന്നു. പരസ്പരം ആക്ഷേപിക്കുന്നു. ഫലമാണെങ്കിലോ ഒട്ടുംതന്നെ ഇല്ലാത്തതിന് തുല്യം. എന്നാൽ, നാം ദൈവവിശ്വാസത്തിന്റെ പരിധിക്കുള്ളിൽ കടന്ന് ചിന്തിക്കുമ്പോൾ സംഗതികളെല്ലാം വളരെ വ്യക്തമായി തെളിഞ്ഞു വരുന്നു. അതെന്താണെന്നുവെച്ചാൽ, മനുഷ്യൻ സ്വയം ഉണ്ടായതല്ലെന്നു വരുമ്പോൾ സൽസ്വഭാവം നിലനിറുത്താൻ സ്വയം എന്തെങ്കിലും ചിന്തിക്കുകയോ ആലോചിക്കുകയോ ചെയ്യേണ്ട ആവശ്യം വരുന്നില്ല. ഏതു പ്രവൃത്തി നല്ലതെന്നും ഏതുവഴി ഉത്തമമെന്നും ചിന്തിച്ച് സമയം ചെലവഴിക്കേണ്ടതുമില്ല. കാരണം അവനൊരു ഉന്നതമായ സത്തയുടെ സൃഷ്ടിയാണ്. അപ്പോൾ ആ ഉന്നത സത്തയല്ലാതെ മാതൃകായോഗ്യവും അനുകരിക്കാൻ പറ്റിയതുമായ മറ്റൊന്ന് ഉണ്ടാകുക സാധ്യമല്ല. അങ്ങനെ വരുമ്പോൾ തന്റെ സ്രഷ്ടാവും ഉടമസ്ഥനുമായ ആ ദൈവത്തിന്റെ ഗുണവിശേഷങ്ങളുടെ ഉദാത്തമായ നിറം സ്വായത്തമാക്കുന്നതിലായിരിക്കും

അവന്റെ സൽസ്വഭാവം നിലകൊള്ളുന്നത്. നബി(സ) തിരുമേനി അരുൾ ചെയ്തിരിക്കുന്നു. **തഘല്ലഖൂ ബി അഘ്‌ലാഖില്ലാഹ്** "ജനങ്ങളേ! നിങ്ങൾ നിങ്ങളുടെ സ്വഭാവങ്ങളെ അല്ലാഹുവിന്റെ സ്വഭാവത്തിനനുസൃതമാക്കി മാറ്റുക." അതുകൊണ്ടുതന്നെയാണ്, ദൈവം മനുഷ്യനെ തന്റെ ഉൽക്കൃഷ്ട സ്വഭാവങ്ങളുടെ പ്രതിച്ഛായയിൽ സൃഷ്ടിച്ചിരിക്കുന്നുവെന്ന് ഇസ്‌ലാം പഠിപ്പിക്കുന്നത്. ദൈവത്തിന്റെ ഗുണവിശേഷങ്ങളെല്ലാം (ദൈവം തനിക്കുമാത്രമായി പ്രത്യേകമാക്കിയിരിക്കുന്നതൊഴികെ) മനുഷ്യനിൽ ചെറിയതോതിലും പരിമിതമായ അളവിലും ഒരു ബീജമെന്നപോലെ നിക്ഷേപിച്ചിരിക്കുന്നു. എന്നിട്ട് അതിന്റെ ശരിയായ സേചനത്തിനും പരിപാലനത്തിനും ഉന്നമനത്തിനും വേണ്ടി ആ അത്യുന്നതൻതന്നെ തന്റെ പരിശുദ്ധരായ ദാസന്മാർ മുഖേന സമയോചിതം ഒരു കർമപദ്ധതി ഇറക്കിയിരിക്കുന്നു. അതിനാണ് ശരീഅത്ത്-മതനിയമം എന്നു പറയുന്നത്. ദുൻയാവിന്റെ യഥാർഥ പരിഷ്കരണത്തിനും പുരോഗതിക്കും കാരണമായിത്തീരാവുന്ന ധാർമികതയുടെ ആ വഴി ഇതുതന്നെയാണ്. ഇതല്ലാതെ വേറെ വഴി തിരഞ്ഞുനടക്കുന്നത് സമയവും ആരോഗ്യവും നഷ്ടപ്പെടുത്തുന്ന ജോലിയായിരിക്കും.

നല്ലവണ്ണം ചിന്തിച്ചുനോക്കുക. മനുഷ്യൻ തന്റെ സ്രഷ്ടാവും ഉടമസ്ഥനുമായ ദൈവത്തിന്റെ ഗുണവിശേഷങ്ങളും സ്വഭാവവൈശിഷ്ട്യങ്ങളും സ്വായത്തമാക്കാത്തിടത്തോളം സ്വഭാവത്തിന്റെ ഏതെങ്കിലും സുസ്ഥിതി നിലനിറുത്താൻ സാധിക്കുമോ? മനുഷ്യനിൽ കുടികൊള്ളുന്ന പ്രകൃതിദത്തമായ വികാരങ്ങൾതന്നെയും ദൈവാസ്തിക്യത്തിനുള്ള ഒരു തെളിവാണ്. എന്തുകൊണ്ടെന്നാൽ അത് ദൈവത്തിന്റെ ഗുണവിശേഷങ്ങളുടെ ഒരു ഛായയാകുന്നു. അതനുസരിച്ച് ശരീഅത്തിന്റെ കല്പനകൾ ഉചിതമായ രീതിയിൽ നടപ്പിൽ വരുത്തി ദൈവത്തിന്റെ നിറത്തിൽ നിറമാർന്നതായിത്തീരാൻ പരിശ്രമിക്കുക എന്നതാകുന്നു ഇതിന്റെ പ്രാവർത്തികമായ രൂപം. ഉദാഹരണത്തിന് സ്നേഹം പ്രകൃത്യാലുള്ള ഒരു വികാരമാണ്. അതിന്റെ ശരിക്കുള്ള പ്രയോഗം, അതായത് ദൈവത്തിന്റെ സ്നേഹമെന്ന നിറത്തിൽ നിറം പൂണ്ടതായിത്തീരണം എന്ന നിലയ്ക്കുള്ള പ്രയോഗം ഉന്നതമായൊരു സദ്ഗുണമാകുന്നു. വിശ്വസ്തത പ്രകൃത്യാലുള്ള ഒരു വികാരമാണ്. ഇതിന്റെ ശരിയായ നിലയിലുള്ള പ്രയോഗം ഉന്നതമായൊരു സദ്ഗുണമാകുന്നു. കരുണ പ്രകൃത്യാലുള്ള ഒരു വികാരമാണ്. അതിന്റെ ശരിയായ നിലയിലുള്ള പ്രയോഗം ഉന്നതമായൊരു സദ്ഗുണമാകുന്നു. കോപം പ്രകൃത്യാലുള്ള ഒരു വികാരമാണ്. അതിന്റെ ശരിയായ നിലയിലുള്ള പ്രയോഗം ഉന്നതമായൊരു

സദ്ഗുണമാകുന്നു. അഭിമാനം പ്രകൃത്യാലുള്ള ഒരു വികാരമാണ്. അതിന്റെ ശരിയായ നിലയിലുള്ള പ്രയോഗം ഉന്നതമായൊരു സദ്ഗുണമാകുന്നു. ഇപ്രകാരം തന്നെ പ്രകൃത്യാലുള്ള നിരവധി വികാരങ്ങൾ വേറെയുമുണ്ട്. അതിന്റെയൊക്കെ ശരിയായ നിലയിലുള്ള പ്രയോഗം ഉന്നതമായ സദ്ഗുണങ്ങളാകുന്നു. ഈ സകലവികാരങ്ങളും മനുഷ്യ പ്രകൃതിയിൽ തന്റെ ഛായ എന്ന നിലയിൽ പ്രകൃതികർത്താവ് തന്നെ നിക്ഷേപിച്ചിട്ടുണ്ട്. മനുഷ്യനെ സംബന്ധിച്ചിടത്തോളം ഈ വികാരങ്ങളൊന്നും സ്വന്തം നിലയിൽ നല്ലതോ ചീത്തയോ അല്ല. സാധാരണ പ്രകൃത്യാലുള്ള വികാരങ്ങൾ മാത്രമാണ്. അതിന്റെ ശരിയോ തെറ്റോ ആയിട്ടുള്ള പ്രയോഗമാണ് അതിനെ നല്ലതും ചീത്തയുമായ സ്വഭാവമാക്കിത്തീർക്കുന്നത്. ഇത് തിരിച്ചറിയാനുള്ള മാർഗം ദൈവത്തിന്റെ പ്രവൃത്തി അഥവാ പ്രകൃതിയും ദൈവത്തിന്റെ വാക്ക് അഥവാ ശരീഅത്തുമാണ്. ഇതല്ലാതെ നീതി ശാസ്ത്രത്തിന്റെ കുരുങ്ങിയ കെട്ടുകളഴിക്കാൻ മറ്റൊരു പരിഹാരവുമില്ല. ദൈവവിശ്വാസത്തിലൂടെയുള്ള സ്വഭാവസംസ്കരണം ലോകത്തിന് ലഭിക്കുന്ന മഹത്തായൊരു നേട്ടമാണ്.

ഇപ്രകാരം മറ്റു നിരവധി നേട്ടങ്ങളുമുണ്ട്. പക്ഷേ, ഇവിടെ ഇത്രമാത്രം വിവരിച്ച് ഈ ചർച്ചയ്ക്ക് ഞാൻ വിരാമമിടുന്നു. ഇവിടെ ദൈവവിശ്വാസം കൊണ്ട് പൊതുവായ നിലയിൽ ലോകത്തിനുണ്ടാകുന്ന നേട്ടങ്ങൾ മാത്രമാണ് ഞാൻ വിവരിച്ചത്. ഒരു സത്യവിശ്വാസി ദൈവസാമീപ്യത്തിൽ അഭിവൃദ്ധിപ്പെട്ട് ആത്മീയപരവും സ്വഭാവപരവും വിജ്ഞാനപരവുമായ നിലയിൽ കരസ്ഥമാക്കുന്ന ആ മഹത്തായ നേട്ടങ്ങളെക്കുറിച്ചല്ല. ആ അനുഗ്രഹം ദൈവത്തിന്റെ സമീപസ്ഥരായ സംഘങ്ങൾക്ക് ലഭിക്കുന്നതാണ്. അതിനെക്കുറിച്ച് പ്രതിപാദിക്കുമ്പോൾ ഇക്കാര്യം വിശദമാക്കാം. *ഇൻശാഅല്ലാഹ്*.

പൊതുവായ നേട്ടങ്ങളെക്കുറിച്ചുള്ള ഇപ്പറഞ്ഞ കാര്യങ്ങൾ ദൈവാസ്തികൃത്തിനുള്ള തെളിവെന്ന നിലയിലല്ല ഞാൻ വിവരിച്ചത്. മുകളിൽ പ്രതിപാദിച്ചതുപോലെ ദൈവം ഇല്ലെങ്കിൽത്തന്നെ ദൈവം ഉണ്ടെന്ന് വിശ്വസിച്ചാൽ നേട്ടമുള്ളതുകൊണ്ട് വിശ്വസിക്കുന്നതാണ് നല്ലത് എന്ന് ഞാൻ പറഞ്ഞത് ദൈവം ഇല്ലാത്തതുകൊണ്ടല്ല. ഈ ന്യായവാദം ഇതിന്നിടയിൽ സൂചിപ്പിച്ചത് നമുക്കൊരു സ്രഷ്ടാവും ഉടമസ്ഥനുമായ ദൈവം ഉണ്ടെന്നും അവനിൽ വിശ്വസിച്ചു ജീവിക്കുന്നത് ലോകത്തിന് ഗുണപ്രദമാണെന്നും സ്ഥാപിക്കാൻ വേണ്ടിയാണ്.

# നിരീശ്വരവാദത്തിന്റെ തെളിവും ഖണ്ഡനവും

ഇനി ഞാൻ നിരീശ്വരവാദികൾ തങ്ങളുടെ വിശ്വാസത്തിന് ഉപോൽബലകമായി പറയുന്ന ചില ന്യായങ്ങൾക്ക് വളരെ സംക്ഷിപ്തമായി മറുപടി പറയാനാഗ്രഹിക്കുന്നു. അവയിൽ മിക്കതിനും മുകളിൽ മറുപടി വന്നുകഴിഞ്ഞിട്ടുള്ളതാണ്. കാരണം ദൈവാസ്തികൃത്തിനുള്ള തെളിവുകൾ പറഞ്ഞിടത്തെല്ലാം, ആ തെളിവുകളെ സംബന്ധിച്ച് ഉന്നയിക്കപ്പെടുന്ന പൊതുവെയുള്ള ആക്ഷേപങ്ങൾക്കും മറുപടി എഴുതിയിട്ടുണ്ട്. എന്നാൽ, ചില കാര്യങ്ങൾ ദൃഢപരമല്ലാത്തതിനാൽ കഴിഞ്ഞ ചർച്ചയിൽ ഉൾക്കൊള്ളിച്ചിട്ടില്ല. അതുകൊണ്ട് അതിനെ കുറിച്ചാണ് ഇനി ചർച്ച ചെയ്യുക. വിഷയം പൂർണമാക്കാൻവേണ്ടി മറ്റു കാര്യങ്ങൾ സൂചിപ്പിക്കുകയേയുള്ളു.

## നിരീശ്വരത്വം മൂന്നുവിധം

മൂന്നുതരത്തിലുള്ള നിരീശ്വരവാദികൾ ലോകത്തുണ്ടെന്ന് നാം അറിഞ്ഞിരിക്കേണ്ടതാണ്. **ഒന്നാമത്തെ** തരക്കാർ ദൈവം ഉണ്ടെന്നതിന് തെളിവില്ല എന്ന് വിശ്വസിക്കുന്നവരാണ്. അതായത് ദൈവമുണ്ടെന്നതിന് വിശ്വാസയോഗ്യമോ ശക്തമോ ആയ തെളിവുകളൊന്നുമില്ലാത്തതുകൊണ്ട് അവർ ദൈവത്തിൽ വിശ്വസിക്കുന്നില്ല. അങ്ങനെയുള്ള നിരീശ്വരവാദികളാണ് ലോകത്ത് അധികവും. ഇത്തരക്കാർ തൊണ്ണൂറ് ശതമാനത്തിലേറെയുണ്ടെന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്. **രണ്ടാമത്തെ** തരക്കാർ ദൈവാസ്തിക്യം തെളിവുകൾകൊണ്ട് തെളിയിക്കാനേ സാധ്യമല്ലെന്ന് വിശ്വസിക്കുന്നവരാണ്. അതായത് ദൈവം ഉണ്ടോ ഇല്ലേ എന്ന ചോദ്യത്തിന് തെളിവുകൾകൊണ്ട് പരിഹാരം കാണാൻ സാധ്യമേ അല്ല. അത്തരക്കാരും പ്രായോഗികമായി ദൈവത്തെ അംഗീകരിക്കുന്നവരല്ല. **മൂന്നാമത്തെ** തരക്കാർ ഒരു ദൈവവും ഇല്ലെന്ന് വിശ്വസിക്കുന്നവരാണ്. അതായത് ദൈവം ഇല്ല എന്നത് ചില തെളിവുകൾ കൊണ്ടും ന്യായവാദങ്ങൾകൊണ്ടും തെളിയുന്നുണ്ടെന്ന് അവർ വിശ്വസിക്കുന്നു. അവരും തങ്ങളുടെ വിശ്വാസത്തിന്റെ അടിത്തറ അവർ പറയുന്ന തെളിവുകളിൽ വെക്കാറില്ല. യഥാർഥത്തിൽ അവരുടെ വിശ്വാസത്തിന്റെ അടിത്തറയും 'ദൈവം ഉണ്ട്' എന്നതിന് തെളിവൊന്നുമില്ല എന്നതിലാണ്. പക്ഷേ, അനുബന്ധമെന്നോണം അവർ ചില തെളിവുകളും സമർപി

ക്കുന്നു എന്ന് മാത്രം. ഇത്തരക്കാർ ചെറിയ ഒരു ന്യൂനപക്ഷമാണ്. മിക്കവാറും ഒരു ശതമാനം, ഒരു പക്ഷേ അതിലും കുറവ്. ഈ മൂന്നു തരക്കാരുടെ വിശ്വാസത്തെ ഇങ്ങനെ സംഗ്രഹിക്കാം.

1. ദൈവം ഉണ്ട് എന്നതിന് തെളിവില്ല. അതുകൊണ്ടു നിഷേധിക്കുന്നു.
2. ദൈവം ഉണ്ടെന്ന് തെളിയിക്കാനും ദൈവം ഇല്ലെന്ന് നിഷേധിക്കാനും സാധ്യമല്ല. അതുകൊണ്ട് വിശ്വസിക്കുകയും നിഷേധിക്കുകയും ചെയ്യുന്നില്ല.
3. ദൈവം ഉണ്ടെന്നതിനെ നിഷേധിക്കാൻ തെളിവുകളുണ്ട്. ആ തെളിവുകളുടെ അടിസ്ഥാനത്തിൽ നിഷേധിക്കുന്നു.

മുകളിൽ പറഞ്ഞതുപോലെ, നിരീശ്വരവാദികളിൽ ആദ്യത്തെ തരത്തിൽപ്പെട്ടവരുടെ എണ്ണം ഏറ്റവും കൂടുതലും മൂന്നാമത്തെ തരത്തിൽപ്പെട്ടവരുടെ എണ്ണം ഏറ്റവും കുറവുമാണ്. രണ്ടാമത്തെ തരത്തിൽപ്പെട്ടവരുടെ എണ്ണം മൂന്നാമത്തെ തരത്തിൽപ്പെട്ടവരേക്കാൾ അധികമാണ്. ഇക്കാരണത്താലാണ് യൂറോപ്പിലും അമേരിക്കയിലുമുള്ള നിരീശ്വരവാദികൾ എഗ്നോസ്റ്റിക് (Agnostic) എന്ന നാമം തങ്ങൾക്കായി ഇഷ്ടപ്പെട്ടത്. ഇതിന്റെ അർഥം 'സന്ദേഹവാദികൾ' എന്നാണ്. അതായത് ദൈവം ഉണ്ട് എന്നതിന് തങ്ങളുടെ പക്കൽ ഒരു തെളിവുമില്ലെന്ന നിലപാട് അവർ സ്വീകരിച്ചിരിക്കുന്നു. ഖണ്ഡിതമായി അവർ നിഷേധിക്കുന്നില്ല. നിരീശ്വരവാദികളിൽ ഏറ്റവും കൂടുതലുള്ളത് ദൈവം ഉണ്ട് എന്നതിന് തെളിവില്ലാത്തതുകൊണ്ട് വിശ്വസിക്കുന്നില്ല എന്ന മനോഭാവം വെച്ചുപുലർത്തുന്നവരാണ്. അത്തരക്കാരുടെ വിശ്വാസങ്ങൾക്ക് മറുപടി പറയാൻ ഇവിടെ ഞാൻ ഉദ്ദേശിക്കുന്നില്ല. കാരണം ഈ ഗ്രന്ഥം മുഴുവൻ അവർക്കുള്ള മറുപടിയാണ്. പ്രബലമായ ഓരോ തെളിവിനോടും അനുബന്ധിച്ച് അത്തരക്കാരുടെ സംശയങ്ങളും ദൂരീകരിച്ചു വന്നിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട മറ്റു രേഖകൾ ദൈവം ഇച്ഛിച്ചാൽ സന്ദർഭോചിതം വിവരിക്കുന്നതുമാണ്. രണ്ടാമത്തെ തരത്തിൽപ്പെട്ട നിരീശ്വരവാദികളുടെ വിശ്വാസവും മുകളിൽ ഖണ്ഡിച്ചുകഴിഞ്ഞിട്ടുണ്ട്. ബാക്കി പിന്നീട് വിവരിക്കുന്നതുമാണ്. ഇവിടെ, ചില തെളിവുകൾകൊണ്ടും ന്യായവാദങ്ങൾകൊണ്ടും ദൈവം ഇല്ല എന്ന് സ്ഥാപിതമാകുന്നുണ്ടെന്ന് പറയുന്ന മൂന്നാമത്തെ തരത്തിൽപ്പെട്ട നിരീശ്വരവാദികളുടെ അഭിപ്രായങ്ങൾക്കുള്ള മറുപടി മാത്രമേ ഞാനുദ്ദേശിച്ചിട്ടുള്ളൂ; അതും മുമ്പേ വിവരിച്ചിട്ടില്ലാത്ത കാര്യങ്ങൾ. കാരണം മുകളിൽ പ്രതിപാദിച്ച വിഷയത്തിൽ ഇത്തരക്കാർക്ക് നല്കിയ മറുപടിയിൽ പല കാര്യങ്ങളും

വിവരിച്ചു കഴിഞ്ഞിട്ടുള്ളതുകൊണ്ട് ഇവിടെ അത് ആവർത്തിക്കേണ്ട ആവശ്യമില്ല, സൂചന മാത്രം മതി. നിരീശ്വരവാദികൾ തങ്ങളുടെ വിശ്വാസം സ്ഥാപിക്കുന്നതിന് താഴെ കാണുന്ന തെളിവുകളാണ് സമർപ്പിക്കാറുള്ളത് എന്ന കാര്യം അറിഞ്ഞിരിക്കേണ്ടതാണ്.

## ഒന്നാമത്തെ തെളിവും അതിനുള്ള മറുപടിയും

നിരീശ്വരവാദികൾ തങ്ങളുടെ വിശ്വാസം സ്ഥാപിക്കുന്നതിന് ഒന്നാമത് പറയുന്ന തെളിവ് ഈ പ്രപഞ്ചകടാഹത്തെ സംബന്ധിച്ച് രണ്ടേരണ്ട് കാര്യങ്ങൾമാത്രമേ സാധ്യമാകാൻ തരമുള്ളു എന്നാണ്. ഒന്ന് ഇതിനെ ഏതോ ഉന്നത ശക്തി സൃഷ്ടിച്ചതാകാം. രണ്ട് അത് സ്വയം തന്നെ അതിന്റെ ഏതോ ആന്തരികമായ നിയമങ്ങൾക്കും കാര്യകാരണ ബന്ധങ്ങൾക്കും വിധേയമായി അനാദിയോ ഒരു പ്രത്യേകമായ കാലം മുതൽ ഉണ്ടായിവന്നതോ ആകാം. ഈ രണ്ടു മാർഗങ്ങളല്ലാതെ മൂന്നാമതൊന്ന് മനുഷ്യബുദ്ധി അഭിപ്രായപ്പെടുന്നില്ല. എന്നു പറഞ്ഞാൽ ഈ രണ്ടു മാർഗവും മനുഷ്യബുദ്ധിയുടെ അറിവുകൾക്കതീതമാണ്. അതായത് ഒരു വസ്തു (ദൈവമോ പ്രപഞ്ചമോ) സ്വതവേ അനാദിയോ ഒരു പ്രത്യേകമായ കാലം മുതൽ തുടങ്ങിവന്നതോ എന്നുള്ള കാര്യം മനസ്സിലാക്കുന്നതിൽ നമ്മുടെ ബുദ്ധി അശക്തമാണ്. പക്ഷേ, ഈ രണ്ടുകാര്യത്തിൽ ഏതെങ്കിലുമൊന്ന് സ്വീകരിക്കാൻ നാം നിർബന്ധിതരായിരിക്കുന്നു. കാരണം ഇതുരണ്ടല്ലാതെ മൂന്നാമതൊന്നിന് സാധ്യതയില്ല. ഇതിൽനിന്ന് ഏതെങ്കിലുമൊന്ന് നാം സ്വീകരിക്കുമ്പോൾ, ഈ പ്രപഞ്ച കടാഹത്തിന്റെമേൽ ഒരു ഉന്നത ശക്തി ഉണ്ടെന്ന് വിശ്വസിച്ചതിനുശേഷം അത് സ്വതവേ ഉണ്ടായതാണെന്ന് സമ്മതിക്കേണ്ടിവരുന്നതിനെക്കാൾ എളുപ്പവും ലളിതവും ഏറെ സുരക്ഷിതവുമായ മാർഗം അത് അതിന്റെ ഏതോ ആന്തരികമായ കാര്യകാരണ പരമ്പരക്ക് വിധേയമായി സ്വതവേ ഉണ്ടായി നടന്നുവരുന്നതാണെന്ന് അംഗീകരിക്കുകയാണ്. ഇങ്ങനെ പലതുമാണ് അവർ പറയുന്ന ന്യായങ്ങൾ.

പ്രപഞ്ചലോകത്തിന്റെ അടിസ്ഥാനത്തിൽ ദൈവാസ്തിക്യത്തിനുള്ള ശക്തമായ തെളിവുകൾ വിവരിച്ചിടത്ത് ഇപ്പറഞ്ഞ അവരുടെ ന്യായത്തിന് വിശദമായ മറുപടി നല്കിക്കഴിഞ്ഞിട്ടുണ്ട്.[1] അതിവിടെ ആവർത്തിക്കേണ്ട ആവശ്യമില്ല. അവിടെ ഈ പ്രപഞ്ചതൊഴിൽ ശാലയും ദൈവവും അതതിന്റെ അവസ്ഥകളും ഗുണവിശേഷങ്ങളും വിഭിന്നങ്ങളായതുകൊണ്ട് ഒരൊറ്റ വിധിയുടെ കീഴിൽ വരിക സാധ്യമല്ലെന്ന്

1 പേജ് 105-115

സവിസ്തരം സ്ഥാപിച്ചുകഴിഞ്ഞിട്ടുണ്ട്. രണ്ടും ആദ്യം മുതലേ സ്വയം ഭൂവാണെന്ന് സമ്മതിക്കാൻ പറ്റുകയില്ലെന്നും പറഞ്ഞിരുന്നു. ദൈവം, ദൈവത്വത്തിന്റെ ഗുണവിശേഷങ്ങളുടെ കാരണത്താൽ അനാദിയാവണമെന്നും അവന്റെമേൽ ഒരു ശക്തിയും ഉണ്ടാവാൻ പാടില്ലെന്നും ആഗ്രഹിക്കുന്നു. എന്നാൽ, പ്രപഞ്ചകടാഹവും അതിലുള്ളതുമെല്ലാം അതിന്റെ പ്രവർത്തനങ്ങൾ മുഖേന സ്വയംബോദ്ധ്യപ്പെടുത്തുന്നത് അത് അനാദിയല്ലെന്നാണ്. അവയുടെമേൽ മറ്റേതെങ്കിലും ഉന്നത ശക്തി ഉണ്ടാവുന്നത് അതിനൊട്ട് തടസ്സമല്ലതാനും. ഇവ തമ്മിലുള്ള വ്യത്യാസം വ്യക്തമാണ്. അതുകൊണ്ട് രണ്ടിനേയും ഒരു നിയമത്തിന്റെ കീഴിൽ കൊണ്ടുവരാൻ ഒരിക്കലും സാധ്യമല്ല. പ്രപഞ്ചകടാഹം സ്വയം ഭൂവാണെന്ന് സമ്മതിക്കൽ കൂടുതൽ എളുപ്പവും കൂടുതൽ ലളിതവും കൂടുതൽ സുരക്ഷിതവുമാണെന്ന് കരുതുന്നത് തികച്ചും അബദ്ധമാണ്. അതംഗീകരിച്ചാൽ പരിഹരിക്കാനൊക്കാത്ത രീതിയിലുള്ള നിരവധി പ്രശ്നങ്ങൾ ഉടലെടുക്കും. എന്നാൽ, പ്രപഞ്ചകടാഹത്തെ ഒരു സൃഷ്ടിയായി അംഗീകരിക്കുകയും അതിന്റെ സ്രഷ്ടാവിനെ നിത്യനായി വിശ്വസിക്കുകയും ചെയ്യുക എന്നത് തീർച്ചയായും ബുദ്ധിയോട് ഏറ്റവും അടുത്തതും പ്രമാണത്തോട് കൂടുതൽ ചേർന്നതും കൂടുതൽ ലളിതവും കൂടുതൽ സുരക്ഷിതവും മനസ്സിലാക്കാൻ എളുപ്പവുമായ കാര്യമാണ്. കൂടുതൽ കാര്യങ്ങൾ മുമ്പേ വിശദീകരിച്ചിട്ടുണ്ട്. ആവശ്യം തോന്നുന്നപക്ഷം മാന്യവായനക്കാർക്ക് ആ അദ്ധ്യായം വീണ്ടും നോക്കാവുന്നതാണ്.

## രണ്ടാമത്തെ തെളിവ്

നിരീശ്വരവാദികൾ പറയുന്ന ദൈവനിഷേധത്തിന്റെ രണ്ടാമത്തെ തെളിവ്, പ്രകൃതി നിയമവും കാര്യകാരണപരമ്പരയും സമ്പൂർണമായി നിലനില്ക്കുമ്പോൾ ഈ പ്രപഞ്ചത്തിന് ഒരു ദൈവത്തിന്റേയോ പരാശക്തിയുടേയോ ആവശ്യം തന്നെ ഉണ്ടെന്നു തോന്നുന്നില്ല എന്നാണ്. അനാവശ്യമായി ഒരു പരാശക്തിയുണ്ടെന്ന് വിശ്വസിക്കുന്നത് മനോരാജ്യം സൃഷ്ടിക്കലെന്നതല്ലാതെ മറ്റൊന്നുമല്ല. ഇതിനുള്ള മറുപടിയും മുകളിൽ പറഞ്ഞുകഴിഞ്ഞിട്ടുണ്ട്.[1] സമ്പൂർണമായ നിയമം നിലനില്ക്കെ ഒരു പരാശക്തിയുടെ ആവശ്യകത എന്ത് എന്നതിനെ കുറിച്ച് അവിടെ പ്രതിപാദിച്ചിരിക്കുന്നു. ഈ കാര്യകാരണപരമ്പര നിലനില്ക്കെതന്നെ ലോകത്ത് പ്രത്യേകമായൊരു ഉദ്ദേശ്യവും ലക്ഷ്യവും കണ്ടുവരുന്നത്

1. പേജ് 67:91

ഒരു നിർമാതാവിന്റെ അല്ലെങ്കിൽ നിയന്താവിന്റെ സത്തയ്ക്കുള്ള സമുജ്വലമായ തെളിവാണ്. ഇതിന്റെ വിശദീകരണവും പിൻപുറങ്ങളിൽ വായിക്കാവുന്നതാണ്. വാസ്തവത്തിൽ കാര്യകാരണബന്ധംതന്നെ ഒരു നിർമാതാവിന്റേയും നിയന്താവിന്റേയും ആവശ്യകത വിളിച്ചോതുന്നു എന്ന കാര്യം ചിന്തിക്കപ്പെട്ടിട്ടില്ല. ഇനി അങ്ങനെ ചിന്തിക്കുന്നില്ലെങ്കിൽ അതവിടെ നില്ക്കട്ടെ. തൊഴിലാളി ആദ്യം നിർമിക്കുന്നത് തൊഴിലായുധങ്ങളാണ്. ആ ആയുധങ്ങൾ കൊണ്ടാണ് മറ്റു വസ്തുക്കൾ ഉണ്ടാക്കുന്നത്. ഇതിൽനിന്ന് അയാൾ ഉണ്ടാക്കിയ വസ്തുക്കൾ ആ പണിയായുധത്തിന്റെ ഫലമാണെന്നതിൽ സംശയമില്ല. ആ ഫലത്തിൽ നിന്നാണ് തൊഴിലാളിയുടെ ശക്തി പ്രകടമാകുന്നത്. ഇങ്ങനെ വരുമ്പോൾ കാര്യകാരണബന്ധത്തെ ദൈവാസ്തികൃത്തിന്നെതിരിൽ തെളിവായിട്ടവതരിപ്പിക്കാൻ പറ്റുകയില്ലെന്ന് വ്യക്തമാകുന്നു. അപ്പോൾ ഈ കാര്യകാരണബന്ധത്തിന്റെ നിലനില്പും അതിനെക്കാളുപരി ഈ പ്രപഞ്ചകടാഹത്തിന്റെ നിശ്ചിത ഭാഗത്ത് നിശ്ചിതമായൊരു ഉദ്ദേശ്യലക്ഷ്യമനുസരിച്ച് അവ പ്രവർത്തിക്കുന്നതുകൊണ്ട് പ്രകടമായിക്കൊണ്ടിരിക്കുന്ന അവയുടെ സംയുക്തഫലവും ഒരു പരാശക്തി ഉണ്ടെന്നുള്ളതിന് സ്പഷ്ടമായ തെളിവാണ്. ബുദ്ധിമാന്മാർക്കൊന്നും ഇതിനെ നിഷേധിക്കാൻ സാധ്യമല്ല.

## മൂന്നാമത്തെ തെളിവ്

ചില നിരീശ്വരവാദികൾ പരിണാമസിദ്ധാന്തത്തെ ദൈവനിഷേധത്തിനുള്ള കാരണമായിട്ട് പറയാറുണ്ട്. അതിന്റെ ചുരുക്കം ഇങ്ങനെയാണ്. 'ലോകത്ത് നാം ഇന്നുകാണുന്ന വസ്തുക്കളുടെ രൂപവും ഭാവവും ആദ്യം ഇങ്ങനെയായിരുന്നില്ല. ആരംഭകാലത്ത് വളരെ താണ അവസ്ഥയിലായിരുന്നു അതുണ്ടായിരുന്നത്. പിന്നീട് മെല്ലെ മെല്ലെ പരിണാമവിധേയമായി ഇന്നുള്ള നിലയിലെത്തി. പരിതസ്ഥിതികൾക്കനുസരിച്ച് പരിണമിക്കാൻ കഴിവില്ലാത്തവ ക്രമേണ ഇല്ലാതായി.' ഇതിൽനിന്ന് ഈ ലോകം ആസൂത്രിത[1] പദ്ധതികളൊന്നുമില്ലാതെ ഉണ്ടായതാണെന്നും ഇക്കാണുന്നതെല്ലാം യാദൃച്ഛികമാണെന്നും ഇക്കൂട്ടർ സ്ഥാപിക്കാൻ ശ്രമിക്കുന്നു.

ഇതിനുള്ള മറുപടിയും ഞാൻ പറഞ്ഞുകഴിഞ്ഞിട്ടുണ്ട്.[2] ഒരു കാര്യംകൂടി ഓർമവയ്ക്കേണ്ടതുണ്ട്. പരിതഃസ്ഥിതികൾക്കനുസരിച്ച് മാറ്റമുണ്ടാകാത്തതുകൊണ്ട് ചില വസ്തുക്കൾ നശിക്കുന്നതും ചിലത്

1. Design 2. പേജ് 90-99

സ്വതവേ ഉണ്ടാകുന്നതും, ആസൂത്രണമൊന്നും[1] കൂടാതെയാണ് ലോകം നിലവിൽവന്നിട്ടുള്ളതെന്നു തെളിയിക്കുന്നില്ല. സൂക്ഷ്മാവലോകനം ചെയ്താൽ ചില വസ്തുക്കൾ നശിക്കുന്നതും ചിലത് നിലനില്ക്കുന്നതും, ലോകത്തിന്റെ ആസൂത്രണത്തേയും ഉദ്ദേശ്യത്തേയും ലക്ഷ്യത്തേയും വ്യക്തമായും സ്ഥാപിച്ചുകൊണ്ടിരിക്കുന്നുവെന്ന് കാണാവുന്നതാണ്. കാരണം ചില വസ്തുക്കൾ നശിക്കുന്നതും ചിലത് നിലനില്ക്കുന്നതും തികച്ചും യുക്തിയുക്തമായ ഒരു പ്രവൃത്തിയുടെ ഫലമായിട്ടാകുന്നു. പ്രപഞ്ചകർത്താവ് തന്റെ തോട്ടത്തിന്റെ നന്മയും അഭിവൃദ്ധിയും കണക്കിലെടുത്ത് മുറിക്കേണ്ട മരങ്ങളെ മുറിക്കുകയും നടേണ്ട മരങ്ങളെ നടുകയുമാണ് ചെയ്യുന്നത്. അതായത് ബലഹീനവും വൈകല്യംകൊണ്ട് കാലമാറ്റത്തെ അതിജീവിക്കാൻ കഴിവില്ലാത്തതും ജീവിതോദ്ദേശ്യം പൂർത്തിയാക്കാൻ പറ്റാത്തതുമായ ശാഖകളേയും ചെടികളേയും മുറിച്ചിടുന്നു. പ്രയോജനപ്പെടുന്നതും വളരാൻ കരുത്തുള്ളതുമായ ചെടികൾക്ക് തടസ്സമുണ്ടാകാതിരിക്കാനും അവ കൂടുതൽ സ്വാതന്ത്ര്യത്തോടുകൂടി വളരാനുമാണ് ഇങ്ങനെ ചെയ്യുന്നത്. പ്രപഞ്ചതോട്ടത്തിന്റെ ഇന്ന ഇന്ന ശാഖകൾ അല്ലെങ്കിൽ ചെടികൾ ബലഹീനമാണെന്നും അവയുടെ ജനനോദ്ദേശ്യം പൂർത്തിയാക്കാൻ അവയ്ക്ക് സാധ്യമല്ലാതെ വരുമെന്നും മുൻകൂട്ടി അറിയുന്ന ദൈവം പിന്നെന്തിന് അവയെ സൃഷ്ടിച്ചു എന്ന് ആരെങ്കിലും ചോദിച്ചാൽ അതിനുള്ള മറുപടി ഇതാണ്: സകല വസ്തുക്കളേയും പ്രത്യേകമായൊരു ഉദ്ദേശ്യത്തോടുകൂടിയാണ് ദൈവം സൃഷ്ടിച്ചിട്ടുള്ളത്. അവ ആ ഉദ്ദേശ്യം പൂർത്തിയാക്കണം. എന്നാൽ, പൊതുവെയുള്ള പ്രകൃതിനിയമത്തിനു വിധേയമായി ഒരു വസ്തുവിൽ എന്തെങ്കിലും കേടുണ്ടാകുകയും ജീവിതരംഗത്ത് മറ്റുള്ളതിനോടൊപ്പം മുന്നോട്ടുപോകാൻ അതിന് സാധിക്കാതെ വരികയും സൃഷ്ടി ഉദ്ദേശ്യം പൂർത്തിയാക്കാൻ അശക്തയാവുകയും ചെയ്യുന്നതിന്റെ ഫലമായി അത് മറിഞ്ഞുവീഴുകയും ചെയ്യുകയാണെങ്കിൽ അതും പ്രകൃതിനിയമം അനുസരിച്ച് തന്നെയാണ്. അതായത് ആ രണ്ടു നിയമവും ദൈവത്തിന്റേതുതന്നെയാണ്. ദൈവം ഓരോ വസ്തുവിനേയും പ്രത്യേകമായൊരു ഉദ്ദേശ്യലക്ഷ്യത്തോടുകൂടി സൃഷ്ടിച്ചു. ആ ലക്ഷ്യത്തെ പ്രാപിക്കുകയെന്നതും ദൈവത്തിന്റെ താൽപര്യമാണ്, പ്രാപിക്കാൻ കഴിയാതെ നശിച്ചുപോകുക എന്നതും ദൈവത്തിന്റെ താൽപര്യമാണ്. ഏതുപോലെയെന്നാൽ, ആത്മീയവും ഭൗതികവുമായ അഭിവൃദ്ധി കരസ്ഥമാക്കുന്നതിനുവേണ്ടിയാണ് ദൈവം ഓരോ മനു

1. Plan

ഷ്യനേയും സൃഷ്ടിച്ചിട്ടുള്ളത്. പക്ഷേ, ചിലയാളുകൾ അവരുടെ കൈയിലിരിപ്പുകൊണ്ട് ആ ഉദ്ദേശ്യം പൂർത്തിയാക്കുന്നില്ല. അങ്ങനെയുള്ളവർ ഉണങ്ങിയ ശാഖ എന്നപോലെ മുറിച്ചുനീക്കപ്പെടുന്നു. ചിലപ്പോൾ ചില വസ്തുക്കളുടെ ജനനോദ്ദേശ്യംതന്നെ ഒരു നിശ്ചിതകാലംവരെ നിലനിന്ന് മറ്റു വസ്തുക്കളുടെ വളർച്ചയെ സഹായിക്കുക എന്നതായിരിക്കും. അതായത് അർഹതയുള്ളവ അതിജീവിക്കുകയും അതിന്റെ ജനനോദ്ദേശ്യം പ്രാപിക്കുകയും ചെയ്താൽ അതിന് താങ്ങായി നില്ക്കുന്ന വസ്തുക്കളെ നശിപ്പിച്ചുകളയണം. ചില ചെടികൾക്ക് താങ്ങായി മറ്റു ചില ചെടികളും നടാറുണ്ട്. താങ്ങായി നടുന്ന ചെടിയിൽനിന്ന് പ്രതിഫലമൊന്നും കാംക്ഷിക്കാറില്ല. ഇതിന് ഇംഗ്ലീഷിൽ ഫില്ലേഴ്സ് (Fillers) എന്നു പറയുന്നു. യഥാർഥ ചെടിയെ സംരക്ഷിക്കുന്നതിനും അതിനെ സഹായിക്കുന്നതിനും വേണ്ടിയാണ് താങ്ങുചെടികൾ അതിന്റെ തൊട്ടടുത്ത് നടുന്നത്. യഥാർഥ ചെടി വളർന്ന് ഉറച്ചുകഴിഞ്ഞാൽ താങ്ങുചെടിയെ നശിപ്പിച്ചു കളയുന്നു. കാരണം അതിന്റെ ജനനോദ്ദേശ്യം അത്രയേയുള്ളു. പിന്നെയും അതവിടെതന്നെ നിന്നാൽ യഥാർഥ ചെടിയെ അത് ദോഷമായി ബാധിക്കും.

ഇതിനും പുറമെ, ചില വസ്തുക്കൾക്കുണ്ടാകുന്ന നാശം മറ്റുള്ളവയുടെ ജീവനത്തിനും ഭദ്രതയ്ക്കും വളർച്ചയ്ക്കും കാരണമാകുന്നുണ്ടെന്ന് ശാസ്ത്രവും സ്ഥാപിച്ചിട്ടുള്ളതാണ്. അവയുടെ സൃഷ്ടിയുദ്ദേശ്യം സ്വയം നശിച്ച് മറ്റുള്ളവയുടെ വളർച്ചയെ സഹായിക്കുക മാത്രമായിരിക്കും. ഇതിന് നിരവധി ഉദാഹരണങ്ങൾ എടുത്തുദ്ധരിക്കാൻ കഴിയും.

ഏതു ഭാഗത്തൂടെ നോക്കിയാലും, ചില വസ്തുക്കൾ കുറച്ചുകാലം ജീവിച്ച് നശിക്കുന്നതും ചിലത് നശിക്കാതെ വളരുന്നതുമെല്ലാം ഒരിക്കലും ദൈവാസ്തികൃത്തിന്നെതിരെയുള്ള തെളിവാകുകയില്ല. ഇതിൽനിന്ന് തെളിയുന്നത് കാര്യങ്ങൾ നല്ലവണ്ണം മനസ്സിലാക്കി യുക്തിയുക്തം പ്രവർത്തിക്കുന്ന ഒരു പരാശക്തി ഈ ലോകത്തിനുണ്ടെന്നാണ്. അവൻ വളരെ യുക്തിഭദ്രമായ നിലയിൽ പ്രത്യേകമായൊരു ഉദ്ദേശ്യത്തോടുകൂടി ഈ ലോകതൊഴിൽശാല സമർഥമായി നടത്തിവരുന്നു. “വസ്തുക്കൾ നശിച്ചുപോകുന്നത് അർഹതയുള്ളത് അതിജീവിക്കും എന്ന തത്ത്വത്തിന്റെ അടിസ്ഥാനത്തിലാണെന്നും ഇതിൽ ഒരു പരാശക്തിയുടെ സാന്നിധ്യം തിരയുന്നത് മിഥ്യാധാരണയല്ലാതെ മറ്റൊന്നുമല്ലെന്നും” ചിലർ പറയാറുണ്ട്. ഒരു കാര്യം മനസ്സിലാക്കുക. ഞങ്ങൾ ഒരിക്കലും നിയമത്തെ നിഷേധിക്കുന്നവരല്ല. മറിച്ച് കാര്യകാരണ പ

രമ്പരയെ അംഗീകരിക്കുന്നവരാണ്. അതിനെ ലോകത്തിനു മുമ്പിൽ സമർപിക്കുന്നവരുമാണ്. എന്നാൽ, ആ നിയമം കൊണ്ടും കാര്യകാരണബന്ധംകൊണ്ടും ദൈവമല്ല ലോകം സൃഷ്ടിച്ചതെന്ന് തെളിയിക്കാൻ ഒരിക്കലും ഒക്കുകയില്ല. ഞാൻ മുമ്പേ സവിസ്തരം വിശദീകരിച്ചു കഴിഞ്ഞതുപോലെ ഈ കാര്യകാരണബന്ധം ഒരു പരാശക്തിയിലേക്ക് സൂചന നല്കിക്കൊണ്ടിരിക്കുകയാണ് വാസ്തവത്തിൽ ചെയ്യുന്നത്. കാര്യകാരണബന്ധത്തിന്റെ സംയുക്തഫലം നോക്കിയാൽ ദൈവാസ്തിക്യത്തിനുള്ള ഒരു അധിക തെളിവാണതെന്ന് കാണാം. ഇവിടെ ഞാൻ വീണ്ടും പറയാൻ ആഗ്രഹിക്കുന്നു. ഡാർവിൻ തുടങ്ങിയ ആളുകൾ പരിണാമസിദ്ധാന്തം ഏത് രീതിയിലാണോ അവതരിപ്പിച്ചിട്ടുള്ളത് അതൊരിക്കലും ശാസ്ത്രസ്ഥാപിത വസ്തുതയല്ല. അതൊരു സിദ്ധാന്തം മാത്രമാണ്. അതിന്റെ ചില വിശദീകരണത്തോട് മറ്റു പല ശാസ്ത്രജ്ഞന്മാരും യോജിച്ചിട്ടില്ല എന്നു മാത്രമല്ല ഈ സിദ്ധാന്തം അതിന്റെ നിലവിലുള്ള അവസ്ഥയിൽ പരിപൂർണമായും ഖണ്ഡിക്കപ്പെട്ടുകഴിഞ്ഞിരിക്കുകയുമാണ്.

## നാലാമത്തെ തെളിവ്:

നിരീശ്വരവാദികൾ ദൈവാസ്തിക്യത്തിന്നെതിരിൽ അവതരിപ്പിക്കുന്ന നാലാമത്തെ തെളിവും പരിണാമസിദ്ധാന്തത്തിലധിഷ്ഠിതമാണ്. “ലോകോല്പത്തിയും ആദമിന്റെ സൃഷ്ടിപ്പും സംബന്ധിച്ച മതാധ്യാപനങ്ങൾ പരിണാമ സിദ്ധാന്തത്തിന്റെ വെളിച്ചത്തിൽ അബദ്ധജടിലവും നിരർഥവുമാണെന്ന് സ്ഥാപിക്കപ്പെട്ടതുകൊണ്ട് അവയെല്ലാം കളവും നിരർഥവുമാണ്. മതം നിരർഥമാകുമ്പോൾ മനുഷ്യൻ മതത്തിൽ നിന്നാർജിച്ച മതവിശ്വാസവും നിരർഥമായിത്തീരുന്നു.”

ഇതിനെ സംബന്ധിച്ചും വിശദമായ മറുപടി മുമ്പേ പറഞ്ഞു കഴിഞ്ഞിട്ടുണ്ട്.[1] അതിവിടെ ആവർത്തിക്കുന്നില്ല.

## അഞ്ചാമത്തെ തെളിവ്:

നിരീശ്വരവാദികൾ ദൈവാസ്തിക്യത്തിന്നെതിരിൽ ഉന്നയിക്കുന്ന അഞ്ചാമത്തെ തെളിവ് ഇങ്ങനെ സംഗ്രഹിക്കാം.

“ദൈവനിർമിതമെന്ന് പറയപ്പെടുന്ന പ്രകൃതിനിയമം ചില അവസരങ്ങളിലും അവസ്ഥകളിലും ലക്കുംലഗാനുമില്ലാത്ത നിലയിൽ അതിക്രമങ്ങൾ കാണിക്കുന്നു. അത് കാണുമ്പോൾ ഇതൊന്നും ബുദ്ധിയുള്ള ഒരു ശക്തി ഉണ്ടാക്കിവെച്ചതാണെന്ന് പറയാൻ സാധിക്കുന്നില്ല. അതു

*1 പേജ് 91–99*

സംബന്ധിച്ച് കൂടുതൽ പഠിക്കുമ്പോൾ ഏതോ ആന്തരികമായ മാറ്റത്തിന്റേയോ അല്ലെങ്കിൽ കാര്യകാരണ പരമ്പരയുടേയോ ഫലമായാണ് അതുണ്ടാകുന്നതെന്ന് വ്യക്തമാകുന്നു. ഉദാഹരണത്തിന് ചിലപ്പോഴുണ്ടാകുന്ന വൻനാശങ്ങൾ. അതിന്റെ ഫലമായി നിരപരാധികൾക്കുണ്ടാകുന്ന നഷ്ടം. അല്ലെങ്കിൽ ജീവനാശം. പകർച്ചവ്യാധികളുടേയും മറ്റു രോഗങ്ങളുടേയും പടർന്നുപിടിത്തം. കെടുതികൾക്കിരയാകൽ. അന്ധരുടേയും ബധിരരുടേയും അംഗഹീനരുടേയും മന്ദബുദ്ധികളുടേയും ജനനം. ഒരു വസ്തു അല്ലെങ്കിൽ വ്യക്തി അഭിവൃദ്ധിയുടെ രാജവീഥിയിലൂടെ മുന്നോട്ടുപോയി അവസാനം തകിടം മറിഞ്ഞ് നശിക്കൽ തുടങ്ങിയവ. ഇവയെല്ലാം ലോകത്ത് സംഭവിക്കുന്നു. ഇതിൽനിന്ന് മനസ്സിലാകുന്നത് ഒരു ദൈവവുമില്ലെന്നാണ്. ഉണ്ടായിരുന്നെങ്കിൽ ഈ തോന്ന്യാസങ്ങളൊന്നും സംഭവിക്കുമായിരുന്നില്ല." ഈ ആക്ഷേപത്തിന്ന് മറുപടി എഴുതിയിട്ടില്ല. അതുകൊണ്ട് ചില കാര്യങ്ങൾ അല്പം വിശദീകരിക്കേണ്ടത് അനിവാര്യമായി ഞാൻ മനസ്സിലാക്കുന്നു.

**പ്രകൃതിനിയമം വേറെ, ശരീഅത്ത്നിയമം വേറെ**

ദൈവത്തിന്റെ രണ്ടുതരം നിയമങ്ങളെക്കുറിച്ച് ചിന്തിക്കാത്തതുകൊണ്ടാണ് ഇത്തരം ആക്ഷേപങ്ങളുണ്ടാകുന്നത്. ഭൂമിയിൽ നടന്നുകൊണ്ടിരിക്കുന്ന എല്ലാ പ്രവർത്തനങ്ങളും ഒരൊറ്റ നിയമത്തിന്റെ അടിസ്ഥാനത്തിലാണെന്ന് അവർ മനസ്സിലാക്കുന്നു. വാസ്തവത്തിൽ ഈ ധാരണ തികച്ചും തെറ്റാണ്. ദൈവത്തിൽനിന്ന് രണ്ടുതരത്തിലുള്ള നിയമങ്ങളാണ് ലോകത്ത് നടപ്പിൽ വന്നുകൊണ്ടിരിക്കുന്നത്. ഒന്ന് **പ്രകൃതിനിയമം**. അത് പ്രപഞ്ചവ്യവസ്ഥിതിയുമായി ബന്ധപ്പെട്ടു നില്ക്കുന്നു. കാര്യകാരണബന്ധവും വസ്തുക്കളുടെ സ്വഭാവവുമനുസരിച്ച് നടപ്പിൽ വരുന്നു. അതിന്റെ സ്വാധീനശക്തിയും അതിന്റെ ഫലങ്ങളും ഒപ്പത്തിനൊപ്പം വെളിപ്പെട്ടുകൊണ്ടിരിക്കുന്നു. രണ്ട് **ശരീഅത്ത് നിയമം**. ശരീഅത്ത് നിയമം അഥവാ മതനിയമം മനുഷ്യന്റെ ധാർമികവും ആധ്യാത്മികവുമായ കാര്യങ്ങളുമായി ബന്ധപ്പെട്ടു നില്ക്കുന്നതാണ്. ഈ നിയമം ഇറങ്ങുന്നത് ദൈവത്തിന്റെ പ്രവാചകന്മാരും ദൂതന്മാരും മുഖേനയാണ്. ഇതനുസരിച്ചുള്ള രക്ഷാശിക്ഷയുടെ വിധി നിശ്ചയിച്ചിട്ടുള്ളത് മരണത്തിന് ശേഷമാകുന്നു. മുകളിൽ പറഞ്ഞ ആക്ഷേപം ഈ രണ്ടു നിയമത്തെ കൂട്ടിക്കുഴച്ചതിനാലും അവ തമ്മിലുള്ള വ്യത്യാസം ശ്രദ്ധിക്കാത്തതിനാലും ഉണ്ടായതാണ്.

എന്താണ് പ്രകൃതിനിയമം? ഓരോ വസ്തുവിലും ഓരോ കർമ

ത്തിലും ഓരോ ചലനത്തിലും ഓരോ ഒറ്റയിലും ഓരോ ഇരട്ടയിലും പ്രകൃതിപരമായൊരു സ്വാധീനശക്തി നിക്ഷിപ്തമാക്കപ്പെട്ടിരിക്കുന്നു. ആ സ്വാധീന ശക്തിയുടെ പ്രതികരണം അതിന്റേതായ നിലയിൽ പ്ര ത്യക്ഷപ്പെട്ടുകൊണ്ടുമിരിക്കുന്നു. പാഷാണത്തിൽ ജീവവസ്തുവിനെ ഹനിക്കാനുള്ള ശക്തിയുണ്ടെന്നത് പ്രകൃതിനിയമത്തിന്റെ ഭാഗമാണ്. എപ്പോഴാണെങ്കിലും എവിടെവെച്ചാണെങ്കിലും ഏതെങ്കിലും ജീവവ സ്തുവിനുള്ളിൽ അതിന് ഹാനികരമാകുന്ന അളവിൽ അത് ചെന്നാൽ, പ്രകൃതിനിയമംതന്നെ നിശ്ചയിച്ചിട്ടുള്ള മറ്റേതെങ്കിലും നിയമം അതി നുള്ളിൽ കടന്ന് ആ പാഷാണത്തിന്റെ വീര്യത്തെ നീക്കിയിട്ടില്ലെങ്കിൽ അതിന്റെ പ്രകൃതിപരമായ പ്രതികരണം വെളിപ്പെടുകതന്നെ ചെയ്യും. ഏതെങ്കിലും മേല്ക്കൂര ബലഹീനവും ദ്രവിച്ചതുമാണെങ്കിൽ, അതിന്റെ ബലഹീനത അധികമാകുകയും അതിന് നിലനില്ക്കാൻ പറ്റാതെ വരികയും ചെയ്താൽ അതു നിലംപതിക്കുക എന്നത് പ്രകൃതിനി യമത്തിൽപ്പെട്ടതാണ്. അതിനുതാഴെ ആരെങ്കിലുമുണ്ടായാൽ അവർ മരിക്കണമെന്നതും പ്രകൃതിനിയമമാണ്. ആരുതന്നെയായാലും ഈ നിയമത്തിനു കീഴിൽ വന്നാൽ, ആ നിയമത്തിന്റെ സ്വാധീനശക്തിയെ നിർവീര്യമാക്കുന്ന പ്രകൃതിയുടെ മറ്റു നിയമങ്ങളൊന്നും ഇടയ്ക്ക് വരുന്നില്ലെങ്കിൽ അവർ മരിക്കുകതന്നെ ചെയ്യും. ഇതുപോലെതന്നെ വെള്ളത്തിൽ വീഴുന്ന ഒരാൾക്ക് നീന്തൽ വശമില്ലെങ്കിൽ അയാൾ മുങ്ങി മരിക്കും എന്നതും പ്രകൃതിനിയമത്തിന്റെ ഭാഗമാണ്. അതുകൊണ്ട് നീന്തലറിയാത്ത ആരും ആഴമുള്ള വെള്ളത്തിൽ വീണാൽ, ആ നി യമത്തിന്റെ സ്വാധീനശക്തിയെ നിർവീര്യമാക്കി അവനെ രക്ഷിക്കാനു തകുന്ന മറ്റു നിയമമൊന്നും അവിടെ നടപ്പിൽ വരുന്നില്ലെങ്കിൽ അപ കടത്തിൽപ്പെടുന്നവർ മരണവക്ത്രത്തിൽ നിന്ന് രക്ഷപ്പെടുകയില്ല. അപ്രകാരം തന്നെ അഭിവൃദ്ധിപ്പെട്ടുവരുന്ന ഏതു വസ്തുവായാലും അതിന്റെ വഴിയിൽ ഉപദ്രവവും നഷ്ടവും വരുത്തുന്ന വസ്തുക്കൾ തടസ്സമായി വരികയും അതിനെ നേരിടാനുള്ള കരുത്ത് അഭിവൃദ്ധ വസ്തുവിന് ഇല്ലാതാകുകയും ചെയ്താൽ ആ തടസ്സത്തെ ഇല്ലാതാ ക്കാനുതകുന്ന പ്രകൃതിനിയമത്തിന്റെതന്നെ മറ്റേതെങ്കിലും മാർഗങ്ങൾ ലഭ്യമാകുന്നില്ലെങ്കിൽ അതിന്റെ വളർച്ച തടസ്സപ്പെട്ട് അധഃപതനവും അധോഗതിയും ഉണ്ടാകുമെന്നതും പ്രകൃതിനിയമത്തിൽപ്പെട്ടതാണ്. ഈ എല്ലാ കാര്യങ്ങളും ഇതുപോലുള്ള അസംഖ്യം മറ്റു കാര്യങ്ങളും പ്ര കൃതിനിയമത്തിന്റെ തന്നെ ഭാഗങ്ങളാണ്. ഈ നിയമമനുസരിച്ച് ഓരോ വസ്തുവും അതിന്റെ സ്വാഭാവികമായ സ്വാധീനശക്തികൾ ചെലുത്തി

ക്കൊണ്ടിരിക്കുന്നു. ഈ മഹത്തായ യന്ത്രം സദാ കറങ്ങികൊണ്ടിരിക്കുകയാണ്. അവിടെ സ്വന്തമെന്നോ അന്യമെന്നോ ഉള്ള വ്യത്യാസമില്ല. സാധാരണനിലയിൽ* അതിന്റെ മുന്നിൽ എന്തുവന്നാലും അതിനെ അത് തന്നിലർപിതമായ ചുമതലയനുസരിച്ച് മുകളിലേക്ക് ഉയർത്തുകയോ താഴേക്ക് വീഴ്ത്തുകയോ മുന്നോട്ട് നയിക്കുകയോ പിന്നോട്ട് തള്ളുകയോ ചെയ്യാൻ നിർബന്ധിതമാകുന്നു.

എന്നാൽ, ശരീഅത്ത് നിയമം എന്താണ്? ഒരു മതം അതിന്റെ അനുയായികളുടെ മുമ്പിൽ ദൈവത്തിൽനിന്ന് സമർപിക്കുന്ന നിയമങ്ങളും കർമപദ്ധതികളുമാണ് ശരീഅത്ത് നിയമം; അവർ അതനുസരിച്ച് പ്രവർത്തിച്ച് തങ്ങളുടെ സ്വഭാവത്തെ ശുദ്ധീകരിക്കുന്നതിനും ദൈവത്തിന്റെ സാമീപ്യം കരസ്ഥമാക്കി ഭക്തദാസർക്കായി അവൻ ഒരുക്കിയിട്ടുള്ള അനുഗ്രഹങ്ങളിൽ ഭാഗഭാക്കാകാനും വേണ്ടി. പക്ഷേ, ഇതനുസരിച്ച് ജീവിക്കാനോ ജീവിക്കാതിരിക്കാനോ ഓരോരുത്തർക്കും സ്വാതന്ത്ര്യമുണ്ട്. അതിനുള്ള *രക്ഷാശിക്ഷാവിധി* മരണത്തിനു ശേഷമാണ് നിശ്ചയിച്ചിരിക്കുന്നത്. (*ചില മുഖ്യമായ അർധഗോപ്യ ഫലങ്ങളൊഴിച്ച്, അവ ഈ ലോകത്ത് വെളിപ്പെടുന്നു*) ഉദാഹരണത്തിന്, ദൈവസാമീപ്യവും ദൈവതൃപ്തിയും കരസ്ഥമാക്കുന്നതിന് ദൈവത്തെ നിങ്ങൾ ആരാധിക്കേണ്ടത് ഇന്ന രീതിയിലാണെന്ന് ശരീഅത്ത് നിയമം മനുഷ്യനെ പഠിപ്പിക്കുന്നു. എന്നാൽ, ആരാധിച്ചുകൊള്ളണമെന്ന് അത് നിർബന്ധിക്കുന്നുമില്ല. അതായത് ആരെങ്കിലും അതിന്നെതിരിൽ നടക്കാൻ ആഗ്രഹിച്ചാൽ അതിന് അവന് പൂർണ അനുവാദമുണ്ട്. അവനെ ആരും തടയുകയില്ല. പക്ഷേ, ഈ ആജ്ഞാലംഘനത്തിന്റെ ഫലം ചെറിയ തോതിൽ ഇഹലോകത്ത് വെളിപ്പെടാവുന്നതാണ്. അതിനുള്ള യഥാർഥവും നിശ്ചയപ്പെടുത്തിയതുമായ ശിക്ഷ പരലോകത്തുതന്നെയാണ് കിട്ടുന്നത്. അതുകൊണ്ട് മതാനുയായികൾ പൊതുവെ പറയാറുണ്ട്: "ഇഹലോകം കർമഗേഹമാണ്. പരലോകം പ്രതിഫലഗേഹമാണ്."

പ്രകൃതിനിയമത്തിന്റെ അവസ്ഥ ഇതല്ല. അതിന്റെ കർമഭൂമിയും പ്രതിഫലഭൂമിയും ഇഹലോകം തന്നെയാണ്. ഈ രണ്ടുനിയമങ്ങളും

** അസാധാരണമായുണ്ടാകുന്ന ചിലതിനെ മാറ്റിനിറുത്തുകയാണ്. അതിന് വേറെ സ്ഥിരമായ നിയമങ്ങളുണ്ട്. അത് ദൈവത്തിന്റെ പ്രത്യേകമായ വിധിയുമായി ബന്ധപ്പെട്ടു നിൽക്കുന്നു. പ്രവാചകന്മാരും ആധ്യാത്മിക ജ്ഞാനം കൊണ്ട് ദൈവത്തെ തിരിച്ചറിഞ്ഞ മറ്റുള്ളവരും മുഖേന പ്രാർഥനയുടെ സ്വീകാര്യത, അമാനുഷികത തുടങ്ങിയ രൂപത്തിൽ അവ ലോകത്തിനു മുമ്പിൽ വെളിപ്പെടുത്തുകയും ചെയ്യുന്നു.*

*(അസാധാരണമായ ചില സന്ദർഭങ്ങളൊഴിച്ച്. അതിവിടെ വിവരിക്കേണ്ട ആവശ്യമില്ല)* ഒരിക്കലും ഒന്നു മറ്റൊന്നിന്റെ പ്രവർത്തനപരിധിയിൽ കടക്കുകയില്ല. അതായത്, പ്രകൃതിയുടെ ഏതെങ്കിലുമൊരു നിയമത്തിനു ഒരാൾ വിധേയനാകുകയാണെങ്കിൽ, ശരീഅത്ത് നിയമമനുസരിച്ച് അയാൾ നിരപരാധിയാണെങ്കിൽപോലും രക്ഷിക്കപ്പെടുകയില്ല. പ്രകൃതിനിയമത്തിന്റെ ഫലം അയാൾക്ക് അനുഭവിക്കേണ്ടിവരും. ശരീഅത്ത് നിയമത്തിനു വിധേയമായുള്ള അയാളുടെ പുണ്യജീവിതം അയാളെ ആ ദുരന്തത്തിൽനിന്നും കെടുതിയിൽനിന്നും രക്ഷിക്കുകയില്ല. ഉദാഹരണത്തിന്, ഒരു മേൽക്കൂര നിലംപതിക്കാൻ പോകുകയാണ്. അതിനടിയിൽ രണ്ടുപേർ ഇരിക്കുന്നു. ഒരാൾ സൽക്കർമിയാണ്, ഇതരൻ ദുഷ്കർമിയും. ആ സ്ഥിതിയിൽ മേൽക്കൂര നിലംപതിച്ചാൽ സൽക്കർമി രക്ഷപ്പെടുകയില്ല. ദുഷ്ക്കർമിയും രക്ഷപ്പെടുകയില്ല. അതായത് അതിന് താഴെ വരുന്നവർ ആരും രക്ഷപ്പെടാത്ത നിലയിലാണ് അത് നിലംപതിക്കുന്നതെങ്കിൽ ഇരുവരും മരിക്കും. പ്രകൃതിനിയമമനുസരിച്ച് രക്ഷപ്പെടാൻ വല്ല പഴുതുമുണ്ടെങ്കിൽ ഇരുവരും രക്ഷപ്പെടുകയും ചെയ്യും. ഇപ്രകാരംതന്നെ സൽക്കർമിയും ഭക്തനുമായ ഒരാൾ ആഴക്കയത്തിൽ അകപ്പെട്ടാൽ അയാൾക്ക് നീന്തലറിയില്ലെങ്കിൽ അയാൾ ചെയ്ത സൽക്കർമങ്ങൾക്കൊന്നും മുങ്ങിച്ചാകുന്നതിൽനിന്ന് അയാളെ രക്ഷിക്കാൻ സാധിക്കുകയില്ല. കാരണം അയാളുടെ സൽക്കർമം ശരീഅത്ത് നിയമവുമായിട്ടാണ് ബന്ധപ്പെട്ടിരിക്കുന്നത്. ഈ സംഭവമാകട്ടെ, പ്രകൃതിനിയമത്തിന്റെ പരധിക്കുള്ളിലാണുള്ളത്. അതുകൊണ്ട് പൊതുവെ ശരീഅത്ത് നിയമത്തിന്റെ പ്രവർത്തനങ്ങളൊന്നും അവിടെ വിലപ്പോകുകയില്ല.

പറഞ്ഞുവന്നതിന്റെ ചുരുക്കം, ശരീഅത്ത് നിയമത്തിന്റെ പരിധിക്കുള്ളിൽ വരുന്ന നന്മയും തിന്മയും, ശരീഅത്ത് പരമായ രക്ഷാശിക്ഷയിൽ മാത്രമേ സ്വാധീനം ചെലുത്തുകയുള്ളു എന്നാണ്. പ്രകൃതിനിയമത്തിന്റെ രക്ഷാശിക്ഷാവേളയിൽ അതിനൊരു പ്രസക്തിയുമില്ല. ഇപ്രകാരം തന്നെ പ്രകൃതി നിയമത്തിന്റെ അനുസരണമോ ധിക്കാരമോ പ്രകൃതിയുടെ രക്ഷാശിക്ഷയിൽ മാത്രമേ സ്വാധീനം ചെലുത്തുകയുള്ളൂ. ശരീഅത്ത് നിയമത്തിന്റെ രക്ഷാശിക്ഷയുടെ നേരത്ത് അതിന് ഒരു പ്രസക്തിയും ഉണ്ടായിരിക്കുകയില്ല. അതുകൊണ്ട് ഇന്നയാൾ സൽക്കർമിയും നല്ലവനുമായിരുന്നു. അയാൾക്ക് കൊച്ചുകൊച്ചു മക്കളാണുള്ളത്. അയാൾ പുഴയിൽ കുളിക്കാൻ പോയി. പൊടുന്നനെ മുങ്ങിമരിച്ചു. ആ നേരത്ത് ഒരു ദുർവൃത്തനും പുഴയിൽ

കുളിക്കുന്നുണ്ടായിരുന്നു. അയാൾ കുളികഴിഞ്ഞ് സുഖമായി വീട്ടിൽ തിരിച്ചെത്തി. അല്ലെങ്കിൽ ഇന്ന പെൺകുട്ടി അങ്ങേയറ്റം പരിശുദ്ധയും സൽസ്വഭാവിയുമായിരുന്നു. തന്റെ കല്യാണം കഴിഞ്ഞ് രണ്ടാംപക്കം അവൾ തീപൊള്ളലേറ്റു മരിച്ചു. എന്നാൽ, തൊട്ടടുത്ത് ഒരു ദുർന്ന ടത്തക്കാരി ഉണ്ടായിരുന്നു. അവളുടെ കല്യാണവും അന്നേദിവസം തന്നെയായിരുന്നു. അവൾ സുഖമായി ജീവിക്കുന്നു. നല്ല ആരോഗ്യ വാനും സുമുഖനും സൽസ്വഭാവിയുമായ ഒരാൺകുട്ടി മേൽക്കൂര നി ലംപതിച്ചപ്പോൾ അതിന്നടിയിൽപ്പെട്ടു മരിച്ചു. അതിന്നടുത്തുതന്നെ മര്യാദകെട്ട ഒരു കുട്ടി കളിക്കുന്നുണ്ടായിരുന്നു. മേൽക്കൂര വീഴുന്നതിന് തൊട്ടുമുമ്പേയാണ് അവിടെനിന്നും അവൻ ഇറങ്ങിപ്പോയത്. ഇങ്ങനെ യൊക്കെ ഒരു നിരീശ്വരവാദി തന്റെ വാദങ്ങൾക്ക് രേഖകൾ പറയുന്നത് തികച്ചും അനാവശ്യവും നിരർഥവുമാണ്. ദൈവം ഉണ്ടെങ്കിൽ ഇത്തരം തോന്ന്യാസവും അക്രമവും കാണിക്കുമോ എന്നും മറ്റും പറഞ്ഞ് നി രീശ്വരവാദി തന്റെ വാദം നാനാഭാഗത്തും സ്ഥാപിക്കാൻ ശ്രമിക്കുന്നു.

ഈ ആക്ഷേപം തികച്ചും ബാലിശമാണ്. കാരണം, ആരാണോ മുങ്ങിമരിച്ചത് അയാൾ ശരീഅത്തു നിയമത്തെ അനുസരിക്കുന്നവ നായിരുന്നു. പ്രകൃതിനിയമത്തിന്റെ ദൃഷ്ടിയിൽ അയാൾ കുറ്റവാളി യായിരുന്നതുകൊണ്ട് അയാൾക്ക് ആ നിയമമനുസരിച്ച് ശിക്ഷ കിട്ടി. രണ്ടാമത്തെയാൾ ശരീഅത്ത് നിയമത്തിന്റെ ദൃഷ്ടിയിൽ കുറ്റവാളിയാ യിരുന്നിട്ടും പ്രകൃതിനിയമത്തിന്റെ ദൃഷ്ടിയിൽ അയാൾ ഒരു കുറ്റവും ചെയ്തിട്ടില്ല. അതുപോലെ തീപൊള്ളി മരിച്ച പെൺകുട്ടി പ്രകൃതി നിയമത്തിന് വിധേയയായതുകൊണ്ട് മരിച്ചു. കാരണം ആ ശിക്ഷ ന ല്കിയത് പ്രകൃതി നിയമം ആയിരുന്നു. അതുകൊണ്ട് ശരീഅത്ത് നി യമമനുസരിച്ചുള്ള അവളുടെ ജീവിതത്തിന് അവളെ രക്ഷിക്കാനായില്ല. രണ്ടാമത്തെ പെൺകുട്ടി ശരീഅത്ത് നിയമത്തിന്റെ ദൃഷ്ടിയിൽ കുറ്റവാ ളിയായിരുന്നിട്ടും പ്രകൃതിനിയമത്തിന്റെ ശിക്ഷയിൽനിന്നു രക്ഷപ്പെട്ടു. കാരണം അവൾ പ്രകൃതിനിയമത്തിന്റെ ദൃഷ്ടിയിൽ കുറ്റക്കാരിയായിരു ന്നില്ല. *(വ അലാ ഹാദൽ ഖിയാസ്)* അതുകൊണ്ട് ഇതൊന്നും തോന്ന്യാ സമോ അക്രമമോ അല്ല, പ്രകൃതി സംവിധാനത്തിന്റെ ഒരു സ്വാഭാവിക ഫലം മാത്രമാണ്. അതെല്ലാവർക്കും ഒരുപോലെ ബാധകമാകുന്നു. പ്ര കൃതിയുടെ നിയമം ലംഘിക്കപ്പെടാതിരിക്കുകയും എന്നിട്ടും പ്രകൃതി ശിക്ഷിക്കുകയും അല്ലെങ്കിൽ ശരീഅത്തിന്റെ നിയമം ലംഘിക്കപ്പെടു കയും എന്നാൽ, ശിക്ഷ പ്രകൃതി നല്കുകയും അതുമല്ലെങ്കിൽ പ്രകൃതി യുടെ നിയമം ലംഘിക്കപ്പെടുകയും ശിക്ഷ ശരീഅത്ത് നല്കുകയും ചെ

യ്താൽ അത് തോന്ന്യാസമാണെന്ന് നമുക്ക് പറയാമായിരുന്നു. പക്ഷേ, അങ്ങനെയൊന്നും സംഭവിക്കുന്നില്ല. ഇവിടെ പ്രകൃതിയുടെ നിയമം ലംഘിക്കുമ്പോൾ ശിക്ഷ പ്രകൃതി നല്കുകയും ശരീഅത്ത്നിയമം ലംഘിക്കുമ്പോൾ ശിക്ഷ ശരീഅത്ത് നല്കുകയുമാണ് ചെയ്യുന്നത്. *(അസാധാരണമായ ചില സന്ദർഭങ്ങളൊഴികെ. അതൊരു പ്രത്യേകമായ വിഷയമാണ്. അതിപ്പോൾ ഇവിടെ പ്രതിപാദിക്കേണ്ട ആവശ്യമില്ല.)* ഞാനിപ്പറഞ്ഞകാര്യങ്ങളൊന്നും ആക്ഷേപമായോ അനീതിയായോ ഒരു ബുദ്ധിമാനും മനസ്സിലാക്കുകയില്ല.

ഏതു ബുദ്ധിയും വിവേകവും കൊണ്ടാണ് ഇവർ ആക്ഷേപിക്കുന്നതെന്ന് എനിക്കറിഞ്ഞുകൂട. ഒരു നിയമവും ലംഘിക്കാത്തതും വിഭിന്ന നിയമങ്ങൾ പരസ്പരം കൂട്ടിമുട്ടാത്തതും തികച്ചും യുക്തിയിലധിഷ്ഠിതവുമായ ഈ നടപടിക്രമങ്ങളെ നീതിക്കു വിരുദ്ധം എന്നു പറയുന്നതിൽ എനിക്കത്ഭുതം തോന്നുന്നു. വാസ്തവത്തിൽ പ്രകൃതിനിയമമനുസരിച്ചുണ്ടാകുന്ന സംഭവങ്ങളുടെ കാരണം ശരീഅത്ത് നിയമത്തിൽ അന്വേഷിച്ചതാണ് ഇവർക്ക് പറ്റിയ ഭീമമായ അബദ്ധം. അതിൽ ഉത്തരം ലഭിക്കാതെ വന്നപ്പോൾ സർവ്വതും തോന്ന്യാസമാണെന്ന് ധരിക്കാൻ തുടങ്ങി. അല്ലയോ നിർഭാഗ്യരേ! ദൈവം നിങ്ങൾക്ക് വിവേചന ശക്തി നല്കുമാറാകട്ടെ. പ്രകൃതിയിലുണ്ടാകുന്ന സംഭവങ്ങളുടെ കാരണം പ്രകൃതിനിയമങ്ങളിലാണ് അന്വേഷിക്കേണ്ടത്; ശരീഅത്ത് അഥവാ മത നിയമം നല്കുന്ന ശിക്ഷകളുടെ കാരണം ശരീഅത്ത് നിയമത്തിലും. അങ്ങനെ വരുമ്പോൾ ഈ സംഭവിച്ചുകൊണ്ടിരിക്കുന്നതൊന്നും തോന്ന്യാസമല്ലെന്നും നിങ്ങൾ പറയുന്നതാണ് തോന്ന്യാസമെന്നും നിങ്ങൾക്ക് ബോധ്യമാകും. കാരണം ആരെങ്കിലും പ്രകൃതിനിയമത്തിന് വിധേയമായി മുങ്ങിമരിക്കുകയോ പൊള്ളലേറ്റ് മരിക്കുകയോ മേല്ക്കൂരയുടെ കീഴിൽ അമർന്നു മരിക്കുകയോ ചെയ്താൽ അയാൾ ശരീഅത്ത് നിയമമനുസരിച്ച് നിരപരാധിയായിരുന്നതുകൊണ്ട് അയാളുടെ മേൽ അക്രമമാണ് കാണിച്ചതെന്ന് പറയുന്നതിനെക്കാൾ തോന്ന്യാസം മറ്റെന്താണ്. അഹോ കഷ്ടം! കഷ്ടം! പ്രകൃതിനിയമത്തിന്റെ അവകാശം ശരീഅത്ത് നിയമത്തിനു നല്കുകയും ശരീഅത്ത് നിയമത്തിന്റെ അവകാശം പ്രകൃതിനിയമത്തിനു നല്കുകയും ചെയ്തുകൊണ്ട് ദൈവത്തിന്റെമേൽ ആക്ഷേപം ഉന്നയിക്കുന്ന നിങ്ങൾ തന്നെയാണ് അക്രമികൾ.

നല്ലവണ്ണം ഓർമിക്കുക. പ്രകൃതിയും ശരീഅത്തും രണ്ടും രണ്ട് ഭരണ സംവിധാനമാണ്. സംസ്കാരസമ്പന്നരായ ഭരണാധികാരികൾ ഒരാൾ

മറ്റൊരാളുടെ ഭരണവ്യവസ്ഥിതികളിൽ കൈകടത്താത്തതുപോലെ ഈ ഭരണകൂടങ്ങളും അന്യോന്യം കൈകടത്തുകയില്ല; ദൈവത്തിന്റെ കേന്ദ്രഭരണം ഏതെങ്കിലും നിർണായക ഘട്ടത്തിൽ ഒരു രാജ്യത്തിന്റെ പട്ടാളത്തെ മറ്റൊരു രാജ്യത്തിന്റെ സഹായത്തിനായി പോകാൻ കല്പന കൊടുത്താലൊഴികെ. ഏതു പോലെയെന്നാൽ, പ്രവാചകന്മാർ നിയോഗിതരാകുന്ന കാലത്ത് ലോകത്തിന്റെ സംസ്കരണത്തിനായി ദൈവസന്നിധിയിൽ പ്രത്യേകമായൊരു ഉത്സാഹമുണ്ടാകുന്നു. ചില രംഗങ്ങളിൽ പ്രകൃതിനിയമശക്തികളെ ശരീഅത്ത് നിയമത്തിന്റെ സേവനത്തിനായി അപ്പോൾ നിയമിക്കാറുണ്ട്. പ്രവാചകന്മാർ മുഖേന വെളിപ്പെടുന്ന ദിവ്യാത്ഭുതങ്ങളും അമാനുഷിക പ്രവർത്തനങ്ങളും ദൈവം പ്രത്യേകമായി മാറ്റിവെച്ച നിയമങ്ങളുടെ ശക്തിപ്രഭാവത്തിന്റെ അത്ഭുത കൃത്യങ്ങളാകുന്നു. എന്നാൽ, പൊതുവെയുള്ളത് പ്രകൃതിനിയമവും ശരീഅത്ത് നിയമവും വെവ്വേറെ നില്ക്കുക എന്നതുതന്നെയാണ്. ഒരാൾ മറ്റൊരാളുടെ പ്രവർത്തന പരിധിക്കുള്ളിൽ ഒരിക്കലും കടക്കുകയില്ല. ഒരാൾ മറ്റൊരാൾക്കുവേണ്ടി തന്റെ വഴി വിട്ടുകൊടുക്കുകയുമില്ല. ഈ രണ്ടു നിയമത്തേയും കൂട്ടിക്കുഴക്കുകയും അവ തമ്മിലുള്ള വ്യത്യാസം പരിഗണിക്കാതിരിക്കുകയും ചെയ്തതിന്റെ ഫലമായാണ് അവർക്ക് ഈ അബദ്ധം പിണഞ്ഞത്. വാസ്തവത്തിൽ ഈ കാര്യങ്ങളെല്ലാം തികച്ചും സ്വച്ഛവും സ്പഷ്ടവുമാണ്.

**പുനർജന്മ സിദ്ധാന്തത്തിന്റെ ഉത്ഭവം**

പുനർജന്മവിശ്വാസവും ഇതേ തെറ്റായ ധാരണയിൽ നിന്നുടലെടുത്തതാകുന്നു. അവരും തങ്ങളുടെ വിശ്വാസത്തിന് താങ്ങായി ഈ തെളിവുകളൊക്കെ സമർപിക്കുന്നു: 'കുട്ടികൾ വിവിധ രൂപത്തിൽ ജനിക്കുന്നു. ചിലർ ആരോഗ്യവാന്മാരായി ജനിക്കുമ്പോൾ ചിലർ ദുർബലരും മെല്ലിച്ചവരുമായിരിക്കും. പലരും കണ്ണുള്ളവരായി ജനിക്കുമ്പോൾ ചിലർ കണ്ണില്ലാത്തവരായിരിക്കും. പലരും കൈയുള്ളവരും കാലുള്ളവരുമായി ജനിക്കുമ്പോൾ ചിലർ കൈയില്ലാത്തവരും കാലില്ലാത്തവരുമായിരിക്കും. ചിലർ നല്ല ബുദ്ധിയുള്ളവരായി ജനിക്കുമ്പോൾ ചിലർ മന്ദബുദ്ധികളായിരിക്കും. ചിലർ വലിയ വീടുകളിൽ ജനിക്കുമ്പോൾ ചിലർ ചെറ്റക്കുടിലുകളിലായിരിക്കും ജനിക്കുക. ഇതിൽനിന്ന് ഇപ്പോഴത്തെ ജീവിതത്തിന് മുമ്പേ മറ്റൊരു ജീവിതം കഴിഞ്ഞുകടന്നിട്ടുണ്ടെന്നും മുൻകാല ജന്മത്തിന്റെ കർമഫലമായിട്ടാണ് കുട്ടികൾ വിവിധ രൂപത്തിൽ ജനിക്കുന്നതെന്നും പറയുന്നു. അതുകൂടാതെ ഇങ്ങനെയും അവർ ചോ

ദിക്കുന്നു: മുൻകാല ജന്മം ഉണ്ടായിട്ടില്ലെങ്കിൽ, ഈ കുട്ടികൾ അവരുടെ മുൻകാലജീവിതത്തിൽ ചെയ്ത നന്മതിന്മയുടെ പതിവുപുസ്തകം സൂക്ഷിച്ചിട്ടില്ലെങ്കിൽ ഈ വിവേചനം എന്തുകൊണ്ടുണ്ടായി? ഒരേ കുടുംബത്തിൽപ്പെട്ട കുഞ്ഞുങ്ങളെ വിവിധ നിലകളിലും രൂപങ്ങളിലും അവസ്ഥകളിലും സൃഷ്ടിച്ച ദൈവം അക്രമിയല്ലേ? ദൈവം അക്രമിയല്ലെങ്കിൽ ഈ വിവേചനത്തിനുള്ള പരിഹാരം മുൻകാലജന്മമുണ്ടെന്ന് അംഗീകരിക്കുകയല്ലാതെ വേറെ നിർവാഹമില്ല. ജനനസമയത്തുള്ള ഈ വിവേചനം മുൻകാലജന്മത്തിന്റെ കർമഫലം തന്നെയാണ്.”

പുനർജന്മവാദികൾ തങ്ങളുടെ വിശ്വാസത്തിന് താങ്ങായി ഉദ്ധരിക്കുന്ന തെളിവുകളാണ് മുകളിൽ ചുരുക്കി എഴുതിയത്. ഇതിൽനിന്ന് വ്യക്തമാകുന്നത് ഇക്കൂട്ടരും നിരീശ്വരവാദികളെപ്പോലെ ശരീഅത്ത് നിയമങ്ങളും പ്രകൃതിനിയമങ്ങളും തമ്മിലുള്ള വ്യത്യാസം വിസ്മരിച്ച് എല്ലാ സംഭവങ്ങളേയും ഒരേയൊരു നിയമംകൊണ്ട് അളക്കാനാഗ്രഹിച്ചു എന്നതാണ്. ജനന സമയത്തുണ്ടാകുന്ന വിവേചനം ശരീഅത്ത് നിയമം അനുസരിച്ചല്ലെന്ന് അവർ ചിന്തിച്ചില്ല. ആണെങ്കിലല്ലേ കഴിഞ്ഞ ജന്മത്തിന്റെ പതിവു പുസ്തകം തിരയേണ്ടതുള്ളു. അത് നടക്കുന്നത് പ്രകൃതിനിയമത്തിന് വിധേയമായിട്ടാണ്. അതായത് മാതാപിതാക്കൾ എന്നല്ല അവർക്കുമുമ്പേ പിതാമഹന്മാരുടെ ശാരീരികവും സാമ്പത്തികവും ധാർമികവുമായ അവസ്ഥകളിൽനിന്ന് കുട്ടി ഒരംശം സ്വീകരിക്കുന്നുണ്ടെന്നതാണ് വാസ്തവം. ജനിതകസവിശേഷതയാണത്. വിവിധ കുട്ടികളുടെ മാതാപിതാക്കളുടെ ശാരീരികാവസ്ഥ വ്യത്യസ്തമായിരിക്കും. അതുപോലെതന്നെ കുട്ടികളുടെ അവസ്ഥയും വ്യത്യസ്തമായിത്തീരുന്നു.

പ്രകൃതിനിയമത്തിന്റെ ഭാഗമായ വൈദ്യശാസ്ത്രവും അംഗീകരിച്ചിട്ടുള്ള കാര്യമാണിത്. മാതാപിതാക്കൾ ആരോഗ്യവാന്മാരാണെങ്കിൽ അവർക്ക് പിറക്കുന്ന കുഞ്ഞുങ്ങളും ആരോഗ്യമുള്ളവരായിരിക്കും. മാതാപിതാക്കൾ ദുർബലരാണെങ്കിൽ കുഞ്ഞുങ്ങളും ദുർബലരായിരിക്കും. എത്രത്തോളമെന്നാൽ ചിലപ്പോൾ മാതാപിതാക്കളുടെ ശാരീരിക ഘടനതന്നെ അവരുടെ കുട്ടികൾക്കും ലഭിക്കാറുണ്ട്. ഈ ശാസ്ത്രം വിവേകശാലികൾക്ക് നിഷേധിക്കാനൊക്കാത്ത നിലയിൽ വിശാലമാണ്. പല അനുഭവങ്ങൾ കൊണ്ടും ദൃശ്യങ്ങൾകൊണ്ടും സ്ഥിരീകരിക്കപ്പെട്ടു കഴിഞ്ഞിട്ടുള്ളതാണിത്. സ്ത്രീയും പുരുഷനും പ്രത്യേകമായി ബന്ധപ്പെടാനുദ്ദേശിച്ച് കൂടിച്ചേരുമ്പോൾ ആ നേരത്തെ അവരുടെ മാനസികവും ശാരീരികവുമായ അവസ്ഥപോലും അവരിൽ ജനിക്കുന്ന

കുട്ടിയിൽ ആഴത്തിൽ സ്വാധീനം ചെലുത്തുന്നതായി തെളിയിച്ചു കഴിഞ്ഞിട്ടുള്ളതാണ്. അതുകൊണ്ട് ഇസ്‌ലാമിക ശരീഅത്ത് തികച്ചും യുക്തമായിട്ടുതന്നെ പുരുഷനും സ്ത്രീയും കൂടിച്ചേരുമ്പോൾ അതിലുണ്ടാകാൻ പോകുന്ന കുട്ടി സൽബുദ്ധിയിൽ ഭാഗഭാക്കാകുന്നതിനുവേണ്ടി അവരുടെ മാനസികാവസ്ഥ സംശുദ്ധവും കളങ്കരഹിതവുമാക്കി വെക്കണമെന്ന് അവരോട് കല്പിച്ചിരിക്കുന്നു. മാതാപിതാക്കൾ എന്നല്ല പിതാമഹന്മാരുടെ സ്വാധീനംപോലും കുട്ടികളിലെത്തുന്നു എന്ന കാര്യം വൈദ്യശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ ഖണ്ഡിതമായും സ്ഥാപിച്ചു കഴിഞ്ഞിട്ടുള്ളതാണ്. ലോകത്ത് ചില കുട്ടികൾ ആരോഗ്യവാന്മാരും ചിലർ ആരോഗ്യമില്ലാത്തവരും ചിലർ വികലാംഗരും ചിലർ വികലാംഗരല്ലാത്തവരുമായി ജനിക്കുന്നത് അതിന്റെ ഫലമായിട്ടാണ്.

വാസ്തവത്തിൽ ഇത് പ്രകൃതിയുടെ പൊതുവെയുള്ള നിയമമാണ്. ഓരോ വസ്തുവും അതിന്റെ വലത്തും ഇടത്തുമായി സ്വാധീനം ചെലുത്തിക്കൊണ്ടിരിക്കുന്നു എന്ന് (16:49) വിശുദ്ധഖുർആനിൽ കാണുന്നത് അതിലേക്കുള്ള സൂചനയാണ്. അതായത് ലോകവസ്തുക്കളെല്ലാം ഒന്ന് മറ്റൊന്നിന് താങ്ങായി നില്ക്കുന്നു. ഓരോ വസ്തുവും ഒന്ന് മറ്റൊന്നിൽനിന്ന് ഫലമെടുക്കുകയും വേറൊന്നിന് ഫലം നല്കുകയും ചെയ്യുന്നു. ഈ സ്വാധീനശക്തിക്ക് വിധേയരായി കുട്ടി തന്റെ മാതാപിതാക്കളിൽ അടുത്തതാരാണോ അവരിലുള്ള നല്ലതും ചീത്തയും ആയ ജനിതകാംശത്തിന് ഭാഗഭാക്കാകുന്നു. അതുകൊണ്ട് കുട്ടികൾ ജനിക്കുന്ന നേരത്തുണ്ടാകുന്ന വിവേചനം മുൻകാല ജന്മത്തിന്റെ കർമഫലമാണെന്ന് പറയുന്നതും വിശ്വസിക്കുന്നതും അബദ്ധജടിലവും തികച്ചും നിരർഥവുമാണ്. ഈ യാഥാർഥ്യം മനസ്സിലാകാത്തതുകൊണ്ട് അത്തരം ചിന്താഗതിക്കാർ പ്രകൃതിനിയമത്തിന് വിധേയമായുണ്ടാകുന്ന സംഭവങ്ങളുടെ കാരണം ശരീഅത്ത് നിയമങ്ങളിൽ അന്വേഷിക്കാൻ മുതിർന്നു.

നിരീശ്വരവാദികളുടേയും പുനർജന്മവാദികളുടേയും ധാരണകൾ ഒരേയൊരു അബദ്ധത്തിൽ അധിഷ്ഠാനം ചെയ്യപ്പെട്ടതാണ്. രണ്ടുകൂട്ടരും പ്രകൃതിനിയമവും ശരീഅത്ത് നിയമവും തമ്മിലുള്ള വ്യത്യാസം പരിഗണിച്ചില്ല. പ്രകൃതിയിലുണ്ടാകുന്ന സംഭവങ്ങളുടെ കാരണം ശരീഅത്ത് നിയമത്തിൽ അന്വേഷിക്കാൻ താൽപര്യം കാണിച്ചു. അപ്പോൾ അവിടെ കാരണമൊന്നും കണ്ടില്ല. ഈ വേവലാതിയിൽ ഒരു കൂട്ടർ **നഊദുബില്ലാഹ്** ഇതെല്ലാം തോന്ന്യാസങ്ങളാണെന്നും ദൈവമുണ്ടെന്ന വിശ്വാസമൊക്കെ നിരർഥമാണെന്നുമുള്ള ധാരണയിലേക്ക് തിരിഞ്ഞു. മറ്റൊരു കൂട്ടർ ദൈവമുണ്ടെന്ന് തന്നെ വിശ്വസിക്കുന്നു. ദൈവം അനാ

വശ്യമായി ശിക്ഷിക്കുമെന്ന് അവർ വിശ്വസിക്കുന്നുമില്ല. ദൈവം അക്രമിയാണെന്ന അഭിപ്രായവും അവർക്കില്ല. അതുകൊണ്ട് കുട്ടികളുടെ ജനനനേരത്തുണ്ടാകുന്ന വിവേചനം മുൻകാലജന്മത്തിന്റെ കർമഫലം തന്നെയാണെന്ന ഒരു പുതിയ സിദ്ധാന്തം അവർ ആവിഷ്ക്കരിച്ചു. വാസ്തവത്തിൽ ഇവർ അല്പം ചിന്തിച്ചിരുന്നെങ്കിൽ വളരെ എളുപ്പത്തിൽ, ദൈവത്തിൽനിന്ന് രണ്ടു വ്യത്യസ്ത നിയമങ്ങളാണ് നടപ്പിൽ വന്നുകൊണ്ടിരിക്കുന്നതെന്നും രണ്ടിന്റേയും പ്രവർത്തനമണ്ഡലം വേറെ വേറെയാണെന്നും മനസ്സിലാക്കാൻ ഇവർക്ക് കഴിയുമായിരുന്നു. പ്രകൃതിനിയമത്തിനുവിധേയമായുണ്ടാകുന്ന സംഭവങ്ങളുടെ കാരണം ശരീഅത്ത് നിയമത്തിൽ തിരയുന്നത് കൊടും അപരാധമാണ്.

ഇത്രയും പറഞ്ഞതിന്റെ ചുരുക്കമിതാണ്. ലോകത്തുണ്ടാകുന്ന ദുരന്തങ്ങളിലും പകർച്ചവ്യാധികളിലും നാശങ്ങളിലും പുണ്യാത്മാക്കളും നിരപരാധികളും ചിലപ്പോൾ അകപ്പെടാറുണ്ട്. പ്രകൃതിനിയമം ശരീഅത്ത് നിയമത്തിൽനിന്ന് വ്യത്യസ്തമാണെന്നതാണ് അതിന്റെ കാരണം. അതിൽനിന്ന് രക്ഷപ്പെടാൻ ഒരു കരുതൽനടപടിയായി പ്രകൃതിതന്നെ നടപ്പാക്കിയിട്ടുള്ള ഒരു സുരക്ഷാമാർഗത്തെ ആശ്രയിക്കുന്നതുവരെ ശരീഅത്ത് നിയമത്തിന് വിധേയമായി ചെയ്യുന്ന പുണ്യകർമങ്ങൾക്കൊന്നും ആരെയും പ്രകൃതിനിയമത്തിന്റെ ശിക്ഷകളിൽനിന്ന് രക്ഷപ്പെടുത്താനാവുകയില്ല. ഉദാഹരണത്തിന്, വെള്ളത്തിൽ താഴുക എന്നത് ഒരു പ്രകൃതിപ്രതിഭാസമാണ്. നീന്തൽ പഠിക്കുന്നതുവരെ അല്ലെങ്കിൽ വെള്ളത്തിൽനിന്ന് രക്ഷപ്പെടാനായി പ്രകൃതി നിശ്ചയിച്ചിട്ടുള്ള മറ്റു മാർഗങ്ങൾ സ്വീകരിക്കുന്നതുവരെ ഒരാളുടെ മതപരമായ പുണ്യകർമങ്ങൾക്ക് അയാളെ അതിൽനിന്ന് രക്ഷപ്പെടുത്താൻ സാധ്യമല്ല. ഇതേപോലെതന്നെ ഒരു കുട്ടി ദുർബലനായി ജനിക്കുന്നത് പ്രകൃതിപ്രതിഭാസമാണ്. അതിന്റെ കാരണം മതാധ്യാപനങ്ങളിൽ തിരയുന്നത് നിരർഥമാകുന്നു. അതിന്റെ ചികിത്സയ്ക്ക് പ്രകൃതിനിയമത്തിലേക്കു മടങ്ങുകയേ നിർവാഹമുള്ളു. ഇവിടെ മാതാപിതാക്കൾ തങ്ങളുടെ കുട്ടികളുടെ രോഗം ചികിത്സിച്ചു ഭേദപ്പെടുത്തുകയോ വൈകല്യങ്ങൾ നീക്കാൻ ശ്രമിക്കുകയോ ന്യൂനതകൾ പരിഹരിക്കുകയോ ചുറ്റുപാടുകൾ നല്ലതാക്കിതീർക്കുകയോ ചെയ്യുകയാണ് കരണീയം.

**നിയമങ്ങൾ രണ്ടും സ്വതന്ത്രമായിരിക്കണം**

പ്രകൃതിനിയമം എന്തുകൊണ്ട് ശരീഅത്ത് നിയമത്തെ ആദരിക്കുന്നില്ല? നന്മയുടേയും ഭക്തിയുടേയും മാർഗം സ്വായത്തമാക്കുന്ന ഒരാൾ

ദൈവവിധിയുടെ ദുരന്തങ്ങളിൽനിന്ന് സുരക്ഷിതനായിരിക്കേണ്ടതല്ലേ? ഇതിനുള്ള മറുപടി മുമ്പേ പറഞ്ഞതുപോലെ രണ്ടുനിയമവും രണ്ടാണെന്നും രണ്ടും രണ്ട് ധ്രുവങ്ങളിൽ സ്ഥിതി ചെയ്യുന്നുവെന്നുമാണ്. പക്ഷേ, ചോദ്യകർത്താവ് ആസൂത്രണം ചെയ്തിരിക്കുന്ന രീതി അവ രണ്ടിനേയും ഒന്നാക്കുന്നു. അവിടെ നിയമത്തിന്റെ വ്യത്യസ്ത അസ്തിത്വം നിലനില്ക്കുന്നില്ല. വാസ്തവത്തിൽ രണ്ടു വ്യത്യസ്ത നിയമങ്ങൾ കണ്ടുവരുന്നത് രണ്ടിന്റേയും വ്യത്യസ്ത ഉദ്ദേശ്യത്തെയാണ് വെളിപ്പെടുത്തുന്നത്.

മറ്റൊരു മറുപടി ഇതാണ്: ഈ രണ്ടുനിയമങ്ങളും മനുഷ്യന്റെ രണ്ടു വിധത്തിലുള്ള അഭിവൃദ്ധിക്കായിട്ടാണ് ദൈവം നടപ്പിൽ വരുത്തിയിട്ടുള്ളത്. പ്രകൃതിനിയമം മനുഷ്യന്റെ ഭൗതികാഭിവൃദ്ധിയ്ക്കും ശരീഅത്ത് നിയമം അവന്റെ ധാർമികവും ആധ്യാത്മികവുമായ അഭിവൃദ്ധിയ്ക്കും. മനുഷ്യൻ എല്ലാ ഭാഗത്തൂടേയും അഭിവൃദ്ധി നേടുക എന്നതാണ് ദൈവോദ്ദേശ്യം. അങ്ങനെ വരുമ്പോൾ, ശരീഅത്ത് നിയമത്തിന് വിധേയനായി ജീവിക്കുന്നതുകൊണ്ടുമാത്രം പ്രകൃതിനിയമത്തിന്റെ ദൃഷ്ടിയിൽ കുറ്റവാളിയായ ഒരാൾ രക്ഷപ്പെടുമ്പോൾ അതിന്റെ ഫലം മനുഷ്യന്റെ ഭൗതിക അഭിവൃദ്ധിയുടെ കവാടം അടച്ചു പൂട്ടുക എന്നതായിരിക്കും. ഉദാഹരണത്തിന് ഒരാൾ സൽക്കർമിയും സച്ചരിതനും ആയതുകൊണ്ട്, അയാളെ മുങ്ങിച്ചാകുന്നതിൽനിന്നും പൊള്ളലേറ്റു മരിക്കുന്നതിൽനിന്നും മിന്നലേറ്റ് കരിയുന്നതിൽനിന്നും രക്ഷിക്കുമ്പോൾ, പ്രസ്തുത പ്രതിഭാസങ്ങളുടെ സ്വഭാവങ്ങൾ പഠിച്ച്, അവയുടെ ആദാനപ്രദാന ശക്തി മനസ്സിലാക്കാനും അവയെ നിയന്ത്രണത്തിൽ കൊണ്ടുവരാനും മനുഷ്യൻ അധ്വാനിക്കേണ്ട ആവശ്യമെന്താണ്? അതിന് മനുഷ്യൻ എന്തിന് പരിശ്രമിക്കണം?

മനുഷ്യന്റെ ഭൗതികമായ എല്ലാ ഉയർച്ചയും ഈ തത്ത്വത്തിന്റെ അടിസ്ഥാനത്തിൽ മാത്രമല്ലേ സാധ്യമായിക്കൊണ്ടിരിക്കുന്നതെന്ന് ചിന്തിച്ചു നോക്കുക. അതായത് അവൻ പ്രകൃതിനിയമത്തെക്കുറിച്ച് പഠിച്ച് സൗഖ്യത്തിന്റേയും ക്ഷേമത്തിന്റേയും ഔന്നത്യത്തിന്റേയും കവാടങ്ങൾ തുറക്കാൻ സ്വയം പരിശ്രമിക്കാത്തിടത്തോളം അവന് സൗഖ്യമോ ക്ഷേമമോ ഔന്നത്യമോ കരസ്ഥമാക്കാൻ കഴിയുകയില്ല. അതുകൊണ്ടുതന്നെ അവൻ എപ്പോഴും പ്രകൃതിയെക്കുറിച്ചുള്ള പഠനത്തിലും വസ്തുക്കളുടെ സ്വഭാവത്തെക്കുറിച്ചുള്ള ഗവേഷണത്തിലും മുഴുകിക്കൊണ്ടിരിക്കുന്നു. Necessity is the mother of invention എന്ന ഒരു ചൊല്ലുണ്ട്. "ആവശ്യകത പുതിയ കണ്ടുപിടിത്തത്തിന്റെ മാതാവാണ്"

എന്ന്! മനുഷ്യന് ആവശ്യം അനിവാര്യമായിത്തീരുമ്പോഴാണ് അവൻ പുതിയ പുതിയ കാര്യങ്ങൾ കണ്ടുപിടിക്കാൻ ശ്രമിക്കുന്നതെന്നാണ് ഇതിന്റെ അർഥം. അതുകൊണ്ട് മനുഷ്യന്റെ ഭൗതികമായ ആവശ്യങ്ങൾ അവൻ ശരീഅത്ത് നിയമം അനുസരിക്കുന്നതുകൊണ്ടുമാത്രം പൂർത്തീകരിക്കപ്പെടുകയാണെങ്കിൽ തീർച്ചയായും അതിന്റെ ഫലം അവന്റെ ഭൗതികാഭിവൃദ്ധി പൂർണമായും നിലയ്ക്കുകയും ഭൗതിക വിദ്യാഭ്യാസത്തിന്റെ സകലകവാടങ്ങളും അടയുകയുമായിരിക്കും. അത്തരം പരിതഃസ്ഥിതിയിൽ ആരുംതന്നെ ഭൗതികകാര്യങ്ങളുടെ ഗവേഷണത്തിനോ വസ്തുക്കളുടെ സ്വഭാവങ്ങൾ അന്വേഷിച്ചറിയുന്നതിനോ സമയവും ഊർജ്ജവും ചെലവഴിക്കാൻ തയ്യാറാവുകയില്ല. ഈ രണ്ടുനിയമവും ഒന്ന് മറ്റൊന്നിന്റെ പ്രവർത്തനങ്ങളിൽ കൈകടത്താതിരിക്കുന്നത് ദൈവത്തിന്റെ പ്രത്യേകമായ ഔദാര്യമാണ്. കാരുണ്യത്തിന്റെ മുന്നറിയിപ്പ് നല്കാൻവരുന്ന സൈന്യം എന്ന നിലക്കാകുന്നു ദുരന്തങ്ങളും മറ്റും ഉണ്ടാകുന്നത്. കാരണം ആർക്കെങ്കിലും ഒരു അത്യാഹിതമുണ്ടായാൽ മറ്റുള്ളവർക്ക് അതൊരു മുന്നറിയിപ്പായിത്തീരുന്നു. മേലിൽ അങ്ങനെയൊരു അപകടം ഉണ്ടാകാതിരിക്കാനും ഉണ്ടായാൽത്തന്നെ അതിനെ തടഞ്ഞുനിറുത്താനുമുള്ള വഴി അതോടെ ആസൂത്രണം ചെയ്യാൻ കഴിയുന്നു. അങ്ങനെ പിന്നീട് ഉണ്ടാകാൻ സാധ്യതയുള്ളതും ലക്ഷക്കണക്കിനോ കോടിക്കണക്കിനോ ജീവൻ അപായപ്പെടാൻ ഇടയാകുന്നതുമായ വൻദുരന്തങ്ങൾ ഒഴിവാക്കുവാനോ അതിന്റെ ശക്തി കുറയ്ക്കുവാനോ സാധിക്കുന്നു. ഇങ്ങനെ നോക്കുമ്പോൾ ഇത്തരം ദുരന്തങ്ങൾ ഒരു അനുഗ്രഹം തന്നെയാണെന്ന് കാണാം. കാരണം ഒന്നോ പത്തോ ജീവൻ ഒരിടത്ത് നഷ്ടപ്പെടുമ്പോൾ ലക്ഷക്കണക്കിന് കോടിക്കണക്കിന് ജീവൻ ഭാവിയിൽ സംരക്ഷിക്കപ്പെടുന്നു.

ഈ രണ്ടുനിയമങ്ങളും മനുഷ്യന്റെ വ്യത്യസ്തതരത്തിലുള്ള അഭിവൃദ്ധി ഉദ്ദേശിച്ചുകൊണ്ടുള്ളതാണെന്ന് പറഞ്ഞുവല്ലൊ. അവയുടെ കൂടിക്കുഴയൽ അല്ലെങ്കിൽ ഒന്ന് മറ്റൊന്നിനു വേണ്ടി വഴിമാറി സഞ്ചരിക്കൽ പ്രയോജനം ചെയ്യുന്നതിനുപകരം ഏറെ നഷ്ടമുണ്ടാക്കുകയും മനുഷ്യകുലത്തിന്റെ അഭിവൃദ്ധിക്ക് അത്യന്തം വിനാശകാരണമായിത്തീരുകയും ചെയ്യുന്നതായിരിക്കും. ഈ നിയമങ്ങളനുസരിച്ച് ലോകത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്ന ഓരോന്നും മനുഷ്യന്റെ കൂട്ടായ ഐശ്വര്യവും ഔന്നത്യവും പരിഗണിക്കുമ്പോൾ തികച്ചും ഉചിതവും അങ്ങേയറ്റം യുക്തിപൂർവകവുമാണെന്ന് കാണാം. ഇതിനെക്കാൾ ഉത്തമമായിട്ടുള്ള മറ്റെന്തെങ്കിലും ബുദ്ധിയിൽ ഉദിക്കുക അസാധ്യവുമാകുന്നു.

ഇവിടെ വേറൊരു കാര്യംകൂടി ഓർമിക്കേണ്ടതായുണ്ട്. സൽക്കർമികളും ഭക്തരുമായ ആളുകൾ ദുരന്തങ്ങളിലോ അപകടത്തിലോപെട്ട് അകാല മരണമടയുന്നു. അവരുടെ അടുത്തബന്ധുക്കൾക്ക് അതുമൂലം അസാധാരണമായ ദുഃഖമോ നഷ്ടമോ ഉണ്ടാകുന്നു. ഇസ്ലാമികാധ്യാപനങ്ങളിൽനിന്ന് മനസ്സിലാകുന്നത് ദൈവം അവന്റെ പ്രത്യേകമായ അനുഗ്രഹത്താൽ അവർക്കുവേണ്ടി കാരുണ്യത്തിന്റെ മറ്റുചില മാർഗങ്ങൾ തുറന്നുകൊടുക്കുമെന്നാണ്. എന്തുകൊണ്ടെന്നാൽ, ദൈവം ഒരു ഭാഗത്ത് ലോകനന്മയും അതിന്റെ ഉയർച്ചയും കാംക്ഷിച്ച് തന്റെ നിയമത്തിന് വിധേയരാകുവാൻ ആ സൽക്കർമകാരികളെ നിർബന്ധിക്കുകയും അതുമായി ബന്ധമില്ലാത്ത ശരീഅത്തുപരമായ നന്മ അവരിലുണ്ടെങ്കിലും പ്രകൃതിനിയമത്തെ ദൈവം ലംഘിക്കാതിരിക്കുകയും ചെയ്യുന്നു. മറുഭാഗത്ത് അവൻ തന്റെ ഭക്തരായ ദാസരോട് അങ്ങേയറ്റം ദയ കാണിക്കുന്നു. തന്നോട് ബന്ധം പുലർത്തുന്നവരോട് ഏറ്റവുമധികം വാക്കുപാലിക്കുകയും ചെയ്യുന്നു. അത്തരം സന്ദർഭങ്ങളിൽ മറ്റേതെങ്കിലും മാർഗങ്ങളിൽ അവരുടെ നഷ്ടം അവൻ നികത്തിക്കൊടുക്കുകയും ചെയ്യും. ഉദാഹരണത്തിന് അയാൾക്കുണ്ടായ ഭൗതികനഷ്ടം കാരണം പരലോകത്ത് പ്രത്യേകമായും അവരെ അനുഗ്രഹത്തിനും ആദരവിനും അർഹരാക്കിത്തീർക്കുന്നു. അല്ലെങ്കിൽ തന്റെ കാരുണ്യവും നീതിയുമനുസരിച്ച് യുക്തമെന്ന് തോന്നുന്നതും ഒരാളുടെ അവകാശവും ധ്വംസിക്കപ്പെടാത്തതുമായ നിലയിൽ മറ്റേതെങ്കിലും രീതി സ്വീകരിക്കുന്നു.

അപ്രകാരംതന്നെ പ്രകൃതിനിയമം കാരണത്താൽ ബലഹീനരും വികലാംഗരുമായി ജനിക്കുന്ന കുട്ടികളുടെ സൃഷ്ടിപരമായ പോരായ്മയും വൈകല്യവും അവരുടെ ആത്മീയാഭിവൃദ്ധിക്ക് തടസ്സമായിത്തീരുമ്പോൾ അതിനെ സംബന്ധിച്ചുള്ള ഇസ്ലാമികാധ്യാപനം രക്ഷാശിക്ഷയുടെ വിധിനാളിൽ അവരുടെ ഈ നിസ്സഹായാവസ്ഥയെ ദൈവം പ്രത്യേകമായി കണക്കിലെടുക്കുമെന്ന് തന്നെയാണ്. അവരുടെ ന്യൂനതകൾ കാരണത്താൽ (*അത് ദൂരീകരിക്കുക അവരുടെ കഴിവുകൾക്കതീതമാണ്.*) അവരിൽനിന്ന് കണക്കുകൾ എടുക്കുകയില്ല. അവരുടെ കർമഫലം കുറയ്ക്കപ്പെടുകയുമില്ല. തന്റെ തുലാസ് നീതിശാസ്ത്രത്തിന്റേയും സത്യത്തിന്റേതുമാണെന്നും ലോകത്തിന്റെ ഏതുഭാഗത്തുള്ള ഏതു ചെറിയ വസ്തുവായാലും തന്റെ അളവിൽനി ന്ന് വിട്ടുപോകുകയില്ലെന്നും തന്റെ നിയമം ഇളവിനുള്ള കാരണങ്ങളെ അവഗണിക്കുകയില്ലെന്നും വിശുദ്ധഖുർആനിൽ ദൈവം പറയുന്നു.

**പാപം നിലനില്ക്കുന്നതെന്തിന്?**

ഇവിടെ മറ്റൊരു കാര്യംകൂടി ദൂരീകരിക്കേണ്ടതുണ്ട്. അത് പാപവും അതിക്രമവും എന്തിന് ഇവിടെ നിലനില്ക്കുന്നു എന്നതാണ്. ഇങ്ങനെ ചോദിക്കുന്നവർ, ദൈവം യഥാർഥത്തിൽ ഉണ്ടായിരുന്നെങ്കിൽ ജനങ്ങൾ ഒരിക്കലും ഇത്തരം പാപങ്ങളിലും കുറ്റകൃത്യങ്ങളിലും അതിക്രമങ്ങളിലും ദ്രോഹങ്ങളിലും അകപ്പെടുകയില്ലെന്നും അധർമം ലോകത്തു കാണുന്നതല്ലെന്നും പറയുന്നു. ഇതിനുള്ള മറുപടിയും ഞാൻ പറയാം. ഈ ആക്ഷേപം ഉന്നയിക്കുന്നവർ ശരീഅത്ത് നിയമത്തിന്റെ സത്യാവസ്ഥയേയും ഉദ്ദേശ്യലക്ഷ്യത്തേയും യുക്തിയേയും മനസ്സിലാക്കാത്തവരാണ്. ശരീഅത്ത്-മതനിയമം ജനങ്ങളുടെ മുമ്പിൽ ഒരു കർമ പദ്ധതി അവതരിപ്പിക്കുന്നു. അതനുസരിച്ച് പ്രവർത്തിക്കുക എന്നത് അവർക്ക് നിർബന്ധവും ആക്കിയിരിക്കുന്നു. അതുകൂടാതെ ധാർമികവും ആധ്യാത്മികവുമായ അഭിവൃദ്ധി സാധ്യമല്ലെന്ന് വ്യക്തമാക്കിക്കൊടുക്കുകയും ചെയ്തിരിക്കുന്നു. അതിനുശേഷം മനുഷ്യനെ സ്വതന്ത്രനായി വിടുകയും ഈ കർമപദ്ധതി കൊള്ളാനും തള്ളാനുമുള്ള സ്വാതന്ത്ര്യം അവന് നല്കുകയും ചെയ്തു. ഇതിനെ സ്വീകരിച്ചു പ്രവർത്തിക്കുന്നവൻ അതിനനുസരിച്ച് ദൈവത്തിൽനിന്നും പ്രതിഫലം പറ്റുന്നു. സ്വീകരിക്കാത്തവൻ ഇക്കാര്യങ്ങളിൽ നിന്ന് പിന്തള്ളപ്പെടുന്നു. അവന്റെ ഈ പിന്തള്ളപ്പെടലാണ് പാപവും കുറ്റവും എന്ന പേരിൽ അറിയപ്പെടുന്നത്. പാപം ദൈവത്തിന്റെ സൃഷ്ടിയല്ല. മനുഷ്യന്റെ കർമഫലമാണ്. ഇക്കാരണത്താൽ ദൈവത്തെ കുറ്റം പറയുന്നതോ ദൈവത്തിനെതിരിൽ തെളിവുകൊണ്ടു വരുന്നതോ തികച്ചും നിരർഥമാകുന്നു.

മനുഷ്യപ്രകൃതിയിൽ നന്മയുടെ വിത്ത് ദൈവം വിതച്ചിട്ടുണ്ട്. ആ വിത്തിന്റെ സേചനത്തിനും പരിപാലനത്തിനും വളർച്ചയ്ക്കും വേണ്ടി അവൻതന്നെ ശരീഅത്ത്-ന്യായപ്രമാണം ഇറക്കി. അടയാളങ്ങൾകൊണ്ടും ദൃഷ്ടാന്തങ്ങൾകൊണ്ടും ജനങ്ങൾക്കത് വ്യക്തമായും മനസ്സിലാക്കിക്കൊടുത്തു. ശരീഅത്ത് നിയമം പാലിക്കുന്നതിലാണ് അവരുടെ മോക്ഷവും ജീവിതവിജയവും നിലനില്ക്കുന്നതെന്ന് തെളിവുകൾകൊണ്ട് ന്യായപൂർത്തി വരുത്തി. ഇത്രയൊക്കെ ചെയ്തിട്ടും ആരെങ്കിലും ദൈവം ഇറക്കിയ ശരീഅത്ത് അനുസരിച്ച് നടക്കുന്നില്ലെങ്കിൽ അത് അവന്റെതന്നെ കുറ്റമാണ്, ദൈവത്തിന്റേതല്ല. അനുഗ്രഹം കിട്ടാതുള്ള ആ നിർഭാഗ്യത്വം മനുഷ്യന്റെ സ്വന്തം പ്രവർത്തനങ്ങളുടെ ഫലമാണ്. എന്താണ് പാപം? ദൈവകല്പനകളെ ലംഘിക്കു

കയും ദൈവം പറഞ്ഞതിന്നെതിരിൽ നടക്കുകയും ചെയ്യുക. ചിലർ സന്മാർഗപാത സ്വീകരിക്കുന്നില്ലെന്ന് കരുതി ദൈവം തന്റെ കാര്യം പറയാതിരിക്കുമോ? തന്നെ അനുസരിച്ചില്ലെങ്കിൽ കുറ്റക്കാരനാകുമെന്നു കരുതി ഏതെങ്കിലും പിതാവ് തന്റെ കുട്ടിയെ ഉപദേശിക്കാതിരിക്കുമോ? ഇതെല്ലാം വിവരക്കേടും വിഡ്ഢിത്തവുമാണ്. ബുദ്ധിമാന്മാർ ഇത്തരം ബാലിശമായ സംഗതികളിൽനിന്ന് ഒഴിഞ്ഞുനില്ക്കുന്നതാണ് നല്ലത്.

നാം കാണുന്ന പാപപ്രവർത്തികളും കുറ്റകൃത്യങ്ങളും അന്യോന്യമുള്ള അക്രമങ്ങളും ദ്രോഹങ്ങളുമെല്ലാം ജനങ്ങൾ ചെയ്യുന്ന സ്വന്തം കർമങ്ങളുടെ ഫലമാണ്. ദൈവത്തിന് അതിൽ ഒരു പങ്കുമില്ല. അക്കാരണത്താൽ ദൈവാസ്തികൃത്തിനെതിരിൽ തെളിവുകൾ കൊണ്ടുവരാൻ ഒരു ബുദ്ധിമാനും സാധ്യമല്ല. ദൈവം കരുണാമയനാണ്. അവനിൽനിന്ന് കാരുണ്യംമാത്രമേ ഇറങ്ങുകയുള്ളു. ഇതിനെ പ്രയോജനപ്പെടുത്തുന്നില്ലെങ്കിൽ പ്രയോജനപ്പെടുത്താത്തവൻ തന്നെയാണ് അതിനുത്തരവാദി.

ആർക്കും ലംഘിക്കാൻ സാധിക്കാത്തവിധം ദൈവം എന്തുകൊണ്ട് നിയമം ഉണ്ടാക്കിയില്ലെന്നും അങ്ങനെയായിരുന്നെങ്കിൽ സകലരും അതനുസരിച്ച് പ്രവർത്തിക്കാൻ നിർബന്ധിതരാകുകയും പാപം ലോകത്ത് ഉണ്ടാകാതിരിക്കുകയും എല്ലാവരും ധർമനിഷ്ഠരും സച്ചരിതരും ആകുകയും ചെയ്യുമായിരുന്നല്ലോ എന്നും ആരെങ്കിലും പറഞ്ഞാൽ അതിനുള്ള മറുപടിയും ഞാൻ പറയാം.

അങ്ങനെയാകുമ്പോൾ ദൈവത്തിന്റെ സൃഷ്ടിയുദ്ദേശ്യം വ്യർഥമായിപ്പോകും. കഠിനാധ്വാനവും അകമഴിഞ്ഞ പരിശ്രമവുംകൊണ്ട് തനിക്കുവേണ്ടി അഭിവൃദ്ധിയുടെ കവാടങ്ങൾ തുറന്ന് ദൈവത്തിന്റെ അനുഗ്രഹാശംസയ്ക്കർഹനായി അവന്റെ സാമീപ്യം കരസ്ഥമാക്കുക എന്നതാണ് മനുഷ്യസൃഷ്ടിപ്പിന്റെ ഉദ്ദേശ്യം. ഓരോ വ്യക്തിയും ദൈവത്തിന്റെ ശരീഅത്തനുസരിച്ച് ജീവിക്കാൻ നിർബന്ധിതരാകുമ്പോൾ, അവർക്കു നേടാവുന്ന അഭിവൃദ്ധിയുടെ എല്ലാ കവാടങ്ങളും അടഞ്ഞുപോകുകയും അനുഗ്രഹത്തിനും ആദരവിനും അർഹരാവാൻ ആർക്കും സാധിക്കാതെ വരികയും അധ്വാന പരിശ്രമപരമ്പരകൾ നിഷ്ഫലമായിത്തീരുകയും ചെയ്യും.

ചിന്തിച്ചുനോക്കുക. അനുഗ്രഹത്തിന് അർഹരാകാൻ മനുഷ്യന് സ്വാതന്ത്ര്യമുണ്ടായിരിക്കേണ്ടത് ആവശ്യമല്ലേ? അതായത്, നന്മയുടെ വഴി ഇഷ്ടപ്പെടുന്നവർ അത് സ്വീകരിക്കുക. തിന്മയുടെ വഴി ഇഷ്ടപ്പെടു

ന്നവർ അത് സ്വീകരിക്കുക. മനുഷ്യൻ നിർബന്ധിതനായിത്തീരുമ്പോൾ നന്മയെ സ്നേഹിക്കുന്നവനും സ്നേഹിക്കാത്തവനും സന്മാർഗത്തിൽ നടക്കുന്നവനും നടക്കാത്തവനും, മനസ്സിനെ നിയന്ത്രിക്കുന്നവനും നിയന്ത്രിക്കാത്തവനും, സ്ഥിരചിത്തതയും ക്ഷമയും കൈക്കൊള്ളുന്നവനും കൈക്കൊള്ളാത്തവനും, അധ്വാനിക്കുന്നവനും അധ്വാനിക്കാത്തവനുമെല്ലാം തുല്യരായി മാറുന്നു. നല്ലതും ചീത്തയും തമ്മിൽ ഒരു വിവേചനവും ഉണ്ടായിരിക്കുകയില്ല. അതുപോലെതന്നെ പരസ്പരം വാശിയുടേയും ഈർഷ്യയുടേയും, തനിക്ക് മറ്റുള്ളവരെ കവച്ചുവെക്കണം എന്ന ചിന്തയുടേയും ഫലമായുണ്ടായിക്കൊണ്ടിരിക്കുന്ന സകല അഭിവൃദ്ധികളും നിലച്ചുപോകുകയും അത് നേടിയെടുക്കാനുള്ള ഒരു പദ്ധതിയും അവശേഷിക്കാതാവുകയും ചെയ്യും. മനുഷ്യൻ നിശ്ചലനായിപ്പോകും, കൂടിയാൽ ഒരു മലക്കിനെപ്പോലെ! മലക്കിന്റെ നന്മകൾ യഥാർഥത്തിൽ നന്മയെന്നു പറയാൻ പറ്റുകയില്ല. കാരണം സൃഷ്ടിക്കപ്പെട്ടതു മുതൽ സന്മാർഗത്തിൽ ചരിക്കാൻ അവർ നിർബന്ധിതരാണ്. ദൈവേച്ഛയിൽനിന്ന് ലവലേശം തെന്നിമാറാൻ അവർക്ക് സാധിക്കുകയില്ല. അതുകൊണ്ടാണ് 'മലക്കിനെക്കാൾ ഉയർന്നതാണ് ഉത്തമമനുഷ്യന്റെ സ്ഥാനം' എന്ന് ജ്ഞാനികൾ പറയുന്നത്. കാരണം മനുഷ്യൻ തന്റെ ഗൗരവപൂർവമായ ചിന്തയുടേയും ആലോചനയുടേയും ഫലമായിട്ടാണ് നന്മയെ സ്വീകരിക്കുന്നത്. മലക്ക് തന്റെ നന്മയുടെ സ്ഥിതിയിൽ ഒരു തടവുകാരനെന്ന പോലെ ഘെരാവോ ചെയ്യപ്പെട്ടയാളാണ്. അതുകൊണ്ടുതന്നെ അവരുടെ നന്മ വാസ്തവത്തിൽ നന്മയല്ല. വിശുദ്ധഖുർആൻ മനുഷ്യനെക്കുറിച്ച് പറയുന്നു:

لَقَدْ خَلَقْنَا الْإِنسَانَ فِي أَحْسَنِ تَقْوِيمٍ ۝

*"നാം മനുഷ്യനെ ഏറ്റവും അനുയോജ്യമായ നിലയിൽ സൃഷ്ടിച്ചിരിക്കുന്നു." (95:5)*

അതായത് അവനോട് കിടപിടിക്കാൻ മറ്റു സൃഷ്ടികൾക്കൊന്നും സാധിക്കുകയില്ല.

ഇങ്ങനെ മനുഷ്യൻ സ്വന്തം കർമങ്ങളിൽ സ്വതന്ത്രനാകുക എന്നത് അവന്റെ പരിപൂർണതയുടെ അടയാളമാണ്. ആ സ്വാതന്ത്ര്യം തെറ്റായി പ്രയോഗിക്കുന്നതിന്റെ ഫലമായി പാപം ജനിക്കുന്നു. പാപം ദൈവത്തിന്റെ സൃഷ്ടിയല്ല. ദൈവകാരുണ്യത്തെ നിഷേധിച്ചതിന്റെ കനിയാണത്. അതുകൊണ്ട് പാപത്തിന്റെ നിലനില്പ് ദൈവാസ്തികൃത്തിന്നെതിരിൽ തെളിവായിട്ടൊരിക്കലും അവതരിപ്പിക്കാൻ സാധ്യമല്ല.

## ആറാമത്തെ തെളിവ്:

നിരീശ്വരവാദികളിൽനിന്ന് ദൈവാസ്തിക്യത്തിന്നെതിരിൽ ഉന്ന യിക്കപ്പെടുന്ന ആറാമത്തെ തെളിവും അഞ്ചാമത്തെ തെളിവുപോലെ തന്നെ കാല്പനികമാണ്. അവർ പറയുന്നു: "ഒന്നിനുംകൊള്ളാത്ത ചില വസ്തുക്കൾ ലോകത്തുണ്ട്. അവകൊണ്ടുള്ള നാശം സുവ്യക്തമാണ്. ഉദാഹരണം, മനുഷ്യന് നാശമുണ്ടാക്കുന്ന വന്യമൃഗങ്ങളും വിഷച്ചെടി കളും പാമ്പുകളും ഇവിടെ കാണാം. ഇവയെക്കൊണ്ട് നഷ്ടമെന്നല്ലാതെ എന്താണ് ഒരു ഗുണം? അവയുടെ സാന്നിദ്ധ്യം തെളിയിക്കുന്നത് ഈ പ്രപഞ്ചകടാഹത്തിന്മേൽ ഒരു ദൈവവുമില്ലെന്നാണ്. യഥാർഥത്തിൽ ദൈവമുണ്ടെങ്കിൽ ഇവയൊന്നും ഇവിടെ കാണുമായിരുന്നില്ല." ഈ ആക്ഷേപം അവരുടെ വിവരക്കേട് മാത്രമാണ്. കാരണം അല്പം ചിന്തി ച്ചാൽ പ്രയോജനമില്ലാത്തതോ ഉദ്ദേശ്യമൊന്നും കൂടാത്തതോ ആയ ഒരു വസ്തുവും ലോകത്തില്ലെന്ന് കാണാൻ കഴിയും. ചിലതിന്റെ ഉദ്ദേശ്യമെ ന്താണെന്നും അതിന്റെ പ്രയോജനം എന്താണെന്നും മനസ്സിലാക്കാൻ കഴിയാത്തത് മനുഷ്യരുടെ അറിവില്ലായ്മയാണ്. അവയുടെ ചില ദോഷ ങ്ങൾ കണ്ട് അത് പ്രയോജനപ്രദമല്ലെന്ന് അവർ കരുതുന്നു. വസ്തുക്ക ളുടെ യാഥാർഥ്യം കണ്ടെത്താൻ ഗവേഷണങ്ങൾ നടത്തുന്നവർ ഇത്തരം ആക്ഷേപം അധികവും ഉന്നയിക്കാറില്ല. സാധാരണക്കാരാണ് ഇത്തരം സംശയങ്ങൾക്കിരയാകുന്നത്. അറിവിന്റെ കുറവുകൊണ്ട് വസ്തുക്ക ളുടെ യാഥാർഥ്യം അധികവും അവർക്ക് അറിയില്ല. അവരുടെ ദൃഷ്ടി വസ്തുക്കളുടെ പുറമെയുള്ള ആകൃതിയിലും ക്രിയകളിലും ഫലങ്ങ ളിലും രൂപങ്ങളിലും മാത്രം പതിയുന്നു. സൂക്ഷ്മവും ആഴത്തിലുള്ള തുമായ പഠനം അവർക്ക് അസാധ്യമാണ്. എന്നാൽ, പരന്ന വായന യുള്ളവരും അഗാധമായ ചിന്താശീലമുള്ളവരും ഓരോ വസ്തുവിലും എന്തെങ്കിലും ഗുണമുള്ളതായി അറിയുന്നു. ഓരോന്നിനേയും കുറിച്ച് കൂടുതൽ കൂടുതൽ പഠിക്കുന്തോറും അതുകൊണ്ടുള്ള പ്രയോജന ങ്ങളും ഉദ്ദേശ്യവും കൂടുതൽ കൂടുതൽ വ്യക്തതയോടെ അവർക്ക് കാണാൻ തുടങ്ങും. അവരതിനെ നിരർഥമെന്നോ അടിസ്ഥാനരഹിത മെന്നോ പറയുകയില്ല. ഒരു വസ്തുവും വ്യർഥമായി സൃഷ്ടിക്കപ്പെട്ടി ട്ടില്ല എന്ന ദൃഢവിശ്വാസത്തിൽ ഉറച്ചുനിന്നുകൊണ്ട് അവർ കൂടുതൽ പഠനത്തിലൂടേയും ചിന്തയിലൂടേയും അതുകൊണ്ടുള്ള പ്രയോജനം കണ്ടെത്തുകതന്നെ ചെയ്യും. ഈ ആക്ഷേപം അജ്ഞതയിൽനിന്നു ടലെടുത്തതാണെന്ന് ഇത്രയും പറഞ്ഞതിൽനിന്ന് മനസ്സിലായല്ലോ?

ഓരോ വസ്തുവും എന്തെങ്കിലും പാഠവും പ്രയോജനവും ഉൾക്കൊള്ളുന്നു എന്നതാണ് വസ്തുത. അതറിയുന്നതിനുവേണ്ടി എത്രമാത്രം പഠിക്കുന്നുവോ അത്രമാത്രം ഉറപ്പോടെ ഒരു വസ്തുവും വ്യർഥമല്ലെന്ന വിശ്വാസം നിലനിന്നുപോകും.

അഹോ കഷ്ടം! വസ്തുക്കളുടെ യാഥാർഥ്യത്തെക്കുറിച്ചുള്ള അറിവ് വളരെ പരിമിതവും ശാസ്ത്രവിജ്ഞാനങ്ങളിലേക്കുള്ള ശ്രദ്ധ വളരെ കുറച്ചു മാത്രവും ഉണ്ടായിരുന്ന കഴിഞ്ഞകാലങ്ങളിൽ നിരവധി വസ്തുക്കൾ ഇക്കാലത്തെ അപേക്ഷിച്ച് തികച്ചും ദോഷകരവും നിരർഥവുമായിട്ടാണ് ജനങ്ങൾ കണ്ടിരുന്നതെന്ന കാര്യംപോലും ആക്ഷേപകർ ചിന്തിക്കുന്നില്ല. ഇന്ന് അത്തരം വസ്തുക്കളിൽ അധികവും നിരവധി ഗുണങ്ങൾ ഉൾക്കൊള്ളുന്നതാണെന്ന് പഠനങ്ങൾ തെളിയിച്ചുകഴിഞ്ഞു. അവയുടെ ദോഷങ്ങളെ സംബന്ധിച്ചും അറിവുകൾ നല്കാൻ കഴിയും. എന്നു മാത്രമല്ല അവയുടെ ദോഷം മധ്യവർത്തിയുടെ സാന്നിധ്യത്തോടെ മനുഷ്യവംശത്തിന് പ്രയോജനപ്രദമാണെന്ന് സ്ഥാപിക്കാനും സാധിക്കുന്നതാണ്. ഇന്ന് നിഷ്ഫലവും ദോഷകരവുമായി കാണുന്ന വസ്തുക്കൾ നാളെ ഗോപ്യമായ ഫലങ്ങൾ മുറ്റിനില്ക്കുന്നതായികാണും. മറ്റന്നാൾ ഈ വസ്തുക്കളെക്കുറിച്ചുള്ള അറിവിന്റെ പരിധി വീണ്ടും വിശാലമാകാം. ഇങ്ങനെ ഓരോ ദിവസവും പുതിയ പഠനങ്ങളും പുതിയ ഗവേഷണങ്ങളും മുഖേന അറിവ് വർധിച്ചുകൊണ്ടേ പോകും. അജ്ഞത കുറഞ്ഞു വരികയും ചെയ്യും. അവസാനകാലത്ത് ഭൂമിയിലും ആകാശങ്ങളിലും മറഞ്ഞിരിക്കുന്ന അറിവിന്റെ ഖജനാവുകൾ പുറത്തുകൊണ്ടുവരപ്പെടുമെന്നും പുതിയപുതിയ വിജ്ഞാനങ്ങൾ പ്രചരിപ്പിക്കപ്പെടുമെന്നും വിശുദ്ധഖുർആനിലും തിരുനബിവചനങ്ങളിലും വിവരിക്കപ്പെട്ടിട്ടുണ്ട്. വർത്തമാനകാലത്തെ പരിമിതമായ അറിവിന്റെ അടിസ്ഥാനത്തിൽ അസംഖ്യം വസ്തുക്കളുടെ യഥാർഥ സ്വഭാവവും പ്രയോജനവും നിഷേധിക്കുകയും, അവയുടെ ദോഷകരമായ ചില ഗുണങ്ങളാൽ– അതും ഈശ്വരശക്തിയുടെ അതിസൂക്ഷ്മമായ യുക്തിയിലധിഷ്ഠിതവും മധ്യവർത്തിയുടെ സാന്നിധ്യത്തോടെ മനുഷ്യകുലത്തിനും ഇതര സൃഷ്ടികൾക്കും പ്രയോജനപ്രദവുമാണ്– അവയിൽ ദോഷമല്ലാതെ മറ്റൊന്നുമില്ലെന്ന് വിചാരിക്കുകയും ചെയ്യുന്നതിനെക്കാൾ വിവരക്കേട് മറ്റെന്താണ്?

ഉദാഹരണം നല്കി ഈ വിഷയം വലിച്ചുനീട്ടാൻ ഞാനുദ്ദേശിക്കുന്നില്ല. എങ്കിലും ഞാൻ പറയട്ടെ: മൃഗങ്ങളിലും സസ്യങ്ങളിലും നിർ

ജീവസ്തുക്കളിലും ഒന്നിനും കൊള്ളാത്തതും ദോഷകരവുമായ ചില തുണ്ടെന്ന് മുൻകാലത്ത് വിചാരിച്ചിരുന്നു. ഇന്ന് അതേ വസ്തുക്കൾ പലരീതിയിലും മനുഷ്യവംശത്തിന് സേവനം ചെയ്തുകൊണ്ടിരിക്കുന്നതായി നാം കാണുന്നു. പാമ്പ്, തേൾ, ചിലപ്രത്യേക അണുക്കൾ, പലവിധത്തിലുള്ള വിഷം തുടങ്ങിയവയും ഈ സേവനത്തിൽ മുൻപന്തിയിലാണ്. "ആകാശങ്ങളിലും ഭൂമിയിലുമുള്ള ഒരു വസ്തുവും വ്യർഥമായിട്ടല്ല സൃഷ്ടിച്ചിട്ടുള്ളത്" എന്ന വിശുദ്ധഖുർആന്റെ (*38:28*) പ്രഖ്യാപനത്തെ തെളിയിച്ചു കാണിക്കാത്ത ഒരു ദിവസവും ഭൂമിയിൽ ഉദിച്ചുയരുന്നില്ലെന്നതാണ് വാസ്തവം.

**ദോഷകരമായ വസ്തുക്കളുടെ സൃഷ്ടിപ്പ്**

"ദൈവം ഒരു വസ്തുവും വ്യർഥമായിട്ട് സൃഷ്ടിച്ചിട്ടില്ലെന്നും മനുഷ്യന്റെ ഗുണത്തിനുവേണ്ടിയാണ് സൃഷ്ടിച്ചിട്ടുള്ളതെന്നും പറയുന്നത് ശരിതന്നെ. പക്ഷേ, ഇവയിൽ ദോഷമുണ്ടാക്കുന്ന ഭാഗം എന്തിനാണ് വെച്ചിട്ടുള്ളത്? സകലതും പ്രയോജനപ്രദമായി സൃഷ്ടിച്ചുകൂടായിരുന്നോ? ഉദാഹരണത്തിന് പാമ്പിൽനിന്ന് മനുഷ്യർക്ക് അല്ലെങ്കിൽ മറ്റു ജീവികൾക്ക് കിട്ടുന്ന ഗുണം, അത് ദോഷമുണ്ടാക്കുന്ന വശമൊന്നുമില്ലാത്ത നിലയിൽ എന്തുകൊണ്ട് സൃഷ്ടിച്ചില്ല?" ഈ ആക്ഷേപത്തിനുള്ള ആദ്യത്തെ മറുപടി, പ്രകൃതികർത്താവ് ഉചിതമെന്ന് കണ്ടത് അതുപോലെ ചെയ്തു എന്നതാണ്. പ്രകൃതിപ്രതിഭാസങ്ങളെ വിമർശിക്കുക എന്നത് നമ്മുടെ ജോലിയല്ല. നാം അതിന് അർഹരുമല്ല. ലോകത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്ന ഓരോന്നും സൈദ്ധാന്തികമായി, സമഷ്ടിയായ നിലയിൽ സത്യത്തിലും നീതിയിലും ന്യായത്തിലും കരുണയിലുമധിഷ്ഠിതമാണോ അല്ലയോ എന്നു നോക്കുകയാണ് നമ്മുടെ ജോലി. അതുകൊണ്ട് വസ്തുക്കൾ ദോഷമുണ്ടാക്കുക മാത്രമല്ല ചെയ്യുന്നതെന്നും അതിൽ ഗുണകരമായ വശമുണ്ടെന്നും നമ്മുടെ അറിവിന്റെ കുറവു കാരണത്താലാണ് എല്ലാം ദോഷകരമെന്ന് കാണുന്നതെന്നും സ്ഥാപിതമാകുമ്പോൾ, പ്രകൃതിയുടെ ഉള്ളിന്റെ ഉള്ളിൽച്ചെന്ന് ഇന്ന ഇന്ന വസ്തുവിനെ എന്തുകൊണ്ടു ഇങ്ങനെ സൃഷ്ടിച്ചില്ല, എന്തിനാണങ്ങനെ സൃഷ്ടിച്ചത് എന്നൊക്കെ ചോദിക്കുന്നത് ഒരിക്കലും നിഷ്പക്ഷമാർഗമായി മനസ്സിലാക്കാൻ പറ്റില്ല. എന്നു മാത്രമല്ല, സ്വതവേ ഒരു സൃഷ്ടിയായി മാത്രം മനസ്സിലാക്കുകയും സൃഷ്ടിനിയമത്തിലും സൃഷ്ടിപ്പിലും വിശാലമായ ദൃഷ്ടി പതിപ്പിക്കുകയും ഒരു വസ്തുവിനെ സംബന്ധിച്ച് അത് ഇന്ന നിയമമനുസരിച്ച് ഇന്ന രൂപത്തിലും ആകൃതി

യിലും ഉണ്ടാക്കപ്പെട്ടിരിക്കുന്നുവെന്ന് ആധികാരികമായി പറയാൻ കഴിയുകയും ചെയ്യുന്ന ബുദ്ധിമാന്മാർക്കൊന്നും അങ്ങനെ വിചാരിക്കാനോ ചിന്തിക്കാനോ കഴിയുകയില്ല. അടിസ്ഥാനപരമായി ഒരു കാര്യം സ്ഥാപിതമായാൽ, അനാവശ്യമായി ഇതെങ്ങനെ? അതെങ്ങനെ എന്ന് ചോദ്യത്തിനുമേൽ ചോദ്യം ചോദിക്കുന്നത് ഒരിക്കലും ഭൂഷണമോ ന്യായമായ സമീപനമോ ആണെന്ന് പറയാനും കഴിയുകയില്ല.

ഇത്തരം ആക്ഷേപങ്ങൾ പരിഹരിച്ചാൽ മാത്രമേ അവയെ സ്വീകരിക്കാൻ പാടുള്ളൂ എന്നാണെങ്കിൽ ഒരു ചർച്ചയും ഇവിടെ ഒരിക്കലും അവസാനിക്കുകയില്ല. സംശയങ്ങളും പ്രശ്നങ്ങളും ഉന്നയിച്ചുകൊണ്ടേയിരിക്കുകയാണെങ്കിൽ ഇങ്ങനെയുള്ള ചർച്ചകൾ അനന്തമായി തുടർന്നുകൊണ്ടേ പോകും. അടിസ്ഥാനപരമായി ഒരു കാര്യം മനസ്സിലായാൽ അതിന്റെ ചില ഭാഗങ്ങൾ മനസ്സിലായില്ലെങ്കിൽത്തന്നെ അതിനെ സ്വീകരിക്കുകയും ബാക്കി ദൈവത്തിന് വിടുകയും ചെയ്യുക എന്നതാണ് ബുദ്ധിപരമായ മാർഗം.

ഇനി ഞാനുദ്ദേശിച്ച മറുപടി പറയട്ടെ. ചില ജീവികളിലോ വസ്തുക്കളിലോ ഉള്ള ദോഷങ്ങൾ പ്രയോജനപ്രദമായ ചില ഫലങ്ങൾ സൃഷ്ടിച്ചെടുക്കുന്നതിൽ സഹായിക്കുന്നുണ്ട്. ഉദാഹരണത്തിന് പാമ്പിൻവിഷം. അത് മാരകമായ ചില രോഗങ്ങൾക്കുള്ള സിദ്ധൗഷധമാണ്. പ്രകൃതിനിയമത്തിന് വിധേയമായുള്ള അതിന്റെ ഈ ഗുണം വിഷമാണെന്ന നിലയിൽത്തന്നെ അതുമായിബന്ധപ്പെട്ടു നില്ക്കുന്നു. മനുഷ്യകുലത്തിന്റെ ധാർമികമായ സംസ്കരണത്തിനും ഭൗതികമായ അഭിവൃദ്ധിയ്ക്കും അതിന്റെ ദോഷഗുണം മധ്യവർത്തിയുടെ സാന്നിധ്യത്തോടെ വളരെ വലിയ സഹായമാണ് ചെയ്യുന്നത്. ഇടയ്ക്കിടെ വിഷമങ്ങളും ബുദ്ധിമുട്ടുകളും ഉണ്ടാകുന്നത് മനുഷ്യന്റെ സൽസ്വഭാവത്തിന്റെ കെട്ടിടനിർമാണം പൂർത്തിയാക്കാൻ അനിവാര്യമാണെന്ന കാര്യം ഓരോ ബുദ്ധിമാനും എന്നോടൊപ്പം സമ്മതിക്കുമെന്നതിൽ സംശയമില്ല. ജീവിതത്തിൽ ഒരിക്കലും ദുഃഖവും നാശവും ബുദ്ധിമുട്ടും ഉണ്ടാകാത്ത മനുഷ്യന് തന്റെ സ്വഭാവത്തിൽ പക്വമതിയാകാൻ സാധ്യമല്ല. ഇതേപോലെ ഭൗതികാഭിവൃദ്ധിയുടെ പലരംഗങ്ങളും പരീക്ഷണങ്ങൾ വരാതെ പക്വത പ്രാപിക്കുകയുമില്ല. അതുകൊണ്ട് ചില വസ്തുക്കളിൽ ദോഷകരമായ അംശം വെച്ചിട്ടുള്ളത് മധ്യവർത്തിയുടെ സാന്നിദ്ധ്യത്തോടെ മനുഷ്യന്റെ തന്നെ പ്രയോജനത്തിനും വളർച്ചയ്ക്കും വേണ്ടിയാണ്. ഇതിനെ ആക്ഷേപിക്കാൻ ആർക്കും സാധ്യമല്ല.

തീർച്ചയായും നമുക്കറിയാത്ത പല ഗുണങ്ങളും അവയിൽ ഗുപ്തമായിരിക്കുന്നു എന്നതാണ് വാസ്തവം.

ഈ ദോഷകരമായ വസ്തുക്കൾ യഥാർഥത്തിൽ ഗുണപ്രദമാണെങ്കിൽ പിന്നെന്തിനാണ് അവയെ നശിപ്പിക്കുന്നതെന്നും, മതങ്ങൾതന്നെ അവയെ നശിപ്പിക്കാൻ കല്പിക്കുന്നുണ്ടല്ലോ എന്നും ആരെങ്കിലും ചോദിച്ചാൽ അതിനുള്ള മറുപടിയും ഞാൻ പറയാം. പ്രകൃതിനിയമത്തിന്റെ പൊതുവെയുള്ള സമ്പ്രദായം, അത് ഓരോ വസ്തുവിനെ സംബന്ധിച്ചും ഒരു സന്തുലിതാവസ്ഥ നിലനിറുത്താൻ ആഗ്രഹിക്കുന്നു എന്നതാണ്. അമിതത്വവും അതിമിതത്വവും അതിന്റെ മാർഗത്തിന്നെതിരാണ്. ദോഷകരമായ വസ്തുക്കളുടെ അമിതമായ വർധന ഫലത്തെക്കാളേറെ ദോഷമേ ചെയ്യുകയുള്ളു. അത് വർധിക്കാതിരിക്കുമ്പോഴാണ് പ്രയോജനപ്രദമായിത്തീരുന്നത്. അതുകൊണ്ട് ദൈവം ഒരു ഭാഗത്ത് യുക്തിഭദ്രമായ നിലയിൽ ആ വസ്തുക്കളെ സൃഷ്ടിക്കുകയും മറുഭാഗത്ത് അതിനെ അധികം വളരാൻ അനുവദിക്കരുതെന്ന ബോധം മനുഷ്യപ്രകൃതിയിൽ ജനിപ്പിക്കുകയും ചില രംഗങ്ങളിൽ അവന് വ്യക്തമായ കല്പനതന്നെ കൊടുക്കുകയും ചെയ്തു. ഇങ്ങനെ പ്രകൃതി തന്റെ സ്വാഭാവികമായ സന്തുലിതാവസ്ഥ നിലനിറുത്തിയിരിക്കുന്നു.

പറഞ്ഞുവന്നതിന്റെ ചുരുക്കമിതാണ്. ചില വസ്തുക്കളിലുള്ള ദോഷഗുണം ഒരിക്കലും ആക്ഷേപാർഹമാകുന്നില്ല. ഓരോ വസ്തുവും പ്രത്യേകമായ ഉദ്ദേശ്യത്തോടും ലക്ഷ്യത്തോടുംകൂടിയാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. ചില വസ്തുക്കളിൽ കാണുന്ന ദോഷഗുണം മധ്യവർത്തിയുടെ സാന്നിധ്യത്തോടെ മനുഷ്യന്റെ തന്നെ പ്രയോജനത്തിനായിട്ടുള്ളതാണ്. വാസ്തവവും അതുതന്നെ. അതുകൊണ്ട് നിരീശ്വരവാദികളുടെ ഈ ആക്ഷേപം തികച്ചും അടിസ്ഥാനരഹിതവും നിരർഥവുമാണ്. ആക്ഷേപകരുടെ വിവരമില്ലായ്മയല്ലാതെ മറ്റൊന്നും അതിൽനിന്ന് തെളിയുന്നില്ല.

## ഏഴാമത്തെ തെളിവ്

### ഫ്രോയിഡിന്റെ സിദ്ധാന്തം

യൂറോപ്പിലെ ചില ആധുനിക ഗവേഷകന്മാരുടെ സിദ്ധാന്തത്തിലധിഷ്ഠിതമാണ് നിരീശ്വരവാദികളിൽനിന്ന് ദൈവാസ്തിക്യത്തിന്നെതിരിൽ ഉന്നയിക്കപ്പെടുന്ന ഏഴാമത്തെ ആക്ഷേപം. അവർ പറയുന്നു: ദൈവവിശ്വാസം വാസ്തവത്തിൽ മനുഷ്യബുദ്ധിയുടെ ഒരു പ്രതികരണമാണ്. ഒരു ഭാഗത്ത് സ്വന്തം പിതാവിനോടുള്ള അതിയായ സ്നേഹത്തിന്റെ ചങ്ങലകളിൽ കുട്ടി ബന്ധിതനാകുമ്പോൾ സ്വാഭാവികമായും പിതാ

വിനോട് ഒരു താൽപര്യം ജനിക്കുന്നു. സന്തോഷത്തോടെ അയാളെ നോക്കിക്കാണുന്നു. തന്റെ സംരക്ഷകനാണ് അയാളെന്ന് മനസ്സിലാക്കുന്നു. മറുഭാഗത്ത് അവൻ ആ പിതാവിനെ ഭയപ്പെടുകയും പിതാവിനെ ഉപദ്രവകാരിയായി കരുതുകയും ചെയ്യുന്നു. ഇതിന് നേരെ വിപരീതമാണ് മാതാവിനെക്കുറിച്ച് കുട്ടിയുടെ ചിന്താഗതി. കാരണം മാതാവ് കുട്ടിക്ക് ജീവിതനിവർത്തിയുടെ നേരിട്ടുള്ള മാർഗമാണ്. മാതാവിനോടുള്ള അവന്റെ വികാരങ്ങൾ അതീവ സ്നേഹത്തിന്റേയും അഭിനിവേശത്തിന്റേയും നിറമുള്ളതാണ്. മറ്റെല്ലാ വികാരങ്ങളേയും അത് അതിജയിക്കുന്നു. കുട്ടി ഒരിക്കലും മാതാവിനെ ശത്രുവായി കരുതുന്നില്ല. എപ്പോഴും മാതാവിനോട് അണഞ്ഞിരിക്കും. അതുകൊണ്ട് ഉൽക്കർഷേഛുക്കളായ കുട്ടികളിൽ പിതാവിനോട് വൈരാഗ്യവും നിശബ്ദ മത്സരചിന്താഗതിയും ഉണ്ടാകുമ്പോൾ മാതാവിനോട് അതുണ്ടാകുന്നില്ല. ഇപ്പറഞ്ഞ തത്വം സ്ഥാപിക്കുന്നതിനുവേണ്ടി പാശ്ചാത്യഗവേഷകന്മാർ "പിതാവിനോടുള്ള വൈരാഗ്യം കാരണമായി പിതാവിനെ വധിക്കുകയും മാതാവിനോടുള്ള അമിതസ്നേഹം കാരണമായി മാതാവിനെ വിവാഹം കഴിക്കുകയും ചെയ്ത യൂനാനികഥയിലെ ഓഡിപ്പസ് എന്ന ചെറുപ്പക്കാരന്റെ ജീവിതകഥയെ ഉദാഹരിക്കുന്നു. ഈ കഥ ചൂണ്ടിക്കാട്ടി ഇങ്ങനെയൊരു മാനസികാവസ്ഥ മനുഷ്യനിൽ പുലരുന്നുണ്ട് എന്ന് പറയുന്നു. പിതാവിനെ സ്നേഹിക്കുകയും സംരക്ഷകനായി കരുതുകയും ചെയ്യുന്ന അതേ കുട്ടി, പിതാവിനെ ശത്രുവായും എതിരാളിയായും കാണുന്നു. ഈ ചിന്താഗതിയോടെ വളരുന്ന കുട്ടി പിന്നീട് പിതാവിന്റെ ശിക്ഷണത്തിൽനിന്ന് പുറത്തുവരുന്ന പ്രായമെത്തുമ്പോൾ അവന്റെ ബുദ്ധിയിൽ സ്ഥിരപ്രതിഷ്ഠ നേടിയിരിക്കുന്ന 'പിതാവ്, പുത്രൻ' എന്ന ഭാവനയിൽ എന്തോ ഒരു ശൂന്യത അനുഭവപ്പെടുന്നതായി മനസ്സിലാക്കുന്നു! ഈ ശൂന്യത നികത്തുന്നതിനുവേണ്ടി അനുയോജ്യമായ ഒരു കാല്പനിക ശക്തിയിലേക്ക് അവൻ അവസാനം അഭയം തേടുന്നു. ഈ കാല്പനികശക്തി അവന്റെ ബുദ്ധിയിൽ അവസാനം ഒരു പരാശക്തിയായി, ദൈവമായി രൂപംകൊള്ളുന്നു. ഇതാണ് പാശ്ചാത്യഗവേഷകന്മാരുടെ ആധുനികചിന്താഗതി.

യൂറോപ്പിലെ പ്രസിദ്ധ ദാർശനികനും പേരുകേട്ട ശാസ്ത്രജ്ഞനുമായ ഫ്രോയിഡ് സ്റ്റിഗ്മണ്ടിന്റേതാണ് ഈ സിദ്ധാന്തം. 1856ൽ ആസ്ത്രിയായിലെ ഒരു ജൂതകുടുംബത്തിൽ അദ്ദേഹം ജനിച്ചു. അവസാനം തന്റെ മാതൃരാജ്യം ഉപേക്ഷിച്ച് ഇംഗ്ലണ്ടിലേക്ക് പോയി. 1954ൽ അവിടെ നിര്യാതനായി. ധാരാളം ഗ്രന്ഥങ്ങളുടെ കർത്താവാണ് അദ്ദേഹം. മനഃശാ

സ്ത്രവിദഗ്ധനായി അദ്ദേഹം അറിയപ്പെടുന്നു. ദൈവസങ്കല്പം സ്വപ്നങ്ങൾ തുടങ്ങിയവയുടെ തത്ത്വത്തെയും അദ്ദേഹം ഇതേരീതിയിൽ ആക്ഷേപിക്കുന്നുണ്ട്. ഇവിടെ ചർച്ചചെയ്തുവന്ന സിദ്ധാന്തത്തെ സംബന്ധിച്ച ഫ്രോയ്ഡിന്റെ വാക്കുകൾ ഇതാണ്:-

"വിശന്നിരിക്കുന്ന സമയത്ത് ആശ്വാസത്തിനു കാരണമാകുന്ന അമ്മ കുട്ടിയുടെ സ്നേഹത്തിന്റെ പ്രഥമ കേന്ദ്രമാണ്. ഇതേപോലെ കുട്ടി അറി യാത്തതും പുറമെ നിന്നുണ്ടാകുന്നതുമായ അപകടങ്ങളിൽനിന്നെല്ലാം കുട്ടിയെ സംരക്ഷിക്കുന്നത് അമ്മയാണ്. എല്ലാവിധ ഭയങ്ങളിൽനി ന്നും അസുഖങ്ങളിൽനിന്നുമുള്ള രക്ഷയും അമ്മതന്നെ. എന്നാൽ, പെട്ടെന്ന് അമ്മയുടെ ഈ സ്ഥാനം കരുത്തനായ അച്ഛൻ ഏറ്റെടുക്കുന്നു. അത് കുട്ടിക്കാലം വിടപറയുന്നതുവരെ നിലനില്ക്കുന്നു. ഈ പിതൃപുത്രബന്ധം പ്രത്യേകതരത്തിൽ കൂടിക്കുഴഞ്ഞ വികാരങ്ങൾ ഉൾക്കൊള്ളുന്നതായിരിക്കും. അമ്മയോടുള്ള ആദ്യകാലസ്നേഹവും സുരക്ഷിതബന്ധവും കാരണത്താൽ കുട്ടിക്ക് അച്ഛൻ ഒരുതരം ഭീഷണിയുടേയും ഭയത്തിന്റേയും ഉറവിടമായിത്തീർന്നിരുന്നു. അതുകൊണ്ട് ശൈശവാരംഭത്തിൽ ഒരു വശത്ത് കുട്ടി അയാളെ സ്നേഹിക്കുകയും ആദരദൃഷ്ടിയോടെ നോക്കിക്കാണുകയും ചെയ്യുന്നുവെങ്കിൽ മറുവശത്ത് അതേ അളവിൽ അയാളെ ഭയക്കുകയും ചെയ്യുന്നുണ്ട്. ഇത്തരം പരിതഃസ്ഥിതിയിൽ കുട്ടി വളരുമ്പോൾ അവൻ കരുതുന്നത് ആ സ്ഥിതി എന്നെന്നും നിലനില്ക്കുമെന്നാണ്. പുറത്തുനിന്നുള്ള സഹായവും സംരക്ഷണവും കൂടാതെ അപരിചിതരും പ്രബലരുമായ ശക്തികളെ നേരിടാൻ കഴിയാതെ വരുമ്പോൾ ആ അപരിചിതരും പ്രബലരുമായ ശക്തികളെത്തന്നെ അച്ഛനെപ്പോലെ തന്റെ സംരക്ഷകരായി അവൻ കാണുന്നു. അങ്ങനെയാണ് അവൻ തനിക്കുവേണ്ടി ദൈവങ്ങളെ മെനഞ്ഞുണ്ടാക്കുന്നത്. അവയെ അവൻ ഭയക്കുന്നു. അവയെ സന്തോഷിപ്പിച്ചിരുത്തണമെന്നാഗ്രഹിക്കുന്നു. അവയെ തന്റെ സംരക്ഷകരായി നിശ്ചയിക്കുകയും ചെയ്യുന്നു. ദൈവത്തെക്കുറിച്ചുള്ള ഭാവനയുടെ ഈ നിർവചനം, അതായത് കുട്ടി വലുതായിട്ടും തന്റെ അച്ഛനെക്കുറിച്ചുള്ള സങ്കല്പം നിലനിറുത്താനാഗ്രഹിക്കുന്നു എന്ന ദൈവസങ്കല്പത്തിന്റെ ഈ നിർവചനം രണ്ടാമത്തെ നിർവചനം പോലെതന്നെയാണ്. അതായത് മാനുഷികമായ ബലഹീനതകളുടെ തിക്തഫലങ്ങളിൽനിന്ന് രക്ഷപ്പെടാൻ പുറമെനിന്നുള്ള സംരക്ഷണത്തിന്റെ ആവശ്യകത അവന് അനുഭവപ്പെടുന്നു. ഇങ്ങനെ, കുട്ടിക്കാലത്തെ നിരാലംബതയ്ക്കെതിരെയുള്ള കുട്ടിയുടെ പ്ര

തിരോധപരമായ പ്രതികരണം, അവന്റെ നല്ല യുവത്വകാലത്ത് മുമ്പേയുണ്ടായിരുന്ന നി രാലംബ ബോധത്തിന്റെ പ്രതികരണത്തെ പ്രത്യേകമായൊരു സ്ഥിതിയിൽ വാർത്തെടുക്കുന്നു. ഈ മാറ്റമാണ് മതവിശ്വാസത്തിന്റേയും ദൈവത്തെക്കുറിച്ചുള്ള ഭാവനയുടേയും യഥാർഥ അടിത്തറ." [1]

മറ്റു സ്ഥലങ്ങളിൽ ഫ്രോയിഡ് തന്റെ ഈ സിദ്ധാന്തത്തിന് കൂടുതൽ വ്യുൽപത്തി നല്കിയിട്ടുണ്ട്. ഓഡിപ്പസ് കോംപ്ലക്സി[2] നെകുറിച്ചും എഴുതിയിട്ടുണ്ട്. ഇതൊക്കെയാണെങ്കിലും മറ്റു പല പാശ്ചാത്യ ഗവേഷകന്മാരും ഇതിനെ അംഗീകരിക്കുന്നില്ല എന്നതാണ് വാസ്തവം. എന്നാലും ഈ സിദ്ധാന്തം വരുത്തിവയ്ക്കുന്ന വിനയ്ക്ക് മറുപടി പറയേണ്ടത് നമ്മുടെ ബാധ്യതയാണ്.

പൊതുസ്വീകാര്യമായ തെളിവുകൾ വിശദീകരിച്ചിടത്ത് രേഖപ്പെടുത്തിയിട്ടുള്ള ഒരു സിദ്ധാന്തത്തിന്റെ ശാഖയാണ് ഫ്രോയിഡിന്റെ ഈ സിദ്ധാന്തവും. ഇതിന്റെ അടിത്തറയായി വർത്തിക്കുന്നത് അപകർഷതാബോധം[3] എന്ന് പരക്കെ അറിയപ്പെടുന്ന വികാരമാണ്. അതായത് തന്നെക്കാൾ കൂടുതൽ ശക്തിയുള്ള സത്തയെ കാണുമ്പോൾ താൻ നിസ്സാരനും അബലനുമാണെന്നുള്ള ബോധം. ഇതിന്റെ അടിസ്ഥാനത്തിൽ മുകളിൽ ഈ വിഷയം ചർച്ച ചെയ്തപ്പോൾ പറഞ്ഞ കാര്യങ്ങൾ തന്നെ ഇതിന് മതിയായ മറുപടിയാണ്. ഇവിടെ അതാവർത്തിക്കേണ്ട ആവശ്യമില്ല.[4] എന്നാൽ, ഫ്രോയിഡിന്റെ ഈ 'അസാധാരണ' സിദ്ധാന്തത്തെക്കുറിച്ച് ഫ്രോയിഡിനുതന്നെ ശരിയായ ബോധം ഉണ്ടായിരുന്നോ ഇല്ലയോ എന്ന കാര്യം പ്രത്യേകമായ നിലയിൽ വിലയിരുത്തേണ്ടതാണ്. കാരണം അദ്ദേഹം യഹൂദിയായിരുന്നു. വാസ്തവത്തിൽ ഫ്രോയിഡിന്റെ ഈ ചിന്താഗതി ക്രൈസ്തവതയുടെ അധ്യാപനങ്ങളിൽനിന്ന് സൃഷ്ടിക്കപ്പെട്ടതാണെന്ന് മനസ്സിലാകുന്നു. കാരണം ഫ്രോയിഡ് ആ ചുറ്റുപാടിലാണ് ജീവിച്ചുവളർന്നത്. യേശുവിന്റെ അധ്യാപനങ്ങളിൽ യഹൂദമതത്തിന്റെ ശുഷ്കമായ മത തത്ത്വത്തിന്നെതിരിൽ ദൈവത്തെ ആലങ്കാരികമായി പിതാവിന്റെ രൂപത്തിൽ അവതരിപ്പിക്കപ്പെട്ടിട്ടുണ്ട്. പിന്നീട് വന്ന ക്രിസ്ത്യാനികൾ യഥാർഥത്തിൽ ദൈവത്തെ പിതാവായി നിശ്ചയിച്ചുകൊണ്ട് യേശുവിനെ ദൈവത്തിന്റെ ശാരീരിക പുത്രനായി അവരോധിച്ചു. ഇപ്രകാരം ക്രൈസ്തവരാജ്യങ്ങളിലും സമൂഹങ്ങളിലും

1. *Future Illusion P.* 41 42 2. *'സിഗ്മണ്ട് ഫ്രോയ്ഡ്' Edipus Complex*

3. *Inferiority Complex* 4. *Page: 124 - 126*

'പിതാവ്, പുത്രൻ' എന്ന സങ്കല്പം പരസ്യമായിത്തന്നെ പ്രചരിപ്പിക്കപ്പെടുകയും ചെയ്തു. അതുകൊണ്ട് പാരമ്പര്യ യഹൂദിയും പേരുകേട്ട ശാസ്ത്രജ്ഞനും മനഃശാസ്ത്രവിദഗ്ധനുമൊക്കെയായിട്ടും തന്റെ ചുറ്റുപാടിന്റെ സ്വാധീനവലയത്തിൽനിന്ന് സ്വതന്ത്രനാകാൻ ഫ്രോയിഡിന്റെ ബുദ്ധിയ്ക്ക് കഴിഞ്ഞില്ല. അദ്ദേഹം ക്രിസ്ത്യാനിയായിരുന്നില്ല. അതുകൊണ്ട് അദ്ദേഹം യേശുവിനേയും അതേ അപകർഷതാബോധത്തിന്റെ ഇരയായി മനസ്സിലാക്കിയതിൽ അത്ഭുതമില്ല.

ചില നേരങ്ങളിൽ ബുദ്ധിമാന്മാർപോലും 'സംഭാവ്യത'യും യഥാർഥ സംഭവവും തമ്മിൽ വ്യത്യാസം കല്പിക്കാതിരിക്കുന്നത് ബുദ്ധിമുട്ടുണ്ടാക്കുന്ന കാര്യമാണ്. അവർ തങ്ങളുടെ ബുദ്ധിപരമായ ശീഘ്രത കൊണ്ട് ഒരു കാര്യത്തിന്റെ സംഭാവ്യത[1] യുടെ കാരണങ്ങൾ അന്വേഷിച്ചുനടക്കുന്നു. അങ്ങനെ ഇന്നകാര്യം ഇന്ന ഇന്ന രീതിയിൽ സംഭവിക്കാമെന്നുള്ള നിഗമനത്തിൽ അവർ എത്തിച്ചേരുന്നു. പിന്നീട് ചിലപ്പോൾ കണ്ണടച്ചുകൊണ്ട് അതങ്ങനെതന്നെ സംഭവിച്ചിരിക്കുന്നു എന്ന തീരുമാനത്തിലേക്ക് എടുത്തു ചാടുകയും ചെയ്യുന്നു. വാസ്തവത്തിൽ ഒരു കാര്യം സംഭവിക്കാമെന്നുള്ള സാധ്യതയും, അതു സംഭവിച്ചു കഴിഞ്ഞുള്ള അവസ്ഥയും രണ്ടും രണ്ടാണെന്നുള്ളത് വ്യക്തമാണ്. ലോകത്ത് ലക്ഷക്കണക്കിന് കാര്യങ്ങളുടെ 'സംഭാവ്യത' നിലവിലുണ്ട്. എന്നാൽ, സംഭാവ്യതയ്ക്കനുസരിച്ച് യഥാർഥത്തിൽ സംഭവിച്ച് നിലവിൽവന്നിട്ടുള്ളത് എത്രയുണ്ട്. അതിനാൽ ഏതെങ്കിലും കാര്യത്തിന്റെ 'സംഭാവ്യത'വെച്ചുകൊണ്ട് അത് സംഭവിച്ചിരിക്കുന്നു എന്ന് വാദിക്കുന്നത് വെറും പൊള്ളയായ വാദമാണ്. അതുകൊണ്ട്, കുട്ടിയുടെ മനസ്സിൽ ഇടയ്ക്കിടെ അവിചാരിതമായി തന്റെ പിതാവിനോട് വിരോധപരമായ വികാരങ്ങൾ ഉണ്ടാകാമെന്നും പിതാവിനെക്കുറിച്ചുള്ള കുട്ടിക്കാലത്തെ ആ ചിന്താഗതി അവനിൽ നിലനില്ക്കുന്നതിനാൽ പിതാവിന്റെ നിയന്ത്രണവലയത്തിൽ നിന്ന് പുറത്തുവരുമ്പോൾ അവന്റെ ബുദ്ധിയിൽ ഇടയ്ക്കിടെ ചില ന്യൂനതയും ശൂന്യതയും അവന് അനുഭവപ്പെടാമെന്നും,

*1. ഒരു നിശ്ചിത സാഹചര്യത്തിൽ ഒരു നിശ്ചിത സംഭവം നടക്കാനുള്ള സാധ്യതയുടെ (Chance of Possibility) അളവാണ് സംഭവ്യത. (Probability) അതിന്റെ മൂല്യം ഒന്നാകുമ്പോൾ പ്രസ്തുത സംഭവം അനിവാര്യമായിത്തീരുന്നു. മൂല്യം പൂജ്യമാകുമ്പോഴും അത് അനിവാര്യമായ ഒരു വസ്തുതയാണ് കുറിക്കുന്നത്; പ്രസ്തുത സംഭവം അനിവാര്യമായും ഉണ്ടാകില്ലെന്ന വസ്തുത. ഇതിൽനിന്ന് വ്യത്യസ്തമായി, സംഭവ്യതയുടെ മൂല്യം പൂജ്യത്തിനും ഒന്നിനും ഇടയിൽ ഏതു സംഖ്യയും ആകാവുന്നതാണ്. അത് സംഭവിക്കുകയോ സംഭവിക്കാതിരിക്കുകയോ ചെയ്യാം. (വി.വ)*

ആ വിടവ് പിതാവിനുപകരം പ്രതിഷ്ഠിക്കാവുന്ന ഒരു പ്രതിനിധി എന്ന നിലയിൽ ഏതോ ഒരു പരാശക്തിയുടെ ചിന്തയിലേക്ക് ഇടയ്ക്കിടെ അവനെ കൊണ്ടുപോകാമെന്നും തൽക്കാലത്തേക്ക് സമ്മതിച്ചുകൊണ്ടുതന്നെ ചോദിക്കട്ടെ: ലോകത്തിന്റെ വിവിധ ഭാഗങ്ങളിലും വിവിധ കാലഘട്ടങ്ങളിലും കടന്നുകഴിഞ്ഞ മനുഷ്യരിലെല്ലാം- കുറഞ്ഞപക്ഷം പരസ്പരം ഒരു ബന്ധവുമില്ലാതിരുന്ന ആദിമകാല മനുഷ്യരിലെല്ലാം സംഭാവ്യതാപരമായ ഈ രീതി ഒരുപോലെ എങ്ങനെയാണ് ഇതേ വിശദീകരണത്തോടെ പ്രവർത്തനപരമായ നിലയിൽ പ്രചാരത്തിൽ വന്നുകൊണ്ടിരുന്നത്?

ഈ എല്ലാ 'സംഭാവ്യത'കളും ശരിയാണെന്ന് അംഗീകരിച്ചാൽത്തന്നെ അതിനെതിരിലുള്ള 'സംഭാവ്യത'കളുടെ മുന്നിൽ അതെല്ലാം നിസ്സാരമായിപ്പോകുന്നു എന്നത് ഏറെ രസകരമാണ്. ഉദാഹരണത്തിന് കുട്ടിയിൽ ചില സന്ദർഭങ്ങളിൽ 'സംഭാവ്യമായ' നിലയിൽ തന്റെ പിതാവിനെ സംബന്ധിച്ച് വിരോധപരമായ വികാരങ്ങൾ ഉണ്ടാകുന്നുവെങ്കിൽത്തന്നെ അത് വല്ലപ്പോഴുമുണ്ടാകുന്ന ഒറ്റപ്പെട്ട സംഭവമായിരിക്കുമെന്നതിന് നമ്മുടെ അനുഭവം സാക്ഷിയാണ്. നൈസർഗികമായി കുട്ടികളിൽ ഭൂരിഭാഗവും എപ്പോഴും തങ്ങളുടെ പിതാവിനെ ആത്മാർഥമായി സ്നേഹിക്കുന്നവരായിരിക്കും എന്നതാണ് വാസ്തവം. വിദ്യാഭ്യാസതലങ്ങളിലും പ്രവർത്തനമണ്ഡലങ്ങളിലും പിതാവിനെക്കാൾ ഉയർന്ന നില കരസ്ഥമാക്കിയാലും അവന്റെ സ്വാഭാവികമായ സ്നേഹവും ആദരവും പിതാവിന്റെ മുന്നിൽ അവനെ കൂടുതൽ വിനയാന്വിതനാക്കുകയാണ് ചെയ്യുന്നത്. വാസ്തവത്തിൽ ഇവിടെ പറയപ്പെടുന്ന ഈ 'സംഭാവ്യത'യുടെ സാധ്യത അനന്തവിദൂരമായ ഒരു അനുമാനം മാത്രമാണ്. ഇതേ അവസ്ഥതന്നെയാണ് പാശ്ചാത്യനിരീക്ഷകന്മാർക്ക് മറ്റു 'സംഭാവ്യത'കളുടെ കാര്യത്തിലുമുള്ളത്. പൊതുവെ നോക്കുമ്പോൾ, വിരോധവികാരങ്ങളുടേയും ഉപരിപ്ലവ ചിന്താഗതിയുടേയും ഫലമായി ഉടലെടുത്ത ഈ സിദ്ധാന്തം വെറുമൊരു കാല്പനികബിംബം മാത്രമാണ്. അതിൽക്കവിഞ്ഞ സാധ്യത അതിനില്ലതന്നെ. ഇതിനെ ഖണ്ഡിക്കാൻ കൂടുതൽ ശ്രമത്തിന്റെ ആവശ്യവുമില്ല. പ്രകൃതിപരവും സ്വാഭാവികവുമായ ഒരു വിശാലമാർഗത്തെ ഉപേക്ഷിച്ച്, അനന്തവിദൂരമായ കാല്പനിക സാധ്യതയുടെ മറപിടിച്ച്, എല്ലാ ജനതയും എല്ലാ രാഷ്ട്രവും എല്ലാ കാലവും വിശ്വസിക്കുന്ന ദൈവത്തെ നിഷേധിക്കൽ *(പൊതുവെയുള്ള ജനങ്ങളുടെ വിശ്വാസത്തിന്റേയും പു*

*ണ്യാത്മാക്കളുടെ സാക്ഷ്യത്തിന്റേയും*[1] *ചർച്ചകളിൽ സ്ഥാപിച്ചു കഴി ഞ്ഞതുപോലെ)* ഒരു മനോരാജ്യം കെട്ടിപ്പടുക്കുന്നതുപോലെയുള്ള പാഴ്ശ്രമമല്ലാതെ മറ്റൊന്നുമല്ല. ഈ തെളിവുകൾ നിരത്തുന്നവർ തങ്ങളുടെ ഭൗതികചുറ്റുപാടിൽ ആദ്യമേതന്നെ ദൈവത്തെ നിഷേധിക്കുകയും പിന്നീട് തെളിവുകൾ ചിന്തിച്ചുണ്ടാക്കുകയും ചെയ്തവരാണെന്ന് വ്യക്തമായും മനസ്സിലാക്കാം.

ചില നിരീക്ഷകന്മാർ ദൈവാസ്തികൃത്തിന്നെതിരിൽ തെളിവായി കണ്ട അപകർഷതാബോധം,[2] ദൈവാസ്തിക്യത്തിനനുകൂലമായ തെളിവുകൾ നല്കുന്നു എന്നതാണ് വാസ്തവം. നബി(സ) തിരുമേനിയുടെ നാലാം ഖലീഫ ഹദ്റത്ത് അലി(റ) പറഞ്ഞ പ്രസിദ്ധമായൊരു മൊഴിയുണ്ട്.

عَرَفْتُ رَبِّىْ بِفَسْخِ الْعَزَائِمِ

*'വലിയ വലിയ ഉറച്ച തീരുമാനങ്ങളും ശക്തമായ തന്ത്രങ്ങളും ഛിന്നഭിന്നമാകുകയും പരാജയപ്പെടുകയും ചെയ്തതിലൂടെ ഞാനെന്റെ ദൈവത്തെ തിരിച്ചറിഞ്ഞു.'*

ആത്മീയത എന്തെന്നറിയാത്ത ചിലയാളുകൾ അപകർഷതാബോധത്തിന്നടിപ്പെട്ട് ദൈവാസ്തിക്യത്തിന്നെതിരിൽ തെളിവെന്നോണം കൊണ്ടുവരുന്ന അതേ തത്ത്വം തന്നെയാണ് ഹസ്റത്ത് അലി(റ)യുടെ പ്രത്യക്ഷത്തിൽ ചെറുതും എന്നാൽ അർത്ഥഗർഭവുമായ വചനത്തിൽ ഒളിഞ്ഞിരിക്കുന്നത്. മനുഷ്യൻ ചില നേരങ്ങളിൽ തന്റെ ഏതെങ്കിലും ഉദ്ദേശ്യസാഫല്യത്തിനുവേണ്ടി വലിയവലിയ ഉറച്ച തീരുമാനങ്ങളെടുക്കുന്നു. ഏറ്റവും ശക്തമായ കർമപദ്ധതിയിലൂടെ അത് നേടിയെടുക്കാൻ ആവശ്യമായ എല്ലാ സംവിധാനങ്ങളും സജ്ജമാക്കുന്നു. ഒരു വിഘ്നവും വന്നുപോകാത്ത നിലയിൽ എല്ലാം ചെയ്തുതീർക്കുന്നു. താനിതാ തന്റെ ലക്ഷ്യം ഉടനേ നേടുമെന്ന് കരുതുകയും ചെയ്യുന്നു. പക്ഷേ, പൊടുന്നനെ അവന്റെ എല്ലാ കർമപദ്ധതികളേയും തകിടം മറിക്കുന്ന അദൃശ്യരംഗങ്ങൾ പ്രത്യക്ഷപ്പെടുന്നു. അവന്റെ ഉറച്ച തീരുമാനത്തിന്റെ പർവ്വതം പൊട്ടിത്തെറിച്ചു ചിതറുന്നു. ആ നേരത്ത് വിവേകിയായ മനുഷ്യൻ, ബാഹ്യമായ തീരുമാനവും ബാഹ്യമായ കർമപദ്ധതിയും ഇവിടെ അവസാനത്തെ കാര്യമല്ലെന്നും കർമപദ്ധതികൾക്കുമേലെ മനുഷ്യന്റെ ഉറച്ച തീരുമാനങ്ങൾക്കതീതമായി മറ്റൊരു ശക്തിയുണ്ടെന്നും, അതിന്റെ മുന്നിൽ, മനുഷ്യബുദ്ധിക്കും വിവേകത്തിനും വിശാലമായ

*1. പേജ് 148-152 2. inferiority Complex*

ചുറ്റുപാടുകൾക്കും ചത്ത കീടത്തെക്കാൾ വലിയ വിലയില്ലെന്നും മന സ്സിലാക്കുന്നു. ഇതാണ് ഹദ്റത്ത് അലിയുടെ വചനത്തിന്റെ ഉദ്ദേശ്യം. വാസ്തവത്തിൽ ഈ അപകർഷതാബോധത്തിൽനിന്നാണ് ലോകത്തു കഴിഞ്ഞുകടന്ന വിവേകശാലികൾ ദൈവത്തിലേക്ക് എപ്പോഴും മാർഗ ദർശനം നേടിയിരുന്നത്. എന്നാൽ, അഹോ കഷ്ടം! ഇതിൽനിന്നുതന്നെ പാശ്ചാത്യരാഷ്ട്രങ്ങളിലെ ഭൗതികവാദികളായ നിരീക്ഷകന്മാർ തങ്ങ ളുടെ ദുർഗതിക്കുള്ള വഴിയും ഒരുക്കിയെടുക്കുന്നു.

സ്നേഹിതന്മാരേ, നല്ലവണ്ണം ചിന്തിക്കുക. ആലോചിക്കുക. മറ്റു കാര്യങ്ങളെല്ലാം മാറ്റിവെച്ചുകൊണ്ട് പറയട്ടെ. മാതൃകയെന്നോണം മുന്നിൽവയ്ക്കാനും മേൽക്കോയ്മയുള്ള ജ്ഞാനത്തിന്റേയും ശക്തി പ്രഭാവത്തിന്റേയും മുന്നിൽ ഭയപ്പെട്ടവനാകാനും തന്റെ സംരക്ഷകനാ യി മനസ്സിലാക്കാനുംവേണ്ടി മനുഷ്യൻ പ്രകൃത്യാതന്നെ ഒരു പരാശക്തി യുടെ അന്വേഷകനാകുന്നു എന്നതാണ് ഫ്രോയിഡും അദ്ദേഹത്തിന്റെ സമാനചിന്താഗതിക്കാരും സമർപിക്കുന്ന തെളിവുകളുടെ ആകെ സാരം. അവരുടെ തെളിവുകളുടെ കേന്ദ്രബിന്ദു ഇതായിരിക്കുമ്പോൾ, ഇത് ദൈവാസ്തിക്യത്തിന് ശക്തിപകരുന്ന തെളിവാണെന്നല്ലേ വ്യക്ത മാകുന്നത്. ഇക്കാര്യം ഈ ഗ്രന്ഥത്തിന്റെ പ്രഥമ ഭാഗത്ത് നാം വിവരിച്ചു കഴിഞ്ഞിട്ടുള്ളതാണ്.[1]

വിശുദ്ധ ഖുർആൻ ഇതിനെ ദൈവാസ്തിക്യത്തിനുള്ള പ്രകൃതിപ രമായ തെളിവെന്ന നിലയിൽ അവതരിപ്പിച്ചിരിക്കുന്നു. പിതാവിനെ ക്കുറിച്ചുള്ള ചിന്ത കാരണത്താൽ കുട്ടി വലുതാകുമ്പോൾ അവന്റെ ഉള്ളിൽ ബുദ്ധിപരമായ ഒരു വിടവുണ്ടാകുന്നുവെന്നും അത് നിക ത്താൻവേണ്ടി അവൻ മെല്ലെ മെല്ലെ ഒരു കാല്പനിക ദൈവത്തിന്റെ ചിന്ത ഉണ്ടാക്കിയെടുക്കുന്നുവെന്നുമുള്ള വാദം തരിമ്പും കഴമ്പില്ലാ ത്തതാണ്. അത് മനുഷ്യന്റെ യഥാർഥ പ്രകൃതിക്കും ലോകത്തിന്റെ വിശാലമായ കണ്ടെത്തലിനും വിരുദ്ധമാണ്. ദൈവവിശ്വാസത്തിന്റെ അഭാവം മനുഷ്യപ്രകൃതിയിൽ ഒരു വിടവ് ഉണ്ടാക്കുമെന്നതിൽ സംശ യമില്ല. അതേ വിടവാണ് സൗഭാഗ്യരായ ആളുകളെ സത്യസ്വരൂപനാ യ ദൈവത്തിലേക്ക് അവസാനം പിടിച്ചുവലിച്ചുകൊണ്ടുവരുന്നതും. എങ്ങനെ നോക്കിയാലും ഫ്രോയിഡും അദ്ദേഹത്തിന്റെ സമാനചി ന്താഗതിക്കാരും തങ്ങളുടെ വാദം സമർഥിക്കുന്നതിനുവേണ്ടി സമർപി ക്കുന്ന ഇപ്പറഞ്ഞ തെളിവ് ഒരു ദാർശനിക ഭാവനയെന്നല്ലാതെ മറ്റൊ

1. പേജ് 50-58

ന്നുമല്ല. എന്നുമാത്രമല്ല, കൂലങ്കഷമായി നോക്കുമ്പോൾ അത് ദൈവാസ്തികൃത്തിന് ശക്തിപകരുന്നതായി കാണാം. അതുകൊണ്ടാണ് പാശ്ചാതൃനിരീക്ഷകന്മാരിൽ മറ്റുള്ളവർ നിരീശ്വരവാദം സമർപിക്കുന്ന ഈ തെളിവിനെ സ്വീകാരാർഹമായി മനസ്സിലാക്കാത്തതും അതിനെ തള്ളിക്കളയുന്നതും.

ഇതാണ് പൊതുവെ തങ്ങളുടെ വിശ്വാസത്തിന് ഉപോൽബലകമായി നിരീശ്വരവാദികൾ സമർപിക്കുന്ന അടിസ്ഥാനപരമായ ഏഴ് തെളിവുകൾ. ഈ തെളിവുകളെല്ലാം ഒരേ ചിന്താഗതിക്കാരുടേതല്ല. വിവിധ ചിന്താഗതിക്കാർ തങ്ങളുടേതായ നിലയിൽ സമർപിച്ചിട്ടുള്ളതാണ്. അതുകൊണ്ടുതന്നെ അവയിൽ ചിലത് ഒന്നു മറ്റൊന്നിനോട് ഏറ്റുമുട്ടുന്നു. അതായത് ഒന്നു സ്വീകരിക്കുമ്പോൾ ഒന്നു നിഷേധിക്കേണ്ടിവരുന്നു. ഇത്തരം എല്ലാ ചിന്താഗതിക്കാരുടേയും വാദഗതികളെ ഖണ്ഡിക്കുക എന്നതായിരുന്നു എന്റെ ഉദ്ദേശ്യം. അതുകൊണ്ട് ഞാൻ എല്ലാതരം തെളിവുകളേയും സംഘടിപ്പിച്ചിരിക്കുന്നു. അടിസ്ഥാനപരമായ ഈ മറുപടി മനസ്സിലാക്കിയതിനുശേഷം ബുദ്ധിയുള്ള ഓരോരുത്തരും നിരീശ്വരവാദികളുടെ പൊതുവെയുള്ള ആക്ഷേപങ്ങൾക്ക് മറുപടി കൊടുക്കാൻ യോഗ്യരായിത്തീരുമെന്നു ഞാൻ പ്രതീക്ഷിക്കുകയാണ്. നിരീശ്വരവാദികളുടെ പക്കൽ തെളിവുകളൊന്നുമില്ലെന്നതാണ് വാസ്തവം. ഹൃദയത്തിൽ വിശ്വാസമുണ്ടാക്കുന്നതും സമാധാനം സൃഷ്ടിക്കുന്നതുമായ ദൈവാസ്തികൃത്തിനുള്ള തെളിവ് അവരുടെ ചിന്തയിൽ ഇതുവരെ വന്നിട്ടില്ല. അതുകൊണ്ടുതന്നെ അവരിൽ ബുദ്ധിമാന്മാർ 'ഒരു ദൈവവുമില്ല' എന്ന് ശക്തമായ നിലയിൽ ഒരിക്കലും വാദിക്കാറില്ല. കാരണം അങ്ങനെ വാദിച്ചാൽ അതു ബുദ്ധിമുട്ടുണ്ടാക്കുമെന്ന് അവർക്കറിയാം. അതുകൊണ്ട് അവർ പറയുന്നത് 'ദൈവം ഉണ്ടെന്നുള്ളതിന് നമ്മുടെ പക്കൽ തെളിവുകളൊന്നുമില്ലാ' എന്നുമാത്രമാണ്. സദുദ്ദേശ്യത്തോടുകൂടി ബുദ്ധിപരമായ സാക്ഷ്യങ്ങളുടെ പരിധിക്കുള്ളിൽ ദൈവാസ്തികൃത്തിന് ഉപോൽബലകമായി തെളിവുകൾ വിവരിക്കുന്ന ഈ ഗ്രന്ഥത്തിന്റെ ഭാഗം ചിന്തിച്ചു വായിക്കുന്നവരിലാരുംതന്നെ അവ ശക്തമായ തെളിവുകളെന്നറിഞ്ഞുകഴിഞ്ഞാൽ ദൈവത്തെ നിഷേധിക്കുന്നവരായിരിക്കുകയില്ലെന്ന കാര്യം തീർച്ചയായും നിങ്ങൾ മനസ്സിലാക്കിയിട്ടുണ്ടാകും. ഈ ഗ്രന്ഥത്തിന്റെ ആരംഭത്തിൽ ദൈവം ഉണ്ടെന്നുള്ളതിനെ സംബന്ധിച്ച് ബുദ്ധിപരമായ തെളിവുകൾക്ക് ഒരു പ്രാഥമിക നിലയിലുള്ള വിശ്വാസം മാത്രമേ ഉണ്ടാക്കാൻ കഴിയുകയുള്ളു എന്ന് സ്പഷ്ടമായ നിലയിൽ ഞാൻ പറഞ്ഞിട്ടുണ്ട്. സമ്പൂർണവും ദൃഢപര

വുമായ വിശ്വാസം അതിനുണ്ടാക്കാൻ സാധ്യമല്ല. ആ നിലപ്രാപിക്കാൻ മറ്റു തെളിവുകളുടെ ആവശ്യമുണ്ട്. അത് അനുഭവിച്ചും കണ്ടറിഞ്ഞും മനസ്സിലാക്കുന്നതുമായി ബന്ധപ്പെട്ടുനില്ക്കുന്നതാണ്. പ്രവാചകന്മാരുടേയും പുണ്യാത്മാക്കളുടേയും അമാനുഷിക പ്രവർത്തികളിൽനിന്നും ദൃഷ്ടാന്തങ്ങളിൽനിന്നുമാണ് ആ അറിവ് നമുക്ക് ലഭിക്കുന്നത്.

# കമ്മ്യൂണിസവും ദൈവവിശ്വാസവും

ഈ ഗ്രന്ഥം അവസാനിപ്പിക്കുന്നതിനുമുമ്പേ കമ്മ്യൂണിസത്തെക്കുറിച്ച് അതായത് റഷ്യയുടെ ഇപ്പോഴുള്ള സോഷ്യലിസ്റ്റ് വ്യവസ്ഥിതിയെക്കുറിച്ച് അല്പം പറയേണ്ടത് അത്യന്താപേക്ഷിതമാണ്. കാരണം ചിലയാളുകൾ ഈ വ്യവസ്ഥിതിയെ നിരീശ്വരത്വത്തിന്റെ ഒരു ശാഖയായും ദൈവാസ്തികൃത്തിന്നെതിരിലുള്ള തെളിവായും പറയാറുണ്ട്. ചിന്തിച്ചു നോക്കിയാൽ ഈ സോഷ്യലിസ്റ്റ് വ്യവസ്ഥിതി ഒരു സാമ്പത്തിക വ്യവസ്ഥിതിയാണെന്ന് കാണാം. ഇതിന് ദൈവം ഉണ്ട്, ഇല്ല എന്ന പ്രശ്നവുമായി സത്യത്തിൽ ഒരു ബന്ധവുമില്ല. പരിണാമസിദ്ധാന്തത്തെ ചില ക്ഷിപ്രകാരികൾ ദൈവാസ്തികൃത്തിന്നെതിരെ പ്രയോഗിച്ചതുപോലെ കമ്മ്യൂണിസത്തേയും ചില അല്പബുദ്ധിക്കാർ അതിന്നെതിരായി മനസ്സിലാക്കി. കമ്മ്യൂണിസത്തിന്റെ അടിസ്ഥാന സിദ്ധാന്തം ശരിയോ തെറ്റോ അല്ലെങ്കിൽ എത്രത്തോളം ശരിയാണ് എത്രത്തോളം തെറ്റാണ് തുടങ്ങിയ കാര്യങ്ങൾക്കൊന്നും ദൈവാസ്തികൃവാദവുമായിട്ട് നേരിട്ടൊരു ബന്ധവുമില്ല. അതൊരു സാമ്പത്തിക വ്യവസ്ഥിതി മാത്രമാണ്. ഇതു മുഖേന റഷ്യ വരുമാന മാർഗങ്ങളേയും ഉൽപാദനത്തേയും ഭരണത്തിൻകീഴിൽ കൊണ്ടുവന്ന് സ്വന്തം ധാരണയോടുകൂടി തങ്ങളുടെ രാജ്യത്തിലെ സമ്പത്ത് നീതിപൂർവമായ നിലയിൽ വിതരണം ചെയ്യാൻ പരിശ്രമിക്കുകയുണ്ടായി. അവർ ഈ പരിശ്രമത്തിൽ വഞ്ചിക്കപ്പെട്ടിരിക്കുകയാണ്. ഇതിന്റെ ദോഷകരമായ ഫലം ഗോപ്യമായ നിലയിൽ ഇപ്പോൾ മുതല്ക്കേ അനുഭവപ്പെട്ടുകൊണ്ടിരിക്കുന്നു. സോഷ്യലിസ്റ്റ് വ്യവസ്ഥിതിയിൽ ഓരോ ദിവസവും വന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങൾ ഇതിന് തെളിവാണ്. പ്രത്യക്ഷമായി തെളിവൊന്നും ആവശ്യമില്ലാത്തവിധം വ്യക്തമായ നിലയിലുള്ള ഇതിന്റെ തിക്തഫലം കുറച്ച് തലമുറകൾക്കുശേഷം വെളിപ്പെടുക തന്നെ ചെയ്യും. കാരണം ഇത്തരം വിശാലമായ വ്യവസ്ഥിതികളുടെ ഫലം പെട്ടെന്ന് പ്രത്യക്ഷപ്പെടാറില്ല.[1] എന്തായാലും ഇതൊരു

---

*1. ഈ പുസ്തകം 1925ലാണ് ആദ്യമായി പ്രസിദ്ധീകരിച്ചത്. 75 വർഷം പിന്നിട്ട ഇക്കാലത്ത് കമ്യൂണിസ്റ്റ് വ്യവസ്ഥിതിയുടെ തനിരൂപം സാധാരണക്കാർക്കുപോലും മനസ്സിലാകും വിധം വ്യക്തമായിക്കഴിഞ്ഞിരിക്കുന്നു. വിവ:*

സാമ്പത്തിക വ്യവസ്ഥിതിയാണെന്ന് പറഞ്ഞുവല്ലോ. ഇതിന് ദൈവാസ്തികൃവാദവുമായി ഒരു ബന്ധവുമില്ല. പക്ഷേ, ഈ വ്യവസ്ഥിതി രാഷ്ട്രത്തിന്റെ നിലവിലുള്ള വ്യവസ്ഥിതികളെയെല്ലാം ഭേദിച്ച് തനിക്കുള്ള സ്ഥാനം ഉറപ്പിച്ചിരിക്കുന്നു. ഭേദിക്കപ്പെട്ട വ്യവസ്ഥിതികളിൽ വിവിധ മതങ്ങളുമായി ബന്ധപ്പെട്ട വ്യവസ്ഥിതികളുമുണ്ട്. അതുകൊണ്ടുതന്നെ ഈ വ്യവസ്ഥിതി പ്രത്യക്ഷമായ നിലയിൽ മതപരമായ അധ്യാപനങ്ങളുമായി ഏറ്റുമുട്ടാൻ തുടങ്ങിയിരിക്കുകയാണ്.

ഈ ഏറ്റുമുട്ടലിന്റെ രണ്ടാമത്തെ കാരണം ഇങ്ങനെയാണ് ഉണ്ടായത്, റഷ്യയിലെ കുട്ടികളുടേയും യുവാക്കളുടേയും ബുദ്ധി, കമ്മ്യൂണിസത്തിന്റെ സ്വാധീനത്തെ പൂർണമായും ആകർഷിക്കാനും കമ്മ്യൂണിസ്റ്റ് വിരുദ്ധ ആശയങ്ങളിൽ ആകൃഷ്ടരാകാതിരിക്കാനും അതിന്റെ നേതാക്കൾ പ്രയോഗിച്ച തന്ത്രങ്ങളുടെ ഫലമായി അവിടത്തെ സ്കൂളുകളിൽനിന്നും മതപാഠശാലകളിൽനിന്നും മതാധ്യാപനങ്ങളെ പൂർണമായും നീക്കം ചെയ്തു. തൽഫലമായി രാജ്യത്ത് നിരീശ്വരത്വം കൊടികുത്തിവാഴാൻ തുടങ്ങി. ഈ നിരീശ്വരത്വം കമ്മ്യൂണിസത്തിന്റെ ഭാഗമല്ല. അതിന്റെ ചുറ്റുപാടുമുള്ള സ്ഥിതിഗതികളുടെ സ്വാഭാവികമായ ഒരു ഫലമാണ്. കമ്മ്യൂണിസത്തിന്റെ അടിസ്ഥാന പ്രമാണങ്ങളിലൊന്നും ദൈവാസ്തികൃത്തിന്നെതിരെ നേരിട്ട് തെളിവുകൾ നല്കുന്ന ഒരു കാര്യവുമില്ല. എങ്കിലും നിലവിലുള്ള സോഷ്യലിസ്റ്റ് വ്യവസ്ഥിതി, അതിന്റെ നിരവധി അടിസ്ഥാനപരമായ കാര്യങ്ങളിലും വ്യാഖ്യാനങ്ങളിലും വിശ്രുതമായ മതങ്ങളുടെ അധ്യാപനങ്ങൾക്കെതിരാണ്. ബുദ്ധിപരമായി നോക്കുമ്പോൾ ഇപ്പോഴല്ലെങ്കിലും കുറച്ചു തലമുറകൾക്കു ശേഷം ഭയാനകമായ വിപത്തുകൾ പരസ്യമായി വെളിച്ചത്തുകൊണ്ടുവരാനുതകുന്ന ദോഷകരമായ നിരവധി മൗലികകാര്യങ്ങൾ അതിന്റെ സ്വഭാവത്തിൽ അടങ്ങിയിട്ടുള്ളതായി കാണാം. സോഷ്യലിസത്തിന്റെ അടിത്തറ സാമ്പത്തികമാണെന്ന് പറഞ്ഞുവല്ലൊ. അത് ആത്മീയമോ മതപരമോ അല്ല. അതുകൊണ്ട് നിരീശ്വരത്വത്തിനുള്ള തെളിവായി അതിനെ സമർപ്പിക്കുന്നത് ഒരു വിധത്തിലും ശരിയല്ല.

നൂറ്റാണ്ടുകളായി യൂറോപ്പിന്റെ സാമ്പത്തികവ്യവസ്ഥിതി നടന്നുവന്നിരുന്നത് ജനതയുടേയും രാഷ്ട്രത്തിന്റേയും സമ്പത്ത് പ്രത്യേകമായൊരു മുതലാളിവർഗത്തിന്റെ കൈകളിൽ ഒരുമിച്ചു കൂടുന്ന വിധത്തിലായിരുന്നു. ബാക്കിയുള്ള ജനങ്ങൾ ദാരിദ്ര്യത്തിന്റേയും നിർധനത്വത്തിന്റേയും നീർച്ചുഴിയിലകപ്പെട്ടു. അതിന്റെ ഫലമായി നിലവിലുള്ള

വ്യവസ്ഥിതിയെ ധീരതയോടെ മറിച്ചിടാത്തിടത്തോളം തങ്ങളുടെ ജീവിതം മെല്ലെ മെല്ലെ മൃഗങ്ങളെക്കാൾ കഷ്ടത്തിലാകുമെന്ന ചിന്താഗതി ജനങ്ങളിലുണ്ടായി. അത് ഏറ്റവുമധികം ഭയാനകസ്ഥിതി പ്രാപിച്ചത് റഷ്യയിലായിരുന്നു. അവിടെ സാർ ചക്രവർത്തിമാരുടെ ഏകാധിപത്യ ഭരണവും മുതലാളിവർഗത്തിന്റെ സുഖാഡംബര ജീവിതവും സാധാരണക്കാരന്റെ കഴുത്ത് ഞെരിച്ചുകളഞ്ഞിരുന്നു. അക്രമപരമായി നീണ്ടുനില്ക്കുന്ന വ്യവസ്ഥിതികൾക്കെല്ലാം ശക്തമായ തിരിച്ചടി ഉണ്ടാകാറുണ്ട്. ആ തിരിച്ചടി നിലവിലുള്ള വ്യവസ്ഥിതിക്കെതിരെ വിപ്ലവത്തിന്റെ ചുവയുള്ളതായിരിക്കും. ഇപ്രകാരം റഷ്യയിൽ മുമ്പേ ഉണ്ടായിരുന്ന അക്രമപരമായ വ്യവസ്ഥിതിക്കുള്ള തിരിച്ചടിയാണ് സോഷ്യലിസത്തിന്റെ രൂപത്തിൽ വെളിപ്പെട്ടത്. ഇത് രാജ്യത്ത് ഭയാനകമായൊരു വിപ്ലവം സൃഷ്ടിച്ചുകൊണ്ട് പുതിയൊരു വ്യവസ്ഥിതിക്ക് അടിത്തറ പാകി. ഈ പുതിയ വ്യവസ്ഥിതി നിലവിൽ വന്നതോടെ സാർ ചക്രവർത്തിമാരുടെ പരമ്പര അവസാനിച്ചു. വലിയവരുടെ മേൽക്കോയ്മകൾക്ക് തിരശ്ശീലവീണു. സമ്പന്നവർഗത്തിന്റെ രമ്യഹർമ്യങ്ങൾ കൊള്ളയടിക്കപ്പെട്ടു. വരുംകാലങ്ങളിൽ രാഷ്ട്രസമ്പത്തിന്റെ തുല്യമായ വിതരണത്തിനായി വിശാലമായൊരു സോഷ്യലിസ്റ്റ് വ്യവസ്ഥിതിക്ക് തുടക്കം കുറിക്കുകയും ചെയ്തു. എന്നാൽ, നിലവിലുള്ള ഒരു വ്യവസ്ഥിതിക്കെതിരിൽ ഉണ്ടാകുന്ന ഓരോ പ്രതിവിപ്ലവപ്രവർത്തനങ്ങളും മറ്റൊരു തീവ്രതയിലേക്ക് തിരിയാനിടയുണ്ടെന്നത് സുവിദിതമാണ്. അതുപോലെ സോഷ്യലിസം നടത്തിയ പ്രതികരണവും ഒരു തീവ്രതയിൽനിന്ന് കാലുമാറി മറ്റൊരു തീവ്രതയിലെത്തിക്കഴിഞ്ഞിരിക്കുന്നു. അപ്പോൾ ഒരു വശത്തെ തീവ്രത നഷ്ടങ്ങളുണ്ടാക്കുന്നതും, ക്ഷതമേല്പിക്കുന്നതുമാണെന്നപോലെ മറുവശത്തെ തീവ്രതയും വൻവിപത്തുകൾ നിറഞ്ഞതായിരിക്കുമെന്നത് സ്വാഭാവികം മാത്രം. താൽക്കാലികമായി ആശ്വാസം കിട്ടിയപ്പോൾ ഭാവിയിൽ വരാനിരിക്കുന്ന വൻ അപകടങ്ങൾ അക്കാലത്ത് തുറന്ന നിലയിൽ കാണാൻ കഴിഞ്ഞില്ലെന്നുള്ളത് വേറെകാര്യം. അതു ഞാൻ ചുരുങ്ങിയനിലയിൽ ഇവിടെ വിവരിക്കട്ടെ.

1. കമ്മ്യൂണിസം സമ്പത്തിനേയും സമ്പത്ത് ഉൽപാദിപ്പിക്കുന്ന മാർഗങ്ങളേയും പരിപൂർണമായും ഭരണത്തിൻ കീഴിൽ കൊണ്ടുവന്ന് വ്യക്തിപരമായ കഠിനാധ്വാനത്തിന്റെ ഏറ്റവും വലിയ ചാലക ശക്തിയെ നശിപ്പിച്ചു. തൊഴിലെടുക്കാൻ പ്രേരിപ്പിക്കുന്ന ഒരുപാട് ശക്തികൾ ലോകത്തുണ്ട്. എല്ലാ വർഗത്തിലും എല്ലാതരം ആളുകളിലും ഒരുപോലെ കാണുന്നതും, പ്രകൃതിയുടെ ഒരു ഭാഗവും, സ്വന്തം അധ്വാനത്തിന്റെ

ഫലം സ്വയം നേരിട്ടനുഭവിക്കുകയെന്ന പ്രത്യേകമായ വികാരവുമായി ബന്ധപ്പെട്ടതുമായ ആ വലിയ ചാലകശക്തിയെ സോഷ്യലിസ്റ്റ് വ്യവസ്ഥിതി തികച്ചും ചവുട്ടിമെതിച്ചുകളഞ്ഞു. മറ്റുള്ളവരെ സഹായിക്കാനും, തന്റെ ധനവും സമയവും മറ്റുള്ളവർക്കുവേണ്ടി ചെലവഴിക്കാനുമുള്ള മനസ്ഥിതി ഓരോ നല്ല മനുഷ്യരിലുമുണ്ട്, ഉണ്ടാകേണ്ടതുമാണ്. ഇസ്‌ലാം ഈ രണ്ടാമതു പറഞ്ഞ വികാരത്തിന് വളരെയധികം ഊന്നൽ നൽകിയിട്ടുണ്ട്. തന്റെ അധ്വാനത്തിന്റെ ഫലം കൂടുതലായി തനിക്കു തന്നെ കിട്ടണമെന്നുള്ള വിചാരം മനുഷ്യന് ജോലിയെടുക്കാൻ പ്രേരണ നല്കുന്ന പ്രകൃതിപരമായ വലിയൊരു ചാലകശക്തിയാണ്. പക്ഷേ, സോഷ്യലിസം ഈ ചാലകശക്തിയെ നശിപ്പിച്ച് മനുഷ്യന്റെ അഭിവൃദ്ധിയുടെ കുതിപ്പിനെ തളർത്താനുള്ള വഴി തുറന്നിട്ടു.

2. കമ്മ്യൂണിസ്റ്റ് വ്യവസ്ഥിതിയുടെ രണ്ടാമത്തെ വൻനഷ്ടം, സമ്പത്ത് ഉത്പാദനത്തിനുള്ള സകലമാർഗങ്ങളും ഭരണത്തിൻ കീഴിൽ കൊണ്ടുവന്ന കാരണത്താൽ ജനങ്ങളിൽനിന്ന് പതുക്കെപ്പതുക്കെ മാത്സര്യബുദ്ധിയും അഹമഹമികയാ മുന്നേറാനുള്ള ആവേശവും എടുത്തെറിയപ്പെട്ടു എന്നതാണ്. കാരണം മനുഷ്യവർഗത്തിന്റെ പുരോഗതിക്ക് 'അഹമഹമികയാ' മുന്നേറുക എന്ന വികാരത്തിന് വമ്പിച്ച സ്വാധീനമാണുള്ളത്. അതുകൊണ്ട് മേൽപറഞ്ഞ വിപ്ലവത്തിന്റെ ഫലം കാലക്രമത്തിൽ നാടിനുണ്ടാകുന്ന അധഃപതനമായിരിക്കും. ഉദാഹരണത്തിന് കാറുകളുടേയും വിമാനങ്ങളുടേയും ഉൽപാദനത്തിനായി നിരവധി ഫാക്ടറികൾ വ്യക്തികളോ കമ്പനികളോ തുടങ്ങുന്നുവെന്ന് സങ്കല്പിക്കുക. പ്രത്യേകം പ്രത്യേകമായ കഠിനാധ്വാനത്തിലൂടെയും ആഴത്തിലുള്ള നിരീക്ഷണങ്ങളിലൂടെയും ആ വ്യവസായത്തെ വളർത്തുന്നതിനുവേണ്ടി അവരോരോരുത്തരും കഴിവിന്റെ പരമാവധി പരിശ്രമിക്കും. അവർക്ക് കച്ചവടത്തിൽ അനുവദനീയമായ കിടമത്സരത്തിന്റേയും 'ഞാൻമുമ്പേ' 'ഞാൻമുമ്പേ' എന്ന ചിന്താഗതിയുടേയും മനസ്സാണുള്ളത്. അതിനോടൊപ്പം ആ വ്യവസായത്തിന്റെ ഒരു ഭാഗം സർക്കാറിന്റെ കൈയിലുമുണ്ടാകും. ഇത്തരം ചുറ്റുപാടിൽ ആ വ്യവസായം വളരെയധികം അഭിവൃദ്ധിപ്പെട്ടു പോകുന്നതാണ്. എന്നാൽ, അതേ വ്യവസായം വാണിജ്യപരമായ മത്സരബുദ്ധിയില്ലാതെ ഒരൊറ്റ വ്യവസ്ഥിതിക്ക് വിധേയമായിട്ടാണ് രാജ്യം മുഴുവൻ നടക്കുന്നതെങ്കിൽ അതൊരിക്കലും അഭിവൃദ്ധിപ്പെടുകയില്ല. ഇങ്ങനെ വിജ്ഞാനപരവും വാണിജ്യപരവുമായ രംഗങ്ങളിൽ രാഷ്ട്രത്തിന്റെ ചുവട് അഭിവൃദ്ധിപ്പെടുന്നതിനുപകരം മെല്ലെ മെല്ലെ അധഃപതിക്കാൻ തുടങ്ങുന്നു. പ്രത്യേക

മായ ചില വ്യവസായങ്ങൾ സർക്കാറിന് സ്വന്തം നിയന്ത്രണത്തിൽ നടത്താമെന്നതിൽ സംശയമൊന്നുമില്ല. നടത്തുകയും വേണം. എന്നാൽ, ഈ തത്ത്വത്തെ സകലരീതിയിലും സകലവ്യവസായങ്ങളുടേയുംമേൽ നടപ്പിലാക്കുക എന്നത് രാഷ്ട്രത്തിന്റേയും ജനവിഭാഗത്തിന്റേയും നാശത്തിനുള്ള വിത്തു വിതയ്ക്കലാണ്.

3. മുകളിൽ പറഞ്ഞ രണ്ടു കാര്യങ്ങളുടേയും യഥാർഥ ഫലം ഇത്തരം സോഷ്യലിസ്റ്റ് വ്യവസ്ഥിതിയിൽ ജനവിഭാഗങ്ങളുടെ ബുദ്ധിപരമായ അഭിവൃദ്ധിയുടേയും വിവേകപരമായ വളർച്ചയുടേയും വേഗം മെല്ലെ മെല്ലെ കുറഞ്ഞു തുടങ്ങും എന്നതായിരിക്കും. അവസാനം മനുഷ്യന്റെ ബുദ്ധി അഭിവൃദ്ധിപ്പെടുകയും വളരുകയും ചെയ്യേണ്ടതിനു പകരം അവൻ വെറുമൊരു യന്ത്രമായിട്ടിരുന്നുപോകും.

4. കമ്മ്യൂണിസ്റ്റ് വ്യവസ്ഥിതിയിൽ വ്യക്തിഗതമായ സഹതാപത്തിന്റേയും സഹിഷ്ണുതയുടേയും വികാരങ്ങൾ ചവിട്ടിമെതിക്കപ്പെട്ടതായി കാണാം. കാരണം ദരിദ്രരേയും അർഹതപ്പെട്ടവരേയും സഹായിക്കാനുള്ള ബാധ്യത സർക്കാറിന് മാത്രമായിരിക്കുമ്പോൾ ആരുടെ കൈയിലും മറ്റൊരാളെ സഹായിക്കാൻ പണം മിച്ചമുണ്ടാകുകയില്ല. ബന്ധുക്കൾക്കുപോലും എന്തെങ്കിലും പാരിതോഷികം നല്കാൻ പറ്റുകയില്ല. അപ്പോൾ, സ്നേഹവും സഹകരണവും സഹതാപവും ത്യാഗവും ആതിഥ്യവും സാധുസംരക്ഷണവും ബന്ധുപരിഗണനയും അയൽവാസികളെ സേവിക്കലുമായി ബന്ധപ്പെട്ടു നില്ക്കുന്ന മനുഷ്യത്വത്തിന്റെ ആ ഉന്നതസ്വഭാവം കാലക്രമേണ മരിച്ചൊടുങ്ങാൻ തുടങ്ങും. ജനസമൂഹവും ഇങ്ങനെ യന്ത്രവൽകൃതമാകും; വെറും യന്ത്രമായിത്തീരും.

5. കമ്മ്യൂണിസ്റ്റ് വ്യവസ്ഥിതിയിൽ മനുഷ്യബുദ്ധിക്ക് വലിയ വിലയൊന്നും കല്പിച്ചിട്ടില്ല എന്നതാണ് അതിന്റെ മറ്റൊരു ന്യൂനത. കൈകാലുകൾ ചെയ്യുന്ന സാധാരണ അധ്വാനത്തിന്റേയും അതിനുള്ള വേതനത്തിന്റേയും അതേ നിലയിൽ തന്നെയാണ് ഇതിനേയും വെച്ചിട്ടുള്ളത്. അത്തരം വ്യവസ്ഥിതിയുടെ അവസാനഫലം ജനതയുടെ ബുദ്ധിപരമായ പാപ്പരത്തമല്ലാതെ മറ്റൊന്നും ആയിരിക്കുകയില്ല. പക്ഷേ, ഇത്തരം ഫലങ്ങൾ കുറച്ചു കാലത്തിനുശേഷമേ പ്രകടമാവുകയുള്ളു. ഇപ്പോൾ ആവേശത്തിമിർപ്പുകളിൽ എല്ലാ ദോഷങ്ങളും വിസ്മരിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്.

എന്തായാലും സോഷ്യലിസ്റ്റു വ്യവസ്ഥിതി റഷ്യയുടെ പഴയ അക്രമപരമായ വ്യവസ്ഥിതിയുടെ സ്വാഭാവികമായ ഒരു പ്രതികരണമാണ്.

ഈ പ്രതികരണം സന്തുലനത്തിന്റെ രൂപത്തിൽ വെളിപ്പെടുന്നതിനു പ കരം മറ്റൊരു തീവ്രതയുടെ രൂപത്തിൽ വെളിപ്പെട്ടിരിക്കുന്നു. അതിന്റെ ഫലം ജനതയെ ഒരു ഗർത്തത്തിൽനിന്ന് (മുതലാളിത്തം) മറ്റൊരു ഗർത്തത്തിൽ (സോഷ്യലിസം) തള്ളിയിട്ടു എന്നതാണ്.

## സമ്പത്തിന്റെ വിതരണവ്യവസ്ഥിതി ഇസ്‌ലാമിൽ

സോഷ്യലിസത്തിന്നെതിരിൽ പ്രകൃതിമതവും സ്രഷ്ടാവിനാൽ അയ ക്കപ്പെട്ടതുമായ ഇസ്‌ലാം അതിന്റെ യുക്തിഭദ്രമായ ശരീഅത്തിലൂടെ രണ്ടുവശത്തുമുള്ള ഈ തീവ്രതകളിൽനിന്ന് രക്ഷപ്പെട്ട് സമ്പൂർണ സന്തുലനത്തിന്റേയും മധ്യസ്ഥനിലയുടേയും അധ്യാപനം അവതരി പ്പിക്കുന്നു. അത് ഒരു ഭാഗത്ത് കമ്മ്യൂണിസത്തെ പോലെ മനുഷ്യന്റെ വ്യക്തിഗതമായ അത്യധ്വാനത്തിന്റെ പ്രകൃതിപരമായ ഏറ്റവും വലിയ ചാലകശക്തിയെ അതായത് സ്വന്തം അധ്വാനിച്ചുണ്ടാക്കിയഫലം സ്വയം അനുഭവിക്കുക എന്ന അവകാശത്തെ മാറ്റി നിറുത്താതിരിക്കുമ്പോൾ മറുഭാഗത്ത് ജന്മിത്വത്തെപോലെ രാഷ്ട്രത്തിന്റേയും ജനവിഭാഗത്തി ന്റേയും സമ്പത്ത് കുറച്ചു കൈകളിൽ കുന്നുകൂടുന്നതിനെ അല്ലെങ്കിൽ ഒരു പ്രത്യേകമായ വർഗം അതിന്റെ കുത്തകാവകാശികളാകുന്നതിനെ അനുവദിക്കാതിരിക്കുകയും ചെയ്യുന്നു. ഇതിനായി ഇസ്‌ലാം അടിസ്ഥാ നപരമായി, യുക്തിയുക്തമായ പല കല്പനകളും നടപ്പിൽ വരുത്തിയി ട്ടുണ്ട്. അത് സംക്ഷിപ്തമായി രേഖപ്പെടുത്താം.

1. അനന്തരാവകാശ സ്വത്തിന്റെ വിഭജനത്തിന് ഇസ്‌ലാം തയ്യാറാക്കി യിട്ടുള്ള നിയമം പാലിക്കുന്നതിന്റെ ഫലമായി രാഷ്ട്രത്തിന്റെ സ്വത്ത് സ്വയംതന്നെ നീതിപൂർവകമായ നിലയിൽ വിഭജനം ചെയ്യപ്പെട്ടു കൊണ്ടിരിക്കുന്നു. കാരണം ഇസ്‌ലാം മൂത്ത ആൺകുട്ടി അല്ലെങ്കിൽ ആൺസന്താനങ്ങളെ മാത്രം അനന്തരാവകാശിയായി നിശ്ചയിച്ചിട്ടില്ല. ആണുംപെണ്ണുമായ എല്ലാ മക്കൾക്കും അനന്തരാവകാശത്തിന്റെ ഓ ഹരി നിർണയിച്ചിരിക്കുന്നു. മക്കൾക്കു പുറമെ ഭാര്യയേയും ഭർത്താ വിനേയും മാതാവിനേയും പിതാവിനേയും ചില അവസ്ഥകളിൽ സഹോദരിയേയും സഹോദരനേയും മറ്റു അടുത്ത ബന്ധുക്കളേയും അതിൽനിന്ന് മാറ്റിനിറുത്തുന്നില്ല. ഇതിന്റെ ഫലമായി രാഷ്ട്രത്തിന്റെ സ്വത്ത് പ്രകൃതിപരമായ നിലയിൽ നീതിപൂർവകമാംവിധം വിഭജിക്ക പ്പെടുന്നു. കുറച്ചു കൈകളിൽ അത് കേന്ദ്രീകൃതമാവുന്നില്ല.

2. ഇസ്‌ലാം പലിശ വാങ്ങുന്നതും കൊടുക്കുന്നതും ഹറാം-നിഷിദ്ധ മാക്കിയിരിക്കുന്നു. കാരണം പലിശ അതിന്റെ മറ്റു ദോഷങ്ങൾക്കു പു

റമെ സ്വത്തിന്റെ അനുചിതമായ വിതരണത്തിന്റെ ഒരു വലിയ മാർഗ വുമാണ്. ഇതു നിരോധിച്ചതിലൂടെ രാഷ്ട്രത്തിന്റെ സ്വത്ത് കുറച്ചു കൈ കളിൽ കേന്ദ്രീകൃതമാകുന്ന വഴി സ്വയം അടയ്ക്കുന്നു. ഇക്കാലത്ത് പലിശയുടെ വല വിശാലമാകുന്ന കാരണത്താൽ പലിശകൂടാതെ ജീവിതം ദുഃസാധ്യമായി അനുഭവപ്പെടുന്നുണ്ടെന്നതിൽ സംശയമില്ല. ഇത് കണ്ണിന്റെ ചതിയാണ്. നിലവിലുള്ള ചുറ്റുപാടുകളാണ് ആ ചിന്താ ഗതി ഉണ്ടാക്കുന്നത്. മുസ്ലിംകൾ ലോകത്തിന്റെ പകുതിയിലേറെ സ്ഥലങ്ങളിൽ ഭരണകർത്താക്കളായിരുന്നപ്പോൾ പലിശ ഇടപാടുകളിൽ ഏർപെടാതെയാണ് എല്ലാ വ്യാപാരങ്ങളും നടത്തിയിരുന്നത്. ദൈവം ഇച്ഛിച്ചാൽ ഇനിയും അങ്ങനെയുള്ള കാലം നിലവിൽവരും.

3. ഇസ്ലാം ചൂതുകളിയും നിരോധിച്ചു. കാരണം യുക്തിഹീനമായ ആ ശീലത്തിലൂടെയും സ്വത്തിന്റ അനുചിതമായ വിഭജനത്തിന്റെ വഴി തുറക്കപ്പെടുന്നു. കഠിനാധ്വാനത്തിലൂടേയും പരിശ്രമത്തിലൂടേയും ബ ുദ്ധിപരമായ കഴിവിലൂടേയും ജീവിതവിഭവം സമ്പാദിക്കുന്നതിനു പ കരം സമയത്തെ അനാവശ്യമായി നഷ്ടപ്പെടുത്തുന്നതിനും കേവലം യാദൃച്ഛികതയിൽ തന്റെ വരുമാനത്തിന്റെ അടിത്തറയിടുന്നതിനുമുള്ള ശീലമുണ്ടാകുന്നു.

4. ഇസ്ലാം ധനവും മറ്റു സമ്പത്തും ഖജനാവുകൾപോലെ ഒരുക്കൂട്ടി വെക്കുന്നത് തടഞ്ഞിരിക്കുന്നു. ഇതേ പണം രാഷ്ട്രത്തിന്റെ വ്യവസായ ങ്ങളിലും വ്യാപാരങ്ങളിലും ഇറക്കി അതിൽനിന്നു കിട്ടുന്ന വരുമാനം തൊഴിലില്ലാത്തവരുടെ നിത്യജീവിതത്തിന് മാർഗമാക്കിത്തീർക്കുന്നതി നുവേണ്ടിയാണ് ഇങ്ങനെ ചെയ്തിട്ടുള്ളത്.

5. ഇസ്ലാം ഓരോ മുതലാളിയുടേയും സ്വത്തിന്റെ മേൽ സക്കാ ത്തിന്റെ രൂപത്തിൽ വൻനികുതി ചുമത്തിയിട്ടുണ്ട്. ശേഖരിക്കപ്പെടുന്ന സക്കാത്ത്പണം ദരിദ്രർ, ദുർബലർ തുടങ്ങിയവരിൽ മാത്രം വിതരണം ചെയ്താൽ പോരെന്നും എന്തെങ്കിലും തൊഴിലറിയാമെങ്കിലും ആ തൊഴിലെടുക്കാൻ മാർഗങ്ങളൊന്നുമില്ലാതെ വിഷമിക്കുന്ന ആളുകളെ സഹായിക്കുന്നതിനും ചെലവഴിക്കേണ്ടതാണെന്നും അത് അനുശാ സിക്കുന്നു.

تُؤْخَذُ مِنْ اَغْنِيَاءِ هِمْ وَتُرَدُّ اِلٰى فُقَرَاءِ هِمْ۔ [1]

*മുതലാളിമാരുടെ സ്വത്തിൽനിന്ന് ഒരു നിശ്ചിത ശതമാനം ശേഖരിച്ച് ദരി ദ്രരുടേയും അഗതികളുടേയും ഇടയിൽ വിതരണം ചെയ്യുക എന്നതാണ്*

*1. ബുഖാരി*

*ഇസ്‌ലാം വിഭാവന ചെയ്യുന്ന സക്കാത്തിന്റെ ഉദ്ദേശ്യലക്ഷ്യം.*

സ്വകാര്യഭൂമിയിൽനിന്ന് കിട്ടുന്ന നിധിയുടെമേൽ ഇസ്‌ലാം 20% നികുതി ചുമത്തി ദരിദ്രരെ സഹായിക്കാനുള്ള വഴിയും തുറന്നിട്ടുണ്ട്.

6. സർക്കാർ മുഖേന പിരിച്ചെടുത്ത് വിതരണം ചെയ്യുന്ന സക്കാത്തിന് പുറമെ, വ്യക്തിപരമായ നിലയിലും സാധുക്കളായ സഹോദരങ്ങളേയും അയൽവാസികളേയും സഹായിക്കണമെന്നുള്ള ബോധം ജനങ്ങളിൽ എപ്പോഴും നിലനില്ക്കുന്നതിനും തങ്ങളുടെ ധനത്തിൽനിന്ന് സാധുക്കളെ സഹായിക്കുന്നതിനും വേണ്ടി സാധാരണ ദാനധർമവും അനുഷ്ഠിക്കാൻ മുസ്‌ലിംകളോട് ഇസ്‌ലാം നിർദ്ദേശിക്കുന്നു. ഇതിലൂടെ പരസ്പരസാഹോദര്യത്തിന്റേയും സഹായത്തിന്റേയും വിട്ടുവീഴ്ചയുടേയും മനസ്ഥിതി ശക്തിപ്രാപിക്കുന്നു.

7. മുകളിൽ പറഞ്ഞ മാർഗങ്ങളിലൂടെ ദരിദ്രജനങ്ങളെ മുഴുവനും സഹായിക്കാനുള്ള ഏർപാട് അസാധ്യമായാൽ അവരിൽ ഓരോ വ്യക്തിക്കും അവരുടെ അടിസ്ഥാനപരമായ അവശ്യവസ്തുക്കൾ ലഭ്യമാക്കുന്നതിനുവേണ്ടി സർക്കാർ സ്വന്തം ഖജനാവിൽനിന്ന് ആവശ്യമായ ഒരു സംവിധാനം ഏർപെടുത്തേണ്ടതാണ് എന്നുകൂടി അവസാനമായി ഇസ്‌ലാം കല്പിക്കുന്നു.

സ്വത്തിന്റെ നീതിപൂർവകമായ വിഭജനത്തിനും ദരിദ്രരേയും അഗതികളേയും സഹായിക്കുന്നതിനുംവേണ്ടി ഇസ്‌ലാം ഏർപെടുത്തിയിരിക്കുന്ന അടിസ്ഥാനപരമായ ഏഴു മാർഗങ്ങളാണ്[1] മുകളിൽ വിവരിച്ചത്. ഒരു ഭാഗത്ത് വ്യക്തികൾക്ക് തങ്ങളുടെ കഴിവുകൾക്കുള്ള ഫലമെടുക്കാൻ വഴി തുറന്നിരിക്കണം. മനുഷ്യന്റെ ബുദ്ധിപരമായ കഴിവുകൾ നൈസർഗിക പ്രേരണയുടേയും ന്യായമായ മത്സരത്തിന്റേയും ഘട്ടങ്ങളിൽ പിന്തള്ളപ്പെട്ട് നിശ്ചലമാകുന്നതിൽനിന്ന് സുരക്ഷിതമായിരിക്കണം. മറുഭാഗത്ത്, സമ്പത്തിന്റെ നീതിപൂർവകമായ വിതരണം രാജ്യത്ത് നിലനില്ക്കണം. രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥിതി ഭദ്രമായിവയ്ക്കുന്നതിനുള്ള മാർഗം കോട്ടംതട്ടാതെ മുന്നോട്ടുകൊണ്ടുപോകുകയും വേണം. എന്നാൽ, ഇതൊരു അമിതത്വമോ അതിമിതത്വമോ ഇല്ലാത്ത വഴിയായിരിക്കും. അതു ഇരുഭാഗങ്ങളിലുമുള്ള (മുതലാളിത്വത്തിന്റേയും സോഷ്യലിസത്തിന്റേയും) ദോഷങ്ങളിൽ നിന്ന് രക്ഷപ്പെട്ട്

*1. കൂടുതൽ വിശദീകരണത്തിന് എന്റെ ' കമ്യൂണിസവും ഇസ്‌ലാമും' എന്ന ഗ്രന്ഥവും ഖലീഫത്തുൽ മസീഹ് രണ്ടാമന്റെ 'ഇസ്‌ലാമിലെ സാമ്പത്തിക വ്യവസ്ഥ' എന്ന ഗ്രന്ഥവും വായിക്കുക.*

അവരിലുള്ള നന്മകളെ അവരിൽ സമന്വയിപ്പിക്കുന്നതായിരിക്കും. ഈ സുവർണമായ വഴിയാണ് ഇസ്‌ലാം സ്വീകരിച്ചിട്ടുള്ളത്.

പറഞ്ഞുവന്നതിന്റെ ചുരുക്കമിതാണ്. റഷ്യയിലെ സോഷ്യലിസത്തിന് അതിന്റെ അടിസ്ഥാനപരമായ നിയമങ്ങൾവച്ചു നോക്കുമ്പോൾ നിരീശ്വരത്വവുമായി നേരിട്ടൊരു ബന്ധവുമില്ല. അതൊരു സാമ്പത്തിക വ്യവസ്ഥിതിയാണ്. അത് അതിന്റെ നിലനില്പിനുവേണ്ടി നിലവിലുള്ള മതാധ്യാപനങ്ങളുടെമേൽ ആക്രമണം നടത്തി. നാം പറഞ്ഞു കഴിഞ്ഞതുപോലെ ഈ ആക്രമണത്തിന് വിവേകശൂന്യമായ ഒരു പ്രതികരണത്തിന്റെ സ്ഥാനമേയുള്ളു. അത് ജനങ്ങളെ ഒരു വിപ്ലവത്തിൽനിന്നെടുത്ത് മറ്റൊരു വിപ്ലവത്തിലിട്ടു. അതിന്റെ അന്തകബീജവും അതിൽത്തന്നെ മറഞ്ഞിരിപ്പുണ്ട്. ഇതിനെതിരിൽ ഇസ്‌ലാം നല്കിയിരിക്കുന്ന അധ്യാപനം സമ്പൂർണമായ സന്തുലനത്തിന്റേയും സത്യത്തിന്റേയും നീതിയുടേയും അധ്യാപനമാണ്. റഷ്യ അതിന്റെ ഇപ്പോഴത്തെ പ്രതികരണലഹരിയിൽ നിന്നുണരുമ്പോൾ അതിന് പ്രകൃതിമതമായ ഇസ്‌ലാമല്ലാതെ മറ്റൊരു സമാധാനസ്ഥലവും തീർച്ചയായും ലഭിക്കുകയില്ല.

# അവസാന വാക്കുകൾ

ഇനി ഞാൻ ആരംഭത്തിൽ പറഞ്ഞതുപോലെ ദൈവാസ്തിക്യവുമായി ബന്ധപ്പെട്ട ബുദ്ധിപരമായ തെളിവുകൾ ഉൾക്കൊള്ളുന്ന ഈ വിഷയം അവസാനിപ്പിക്കുകയാണ്. ഒന്നുകൂടി ഞാൻ പറയാനാഗ്രഹിക്കുന്നു. ഞാൻ ഈ ഗ്രന്ഥത്തിൽ സൂക്ഷ്മമായ വൈജ്ഞാനിക ചർച്ചകളിൽ നിന്നൊഴിഞ്ഞു നില്ക്കുകയും വലിയവലിയ കാര്യങ്ങളെ ഒരുവിധം വിശദീകരിച്ച് പറയുകയുമാണ് ചെയ്തിരിക്കുന്നത്. വാസ്തവത്തിൽ എന്റെ സംബോധിതർ അപക്വത കാരണത്താൽ ചിലപ്പോൾ ആധുനിക വിദ്യകളിൽ വെറുതെ ആകർഷിക്കപ്പെട്ട് മത കാര്യങ്ങളിൽ താൽപര്യമില്ലാത്തവരായിത്തീർന്ന ചെറുപ്പക്കാരാണ്. ഞാനെഴുതിയിട്ടുള്ള കാര്യങ്ങൾ ഋജുമാനസർക്ക് മതിയായതാണെന്ന് ഞാൻ മനസ്സിലാക്കുന്നു. ഈ വിഷയം പഠിച്ചതിനുശേഷവും ആരുടെയെങ്കിലും ഹൃദയത്തിൽ എന്തെങ്കിലും സംശയം അവശേഷിക്കുന്നെങ്കിൽ ഞാൻ പറഞ്ഞ അടിസ്ഥാന കാര്യങ്ങളുടെ വെളിച്ചത്തിൽ അവർക്കത് പരിഹരിക്കാൻ സാധിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. വക്രതയുടെ മാർഗം സ്വീകരിച്ചുകൊണ്ട് സ്വയം സംശയങ്ങളുടെ നീർച്ചുഴിയിൽ നിന്ന് പുറത്തുവരാൻ ആഗ്രഹിക്കാത്തവർക്കും അല്ലെങ്കിൽ തന്റെ കണ്ണുകളിൽ പക്ഷപാതത്തിന്റെ തുണിവെച്ചുകെട്ടി സത്യത്തേയും സത്യസാക്ഷ്യത്തേയും കാണുന്നതിനും തിരിച്ചറിയുന്നതിനും തയ്യാറല്ലാത്തവർക്കും എന്റെ പക്കൽ ചികിത്സയൊന്നുമില്ല. ആരുടേയും കൈയിൽ ഉണ്ടാവുകയും ഇല്ല. അല്ലാഹുവിന്റെ പക്കൽ മാത്രമാണ് അത്തരക്കാർക്ക് ചികിത്സയുള്ളത്. ഞാൻ പ്രാർഥിക്കുന്നു. അവൻ അവരുടെ ഹൃദയവക്രത അകറ്റുമാറാകട്ടെ. അവരുടെ കണ്ണുകളിന്മേലുള്ള ബാന്റേജ് അഴിച്ചു മാറ്റുമാറാകട്ടെ. തന്റെ സ്രഷ്ടാവും ഉടമസ്ഥനുമായ ദൈവത്തെ തിരിച്ചറിയാതെ ഒരു ദാസനും ഈ ലോകത്തുനിന്ന് വിടപറയുന്ന അവസരം ഉണ്ടാകാതിരിക്കാൻ ദൈവംതന്നെ തന്റെ പ്രത്യേക അനുഗ്രഹത്താൽ ഏർപാടുകൾ ചെയ്യുമാറാകട്ടെ. കാരണം തന്നെ സൃഷ്ടിച്ചവനേയും തന്റെ ജീവിതത്തിൽ താങ്ങായി നിന്നവനേയും തന്റെ സകലശക്തികളുടേയും ഉത്ഭവസ്ഥാനവുമായവനേയും തിരിച്ചറിയാതെ ഈ ലോകത്തുനിന്ന് വിടപറയുന്നതിനെക്കാൾ നിർഭാഗ്യം വേറൊന്നുമില്ല.

അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ വന്ദ്യസ്ഥാപകരും വാഗ്ദത്ത

മഹ്ദിയും മസീഹുമായ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)ന്റെ ഗ്രന്ഥത്തിൽനിന്നുള്ള സ്നേഹമയമായ ഒരു ഭാഗം ഉദ്ധരിച്ചുകൊണ്ട് ഞാൻ ഈ വിഷയം അവസാനിപ്പിക്കുകയാണ്.

"തനിക്ക് സർവശക്തനായൊരു ദൈവമുണ്ടെന്ന് ഇതുവരെ അറിയാത്ത മനുഷ്യൻ എത്രമാത്രം നിർഭാഗ്യവാനാണ്. നമ്മുടെ സ്വർഗം നമ്മുടെ ദൈവമാകുന്നു. നമ്മുടെ ഉയർന്ന ആനന്ദാനുഭൂതികളത്രയും നമ്മുടെ ദൈവത്തിലാകുന്നു. എന്തെന്നാൽ, ഞാൻ അവനെ കാണുകയും എല്ലാ സൗന്ദര്യങ്ങളും അവനിൽ ദർശിക്കുകയും ചെയ്തിരിക്കുന്നു. ജീവൻ കളഞ്ഞിട്ടും കൈവരിക്കേണ്ട സമ്പത്താണിത്. സർവവും നഷ്ടപ്പെടുത്തിയിട്ടും വിലയ്ക്കെടുക്കേണ്ട മാണിക്യക്കല്ലാണിത്. അല്ലയോ നിർഭാഗ്യരേ! ഇതാ ഈ നീരുറവയിലേക്ക് ഓടിവരിൻ. ഇത് നിങ്ങൾക്ക് ദാഹശമനം വരുത്തും. ഇതു നിങ്ങളെ രക്ഷപ്പെടുത്തുന്ന ജീവിതസ്രോതസ്സാകുന്നു. ഞാനെന്തു ചെയ്യണം. എങ്ങനെ ഞാനീ സന്തോഷവാർത്ത നിങ്ങളുടെ ഹൃദയത്തിലെത്തിക്കും? ഏത് ചെണ്ട കൊട്ടിയാണ്, 'ഇതാ നിങ്ങളുടെ ദൈവം' എന്നു ജനങ്ങളെ അറിയിക്കാനുള്ള പ്രഖ്യാപനം ഞാൻ നടത്തേണ്ടത്; ജനങ്ങൾ കേൾക്കുമാറാകാൻ. അവരുടെ കാതുകളിൽ ഏത് ഔഷധം പ്രയോഗിച്ചാണ് ഞാൻ ചികിത്സിക്കേണ്ടത്; അവ തുറക്കുമാറാകാൻ."[1]

1. *കിശ്തിനൂഹ്*

# അനുബന്ധം

അല്ലാഹുവിന്റെ അനുഗ്രഹത്താൽ ദൈവാസ്തിക്യത്തെ സംബന്ധിച്ചുള്ള ബുദ്ധിപരമായ തെളിവുകളുടെ ചർച്ച അവസാനിച്ചു കഴിഞ്ഞിരിക്കുന്നു. ഞാൻ ഈ വിഷയം ആരംഭിച്ചപ്പോൾ പറഞ്ഞതു പോലെ, ഈ തെളിവുകൾ മനുഷ്യനെ ഈ പ്രപഞ്ചതൊഴിൽശാലയ്ക്ക് തീർച്ചയായും ഒരു സ്രഷ്ടാവും ഉടമസ്ഥനും ഉണ്ടായിരിക്കണം എന്ന വിശ്വാസംവരെ മാത്രമേ കൊണ്ടെത്തിക്കുകയുള്ളു. ഉണ്ടായിരിക്കണം എന്നുള്ള വിശ്വാസം എത്രമാത്രം ഉറച്ചതും തിളക്കമാർന്നതുമാണെങ്കിലും അത് ബലഹീനവും തുച്ഛവുമാണ്. കാരണം ഉണ്ടായിരിക്കണം എന്നുള്ള വിശ്വാസം കേവലം ഒരു ഉറച്ച സങ്കല്പത്തിന്റേയും വ്യക്തമായ സൂചനകളുടേയും നില ഉൾക്കൊള്ളുമ്പോൾ 'ഉണ്ട്' എന്നുള്ള വിശ്വാസത്തിന് വ്യക്തമായി കണ്ടു എന്ന നില കൈവരുന്നു. ഇതിനു ശേഷം മനുഷ്യൻ ദൈവത്തെ നേരിൽ കാണുന്നു. ഭാവനാപരമായ സംശയത്തിനോ സന്ദേഹത്തിനോ ഇടയൊന്നും അവശേഷിക്കുന്നില്ല. ഈ രണ്ടാമത് പറഞ്ഞ വിശ്വാസത്തിനുള്ള തെളിവുകൾ ദൈവം കൃപ ചെയ്താൽ രണ്ടാംഭാഗത്ത് വിവരിക്കുന്നതാണ്. ദൈവം അവന്റെ ഗോപ്യമായതും പിന്നിന്റെ പിന്നിലുള്ളതുമായ സത്തയെ തന്റെ പ്രവാചകന്മാരും മറ്റു പുണ്യാത്മാക്കളും മുഖേന എങ്ങനെയാണ് ലോകത്ത് വെളിവാക്കുന്നതെന്നും എങ്ങനെയാണ് ദൈവസാമീപ്യം പ്രാപിച്ച ഈ ദാസന്മാർ ദൈവത്തിന്റെ അനശ്വരമായ അറിവിന്റേയും കഴിവിന്റേയും ദൃഢതരമായ അത്ഭുതങ്ങൾ കാണിച്ച് കാണിച്ച് അവന്റെ അസ്തിത്വം ഭൂമിയിൽ പ്രത്യക്ഷപ്പെട്ടതുപോലെ ജനങ്ങളുടെ കൺമുമ്പിൽ കൊണ്ടുവന്ന് നിറുത്തുന്നതെന്നും വിശദീകരിക്കുന്നതായിരിക്കും.

ഇത് ഹദ്റത്ത് ആദം(അ), ഹദ്റത്ത് നൂഹ് (അ), ഹദ്റത്ത് ഇബ്റാഹീം (അ), ഹദ്റത്ത് മൂസാ(അ), ഹദ്റത്ത് ഈസാ(അ), ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ) തുടങ്ങിയവരൊക്കെ അവരവരുടെ കാലത്ത് ജനങ്ങൾക്കു കാണിച്ചുകൊടുത്ത അതേ ദൃശ്യം തന്നെയാണ്. അത് വാഗ്ദത്ത മഹ്ദിയും മസീഹുമായ ഹദ്റത്ത് അഹ്മദ്(അ) ഇക്കാലത്ത് ജനങ്ങൾക്ക് കാണിച്ചുകൊടുത്തു കൊണ്ടിരിക്കുന്നു. ആ മഹാത്മാവ് നബി(സ) തിരുമേനിയെ പ്രതിനിധാനം ചെയ്തും അവിടത്തെ സേവയിലും ലോകത്തെ സംബോധന ചെയ്തുകൊണ്ടു പറഞ്ഞു:

"നിങ്ങൾ എന്റെയടുത്ത് വരിക! ദൈവം ഉണ്ടെന്ന് ഞാൻ നിങ്ങൾക്ക്

കാണിച്ചുതരാം. അവൻ അലീം-സർവ്വവും അറിയുന്നവനാണ്. ഞാൻ മനുഷ്യനായതുകൊണ്ട് സമ്പൂർണജ്ഞാനം എനിക്കില്ല. പക്ഷേ, ഇക്കാര്യം ഇങ്ങനെ വെളിപ്പെടുന്നതാണെന്ന് അല്ലാഹു എന്നോടു പറയുന്നു. എന്നിട്ട് ആയിരക്കണക്കിന് മറകൾക്കു പിന്നിൽ മറഞ്ഞിരുന്നാലും അവസാനം അക്കാര്യം അല്ലാഹു പറഞ്ഞതുപോലെ വെളിപ്പെടുന്നു. വരിക! അത് പരീക്ഷിച്ചറിയുക.

ഞാൻ നിങ്ങളോടു പറയുന്നു ദൈവം ഉണ്ട്. അവൻ ഖദീർ-സർവശക്തനാണ്. ഞാൻ മനുഷ്യനായതുകൊണ്ട് സമ്പൂർണമായ ശക്തിപ്രഭാവം എനിക്കില്ല. പക്ഷേ, താൻ ഇന്ന ജോലി ഇന്ന ഇന്ന രീതിയിൽ ചെയ്യുന്നതാണെന്ന് അല്ലാഹു എന്നോടു പറയുന്നു. ആ ജോലി മനുഷ്യന്റെ കഴിവുകൊണ്ട് അങ്ങനെയങ്ങ് ചെയ്യാൻ പറ്റുന്നതല്ല. അതിന്റെ വഴിയിൽ ആയിരക്കണക്കിന് തടസ്സമുണ്ട്. എന്നിട്ടും ആ ജോലി അല്ലാഹു പറഞ്ഞതുപോലെ പൂർത്തിയാകുന്നു. വരിക! അത് പരീക്ഷിച്ചറിയുക.

ദൈവമുണ്ടെന്ന് ഞാൻ നിങ്ങൾക്കു കാണിച്ചുതരാം. അവൻ സമീഅ്-സകലതും കേൾക്കുന്നവനാണ്. തന്റെ ദാസരുടെ പ്രാർഥനകൾ സ്വീകരിക്കുന്നു. പ്രത്യക്ഷത്തിൽ ഒരിക്കലും സാധ്യമാകാത്ത പണികളെക്കുറിച്ച് ഞാൻ അല്ലാഹുവിനോട് ചോദിക്കുന്നു. എന്നാൽ, അല്ലാഹു എന്റെ പ്രാർഥന സ്വീകരിച്ച് ആ പണികളെല്ലാം പൂർത്തിയാക്കിതരുന്നു. വരിക! അതും പരീക്ഷിച്ചറിയുക.

ദൈവമുണ്ടെന്ന് ഞാൻ നിങ്ങൾക്ക് കാണിച്ചുതരാം. അവൻ നസ്വീർ- സഹായിയാണ്. അവന്റെ ഇഷ്ടദാസർ വിപത്തുകളാലും ശത്രുതയുടെ അഗ്നിയാലും വലയം ചെയ്യപ്പെടുമ്പോൾ അവൻ തന്റെ സഹായത്താൽ സ്വയം അവർക്ക് രക്ഷപ്പെടാനുള്ള വഴിയൊരുക്കുന്നു. വരിക! അതും പരീക്ഷിച്ചറിയുക.

ദൈവമുണ്ടെന്ന് ഞാൻ നിങ്ങൾക്ക് കാണിച്ചുതരാം. അവൻ ഖാലിഖ്- സ്രഷ്ടാവാണ്. ഞാൻ മനുഷ്യനായതുകൊണ്ട് എനിക്ക് സൃഷ്ടിക്കാനുള്ള കഴിവില്ല. എന്നാൽ, അവൻ എന്നിലൂടെ സ്രഷ്ടത്വത്തിന്റെ തിളക്കം വെളിപ്പെടുത്തുന്നു. അവൻ മൂലകങ്ങളും സാധനസാമഗ്രികളും ഒന്നുംകൂടാതെ എന്റെ കുപ്പായത്തിൽ തന്റെ മഷിയുടെ തുള്ളികൾ കുടയുകയുണ്ടായി. വരിക! അതും പരീക്ഷിച്ചറിയുക.

ദൈവമുണ്ടെന്ന് ഞാൻ നിങ്ങൾക്ക് കാണിച്ചുതരാം. അവൻ മുതക്കല്ലിം- സംസാരിക്കുന്നവനാണ്. തന്റെ ഇഷ്ടദാസരോട് സ്നേഹത്തോടും അനുകമ്പയോടും സംസാരിക്കുന്നു; അവൻ എന്നോടു പെരുമാറിയതുപോലെ. വരിക! അതും പരീക്ഷിച്ചറിയുക.

ദൈവമുണ്ടെന്ന് ഞാൻ നിങ്ങൾക്ക് കാണിച്ചുതരാം. അവൻ റബ്ബുൽ

ആലമീൻ-സർവലോക പരിപാലകനാണ്. ഒന്നും അവന്റെ പരിപാലനത്തിന് പുറത്തില്ല. കാരണം അവൻ ഏതെങ്കിലും വസ്തുവിന്റെ പരിപാലനം ഉപേക്ഷിച്ചാൽ അതൊരിക്കലും നിലനില്ക്കുകയില്ല. വരിക! അതും പരീക്ഷിച്ചറിയുക.

ദൈവമുണ്ടെന്ന് ഞാൻ നിങ്ങൾക്ക് കാണിച്ചുതരാം. അവൻ മാലിക്-സകലതിന്റേയും ഉടമസ്ഥനാണ്. കാരണം സൃഷ്ടികളിലൊന്നിനും അവന്റെ കല്പനയെ ലംഘിക്കാൻ സാധ്യമല്ല. ഏതു വസ്തുവിന്റെ മേലും ഏതു നിയന്ത്രണവും നടത്താൻ അവന് കഴിയും.

നിങ്ങൾ എന്റെയടുത്ത് വരിക. ഞാൻ നിങ്ങൾക്ക് ആകാശങ്ങളിൽ അവന്റെ നിയന്ത്രണങ്ങൾ കാണിച്ചുതരാം.

ഞാൻ നിങ്ങൾക്ക് ഭൂമിയിൽ
അവന്റെ നിയന്ത്രണങ്ങൾ കാണിച്ചുതരാം.
ഞാൻ നിങ്ങൾക്ക് വായുവിൽ
അവന്റെ നിയന്ത്രണങ്ങൾ കാണിച്ചു തരാം.
ഞാൻ നിങ്ങൾക്ക് വെള്ളത്തിൽ
അവന്റെ നിയന്ത്രണങ്ങൾ കാണിച്ചു തരാം.
ഞാൻ നിങ്ങൾക്ക് പർവ്വതങ്ങളിൽ
അവന്റെ നിയന്ത്രണങ്ങൾ കാണിച്ചു തരാം.
ഞാൻ നിങ്ങൾക്ക് ജനതകളുടെമേൽ
അവന്റെ നിയന്ത്രണങ്ങൾ കാണിച്ചു തരാം.
ഞാൻ നിങ്ങൾക്ക് ഭരണകൂടങ്ങളുടെമേൽ
അവന്റെ നിയന്ത്രണങ്ങൾ കാണിച്ചു തരാം.
ഞാൻ നിങ്ങൾക്ക് ഹൃദയങ്ങളിൽ
അവന്റെ നിയന്ത്രണങ്ങൾ കാണിച്ചു തരാം.
വരിക! പരീക്ഷിച്ചറിയുക.[1]

വളരെ ശക്തമായൊരു വാദമാണിത്. ചിന്തിച്ചുനോക്കുക. ഈ വാദം സ്ഥാപിതമായാൽ നിരീശ്വരത്വത്തിന് നില്ക്കക്കള്ളി ഉണ്ടാകുമോ? ആരുടെ കൈയിലാണോ എന്റെ ജീവനിരിക്കുന്നത് ആ സത്യസ്വരൂപനായ ദൈവത്തെ-മരിച്ചുകഴിഞ്ഞാൽ അവന്റെ മുമ്പിൽ ഞാൻ നില്ക്കേണ്ടവനാണ്-സത്യം ചെയ്തു ഞാൻ പറയുന്നു: ദൈവം കൃപചെയ്താൽ ഗ്രന്ഥത്തിന്റെ രണ്ടാംഭാഗത്ത് വാഗ്ദത്ത മഹ്ദിയും മസീഹുമായ ഹദ്റത്ത് അഹ്മദ്[അ] അല്ലാഹുവിന്റെ നടപടി ക്രമമനുസരിച്ച് ഈ എല്ലാ

*1. വാഗ്ദത്ത മഹ്ദിയും മസീഹുമായ ഹദ്റത്ത് അഹ്മദി (അ)ന്റെ വിവിധ ഗ്രന്ഥങ്ങളിൽ നിന്നെടുത്തത്.*

കാര്യങ്ങളും സ്ഥാപിച്ചു കാണിച്ചു എന്ന കാര്യം വിശദീകരിക്കുന്നതാണ്. അവിടത്തെ നാവിൽ അല്ലാഹുവിൽനിന്ന് ഉത്ഭവിച്ച കാര്യങ്ങൾ അവിടത്തെ നാവിൽ എപ്പോഴും മഴത്തുള്ളികൾ ആകാശത്തിൽനിന്ന് വീഴുന്നതുപോലെ കാണാൻ കഴിയുന്നു. *(ഹഖീഖത്തുൽ വഹ്‌യ്, നുസൂലുൽ മസീഹ്, തുടങ്ങിയ ഗ്രന്ഥങ്ങൾ നോക്കുക)* ഇനിയും പല പല കാര്യങ്ങളും പൂർത്തിയാകാനിരിക്കുന്നു. ഉദാഹരണത്തിന് തന്റെ ദൈവികമായ മിഷന്റെ- ജമാഅത്തിന്റെ അഭിവൃദ്ധിയെ സംബന്ധിച്ച് ഹദ്റത്ത് അഹ്മദ്(അ) ഉച്ചൈസ്തരം പ്രഖ്യാപിക്കുന്നു:

"ജനങ്ങളേ! കേട്ടുകൊള്ളുക. ആകാശവും ഭൂമിയും സൃഷ്ടിച്ച ആ പരമോന്നതനായ അല്ലാഹുവിന്റെ പ്രവചനമാണിത്. അവൻ തന്റെ ഈ ജമാഅത്തിനെ സർവരാജ്യങ്ങളിലും വ്യാപിപ്പിക്കും. ന്യായപൂർത്തിയും തെളിവുകളുംകൊണ്ട് എല്ലാത്തിന്റേയുംമേൽ അതിന് വിജയം നല്കും. ആ നാൾ ഇതാ വരുന്നു. അല്ല അതടുത്തെത്തിയിരിക്കുന്നു. ലോകത്ത് ആദരവോടെ സ്മരിക്കപ്പെടുന്ന ഒരേയൊരു മതം ഇതു മാത്രമായിരിക്കും. അല്ലാഹു ഈ മതത്തിലും ഈ ജമാഅത്തിലും അമാനുഷികമായ അനുഗ്രഹം ചൊരിയും. ഇതിനെ നശിപ്പിക്കാൻ കച്ചകെട്ടി ഇറങ്ങിയിട്ടുള്ള ഓരോരുത്തരേയും പരാജയപ്പെടുത്തും. ഈ വിജയം ഖിയാമം നാൾവരെ നിലനില്ക്കും. ഞാനൊരു വിത്ത് ഇടുന്നതിനായി വന്നിരിക്കുന്നു. എന്റെ കൈകൊണ്ട് ആ വിത്ത് ഇടപ്പെട്ടു. അത് വളരും, പുഷ്പിക്കും. അതിനെ തടുത്തുനിറുത്താൻ ആർക്കും സാധ്യമല്ല." *(തദ്ക്കിറത്തുശ്ശഹാദത്തയ്ൻ 1903 ഒക്ടോബർ 16 പേജ്: 64,65)*

"അല്ലാഹു എന്നെ അറിയിച്ചു: അവൻ എനിക്ക് വലിയ മഹത്ത്വം നല്കും. എന്റെ സ്നേഹം ഹൃദയങ്ങളിൽ കുടിയിരുത്തും. എന്റെ ജമാഅത്തിനെ ലോകം മുഴുവൻ വ്യാപിപ്പിക്കും. എല്ലാ കക്ഷികളുടെ മേലും എന്റെ കക്ഷിയെ വിജയിപ്പിക്കും. സത്യത്തിന്റെ പ്രകാശവും പ്രമാണവും അടയാളവും മുഖേന മറ്റുള്ളവരുടെ നാവടക്കുന്നതരത്തിൽ എന്റെ ജമാഅത്തിൽപ്പെട്ടവർ അറിവിലും ദൈവജ്ഞാനത്തിലും പൂർണത കൈവരിക്കും. ഓരോ ജനതയും ഈ ഉറവിൽനിന്ന് പാനം ചെയ്യുന്നതാണ്. ഭൂമി മുഴുവനും വലയം ചെയ്യുംവിധം ഈ ജമാഅത്ത് ശക്തമായി വളരുകയും പുഷ്പിക്കുകയും ചെയ്യും."

അല്ലാഹു എന്നോടു പറഞ്ഞു: "ഞാൻ നിനക്ക് അനുഗ്രഹത്തിനു മേൽ അനുഗ്രഹം നല്കും. എത്രത്തോളമെന്നാൽ രാജാക്കന്മാർ നിന്റെ വസ്ത്രങ്ങളിൽനിന്ന് അനുഗ്രഹം തേടും. അല്ലയോ കേൾവിക്കാരേ! ഇക്കാര്യങ്ങൾ ഓർത്തുവെച്ചു കൊള്ളുക. ഈ പ്രവചനങ്ങളെ നിങ്ങളുടെ പെട്ടികളിൽ ഭദ്രമായി സൂക്ഷിച്ചുവച്ചുകൊള്ളുക.

ഇത് അല്ലാഹുവിന്റെ വചനങ്ങളാണ്. ഒരു നാൾ പൂർത്തിയാവുക തന്നെ ചെയ്യും." *(തജല്ലിയാത്തെ ഇലാഹിയ്യ 1906 മാർച്ച് 15 പേജ് 21)*

ഇസ്‌ലാമിന്റെ സാർവലൗകിക അഭിവൃദ്ധിയെ സംബന്ധിച്ച് -അതിനുവേണ്ടിത്തന്നെയാണ് ആ മഹാത്മാവ് നിയോഗിതനായിട്ടുള്ളത്.- പറഞ്ഞു:

"സത്യത്തിന്റെ സൂര്യൻ പടിഞ്ഞാറുനിന്നുദിക്കുകയും യൂറോപ്പ് സത്യദൈവത്തെ തിരിച്ചറിയുകയും ചെയ്യുന്ന ആ സുദിനങ്ങൾ അടുത്തിരിക്കുന്നു. ഇസ്‌ലാമല്ലാത്ത എല്ലാ മതങ്ങളും നശിച്ചൊടുങ്ങുന്നതാണ്. എല്ലാ ആയുധങ്ങളും പൊട്ടിത്തകർന്നുപോകും. എന്നാൽ, ഇസ്‌ലാമിന്റെ ദൈവികായുധം ദജ്ജാലിയത്തിനെ തകർത്തുതരിപ്പണമാക്കുന്നതുവരെ പൂർണപ്രതാപത്തോടെ നിലനില്ക്കും. വനാന്തരങ്ങളിൽ വസിക്കുന്നവരും സകല അറിവുകളിൽനിന്നും അശ്രദ്ധരായവർപോലും തങ്ങളുടെ ഉള്ളിൽ അനുഭവപ്പെടുന്ന ദൈവത്തിന്റെ യഥാർഥ തൗഹീദ്-ഏകദൈവത്വസിദ്ധാന്തം ലോകംമുഴുവൻ വ്യാപിക്കുന്ന ആ നേരം ഇതാ അടുത്തിരിക്കുന്നു. ആ നാൾ ഒരു പാപപരിഹാരസിദ്ധാന്തവും ബാക്കിയാവുകയില്ല. മർത്ത്യൻ പടച്ചുണ്ടാക്കിയ ദൈവങ്ങളും അവശേഷിക്കുകയില്ല. അല്ലാഹുവിന്റെ ഒരേയൊരു കരം കുഫ്റിന്റെ-നിഷേധത്തിന്റെ എല്ലാ കുതന്ത്രങ്ങളേയും നിരർഥമാക്കും. പക്ഷേ, ഇത് വാളുകൾകൊണ്ടോ തോക്കുകൾകൊണ്ടോ അല്ല. സൗഭാഗ്യരായ ആത്മാക്കൾക്ക് വെളിച്ചം നല്കുന്നതിലൂടേയും പരിശുദ്ധ ഹൃദയങ്ങളിൽ പ്രകാശം ഇറങ്ങുന്നതിലൂടേയുമാണ്. അപ്പോൾ നാം ഇന്നു പറയുന്ന കാര്യങ്ങൾ നിങ്ങൾക്കു മനസ്സിലാകും." *(തദ്ക്കിറ പേജ് 285, 286)*

വിശാലമായ ലോകമൈതാനത്ത് ഇഴഞ്ഞുനടക്കുന്ന ഒരു ഉറുമ്പിനത്രപോലും ഇന്ന് വിലയില്ലാത്ത അഹ്മദിയ്യാ ജമാഅത്തിൽനിന്നും, അമുസ്‌ലിം ശക്തിക്കെതിരിൽ 'രോഗി'യെപ്പോലെ ബലഹീനരായ അഹ്മദികളിൽ നിന്നും പ്രവചനത്തിൽ പറഞ്ഞ വിജയത്തിന്റെ മഹത്തായ ഭാവിപ്രതീക്ഷിക്കാൻ പറ്റുമോ? ഇല്ലെങ്കിൽ -ഒരിക്കലുമില്ല- പ്രവചനങ്ങളിൽ പറഞ്ഞതൊക്കെ അതുപോലെ പുലർന്നുകഴിഞ്ഞാൽ ഈ ലോകത്തിനുമേൽ സർവജ്ഞനും സർവശക്തനുമായ ദൈവം ഉണ്ടെന്ന് സ്ഥാപിതമാകുകയില്ലേ? അവൻ തന്റെ കരുത്തുറ്റ കൈകളിൽ വിധിനിർണയത്തിന്റെ ലോഹത്തന്തുവിനെ, കുതിരപടനായകൻ പ്രത്യേകമായ സ്ഥലത്തെത്തിക്കുന്നതിനുവേണ്ടി തന്റെ കുതിരയുടെ കടിഞ്ഞാൺ മുറുക്കി പിടിച്ചിരിക്കുന്നതുപോലെ പിടിച്ചിരിക്കുകയാണെന്ന് സ്ഥാപിതമാകുകയില്ലേ? ഇനി ഞാൻ എന്റെ മാന്യവായനക്കാരിൽനി

ന്നും വിട ചോദിക്കുന്നു. ദൈവം അയച്ചിട്ടുള്ള മാർഗത്തെ സ്വീകരിക്കുന്നവന്റെ മേൽ ദൈവത്തിന്റെ സമാധാനം ഉണ്ടാകുമാറാകട്ടെ.

പ്രപഞ്ചസ്രഷ്ടാവിന്റെ വിനീത ദാസൻ,
മിർസാ ബശീർ അഹ്മദ്
ഖാദിയാൻ

## ഒരു വിശദീകരണം*

ഈ വിഷയം തുടർന്നു വിവരിക്കുന്നതിനുമുമ്പേ ഒരു കാര്യം പറഞ്ഞുകൊള്ളട്ടെ. ഞാൻ ഈ ഗ്രന്ഥം എഴുതിത്തുടങ്ങിയത് 1925 ജൂൺ മാസത്തിൽ ഖാദിയാനിൽ വെച്ചായിരുന്നു. ഡാക്ടറുടെ നിർദ്ദേശപ്രകാരം മൻസ്വൂറി എന്ന സ്ഥലത്തേയ്ക്ക് പോകേണ്ടി വന്നു. അവിടെവെച്ച് ഇതിന്റെ ആദ്യഭാഗം പൂർത്തിയാക്കി. ഖാദിയാനിൽ മടങ്ങിയെത്തിയതിനുശേഷം ബാക്കിഭാഗം എഴുതിത്തുടങ്ങിയെങ്കിലും പൂർത്തിയാക്കാൻ കഴിഞ്ഞില്ല. അങ്ങനെ 1927 ഒക്ടോബർ മാസംവരെ അത് നീണ്ടുപോയി. വളരെ പ്രധാനപ്പെട്ട ചില പ്രശ്നങ്ങൾ നേരിട്ടതുകൊണ്ട് എനിക്ക് അതിലേക്ക് കൂടുതൽ ശ്രദ്ധിക്കാൻ കഴിഞ്ഞില്ല. പക്ഷേ, എഴുതിക്കഴിഞ്ഞിടത്തോളം പ്രസിദ്ധീകരിക്കണമെന്നും മുഴുവൻ എഴുതിക്കഴിഞ്ഞിട്ടേ പ്രസിദ്ധീകരിക്കൂ എന്ന പ്രതീക്ഷയിൽ കാത്തിരിക്കരുതെന്നുമുള്ള കത്തുകൾ ചില സുഹൃത്തുക്കളിൽനിന്നു ലഭിച്ചപ്പോൾ എനിയ്ക്ക് അവരുടെ അഭിപ്രായം സ്വാഗതാർഹമായിതോന്നി. അതുകൊണ്ട് ഞാൻ തുടങ്ങിവെച്ചതും ദൈവാസ്തിക്യത്തെ സംബന്ധിക്കുന്ന ബൗദ്ധികമായ തെളിവുകൾ ഉൾക്കൊള്ളുന്നതുമായ വിഷയം അച്ചടിക്കാൻ കൊടുക്കുകയാണ്. സർവാധിനാഥനായ അല്ലാഹു ഈ ഗ്രന്ഥം ജനങ്ങളുടെ സന്മാർഗത്തിനും സംസ്കരണത്തിനും കാരണമാക്കി തീർക്കുമാറാകട്ടെ. ഇതിന്റെ ബാക്കിഭാഗവും എഴുതാൻ എനിക്ക് സൗഭാഗ്യം നല്കി അനുഗ്രഹിക്കുമാറാകട്ടെ. പരിശുദ്ധനായ ദൈവത്തിന്റെ സത്തയ്ക്കും ഗുണവിശേഷങ്ങൾക്കുമെതിരിൽ ഉന്നയിക്കപ്പെടുന്ന എല്ലാ ആക്ഷേപങ്ങൾക്കും സംക്ഷിപ്തമായി

*ഈ ഭാഗം മതം കലാപത്തിന് കാരണമോ? എന്ന അധ്യായത്തിന്റെ അവസാനമാണ് (പേജ്183) ഗ്രന്ഥകർത്താവ് രേഖപ്പെടുത്തിയിട്ടുള്ളത്. പ്രതിപാദ്യവിഷയവുമായി ബന്ധമില്ലാത്തതുകൊണ്ട വായനക്കാരുടെ സൗകര്യാർത്ഥം ഇവിടെ ചേർത്തിരിക്കുകയാണ്. വിവ:

മറുപടി നല്കുക എന്നതാണ് ഈ വിഷയത്തിൽ ഞാനുദ്ദേശിക്കുന്നത്. അതായത് ദൈവാസ്തികൃത്തെ സംബന്ധിക്കുന്ന യുക്തിപരവും ദർശനപരവുമായ രണ്ടുതരം തെളിവുകൾ വിവരിക്കുക. ദൈവത്തിന്റെ ഗുണവിശേഷങ്ങൾ വിവരിക്കുന്നതോടൊപ്പം അവനുമായി ബന്ധം സ്ഥാപിക്കുന്നതുകൊണ്ടുള്ള നേട്ടങ്ങളും അതിനുള്ള മാർഗങ്ങളും വിവരിക്കാനുദ്ദേശിച്ചിരുന്നതാണ്. മാത്രമല്ല അവനുമായി ബന്ധം ഉണ്ടെന്നുള്ളതിന്റെ ലക്ഷണങ്ങളെന്തൊക്കെയാണെന്നും വിശദീകരിക്കണമെന്നുണ്ടായിരുന്നു. പക്ഷേ, ദൈവത്തിന്റെ സത്തയെക്കുറിച്ചുള്ള ബുദ്ധിപരമായ തെളിവുകളുമായി ബന്ധപ്പെട്ട കാര്യങ്ങൾതന്നെ എനിക്ക് പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ലെന്ന് നിങ്ങൾ കണ്ടുകഴിഞ്ഞു. അതായത് അഞ്ചു ചോദ്യങ്ങൾക്കുള്ള മറുപടിയിൽ പകുതിപോലും മുഴുമിപ്പിക്കാൻ സാധിച്ചില്ല. ഈ വിഷയത്തിൽ ഏറ്റവും പ്രധാനപ്പെട്ടതും അത്യന്താപേക്ഷിതവുമായ ഭാഗം അടുത്ത ചർച്ചയുമായി ബന്ധപ്പെട്ടുനില്ക്കുന്നു എന്നതാണ് ഏറെ വ്യസനകരം. എന്തായാലും പൂർത്തിയായിടത്തോളം ഞാനെന്റെ വായനക്കാർക്കായി സമർപിക്കുന്നു. ബാക്കിഭാഗം പൂർത്തിയാകുന്നതിന് ഞാൻ ദൈവത്തോട് പ്രാർഥിക്കുന്നു. അവൻ ഇഷ്ടപ്പെടുന്നെങ്കിൽ, ഇതുതന്നെ ജനങ്ങളുടെ സന്മാർഗത്തിന് കാരണമാക്കട്ടെ. ആമീൻ.

★ ★ ★